രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ്സ് റിപ്പോർട്ട്

2022-23



Information & Public Relations Department
Government of Kerala

കൈകൾ
കോർത്ത്
2 കരുത്തോടെ
ാം പിണറായി സർക്കാർ
വാർഷികം

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട് 2022-23

**2021 മെയ് 20 – 2023 മെയ് 19**

## എൽ.ഡി.എഫ്. പ്രകടനപത്രികയിലെ

## 900 വാഗ്ദാനങ്ങളുടെ നിർവ്വഹണപുരോഗതി

# മുഖവുര

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ കേരളത്തിലെ ജനങ്ങൾ തുടർഭരണത്തിലേറ്റിയതിന്റെ രണ്ടാം വാർഷികം 2023 മെയ് 20 ന് ആണ്. 2016 മുതൽ 2021 വരെ അധികാരത്തിലിരുന്ന എൽഡിഎഫ് സർക്കാരിന്റെ തുടർച്ചയാണ് ഈ സർക്കാർ. തെരഞ്ഞെടുപ്പ് വേളയിൽ മുന്നോട്ടുവയ്ക്കുന്ന പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പാക്കിയെന്നത് സംബന്ധിച്ച് ജനങ്ങളുടെ മുമ്പാകെ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കുന്ന രീതിയാണ് 2016 മുതൽ ഒരോ വർഷവും എൽഡിഎഫ് സർക്കാർ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ തെരെഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രതിപാദിച്ച വിഷയങ്ങളിൽ 2022-23 വർഷം നടപ്പിലാക്കിയ വികസന-ക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടാണ് ജനസമക്ഷം അവതരിപ്പിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ മുന്നോട്ടുവച്ച 900 ഇനങ്ങളിൽ 809 എണ്ണം നടപ്പിലാക്കാനുള്ള നടപടികൾ രണ്ട് വർഷം പിന്നിടുമ്പോൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പായി എന്നതിന്റെ വിശദമായ അവലോകനം ഒരോ വർഷം പൂർത്തീകരിക്കുമ്പോഴും പൊതുസമൂഹത്തിൽ സമർപ്പിക്കുന്ന കീഴ്‌വഴക്കം എൽഡിഎഫ് സർക്കാർ കേരളത്തിൽ സൃഷ്ടിച്ചിരിക്കുകയാണ്. ഇത് ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന് കേരളം നൽകിയ തനത് സംഭാവനയാണ്.

കഴിഞ്ഞ രണ്ടു വർഷക്കാലം നിരവധി വെല്ലുവിളികൾ സംസ്ഥാനം നേരിട്ടു. കേന്ദ്ര ഗ്രാന്റുകളിലെ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, സംസ്ഥാനത്തിന്റെ വായ്പാ പരിധിയിലെ വെട്ടിക്കുറവ്, സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ വരുന്ന ഗണ്യമായ കുറവ് എന്നിവ പൊതു ധനകാര്യ മേഖലയിൽ ഞെരുക്കം സൃഷ്ടിച്ചപ്പോഴും തനത് വരുമാനം വർദ്ധിപ്പിച്ചും ചെലവുകൾ ക്രമീകരിച്ചും സംസ്ഥാന സർക്കാർ ധനകാര്യ രംഗത്തെ പ്രതിസന്ധികൾ കൂടാതെ മുന്നോട്ടുകൊണ്ടുപോയി. ആസൂത്രണ പ്രക്രിയയും അധികാര വികേന്ദ്രികരണവും ഫലപ്രദമായി നടപ്പിലാക്കാനും മൂലധന ചെലവുകൾ വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ധന ദൃഢീകരണത്തിന്റെ പാതയിൽ മുന്നോട്ട് നയിക്കാനും 2021-22 ൽ സ്ഥിരവിലയിലെ ആഭ്യന്തര വരുമാനത്തിൽ 12 ശതമാനം വളർച്ച കൈവരിക്കാനും കഴിഞ്ഞത് അഭിമാനകരമാണ്.



നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ, പശ്ചാത്തല സൗകര്യ വികസനം, പൊതുമേഖലാ സംരക്ഷണം, വിജ്ഞാന മേഖലയിലെ മുന്നോട്ടുള്ള കാൽവയ്പുകൾ എന്നീ ഉദ്യമങ്ങളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. വ്യവസായ സൗഹൃദ അന്തരീക്ഷം കെട്ടിപ്പടുക്കുന്ന നടപടികളുടെ ഭാഗമായി അനുമതികൾ സമയബന്ധിതമാക്കാനുള്ള നിയമനിർമ്മാണം, ഉദ്യോഗസ്ഥർക്കിടയിൽ വിപുലമായ ബോധവത്ക്കരണം തുടങ്ങിയ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംരഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക ഉദ്യമങ്ങൾ നടന്നുവരികയാണ്. സ്വകാര്യവത്കരണ നയങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാർ വിറ്റഴിച്ച പൊതുമേഖലാസ്ഥാപനങ്ങൾ ഏറ്റെടുത്ത് ലാഭകരമായി പ്രവർത്തിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ നടപടികൾ ലക്ഷ്യംകണ്ടിട്ടുണ്ട്. വിജ്ഞാന സമൂഹനിർമ്മിതിയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ, ശാസ്ത്ര-ഗവേഷണ മേഖലകളിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഡിജിറ്റൽ സയൻസ്പാർക്ക് ഇതിന്റെ ഒരു ഉദാഹരണമാണ്. സ്കൂൾ തലം മുതൽ ഡിജിറ്റൽ വിടവ് ഉണ്ടാകാതിരിക്കാനും സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്.

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമായി നിലകൊണ്ടു. ഒരു സംസ്ഥാനമെന്ന നിലയിൽ മാനവവിഭവ വികസന സൂചികകളിൽ ലോകശ്രദ്ധയാകർഷിച്ച പുരോഗതി കൈവരിച്ച കേരളം മതസൗഹാർദ്ദത്തിന്റെ ഉത്തമ മാതൃക കൂടിയാണ്. നമ്മുടെ നേട്ടങ്ങളെ തുരങ്കം വയ്ക്കുവാനും വികസന-ക്ഷേമ പദ്ധതികൾ തടസ്സപ്പെടുത്തുവാനും ചില കോണുകളിൽ നിന്നുള്ള ശ്രമങ്ങൾ കേരള ജനത തള്ളിക്കളയുമെന്ന് ഉറപ്പാണ്.

വർത്തമാനകാലത്ത് ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ നേരിടുന്ന അസാധാരണമായ വെല്ലുവിളികളെ ചെറുക്കുവാനും ജനപക്ഷ നയങ്ങൾ ഉയർത്തിപ്പിടിക്കുവാനും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകുന്ന സർക്കാർ സാധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തിവരികയാണ്. ഇതിന് പൊതുസമൂഹം നല്ല രീതിയിൽ പിന്തുണ നൽകുന്നുമുണ്ട്. ജനക്ഷേമ നയങ്ങളുമായി മുന്നോട്ടുപോകാൻ പ്രതിജ്ഞാബദ്ധമായ സർക്കാരിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് സർക്കാരിന്റെ രണ്ടാം വാർഷിക വേളയിൽ ജനങ്ങൾക്ക് മുൻപാകെ സമർപ്പിക്കുകയാണ്. ഈ റിപ്പോർട്ടിന്മേലുള്ള നിങ്ങളേവരുടെയും വിലപ്പെട്ട അഭിപ്രായങ്ങൾ അറിയിച്ച് ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,



**പിണറായി വിജയൻ**

മുഖ്യമന്ത്രി

# ഉള്ളടക്കം


| ഇനം | | പേജ് നം. |
|---|---|---|
| 1. | ഉന്നത തൊഴിലുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോം | – 9 |
| 2. | ഇന്നവേഷന് അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം | – 11 |
| 3. | സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം | – 10 |
| 4. | ഐ.ടി വ്യവസായം | – 12 |
| 5. | ഇലക്ട്രോണിക് വ്യവസായം | – 17 |
| 6. | ബയോടെക്നോളജി വ്യവസായം | – 22 |
| 7. | നാനോ സാങ്കേതികവിദ്യ | – 24 |
| 8. | ഫാർമസ്യൂട്ടിക്കൽ വ്യവസായം | – 25 |
| 9. | പൊതുമേഖല | – 26 |
| 10. | ടൂറിസം | – 34 |
| 11. | ആധുനിക ചെറുകിട വ്യവസായം | – 42 |
| 12. | പ്രവാസികൾ | – 44 |
| 13. | തൊഴിലുറപ്പ് പദ്ധതി | – 51 |
| 14. | അയ്യങ്കാളി പദ്ധതി | – 52 |
| 15. | കാർഷിക തൊഴിലവസരങ്ങൾ | – 52 |
| 16. | കയർ | – 53 |
| 17. | കശുവണ്ടി | – 56 |
| 18. | കൈത്തറി | – 57 |
| 19. | ഖാദി | – 58 |
| 20. | മറ്റു പരമ്പരാഗത വ്യവസായങ്ങൾ | – 60 |
| 21. | നിർമ്മാണമേഖല | – 62 |
| 22. | വാണിജ്യമേഖല | – 62 |
| 23. | പട്ടികവർഗ്ഗ ക്ഷേമം | – 69 |
| 24. | പരിവർത്തിത ക്രൈസ്തവർ | – 74 |
| 25. | പിന്നോക്ക സമുദായ ക്ഷേമം | – 74 |
| 26. | ന്യൂനപക്ഷ ക്ഷേമം | – 75 |
| 27. | മത്സ്യമേഖല | – 76 |
| 28. | ഭിന്നശേഷിക്കാർ | – 91 |
| 29. | വയോജനങ്ങൾ | – 96 |
| 30. | ഭക്ഷ്യസുരക്ഷ | – 99 |
| 31. | പച്ചക്കറി | – 109 |
| 32. | നെല്ല് | – 112 |
| 33. | നാളികേരം | – 114 |
| 34. | റബ്ബർ | – 115 |
| 35. | മറ്റു തോട്ടവിളകൾ | – 116 |
| 36. | മലയോര കൃഷിഭൂമി | – 118 |
| 37. | ജലസേചനം | – 119 |
| 38. | മൃഗപരിപാലനം | – 122 |
| 39. | വിദ്യാഭ്യാസം | – 131 |
| 40. | ഉന്നതവിദ്യാഭ്യാസം | – 146 |
| 41. | പൊതുജനാരോഗ്യം | – 157 |
| 42. | മെഡിക്കൽ കോളേജ് | – 171 |
| 43. | ആയുഷ് | – 178 |

| | | | |
|---|---|---|---|
| 44. | കുടിവെള്ളം | – | 181 |
| 45. | പാർപ്പിടം | – | 186 |
| 46. | കായികരംഗം | – | 187 |
| 47. | ഭാഷ, കല, സംസ്കാരം, മാധ്യമം | – | 192 |
| 48. | വൈദ്യുതി | – | 199 |
| 49. | പൊതുമരാമത്ത് | – | 204 |
| 50. | കെ.എസ്.ആർ.ടി.സി | – | 210 |
| 51. | തുറമുഖം | – | 214 |
| 52. | ഉൾനാടന് ജലഗതാഗതം | – | 217 |
| 53. | റെയിൽവേ | – | 218 |
| 54. | വ്യോമഗതാഗതം | – | 220 |
| 55. | ഇടനാഴികളും ഹബ്ബുകളും | – | 221 |
| 56. | പ്രധാന കിഫ്ബി പദ്ധതികൾ | – | 223 |
| 57. | പതിനാലാം പഞ്ചവത്സര പദ്ധതി | – | 229 |
| 58. | ജനകീയതയും സുതാര്യതയും | – | 231 |
| 59. | ഭരണനിർവ്വഹണം | – | 232 |
| 60. | ഇ – ഗവേണന്സ് | – | 233 |
| 61. | നീർത്തടാധിഷ്ഠിത ആസൂത്രണം | – | 233 |
| 62. | ശുചിത്വ കേരളം | – | 235 |
| 63. | നഗരവികസനം | – | 240 |
| 64. | ഇ – വാഹന നയം | – | 243 |
| 65. | നിർമ്മാണ പ്രവൃത്തികൾ | – | 244 |
| 66. | വനം | – | 245 |
| 67. | കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ് | – | 248 |
| 68. | വയനാട് കാർബൺ ന്യൂട്രൽ കോഫി | – | 250 |
| 69. | ഹൈറേഞ്ച് | – | 251 |
| 70. | മലബാറിന്റെ പിന്നോക്കാവസ്ഥ | – | 252 |
| 71. | കുടുംബശ്രീ | – | 256 |
| 72. | ശിശുക്ഷേമം | – | 258 |
| 73. | ട്രാൻസ്ജെൻഡർ | – | 260 |
| 74. | നികുതിഭരണം | – | 263 |
| 75. | കേരളബാങ്ക് | – | 267 |
| 76. | സഹകരണം | – | 268 |
| 77. | കെ.എസ്.എഫ്.ഇ | – | 269 |
| 78. | സ്റ്റേറ്റ് ഇന്ഷൂറന്സ് | – | 270 |
| 79. | അഴിമതിവിമുക്ത കേരളം | – | 274 |
| 80. | യൂണിഫോംഡ് ഫോഴ്സസ് | – | 275 |
| 81. | മറ്റു റെഗുലേറ്ററി വകുപ്പുകൾ | – | 284 |
| 82. | ഭരണഘടനാ സ്ഥാപനങ്ങൾ | – | 287 |
| 83. | സംസ്ഥാന ഭാഗ്യക്കുറി | – | 289 |
| 84. | ദേവസ്വം | – | 291 |
| 85. | സംസ്ഥാന ആസൂത്രണബോർഡ് | – | 291 |
| 86. | സംവരണനയം | – | 292 |
| 87. | മദ്യനയം | – | 293 |
| 88. | ജീവനക്കാർ | – | 294 |
| 89. | തൊഴിൽ നയം | – | 295 |
| 90. | അംഗീകാരങ്ങളുടെ നിറവിൽ കേരള സർക്കാർ | – | 298 |

തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ ക്രമനമ്പറാണ് പ്രോഗ്രസ്സ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്

# I

# 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകും

1. തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്കു ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ഒരു ബൃഹത്തായ തൊഴിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കും. കൊവിഡ് പകർച്ചവ്യാധിമൂലം വീടുകളിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം ഗണ്യമായി ഉയർന്നു. അടുത്ത അഞ്ചുവർഷത്തിനകം ആഗോളതലത്തിൽ ഇവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്ക്. ആഗോള ഡിജിറ്റൽ വ്യവസായ മേഖലയിലെ ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും.

***കേരള നോളജ് ഇക്കണോമി മിഷന്റെ ഭാഗമായി 2023 മാർച്ച് വരെ 13,58,615 തൊഴിൽ അന്വേഷകർ രജിസ്റ്റർ ചെയ്തു. ഇതുവരെ 4,83,799 ജോലികൾ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പങ്കാളികളുമായി സഹകരിച്ച് 34,609 പേർക്ക് ജോലി നൽകാൻ കഴിഞ്ഞു.***

## ഉന്നതതൊഴിലുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം

2. തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാല അടിസ്ഥാനത്തിൽ നൽകും. ഇതിനായി ഒരു സ്കിൽമിഷൻ രൂപീകരിക്കും. മിഷനു കീഴിൽ അസാപ് (ASAP), കേയ്സ് (KASE), ഐ.സി.ടി അക്കാദമി എന്നീ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് കോളജുകളിലെയും പോളിടെക്നിക്കുകളിലെയും നൈപുണ്യ പരിശീലനം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യും. 50 ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകും.

***കേരള നോളജ് എക്കണോമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി തൊഴിൽ അന്വേഷകരുടെ വിവര സഞ്ചയം പ്രാദേശിക സർക്കാരുകളുമായും കുടുംബശ്രീയുമായും ഏകോപിപ്പിച്ച് 80 ലക്ഷം വീടുകളിൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. അസാപ്പിന്റെ ആഭിമുഖ്യത്തിൽ Campus to Career Connect എന്ന പദ്ധതി നടപ്പാക്കിവരുന്നു. KASE***

*ഉം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും നടത്തുന്ന പരിശീലന പരിപാടി നൈപുണ്യ പരിശീലന പരിപാടികളുമായി ഏകോപിപ്പിച്ചിട്ടുണ്ട്. എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐഎച്ച്ആർഡി, സിഡിറ്റ് മുതലായവയുടെ പരിശീലനപരിപാടികൾ നോളജ് മിഷന്റെ സ്കിൽ പോർട്ടലിന്റെ ഭാഗമാക്കിയിട്ടുണ്ട്.*

3. തൊഴിലന്വേഷകരായ നൈപുണ്യ പരിശീലനം ലഭിച്ച അഭ്യസ്തവിദ്യരെക്കുറിച്ചുള്ള വിവരങ്ങൾ നിർമ്മിത ബുദ്ധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. അവരിൽ നിന്ന് ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരമൊരുക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ കേരളത്തിലെ വ്യവസായ പാർക്കുകളിലോ, മറ്റു വികേന്ദ്രീകൃത മിനി പാർക്കുകളിലോ അല്ലെങ്കിൽ വീട്ടിൽത്തന്നെ ഇരുന്നോ ജോലി ചെയ്യും.

*നിർമ്മിതബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യ രൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിന് രാഷ്ട്രപതിയുടെ 'പ്ലാറ്റിനം അവാർഡ് ഫോർ ഡിജിറ്റൽ ഇനീഷ്യേറ്റീവ് ഇൻ കോളാബിറേഷൻ സ്റ്റാർട്ടപ്പ്' ലഭിച്ചിട്ടുണ്ട്. 2023 മാർച്ച് വരെ 33,000 തൊഴിലുകൾ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുമായി ഒപ്പിട്ട കരാറിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്.*

4. തൊഴിൽ ലഭിക്കുന്നവരുടെ പി.എഫ് അടക്കമുള്ള സാമൂഹ്യ സുരക്ഷാ ബാധ്യതകൾ സർക്കാർ ഏറ്റെടുക്കും. ഉപകരണങ്ങൾ വാങ്ങാനുള്ള വായ്പ ലഭ്യമാക്കും. സഹായവാടകയ്ക്ക് വീടിനടുത്ത് ജോലി ചെയ്യാനുള്ള സൗകര്യം സൃഷ്ടിക്കും.

*നടപടികൾ സ്വീകരിച്ചുവരുന്നു.*

5. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കിഫ്-ബി പോലെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമായി കേരള ഡെവലപ്പ്മെന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) മാറ്റും. ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുക, നൈപുണ്യ പരിശീലനങ്ങളെ ഏകോപിപ്പിക്കുക, ഉന്നതവിദ്യാഭ്യാസ പുനഃസംഘടനയെ സഹായിക്കുക ഇന്നവേഷൻസിനെ പ്രോത്സാഹിപ്പിക്കുക എന്നിവ കെ-ഡിസ്കിന്റെ ചുമതലകളായിരിക്കും.

*കെ-ഡിസ്ക് ഊർജ്ജിതമായ പ്രവർത്തനം നടത്തിവരുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉപരി 'യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമും' നടപ്പാക്കിവരുന്നു.*

6. ബ്ലോക്ക് മുൻസിപ്പൽ തലത്തിൽ വർക്ക് നിയർ ഹോം വർക്ക് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ഒരു സ്കീമിന് രൂപം നൽകും. 5000 ചതുരശ്രയടി കെട്ടിടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ അവയെ

വർക്ക് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്.

***കിഫ്ബിയുമായി ചേർന്ന് സ്കീം നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.***

7. ഐആർ 4.0 സാങ്കേതികവിദ്യയുടെ പ്രാദേശികതല പ്രയോഗത്തിനും, സംരംഭസൃഷ്ടിക്കും പ്രത്യേക ഊന്നൽ നൽകും. ഇതിനാവശ്യമായ സംരംഭവികസന പരിപാടികൾക്ക് കെ-ഡിസ്ക് മുൻകൈയ്യെടുക്കും.

***നാലാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി 'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതി പുരോഗമിച്ചുവരുന്നു.***

## ഇന്നവേഷൻ അഥവാ നൂതനവിദ്യാ പ്രോത്സാഹന നയം

8. ആഗോളകമ്പനികൾക്കുവേണ്ടി കേരളത്തിലിരുന്ന് പണിയെടുക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം കേരളത്തിൽ നൂതനവിദ്യകളെ അടിസ്ഥാനമാക്കിയുള്ള പുതിയ ചെറുകിട സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കും. ഇതിന് ഇന്നവേഷൻസിനെ അഥവാ നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സമൂഹമായി കേരളം മാറണം.

***വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം എന്നിവയ്ക്കുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.***

9. ഉന്നതവിദ്യാഭ്യാസ മേഖലയിലും മറ്റും സൃഷ്ടിക്കപ്പെടുന്ന പുതിയ അറിവുകൾ സാമ്പത്തികമേഖലയിലെ സങ്കേതങ്ങളോ പ്രക്രിയയോ ഉൽപന്നമോ സംഘാടനവിപണന രീതിയോ ആയി രൂപാന്തരം പ്രാപിക്കുന്നതിനെയാണ് ഇന്നവേഷൻ അഥവാ നൂതനവിദ്യ എന്നു വിളിക്കുന്നത്. സാമ്പത്തിക ഭരണമേഖലയുടെ എല്ലാ തലങ്ങളിലും നൂതനവിദ്യകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ ആവിഷ്കരിക്കുക.

***യുവജനങ്ങൾക്കിടയിൽ നൂതനാശയവികസന സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം നല്ലനിലയിൽ പുരോഗമിക്കുന്നു.***

10. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഇന്നവേഷൻ ചലഞ്ച് മത്സരങ്ങൾ മൂന്നുതട്ടുകളിലായി സംഘടിപ്പിക്കും. ആദ്യ തട്ടിൽ മുഴുവൻ വിദ്യാർത്ഥികൾക്കോ സംഘങ്ങൾക്കോ പങ്കെടുക്കാൻ അവസരമുണ്ടാകും. അതിൽ ഏറ്റവും മികവുള്ള നൂതനവിദ്യകൾ മുന്നോട്ടു വയ്ക്കുന്ന 10000 പേരെ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കും. 2000 പേരെങ്കിലും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കും. സംസ്ഥാനതല വിജയികൾക്ക്

തങ്ങളുടെ നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള എല്ലാ സഹായവും സർക്കാർ ലഭ്യമാക്കും. മൂന്നുതട്ടിലെ മത്സരാർത്ഥികൾക്കും സാമ്പത്തിക പ്രോത്സാഹന സഹായം നൽകും.

***യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി നോർമൽ, ആക്സിലറേറ്റഡ്, റാപ്പിഡ് എന്നിങ്ങനെ 3 ഇന്നവേഷൻ ട്രാക്കുകൾ സംഘടിപ്പിച്ചു. ജില്ലാ, സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് 25,000, 50,000, 1,00,000 രൂപ വീതം പ്രോത്സാഹന സഹായം നൽകി.***

11. തങ്ങളുടെ ചുറ്റുപാടുമുള്ള ഏതു മേഖലയിലെയും പ്രശ്നങ്ങൾക്ക് നൂതനവിദ്യയുടെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന ഏതൊരാൾക്കും തങ്ങളുടെ നൂതനവിദ്യ ഡിജിറ്റലായി രജിസ്റ്റർ ചെയ്യാം. ഇവ പരിശോധിച്ച് മികവുറ്റതാക്കാനുള്ള സഹായം നൽകും. പൂർണ്ണതയിൽ എത്തിയാൽ ടെണ്ടറില്ലാതെ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും വാങ്ങാൻ അനുവാദമുണ്ടാകും. സ്വകാര്യ വ്യക്തികൾ വാങ്ങിയാൽ സബ് സിഡിയും നൽകും. ഇതിന് പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതാണ്.

***ഈ ലക്ഷ്യങ്ങൾ മുൻനിർത്തി യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ഇ-പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. 2018 ൽ തുടങ്ങിയ വൈഐപി-യ്ക്ക് ഇതിനോടകം നാല് പതിപ്പുകളുണ്ടായിട്ടുണ്ട്. 13 മുതൽ 37 വയസ്സുവരെയുള്ള സ്കൂൾ, കോളേജ്, ഗവേഷണ വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ഈ പരിപാടിയിൽ നാളിതു വരെ 12,000 ടീമുകൾ ഭാഗമായിട്ടുണ്ട്. പൂർത്തീകരിച്ച ആദ്യ രണ്ട് 'യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമു'കളിലായി വിജയികളായ മുപ്പതോളം ടീമുകളെ പരിചയപ്പെടുത്തുന്ന 'യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം' ഹാൾ ഓഫ് ഫെയിം വീഡിയോകൾ കെ-ഡിസ്ക് ഒഫീഷ്യൽ യൂട്യൂബ് ചാനലിൽ ലഭ്യമാണ്. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന് കേരള മാനേജ്മെൻറ് അസോസിയേഷൻറെ മികച്ച ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ചു.***

12. തദ്ദേശ ഭരണസ്ഥാപനങ്ങൾ വിവിധ മേഖലകളിൽ രൂപം നൽകുന്ന നൂതനവിദ്യ ഉൾക്കൊള്ളുന്ന പ്രോജക്റ്റുകൾക്ക് മത്സരാടിസ്ഥാനത്തിൽ പ്രോത്സാഹന സഹായം നൽകുന്നതാണ്.

***'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' (OLOI) എന്ന പദ്ധതിയിൽ 1692 ഗ്രാമ, ബ്ലോക്ക്, മുൻസിപ്പൽ, കോർപ്പറേഷൻ അദ്ധ്യക്ഷൻമാരേയും സെക്രട്ടറിമരേയും ഉൾപെടുത്തി ജില്ലാ തലത്തിൽ പരിശീലനം നൽകി. 474 ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥർക്കും 340 ബ്ലോക്ക് ലെവൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കും 1473 ഗ്രാമ പഞ്ചായത് തല നിർവ്വഹണ ഉദ്യോഗസ്ഥർക്കും 7564 തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപനതല വാർഡ് മെമ്പർമാർക്കും പരിശീലനം നൽകി.***

13. സർക്കാർ വകുപ്പുകളിൽ നൂതനവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നവേഷൻ സോൺ എന്ന പ്രത്യേക സംവിധാനത്തിനു രൂപം നൽകുന്നതാണ്.

***ആരോഗ്യം, പോലീസ്, ഗതാഗതം, കൃഷി എന്നീ വകുപ്പുകളിൽ ഈ സംവിധാനം ആരംഭിച്ചിട്ടുണ്ട്.***

14. ഇന്നോവേഷൻ മത്സരങ്ങളെ കേവലം ചടങ്ങുകളായി അവസാനിക്കാത്ത വിധത്തിൽ തുടർച്ചയായ നൂതാനാശയവികസനത്തിൽ ഊന്നി ആയിരിക്കും സംഘടിപ്പിക്കുക. ഇതിനു സഹായകരമാംവിധം ഹബ് & സ്പോക് മാതൃകയിൽ കേരളത്തിലെ ഗവേഷണ അക്കാദമിയിൽ സ്ഥാപനങ്ങളെ ഈ പ്രക്രിയയുമായി ബന്ധിപ്പിക്കും. ഈ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും വ്യാവസായിക സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും ചേർത്ത് കമ്മ്യൂണിറ്റി ഓഫ് പ്രാക്റ്റിസുകൾക്കും ഷെൽഫ് ഓഫ് പ്രോജക്ടുകൾക്കും രൂപംന ൽകും.

***കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ഈ ലക്ഷ്യങ്ങൾ നിറവേറ്റാനുള്ളതാണ്.***

15. ഇന്നോവേഷൻ മത്സരങ്ങളിൽ വിജയകളാവുന്നവർക്ക് ഡിസൈൻതിങ്കിംഗ്, റിസർച്ച് മെത്തഡോളജി, പ്രോഡക്റ്റ് ഡിസൈൻ, സോഷ്യൽ ഇംപാക്റ്റ് മെത്തേഡ്സ്, മോഡലിംഗ്, സിമുലേഷൻ എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകുന്നതാണ്. ഇതോടൊപ്പം ഓരോ വിദ്യാർത്ഥിക്കും അവർ വികസിപ്പിക്കുന്ന നൂതനാശയത്തിന്റെ മേഖലയിൽ ആഴത്തിൽ പ രിശോധനകൾ നടത്തുന്നതിനുതകുംവിധം മെന്ററിംഗ് സംവിധാനങ്ങളും ഉറപ്പുവരുത്തുന്നതാണ്.

***മെന്ററിംഗ് ആരംഭിച്ചിട്ടുണ്ട്. തുടർ പിന്തുണക്കായി വൈ.ഐ.പി ഇ-പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്.***

16. ചെറുകിട സൂക്ഷ്മസംരംഭങ്ങളുടെ മേഖലയിൽ ഇന്നോവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ കെ-ഡിസ്ക് തയ്യാറാക്കിയ കർമ്മപരിപാടി വ്യവസായ പ്രോത്സാഹന ഏജൻസികളുടെയും കുടുംബശ്രീയുടെയും സഹായത്തോടെ വിപുലമാക്കും.

***സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ശൃംഖല വികസിപ്പിക്കുകയാണ് വൺ ഡിസ്ട്രിക്റ്റ് വൺ ഐഡിയ പ്രോഗ്രാം വിഭാവനം ചെയ്യുന്നത്. മെൻറർ സ്ഥാപനങ്ങളുമായി മൂന്ന് ഘട്ടങ്ങളിലായി അവലോകനങ്ങൾ നടത്തി 52 ഇന്നൊവേഷൻ ക്ലസ്റ്ററുകളെ അടയാളപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ഇന്നവേഷൻ കൗൺസിലുകൾ, കുടുംബശ്രീ, കൈത്തറി ക്ലസ്റ്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട് ക്ലസ്റ്ററുകളുടെ അധികപട്ടിക ക്രോഡീകരിച്ച് പുനഃപരിശോധന നടത്തിവരികയാണ്. മെൻറർ സ്ഥാപനങ്ങൾക്കുള്ള ആദ്യ സെറ്റ് പരിശീലനം ഡിജിറ്റൽ സർവ്വകലാശാലയാണ് നടത്തിയത്.***

17. തിരുവനന്തപുരത്തെ കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബാക്കി ഉയർത്തും. കേരള സർവ്വകാലശാല, സാങ്കേതിക സർവ്വകലാശാല, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഐസിറ്റി അക്കാദമി തുടങ്ങിയ ഉന്നത വിദ്യാഭാസ സ്ഥാപനങ്ങളുടെയും ടെക്നോ പാർക്കിന്റെയും കൂട്ടായ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്റ്റുകൾ ഏറ്റെടുത്തു വികസിപ്പിക്കും. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

***തിരുവനന്തപുരത്തെ നിർമ്മിത ബുദ്ധി ഹബ്ബായി മാറ്റുന്നതിന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോ പാർക്കിൻറെയും സ്റ്റാർട്ടപ്പ് മിഷൻറെയും ICT അക്കാദമിയുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികൾ വിഭാവനം ചെയ്തുവരുന്നു. ഡിജിറ്റൽ യൂണിവേഴ്സ്റ്റി, സാങ്കേതിക സർവ്വകലാശാല, ICT അക്കാദമി, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നീ സ്ഥാപനങ്ങൾ നിർമ്മിത ബുദ്ധി പോലുള്ള എമർജിങ്ങ് ടെക്നോളജീസിൽ സ്കിൽ ഡവലപ്മെൻറ് പ്രോഗ്രാമുകൾ, ബൂട്ട് ക്യാംപുകൾ, ആക്സിലറേറ്റർ പ്രോഗ്രാമുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ നടത്തുന്നു. സ്റ്റാർട്ടപ്പ് മിഷൻറെ മേൽനോട്ടത്തിൽ, ടെക്നോസിറ്റിയിൽ 3 ഏക്കർ കാംപസിൽ എമർജിങ്ങ് ടെക്നോളജീസ് സ്റ്റാർട്ടപ്പ് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. അപ് സ്കില്ലിങ്ങിനും റീ സ്കില്ലിങ്ങിനും വേണ്ടി ടെക് സ്കൂൾ എന്ന ആശയം കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.***

## സ്റ്റാർട്ട് അപ്പ് പ്രോത്സാഹന നയം

18. നൂതനവിദ്യകളെ ആസ്പദമാക്കിയുള്ള പുതിയ സംരംഭങ്ങൾക്കാണ് സ്റ്റാർട്ട് അപ്പ് എന്നു പറയുന്നത്. വലിയ മുതൽമുടക്കിനു കഴിവൊന്നും ഇല്ലാത്തതും എന്നാൽ നൂതന ആശയങ്ങളും വിദ്യകളുമുള്ള യുവജനങ്ങളാണ് സ്റ്റാർട്ട് അപ്പുകൾക്ക് രൂപം നൽകുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ 300 സ്റ്റാർട്ട് അപ്പുകളാണ് ഉണ്ടായിരുന്നത്. അതിപ്പോൾ 3900 ആയി വർദ്ധിച്ചു. 32000 പേർക്ക് തൊഴിൽ ലഭിച്ചു. ഇന്ത്യയിൽ സ്റ്റാർട്ട് അപ്പുകൾക്ക് ഏറ്റവും നല്ല അന്തരീക്ഷമുള്ള സംസ്ഥാനമായി കേരളത്തെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് 15000 സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കും. ഒരു ലക്ഷം പേർക്ക് പുതുതായി ജോലി ലഭ്യമാക്കും.

***ഐഡിയ ക്ലിനിക്കുകൾ, ഐഡിയാ ഡേകൾ എന്നിവ നടത്തി നൂതന ആശയങ്ങൾ തെരഞ്ഞെടുത്ത് സംരംഭമാകാൻ വേണ്ട സാമ്പത്തിക സഹായ പദ്ധതികൾ തുടരും. നൂതന ആശയങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇന്നവേഷൻ ഗ്രാൻറ്, സീഡ് ഫണ്ട്, ഇക്വിറ്റി ഫണ്ട് എന്നിവ ലഭ്യമാക്കിവരുന്നു. ആക്സിലറേറ്റർ പ്രോഗ്രാമുകൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്ടർ/ഡൊമൈൻ/വിഷയം അടിസ്ഥാന മാക്കിയായിരിക്കും സ്റ്റാർട്ടപ്പുകൾക്ക് ഇത് ലഭ്യമാക്കുക. 4 ഘട്ടങ്ങളിലായി സ്റ്റാർട്ടപ്പുകൾക്ക്***




***സഹായം ലഭ്യമാകുവാൻ വേണ്ട നടപടി സ്വീകരിച്ചുവരികയാണ്. ഇതുവരെ 4200 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും അതിലൂടെ 42000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.***

19. സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കാൻ കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി 250 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ആരംഭിക്കും. ഏതെങ്കിലും സ്റ്റാർട്ട് അപ്പ് പുറത്തുനിന്ന് നിക്ഷേപം ആകർഷിക്കുകയാണെങ്കിൽ ഈ ഫണ്ടിൽ നിന്ന് മാച്ചിംഗ് നിക്ഷേപം നടത്തും.

***കിഫ്ബി മുഖേനയാണ് ഫണ്ടിംഗ് നടപ്പിലാക്കുന്നത്. നാളിതുവരെ സ്റ്റാർട്ടപ്പ് മേഖലയിലേക്ക് ഏകദേശം 5500 കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്.***

20. സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്ന വായ്പ്പയിൽ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകും.

***സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന വായ്പയുടെ പലിശയിന്മേൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 2% സബ്സിഡി അനുവദിച്ചുവരുന്നു. സ്റ്റാർട്ടപ്പുകളിലെ***

*നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാക്കി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ സ്റ്റാർട്ടപ്പ് മിഷൻ നിക്ഷേപം നടത്തി നിക്ഷേപത്തിൻറെ ഇരട്ടിയിൽ കുറയാത്ത തുക സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന 'ഫണ്ട് ഓഫ് ഫണ്ട്' പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം 11.26 കോടി രൂപയും 2022-23 ൽ 5.18 കോടി രുപയും ഫണ്ടുകളിൽ നിക്ഷേപിച്ചു. പദ്ധതിയാരംഭിച്ച 2018-19 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സ്റ്റാർട്ടപ്പുകൾക്ക് പ്രസ്തുത ഫണ്ടുകളിലൂടെ 86.5 കോടി രൂപ നിക്ഷേപമായി നൽകുകയും ചെയ്തിട്ടുണ്ട്.*

21. സർക്കാരിന്റെ വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നൂതന പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിന് ഒരു കോടി രൂപ വരെ ഈടില്ലാതെ ഫണ്ട് ലഭ്യമാക്കും.

*വർക്ക് ഓർഡറുകളുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വായ്പ നൽകിവരുന്നു.*

22. സ്റ്റാർട്ട് അപ്പുകൾക്ക് വർക്ക് ഓർഡറിന്റെ ഈടിൽ ഉദാരമായി വായ്പ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കും.

*2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ 12 സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലപ്പ് പദ്ധതി വഴി 5.9 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.*

24. സ്റ്റാർട്ട് അപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം സ്ഥാപിക്കാൻ പ്രത്യേക സംവിധാനത്തിന് രൂപം നൽകും.

*അന്തർദേശീയ ലോഞ്ച് പാഡ് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. ഗ്ലോബൽ ആക്സിലറേറ്റർ ശൃംഖലകളുമായി ധാരണയിലേർപ്പെട്ട് സ്റ്റാർട്ടപ്പുകൾക്ക് പ്രസ്തുത ആക്സിലറേറ്ററുകളിൽ പ്രവർത്തിക്കുവാൻ അവസരമൊരുക്കുകയും ചെയ്തുവരുന്നു. ഇൻറർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാമിനും രൂപം കൊടുത്തിട്ടുണ്ട്. സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി പദ്ധതിയിലൂടെ വിവിധ രാജ്യങ്ങളിൽ സോഫ്റ്റ് ലാന്റിംഗ് സ്പേയ്സസ്സ് സ്ഥാപിക്കുവാനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.*

## ഐ.ടി വ്യവസായം

26. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഐ.ടി മേഖലയിൽ 60.47 ലക്ഷം ചതുരശ്രയടി ഐ.ടി പാർക്കുകളും, അരലക്ഷത്തോളം തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കുന്നതിനും സാധിച്ചു. നാം സ്വീകരിച്ച മുൻകൈകൾ ഫലപ്രാപ്തിയിലേയ്ക്ക് വരുന്ന വേളയിലാണ് കോവിഡിന്റെ തിരിച്ചടിയുണ്ടായത്. അടുത്ത അഞ്ചുവർഷം കേരളത്തിലെ ഐ.ടി വ്യവസായത്തിൽ 2 കോടി ചതുരശ്രയടി ഐ.ടി പാർക്കുകളും, 2 ലക്ഷം



തൊഴിലവസരങ്ങളും സൃഷ്ടിക്കും. 2 ലക്ഷം അഭ്യസ്തവിദ്യർക്ക് ഐ.ടി മേഖലയിൽ മാത്രം തൊഴിൽ നൽകുന്നതാണ്.

***മൂന്ന് ഐ.ടി പാർക്കുകളിലുമായി 48,100 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ സർക്കാരിന്റെ കാലയളവിൽ മാത്രം 22,650 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2016 ന് ശേഷം മൂന്ന് ഐ.ടി പാർക്കുകളിലുമായി 46.47 ലക്ഷം ചതുരശ്ര അടി ഐ.ടി സ്പേസ് വർദ്ധിച്ചിട്ടുണ്ട്.***

27. ഇപ്പോൾ കേരളത്തിൽ ടി.സി.എസ്, യു.എസ്.ടി ഗ്ലോബൽ, ഇൻഫോസിസ്, ഇ.എൻ.വൈ, അലയൻസ്, നിസാൻ, ഐ.ബി.എസ്, സൺടെക്, ഇൻവെസ്റ്റ് നെറ്റ്, നാവിഗന്റ്, ഒറക്കിൾ, ക്വെസ്റ്റ് ഗ്ലോബൽ, കോഗ്നിസെന്റ്, വിപ്രോ, കെ.പി.എം.ജി, തുടങ്ങിയ ആഗോള കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രമുഖ കമ്പനികളെക്കൂടി കേരളത്തിലേയ്ക്കു കൊണ്ടുവരും.

***മേൽപ്പറഞ്ഞത് നടപ്പിലാക്കാനായി സി.എം ഹൈ പവർ കമ്മിറ്റി പുനസംഘടിപ്പിച്ചു. അതിന്റെ കീഴിൽ നാല് സബ് കമ്മിറ്റികൾ (പോളിസി, ഇൻഫ്ളുവൻഷ്യൽ മാർക്കറ്റിങ്, ടാലെൻറ്, സ്റ്റാർട്ട്-അപ്പ്) രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായി നിർവഹിക്കുവാൻ പ്രാപ്തിയുള്ള അന്താരാഷ്ട്ര പ്രോപ്പർട്ടി കൺസൾട്ടിംഗ് കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ സർക്കാരിൻറെ കാലത്ത് ഇൻഫോപാർക്കിൽ ടെക് മഹീന്ദ്ര, ഐബിഎം തുടങ്ങിയ ആഗോള കമ്പനികൾ പ്രവർത്തനം ആരംഭിച്ചു.***

***കേരളാ ഐ.ടി എന്ന മുഖ്യബ്രാൻഡിനെയും അതിനു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 12 സബ് ബ്രാൻഡുകളെയും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ബ്രാൻഡിംഗ്, റീബ്രാൻഡിംഗ്, മാർക്കറ്റിംഗ് പദ്ധതി തയ്യാറായി. പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടിയുള്ള ക്രിയേറ്റീവ് ഏജൻസിയെ***

*കണ്ടെത്തിയതിന് ശേഷം പദ്ധതി ആരംഭിക്കും.*

*ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ കേരളാ ഐ.ടി പാർക്കുകൾക്ക് ദേശീയതലത്തിലും ആഗോളതലത്തിലും ശ്രദ്ധയാകർഷിക്കുന്നതിനു വേണ്ടി മാധ്യമത്തിലൂടെയും, സമൂഹമാധ്യമങ്ങളിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.*

28. കെ-ഫോണിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. 2021ൽ പദ്ധതി പൂർത്തീകരിക്കും. കെ-ഫോൺ പദ്ധതിയുടെ പ്രയോജനം എല്ലാതലത്തിലും ലഭ്യമാക്കും വിധം വിപുലീകരിക്കും. യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ടിൽ നിന്നും കേരളത്തിന് അർഹമായ വിഹിതം ലഭ്യമാക്കും. കെ-ഫോണിന്റെ അപ്ഗ്രഡേഷനും ശാക്തീകരണവും നടത്തും.

*കെ-ഫോൺ പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ചുവരുന്നു. വിവിധ ജില്ലകളിലായി 26,542 ഓഫീസുകളിൽ കെ-ഫോൺ പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.*

29. കെ-ഫോൺ ഉപയോഗിച്ച് ഡാറ്റാ സെന്റർ പാർക്കുകളെയും ബിസിനസ്സുകളെയും പ്രോത്സാഹിപ്പിക്കും. ഇതിനായി ഡാറ്റാ സെന്റർ ഇ-പോളിസി നടപ്പിലാക്കും.

*ഡിജിറ്റൽ സർവ്വകലാശാലയുടെ കീഴിൽ സ്മാർട്ട് ഡാറ്റ സെന്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.*

30. ബി.പി.എൽ കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകും.



*ആകെ 9588 ഗുണഭോക്താക്കളുടെ പട്ടിക ലഭിച്ചതിൽ 7000-ത്തിൽ അധികം വീടുകളിൽ ഫൈബർ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.*

32. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും, KTU, KDISC ചേർന്നു കേരളത്തിലെ കൃഷി, ചെറുകിട വ്യവസായം, പരമ്പരാഗതവ്യവസായങ്ങൾ, ടൂറിസം, സേവനമേഖലകൾ എന്നിവയുടെ സമഗ്രഡിജിറ്റൽ പരിവർത്തനത്തിനു മുൻകൈയെടുക്കാനുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ പ്രാവർത്തികമാക്കും.

*വിവിധ പരമ്പരാഗത മേഖലകളിലെ ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഡിജിറ്റൽ സർവ്വകലാശാല ഡിജിറ്റൽ*

*ഇന്നൊവേഷൻ ആൻറ് പ്രോഡക്ട് ഡെവലപ്മെൻറ് സെൻറർ എന്ന ഒരു മികവിൻറെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ അധിഷ്ഠിതമായ നിരവധി പദ്ധതികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. മൃഗസംരക്ഷണ മേഖലയിൽ അതിനൂതന സാങ്കേതിക വിദ്യകളായ RFID, ആർട്ടിഫിഷ്യൽ ഇൻറലിജൻറ്സ്, ഡാറ്റാ അനലിറ്റിക്സ്, ജി. ഐ. എസ് എന്നിവ ഉപയോഗിച്ച് e-samrudha എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 5 വർഷത്തിനുള്ളിൽ 20 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള നോളേജ് ഇക്കണോമി മിഷനും K-DISC ഉം കൂടി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയിൽ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റം എന്ന അതിനൂതന സംവിധാനം ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്.*

34. ഐ.എസ്.ആർ.ഒയുടെ സഹായത്തോടെ സ്പേസ്, എയ്റോ സ്പേസ് ടെക്നോളജികൾക്കായി മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററുകൾ രൂപീകരിക്കും. TCSന്റെ ടെക്നോസിറ്റിയിലെ ഡിഫെൻസ് എയ്റോ സ്പേസ് കേന്ദ്രം ഇതിന് അനുബന്ധമായി പ്രവൃത്തിക്കും.

*കെ.എസ്.ഐ.ടി.ഐ.എൽ-ഉം ആൻട്രിക്സ് കോർപ്പറേഷൻ ലിമിറ്റഡുമായി കേരള സ്പേസ് പാർക്കിൽ നിർമ്മാണ പ്രവർത്തികളിലും വിപണിയിലും നിക്ഷേപത്തിനുള്ള ധാരാണാപത്രം ഒപ്പിട്ടു. കേരള സ്പേസ് പാർക്കിനെ (KSPACE) ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു. അതിൻറെ പ്രാരംഭ പ്ര വർത്തനങ്ങൾ ആരംഭിച്ചു. TCS ൻറെ ടെക്നോസിറ്റിയിലെ 97 ഏക്കർ സ്ഥലത്തിൽ റ്റി.സി.എസ്, ഏയറോ സ്പേയ്സ്, ഡിഫെൻസ് ഡെലിവറി സെൻറർ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.യ്ക്ക് 9.97 ഏക്കർ സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.*

35. ARVR, OTT എന്നീ നവമാധ്യമ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.

*ARVR, MR എന്നീ സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിനും ഗവേഷണത്തിനും വികസനത്തിനും വേണ്ടി DUK യിൽ ഒരു ARVR സ്റ്റുഡിയോ സജ്ജമാക്കി വരുന്നു.*

*OTT Platform develop ചെയ്യുവാനായി technical evaluation ലൂടെ start up നെ കണ്ടെത്തുകയും, തുടർ നടപടികൾ സ്വീകരിക്കാനായി KSUM നെ ചുമതലപ്പെടുത്തുകയും ചെയ്തു*

36. മെഷീൻലേർണിംഗ്, ഡാറ്റാ സയൻസ്, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഐ.സി.റ്റി അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കും.

*ഐ.സി.റ്റി അക്കാദമി ഈ മേഖലകളിൽ പ്രാവിണ്യത്തിനായി കോഴ്സുകൾ നടത്തുന്നുണ്ട് പ്രസ്തുത മേഖലകളിൽ ഐ.സി.റ്റി അക്കാദമി മികവിന്റെ*

*കേന്ദ്രങ്ങളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ കേരള ഡിജിറ്റൽ യൂണിവേർസിറ്റി ഈ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.*

*38.* *മാഗ്നറ്റിക് മെറ്റീരിയൽസ്, പ്രിന്റബിൾ സർക്യൂട്ടുകൾക്കു വേണ്ടിയുള്ള ഓർഗാനിക് ഇങ്കുകൾ, പ്രകൃത്യാ നാരുകൾ കൊണ്ടുള്ള കോമ്പോസിറ്റ് മെറ്റീരിയലുകൾ, വെയറബിൾസ് എന്നിവയിൽ മെറ്റീരിയൽ ടെക്നോളജി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കും.*

*നൂതന സാമഗ്രികളുടെ വികസനത്തിൻറെ കേന്ദ്രമായി കേരളത്തെ മാറ്റുക എന്ന കാഴ്ചപ്പാടോടെ, ഡിജിറ്റൽ സർവ്വകലാശാല, സെൻറർ ഫോർ മെറ്റീരിയൽസ് ഇൻ ഇലക്ട്രോണിക് ടെക്നോളജീസുമായി സഹകരിച്ച്, ഗ്രാഫീനിനായുള്ള ഇന്ത്യ ഇന്നൊവേഷൻ സെൻറർ കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്.*

39. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേന്ദ്രമാക്കി മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കും.

*ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനകം തന്നെ ബ്ലോക്ക്ചെയിൻ ടെക്നോളജിയിൽ ഒരു മികവിൻറെ കേന്ദ്രം രൂപീകരിച്ചിട്ടുണ്ട് കൂടാതെ കഴിഞ്ഞ 3 വർഷത്തിനിടെ 20,000-ലധികം ആളുകൾക്ക് പരിശീലനം ന ൽകിയിട്ടുണ്ട്.NVIDIA യുമായി ചേർന്ന് ഒരു ആർട്ടിഫിഷ്യൽ ഇൻറലിജെൻസ് സെൻററും, ബിഗ് ഡാറ്റ അനലിറ്റിക്സ് ലാബും, ജിയോസ്പേഷ്യൽ അനലിറ്റിക്സ് സെൻററും, സൈബർ സെക്യൂരിറ്റി സെൻററും, Kerala Security Audit and Assurance ലാബും സ്ഥാപിച്ചിട്ടുണ്ട്. ദേശീയ, പ്രാദേശിക സർക്കാർ ഏജൻസികൾക്കായി ഡാറ്റാ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് എന്നിവയിൽ നിരവധി പ്രൊജക്റ്റുകൾ ഇതിനകം തന്നെ ഡിജിറ്റൽ യൂണിവേഴ്സിറ്റി നടപ്പിലാക്കിയിട്ടുണ്ട്.*

40. സൈബർ ടെക്, സൈബർ ഡോം, ഹൈടെക് സൈബർ സെൽ എന്നിവ സംയുക്തമായി സൈബർ സുരക്ഷയുള്ള സമഗ്രമായ ഒരു സംവിധാനം സൃഷ്ടിക്കും.

*സുരക്ഷാ ഓഡിറ്റിംഗ്, ഇൻസിഡൻറ് മാനേജ്മെൻറ്, സുരക്ഷാ അവബോധവും പരിശീലനവും, നയരൂപീകരണം, സൈബർ ക്രൈസിസ് മാനേജ്മെൻറ് എന്നീ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (CERT-K) യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സൈബർ ക്രൈസിസ് മാനേ ജ്മെൻറ് പ്ലാൻ തയ്യാറാക്കി വരുന്നു. KSITM-ന്റെ സൈബർ സുരക്ഷാ പഠന പോർട്ടലിൻറെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായി ഉയർന്നുവരുന്ന പുതിയ സൈബർ ഭീഷണികൾ, സാങ്കേതിക വിദ്യകളിലെ മാറ്റങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ കോഴ്സുകൾ/വീഡിയോകൾ, സൈബർ ക്വിസ് മത്സരങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തി പോർട്ടൽ നവീകരിക്കുന്നതാണ്.*

*ദേശീയ SOS (സെക്യൂരിറ്റി ഓപ്പറേഷൻ സെൻറ്റർ) നടപ്പിലാക്കുന്നതിൻറെ ഭാഗമായി നാഷണൽ സൈബർ കോർഡിനേഷൻ സെൻററുമായി ബന്ധപെട്ടു പ്രവർത്തിക്കുക. മേല്പറഞ്ഞ പദ്ധതികളുടെ നിർവ്വഹണത്തിനും CERT-K-യുടെ പ്രവർത്തനങ്ങൾ വൈവിധ്യവത്കരിക്കുന്നതിനും വേണ്ടി മാനവശേഷി വികസനം നടത്തിവരുന്നു.*

41. അന്താരാഷ്ട്ര ഡിസൈൻ കോൺഫറൻസുകൾ തുടർന്നും സംഘടിപ്പിക്കും. കളമശേരി ടെക്നോളജി ഇന്നവേഷൻ സോണിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷനുമായി ചേർന്നുകൊണ്ട് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന കേന്ദ്രം സ്ഥാപിക്കും. കൊല്ലത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയും കണ്ണൂരിലെ ടെക്സ്റ്റൈൽ ഡിസൈൻ കേന്ദ്രത്തെയും  കൂടുതൽ മികവുറ്റതാക്കും.

*അന്താരാഷ്ട്ര ഡിസൈൻ കോൺഫറൻസുകൾ തുടർന്നും സംഘടിപ്പിക്കും. കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ വേൾഡ് ഡിസൈൻ ഓർഗനൈസേഷനുമായി ചേർന്നു കൊണ്ട് ലോകോത്തര ഡിസൈനുകൾ ഉണ്ടാക്കുന്ന കേന്ദ്രം സ്ഥാപിക്കും. കൊല്ലത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിനേയും കണ്ണൂരിലെ ടെക്സ്റ്റൈൽ ഡിസൈൻ കേന്ദ്രത്തെയും കൂടുതൽ മികവുറ്റതാക്കും. കളമശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ ഡിജിറ്റൽ ഹബ്ബിനുള്ളിൽ ഡിസൈൻ ഇൻകുബേറ്റർ സ്ഥാപിച്ചിട്ടുണ്ട്.ലോകോത്തര നിലവാരത്തിലുള്ള സ്റ്റുഡിയോ സൗകര്യവും ആക്സിലറേഷൻ പ്രോഗ്രാമും പ്രസ്തുത ഇൻകുബേറ്ററിൽ ലഭ്യമാക്കുന്നതാണ്.*

42. ഓപ്പൺഡാറ്റ പോളിസിയും നയവും ഇടപെടൽ സംവിധാനവും സൃഷ്ടിക്കും. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നിർവ്വഹണത്തിനുമായി ഒരു അപ്പക്സ് സംവിധാനം സൃഷ്ടിക്കും.

*ഏകീകൃത വിവര സംവിധാനം (യൂണിഫൈഡ് രജിസ്ട്രി) നടപ്പിലാക്കി വരുന്നു . അതിൻറെ ഭാഗമായി ഡാറ്റ പോളിസി കരട് തയ്യാറാക്കിയിട്ടുണ്ട്.*

## ഇലക്ട്രോണിക് വ്യവസായം

43. കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബായി മാറ്റും. കെൽട്രോണിന്റെ പുനരുദ്ധാരണമായിരിക്കും ഈ മേഖലയിലെ ഏറ്റവും പ്രധാന ലക്ഷ്യം. നിലവിലുള്ള ഉൽപാദനശേഷി നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നതിനോടൊപ്പം കെൽട്രോൺ ആഗോള കമ്പനികളുമായി സംയുക്ത സംരംഭങ്ങൾ സ്ഥാപിക്കും. ഇപ്പോൾ പൊതുസ്വകാര്യ മേഖലകളിലെ ആകെ ഉൽപാദനം 2500 കോടി രൂപയാണ്. അഞ്ചുവർഷം കൊണ്ട് കേരളത്തിലെ ഹാർഡുവെയർ ഉൽപാദനം 10000 കോടി രൂപയായി ഉയർത്തും. അഞ്ചുവർഷം കൊണ്ട്  1000 കോടി രൂപയുടെ അധികനിക്ഷേപം ഈ മേഖലയിൽ നടക്കും.

*കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി നവീകരണം എന്നിവയ്ക്കൊപ്പം Traffic Management, Defense Products, Power Electronics എന്നീ മേഖലകളിലൂന്നിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള 395 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ഇതിൽ പലതും ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം Semi Conductor Park നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനത്തിനുള്ള റിപ്പോർട്ട് തയ്യാറാക്കി തുടർപ്രവൃത്തി നടത്തിവരുന്നു. പ്രതിരോധ മേഖലയിൽ ഉത്പാദനശേഷി വിപുലീകരണത്തിനും പുതിയ സാങ്കേതികവിദ്യ പ്രാപ്യമാക്കുന്നതിനും സംയുക്ത സംരംഭം ആരംഭിച്ച് തുടർപ്രവർത്തനം നടത്തിവരുന്നു.*

44. വൻകിട പാർക്കുകൾ സ്ഥാപിക്കുന്നതിനോടൊപ്പം ഊരാളുങ്കൽ ലേബർ സഹകരണ സംഘം പോലുള്ള സാമൂഹ്യ സ്ഥാപനങ്ങളേയും പബ്ലിക്പീപ്പിൾപാർട്ണർഷിപ്പ് മാതൃകകളെയും ഉപയോഗപ്പെടുത്തും. 15 ഏക്കർ ഭൂപരിധി നിയമത്തിനകത്തു നിന്നുകൊണ്ടുതന്നെ സ്വകാര്യ ഐ.ടി പാർക്കുകൾ സ്ഥാപിക്കാനാവും.

*ടെക്നോപാർക്ക് ഫേസ് 1 ൽ ബ്രിഗേഡിന്റെ ഐ.ടി പാർക്കും ഇൻഫോപാർക്ക് ഫേസ് 1 ൽ ജിയോയുടെ ഒരു ഐ.ടി പാർക്കും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഐ.ടി കോറിഡോർ നടപ്പിലാക്കുമ്പോൾ ഈ മാതൃകകൾ പരിഗണിക്കുന്നതാണ്*

45. ആമ്പലൂർ പാർക്ക് ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ മാനുഫാക്ചറിംഗ് പാർക്കായി വികസിപ്പിക്കും. മൂന്നു വർഷത്തിനുള്ളിൽ ഇത് പൂർത്തീകരിക്കാൻ ഉതകുംവിധം ഭൂമി ഏറ്റെടുക്കുകയും നിർമ്മാണ പ്രവൃത്തികൾ നടത്തുകയും ചെയ്യും.

*എറണാകുളം ജില്ലയിലെ ആമ്പല്ലൂർ വില്ലേജിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി തീരദേശ പരിപാലന ചട്ടങ്ങൾക്കനുസൃതമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.*

46. കേരളത്തിലെ നിലവിലുള്ള ഇലക്ട്രോണിക്സ് മേഖലയിലെ മാനുഫാക്ചറിംഗ് കമ്പനികൾക്കു സഹായമാക്കുന്നവിധം ഇലക്ട്രോണിക്സ് കംപോണന്റ് ഇക്കോസിസ്റ്റം രൂപീകരിക്കും. ഇതിനായി ചെറുകിട മാനുഫാക്ചറിംഗ് ക്ലസ്റ്റർ ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾ റൂമുകൾ, ഡിസൈൻ ഹോക്സുകൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ സൃഷ്ടിക്കും.

*ചെറുകിട മാനുഫാക്ചറിംഗ് ക്ലസ്റ്റർടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾറൂമുകൾ ഡിസൈൻ ഹോക്സുകൾ തുടങ്ങിയ പൊതുവായ സൗകര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ഔട്ട്സോഴ്സ് ചെയ്ത അർധചാലക അസംബ്ലി & ടെസ്റ്റിംഗ് ഫെസിലിറ്റി (10 കോടി രൂപയുടെ പദ്ധതി), പി സി ബി മാനുഫാക്ചറിങ് ഫെസിലിറ്റി (14 കോടി രൂപയുടെ പദ്ധതി) തുടങ്ങിയവ 2023–2024 ബഡ്ജറ്റിൽ ഫ്ലാഗ്ഷിപ്*

*പദ്ധതികളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ ഒരു പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.*

47. സിഡാക്കിന്റെ നാഷണൽ മിഷൻ ഓൺ പവർ ഇലക്ട്രോണിക്സിന്റെയും കേരളത്തിലെ പ്രമുഖ ഇലക്ട്രോണിക്സ് സെന്ററുകളെയും സഹായത്തോടെ കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സിന്റെ ഹബ്ബായി വികസിപ്പിക്കും.

*കെൽട്രോണിന്റെ കരകുളം യൂണിറ്റിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബിന്റെ ഭാഗമാക്കാനുള്ള പദ്ധതിയുടെ ആദ്യ പടിയായി Solar Power Controll, 5 KVA / 10 KVA UPS എന്നിവയുടെ വാണിജ്യ അടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. സിഡാക്കിന്റെ സാങ്കേതിക സഹായത്തോടുകൂടി Modular UPS System, Solar PCU's എന്നിവ വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ ന ടന്നുവരികയാണ്. ഇതുകൂടാതെ Li-ion Battery Assembly Unit/ EV Vehicle Chargers എന്നിവ ഇതിന്റെ ഭാഗമായി പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.*

48. ഓപ്പൺ ഹാർഡ്‌വെയർ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക സ്കീമുകൾ നടപ്പിലാക്കുന്നതാണ്. ഓപ്പൺ iot chip ഡിസൈൻ ഇലക്ട്രോണിക്സ് കൺട്രോളുകൾ എന്നിവ വികസിപ്പിക്കുന്നതിന് ICFOSS ലെയും TREST പാർക്കിലെയും, Centre For Excellenceവിപുലീകരിക്കും.

*സ്വതന്ത്ര സോഫ്റ്റ് വെയർ സൊല്യൂഷനുകളിലെ പ്രായോഗിക ഗവേഷണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഐസിഫോസിൽ ഒരു ഓപ്പൺ ഹാർഡ്വെയർ ആൻഡ് സോഫ്റ്റ്വെയർ ലാബും ഡൊമെയ്ൻ അധിഷ്ഠിത ആപ്ലിക്കേഷൻ ബിൽഡിംഗിന് വേണ്ടി ഒരു eGov ലാബും സ്ഥാപിക്കുകയും ചെയ്തു. കേരളത്തിലെ ആദ്യത്തെ സ്വതന്ത്ര ഹാർഡ് വെയർ ലാബായ സെൻറർ ഫോർ ഓപ്പൺ ഹാർഡ് വെയർ ലാബ് ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കായി ഐസിഫോസിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിൽ പല മേഖലകളിലും ഐഒടി അധിഷ്ഠിത ഉപകരണങ്ങൾ തമ്മിൽ ബന്ധിപ്പിക്കാൻ ഉള്ള കമ്മ്യൂണിക്കേഷൻ സിസ്റ്റമായ ഐ ഓ ടി ലോറാവാൻ ഒരുക്കിയിട്ടുണ്ട്. 14 ജില്ലകളിലായി 30 സ്ഥലങ്ങളിൽ ഈ സംവിധാനം പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്.*

49. ഇലക്ട്രിക്കൽ മൊബിലിറ്റി മേഖലയിലുള TREST പാർക്കിലെ നിലവിലുള്ള സെന്റർ ഓഫ് എക്സലൻസിനെ വികസിപ്പിക്കും. ആധുനിക ബാറ്ററി ടെക്നോളജി വികസിപ്പിക്കുന്നതിനായി VSSC, CDAC, KDISC, Trest Park എന്നിവ ചേർന്നുള്ള കൺസോർഷ്യം ശക്തിപ്പെടുത്തും.

*VSSC, K-DISC, TTP, Trest Park & CDAC മുതലായ സ്ഥാപനങ്ങള്ചേർന്ന് കൺസോർഷ്യം ആരംഭിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.*

*50. കെ-ഡിസ്കും കേരളത്തിലെ ശാസ്ത്രസാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളും സംസ്ഥാന ഐ.റ്റി മിഷനും ടെക്നോപാർക്കുമായി*

*കൈകോർത്തുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഐ.സി.ടി ഇന്നൊവേഷൻ സംവിധാനത്തിനു രൂപംനൽകും. കേരളത്തിലെ വിവിധ ഉൽപാദന മേഖലകളിൽ ഐ.സി.റ്റി ഉൾച്ചേർക്കുന്നത് ആയിരിക്കും ഈ ഇന്നവേഷൻ കൂട്ടായ്മയുടെ മുഖ്യലക്ഷ്യം. ഐ.സി.ടി ഇന്നൊവേഷൻ സംവിധാനം രൂപ കൽപന ചെയ്തു.*

51. തിരുവനന്തപുരം ടെക്നോ സിറ്റിയിൽ വി.എസ്.എസ്.സിയുമായി സഹകരിച്ചുകൊണ്ടുള്ള സ്പേസ് പാർക്ക് പ്രാവർത്തികമാക്കും. സൈബർ ഫിസിക്കൽ ഡിജിറ്റൽ ടെക്നോളജികളിലുള്ള കുതിച്ചുചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, റോബോട്ടിക്സ്, ബ്ലോക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ അനലിറ്റിക്സ്, ഗെയിമിംഗ്, ഓഗ്മെന്റഡ് റിയാലിറ്റി, വിർചൽ റിയാലിറ്റി, ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റംസ്, ജിയോ സ്പേഷ്യൽ സിസ്റ്റംസ്, ക്വാണ്ടം ടെക്നോളജി ആന്റ് ആപ്ലിക്കേഷൻസ്, സ്പെയ്സ് ടെക്നോളജീസ്, അഡ്വാൻസ്ഡ് മെറ്റീരിയൽസ്, എഡ്ജ് കമ്പ്യൂട്ടിംഗ് എന്നിവയിൽ ഊന്നിയുള്ള മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും.

*തിരുവനന്തപുരം ടെക്നോസിറ്റിയിൽ 16 ഏക്കറോളം ഭൂമി സ്പേസ് പാർക്ക് വികസിപ്പിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ ന് കൈമാറാനുള്ള നടപടികൾ നടന്നു വരുന്നു. പുതു തലമുറ സാങ്കേതിക വിദ്യകളിൽ ഊന്നിയുള്ള എസ്.എം.ഇ (SME) സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ടെക്നോസിറ്റിയിൽ 10 ഏക്കർ ഭൂമി പരിവർത്തനം നടത്തി ചെറുതും ഇടത്തരത്തിലുള്ളതുമായ സംരംഭങ്ങൾക്കായി നൽകുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. 105 കോടി കിഫ്ബി ഫണ്ടോടു കൂടി 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ (NON SEZ) നിർമ്മാണം പൂർത്തിയാക്കി. ഇത് കമ്പനികൾക്ക് ലീസ് വ്യവസ്ഥയിൽ നൽകി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

*2021–ൽ പ്രവർത്തനം ആരംഭിച്ച യൂണിവേഴ്സിറ്റി, ബ്ലോക്ക്ചെയിൻ, ഇൻറർനെറ്റ് ഓഫ് തിംഗ്സ്, ഗ്രാഫീൻ, 2 ഡി മെറ്റിരിയലുകൾ എന്നിവയിൽ ഇതിനകം തന്നെ മികവിൻറെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ്, ഇലക്ട്രോണിക്സ് സിസ്റ്റംസ് ഡിസൈൻ എന്നിവ സ്ഥാപിച്ചു വരുന്നു. Unconventional computing മായി ബന്ധപ്പെട്ട് ഒരു സെൻറർ DUK യിൽ സ്ഥാപിക്കും. ഓഗ്മെൻറഡ്/വെർച്ചൽ റിയാലിറ്റിക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഒരു ലബോറട്ടറിയും സ്ഥാപിച്ചു വരികയാണ്. തിരുവനന്തപുരം ടെക്നോസിറ്റിയിൽ 18.56 ഏക്കർ ഭൂമി ടെക്നോപാർക്കിൽ നിന്നും സ്പേസ് പാർക്കിലേക്ക് (KSPACE) കൈമാറാനുള്ള നടപടികൾ ധ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.*

53. കേരളം നെറ്റ് ന്യൂട്രാലിറ്റിക്ക് വേണ്ടി സ്വീകരിച്ചിട്ടുള്ള നിലപാട് തുടരും. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്ട് വെയർ ഇന്ത്യയിൽ ശ്രദ്ധേയമായ സ്ഥാനം നേടിക്കഴിഞ്ഞു. ഓപ്പൺ

സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്ക് ICFOSS ആണ് നേതൃത്വം നൽകുന്നത്. സംസ്ഥാന സർക്കാറിന്റെ ഇ-ഗവേണൻസിൽ സ്വതന്ത്ര സോഫ്റ്റുവെയർ കൂടുതൽ ഉപയോഗപ്പെടുത്തും. വിദ്യാഭ്യാസം, വൈദ്യുതി തുടങ്ങിയ ഒട്ടേറെ മേഖലകൾ പൂർണമായും ഇന്ന് സ്വതന്ത്ര സോഫ്റ്റുവെയറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ചെറുകിടഇടത്തരം വ്യവസായ മേഖലയിൽ ഐ.ടി ഉപയോഗം വ്യാപിപ്പിക്കാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കും.

***ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ഇ-ഗവേണൻസും കൺസൾട്ടൻസി പ്രവർത്തനങ്ങളുടെ ഭാഗമായി കേരള മീഡിയ അക്കാദമി, ANERT, കൈത്തറി ഡിപ്പാർട്ട്മെന്റ്, e-Health, KSEB എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ പരിവർത്തനം നടത്തുന്നതിന് വേണ്ടിയുള്ള കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്നു.***

***കാഴ്ചപരിമിതിയുള്ള സമൂഹത്തിന്റെ വിവിധ മേഖലകളിലേക്കുള്ള ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു പ്രവർത്തനത്തിന്റെ ഭാഗമായി 'അക്ഷി' (AKSHI - Adaptive Knowledge Stimulation Helping Idea) എന്ന ബ്രെയ്‌ലി പദപ്രശ്ന ഉപകരണം നാടിനായി സമർപ്പിച്ചു. ഇതോടൊപ്പം മലയാളം കമ്പ്യൂട്ടിംഗ് നോഡൽ ഏജൻസികൂടിയായ ഐസിഫോസിൻറെ ഭാഷാ സാങ്കേതിക ഗവേഷണ വിഭാഗം, മലയാളം സോഫ്റ്റ് വെയറുകളുടെ ഒരു പോർട്ടൽ തയാറാക്കി 6 വിവിധ സോഫ്റ്റ് വെയറുകളും പൊതുജനങ്ങൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഐസിഫോസ് സഹായ സാങ്കേതിക വിഭാഗം (Assistive Technology) വിവിധ ഉപകരണങ്ങൾ വികസിപ്പിച്ചു. സ്വതന്ത്രവും ഓപ്പൺ സോഴ്സ് സാങ്കേതികവിദ്യയും ഉപയോഗിച്ച് ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് സോഫ്റ്റ് വെയർ സ്റ്റാക്ക് വികസിപ്പിച്ചെടുത്തു. 2019ൽപ്രവർത്തനമാരംഭിച്ച സ്വതന്ത്ര ഇൻകുബേറ്റർ മുഖാന്തരം 9 കമ്പനികൾക്ക് ഇൻകുബേഷൻ നൽകുകയും 112 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇൻഡോർ നാവിഗേഷനായി മിനി ഡ്രോൺ വികസിപ്പിച്ചെടുത്തു. മലയാളം ഭാഷാ കമ്പ്യൂട്ടിംഗ് പദകോശം – വെബ്സൈറ്റും മൊബൈൽ ആപ്പും (Padakosam-Web and Mobile App) സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട 2500 പദങ്ങളും അവയുടെ മലയാളവിവർത്തനവും വിവരണവും ഉൾക്കൊള്ളിച്ചിട്ടുള്ള പുസ്തകവും, ഓൺലൈൻ നിഘണ്ടുവും പുറത്തിറക്കി.***

54. ഇ-ഗവേണൻസ് ശൃംഖലയിൽ സുപ്രധാന കണ്ണിയാണ് അക്ഷയ കേന്ദ്രങ്ങൾ. അവയെ കൂടുതൽ ശക്തിപ്പെടുത്തും.

***അക്ഷയ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അക്ഷയ കേന്ദ്രങ്ങൾ ടൂർ ഗൈഡ് ഹബ്ബ്, വെബ്സൈറ്റ് വികസിപ്പിക്കുന്ന കേന്ദ്രങ്ങൾ, ഹാർഡ് വെയർ, സോഫ്റ്റ് വെയർ സർവ്വീസ് കേന്ദ്രങ്ങൾ, ഓൺലൈൻ തൊഴിൽ സേവനങ്ങൾ, ഓൺലൈൻ ഹ്യൂമൺ റിസോർഴ്സ് കൺസൾട്ടൻസി എന്നിങ്ങനെ വൈവിധ്യമാർന്ന സേവനങ്ങൾ ലഭ്യമാക്കുന്ന ഇടങ്ങളാക്കി പരിവർത്തിപ്പിച്ചു.***

55. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കും. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരശേഖരം ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കും.

***സർക്കാരിന് കീഴിലുള്ള ഡാറ്റാ സെന്റർ ശേഷി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, 25 കോടി രൂപ മുതൽമുടക്കിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കാമ്പസിൽ ഒരു ഹൈബ്രിഡ് ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് സർക്കാർ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഡാറ്റാസെന്റർ സംസ്ഥാനത്തെ ശാസ്ത്ര അക്കാദമിക് സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി ഉയർന്ന ശേഷിയുള്ള കമ്പ്യൂട്ടിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യും. ഈ ഡാറ്റാ സെന്ററിന്റെ ആദ്യ ഘട്ടം 2022 പകുതിയോടെ പ്രവർത്തനക്ഷമമാകും. സ്റ്റേറ്റ് ഡാറ്റ സെൻറർ - 2 സെർവർ ഫാം ഏരിയ വിപുലീകരിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ ടി മിഷൻ നടപടി സ്വീകരിച്ചുവരുന്നു.***

56. അനെർട്ടിന്റെയും കെ.എസ്.ഇ.ബിയുടെയും സഹായത്തോടെ സോളാർ അടിസ്ഥാനമാക്കിയുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും.

***ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിലവിൽ വന്നിട്ടുണ്ട്.***

57. അത്യാധുനിക ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക് ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കും.

***Defence വ്യാവസായിക ആവശ്യങ്ങൾക്കായുള്ള Electrical & Electronics ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തി Certify ചെയ്യുന്ന NABL Accreditation Lab കേരളത്തിൽ ഇപ്പോൾ നിലവിലില്ല. ഇതിന്റെ പ്രധാന ഘടകങ്ങൾ Calibration Lab, Anechoic Chamber for EMC Certification, Vibration Testing, Shock Testing, Thermal Chamber എന്നിവയാണ്. ഇതിനുള്ള വിശദമായ പദ്ധതി രൂപരേഖ (DPR) കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. ഇതിന് 28 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്.***

## ബയോടെക്നോളജി വ്യവസായം

58. തോന്നയ്ക്കലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെയും കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങളുടെയും വൈവിദ്ധ്യവത്കരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ബയോടെക്നോളജി ഉപയോഗപ്പെടുത്തും

***KSCSTE യുടെ വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിലായി 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ്, ഓഫീസ് സ്ഥലം, ലബോറട്ടറി എന്നിവ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.***



**ലൈഫ്സയൻസ് പാർക്ക് തോന്നയ്ക്കൽ**

59. വ്യവസായ യൂണിറ്റുകൾക്കുള്ള സ്ഥലസൗകര്യം മാത്രമല്ല, ഗവേഷണത്തിനും മറ്റും വേണ്ടിയുള്ള പൊതുസൗകര്യവും പാർക്കുകളിൽ സൃഷ്ടിക്കും.

***ലൈഫ് സയൻസസ് പാർക്കിന്റെ ഒന്നാം ഘട്ടത്തിൽ 4.25 ഏക്കർ സ്ഥലത്ത് 2,85,973 ചതുരശ്ര അടി വിസ്തീർണമുള്ള അത്യാധുനിക ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.***

60. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കും.

***ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായിട്ടാണ് കെഎസ്ഐഡിസി, ലൈഫ് സയൻസസ് പാർക്കിലെ (ഘട്ടം -1) 9 ഏക്കർ സ്ഥലത്ത് ഈ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നത്. പദ്ധതിയിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നിലവിൽ നടന്നുകൊണ്ടിരിക്കുന്നു.***

62. ആയുർവേദത്തിന്റെയും ജൈവവൈവിദ്ധ്യത്തിന്റെയും സാധ്യതകൾ

പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ബയോ ഇൻഫോമാറ്റിക്സ്, കമ്പ്യൂട്ടേഷണൽ ബയോളജി, ബയോ മാനുഫാക്ചറിംഗ്, ബയോ പ്രോസസിംഗ്, ജനറ്റിക് എഞ്ചിനീയറിംഗ്, സെൽ ആൻഡ് മോളിക്യൂലാർ ബയോളജി, സിസ്റ്റംസ് ബയോളജി, ഫാർമക്കോളജി തുടങ്ങിയമേഖലകളിൽ ഊന്നിക്കൊണ്ടുള്ള പഠനഗവേഷണ കേന്ദ്രം അനിവാര്യമാണ്. ജിനോമിൽ കൗൺസലിംഗ്, അഡ്വാൻസ്ഡ് ബയോ ഇൻഫർമാറ്റിക്സ് എന്നീ മേഖലകളിൽ പുതിയ കോഴ്സുകൾ ഐസിറ്റി അക്കാദമിയുടെ നേതൃത്വത്തിൽ ആരംഭിക്കും.

***ഐ.സി.റ്റി അക്കാദമിയോ കേരള ഡിജിറ്റൽ യൂണിവേർസിറ്റിയോ ഈ മേഖലകളിൽ പുതിയ കോഴ്സുകളൊന്നും തന്നെ ആരംഭിച്ചിട്ടില്ല.***

64. തിരുവനന്തപുരത്തെ അഡ്വാൻസ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം ഒരു സുപ്രധാന കാൽവെയ്പ്പാണ്. ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ടിയോമിക്സ് സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തും.

***ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് വൈറോളജിയിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഡയഗ്‌ണോസ്റ്റിക് ടെസ്റ്റിംഗ് ആരംഭിച്ചിട്ടുണ്ട്. വൈദ്യശാസ്ത്ര ശാഖയായ Human Microbiomes നെക്കുറിച്ച് പഠനം നടത്തുന്ന മികവ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.***

## നാനോ സാങ്കേതികവിദ്യ

65. സർവകലാശാലകളിൽ നാനോ സാങ്കേതികവിദ്യക്ക് പ്രത്യേക വകുപ്പുകൾ ഇപ്പോഴുണ്ട്. തൊഴിലധിഷ്ഠിത നാനോ സാങ്കേതികവിദ്യാ കോഴ്സുകൾ



**ഡിജിറ്റൽ സയൻസ് പാർക്ക് – മാതൃക**

ആവശ്യാനുസരണം വർദ്ധിപ്പിക്കും. വ്യവസായം ഉൾപ്പെടെ വിവിധ മേഖലകളിൽ നാനോ സാങ്കേതികവിദ്യയുപയോഗിച്ച് നവീകരണത്തിനും വിപുലീകരണ സാധ്യതകൾ ഒട്ടേറെയുണ്ട്. നാനോ സാങ്കേതികവിദ്യയെ ആസ്പദമാക്കി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

***സയൻസ് പാർക്കുകൾ ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ മികവ് കേന്ദ്രങ്ങളും ആരംഭിക്കും. ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി. ഇതിനായി ടെക്നോപാർക്കിന്റെ ഭൂമി ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് കൈമാറാനുള്ള നടപടി സ്വീകരിച്ചു വരുന്നു.***

## ഫാർമസ്യൂട്ടിക്കൽ വ്യവസായം

66. കോവിഡ് പ്രതിരോധത്തിൽ കേരളത്തിന് ലഭിച്ചിരിക്കുന്ന അന്തർദേശീയ പ്രശസ്തിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വ്യവസായത്തെപ്പോലെ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിനും വലിയ സാധ്യതകളുണ്ട്. മൂന്നാംലോക രാജ്യങ്ങൾക്ക് മാതൃകയായിരുന്ന ഇന്ത്യയിലെ പൊതുമേഖലാ ഔഷധ വ്യവസായ സ്ഥാപനങ്ങൾ തകർന്നു കഴിഞ്ഞു. കേരളത്തിന്റെ കെ.എസ്.ഡി.പി മാത്രമാണ് അപവാദം. 2015-16ൽ വെറും 20 കോടി രൂപ ഉൽപാദനം മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 2020-21ൽ 150 കോടിയാണ് ഉൽപാദനം. അഞ്ചുവർഷം കൊണ്ട് 500 കോടി രൂപയുടെ ഉൽപാദനമുള്ള വൻകിട ഫാക്ടറിയായി കെ.എസ്.ഡി.പിയെ വളർത്തും. കേരളത്തിന്റെ ആരോഗ്യ മേഖലയുടെ അടുക്കള ഫാക്ടറി ആയിരിക്കുമ്പോൾ തന്നെ മറ്റു സംസ്ഥാനങ്ങളിലേയ്ക്കും മൂന്നാംലോക രാജ്യങ്ങളിലേയ്ക്കും മരുന്ന് വിതരണം ചെയ്യും.

***കെ.എസ്.ഡി.പി-യെ വൻകിട മരുന്നു നിർമ്മാണ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നോൺബീറ്റാ ലാക്റ്റം മരുന്നുകളുടെ നിർമ്മാണത്തിനുള്ള പ്ലാന്റ് പൂർത്തീകരിച്ച് വ്യാവസായിക ഉല്പാദനം ആരംഭിച്ചു. പുതിയ ബീറ്റാലാക്റ്റം ഇൻജക്ഷൻ പ്ലാന്റ് കമ്മീഷൻ ചെയ്തു. LVP-SVP ഒപ്താല്മിക് മരുന്നുകളുടെ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.***

67. ആലപ്പുഴയിൽ ക്യാൻസർ മരുന്നു നിർമ്മാണ ഫാക്ടറി സ്ഥാപിക്കും. കൊച്ചിയിൽ പുതിയ ഫാർമ പാർക്ക് സ്ഥാപിക്കും.

***ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കുന്നതിന് 231.06 കോടി രൂപ ചിലവ് വരുന്ന ഓങ്കോളജി പാർക്ക് കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു.***

# പൊതുമേഖല

70. എല്ലാ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളെയും സംരക്ഷിക്കും. ഓരോന്നിന്റെയും വികസന സാധ്യതകളും നിലവിലുള്ള സ്ഥിതിഗതികളും വിലയിരുത്തി പുനരുദ്ധാരണത്തിനും വിപുലീകരണത്തിനും വിശദമായ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

***പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനോടൊപ്പം വൈവിധ്യവത്കരണത്തിലൂടെയും വിപുലീകരണത്തിലൂടെയും സ്ഥാപനങ്ങളുടെ സുസ്ഥിരമായ വളർച്ച ലക്ഷ്യമിട്ട് ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 9467.35 കോടി രൂപയുടെ ഹ്രസ്വ /ഇടക്കാല/ ദിർഘകാല പദ്ധതികൾ ഉൾപ്പെടുത്തി ഓരോ സ്ഥാപനങ്ങളുടെയും പ്രത്യേക മാസ്റ്റർപ്ലാൻ പദ്ധതി തയ്യാറാക്കി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.***

71. പൊതുമേഖലയ്ക്കുള്ള പദ്ധതി അടങ്കൽ എല്ലാ സ്ഥാപനങ്ങൾക്കും തുല്യതോതിൽ വീതം വയ്ക്കുന്നതിനു പകരം നിക്ഷേപത്തിന് മുൻഗണന നിശ്ചയിക്കും. വികസന സാധ്യതകൾ പൂർണമായും കൈവരിക്കുന്നതിന് ആവശ്യമായ മുതൽമുടക്ക് ഒരുമിച്ച് നടത്തുന്നതാണ് അഭികാമ്യം. സാങ്കേതിക നവീകരണം, മാനേജ്മെന്റ് പരിഷ്കാരം, തൊഴിൽ പരിശീലനം, പുതിയ മാർക്കറ്റിംഗ് രീതി, ധനപരമായ പുനസംഘാടനം എന്നിവയെല്ലാം അടങ്ങുന്ന പാക്കേജായിരിക്കും ഈ ഇടപെടൽ. തുടർന്നുള്ള കാലത്ത് വാണിജ്യ അടിസ്ഥാനത്തിൽ ബാങ്ക് വായ്പയെ ആശ്രയിച്ച് സ്ഥാപനത്തിനു വളരാനാകണം. കെൽട്രോണാണ് ഇത്തരത്തിൽ ഏറ്റവും മുൻഗണനയോടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നത്.

***short term / medium term / long term അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതുമേഖല സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതികൾ തയാറാക്കി വരുന്നു. 2023– 24 സാമ്പത്തിക വർഷം 266.90 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഫ്ലാഗ്ഷിപ്പ് പദ്ധതികൾക്കായി 25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സ്ഥാപനങ്ങളുടെ അസംസ്കൃത വസ്തുവായ പഞ്ഞി അതിന്റെ സീസൺ സമയത്ത് കുറഞ്ഞ വില നിരക്കിൽ ഗുണമേന്മയോടുകൂടി വാങ്ങി സംഭരിക്കുന്നതിനായി ഒരു കോട്ടൺ ബോർഡ് നിലവിൽ വന്നു.***

72. കോട്ടയത്ത് വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ റബ്ബർ അധിഷ്ഠിത വ്യവസായ കേന്ദ്രം സ്ഥാപിക്കും. 26 ശതമാനം ഓഹരിയോടെ കേരള റബ്ബർ ലിമിറ്റഡ് രൂപീകരിക്കും.

***മൂല്യവർദ്ധിത റബ്ബർഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് ഒന്നാം ഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

**74.** കാർഷിക മൂല്യവർദ്ധനയ്ക്കായി എല്ലാ ജില്ലാഫാമുകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കും. പാലക്കാട് സംയോജിത റൈസ് ടെക്നോളജി പാർക്ക്, വയനാട് കാർബൺ ന്യൂട്രൽ കോഫി പാർക്ക്. ചേർത്തലയിലേയും പാലക്കാട്ടേയും ഹൈറേഞ്ചിലെയും മെഗാ ഫുഡ് പാർക്കുകൾ, മുട്ടത്തെ സ്പൈസസ് പാർക്ക്, കുറ്റ്യാടിയിലെ നാളികേര പാർക്ക് എന്നിവയാണ് മറ്റു പ്രധാന അഗ്രോ പാർക്കുകൾ.

***മുട്ടത്തെ സ്പൈസസ് പാർക്ക് - തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 15.29 ഏക്കർ സ്ഥലത്ത് അടിസ്ഥാനസൗകര്യ വികസനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വയനാട് കോഫി പാർക്കിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.*** *See item 37*

76. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. നവീകരിക്കും. മാലിന്യസംസ്ക്കരണ പ്ലാന്റ് പൂർത്തീകരിക്കും. മാലിന്യങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കും.

***കമ്പനിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സൾഫ്യൂരിക് ആസിഡ് പ്ലാന്റിന്റെ നവീകരണം പൂർത്തിയാക്കി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള കൊപ്പറാസ് റിക്കവറി പ്ലാന്റ് നിർമ്മാണം***



*പൂർത്തിയായി. വാണിജ്യ ഉൽപാദനം സാധ്യമാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. കമ്പനി പുറംതള്ളുന്ന മാലിന്യങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 238 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.*

77. ടൈറ്റാനിയം മെറ്റൽ അടക്കം ഉൽപാദിപ്പിക്കുന്ന കോംപ്ലക്സ് ആയി കേരള മിനറൽ ആൻഡ് മെറ്റൽസിനെ ഉയർത്തും. അതിനായുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും.

*സിർക്കോണിയം കാർബോണറ്റ്, പെർലൈസെന്റ് ടൈറ്റാനിയം ഡയോക്സിഡ് പിഗ്ജ്മെന്റ് പ്ലാന്റിന്റെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

78. കുണ്ടറയിലെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ സ്മാർട്ട് എനർജി മീറ്റർ നിർമ്മിക്കും. മാമല യൂണിറ്റിൽ ഇ.എം.യു ട്രാൻസ്ഫോമർ, റെയിൽവേയ്ക്കു വേണ്ടിയുള്ള വിവിധ ട്രാൻസ്ഫോർമറുകൾ എന്നിവയുടെ ഉത്പാദനം ആരംഭിക്കും. യുണൈറ്റഡ് ഇലക്ട്രിക്കൽസിലെ നിലവിലുള്ള പ്ലാന്റിൽ പോളിമർ ഇൻസുലേറ്റർ യൂണിറ്റ് ആരംഭിക്കും. ടെൽക്കിനെ ആധുനികവത്കരിക്കുകയും പുതിയ പ്ലാന്റ് ആരംഭിക്കുകയും ചെയ്യും. ബെമെൽ ഏറ്റെടുത്ത് പുനരുദ്ധരിക്കും.

*ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമറുകളുടെ ഉത്പാദനം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. BHEL-EML - നെ കേന്ദ്ര സർക്കാരിൽ നിന്ന് കേരള സർക്കാർ പൂർണമായും ഏറ്റെടുത്ത് കെൽ–ഇ.എം.എൽ എന്ന പേരിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്. ടെൽക്കിന്റെ ആധുനികവത്കരണവും പ്ലാന്റിന്റെ നവീകരണവും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*കെൽ – വൈദ്യുത വിതരണ കമ്പനികളുടെ Specification അനുസരിച്ചുള്ള മീറ്ററുകൾക്കുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽസ് – പോളിമർ ഇൻസുലേറ്റർ നിർമ്മിക്കാനാവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയായി. പുതിയതായി സ്ഥാപിച്ച മെഷിനറി ഉപയോഗിച്ച് ഉത്പാദിപ്പിച്ച പോളിമർ ഇൻസുലേറ്ററിന്റെ സർട്ടിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുന്നു. ഭെൽ – ഇ.എം.എൽ – 77.03 കോടി രൂപയുടെ നവീകരണ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുകയും കയറ്റുമതി ഓർഡറുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.*

79. ഓട്ടോകാസ്റ്റിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കും. ആധുനിക മെഷീൻ ഷോപ്പ് സ്ഥാപിക്കും. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗിന് സൗകര്യം സൃഷ്ടിക്കും. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് വൈവിധ്യവത്കരിക്കുകയും വിപുലീകരിക്കുകയും ചെയ്യും. സിൽക്ക്, അഴീക്കലിൽ ഡ്രൈ ഡോക്

നിർമ്മിക്കുകയും മറ്റു യൂണിറ്റുകളിലെ യന്ത്രങ്ങൾ നവീകരിക്കുകയും ചെയ്യും.

*ഓട്ടോകാസ്റ്റ് – കപ്പാസിറ്റി വർദ്ധനവിന്റെ ഭാഗമായി 5Mt ARC ഫർണസ്സിന്റെ ഇൻസ്റ്റാലേഷൻ പൂർത്തീകരിച്ചിരുന്നു. ആധുനിക മെഷീൻ ഷോപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 1. Nos HMC HX 500 CNC മെഷീൻ, 1 Nos പ്ലാനോ മില്ലർ മെഷീൻ, ഹെവി ഡ്യൂട്ടി lathe, 1 Nos റേഡിയേൽ ഡ്രില്ലിങ്ങ് മെഷീൻ എന്നിവ സ്ഥാപിച്ചു. സ്മാൾ ആൻഡ് മീഡിയം കാസ്റ്റിംഗ്സ് നിർമ്മിക്കുവാനായിട്ടുള്ള പദ്ധതികൾ Master Plan ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*SIFL - മോഡേണൈസേഷൻ പദ്ധതിയുടെ ആദ്യ ഘട്ടമായി – കംപ്രസർ– 3 എണ്ണം, ഹെവി ഡ്യൂട്ടി ഡൈ സിങ്കിങ് മെഷീൻ (സിഎൻസി) എന്നിവയുടെ ഇൻസ്റ്റാളേഷൻ പൂർത്തിയായി പ്രവർത്തനം തുടങ്ങി. ഷൊർണ്ണൂർ, മെഷിനിങ് യൂണിറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി മൊത്തം 5 മെഷീനറികളിൽ 4 എണ്ണവും ഇൻസ്റ്റാളേഷൻ കഴിഞ്ഞ് പ്രവർത്തത്തിന് സജ്ജമായിട്ടുണ്ട് .*

*സിൽക്ക് – അഴീക്കൽ യൂണിറ്റിൽ ഡ്രയ്ഡോക്കിങ് സ്ലിപ്‌വേ പദ്ധതിയും, ജനറൽ എഞ്ചിനീയറിംഗ് വർക്സ്, തുറവൂർ യൂണിറ്റിൽ മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്,*

80. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പഴയ കാസ്റ്റിക് സോഡ പ്ലാന്റ് നവീകരിക്കും. 75 ടി.പി.ഡി ഉൽപാദനശേഷിയുള്ള പുതിയ കാസ്റ്റിക് സോഡാ പ്ലാന്റ് ആരംഭിക്കും. എച്ച്.സി.എൽ സിന്തസിസ് യൂണിറ്റ് ആരംഭിക്കും. 60 ടൺ ഉൽപാദന ശേഷിയോടെ സോഡാ ബ്ലീച്ച് പ്ലാന്റ് ആരംഭിക്കും.

*75 ടി പി ഡി ഉല്പാദന ശേഷിയുള്ള പുതിയ കാസ്റ്റിക്സോഡാ പ്ലാന്റും എച്ച് സി എൽ സിന്തെസിസ് യൂണിറ്റും ആരംഭിച്ചു. 90 TPD HCL Synthesis Unit ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. സോഡ ബ്ലീച്ച് പ്ലാന്റ് കമ്പനിയുടെ ഇടക്കാല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

81. ട്രാക്കോ കേബിൾ കമ്പനിയുടെ നിലവിലുള്ള പ്ലാന്റ് ആധുനീകരിക്കും.

*നിലവിലുള്ള എല്ലാ ഉൽപ്പന്നങ്ങളും സമാന്തരമായി ഉൽപ്പാദിക്കുവാനുള്ള ശേഷി വർദ്ധിക്കുന്നതിനോടോപ്പം ഉൽപ്പാദന ശേഷി 6000 MT നിന്ന് 9000 MT ആയി ഉയർത്തുകയും ചെയ്തു*

82. മലബാർ സിമന്റ്സിന്റെ കപ്പാസിറ്റി ഗണ്യമായി ഉയർത്തും. സിമന്റ് പാക്കിംഗ് പ്ലാന്റ് ആരംഭിക്കും. ട്രാവൻകൂർ സിമന്റ്സിന്റെ 700 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഗ്രേസിമന്റ് ഗ്രൈൻഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കും.

*കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബൾക്ക് സിമന്റ് യൂണിറ്റിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പുന:പരിശോധിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഉത്പാദന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി പുതിയ ഉൽപ്പന്നമായ മലബാർ ഡ്രൈ മിക്സ് സിമന്റ് പ്ലാസ്റ്റർ വിപ*

***ണിയിലിറക്കിയിട്ടുണ്ട്.***

83. ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ പഞ്ഞി മൊത്തത്തിൽ വാങ്ങുന്നതിനും എസ്ക്രൂ മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ മില്ലുകൾക്ക് നൽകുന്നതിനും ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും ടെക്സ്ഫെഡിന്റെയും ആഭിമുഖ്യത്തിൽ ഒരു റോമെറ്റീരിയൽ കൺസോർഷ്യം ആരംഭിക്കും. നിലവിലുള്ള പ്ലാന്റുകളിലെ കാലഹരണപ്പെട്ട യന്ത്രങ്ങൾ നവീകരിക്കും.

***സർക്കാർ ഉത്തരവ് 1310/ 2022/ID തീയതി 17.1.22022 പ്രകാരം ഒരു അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ച് തുടർ നടപടികൾ പുരോഗമിക്കുന്നു. കെ. എസ്.ടി.സി യുടെ യൂണിറ്റുകളിൽ നിലവിലുള്ള കാലഹരണപ്പെട്ട മെഷീനുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.***

84. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, പ്രിയദർശിനി മിൽ, കോട്ടയം ടെക്സ്റ്റൈൽസ്, തൃശൂർ സഹകരണ മിൽ, എന്നിവിടങ്ങളിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കും. കോമളപുരം സ്പിന്നിംഗ് മിൽസിൽ നോൺ വീവിംഗ് ഫാബ്രിക്സ് ഉൽപാദിപ്പിക്കും. സൈസിംഗ് ആൻഡ് വാർപിംഗ് യൂണിറ്റ് ആരംഭിക്കും. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ നവീകരിക്കുകയും സർജിക്കൽ കോട്ടൺ ഉൽപാദിപ്പിക്കുകയും ചെയ്യും. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കും. പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ വിപുലീകരിക്കും. നാടുകാണി ടെക്സ്റ്റൈലിൽ ഡിജിറ്റൽ പ്രിന്റിംഗ് സെന്റർ ആരംഭിക്കും. ചാത്തന്നൂർ (കൊല്ലം) സ്പിന്നിംഗ് മിൽ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തും.

***ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ വനിതാ ഗാർമെന്റ് യൂണിറ്റ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം സ്പിന്നിംഗ് മിൽ – നവീകരണത്തിന്റെ ഭാഗമായി ഒരു ഡബിൾ ഡെലിവറി ഡ്രോയിങ്ങും ഒരു ഓട്ടോകോണർ മെഷീനും വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ – ഓപ്പൺ എൻഡ് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി, തുടർനടപടികൾ പുരോഗമിച്ചു വരുന്നു. പിണറായി ഹൈടെക് വീവിങ് മിൽ – വിപുലീകരിക്കുവാനുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ചു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നാടുകാണി - ഡിജിറ്റൽ പ്രിന്റിംഗ് യൂണിറ്റിൽ പ്രിന്റിംഗ് ആരംഭിച്ചു. ചാത്തന്നൂർ സ്പിന്നിംഗ് മിൽ – രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഷിനറികൾ സ്ഥാപിച്ച് ട്രയൽ റൺ പുരോഗമിക്കുന്നു.***

85. കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡ് ഉൽപന്നങ്ങളെ വൈവിദ്ധ്യവത്കരിക്കുകയും പ്ലാന്റ് നവീകരിക്കുകയും ചെയ്യും. പാപ്പിനിശേരിയിലെ മൈനിംഗ് തടസപ്പെട്ടതുകൊണ്ട് ഇന്റഗ്രേറ്റഡ്

കോക്കനട്ട് കയർ കോംപ്ലക്സുകളിലേയ്ക്ക് വൈവിദ്ധ്യവത്കരിക്കും. ഇവിടെ ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കും.

***കേരള സെറാമിക്സ് ലിമിറ്റഡ് - പ്ലാന്റ് നവീകരണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി പ്രതിമാസ ഉത്പാദനം 1,000 ടണ്ണായി ഉയർത്തുകയും ഉൽപാദന ശേഷി 1,500 ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ 66% വർക്കുകൾ പൂർത്തിയാക്കുകയും ചെയ്തു. 2023-24 ൽ പദ്ധതി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കയർ ഡീഫൈബറിംഗ് യൂണിറ്റും, ഇന്റർലോക്ക് മാനുഫാക്ചറിംഗ് യൂണിറ്റും പ്രവർത്തനമാരംഭിച്ചു.***

86. ഫോറസ്റ്റ് ഇൻഡസ്ട്രീസിൽ ഡിസൈൻസ്റ്റുഡിയോ, ഫർണിച്ചർ നിർമ്മാണ ട്രെയിനിംഗ് സെന്റർ, മരഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള ടെസ്റ്റിംഗ് സെന്റർ എന്നിവ ആരംഭിക്കും.

***ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കുന്ന പദ്ധതി മാസ്റ്റർ പ്ലാനിന്റെ മീഡിയം ടേം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.***

87. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ ഇന്റർനാഷണൽ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ നവീകരിക്കും.

***വിവിധയിനം കാർഗോ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകതരം അറ്റാച്ച്മെന്റോടുകൂടിയ ഫോർക്ക് ലിഫ്റ്റുകൾ വാങ്ങുകയും കാർഗോ സുരക്ഷിതത്വത്തിനുവേണ്ടി ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ നവീകരിക്കുകയും, ഡിജിറ്റൽ CCTV ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ കാർഗോ അനായാസേന കയറ്റിറക്ക് ചെയ്യുന്നതിനുവേണ്ടി റാംപുകൾ നിർമ്മിച്ചു. കൂടുതൽ ശീതീകരിച്ച കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.***

88. കേരള ഓട്ടോ മൊബൈൽസ് സ്വന്തമായി ഒരു ഇലക്ട്രിക് മൊബിലിറ്റി പ്രൊഡക്ഷൻ ലൈൻ ലഭ്യമാക്കും. ഇലക്ട്രിക് പിക്ക്അപ്പ് വാൻ, ഇ ലോഡർ, ഇലക്ട്രിക് കാർ, ഇ സ്കൂട്ടർ എന്നിവ ഉൽപാദിപ്പിക്കും.

***ഇലക്ട്രിക് പിക്ക് അപ്പ് വാൻ ICAT സെർറ്റിഫിക്കേഷനായി സമർപ്പിച്ചു. ഇലക്ട്രിക് ലോഡറിന്റെ ഉൽപ്പാദനം ആരംഭിച്ചു. ഇലക്ട്രിക് സ്കൂട്ടറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മട്ടന്നൂരിൽ ആരംഭിക്കുന്ന സംയുക്ത സംരംഭത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.***

89. ഭാവി ഇലക്ട്രിക് വാഹനങ്ങളിലാണ്. ആദ്യത്തെ പ്ലഗ് ആൻഡ് പ്ലേ ഇലക്ട്രിക് വാഹന നിർമ്മാണ കേന്ദ്രം യാഥാർഥ്യമാക്കും. 2, 3, 4 വീലറുകൾ, ഹെവി വാഹനങ്ങൾ എന്നിവയുടെ ബാറ്ററി നിർമ്മാണത്തിനുള്ള സൗകര്യം തിരുവനന്തപുരത്ത് സ്ഥാപിക്കും.

***ഇതിലേയ്ക്കായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ദിശയിൽ ഉല്പാദനരംഗത്തെ നൂതന സാങ്കേതിക വിദ്യയിലൂടെ ലിഥിയം അയൺ ബാറ്ററി നിർമ്മിക്കുന്നതിനും ഇ-വെഹിക്കിൾ മേഖല ശക്തിപ്പെടുത്തുന്നതിനും***

***ഒരു കൺസോർഷ്യം VSSC, K-DISC, Trust park, C-DAC, TTP മുതലായ സ്ഥാപനങ്ങൾ ചേർന്ന് ആരംഭിച്ചു.***

90. ഗാർഹിക വസ്തുക്കൾ, സൈക്കിളുകൾ, കളിപ്പാട്ടങ്ങൾ എന്നിവ (ചൈനീസ് ഉത്പന്നങ്ങൾ എന്ന് പൊതുവിൽ വിളിക്കപ്പെടുന്നവ) നിർമ്മിക്കുന്നതിനായി പാലക്കാട് ഒരു നിർമ്മാണശാല സ്ഥാപിക്കും. ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ഇത് സഹായിക്കും.

***പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. രൂപരേഖ തയ്യാറായിവരുന്നു. പെട്രോകെമിക്കൽ പാർക്കിന്റെ ഭാഗമായി ഇത്തരം വസ്തുക്കൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്വകാര്യ സംരംഭകരെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്.***

92. സംസ്ഥാനത്തെ പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് മാതൃകാ ഭരണ ചാർട്ടർ രൂപീകരിക്കും.

***പൊതുമേഖലാസ്ഥാപനങ്ങൾക്ക് എല്ലാ മേഖലകളിലും കൂടുതൽ ഉത്തരവാദിത്തം ഉറപ്പ് വരുത്തിക്കൊണ്ടുള്ള സ്വയംഭരണാവകാശം നൽകുന്നതിനായി ശ്രീ.പോൾ ആന്റണി ഐ.എ എസ് (Rtd) ചെയർമാനായ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേലുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.***

93. പൊതുമേഖലാ ബോർഡുകൾ/ ഭരണസമിതികളിൽ സ്ഥാപനത്തിന്റെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ വിദഗ്ധരെ (സ്ഥാപന മേധാവി ഉൾപ്പെടെ കുറഞ്ഞത് മൂന്നിലൊന്ന് അംഗസംഖ്യയെങ്കിലും) ഉൾപ്പെടുത്തും.

***ഓരോ സെക്ടറിലും ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക / മാനേജ്മെന്റ് / ഫിനാൻസ് മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഡയറക്ടർ ബോർഡ് അംഗങ്ങളായി നിയമിച്ചു വരികയാണ്. ഇതിനോടകം വിവിധ മേഖലകളിൽ വൈദഗ്ധ്യം ഉള്ള 21 പ്രൊഫെഷണൽസിനെ വിവിധ സ്ഥാപനങ്ങളിൽ ഡയറക്ടർമാരായി ഇതിനകം നിയമിച്ചിട്ടുണ്ട്.***

94. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ പി.എസ്.സിക്കു പുറത്തുള്ള തസ്തികകളിലെ നിയമനങ്ങൾ കേന്ദ്രീകൃതമായി നടത്തുന്നതിനു പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കും.

***പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു.***

95. പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പള പരിഷ്കരണം സമയബന്ധിതമായി നടത്തുന്നതിന് പ്രത്യേക ശമ്പള കമ്മീഷനെ നിയമിക്കും. വിരമിക്കൽ

ആനുകൂല്യങ്ങൾ സമയബന്ധിതമായി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റുമായി ചേർന്നു പ്രത്യേക പദ്ധതി നടപ്പാക്കും.

***സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിലവിലെ ശമ്പള ഘടന ഏകീകരിച്ചുകൊണ്ടു പരിഷ്കരണം നടപ്പിലാക്കുന്നതിനായി സർക്കാർ ഉത്തരവ് GO(P).No.131/2022/Fin dated 29-10-2022 പുറപ്പെടുവിച്ചിട്ടുണ്ട്.***

96. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ സമീപകാലത്ത് വലിയ പുരോഗതി കൈവരിക്കുകയുണ്ടായി. ഇതിനായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി. പ്രോത്സാഹന ഏജൻസികളുടെ പ്രവർത്തനങ്ങളെ നവീകരിച്ചു. ഇവയെല്ലാംമൂലം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മാനദണ്ഡങ്ങൾ കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് കോവിഡുകാലത്തെ അധികവായ്പ അനുവദിക്കുകയുണ്ടായി. ഏകജാലക സംവിധാനം ഉറപ്പുവരുത്തും. ഇത്തരം നടപടികൾ കൂടുതൽ ശക്തിപ്പെടും. 2022ൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻഡക്സിൽ ആദ്യത്തെ പത്തു സംസ്ഥാനങ്ങളിൽ ഒന്നായി കേരളം ഉയരും. അഞ്ചു വർഷത്തിനുള്ളിൽ ഒന്നാം സ്ഥാനം കൈവരിക്കും.

***2021–ൽ സംസ്ഥാന സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി നടപ്പിലാക്കേണ്ട 301 കർമ്മ പരിപാടികളിൽ 275 എണ്ണം പൂർത്തീകരിച്ചത് കേന്ദ്ര സർക്കാർ അംഗീകരിച്ചു. മുൻ വർഷത്തിൽ 85% കർമ്മ പരിപാടി നടപ്പിലാക്കിയ സ്ഥാനത്ത് ഈ വർഷം 91% കൈവരിക്കാൻ സാധിച്ചു. സംരംഭകരുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾ സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കുന്നതിന് നിയമപരമായ അധികാരമുള്ള ജില്ലാ - സംസ്ഥാനതല കമ്മിറ്റികൾ നിലവിൽ വന്നു. വിവിധ വകുപ്പുകൾ സംരംഭകരുമായി നടത്തുന്ന പരിശോധനകൾ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിലും സുതാര്യമായും നടത്തുന്നതിന് കേന്ദ്രീകൃത ഓൺലൈൻ പരിശോധനാ സംവിധാനം കെ.സിസ് ഏർപ്പെടുത്തി. 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽപ്പെടാത്തതായ സംരംഭകർക്ക് എല്ലാവിധ രേഖകളോടും കൂടി അപേക്ഷ നൽകിയാൽ 7 ദിവസത്തിനുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകുന്ന നിയമം പാസ്സാക്കി. കെ-സ്വിഫ്റ്റിൽ കൂടുതൽ വകുപ്പുകളുടെ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.***

***ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (EoDB), ഈസ് ഓഫ് ലിവിങ് (EoL) എന്നിവയുമായി ബന്ധപ്പെട്ട 352 ആക്ഷൻ പോയിന്റുകൾ നടപ്പിലാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 340 ആക്ഷൻ പോയിന്റുകൾ സംസ്ഥാനം നടപ്പിലാക്കുകയും ആയത് ഡി. പി. ഐ. ഐ. ടി. ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.***

# ടൂറിസം

97. വിദേശ സഞ്ചാരികളുടെ എണ്ണം 2019ൽ 11.89 ലക്ഷമായിരുന്നു. 2025ൽ 20 ലക്ഷമാക്കും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 2019ൽ 1.83 കോടിയായിരുന്നു. ഇത് 2025ൽ 3.65 കോടിയാക്കും. അടങ്കൽ ഇരട്ടിയാക്കി ദേശീയമായും അന്തർദേശീയമായും മാർക്കറ്റിംഗ് വിപുലീകരിക്കും.

***ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 2021-ൽ തന്നെ 2020-നെ അപേക്ഷിച്ച് 51% വർദ്ധനവ് രേഖപ്പെടുത്തി കഴിഞ്ഞു. 2022-മാർച്ച് മുതൽക്ക് ടൂറിസം വകുപ്പ് ആരംഭിച്ച വിദേശ മാർക്കറ്റുകൾ ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകളുടെ ഫലമായി വിദേശ സഞ്ചാരികളുടെ എണ്ണം 2023-ൽ 2019-ലേതിന് സമാനമാകുമെന്നു പ്രതീക്ഷിക്കാം. 2020-21-ലും 2021-22-ലും തുടർച്ചയായ ടൂറിസം മാർക്കറ്റിംഗ് അടങ്കൽ യഥാക്രമം 6340 ലക്ഷം, 6500 ലക്ഷം എന്നിങ്ങനെയായിരുന്നു.. പ്രസ്തുത അടങ്കൽ തുക, ഫലപ്രദമായി ഉപയോഗിച്ച് കൊണ്ട് വകുപ്പ് മികച്ച രീതിയിൽ മാർക്കറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു.***

98. ടൂറിസത്തിലെ സ്വകാര്യ നിക്ഷേപകർക്ക് വ്യവസായ മേഖലയ്ക്കു സമാന മായ എല്ലാ ആനുകൂല്യങ്ങളും നൽകും. പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നവർക്ക് പ്രത്യേക സഹായം നൽകും.

***സർക്കാരിന്റെ 2023-ലെ വ്യവസായനയം പ്രഖ്യാപിച്ചതിൽ 22 മുൻഗണനാ മേഖലകൾ നിശ്ചയിച്ചതിൽ ടൂറിസവും ഉൾപ്പെടുന്നുണ്ട്. 50 വർഷം പഴക്കമുള്ള കെട്ടിടങ്ങളെ 'ഗൃഹസ്ഥലി' സ്കീമിൽ ഉൾപ്പെടുത്തി സബ്സിഡി നൽകിവരുന്നു.***

99. ഉത്തരവാദിത്വ ടൂറിസം നയം ശക്തിപ്പെടുത്തും. ഹോം സ്റ്റേകൾ പ്രോത്സാഹിപ്പിക്കും. പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കും. ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും അവരെ സജീവ പങ്കാളികളാക്കും.

***ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കി മാറ്റി. സ്ട്രീറ്റ്,ഫാം ടൂറിസം വനിതാ സൗഹൃദ ടൂറിസം തുടങ്ങിയ മേഖലകളിൽ പ്രധാന പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടക്കുന്നു. ലണ്ടനിൽ നടന്ന ലോക ട്രാവൽ മാർട്ടിൽ മികച്ച പദ്ധതിയായി സ്ട്രീറ്റ് പദ്ധതി തെരഞ്ഞെടുക്കപ്പെട്ടു. ന്യൂയോർക്ക് ടൈംസ് 2023-ൽ നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുത്തപ്പോൾ അതിൽ കേരളത്തെയും തെരഞ്ഞെടുത്തതിൽ സംസ്ഥാനത്തെ അനുഭവവേദ്യ ടൂറിസത്തെ എടുത്തുപറഞ്ഞു. സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര പദ്ധതി UN Women ആയി ചേർന്ന് ആരംഭിച്ചു.***



'എൻ ഊര്'പൂക്കോട്, വയനാട്

100. അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ 2022 കോവിഡ് മുക്തവർഷമായി ആഘോഷിക്കും. പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

***2020, 2021 വർഷങ്ങളിൽ ടൂറിസം രംഗത്തെ കോവിഡ് മഹാമാരിയിൽ നിന്നു മുക്തമാക്കുവാൻ വകുപ്പ് നടപടികൾ കൈകൊണ്ടിട്ടുണ്ട്. കോവിഡാനന്തര ടൂറിസത്തിൽ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. സുരക്ഷിത കേരളം-സുരക്ഷിത ടൂറിസം, ചേഞ്ച് ഓഫ് എയർ തുടങ്ങിയ ക്യാമ്പയിനുകൾക്കൊപ്പം ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കാൻ പ്രത്യേക ക്യാമ്പയിനുകൾ നടപ്പാക്കി. ടൂറിസം വകുപ്പ് നടത്തിയ ബയോബബിൾ പദ്ധതി മുൻനിർത്തി പ്രത്യേക പ്രചരണപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കിയിട്ടുണ്ട്.***

***പുതിയ സർക്കാർ ചുമതലയേറ്റ 20.05.2021-മുതൽ താഴെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ സ്വകാര്യപങ്കാളിത്തത്തോടുകൂടി പ്രോത്സാഹിപ്പിക്കപ്പെടുന്ന തിനായി ആവിഷ്കരിച്ചിട്ടുണ്ട്.***

101. കായലുകളുടെ കാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി ഹൗസ് ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തും. റിസോർട്ടുകളിലും ഹൗസ് ബോട്ടുകളിലും നിന്നുള്ള മാലിന്യങ്ങൾ കായലിൽ തള്ളാതിരിക്കാൻ വ്യവസ്ഥ ചെയ്യും. ഹൗസ്ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു സെപ്ടേജുകൾ സ്ഥാപിക്കും.

*നിലവിൽ കുമരകം കവണാറ്റിൻകരയിൽ പുരവഞ്ചികളിൽ നിന്ന് നേരിട്ട് മാലിന്യം സ്വീകരിച്ചു സംസ്കരിക്കുന്ന സഞ്ചരിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നു.*

*ആലപ്പുഴ എച്ച്-ബ്ലോക്ക് കായൽ പ്രദേശത്തു നിലവിലുള്ള ടൂറിസം വകുപ്പ് 2013-ൽ നിർമിച്ച സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അത്യാധുനിക സംവിധാന ത്തോടെ വിപുലീകരിക്കുന്ന പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.*

*മറ്റ് വകുപ്പുകളുടെ കൂടി സഹകരണത്തോടെ ക്യാരിയിംഗ് കപ്പാസിറ്റി സംബന്ധിച്ച് പരിശോധിക്കും*

102. മുസിരിസ്, ആലപ്പുഴ, തലശ്ശേരി എന്നിങ്ങനെ മൂന്ന് ടൂറിസം പൈതൃക പദ്ധതികളാണ് നിലവിലുള്ളത്. ഇവ മൂന്നിന്റെയും നിർമ്മാണം പൂർത്തീകരിക്കും.

*മുസിരിസ് പൈതൃക പദ്ധതിയിൽ തൃശൂർ, എറണാകുളം ജില്ലകളിലെ 85% പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ളവ 2023 ഡിസംബർ 31-നകം പൂർത്തീകരിക്കും. ആലപ്പുഴ പൈതൃക പദ്ധതി സംസ്ഥാന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള 4 പദ്ധതികൾ ഡിസം.2023 - ന് പൂർത്തീകരിക്കും. തലശ്ശേരി പൈതൃക പദ്ധതിയിൽ സംസ്ഥാന ഫണ്ടുപ യോഗിച്ചു പുരോഗമിക്കുന്ന രണ്ടാം ഘട്ട പദ്ധതികളിൽ സൈനേജ് ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചു. കിഫ്ബി വഴിയുള്ള പദ്ധതികൾ പുരോഗമിക്കുന്നു.*

103. തിരുവനന്തപുരം പൈതൃക പദ്ധതിയ്ക്ക് വിശദമായ ഡി.പി.ആർ തയ്യാറായിക്കഴിഞ്ഞു. കൊല്ലം, കോഴിക്കോട്, പൊന്നാനി, ആറന്മുള എന്നിവിടങ്ങളിൽക്കൂടി പൈതൃക ടൂറിസം പദ്ധതികൾ ആരംഭിക്കും. പൈതൃക ടൂറിസം പദ്ധതികൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതോടൊപ്പം ജനകീയ ചരിത്രവിദ്യാഭ്യാസ പദ്ധതികൾകൂടി ആയിരിക്കും.

*തിരുവിതാംകൂർ പൈതൃക പദ്ധതികൾക്കായി, മുംബൈ ആസ്ഥാന മാക്കിയുള്ള ആഭാ നരെയ്ൻ & അസ്സോസിയേറ്റ്സ് സമർപ്പിച്ച ഡി.പി.ആർ. പ്രകാരം 35 |പൈതൃക കെട്ടിടങ്ങളിൽ വൈദ്യുതദീപാലങ്കാരങ്ങൾ സ് ഥാപിക്കുന്നതിനായി, 34 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായവയിൽ, 18 ഘടകപ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു. അവശേഷിക്കുന്നവയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു. കോഴിക്കോട് തളീക്ഷേത്രം, കുറ്റിച്ചിറ കുളം, എന്നീ പൈതൃക സംരക്ഷണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം,പൊന്നാനി,ബേപ്പൂർ തുടങ്ങിയ മേഖലകളിലെ പൈതൃക ടൂറിസം പദ്ധതി സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.*

104. പൈതൃക പദ്ധതികളുടെ തുടർച്ചയായി കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളേയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ് കരിക്കും.

***സ്പൈസസ് റൂട്ടിന്റെ പദ്ധതി രേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രാഥമിക റിപ്പോർട്ട് KTIL തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി നെതർലാന്റ് ഗവൺമെന്റുമായി സഹകരിച്ച് സ്പൈസ് റൂട്ട് ഹെറിറ്റേജ് പദ്ധതിയിൽ പങ്കാളിയാകാനും തുടർനടപടികൾക്കായുള്ള അന്താരാഷ്ട്ര സെമിനാർ മുസരിസ് പദ്ധതിയുടെ ഭാഗമായി നടത്തുവാനും ധാരണയായിട്ടുണ്ട്.***

105. കൽപ്പാത്തി, നൂറണി, കോട്ടായി, ചെമ്പൈ, കൊടുന്തുരപ്പുള്ളി, ചിറ്റൂർ, തിരുനെല്ലായി എന്നീ പ്രധാനപ്പെട്ട അഗ്രഹാരങ്ങളിൽ നിലവിലുള്ള പാരമ്പര്യ അഗ്രഹാര സംഗീത സാംസ്ക്കാരിക പൈതൃകങ്ങളെയും പാലക്കാട്ടെ തനത് കലാ സാംസ്ക്കാരിക പൈതൃകങ്ങളെയും ബന്ധിപ്പിച്ച് പൈതൃക സാംസ്ക്കാരിക വിനോദ സഞ്ചാര പദ്ധതി ആവിഷ്കരിക്കും.

***ഇതിന് വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക റിപ്പോർട്ട് KTIL തയ്യാറാക്കിയിട്ടുണ്ട്.***

106. കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രങ്ങളിലൊന്നായ മൂന്നാർ പട്ടണത്തിലെ ശുചിത്വം, താമസസൗകര്യങ്ങൾ, പഴയ ട്രെയിൻ സർവ്വീസിന്റെ പുനരുദ്ധാരണം, പ്ലാന്റേഷൻ ചരിത്ര മ്യൂസിയം, ഫാം ടൂറിസം തുടങ്ങിയവയെല്ലാമായി സംയോജിപ്പിച്ച് അത്യാകർഷകമാക്കും.

***മൂന്നാർ റെയിൽ സംബന്ധിച്ച സാധ്യത റിപ്പോർട്ട് സർക്കാരിന്റെ പരിഗണന യിലുണ്ട്. മൂന്നാറിൽ ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംരംഭകരുമായി ബഹു. ടൂറിസം മന്ത്രി കൂടികാഴ്ച നടത്തിക്കഴിഞ്ഞു. ആർ.ടി മിഷന്റെ നേതൃത്വത്തിൽ ഫാം ടൂറിസം നെറ്റ് വർക്കിന്റെ പ്രവർത്തനം നടന്നു വരുന്നു.***

107. മൂന്നാറിലെ കെ.എസ്ആർ.ടി.സി വക മൂന്നേക്കറിൽ 100 കോടി രൂപ മുതൽമുടക്കിൽ ബജറ്റ് ഹോട്ടൽ ആരംഭിക്കും മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കും.

***മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - രണ്ടാം ഘട്ട പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ട പ്രവർത്തനങ്ങൾക്കുള്ള 489 ലക്ഷം രൂപയുടെ, ഭരണാനുമതി 26.04.2022-ൽ ലഭ്യമായിട്ടുണ്ട്. ഈ പ്രവർത്തി പുരോഗമിച്ചുവരുന്നു.***

108. മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസനത്തിനു മുൻഗണന നൽകും. അന്തർദേശീയ ടൂറിസം മാപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കും.

***മലബാർ മേഖലയിലെ ടൂറിസം വികസനത്തിന് വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനമായത് 233 കോടി രൂപയുടെ ധർമ്മടം മുഴപ്പിലങ്ങാട് ബീച്ച് വികസനമാണ്. ഇതിന് പുറമേ വിവിധ ടൂറിസം ഫെസ്റ്റിവലുകളും വകുപ്പ് നടപ്പിലാക്കി വരുന്നു. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കയ്യൂർ ഫെസ്റ്റ്, ബേക്കൽ ഇന്റ***

*ർനാഷണൽ ബീച്ച് ഫെസ്റ്റിവൽ, പറശ്ശിനിക്കടവ് കയാക്കിംഗ് ചാമ്പ്യൻഷിപ്പ്, ചാമ്പ്യൻസ് ബോട്ട് ലീഗ്, ചാലിയാർ എന്നിവ ഈ മേഖലയിൽ വകുപ്പ് നടത്തിയ പ്രധാന പരിപാടികളാണ്. BRDCL-ന്റെ നേതൃത്വത്തിൽ ബേക്കൽ മേഖലയിലെ ടൂറിസം ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം വയനാട്ടിലെ ടൂറിസം ശക്തിപ്പെടുത്താൻ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ പരിചയപ്പെടുത്താൻ മറ്റിടങ്ങളിലെ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി ഫാം പരിപാടിയും സംഘടിപ്പിച്ചു.*

109. ഉത്തരമലബാറിലെ വിവിധ ജലാശയങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം നടപ്പിലാക്കും. മൊത്തം 45 ബോട്ട് ടെർമിനലുകൾ ഇതിന്റെ ഭാഗമായി ഉണ്ടാകും. മുഴപ്പിലങ്ങാട്, ബേക്കൽ, ടൂറിസം പദ്ധതികൾ പൂർത്തീകരിക്കും.

*മലബാർ മലനാട് റിവർ ക്രൂയിസ് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കൊണ്ടുള്ള ടൂറിസം പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. കേന്ദ്ര ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള ഘടകങ്ങൾ പുരോഗമിക്കുന്നു. മുഴുപ്പിലങ്ങാട്-ധർമ്മടം - കിഫ്ബി മുഖേനയുള്ള വികസനപദ്ധതി പുരോഗമിക്കുന്നു.*

110. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയെ പ്രത്യേക ടൂറിസം മേഖല/ഹൈവേ ആയി പ്രഖ്യാപിക്കും. അതോടനുബന്ധിച്ച് പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ ഏറ്റവും കുറഞ്ഞത് അൻപതോളം ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ജലപാത കടന്നുപോകാത്ത ജില്ലകളിലും ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കും. ഓരോന്നിനും മാസ്റ്റർപ്ലാനുണ്ടാകും. ഇവിടങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ പ്രാദേശിക ഭക്ഷ്യ വിഭവങ്ങളുടെയും കരകൗശല വസ്തുക്കളുടെയും ഉല്പാദനവും വില്പനയും പ്രോത്സാഹിപ്പിക്കും.

*ജലപാത പൂർത്തീകരിക്കുന്നതിന് അനുസൃതമായി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദേശീയ ജലപാതയുടെ ആക്കുളം മുതൽ ചാവക്കാട് വരെയുള്ള ഭാഗം 2024 അവസാനത്തോടുകൂടി യാത്രാസജ്ജമാകും.*

111. പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറായിട്ടുണ്ട്. റോഡ്, കുടിവെള്ളം, പൊതു ടോയ്ലറ്റുകൾ, മാലിന്യസംസ്ക്കരണ സൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിത വൈദ്യുതി, താമസസൗകര്യം തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാനുകൾ എല്ലാ ടൂറിസ്റ്റ് കേന്ദ്രത്തിലും തയ്യാറാക്കും. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തും.

*നിലവിൽ ടൂറിസം വകുപ്പ് 14 മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.*

112. ടൂറിസം കേന്ദ്രങ്ങൾക്ക് ഒരു ഗ്രീൻ പ്രോട്ടോക്കോളുണ്ടാക്കും. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കും. പ്ലാസ്റ്റിക് നിരോധിക്കും. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കുന്നതിന് ആധുനിക പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കും.

*ടൂറിസം മേഖലയിലെ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആർ ടി മിഷൻ ആരംഭിച്ച 'പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ' ക്യാമ്പയിന്റെ ഭാഗമായി ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ, ഹൌസ് ബോട്ടുകൾ യൂണിറ്റുകൾ എന്നിങ്ങനെ അക്കോമഡേഷൻ യൂണിറ്റുകൾ പ്ലാസ്റ്റിക് ബോട്ടിലുകൾ, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ എന്നിവയുൾപ്പെടെ 17 മുതൽ 21 വരെ സിംഗിൾ യൂസ്/ഡിസ്പോസിബിൾ ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉപേക്ഷിച്ചുകൊണ്ട് ആർ ടി മിഷനുമായി പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷനിൽ ഏർപ്പെട്ടു. കുമരകത്തെ എല്ലാ അക്കോമഡേഷൻ യൂണിറ്റുകളും ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഫ്രീ ആയി. പ്രധാന ടൂറിസം കേന്ദ്രങ്ങളിലെ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേ, ഫാം ടൂറിസം സെന്ററുകൾ എന്നിവയ്ക്കായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായ പ്രോഗ്രാമുകളിൽ 50,000 ക്ലോത്ത് ബാഗുകൾ വിതരണം ചെയ്തു.*

*പാരിസ്ഥിതിക ഉത്തരവാദിത്തത്തിനു പ്രാധാന്യം നൽകികൊണ്ട് ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷൻ UNDP IHRML പദ്ധതിയുടെ ഭാഗമായി മൗണ്ട് ലാൻഡ്സ്കേപ്പിനുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കി. മൂന്നാർ മേഖല കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. മറ്റു ഹിൽ സ്റ്റേഷനുകളിലെക്കും പ്രദേശങ്ങളിലേക്ക് ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ ഇംപ്ലിമെൻറ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും. ഇതേ മാതൃകയിൽ ബീച്ച് ടൂറിസം കേന്ദ്രങ്ങൾ, കായൽ ടൂറിസം കേന്ദ്രങ്ങൾ, മൈക്രോ ടൂറിസം കേന്ദ്രങ്ങൾ എന്നിവക്കായി ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.*

113. ആഗോള വാർഷിക ലിറ്ററി ഫെസ്റ്റിവെൽ, സംഗീതോത്സവം, നാടകോത്സവം, ചലച്ചിത്രോത്സവം തുടങ്ങിയവ കൂടുതൽ വിപുലമായി സംഘടിപ്പിക്കും.

*ലിറ്ററി ഫെസ്റ്റിവൽ, നാടകോത്സവം, ചലച്ചിത്രോത്സവം എന്നിവ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെയാണ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഇത്തരം ഫെസ്റ്റിവലുകളിലൂടെ വിനോദസഞ്ചാര സാധ്യത ടൂറിസം വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി നിശാഗന്ധി സംഗീതോത്സവം എന്ന പേരിൽ ടൂറിസം വകുപ്പ് സംഗീതോത്സവം സംഘടിപ്പിച്ചുവരുന്നുണ്ട്. അത് പുനരാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.*

114. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറായിട്ടുണ്ട്. ഇവയുമായി ബന്ധപ്പെടുത്തി ചുരുങ്ങിയ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന പ്രത്യേക ടൂറിസം സർക്യൂട്ടുകൾക്ക് രൂപം നൽകും.

***2022-23 ൽ പ്രധാന പൂരങ്ങളും ഉത്സവങ്ങളും സംഘടിപ്പിച്ചു. ബേപ്പൂർ ഫെസ്റ്റ് ഒന്നാം എഡിഷനും രണ്ടാം എഡിഷനും ടൂറിസം രംഗത്തിന് ഒരു തിരിച്ചു വരവിന് നിദാനമായി ഭവിക്കുകയും ചെയ്തു. കേരളത്തിലെ പൂരങ്ങളുടേയും പ്രധാനപ്പെട്ട ഉത്സവങ്ങളുടെയും വാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെടുത്തി പ്രത്യേക ടൂറിസം പാക്കേജുകൾ സ്വകാര്യ ടൂർ ഓപ്പറേറ്റർമാരുടെ നേതൃത്വത്തിൽ ന ടപ്പാക്കിയിട്ടുണ്ട്.***

115. ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തും. ഓരോ മേഖലയിലെയും ടൂറിസ്റ്റ് ഗൈഡുകൾക്കു പ്രത്യേക പരിശീലനം നൽകും. ആയൂർവേദം, യോഗ, കളരി, പ്രകൃതി ചികിത്സ എന്നിവ സമന്വയിപ്പിച്ച് ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ് കോഴ്സുകൾ വികസിപ്പിക്കും.

***ടൂറിസം വകുപ്പിന് കീഴിലെ മനുഷ്യവിഭവ ശേഷി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കിറ്റ്സ്, എസ്. ഐ. എച്ച്. എം., എഫ്.സി.ഐ. എന്നീ സ്ഥാപനങ്ങൾ മുഖേനയും, നിലവിലെ സ്വകാര്യമേഖലയിലെ പ്രഗത്ഭരുമായി ചേർന്നും പ്രസ്തുത കോഴ്സുകൾ മികച്ച രീതിയിൽ നടപ്പാക്കിവരുന്നു.***

116. നവംബർ മുതൽ മാർച്ച് പകുതി വരെ വിദേശ സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൺസൂൺ ടൂറിസവും ചാമ്പ്യൻസ് ലീഗ് വള്ളം കളിയും ഉപയോഗപ്പെടുത്തി ടൂറിസം സീസൺ വർഷം മുഴുവൻ നീട്ടും. ബോട്ട് ലീഗിലേയ്ക്ക് ചുണ്ടൻ വള്ളങ്ങൾക്കു പുറമേ മറ്റു ചെറുവള്ളങ്ങളെക്കൂടി ഉൾപ്പെടുത്തും.

***2022-23-ൽ കോവിഡ് സാഹചര്യം കണക്കിലെടുത്തു കൊണ്ട് മലബാർ മേഖല കൂടി ഉൾപ്പെടുത്തി ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിച്ചു. ഓണം ഉൾപ്പെടെയുള്ള കേരളത്തിന്റെ തനത് ആഘോഷങ്ങളെ കൂടി ഉൾപ്പെടുത്തി പ്രചരണം ശക്തമാക്കുന്നുണ്ട്. മൺസൂൺ ടൂറിസത്തിന്റെ സാധ്യത ഉപ യോഗപ്പെടുത്താൻ പ്രത്യേക പാക്കേജുകൾ നടപ്പാക്കുന്നുണ്ട്.***

117. കേരളത്തിലേയ്ക്ക് കൂടുതൽ നേരിട്ടുള്ള അന്തർദേശീയ വിമാന സർവ്വീസ് ആരംഭിക്കാൻ പരിശ്രമിക്കും. ടൂറിസ്റ്റ് കപ്പലുകളേയും ആകർഷിക്കാനാവും

***കൊല്ലം-കൊച്ചി, കൊച്ചി-കാസറഗോഡ് എന്നീ റൂട്ടുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് സർവീസ് സാധ്യതകൾ പ രിശോധിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.***

118. കൊച്ചി ബിനാലെ ശക്തിപ്പെടുത്തും. സർക്കാർ ഉടമസ്ഥതയിൽ സ്ഥിരംവേദി ഉറപ്പുവരുത്തും. ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ആലപ്പുഴ കൊച്ചി ആഗോള ചിത്രപ്രദർശനം സംഘടിപ്പിക്കും.

***കൊച്ചിൻ ബിനാലെയുടെ അഞ്ചാം എഡിഷൻ വിജയകരമായി പൂർത്തിയായി. ആലപ്പുഴയിൽ ലോകമേ തറവാട് എന്ന പേരിലുള്ള ചിത്രപ്രദർശനം ഒന്നാം എഡിഷൻ നടപ്പാക്കി.***

120. ടൂറിസം മാർക്കറ്റിംഗിന് കൂടുതൽ പണം വകയിരുത്തും. പൊതുവായ പ്രചരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നൽകും.

***ഇക്കാര്യത്തിൽ വകുപ്പ് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമായ ആസൂത്രണത്തോടെ മുന്നോട്ടു പോകുന്നതാണ്. ടൂറിസം വിപണിയിൽ സമയാസമയങ്ങളിൽ വകുപ്പ് വിവിധ ക്യാമ്പയിനുകളിലൂടെയും, മേളകളിലെ പങ്കാളിത്തത്തിലൂടെയും  കൃത്യമായ ഇടപെടൽ നടത്തുന്നതാണ്.***

***മാർക്കറ്റിംഗിന് ഈ കാലയളവിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22ൽ 65 കോടി രൂപ ആയിരുന്ന സ്ഥാനത്ത് 2022-23ൽ 81 കോടി രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. പൊതുവായ ബ്രാൻറ് ക്യാമ്പയിനോടൊപ്പംതന്നെ കേരളത്തിന്റെ പ്രധാനപ്പെട്ട ടൂറിസം മാർക്കറ്റുകളിൽ നമ്മുടെ ടാർഗറ്റ് ഓഡിയൻസിനെ ലക്ഷ്യമിട്ട് പ്രത്യേക പ്രചരണം സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് നമ്മുടെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ നിന്നുള്ള ഇൻഫ്ളുവൻസേഴ്സിനെ ക്ഷണിച്ചുകൊണ്ടുവന്ന് നടത്തിയ ഓൺലൈൻ ആർട്ടിക്കിൾ പ്രമോഷൻ പദ്ധതി. കൂടാതെ ഈ കാലയളവിൽ പ്രത്യേക ഓൺലൈൻ സോഷ്യൽമീഡിയ കാമ്പയിനും വിദേശരാജ്യങ്ങളിൽ ന ടപ്പാക്കിയട്ടുണ്ട്. ഇതോടൊപ്പം അന്താരാഷ്ട്ര മേളകളായ ടോപ്പറേസ-പാരീസ്, WTM ലണ്ടൻ ATM ദുബായ് എന്നീ ടൂറിസം ഫെയറുകളിൽ പങ്കെടുത്തിട്ടുണ്ട്.***

121. കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിന സ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം സർക്കാർ നൽകും.

***2022 മെയ് 05 മുതൽ 07 വരെ  കേരളാ ട്രാവൽ മാർട്ട് 2022, എറണാകുളം ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ വെച്ച് വിജയകരമായി പൂർത്തീകരിച്ചു. ഇതിനായി 4.30 കോടി രൂപയുടെ ഭരണാനുമതിയാണ് സർക്കാർ ന ൽകിയിരുന്നത്.***

122. ടൂറിസത്തിനു വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തും

***2020-21 - ലെ ബജറ്റ് വിഹിതം - 320.14 കോടി രൂപ.***

***2021-22 -ലെ ബജറ്റ് വിഹിതം - 320.14 കോടി രൂപ.***

***2022-23 -ലെ ബജറ്റ് വിഹിതം - 362.15 കോടി രൂപ.***

123. ഉത്തരവാദിത്ത ടൂറിസം നയം തുടരും. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ എല്ലാം കാരിയിംഗ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തും. ടൂറിസം മേഖലകളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് ഒരു സബ് പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനം നൽകും. അഡ്വഞ്ചർ ടൂറിസവും, തീർത്ഥാടന ടൂറിസവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ വികസിപ്പിക്കും.

***തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയെപറ്റി പരിശീലനം നൽകുന്നതിന് കിറ്റ്സ് ഒരു പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് ആക്കുളത്ത് ഒരു അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു കഴിഞ്ഞു. അതുപോലെ ജലസാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തീരദേശ ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളിൽ കടലിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചു വരുന്നു. ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ ആദ്യത്തെ സർഫിംഗ് പരിശീലന കേന്ദ്രം ബേപ്പൂരിൽ സ്ഥാപിച്ച് പരിശീലനം നൽകി. ജലസാഹസിക പ്രവർത്തനങ്ങളെ കോർത്തിണക്കി മലബാർ റിവർ ഫെസ്റ്റ് പുനരാരംഭിച്ചു.***

## ആധുനിക ചെറുകിട വ്യവസായം

124. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണം 2015-16ൽ 82000 ആയിരുന്നു. ഇത് ഇപ്പോൾ 1.4 ലക്ഷമായി ഉയർന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണം 4.18 ലക്ഷത്തിൽ നിന്ന് 6.38 ലക്ഷമായി ഉയർന്നു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം 3 ലക്ഷമായി ഉയർത്തും. 6 ലക്ഷം പേർക്ക് പുതിയതായി തൊഴിൽ നൽകും. ഇതിൽ ഒരുലക്ഷം തൊഴിലവസരങ്ങൾ എങ്കിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായിട്ടുള്ളവയാകും.

***2022- 23 സാമ്പത്തിക വർഷം സർക്കാർ സംരംഭകവർഷം ആയി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ വിപുലങ്ങളായ പ്രവർത്തനങ്ങളുടെ ഭാഗമായി 2022- 23 സാമ്പത്തിക വർഷം ഇത് വരെയുള്ള കണക്കുകൾ പ്രകാരം 1,39,840 സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ 3,00,056 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 2023- 24 വർഷവും സംരംഭക വർഷം പദ്ധതി തുടരും. 'സംരംഭകവർഷം പദ്ധതി' ബെസ്റ്റ് പ്രാക്ടീസായി കേന്ദ്രസർക്കാർ തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ എം.എസ്.എം.ഇ.കളിൽ നിന്ന് തിരഞ്ഞെടുത്ത 1,000 എം.എസ്.എം.ഇ.കളെ ശരാശരി 100 കോടി വിറ്റുവരവുള്ള യൂണിറ്റുകളാക്കി 4 വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള 'മിഷൻ 1,000 പദ്ധതി' വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.***




125. ഈ ലക്ഷ്യപ്രാപ്തിക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

- ***ചെറുകിട വ്യവസായങ്ങൾക്കു വേണ്ടിയുള്ള ഡെവലപ്പ്മെന്റ് ഏരിയകളും എസ്റ്റേറ്റുകളും സ്ഥാപിക്കും. നിലവിലുള്ളവയുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തും.***
- ***സംരംഭകത്വ വികസന പരിപാടികൾ വിപുലീകരിക്കും.***
- ***വായ്പാ സൗകര്യങ്ങൾ ഉദാരമാക്കും.***
- ***പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പരിപാടിക്കു രൂപം നൽകും.***

***സ്വകാര്യ മേഖലയിൽ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്ന പദ്ധതി പുതുതായി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇത് വരെ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. 3 അപേക്ഷകൾ പരിഗണനയിലാണ്. 2022– 23 വർഷം സംസ്ഥാനത്തെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കായി 14.25 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 4 % പലിശയിൽ വായ്പ്പ ലഭ്യമാക്കുന്നതിനുള്ള ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് അനായാസമായി വായ്പ്പ ലഭ്യമാക്കുന്നതിന് സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുമായി ചേർന്ന് KELS പദ്ധതി രൂപീകരിച്ചു. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ വ്യവസായങ്ങളെ പുനഃരുദ്ധരിക്കാൻ താഴെപ്പറയുന്ന രണ്ട് പദ്ധതികൾ 2022–23 വർഷം നടപ്പിലാക്കിയിരുന്നു.***

a. Revival and rehabilitation scheme for defunct MSMEs and cashew processing units
b. The Kerala stressed MSMEs Revival & Rehabilitation Scheme

## പ്രവാസികൾ

126. 1980 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക കുതിപ്പിന് ഏറ്റവും നിർണ്ണായകമായ സംഭാവന പ്രവാസി മലയാളികളിലൂടെയുള്ള വിദേശ പണവരുമാനമാണ്. കേരളത്തിൽ നിന്ന് കുടിയേറുന്നവരേക്കാൾ മടങ്ങി വരുന്നവരുടെ എണ്ണം കൂടുന്ന സ്ഥിതിവിശേഷം കോവിഡിനു മുന്നേ തന്നെ രൂപം കൊണ്ടിരുന്നു. യു.കെയിലേയ്ക്ക് 2700 നേഴ്സുമാരെ ബ്രിട്ടീഷ് കൗൺസിലുമായി സഹകരിച്ചുകൊണ്ടുള്ള പരിശീലന പരിപാടി ഇതിന് ഉദാഹരണമാണ്. ഇത്തരം നൈപുണ്യ പരിശീലനവും വിദേശ രാജ്യങ്ങളുമായിട്ടുള്ള ആശയവിനിമയത്തിനും സർക്കാർ മുൻകൈ എടുക്കും. പുതിയ തൊഴിൽ സാധ്യതയെ കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ അന്വേഷകർക്ക് എത്തിച്ച് കൊടുക്കുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവയാണ് മറ്റു നടപടികൾ.

*ജർമ്മൻ ഫെഡറൽ എംപ്ലോയിമെന്റ് ഏജൻസി, ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ- ഓപ്പറേഷനുമായി സഹകരിച്ച് ഡിഗ്രി, ഡിപ്ലോമ യോഗ്യതയുള്ള നഴ്സുമാർക്ക് ജർമ്മൻ ഭാഷാ പരിശീലനം നൽകി ജർമ്മനിയിലേക്ക് റിക്രൂട്ട് ചെയ്യുന്ന നടപടികൾ ആരംഭിച്ചു. നോർക്ക റൂട്ട്സും യുകെയിലെ ഹംബർ ആന്റ് നോർത്ത് യോർക്ക്ഷെയർ, ഹെൽത്ത് പാർട്ണർഷിപ്പ്, നാവികോ എന്നിവരുമായി ചേർന്ന് 2022 നവംബറിൽ കൊച്ചിയിൽ കരിയർ ഫെസ്റ്റ് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വിവിധ തൊഴിലുകളിലേക്കുള്ള 600 ഓളം പേരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തിയായിവരുന്നു.*

*ഫിൻലാന്റ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് വിദഗ്ധരായ തൊഴിലാളികൾക്ക് കുടിയേറുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗേജിന്റെ പ്രവർത്തനം തിരുവനന്തപുരത്ത് ആരംഭിച്ചു. കോട്ടയത്തും കോഴിക്കോടും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.*

*സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിശീലനത്തിനും ലൈസൻസിംഗ് പരീക്ഷകൾക്കുമായി സബ്സിഡി വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. ശുഭയാത്ര ലോൺ പദ്ധതി ഉദ്യോഗാർത്ഥികൾക്ക് വിദേശ ജോലി നേടുന്നതിനുള്ള സാമ്പത്തിക സഹായത്തിന് സോഫ്റ്റ് ലോൺ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.*

127. പഞ്ചായത്തുകളും നഗരസഭകളും പ്രവാസി ഓൺലൈൻ സംഗമങ്ങൾ സംഘടിപ്പിക്കും. വിദേശത്തു നിന്നും മടങ്ങിവരുന്ന പ്രവാസികളുടെ ലിസ്റ്റും ആവശ്യങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ശേഖരിക്കുകയും ജില്ലാതല കർമ്മ പരിപാടിയായി ക്രോഡീകരിക്കുകയും ചെയ്യും.

***പ്രവാസി ഓൺലൈൻ സംഗമങ്ങൾ നടത്തുവാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.***

128. അഭ്യസ്തവിദ്യരുടെ ഡിജിറ്റൽ തൊഴിൽ പദ്ധതി, വായ്പാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിപാടി, സേവനദാതാക്കളുടെ മൾട്ടി ടാസ്ക് സംഘങ്ങൾ, വിപണന ശൃംഖല തുടങ്ങിയ തൊഴിൽ പദ്ധതികളെ പ്രവാസികൾക്കു പ്രത്യേക പരിഗണന നൽകി ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്കു രൂപം നൽകുകയും ചെയ്യും.

***ഡിജിറ്റൽ തൊഴിൽ പദ്ധതി കെ-ഡിസ്ക് വഴി നടപ്പാക്കിവരുന്നു.***

129. പ്രവാസി ഡിവിഡന്റ് സ്കീമും പ്രവാസി ചിട്ടിയും കൂടുതൽ ആകർഷകമാക്കും.

***പ്രവാസി ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപകന് 10 ശതമാനം ഡിവിഡന്റ് നിലനിർത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രവാസികൾക്ക് ആകർഷകമായ നിക്ഷേപ പദ്ധതിയായി സർക്കാർ മാറ്റിയിട്ടുണ്ട്.***

130. ഉയർന്ന വിമാന നിരക്ക് ഉൾപെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാരിനെ കൊണ്ട് ഇടപെടുവിക്കുന്നതിനുള്ള തീവ്രശ്രമം നടത്തും. കുടിയേറ്റക്കാർക്ക് ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു സമഗ്ര കുടിയേറ്റ നിയമത്തിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

***വിമാനനിരക്ക് കുറയ്ക്കുന്നതിനായി ഗൾഫ് രാജ്യങ്ങളിലേക്ക് ചാർട്ടേർഡ് വിമാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിമാനനിരക്ക് കുറയ്ക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങളിൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.***

131. പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കി തുടങ്ങിയിട്ടുണ്ട്. അത് പൂർത്തീകരിക്കും. സ്ഥിരമായി, വിദേശത്ത് പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകളെ മലയാളത്തേയും മലയാള സംസ്കാരത്തേയും പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള മലയാളം മിഷന്റെ പ്രവർത്തനം വിപുലീകരിക്കും.

***പ്രവാസി മലയാളികളുടെ വിവരശേഖരണത്തിനായി ഒരു ഓൺലൈൻ പോർട്ടൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.***

132. ലോക കേരള സഭ വൻ വിജയമാണ്. കോവിഡാനന്തര കാലത്ത് വീണ്ടും ഇത്തരം സമ്മേളനം വർഷം തോറും വിളിച്ചു ചേർക്കും. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സജീവമാക്കും. വിദേശത്തുള്ള പ്രവാസി വ്യവസായവാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനുവേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകും. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും.

***മൂന്നാം ലോക കേരള സഭ 2022 ൽ ചേർന്നു. 2022 ഒക്ടോബറിൽ ലണ്ടനിൽ യുകെ, യൂറോപ്പ് ലോകകേരള സഭയുടെ മേഖലാ സമ്മേളനം സംഘടിപ്പിച്ചു. അമേരിക്കൻ മേഖലാ സമ്മേളനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.***

133. കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട്, രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ സ്കീം ഉണ്ടാക്കും. സാന്ത്വന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതിയും നിലവിലുണ്ട്. മൃതദേഹം വിമാനത്താവളത്തിൽ നിന്ന് കേരളത്തിലെ വീടുകളിലെത്തിക്കുന്നതിന് ആംബുലൻസ് സർവ്വീസും ഏർപ്പാടായി. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

***മരണപ്പെട്ടവരുടെ ആശ്രിതർക്കും രോഗബാധിതർക്കും ധനസഹായത്തിനായി സാന്ത്വന പദ്ധതി നടപ്പിലാക്കിവരുന്നു. തൊഴിൽ നഷ്ടമായി തിരികെവരുന്നവർക്ക് വായ്പാ ധനസഹായത്തിനായി NDPREM, നോർക്ക പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിനായി എമർജൻസി റീപാട്രിയേഷൻ, എമർജൻസി ആംബുലൻസ് പദ്ധതികളും ഇൻഷുറൻസ് പരിക്ഷയ്ക്കുള്ള ക്രിട്ടിക്കൽ ഇൻഷുറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.***

134. പ്രവാസി നിയമസഹായ പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ജിസിസി രാജ്യങ്ങളിൽ 11 ലീഗൽ കൺസൾട്ടന്റുമാരുണ്ട്. ഈ പദ്ധതി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും.

***വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്കായി നിയമസഹായ സെൽ നടപ്പിലാക്കി. പദ്ധതി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.***

135. വിദേശത്തു നിന്ന് തിരികെ വരുന്നവർക്ക് പ്രവാസി പുനരധിവാസ പദ്ധതി നോർക്ക ആരംഭിച്ചിട്ടുണ്ട്. പലിശ സബ്സിഡിയും മൂലധന സബ്സിഡിയും അടക്കം 30 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഈ പദ്ധതി കൂടുതൽ വിപുലീകരിക്കും.

***തിരികെയെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നോർക്ക റൂട്ട്സിന്റെ പ്രവാസി ഭദ്രതാ വായ്പാ പദ്ധതി കുടുംബശ്രീ മുഖേന***

***യും, കെഎസ്എഫ്ഇ, കേരളബാങ്ക്, കെഎസ്ഐഡിസി തുടങ്ങിയവയുമായി ചേർന്ന് നടപ്പാക്കിവരുന്നു.***

136. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും.

***ചേർത്തലയിൽ റസ്റ്റ് സ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിനായുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1000കോടി രൂപ മുതൽ മുടക്കി വികസിപ്പിച്ചെടുക്കുന്ന 30 കേന്ദ്രങ്ങളിൽ ആദ്യത്തേതാണിത്. റസ്റ്റ് സ്റ്റോപ്പുകളിൽ പുണ്യം റസ്റ്റോറന്റ് ശൃംഖല, ബൈക്കേഴ്സ് സ്റ്റോപ്പ് കഫേ യൂണിറ്റുകൾ, ഫെസിലിറ്റി മാനേജ്മെന്റ് സേവന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ മറ്റു ബന്ധപ്പെട്ട മേഖലകളിൽ മടങ്ങിയെത്തിയ എൻആർഐകൾക്ക് അവസരങ്ങൾ സൃഷ്ടിക്കും. കൂടാതെ എൻആർഐകൾക്ക് റസ്റ്റ് സ്റ്റോപ്പ് കേന്ദ്രങ്ങളിൽ നിക്ഷേപം നടത്താനുള്ള അവസരങ്ങളും ഉണ്ടായിരിക്കും.***

139. സംരംഭക തൽപരരായ പ്രവാസികളുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിന് മുമ്പേ തന്നെ ആശയവിനിമയം നടത്തുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കും. ട്രെയിനിംഗ്, വായ്പ, സർക്കാർ ക്ലിയറൻസ്, ജി ടു ബി ആൻഡ് ബി ടു ബി മീറ്റുകൾ തുടങ്ങിയ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കും.

***ജില്ലാതലത്തിൽ സംരംഭകർക്ക് പരിശീലന ക്യാമ്പുകൾ നടത്തിവരുന്നു.***

***NDPREM പ്രവാസി ഭദ്രതാ പദ്ധതികളുടെ ഭാഗമായി 6,000 ത്തോളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 100 കോടിയിലധികം രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു.***

140. പ്രവാസികളുടെ സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കും. 28 സംഘങ്ങൾക്ക് ഇതിനകം സഹായം നൽകിയിട്ടുണ്ട്.

***ആകെ 82 സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ പ്രവാസി സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.***

143. പ്രവാസി ക്ഷേമനിധി അംഗത്വം ഈ സർക്കാരിന്റെ കാലത്ത് 1.1 ലക്ഷത്തിൽ നിന്ന് 5.06 ലക്ഷമായി ഉയർന്നു. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. ക്ഷേമപെൻഷൻ 3,000-3,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദേശത്തുള്ള പ്രവാസി ക്ഷേമ പെൻഷൻ 5,000 രൂപയായും നാട്ടിൽ

മടങ്ങിയെത്തിയവരുടേത് 4,000 രൂപയായും ഉയർത്തും.

***31.03.2023 വരെ 7.71 ലക്ഷത്തോളം പ്രവാസി കേരളീയർ ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുണ്ട്. 35,000-ത്തോളം പേർക്ക് പ്രവാസിക്ഷേമ പെൻഷൻ അനുവദിച്ചുവരുന്നു.***

144. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 60 വയസ്സു കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വം സ്വീകരിക്കാൻ കഴിയില്ല. ഇങ്ങനെയുള്ളവരുടെ സാമ്പത്തികനിലകൂടി കണക്കിലെടുത്തുകൊണ്ട് സാമൂഹ്യസുരക്ഷാ പെൻഷനെങ്കിലും ലഭ്യമാക്കുന്നകാര്യം പരിഗണിക്കും.

***പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വം എടുക്കാൻ കഴിയാത്ത 60 വയസ്സ് കഴിഞ്ഞവർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിവരുന്നു.***

145. പ്രവാസി വകുപ്പിനായുള്ള ബജറ്റ് വിഹിതം ഇനിയും ഗണ്യമായി ഉയർത്തും. യു.ഡി.എഫ് സർക്കാരിനെ അപേക്ഷിച്ച് പ്രവാസി ക്ഷേമത്തിന്റെ മടങ്ങ് മൂന്ന് മടങ്ങ് ഉയർത്തിയിട്ടുണ്ട്.

***ബജറ്റ് വിഹിതം 159.45 കോടി രൂപയായി ഉയർത്തി.***

# II

# 15 ലക്ഷം ഉപജീവനത്തൊഴിലുകൾ സൃഷ്ടിക്കും

146. 1000 ജനസംഖ്യയ്ക്ക് പ്രതിവർഷം 5 വീതം തൊഴിലവസരങ്ങൾ ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കാർഷികേതര മേഖലയിൽ സൃഷ്ടിക്കും. മൂന്നു രീതിയിലാണ് കാർഷികേതര മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

*ആരംഭിച്ചു.*

147. ഒന്നാമത്തേത്, സൂക്ഷ്മ ചെറുകിട തൊഴിൽ സംരംഭ പ്രോത്സാഹന പരിപാടി. സഹകരണ സംഘങ്ങളിൽ നിന്നും മറ്റു സർക്കാർ ഏജൻസികളിൽ നിന്നും നൽകുന്ന വായ്പകളുടെ അടിസ്ഥാനത്തിലുള്ള ചെറുകിട സംരംഭങ്ങളും ഏകോപിപ്പിക്കും. ഇതിലേയ്ക്ക് വിവിധ സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും വായ്പകൾ ഉറപ്പാക്കും. എല്ലാ ഏജൻസികളും ചേർന്ന് 8,000 കോടി രൂപയെങ്കിലും ഈ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി വായ്പ നൽകും.

*പ്രാദേശിക സാമ്പത്തിക വികസന മാർഗരേഖ പുറപ്പെടുവിച്ചു. പദ്ധതി മാർഗരേഖയിൽ  സബ്സിഡി പ്രഖ്യാപിച്ചു.*

148. മൈക്രോ സംരംഭങ്ങൾക്കുള്ള വായ്പാ നടപടികൾ ലഘൂകരിക്കുകയും സബ്സിഡിയോടു കൂടിയ ഏകീകൃതമായ പലിശ നിരക്ക് കൊണ്ടുവരികയും ചെയ്യും. കുടുംബശ്രീ ജില്ലാ മിഷനുകൾ പരിശോധിച്ച് പരിശീലനവും മേൽനോട്ടവും നൽകി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് എക്രോസ് ദി കൗണ്ടർ വായ്പ ലഭ്യമാക്കും. ഈട് ആവശ്യമില്ല. ആഴ്ച തിരിച്ചടവ് ആയിരിക്കും.

*നടപടികൾ സ്വീകരിച്ചുവരുന്നു.*

149. കുടുംബശ്രീയുടെ മൈക്രോസംരംഭങ്ങൾ ക്ലസ്റ്ററുകളായി സംഘടിപ്പിക്കുന്നതാണ്. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട വിപണന ഏജൻസികൾ വിറ്റുവരവിന്റെ 10 ശതമാനമെങ്കിലും ഈ ക്ലസ്റ്ററുകളിൽ നിന്നോ കേരളത്തിലെ എം.എസ്.എം.ഇ മേഖലയിൽ നിന്നോ വാങ്ങണമെന്ന് നിഷ്കർഷിക്കും.

*കണ്ണൂർ ജില്ലയിൽ കറിപൗഡർ മേഖലയിൽ പ്രവർത്തിക്കുന്ന 53 സംരംഭകരെ*

***ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിച്ചിട്ടുണ്ട്. മലപ്പുറം, കോട്ടയം ജില്ലകളിലും പുതുതായി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.***

150. രണ്ടാമത്തേത്, പ്രത്യേക നൈപുണി പോഷണ പരിപാടി. കുടുംബശ്രീ, ബ്ലോക്ക് ട്രെയിനിംഗ് കേന്ദ്രങ്ങൾ, അസാപ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരാണ് പരിപാടിയ്ക്ക് രൂപം നൽകുക. ഇത്തരത്തിൽ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിലിന് അല്ലെങ്കിൽ വേതനാധിഷ്ഠിത തൊഴിലിനുള്ള പ്രത്യേക സ്കീമുകൾ തയ്യാറാക്കുന്നതാണ്.

***2021–22 കാലയളവിൽ യുവകേരളം പദ്ധതി മുഖേന 1,666 പേർക്കും ഡി.ഡി.യു.ജി.കെ.വൈ പദ്ധതി മുഖേന 4,430 പേർക്കും ആകെ 6,096 പേർക്ക് നൈപുണി പോഷണവും തൊഴിലും നൽകാൻ സാധിച്ചു. സംസ്ഥാനത്ത് ഇതിനകം അഞ്ച് ഗ്രാമീണ സ്വയംപരിശീലന സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങി.***

151. എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും സംരംഭക മാതൃകയിൽ ഒന്നോ അതിലധികമോ പ്ലംബർ, കാർപെന്റർ, ഇലക്ട്രീഷ്യൻ, മേസൺ, ഗാർഹികോപകരണങ്ങളുടെ റിപ്പയറർ തുടങ്ങിയ പരിശീലനം സിദ്ധിച്ച സ്ത്രീകളുടെ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കും. കൊവിഡ് ഡിസ്ഇൻഫക്റ്റന്റ് ടീമുകൾ, കെട്ടിട നിർമ്മാണ സംഘങ്ങൾ തുടങ്ങിയ തൊഴിൽ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കും.

***248 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ചു.***

152. മൂന്നാമത്തേത്, തൊഴിൽ ശൃംഖല. കുടുംബശ്രീയുടെയും സഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിലുള്ള ജനകീയ ഹോട്ടൽ, പച്ചക്കറി വിപണനശാലകൾ, ഹോം ഷോപ്പുകൾ, സേവനഗ്രൂപ്പുകൾ, നാളികേര സംഭരണ സംസ്ക്കരണ കേന്ദ്രങ്ങൾ, കോ-ഓപ്പ് മാർട്ട് തുടങ്ങിയ സ്ഥാപനങ്ങളേയും സംരംഭങ്ങളേയും കണ്ണികളാക്കും. ഇവ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉറപ്പുവരുത്തും.

***2,309 ഹോം ഷോപ്പികളും 1,198 ജനകീയ ഹോട്ടലുകളും ആരംഭിച്ചു.***

153. അരി, വെളിച്ചെണ്ണ, ധാന്യമസാല പൊടികൾ, ഉപഭോക്തൃ ഉൽപ്പന്നങ്ങൾ വികേന്ദ്രീകൃതമായി ഉൽപ്പാദിപ്പിച്ച് ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കും. ഓൺലൈൻ വിപണന പ്ലാറ്റ്ഫോമുകൾ പ്രോത്സാഹിപ്പിക്കും.

***ഓപ്പൺ നെറ്റ്വർക്ക് ഡിജിറ്റൽ കൊമേഴ്സ് (ONDC) എന്ന ഏകീകൃത വിപണന സംവിധാനം വഴി 70 ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനം ഇപ്പോൾ നടക്കുന്നുണ്ട്. 700 ഉൽപ്പന്നങ്ങളെക്കൂടി ഈ ഓൺലൈൻ വിപണന സംവിധാനത്തിലേക്ക് കൊണ്ടുവരും.***

154. വീടുകളിലോ വാണിജ്യ സ്ഥാപനങ്ങളിലോ ഇപ്പോൾ കല്യാണം പോലൊരു ചടങ്ങ് നടത്തുവാനുള്ള ഭാരിച്ച ചെലവും അധ്വാനവും കണക്കിലെടുത്ത്,

പഞ്ചായത്ത് തലത്തിൽ പന്തൽ തൊഴിൽ ഗ്രൂപ്പുകൾ രൂപീകരിക്കും. പന്തലിൽ ഒരു സ്റ്റേജ്, ഭക്ഷണം നൽകാനുള്ള സ്ഥലം, ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടും. അർഹരായവർക്ക് സൗജന്യവും നൽകും. കുടുംബ ശ്രീയുടെ ഒരു ആക്റ്റിവിറ്റി ഗ്രൂപ്പായിരിക്കും ഈ പദ്ധതി നടപ്പാക്കുക.

***കുടുംബശ്രീയുടെ നേതൃത്വത്തിൽ 69 ഈവന്റ് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്.***

## തൊഴിലുറപ്പ് പദ്ധതി

155. തൊഴിലുറപ്പു പദ്ധതിയിൽ പണിയെടുക്കുന്നവരുടെ എണ്ണം 13-14 ലക്ഷത്തിൽ നിന്ന് 15 ലക്ഷമായി ഉയർത്തും. ശരാശരി പ്രവൃത്തി ദിനങ്ങൾ 50-55ൽ നിന്ന് 75 ആയി ഉയർത്തും. ഇതു ലക്ഷ്യം വെച്ചുകൊണ്ട് ലേബർ ബജറ്റുകൾ ക്രമീകരിക്കും.

***2022-23 സാമ്പത്തിക വർഷത്തിൽ 2023മാർച്ച് 31 ലെ കണക്കനുസരിച്ച് 17.54 ലക്ഷം പേർക്ക് തൊഴിൽ ലഭിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ 2023 മാർച്ച് 31 ലെ കണക്കനുസരിച്ച് കുടുംബങ്ങൾക്ക് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 62.24 ആണ്. തൊഴിലാളികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് 75 ദിവസമോ പരമാവധി 100 ദിവസമോ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.***



156. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിയ്ക്ക് രൂപം നൽകിക്കഴിഞ്ഞു. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. പെൻഷനും റിട്ടയർമെന്റ് ബെനിഫിറ്റും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും. 75 ദിവസം തൊഴിലെടുത്ത മുഴുവൻപേർക്കും ഫെസ്റ്റിവെൽ അലവൻസിന് അർഹതയുണ്ടാകും.

***തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആദ്യ യോഗം 2023 മാർച്ച് ഒന്നിന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നു. ക്ഷേമനിധി ബോർഡ് ആക്ട് 2021 നവംബർ 14ന് പാസാക്കി. 2022 ഡിസംബർ അഞ്ചിന് ഗസറ്റ് വിജ്ഞാപനം വഴി 2021 നവംബർ 15 മുതൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായി. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 75 ദിവസം തൊഴിലെടുത്ത 738130 കുടുംബങ്ങൾക്ക് ഫെസ്റ്റിവൽ അലവൻസായി 1,000 രൂപ വീതം നൽകി. 2021-22 സാമ്പത്തികവർഷം 100 ദിവസം തൊഴിലെടുത്ത 5,12,823 കുടുംബങ്ങൾക്ക് 1,000 രൂപ വീതം ഫെസ്റ്റിവൽ അലവൻസ് നൽകി.***

## അയ്യങ്കാളി പദ്ധതി

157. തൊഴിലുറപ്പു പദ്ധതി ഇന്ത്യയിൽ ഗ്രാമീണ മേഖലയിൽ മാത്രമാണുള്ളത്. ഇത് നഗരമേഖലയിലേയ്ക്ക് വ്യാപിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. അതുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അയ്യൻകാളി തൊഴിലുറപ്പു പദ്ധതി കേരളത്തിലെ നഗരങ്ങളിൽ ആരംഭിച്ചത്. അയ്യൻകാളി പദ്ധതിയുടെ അടങ്കൽ ഉയർത്തും.

***അയ്യങ്കാളി പദ്ധതിക്ക് ബജറ്റിൽ എല്ലാ വർഷവും തുക വർദ്ധിപ്പിക്കുന്നുണ്ട്. 2022-23ൽ 125 കോടി രൂപയാണ് നീക്കിവെച്ചത്. 2023-24ൽ 150 കോടി രൂപയായി വർധിപ്പിച്ചു.***

158. വിശേഷാൽ വൈദഗ്ധ്യമുള്ള അഭ്യസ്തവിദ്യരായ യുവതി-യുവാക്കളെയും ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിപാടിയ്ക്ക് 2021-22ൽ രൂപം നൽകും. ഇവരെ സ്വകാര്യസംരംഭങ്ങളിൽ അപ്രന്റീസുകളായി/ ഇന്റേണുകളായി ജോലി നൽകിയാൽ സംരംഭകർക്ക് തൊഴിലുറപ്പുകൂലി സബ്സിഡിയായി നൽകും.

***നടപടികൾ സ്വീകരിച്ചു വരുന്നു.***

## കാർഷിക തൊഴിലവസരങ്ങൾ

161. കുടുംബശ്രീയുടെ 70,000 സംഘകൃഷി ഗ്രൂപ്പുകളിൽ ഇന്ന് 3 ലക്ഷം സ്ത്രീകൾക്ക് പണിയുണ്ട്. 2021-22ൽ സംഘകൃഷി ഗ്രൂപ്പുകളുടെ എണ്ണം ഒന്നരലക്ഷമാക്കും. അധികമായി ഒന്നേകാൽലക്ഷം പേർക്ക് തൊഴിൽ ന

ൽകും. ഈ സംഘങ്ങൾക്കെല്ലാം കാർഷികവായ്പ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കും. ബ്ലോക്കുതലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചുകൊണ്ട് യന്ത്രപിന്തുണ ഉറപ്പു നൽകും.

***89,809 കൃഷി സംഘങ്ങളിലായി 4,12,206 വനിതാ കർഷകർ വിവിധ കാർഷികവൃത്തി നടത്തി ഉപജീവനം കണ്ടെത്തുന്നു. ഇതിലൂടെ അധികമായി ഒന്നേകാൽ ലക്ഷം വനിതാ കർഷകർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ കാർഷിക മേഖലയിൽ കുറഞ്ഞ പലിശയിൽ കാർഷിക വായ്പ കൾ ലഭ്യമാക്കി (495.13 കോടി രൂപ). പഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചുവരുന്ന ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ വഴി സംഘകൃഷി ഗ്രൂപ്പുകൾക്കാവശ്യമായ പരിശീലനം, അത്യാവശ്യം യന്ത്രപിന്തുണ എന്നിവ നൽകുന്നു.***

162. പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കും. ഇവയ്ക്ക് പിന്തുണ നൽകുന്ന രീതിയിൽ തൊഴിലുറപ്പു പ്രവൃത്തികൾ ഏറ്റെടുക്കും. കാർഷിക മേഖലയിൽ അഞ്ചുലക്ഷം പേർക്കെങ്കിലും അധികമായി തൊഴിൽ നൽകും.

***സമഗ്ര കാർഷിക വികസന പദ്ധതി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.***

## കയർ

164. കയർ വ്യവസായത്തിലെ ഉത്പാദനം 2015-16ൽ7,000 ടൺ ആയിരുന്നത് 28,000 ടണ്ണായി ഉയർന്നു. 2025 ആകുമ്പോഴേയ്ക്കും കയറുൽപാദനം 70,000 ടണ്ണായി ഉയർത്തും. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ യന്ത്രവൽക്കരണം പൂർണമാകും. ചകിരി മില്ലുകളുടെ എണ്ണം 500 ഉം, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ എണ്ണം 10,000 ഉം, ഓട്ടോമാറ്റിക് ലൂമുകളുടെ എണ്ണം 300 ഉം ആയി ഉയരും.

***1,500 എ എസ് എം-കളും സ്ഥാപിച്ചു കഴിഞ്ഞു. ഓട്ടോമാറ്റിക് മെഷീനുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ 5 സംഘങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു. 4 കയർ സംഘങ്ങളിലും കയർഫെഡിലുമായി 11 ഫുള്ളി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ചു.***

166. കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവത്കരണം ശക്തിപ്പെടുത്തും. ഉണക്കത്തൊണ്ടിന്റെയും ചകിരിച്ചോറിന്റെയും മൂല്യവർദ്ധിത ഉൽപന്നങ്ങൾ വ്യവസായത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കും. വിവിധതരം കയർ കോമ്പോസിറ്റുകളും കൃത്രിമ രാസവസ്തുക്കളൊന്നും ഉപ യോഗിക്കാത്ത ബോർഡുകളും വലിയ തോതിൽ ഉൽപാദിപ്പിക്കും. കേരളത്തെ ജിയോ ടെക്സ്റ്റൈൽസിന്റെ ഹബ്ബായി മാറ്റും.



***ഉണക്കത്തൊണ്ടിൽ നിന്നും ഹസ്ക് ചിപ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ, പിത്ത് പ്രോസസിംഗ് യൂണിറ്റുകൾ, ബൈൻഡർലെസ് ബോർഡ്, കയർ കോമ്പോസിറ്റ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

167. കയർ വ്യവസായത്തിന്റെ ചരിത്രപാരമ്പര്യത്തിലും കരവിരുതിലും വൈവിദ്ധ്യത്തിലും ഊന്നിക്കൊണ്ട് കയർ കേരള ബ്രാൻഡു ചെയ്യും. ഇതിന് ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ മ്യൂസിയങ്ങൾ സുപ്രധാന പങ്കുവഹിക്കും.

***മുസരിസ് പ്രോജക്ട് ലിമിറ്റഡാണ് കയർ മ്യൂസിയത്തിന്റെ നിർമ്മാണം നടത്തിവരുന്നത്. കയർ ഫെഡും കയർ കോർപ്പറേഷനും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളും മ്യൂസിയത്തിന്റെ ഭാഗമാണ്.***

168. ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് ഇന്ത്യയിലെ കൺസ്യൂമർ ചെയിൻ സ്റ്റോറുകളുമായി ബന്ധം സ്ഥാപിക്കും. റോഡ്, മണ്ണുജല സംരക്ഷണം, ഖനികൾ, ഹിമാലയൻ മലഞ്ചരിവുകൾ, റെയിൽവേ, പ്രതിരോധം, എന്നിവിടങ്ങളിലെല്ലാം ജിയോ ടെക്സ്റ്റൈൽസ് ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

***ഓൺലൈൻ, മാർക്കറ്റിംഗ് സംവിധാനം വികസിപ്പിക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യതകൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

169. ഇതിന്റെയെല്ലാം ഫലമായി യന്ത്രവത്കൃത മേഖലയിൽ പുതുതായി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും. കയർപിരി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായത്തോടെ 300 രൂപ പ്രതിദിനം വാങ്ങിക്കൊണ്ടിരുന്ന സ്ഥാനത്ത് സബ്സിഡിയില്ലാതെ ശരാശരി 500-600 രൂപയായി തൊഴിലാളിയുടെ വരുമാനം ഉയരും.

***500 ASM (Automated Spinning Machine) 2022-23 ൽ സ്ഥാപിച്ചത് വഴി 550 തൊഴിൽ അവസരം പ്രത്യക്ഷമായി ഉണ്ടായിട്ടുണ്ട്. ASM - കളുടെ പ്രോഡക്ടിവിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

170. കയർ സഹകരണ സംഘങ്ങളിൽ 2015-16ൽ ശരാശരി വരുമാനം പ്രതിവർഷം 13,380 രൂപയായിരുന്നത് 2021-22ൽ 50,000 രൂപ കവിഞ്ഞു. ഇത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഒന്നര ലക്ഷം രൂപയായെങ്കിലും ഉയർത്തും.

***പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയിൽ 2022-23 വർഷം ആകെ 10.5 കോടി രൂപ കയർ സംഘങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.***

171. 2020-21ലെ വെർച്വൽ കയർ മേളയിൽ 750 കോടി രൂപയുടെ ഓഡറുകൾ ലഭിച്ചു. കയർ മേള കൂടുതൽ ആകർഷകവും വിപുലവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

***പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി ഒരു ഡിസൈൻ കോൺക്ലേവ് ആരംഭിക്കുന്ന നടപടികൾ തുടങ്ങിയിട്ടുണ്ട്.***

172. കയർ ഗവേഷണം വിപുലപ്പെടുത്തും. ഇതിനായി രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ ഉതകുംവിധം എൻ.സി.ആർ.എം.ഐ യെ ശക്തിപ്പെടുത്തും.

***NCRMI (National Coir Research and Management Institute) പ്രമുഖ ഗവേഷണ സ്ഥാപനങ്ങളായ Wageningen University - Netherland, NIIST-CSIR, CWRDM, CUSAT എന്നിവയുമായി ചേർന്ന് കയർ വ്യവസായമേഖലയ്ക്ക് ആവശ്യമായ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളായ Acoustic Panel, Binder - less Boards, Coir Composite Boards എന്നീ ഉൽപ്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് വേണ്ട കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

***NCRMI In- house Research Activity കളുടെ ഭാഗമായി Mobile Tender Coconut Crushing Machine വികസിപ്പിച്ചെടുത്തിട്ടുണ്ട്. ചകിരിചോറ് ഉപയോഗിച്ച് മരക്കരിയുടെ അതേ ഗുണനിലവാരമുള്ളതും കത്തിക്കുമ്പോൾ ഉയർന്ന താപനില പ്രദാനം ചെയ്യുന്നതുമായ PEATKOL DOTS വികസിപ്പിച്ചെടുത്തു. Crushed Tender Coconut ൽ നിന്നും കിട്ടുന്ന ഉത്പന്നത്തെ കാർഷികാവശ്യത്തിനായി ഉതകുന്ന രീതിയിൽ രൂപാന്തരപ്പെടുത്തി നൂതനമായ Potting Filler Technology വികസിപ്പിച്ചെടുത്തു.***

***പുതിയതായി വികസിപ്പിച്ചെടുത്ത കയർകൊണ്ടുള്ള ഗ്രോബാഗാണ് ഇ-കയർ ബാഗ്. ഇത് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ FOMIL-ന് കൈമാറിയിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിന് വീടുകളിൽ ഉപയോഗിക്കാൻ കഴിയുന്ന ACTIVEPEAT എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു. Coirfed/KSCC/KCCPL/ DF Units മുഖാന്തിരം ഇതിന്റെ വ്യവസായികാടിസ്ഥാനത്തിലുള്ള ഉല്പാദനം നടക്കുന്നു. NIIST-CSIR മായി ചേർന്നുകൊണ്ട് ബൈൻഡർലസ്സ് ബോർഡ്, ഇലക്ട്രിക്കൽ ഇൻസുലേറ്റർ എന്നിവ വികസിപ്പിക്കുകയും അതിന്റെ പേറ്റന്റിംഗ് നടപടികൾ നടന്നുവരുന്നു***

## കശുവണ്ടി

173. കശുവണ്ടി കോർപറേഷനിലും കാപ്പെക്സിലുമായി അയ്യായിരം പേർക്ക് അധികമായി തൊഴിൽ നൽകി. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പതിനായിരം പേർക്കുകൂടി തൊഴിൽ നൽകും. ഫാക്ടറികൾ നവീകരിക്കുകയും ആധുനീകരിക്കുകയും ചെയ്യും. മിനിമം കൂലി പരിഷ്കരിക്കും.

***ഫാക്ടറികളിൽ ആധുനികവത്ക്കരണവും നവീകരണവും നടത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1,250 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷനും ക്യാപെക്സും വഴി 785 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.***

174. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ബോർഡു വഴി പ്രതിവർഷം 30,000 - 40,000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യും. ആഫ്രിക്കൻ രാജ്യങ്ങളുമായി സംയുക്ത ബ്രാൻഡ് നെയിമിൽ കൊല്ലത്ത് കശുവണ്ടിപ്പരിപ്പ് സംസ്ക്കരിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായും. ആശാവഹമായ പ്രതികരണമാണ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്.

***2022-23 സാമ്പത്തിക വർഷം കേരള കാഷ്യൂ ബോർഡ് 12,000 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുള്ളതാണ്.***

175. സ്വകാര്യ കശുവണ്ടി വ്യവസായികളെ പ്രോത്സാഹിപ്പിക്കും. അവർക്കുള്ള പലിശ സബ്സിഡി തുടരും. ബാങ്കുകളുമായി ചർച്ച ചെയ്ത് റിവൈവൽ പാക്കേജിനു രൂപം നൽകും.ഇത്തരം ഫാക്ടറികളിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

***കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശ ഇളവ് നൽകാനും തൊഴിൽ നൽകുന്നതനുസരിച്ച്***

*സ്വകാര്യ വ്യവസായികൾക്ക് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 2022-23 ൽ 37 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഹ്രസ്വകാല പ്രോൽസാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനും അനുവദിച്ച 30 കോടിയിൽ. തൊഴിൽ ഉടമ തൊഴിലാളികൾക്കായി നൽകിയ ഇ.എസ്.ഐ/ പി.എഫ്-ന്റെ തിരിച്ചടവിനായി 20 കോടി രൂപയും സ്ത്രീസൗഹൃദഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 5 കോടി രൂപയും, ഷെല്ലിംഗ് വിഭാഗങ്ങളിലെ നവീകരണത്തിന് 5 കോടിരൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.*

176. ഉൽപാദനക്ഷമതയേറിയ ഹൈബ്രിഡ് ഇനങ്ങൾ ഉപയോഗപ്പെടുത്തി കശുവണ്ടി കൃഷി വ്യാപിപ്പിക്കും. തെങ്ങിന് ഇടവിളയായി ഉപയോഗിക്കാനുതകുന്ന കുള്ളൻ ഇനങ്ങളാണ് നടുക.

*കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത അത്യുല്പാദന ശേഷിയുള്ളതും, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷിയായി കൂടി ഉപയോഗപ്പെടുത്താവുന്നതുമായ ഹൈബ്രിഡ് ഇനത്തിൽപ്പെട്ട കശുമാവ് തൈകളാണ് കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കർഷകർക്ക് നൽകി വരുന്നു.*

## കൈത്തറി

177. കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച ഏറ്റവും സുപ്രധാന നടപടി സ്കൂൾ യൂണിഫോം പദ്ധതിയാണ്. ഈ സ്കീം ശക്തിപ്പെടുത്തും. സമയത്ത് സംഘങ്ങൾക്ക് പണം നൽകും എന്നുറപ്പു വരുത്തും.

*2022-23 വർഷത്തിൽ (2023-24 അദ്ധ്യയന വർഷത്തേയ്ക്ക്) സ്കൂൾ യൂണിഫോം വിതരണത്തിനായി 86 കോടി രൂപ ചെലവഴിച്ച് 41.24 ലക്ഷം മീറ്റർ തുണി 9.33 ലക്ഷം കുട്ടികൾക്കായി വിതരണം ചെയ്തു.*

178. കൈത്തറി റിബേറ്റ് കേന്ദ്രസർക്കാർ നിർത്തലാക്കി. കേരളത്തിൽ റിബേറ്റ് സമ്പ്രദായം തുടരും. കൂടുതൽ ദിവസം റിബേറ്റ് അനുവദിക്കും.

*2022-23 വർഷത്തിൽ 7,31,16,113 രൂപ റിബേറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.*

179. നൂലിന്റെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കഴിനൂൽ സുലഭമാക്കുന്നതിനും കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്രങ്ങൾ സ്ഥാപിക്കും. സ്പിന്നിംഗ് മില്ലുകളിൽ ഹാങ്ങിയാൺ (കഴിനൂൽ) ഒരു നിശ്ചിത ശതമാനം ഉൽപാദിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും.

*സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ, ആലപ്പുഴ*

*മാൽകോടെക്സ്, കോമളപുരം സ്പിന്നിംഗ് മില്ലുകളിൽ കൈത്തറിയ്ക്ക് ആവശ്യമായ നൂൽ ഉൽപാദിപ്പിക്കുന്നു.*

180. സഹകരണസംഘങ്ങളുടെ പുനഃസംഘടനയ്ക്കു കൂടുതൽ പണം ലഭ്യമാക്കും. ബിനാമി സംഘങ്ങളെ നീക്കം ചെയ്യും.

*കെൽട്രോണുമായി ചേർന്ന് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളെ ജിയോടാഗ് ചെയ്തുകൊണ്ട് ബിനാമി സംഘങ്ങളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.*

181. ഹാൻവീവും ഹാൻടെക്സും സമൂലമായി പുനഃസംഘടിപ്പിക്കും. വിപണന ശൃംഖല ആകർഷകമാക്കും. ആർട്ടിസാൻസിനുള്ള പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും.

*ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചുവരുന്നു. ഹാൻവീവിന് ഒരു മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.*

182. കൈത്തറി ഉൽപ്പന്നങ്ങളെ ഏറ്റവും ആകർഷകമായി രൂപകൽപ്പന ചെയ്യുന്നതിനും പുതുതലമുറയെ ആകർഷിക്കുന്ന ഡിസൈൻ രൂപീകരണത്തിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി സംസ്ഥാന തലത്തിൽ സീനിയർ ഡിസൈനർമാർ ഉൾക്കൊള്ളുന്ന ഉപദേശകസമിതി രൂപീകരിക്കും.

*കൈത്തറി ഉൽപന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പുവരുത്തുന്നതിനായും ഉൽപന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിനുമായി "കേരള കൈത്തറി മുദ്ര" തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പുതിയ ഡിസൈൻ ഷർട്ടുകൾ ഹാന്റെക്സ് വിപണിയിൽ ഇറക്കിയിട്ടുണ്ട്. ദേശീയ അന്തർദേശീയ ഡിസൈനർമാരെ ഉൾപ്പെടുത്തി ഒരു ഡിസൈൻ കോൺക്ലേവ് 2023 ആഗസ്റ്റിൽ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.*

## ഖാദി

183. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കും. ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തും. റെഡിമെയ്ഡ് ഉൽപന്നങ്ങളിലേയ്ക്കുള്ള വൈവിദ്ധ്യവത്കരണം ശക്തിപ്പെടുത്തും. ഇതിന് ആധുനിക ഡിസൈൻ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തും. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനുള്ള പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തും. വരുമാന ഉറപ്പുപദ്ധതി വിപുലപ്പെടുത്തും.

*ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ചർക്ക തയ്യാറാക്കി ട്രയൽ റൺ നടത്തിവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ*

*ടെക്നോളജി (IFTK) കേരളയിലെ ഡിസൈനർമാരുടെ സേവനം ഉപയോഗപ്പെടുത്തി പുതിയ വസ്ത്രങ്ങൾ ഡിസൈൻ ചെയ്തു വിപണിയിലിറക്കി. 20-ഓളം ഷോറൂമുകളിൽ IFTK- യിലെ ഡിസൈനർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് ബുധനാഴ്ച ദിവസം ഖാദി - കൈത്തറി വസ്ത്രം ധരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം നൂറോളം സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചു പ്രചരണ പരിപാടികൾ നടത്തി. ഖാദി ഉല്പന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഖാദി വസ്ത്രങ്ങൾ കൂടുതൽ മേഖലയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാർക്കും നേഴ്സുമാർക്കും കോട്ട് വിപണിയിലിറക്കി. ഗ്രാമീണ മേഖലയിൽ ഖാദി വസ്ത്രങ്ങളുടെ വില്പന വർധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങളുമായി സഹകരിച്ച് 'ഖാദി കോർണർ' പദ്ധതി ആരംഭിച്ചു. ഖാദി ഉല്പന്നങ്ങൾ സഹകരണ സംഘങ്ങളിൽ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഖാദി കമ്മീഷന്റെ സഹകരണത്തോടെ പത്ത് ദിവസം നീണ്ടുനൽക്കുന്ന വിപണനമേള 'ഖാദി എക്സ്പോ'' കണ്ണൂരിൽ സംഘടിപ്പിച്ചു. 100 മേളകൾ ഘട്ടംഘട്ടമായി കേരളമാകെ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് നൽകിവരുന്ന ഉപഹാരങ്ങൾ ഖാദിയുടേതാക്കുന്നതിന് വേണ്ട നടപടികൾ ആവിഷ്ക്കരിച്ചു.*

184. ഖാദി ഗ്രാമീണ വ്യവസായ സംഘങ്ങളെ പുനഃസംഘടിപ്പിക്കും. സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

*ഗ്രാമ വ്യവസായങ്ങൾ പുനരുദ്ധരീകരിക്കുന്നതിന് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ഇതുമായി ബന്ധപ്പെട്ട് നബാർഡ്, കേരള ബാങ്ക് എന്നിവയുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതോടൊപ്പം കുടിശിക ഒറ്റത്തവണയായി അടച്ചാൽ പിഴ പലിശ ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഖാദി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികളിൽ ഭരണസമിതി നിലവിലില്ലാത്തവയിൽ അഡ്മിനിസ്ട്രേറ്ററെ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. NCDC, NABARD, SC/ST ഡിപ്പാർട്ട്മെന്റ് ഇവ വഴി പുനരുദ്ധാരണ നടപടികൾ സ്വീകരിച്ച് വരുന്നു.*

185. 15 ലക്ഷം ഉപജീവനത്തൊഴിലുകളുമായി ബന്ധപ്പെടുത്തി പതിനായിരം ഗ്രാമീണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കും.

*2022–23 വർഷം സംസ്ഥാനത്ത് പുതുതായി 1,321 വ്യവസായ സംരംഭങ്ങൾ താഴെപറയുംപ്രകാരം ആരംഭിച്ചിട്ടുണ്ട്. ആയത്പ്രകാരം 6,456 പേർക്ക് പുതുതായി തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്. പി.എം.ഇ.ജി.പി. പദ്ധതി വഴി 4,696 പേർക്കും എസ്.ഇ.ജി.പി. പദ്ധതി പ്രകാരം 1,760 തൊഴിലവസരവും ലഭ്യമാക്കിയിട്ടുണ്ട്.*

# മറ്റു പരമ്പരാഗത വ്യവസായങ്ങൾ

186. കേരള ആർടിസാൻ ഡെവലപ്പ്മെന്റ് കോർപറേഷൻ പ്രാദേശിക ആർടിസാൻ യൂണിറ്റുകളുടെ അംബ്രല്ലാ സംവിധാനമായി വികസിപ്പിക്കും.

***നിലവിൽ 19,533 പേർ കാഡ്കോയുടെ ലേബർ ഡേറ്റ ബാങ്ക് മുഖേന ആർട്ടിസാൻസ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്നു. രജിസ്ട്രേഷൻ നടപടികൾ തുടർന്നുകൊണ്ട് ഇരിക്കുകയുമാണ്.***

187. കരകൗശല വികസന കോർപറേഷൻ റോ മെറ്റീരിയൽ ബാങ്കും ഹാൻഡിക്രാഫ്റ്റ് ഡിസൈൻ സെന്ററും ആരംഭിക്കും. കെൽപാം വൈവിദ്ധ്യവത്കരിക്കും. പനയുൽപ്പന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ വൈവിധ്യവൽക്കരണ പാക്കേജുകൾ നടപ്പിലാക്കും. പ്രീമിയം ഉൽപന്നശാലകൾ ആരംഭിക്കും. വർക്ക് ഷെഡുകൾ നവീകരിക്കും.

***കെൽപാമിന്റെ വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി വിവിധതരത്തിലുള്ള 7 കോള ഉൽപന്നങ്ങളുടെ ഉൽപാദനം ആരംഭിക്കുകയും, ജാഗറി യൂണിറ്റ് പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു.***

188. കർഷകർ/ തൊഴിലാളികൾ/ കരകൗശലത്തൊഴിലാളികൾ എന്നിവർക്ക് ന്യായമായ വേതനം / വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും ഫെയർ ട്രേഡ് മാർക്കറ്റുകളിൽ വിപണി കണ്ടെത്തുന്നതിനും കേരള ഫെയർ ട്രേഡ് കോർഡിനേഷൻ അതോറിറ്റി ഉണ്ടാകും. ഇത് ഇന്ത്യയിൽ ഇത്തരത്തിലുള്ള ആദ്യത്തേതായിരിക്കും.

***തുടർനടപടികൾ പരിശോധനയിലാണ്.***

189. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പുനഃസംഘടന പൂർത്തിയാക്കും. ബാംബൂ പ്ലൈവുഡിന്റെ വിപുലമായ ഉൽപാദന ഫാക്ടറി സ്ഥാപിക്കും. അതുവഴി പനമ്പു നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയും.

***സ്ഥാപനത്തിന്റെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ടൈൽസ്, ലംബർ, ബാംബൂ പ്ലൈ എന്നിവയുടെ ഉല്പാദന പദ്ധതി 2023-24 സാമ്പത്തിക വർഷം അനുവദിച്ച 4 കോടി രൂപയിൽ ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു***

190. തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി മുള വച്ചുപിടിപ്പിക്കുന്നത് വ്യാപകമാക്കും. മരത്തിനു പകരം മുള എന്ന സമീപനത്തെ കെട്ടിട നിർമ്മാണത്തിൽ പ്രോത്സാഹിപ്പിക്കും.

***കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 588 ഹെക്ടറിൽ മുള വെച്ചുപിടിപ്പിക്കുന്നതിനായി നാഷണൽ ബാംബൂ മിഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി***

***ക്യാമ്പസിൽ 121 ഹെക്ടറിൽ 48,400 തൈകൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്. 467 ഹെക്ടർ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

191. തെങ്ങിൻതടി സംസ്കരണ ഫാക്ടറികൾ ആരംഭിക്കും.

***കുറ്റ്യാടി കെ.എസ്.ഐ.ഡി.സി നാളികേര വ്യവസായ പാർക്കുമായി ബന്ധപ്പെട്ട് ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.***

192. കുട്ട, പായ, പനമ്പ് നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളെ സംരക്ഷിക്കുന്ന നടപടി സ്വീകരിക്കും.

***ഇതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട സ്ഥിതി വിവരങ്ങൾ ശേഖരിച്ചുവരുന്നു.***

193. ഡാമുകൾ വ്യാപകമായി ഡീസിൽറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിലെ ചെളി കളിമൺ വ്യവസായത്തിന് ഉപയോഗപ്പെടുത്തും. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കും. മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

***ചുള്ളിയാർ ഡാമിലെ മണൽ നീക്കൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കളിമൺ വിവിധ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.***

## കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോർ

199. കൈത്തൊഴിലുകാർക്കു വേണ്ടിയുള്ള മൾട്ടി ട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കും. വിവിധ ക്രാഫ്റ്റുകളെ അണിനിരത്തിക്കൊണ്ട് വെർചൽ എക്സിബിഷനുകൾ സംഘടിപ്പിക്കും.

***ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിൽ മൾട്ടിട്രേഡ് ഫെസിലിറ്റേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി പുരോഗമിക്കുന്നു.***

200. കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ക്രാഫ്റ്റ് വില്ലേജുകൾ ആരംഭിക്കും. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതുവഴി കഴിയും.

***ബാംബൂ മിഷനുമായി ചേർന്ന് ബാംബൂ കോർപ്പറേഷൻ കുമരകത്തും മാനന്തവാടിയിലും മൂന്നാറിലും കോതമംഗലത്തും തേക്കടിയിലും ബാംബൂ***

***ബസാർ നിർമ്മാണം പൂർത്തിയായി വരുന്നു. വയനാട്ടിൽ വൈത്തിരിയിൽ ബാംബൂ മിഷന്റെ ആഭിമുഖ്യത്തിൽ ബാംബൂ ബസാർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് സുരഭിയുടെ കീഴിൽ ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കാനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.***

201. പരമ്പരാഗത വ്യവസായ ഉൽപന്നങ്ങളുടെ വിപണനത്തിന് ഫെയർ ട്രേഡ് ചാനലുകളെ ഉപയോഗപ്പെടുത്തും. പ്രധാന പരമ്പരാഗത വ്യവസായങ്ങളെ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കും. ഹെറിറ്റേജ് ഹോട്ടലുകളിൽ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ മിനിമം തോതിലെങ്കിലും നിർബന്ധമാക്കും.

***കേരള ബാംബൂ ഫെസ്റ്റ് മുഖേന ചില ഹെറിറ്റേജ് ഹോട്ടലുകളിൽ മുള ഉല്പന്നങ്ങൾ ഉപയോഗിക്കുന്നത് ഉറപ്പുവരുത്താനായിട്ടുണ്ട്. വിവിധങ്ങളായ കരകൗശല വ്യവസായത്തിലേർപ്പെടുന്നവരുടെ പരമ്പരാഗതമായ കഴിവുകൾ ഹെറിറ്റേജ് സ്കിൽ ആയി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു***

## നിർമ്മാണമേഖല

202. നിർമ്മാണ മേഖലയിലെ മണൽ, കല്ല്, സിമെന്റ്, സ്റ്റീൽ തുടങ്ങിയവയുടെ ക്ഷാമവും വിലക്കയറ്റവും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും. ഡാമുകളിലെ ആവാഹശേഷി വർദ്ധിപ്പിക്കുന്നതിനായി മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. പരിസ്ഥിതി മാന ദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ക്വാറി പ്രവർത്തനം വിപുലപ്പെടുത്തും.

***കെംഡലിന്റെ നേതൃത്വത്തിൽ മീങ്കര, വാളയാർ ഡാമുകളിലെ മണൽ നീക്കം ചെയ്യുന്ന പദ്ധതികൾ പുരോഗമിക്കുന്നു. ഇത് കൂടാതെ മറ്റു ഡാമുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു***

204. സിമന്റിന് മേലുള്ള കുത്തക നിയന്ത്രണം ആണ് വിലക്കയറ്റത്തിന് അടിസ്ഥാനം. ഇതിൽ ഇടപെടുന്നതിനുവേണ്ടി കേരളത്തിൽ സിമന്റ് ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

***സംസ്ഥാനത്തെ പൊതുമേഖലയിലെ ഗ്രേ സിമന്റ് ഉത്പാദകരായ മലബാർ സിമന്റ്സിലും വൈറ്റ് സിമന്റ് ഉത്പാദകരായ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും സിമന്റ് ഉത്പാദനം ഉയർത്തി മിതമായ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

## വാണിജ്യമേഖല

206. വാണിജ്യ സർക്കാരിന്റെ നോഡൽ ഏജൻസിയായി വാണിജ്യമിഷൻ

രൂപീകരിച്ചു. 2021 മുതൽ ഇത് പൂർണമായും പ്രവർത്തനക്ഷമമാകും. 2025നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയിൽ നയത്തിന് രൂപം നൽകും.

***വാണിജ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള നോഡൽ ഏജൻസിയായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.***

207. നാട്ടിൻപുറങ്ങളിലേയും നഗരങ്ങളിലേയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്കു ബദലായി ഉയർത്തുകയും ചെയ്യും. ഷോപ്പിംഗ് മാളിലെന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകും. കോഴിക്കോട് മിഠായിത്തെരുവിലും തിരുവനന്തപുരത്ത് ചാലക്കമ്പോളത്തിലും നടത്തിയ ഇടപെടലുകൾ അവലോകനം ചെയ്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കും.

***സൂക്ഷ്മ സംരംഭങ്ങളുടെ പ്രാദേശിക വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ മുതലായ സ്ഥാപനങ്ങളിൽ ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനു വേണ്ടി വരുന്ന ചെലവിന്റെ ഒരു വിഹിതം സർക്കാർ വഹിക്കുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി ഈ വർഷം 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.***

214. കൃത്യമായി നികുതി അടയ്ക്കുകയും നികുതി കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന സംസ്ഥാനത്ത് ലൈസൻസുള്ള വ്യാപാരികൾക്ക് പ്രിവിലേജ് കാർഡ് നൽകും.

***കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് പ്രൊഫൈൽ കാർഡ് നൽകുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.***

# III

## ദാരിദ്ര്യ നിർമ്മാജ്ജനം

215. കേരളത്തിൽ ഇന്ന് പരമദരിദ്രരായ കുടുംബങ്ങളുടെ എണ്ണം 4–5 ലക്ഷത്തിലധികം വരില്ല. നിലവിലുള്ള ആശ്രയ ഗുണഭോക്താക്കളെയും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നോമിനേറ്റ് ചെയ്യുന്ന പുതിയ കുടുംബങ്ങളെയും ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ സർവ്വേ നടത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കും. ഇപ്പോൾ ആശ്രയ പദ്ധതിയിൽ 1.5 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി ഉള്ളത്. ഇവരിൽ അർഹതയുള്ളവരെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് 4–5 ലക്ഷം കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കും.

***സംസ്ഥാനത്തെ അതിദരിദ്രരെ സമഗ്രമായ സർവേയിലൂടെയും വിവിധ തലങ്ങളിലെ വിശദ പരിശോധനകളിലൂടെയും കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമസഭകളും അംഗീകാരം നൽകി. 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 19,489 വാർഡുകളിലാണ് അതിദാരിദ്ര്യ നിർണയം നടത്തിയത്. ഇതിനായി 58,964 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ സേവകർ എന്നിവർ ഈ പ്രക്രിയയിൽ പങ്കെടുത്തു. ഇവർക്ക് ആവശ്യമായ പരിശീലനം നൽകിയിരുന്നു. ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങളുടെ അതിതീവ്രതയാണ് മാനദണ്ഡമാക്കിയത്. ഇതനുസരിച്ച് 64,006 പേരാണ് സംസ്ഥാനത്ത് അതിദാരിദ്ര്യ വിഭാഗത്തിലുള്ളത്. ആലപ്പുഴ ജില്ലയിലെ കുമാരപുരം, കാസർഗോഡ് ജില്ലയിലലെ കല്ലാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അതിദരിദ്രർ ഇല്ലെന്നും കണ്ടെത്തി.***

216. ഏറ്റവും ദരിദ്ര കുടുംബങ്ങളെ പ്രത്യേകമെടുത്ത് ഓരോന്നിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിന് ചെയ്യേണ്ടുന്ന കാര്യങ്ങളും അവയ്ക്കു വേണ്ടിവരുന്ന ചെലവും രേഖയാ ക്കുന്നതാണ് മൈക്രോപ്ലാനിംഗ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് -മുനിസിപ്പൽ തലത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് പേഴ്സൺസ് ടീമുകൾക്ക് പരിശീലനം നൽകും. നിലവിലുള്ള സ്കീമുകളെ പരമാവധി പ്ലാനുകളിൽ സംയോജിപ്പിക്കും. പ്രത്യേകമായി നിർദ്ദേശങ്ങൾക്കും രൂപം നൽകാം.

***ഓരോ വ്യക്തിയുടെയും ആവശ്യം അടിസ്ഥാനമാക്കിയാണ് മൈക്രോ പ്ലാൻ***

***തയാറാക്കിയത്. 64,006 അതിദരിദ്രർക്ക് വേണ്ടി തയാറാക്കിയ മൈക്രോ പ്ലാനുകളിൽ 63,095 എണ്ണവും അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. നിലവിൽ ലൈഫ് ലിസ്റ്റിൽ ഉള്ള വീട് മാത്രം ആവശ്യമുള്ള 2,672 പേർക്ക് പുറമേ 5,724 അതിദരിദ്രരെ കൂടി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി. ലൈഫ് ലിസ്റ്റിൽ നിലവിൽ ഉണ്ടായിരുന്ന വസ്തുവും വീടും ആവശ്യമുള്ള 1,482 അതിദരിദ്രർക്ക് പുറമേ 5,616 പേരെക്കൂടി കൂട്ടിച്ചേർത്തു.***

217. ജോലി ചെയ്യുന്നതിനും വരുമാനം ആർജ്ജിക്കുന്നതിനും നിവൃത്തിയില്ലാത്ത കുടുംബങ്ങൾക്ക് ഇൻകം ട്രാൻസ്ഫറായി മാസംതോറും സഹായം നൽകുന്നതിനും അനുവാദം ഉണ്ടാകും. അധിക ചെലവിന്റെ പകുതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. ബാക്കി കുടുംബശ്രീ വഴി സർക്കാർ ലഭ്യമാക്കും.

***മൈക്രോ പ്ലാൻ നടപ്പാക്കുന്നതിന് മുമ്പ് തന്നെ അടിയന്തിര സഹായം ആവശ്യമുള്ളവർക്ക് അത് നൽകിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യസേവനം എന്നിവ നൽകേണ്ടവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ എന്നിവ വഴി അത് നൽകി.***

218. ഈ മൈക്രോ പ്ലാനുകൾ പഞ്ചായത്ത് / മുനിസിപ്പൽ ഭരണസമിതികൾ പരിശോധിച്ച് അംഗീകാരം നൽകിക്കഴിഞ്ഞാൽ കുടുംബശ്രീ വഴി നടപ്പാക്കും. പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെല്ലാം ഉറപ്പുവരുത്തും. അഞ്ചു വർഷംകൊണ്ട് ഇവരെ സ്ഥായിയായ രൂപത്തിൽ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റും.

***1,947 പേർക്ക് ആധാർ കാർഡും 2,170 പേർക്ക് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും 2,398 പേർക്ക് റേഷൻ കാർഡും നൽകി. 676 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമാക്കി. ആരോഗ്യ ഇൻഷുറൻസിൽ 810 പേരെ ഉൾപ്പെടുത്തി. 556 പേർക്ക് ബാങ്ക് അക്കൗണ്ട് നൽകി. 994 പേർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് നൽകി. 268 പേരെ കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങളാക്കി. 126 പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡും ആറു പേർക്ക് ട്രാൻസ്ജെണ്ടർ തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ട്. 198 പേർക്ക് പാചകവാതക കണക്ഷനും 118 പേർക്ക് വൈദ്യുതി കണക്ഷനും നൽകി. 45 പേർക്ക് പ്രോപ്പർടി സർടിഫിക്കറ്റ് നൽകി.***

219. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും വ്യത്യസ്തമായി പട്ടികവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന നിരക്കിൽ ഉപപദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷവും കേരളം പണം നീക്കിവയ്ക്കുകയുണ്ടായി. ഇതിൽ ഗണ്യമായ ഭാഗം തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. പ്രാദേശിക പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പട്ടികജാതിക്കാരുടെ ഫലപ്രദമായ പങ്കാളിത്തം ഉറപ്പുവരുത്തും.

***ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ പട്ടികജാതി വിഭാഗം 9.1%***

***ആണെങ്കിലും, വാർഷിക പദ്ധതിയുടെ 9.81% തുക SC വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി എല്ലാ ബജറ്റിലും സർക്കാർ നീക്കിവയ്ക്കുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ മൊത്തം പദ്ധതി വിഹിതമായ 4,151.65 കോടി രൂപയിൽ 3,090.60 കോടി രൂപ പട്ടികജാതി വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.***

220. പട്ടികജാതി ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളും. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ ഭൂരഹിതർക്ക് വിതരണം ചെയ്യും.

***വകുപ്പ് നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 7,158 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നല്കി.***

221. ഭൂരഹിതർക്കു വീടിനും ഭൂമിക്കും വേണ്ടി 10 ലക്ഷം രൂപ നൽകുന്ന പദ്ധതി വിപുലീകരിക്കും.

***പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള300 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്***

222. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കും. ഇതിനു പുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണ്ണയിക്കും. ഇവ ഒരു പാക്കേജായി നൽകുന്ന അംബേദ്കർ പദ്ധതി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് നടപ്പാക്കും.

***സ്വയം പര്യാപ്ത ഗ്രാമ അംബേദ്ക്കർ ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്തിരുന്ന 439 പട്ടികജാതി ഗ്രാമങ്ങളിൽ 302 ഗ്രാമങ്ങളുടെ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വർഷം പദ്ധതിപ്രകാരം ഉൾപ്രപെടുത്തിയ 202 പട്ടികജാതി ഗ്രാമങ്ങൾ കൂടാതെ 2023-24ൽ കൂടുതൽ ഗ്രാമങ്ങൾ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.***

223. പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടേയും, കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഇത് പരിഹരിക്കുന്നതിനായി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കൂളുകളിൽ തന്നെ പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കും.

***പട്ടികജാതി വികസന വകുപ്പിന് കീഴിൽ 85 പ്രീമെട്രിക് ഹോസ്റ്റലുകളും, 11 MRS-കളും പ്രവർത്തിച്ചുവരുന്നുണ്ട്. ടി ഹോസ്റ്റലുകളിൽ മികച്ച താമസ-പഠന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പഠനകാര്യങ്ങളിൽ സഹായിക്കുന്നതിനായി എല്ലായിടങ്ങളിലും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സംവിധാനത്തിന്റെ ഫലപ്രദമായ***

*നിർവ്വഹണം വഴി വലിയ രീതിയിലുള്ള കൊഴിഞ്ഞുപോക്ക് തടയുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ സ്റ്റുഡന്റ്സ് കൗൺസിലർമാർ, സോഷ്യൽവർക്കർമാർ,*

*പ്രമോട്ടർമാർ എന്നിവർ മുഖേനയും കുട്ടികൾക്കിടയിലും രക്ഷാകർത്താക്കൾ ക്കിടയിലും ആവശ്യമായ അവബോധം നടത്തിവരുന്നുണ്ട്.*

224. പട്ടികജാതി കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ ആധുനികവൽക്കരിക്കും. താമസസൗകര്യവും ഭക്ഷണവും മികച്ചതാക്കുക മാത്രമല്ല, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം എന്നിവ ഉറപ്പുവരുത്തും. കൂടുതൽ ട്യൂട്ടർമാരെ നിയോഗിക്കും. ഇവയുടെ നടത്തിപ്പു സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തും.

*വകുപ്പിനു കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മെസ്സ് അലവൻസും വർധിപ്പിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

225. കിഫ്ബിയെക്കൂടി ഉപയോഗപ്പെടുത്തി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് മികവുറ്റ സൗകര്യങ്ങൾ ഉറപ്പുവരുത്തും. ഇവയുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപീകരിക്കും.

*കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ പെരിങ്ങോത്ത് MRS നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം തോന്നയ്ക്കൽ MRS നിർമ്മാണം പുരോഗമിച്ചു വരുന്നു. ചക്കിട്ടപ്പാറയിൽ ഒരു MRS നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.*

226. പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന സഹായങ്ങൾ ജീവിത ചെലവുമായി ബന്ധപ്പെടുത്തി വർദ്ധിപ്പിക്കും.

*പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി എന്നിവ 20% വർദ്ധിപ്പിച്ച് 2020-21 അദ്ധ്യയന വർഷം പ്രാബല്യത്തിലാക്കി ഉത്തരവായിട്ടുണ്ട്. രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 25 ലക്ഷം രൂപവരെ സ്കോളർഷിപ്പ് നല്കുന്നുണ്ട്. പട്ടികജാതി വിഭാഗം ഗവേഷണ വിദ്യാർത്ഥികളുടെ അപേക്ഷാ പ്രായപരിധി 40 വയസ്സായി ഉയർത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ 344 വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകിയിട്ടുണ്ട്.*

227. പട്ടികജാതി വിദ്യാർത്ഥികളിൽ പഠനം നിർത്തുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ഫിനിഷിങ് സ്കൂളുകൾ ആരംഭിക്കും.

*കോഴ്സ് കാലയളവിൽ പഠനത്തിൽ പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന് ആവശ്യമായ സഹായവും പിന്തുണയും നല്കുന്നതിനായി നിലവിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവൺമെന്റ്/എയ്ഡഡ് എൻജിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് ബി.ടെക് വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.*

228. സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കും.

*ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിച്ചു. 600 ഓളം റേഷൻ കടകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി പുതുതായി അനുവദിച്ചതിലൂടെ കൂടുതൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ റേഷൻ ഷോപ്പ് ഉടമകളായി മാറി.*

229. പ്രാദേശിക സർക്കാരുകളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ കഴിഞ്ഞ രണ്ടര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിന് വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കും.

*നടപടി സ്വീകരിച്ചു വരുന്നു.*

230. പട്ടികജാതി വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കും. പട്ടികജാതി സംരംഭകർക്കു വേണ്ടിയുള്ള സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി വിപുലീകരിക്കും.

*35 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിന് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചു.*

231. പട്ടികവിഭാഗ യുവജനങ്ങൾക്ക് നൈപുണി പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്മെന്റ് നൽകുന്നതിനുള്ള പദ്ധതി വഴി പതിനായിരം പേർക്കെങ്കിലും തൊഴിൽ നൽകും.

*വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ മുഖേന 5,000 പേർക്ക് പ്ലേയ്സ്മെന്റ് നൽകുന്നതിനായുള്ള പ്രക്രിയ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ എന്നിങ്ങനെ സിവിൽ എഞ്ചിനീയറിംഗിൽ ബി.ടെക്/എം.ടെക്/ഡിപ്ലോമ/ITI യോഗ്യതയുള്ള 300 പേരെയും കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരായി MSW യോഗ്യതയുള്ള 60 പേരെയും പരിശീലനാർത്ഥം നിയമിച്ചിട്ടുണ്ട്. പട്ടികജാതി പ്രമോട്ടർമാരായി 1,219 പേർക്കും അപ്രന്റീസ് ക്ലർക്കുമാരായി 240 പേർക്കും ലീഗൽ കൗൺസിലർമാരായി 18 പേർക്കും നിയമനം നല്കിയിട്ടുണ്ട്. അഭ്യസ്ത*

*വിദ്യരായ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽസംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചു.*

232. പട്ടികജാതിപട്ടികവർഗ അതിക്രമ നിരോധന പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ പ്രത്യേക കോടതികൾ സ്ഥാപിക്കും.

*തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചു. എറണാകുളത്ത് ആരംഭിക്കുന്നതിന് അനുമതിയായിട്ടുണ്ട്.*

233. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സമൂലമായി പുനസംഘടിപ്പിക്കും, പുനരുജ്ജീവിപ്പിക്കും. പട്ടികജാതി, പട്ടികവർഗ്ഗ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള ഒരു സ്കീം ആവിഷ്കരിക്കുന്നതാണ്.

*സഹകരണ ബാങ്കുകളിലും മറ്റുമുള്ള കുടിശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള ഒരു സ്കീം ആവിഷ്കരിക്കുന്നതാണ്. സഹകരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു.*

234. പട്ടികവിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പൂർണമായും പരിഹരിക്കും. ലൈഫ് മിഷനിൽ നിന്ന് അടുത്ത വർഷം 52,000 കുടുംബങ്ങൾക്ക് വീടു നൽകും. തുടർന്നുള്ള വർഷങ്ങളിൽ മറ്റുള്ളവർക്കും. പഠനമുറി പദ്ധതി വിപുലീകരിക്കും.

*ലൈഫ് മിഷന് ഈ വർഷം 300 കോടി രൂപ നല്കി. SAFE ഭവന നവീകരണത്തിനായി വിഭാവനം ചെയ്തിട്ടുള്ള സേഫ് പദ്ധതിയിൽ 6,900 പേർക്ക് 2 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 5,000 പേർക്ക് പഠനമുറി അനുവദിച്ചു.*

## പട്ടികവർഗ ക്ഷേമം

235. ആദിവാസി ഊരുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനുള്ള അംബേദ്കർ പദ്ധതി വിപുലീകരിക്കും. ഊരുകളിലേയ്ക്കുള്ള റോഡുകൾ, കുടിവെള്ളം, വൈദ്യുതി സാധ്യമല്ലാത്തിടത്ത് സോളാർ സംവിധാനം, അംഗൻവാടികൾ, പാർപ്പിടം, പഠനവീട്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഉറപ്പുവരുത്തും.

*ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം 2017-18മുതലുള്ള 92 കോളനികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പുതിയതായി 64 കോളനികളിൽ പദ്ധതി നടപ്പിലാക്കിവരുന്നതു കൂടാതെ കൂടുതൽ കോളനികൾ പുതുതായി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു. വൈദ്യുതിയെത്താത്ത 19 പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതിയെത്തിച്ചു.*

***ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത 1,284 കോളനികളിൽ 1,083 എണ്ണത്തിലും കണക്ടിവിറ്റി ലഭ്യമാക്കി.***

236. ലൈഫിൽ ഉൾപ്പെടുത്തി മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താൽപര്യവും മനസ്സിലാക്കി കൊണ്ടായിരിക്കും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.

***ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത ഭവനരഹിതർ, ഫേസ് 2, ഫേസ് 3, അഡീഷണൽ ലിസ്റ്റ് എന്നിവയിൽ ഉൾപ്പെടുത്തി നാളിതുവരെ 5,570 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഫേസ് 1ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ഏറ്റെടുത്ത 18,182 വീടുകളിൽ 17,400 വീടുകളും പൂർത്തീകരിച്ചു. നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പ് 344.46 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്. നടപ്പ് വർഷം 140 കോടി രൂപ കൈമാറി. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള ധന സഹായം കോളനികൾക്ക് പുറത്തുള്ളവർക്കും, അകത്തുള്ളവരുടേതിന് തുല്യമായി 6 ലക്ഷം രൂപയാക്കി ഉയർത്തി ഏകീകരിച്ചു.***

237. ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരത്തിന് തരിശുഭൂമി, മിച്ചഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തും. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതോടൊപ്പം 2005 ലെ വനാവകാശ നിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കും.

***ഈ സർക്കാർ അധികാരത്തിൽ വനശേഷം ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വന ഭൂമി വിതരണം, വനാവകാശ നിയമം എന്നിവ പ്രകാരം 1,684 പട്ടികവർഗ്ഗക്കായി 1789.25ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ വനാവകാശ നിയമപ്രകാരം കൂടുതൽ പേർക്ക് വ്യക്തിഗത അവകാശം ന ൽകുന്നതിന് തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ സർവ്വേ നടപടി പുരോഗമിക്കുന്നു. തിരുവനന്തപുരം ചെറ്റച്ചലിൽ 20 വർഷമായി നടന്നുവരുന്ന ഭൂസമരം അവസാനിപ്പിച്ചു. ചെങ്ങറ, ഇടുക്കിയിലെ ചിന്നക്കനാൽ, പാലക്കാട് മുതലമട, വയനാട്ടിലെ മരിയനാട്, മല്ലികപ്പാറ എന്നിവിടങ്ങളിലെ ഭൂപ്രശ്നങ്ങൾ പരിഹിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ-വനം വകുപ്പുകളുമായി ചേർന്നുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.***

238. ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടിയിലെ മില്ലറ്റ് വില്ലേജ് പദ്ധതി വ്യാപിക്കും.

***വയനാട്, ഇടുക്കി ജില്ലകളിൽ ഹരിത രശ്മി പദ്ധതി നടപ്പാക്കി വരുന്നു.***

239. ഗോത്രജീവിക പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ഗ്രൂപ്പുകൾക്കു രൂപം നൽകും. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നൈപുണി വികസനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ

പ്ലെയ്സ്മെന്റുകൾ നൽകുന്ന പദ്ധതി വിപുലപ്പെടുത്തും.

***വയനാട്, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കി വരുന്നു. എംപവർമെന്റ് സൊസൈറ്റി വഴി കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കും.***

240. കുടുംബാധിഷ്ഠിത മൈക്രോപ്ലാനിൽ അർഹതപ്പെട്ട ഒരു ആദിവാസി കുടുംബവും വിട്ടുപോകില്ലായെന്ന് ഉറപ്പുവരുത്തും. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ്, ആരോഗ്യ കാർഡ്, തൊഴിൽ കാർഡ്, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവ ഉറപ്പുവരുത്തും.

***പദ്ധതി നടപ്പിലാക്കി വരുന്നു.***

241. ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഗോത്രബന്ധു സ്കീമിൽ കൂടുതൽ മെന്റർ ടീച്ചർമാരെ നിയമിക്കും. സ്കൂളിലേയ്ക്ക് വാഹനസൗകര്യം ഏർപ്പാടുചെയ്യും. സാമൂഹ്യ പഠനമുറികൾ വിപുലപ്പെടുത്തും. കോളേജ് വിദ്യാഭ്യാസം മുടങ്ങുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടേയും, താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സഹായം നൽകും.

***ഗോത്രസാരഥി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് വിദ്യാവാഹിനി എന്ന പേരിൽ നടപ്പിലാക്കും.***



**പോസ്റ്റ്മെട്രിക് ഹോസ്റ്റൽ താന കണ്ണൂർ**

242. വന വിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിന് സഹായം നൽകും. സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കും. തറവില ഉറപ്പുവരുത്തും. ഗദ്ദിക വിപണന മേളകൾ, കയർ & ക്രാഫ്റ്റ് കടകൾ, വനശ്രീ യൂണിറ്റുകൾ എന്നിവ അതിനായി ഉപയോഗപ്പെടുത്തും.

***എസ്.സി.-എസ്.ടി. ഫെഡറേഷനുമായി സഹകരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എംപവർമെന്റ് സൊസൈറ്റിയും ഇതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും.***

243. കിഫ്ബി സഹായത്തോടെ റസിഡൻഷ്യൽ സ്കൂളുകൾ നവീകരണം പൂർത്തിയാക്കും. ഇവിടങ്ങളിൽ താമസസൗകര്യം, ഭക്ഷണം, വിനോദസൗകര്യങ്ങൾ, പഠനസൗകര്യങ്ങൾ എന്നിവ ഉന്നതനിലവാരത്തിലുള്ളവയാണെന്ന് ഉറപ്പുവരുത്തും. അധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കും. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിൽ മുൻഗണന നൽകും.

***റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവും പഠന നിലവാരവും അന്തർദേശീയ നിലവാരത്തിൽ ആകത്തക്ക വിധത്തിൽ (Unicef നിലവാരം) നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു. ആവശ്യത്തിന് അദ്ധ്യാപകരെയും ട്യൂട്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നിയമനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകിയിട്ടുണ്ട്. കാസറഗോഡ് കരിന്തളത്തും, പാലക്കാട് അട്ടപ്പാടിയിലും രണ്ട് പുതിയ എം.ആർ.എസ്.-കൾ ആരംഭിച്ചു.***

244. ആദിവാസി കുട്ടികൾക്കായുള്ള പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

***അച്ചൻകോവിൽ, മാറമ്പള്ളി, ഷോളയൂർ, ആറളം, ഇരുമ്പുപാലം, മീനാക്ഷിപുരം, മുള്ളൻകൊല്ലി എന്നിവിടങ്ങളിൽ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കട്ടേല, അഗളി, ചെമ്പുകാവ് എന്നിവിടങ്ങളിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. നൂറണി, വടകര എന്നിവിടങ്ങളിലെ ഹോസ്റ്റലുകളുടെ നിർമ്മാണം ആരംഭിക്കാൻ പോകുന്നു.***

245. ആദിവാസി ഊരുകളിലെ സന്ദർശനത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഡിസ്പെൻസറികളും ആരംഭിക്കും. ആവശ്യമുള്ളവർക്ക് പ്രത്യേക പരിചരണം അംഗൻവാടി വഴി നൽകും. അംഗൻവാടികൾ വഴി കൃത്യമായി അയൺ ഗുളികകളുടെ വിതരണം ഉറപ്പാക്കും.

***അട്ടപ്പാടി മേഖലയിൽ പി.വി.റ്റി.ജി. കുടുംബങ്ങൾക്കായി പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകളാരംഭിച്ചിട്ടുണ്ട്. കൂടാതെ, വയനാട്ടിൽ ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ പദ്ധതി വഴി അറിവ്, ആരോഗ്യം, തൊഴിൽ എന്നിവ മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യ പഠനമുറികൾ***

***കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കും.***

246. ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തും. ആദിവാസി മേഖലയിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വിപുലീകരിക്കുകയും കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയോഗിക്കുകയും ചെയ്യും. സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങൾ പഠിക്കുന്നതിനു വയനാട്ടിൽ റിസർച്ച് സെന്റർ സ്ഥാപിക്കും.

***ഊരുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുന്നു. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി യൂണിസെഫ് സഹായത്തോടു കൂടി ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രിഷ്യനെ നിയമിച്ച് വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂകൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇതിന്റെ ഭാഗമായി ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ട്. കോട്ടത്തറ ആശുപത്രിയിലേയ്ക്ക് പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സിക്കിൾസെൽ രോഗികൾക്ക് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒറ്റത്തവണ സഹായം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.***

247. ഓരോ ഊരിലേയും കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധർ, 6 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷക ഭക്ഷണം നൽകുന്നതിനുള്ള കമ്മ്യൂണിറ്റി കിച്ചണുകൾ കൂടുതൽ വ്യാപകമാക്കും.

***അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.***

248. ആദിവാസി പ്രമോട്ടർമാർക്ക് ആറു മാസത്തിലൊരിക്കൽ പരിശീലനം നൽകും. അവരുടെ പ്രവർത്തനങ്ങളെ തുടർച്ചയായി അവലോകനം ചെയ്യും.

***നടപടി സ്വീകരിച്ചിട്ടുണ്ട്.***

249. ആദിവാസി ഊരുകൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകും. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കണമെന്നാണ് ചട്ടം. ഇത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സാമൂഹ്യ ഓഡിറ്റ് നിർബന്ധമാക്കും.

***തദ്ദേശസ്വയം ഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ പരിശോധിച്ചു വരുന്നു.***

250. ഇടുക്കിയിലും വയനാടും ഓരോ ട്രൈബൽ കോളേജുകൾക്ക് അനുവാദം നൽകുന്നതാണ്.

***മലയരയ വിഭാഗത്തിനായി ഇടുക്കി നാടുകാണിയിൽ കോളേജ് അനുവദിച്ചു. ക്ലാസ്സുകൾ ആരംഭിച്ചു.***

# പരിവർത്തിത ക്രൈസ്തവർ

251. പട്ടികജാതിക്കാർക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരിവർത്തിത ക്രൈസ്തവർക്കും തുല്യമായ അളവിൽ നൽകും. യു.ഡി.എഫ് കാലത്ത് വിദ്യാഭ്യാസ ആനുകൂല്യം 189 കോടി രൂപ കുടിശിക ഈ സർക്കാരാണ് കൊടുത്തത്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യമായി നൽകുമെന്ന് ഉറപ്പുവരുത്തും.

***പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സാധാരണഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അതേ നിരക്കിൽ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും അനുവദിച്ചുവരുന്നുണ്ട്. പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളെ ഒ.ഇ.സി വിഭാഗത്തിലുൾപ്പെടുത്തി നേരത്തേ മുതൽ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

252. ദളിത്, പരിവർത്തിത ക്രൈസ്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പഠന സമിതിയെ നിയമിക്കും. മതന്യൂനപക്ഷ അവകാശം സ്കോളർഷിപ്പ് ഇവർക്കും ലഭ്യമാക്കും.

***പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുകയെന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ആവശ്യം. ഇത് സംബന്ധിച്ച് പ്രത്യേകമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി റിട്ട. ചീഫ് ജസ്റ്റിസ് ശ്രീ. കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായുള്ള ഒരു കമ്മീഷനെ കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. മതന്യൂനപക്ഷ അവകാശ സ്കോളർഷിപ്പ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ന്യൂനപക്ഷ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്.***

253. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷനുള്ള ബജറ്റ് പിന്തുണ ഇരട്ടിയായി വർദ്ധിപ്പിക്കും. ദീർഘകാലം കുടിശികയായി കിടക്കുന്ന വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കും.

***കോർപ്പറേഷനുള്ള ബജറ്റ് വിഹിതം മുൻവർഷത്തേക്കാൾ ഉയർത്തി. 10.33 കോടിയുടെ വായ്പ വിതരണവും 11.7 കോടിയുടെ തിരിച്ചടവും നേടി.***

# പിന്നോക്ക സമുദായ ക്ഷേമം

254. പിന്നോക്ക സമുദായ വികസന കോർപ്പറേഷന് കൂടുതൽ പണം ലഭ്യമാക്കുന്നതാണ്. സർക്കാർ ഗ്യാരണ്ടിയിൽ പിന്നോക്ക വികസന കോർപ്പറേഷന് വലിയ തോതിൽ വായ്പയെടുക്കാൻ സർക്കാർ സഹായിച്ചതുമൂലം കോർപ്പറേഷന്റെ പ്രവർത്തനം ഗണ്യമായി വിപുലപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

***കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് 100 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി നൽകുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കോർപറേഷന്റെ പ്രവർത്തന മൂലധനം 150 കോടിയിൽ നിന്നും 200 കോടിയായി വർധിപ്പിച്ചിട്ടുണ്ട്.***

255. വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തും. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനു യോഗം വിളിക്കും. പ്രായോഗികമായവ നടപ്പാക്കും.

***വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ വിഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്.***

256. നാടാർ സമുദായത്തെക്കുറിച്ചുള്ള ജസ്റ്റിസ് ഹരിഹരൻ ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കും.

***പരിശോധിച്ചു വരുന്നു.***

257. ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ സമുദായങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തും.

***ഗണകൻ, കണിയാൻ, കണിശൻ തുടങ്ങിയ വിഭാഗങ്ങളുടെ പ്രശ്നങ്ങളെ പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് ചുമതല നൽകിയിട്ടുണ്ട്.***

## ന്യൂനപക്ഷ ക്ഷേമം

261. സച്ചാർ കമ്മിറ്റി ശുപാർശയുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കും. ഹജ്ജ് കമ്മിറ്റിയ്ക്ക് സ്ഥിരം ഗ്രാന്റ് വർദ്ധിപ്പിക്കും. വഖഫ് ബോർഡിനുള്ള ധനസഹായം വർദ്ധിപ്പിക്കും.

***കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യുനപക്ഷവിദ്യാർത്ഥികളുടെ നിലവിലുണ്ടായിരുന്ന സ്കോളർഷിപ്പ് അനുപാതം 2021-22 വർഷം സർക്കാർ പുനഃക്രമീകരിച്ചു. ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ നിലവിലെ ആനുകൂല്യം സംരക്ഷിച്ചുകൊണ്ട് കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് 6.2 കോടി രൂപ അധികമായി 2021-22 വർഷം ന്യുനപക്ഷ സ്കോളർഷിപ്പ് വിതരണത്തിനായി സർക്കാർ അനുവദിച്ചു. 2021-212 വർഷം വകുപ്പ് വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്ന പുതിയ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി. ഒരു വിദ്യാർത്ഥിക്ക് പരമാവധി പത്തുലക്ഷം രൂപവരെ ലഭിക്കുന്ന ഈ സ്കോളർഷിപ്പിനായി 2021-22 വർഷം 150 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. തൊഴിൽ നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം, കേന്ദ്രാവിഷ്കൃത പദ്ധതി എന്നീ വിഭാഗങ്ങളിലായി പദ്ധതികൾ നടപ്പിലാക്കി വരുന്നു.***

262. കോഴിക്കോട് നിലവിലുണ്ടായിരുന്ന ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

*പുനഃസ്ഥാപിച്ചു. കോഴിക്കോട്, കണ്ണൂർ, കൊച്ചി അന്താരാഷ്ട്ര വിമാന താവളങ്ങൾ 2023ലെ ഹജ്ജ് തീർത്ഥാടനത്തിന് എംബാർക്കേഷൻ പോയിന്റായി കേന്ദ്രം നിശ്ചയിച്ചിട്ടുണ്ട്.*

263. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിച്ച് നിയമാനുസൃതമായും ഫലപ്രദമായും വിനിയോഗിക്കും.

*പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര വഖഫ് നിയമം 52 പ്രകാരം അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികളും സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. അന്യാധീനപ്പെട്ട വഖഫ് വസ്തുക്കളും കൂടാതെ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത വഖഫ് വസ്തുക്കളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വഖഫ് ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി പൊതുജനങ്ങളിൽ നിന്നും വിവരശേഖരണം നടത്തുന്നതിന് പത്രപരസ്യം കൊടുക്കുവാൻ തീരുമാനിച്ചു. സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ ഡിജിറ്റൽ സർവ്വെ (GIS Mapping) പദ്ധതിയുടെ ഭാഗമായി വഖഫ് വസ്തുവകകളുടെ GIS ഏകോപനവും ഫോട്ടോശേഖരണവും നടത്തി. ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ WAMSI പോർട്ടലിൽ അപ് ലോഡ് ചെയ്തു കഴിഞ്ഞു.*

264. അലീഗഡ് സർവ്വകലാശാലയുടെ മലപ്പുറം സെന്റർ പൂർണ്ണരൂപത്തിൽ പ്രവർത്തനസജ്ജമാക്കാൻ സത്വര നടപടികൾ സ്വീകരിക്കും.

*ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ബന്ധപ്പെട്ട് നടപടികൾ പരിഗണിച്ചുവരുന്നു.*

265. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ സ്ഥിതിഗതികളെക്കുറിച്ച് പഠിക്കുന്നതിനു നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കും.

*റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.*

## മത്സ്യമേഖല

266. ആഴക്കടലടക്കം മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്രമായ അക്വേറിയം റിഫോംസിനു വേണ്ടിയാണ് ഇടതുപക്ഷം നിലകൊള്ളുന്നത്. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിത

പ്പെടുത്തും. പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തും. ഈ സമീപനത്തിനെതിരെ ആഴക്കടൽ മത്സ്യബന്ധനം വിദേശ ട്രോളറുകൾക്കു തുറന്നുകൊടുക്കുകയാണ് നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാർ ചെയ്തത്. ഇപ്പോൾ ബി.ജെ.പി സർക്കാർ ഒരു പടികൂടി മുന്നോട്ടുപോയി. തീരക്കടലിനുമേലുള്ള സംസ്ഥാന സർക്കാരുകൾക്കുള്ള നിയന്ത്രണ അവകാശങ്ങൾകൂടി കവരാനാണ് ശ്രമിക്കുന്നത്. ബ്ലൂഇക്കോണമി നയരേഖയിൽ തീരക്കടലിലും ആഴക്കടലിലുമുള്ള ഖനനം കോർപ്പറേറ്റുകൾക്ക് അനുവാദം നൽകുകയാണ്. മത്സ്യസമ്പത്തിന്റെ സർവ്വനാശമായിരിക്കും ഇതിന്റെ ഫലം. ഇതിനെല്ലാം കടകവിരുദ്ധമാണ് ഇടതുപക്ഷത്തിന്റെ നിലപാട്. ഇതിനകം മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം ഉറപ്പുവരുത്തുന്നതിനും മത്സ്യത്തിനു ന്യായവില ലഭ്യമാക്കുന്നതിനും കേരള മത്സ്യലേലം, വിപണനം ഗുണനിലവാര പരിപാലന നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുണ്ട്. അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ നിയമം കൊണ്ടുവരും.

***മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിന് സ.ഉ (സാധാ) നം. 857/2019/മ.തു.വ തീയതി 20/11/2019 പ്രകാരം കമ്മിറ്റി രൂപീകരിച്ചിരുന്നു. കരട് നിയമത്തിൽ കൂടുതൽ മാറ്റങ്ങൾ വരുത്തുന്നതിന് 12/09/2022ലെ സ. ഉ. (സാധാ) നം. 569/2022/F&P നം. ഉത്തരവ് പ്രകാരം സമിതി പുനർസംഘടിപ്പിച്ചിട്ടുണ്ട്. ആവശ്യമായ പരിഷ്ക്കരണങ്ങൾ വരുത്തി സമിതി കരട് തയ്യാറാക്കി വരുന്നു.***

***കേരള സംസ്ഥാനത്ത് മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷാംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിന് 'കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും' ആക്ട് 2021-ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ കരട് ചട്ടം തയ്യാറാക്കി മത്സ്യത്തൊഴിലാളികളുമായും മേഖലയിലുള്ള മറ്റുള്ളവരുമായി ചർച്ച നടത്തി വരുന്നു.***

267. മുരാരി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ സമ്മർദ്ദം ചെലുത്തും. വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

***സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തിന്റെ ഫലമായി കേന്ദ്ര സർക്കാർ 2018 മുതൽ മത്സ്യബന്ധനം നടത്തുന്നതിന് വിദേശ ട്രോളറുകൾക്ക് എൽ.ഒ.പി അനുവദിക്കുന്നത് നിർത്തലാക്കിയിട്ടുണ്ട്.***

268. ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് 2016ലെ പ്രകടനപത്രികയിൽ

പറഞ്ഞിരുന്നത് വീണ്ടും ആവർത്തിക്കുകയാണ്: ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിന് ബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കുന്നതിനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.' ഇതിന്റെ അടിസ്ഥാനത്തിൽ അവസാനത്തെ ബജറ്റിൽ ഇതിനുള്ള ഒരു പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'ആഴക്കടൽ മത്സ്യബന്ധനത്തിന് ആധുനിക സംവിധാനങ്ങളോടെ 100 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്ക് വായ്പ അനുവദിക്കും. 25 ശതമാനം സബ് സിഡിയുണ്ടാകും. യൂണിറ്റ് ഒന്നിന് 1.7 കോടി രൂപയാണ് ചെലവ്.' ഇത്ര സുവ്യക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ ഇന്ന് യു.ഡി.എഫും ചില നിക്ഷിപ്ത താൽപ്പര്യക്കാരും ചേർന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന കോലാഹലങ്ങൾ പരിഹാസ്യമാണ്.

***സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക, അവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്കാണ് ഭരണാനുമതി ന ൽകിയിട്ടുള്ളത്. അതിൽ അഞ്ച് ബോട്ടുകൾ ഇതിനോടകം തന്നെ കൈമാറിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തി ക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.***

***പദ്ധതി പ്രകാരം ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന***

***ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.***

269. കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം, ജില്ല, മത്സ്യഗ്രാമം എന്നീ തലങ്ങളിലെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ഫലപ്രദമാക്കും.

***സംസ്ഥാന, ജില്ല, ഗ്രാമ തലങ്ങളിലെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു. പ്രവർത്തനം ആരംഭിച്ചു.***

270. മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കും.

***ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസം മൺസൂൺകാല ട്രോൾ ബാൻ നടപ്പിലാക്കി വരുന്നു. 2022 വർഷത്തിൽ 52 ദിവസം ട്രോൾ ബാൻ നടപ്പിലാക്കി.***

271. തീരദേശ വികസനത്തിന് 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീരസംരക്ഷണം, പുനരധിവാസം, ഹാർബർ, മാർക്കറ്റ് നവീകരണം, പാർപ്പിടം, വിദ്യാഭ്യാസ - ആരോഗ്യ നവീകരണം തുടങ്ങിയവയാണ് പാക്കേജിലുള്ളത്. ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങൾ പ്രത്യേക അവലോകന റിപ്പോർട്ടായി പ്രസിദ്ധീകരിക്കും. പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കും.

***തീര സംരക്ഷണത്തിനായി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തെ തെക്ക് ഭാഗത്ത് groyne നിർമ്മാണം (1,346.84 ലക്ഷം) കണ്ണൂർ ജില്ലയിലെ തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ groyne നിർമ്മാണം (348.31ലക്ഷം) തൃശൂർ ജില്ലയിലെ ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ groyne നിർമ്മാണം (685.64 ലക്ഷം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള സംരക്ഷണ പ്രവൃത്തികൾ (3,508 ലക്ഷം) പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്ക് താഴംപള്ളി ഭാഗത്തെ groyne നിർമ്മാണ പ്രവൃത്തികൾക്കായി (2,651 ലക്ഷം) കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭ നടപടികളായ Sub soil exploration, bathmetric survey എന്നിവ പൂർത്തീകരിച്ചു. Weigh Bridge ഇൻസ്റ്റാൾ ചെയ്യുന്ന പ്രവർത്തി ആരംഭിച്ചു.***

***മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ബീമാപള്ളിയിൽ 20 ഫ്ലാറ്റുകൾ (2 കോടി) മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128 ഫ്ലാറ്റുകൾ (12.8 കോടി) നിർമ്മിച്ച് കൈമാറി നൽകിയിട്ടുണ്ട്. പൊന്നാനി ഹൗസിംഗ് സ്കീം രണ്ടാംഘട്ടം – 100 യൂണിറ്റ് (14.33 കോടി) ഭരണാനുമതി ലഭിച്ചതനുസരിച്ച്***

ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടു. ഉണ്ണ്യാൽ ഹൗസിംഗ് സ്കീം -16 യൂണിറ്റ് (2.1 കോടി) പ്രവൃത്തി പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി ഹൗസിംഗ് സ്കീം - 144 യൂണിറ്റ് (23.2 കോടി)-ന് ഭരണാനുമതി ലഭിച്ചതനുസരിച്ച് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ കോമൺഫെസിലിറ്റി സെന്ററിലെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ ഹൗസിംഗ് സ്കീം - 400 യൂണിറ്റ് (81 കോടി) ഭരണാനുമതി ലഭിച്ചതനുസരിച്ച് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചു വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിൽ തലായ്, തൃശ്ശൂർ ജില്ലയിൽ ചേറ്റുവ, ആലപ്പുഴ ജില്ലയിൽ കായംകുളം, തോട്ടപ്പള്ളി, കൊല്ലം ജില്ലയിൽ താന്നി, തിരുവനന്തപുരം ജില്ലയിൽ മുതലപ്പൊഴി, പൂന്തുറ എന്നിവിടങ്ങളിൽ തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി പദ്ധതി തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭ്യമാവുകയും ചെയ്തു. മഞ്ചേശ്വരം തീരസംരക്ഷണ പദ്ധതി (13.47 കോടി) പൂർത്തീകരിച്ചു. തലായ് തീര സംരക്ഷണ പദ്ധതി (3.48 കോടി) പൂർത്തീകരിച്ചു. ചേറ്റുവ തീരസംരക്ഷണ പദ്ധതി (6.86 കോടി) പൂർത്തീകരിച്ചു. മൺസൂൺ damages പരിഹരിച്ചു കൊണ്ട് പ്രവൃത്തി പൂർത്തിയാക്കി വരുന്നു. കൊല്ലം താന്നി തീരസംരക്ഷണ പദ്ധതി (35.08 കോടി) പൂർത്തീകരണഘട്ടത്തിൽ. പൂന്തുറ തീരസംരക്ഷണ പദ്ധതി (20.78 കോടി) പുരോഗമിക്കുന്നു. മുതലപ്പൊഴി തീര സംരക്ഷണ പദ്ധതി (26.51 കോടി) പദ്ധതി ആരംഭിച്ചു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി, ആലപ്പുഴ ജില്ലയിൽ ചെത്തി എന്നിവിടങ്ങളിൽ മത്സ്യബന്ധന ഹാർബറുകൾ നിർമ്മിക്കുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭ്യമാവുകയും ചെയ്തു. പരപ്പനങ്ങാടി മത്സ്യബന്ധന ഹാർബർ (112.21 കോടി) നിർമ്മാണം 17/01/2020 ൽ ആരംഭിച്ചു. പദ്ധതി പുരോഗമിക്കുന്നു. ചെത്തി മത്സ്യബന്ധന ഹാർബർ (97.43 കോടി) നിർമ്മാണം 1/04/2022 ൽ ആരംഭിച്ചു. പദ്ധതി പുരോഗമിക്കുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ 70 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും 57 വിദ്യാലയങ്ങൾ പുനരുദ്ധരിക്കുന്നതിന് അംഗീകാരം ലഭ്യമാവുകയും ചെയ്തു. 66.34 കോടി രൂപയ്ക്ക് 57 വിദ്യാലയങ്ങൾ പുനരുദ്ധരിക്കുന്നതിനായി കിഫ്ബി അംഗീകാരം നൽകി. ഇതിൽ 34 സ്കൂളുകൾ പൂർത്തീകരിച്ചു. 25 എണ്ണം ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. 23 പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി

***അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരം ലഭ്യമാവുകയും ചെയ്തു. 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായി. 2 മാർക്കറ്റ് പുരോഗമിക്കുന്നു. 9 എണ്ണം ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. 13 എണ്ണം ടിഎസ് നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്നവയുടെ പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.***

272. കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ വിപുലപ്പെടുത്തും. പൂന്തുറയിലെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ പരീക്ഷണം വിജയിക്കുകയാണെങ്കിൽ ആ മാതൃകയിൽ കേരളത്തിലുടനീളം തീരദേശ സംരക്ഷണത്തിനും പോഷണത്തിനും സ്കീമിനു രൂപം നൽകും. കിഫ്-ബി ധനസഹായത്തോടെ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ആരംഭിച്ചിരിക്കുന്ന സ്കീം കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കടൽഭിത്തി നിർമ്മാണത്തിനു ട്രൈപോഡ്, ടെട്രാപോഡ് തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കും.

***ജലസേചന വകുപ്പാണ് പ്രധാനമായും കടൽ ഭിത്തി നിർമ്മിക്കുന്നത്. 590 കിലോ മീറ്റർ വരുന്ന കേരള തീരത്ത് അതിശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി കണ്ടെത്തുകയും അവിടങ്ങളിൽ കടൽഭിത്തി നിർമ്മാണം ജലസേചന വകുപ്പ് നടത്തുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിനായി ജിയോട്യൂബ് ഉപയോഗിച്ച് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിന് 150 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി. ആദ്യഘട്ടമായി പൈലറ്റ് വ്യവസ്ഥയിൽ പൂന്തുറ ഭാഗത്ത് 700 മീറ്റർ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനായി 20.78 കോടി രൂപയുടെ പുതുക്കിയ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമാക്കി. 100 മീറ്റർ ഭാഗം പൂർത്തീകരിച്ചു. കാലവർഷത്തിനുശേഷം പദ്ധതി പുനരാരംഭിക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.***

273. തീരപ്രദേശത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക്, അവർക്ക് താല്പര്യമുണ്ടെങ്കിൽ, അനുയോജ്യമായ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് പത്ത് ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പുനർഗേഹം സ്കീമിനു രൂപം നൽകിയിട്ടുണ്ട്. ഇത് സമയബന്ധിതമായി നടപ്പാക്കും.

***കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി 482 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. കൂടാതെ കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹില്ലിൽ***



ക്യു.എസ്.എസ്. കോളനി, കൊല്ലം

*80 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തീകരിച്ചു വരുന്നു.*

*ഫിഷറീസ് വകുപ്പ് 2018 ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 21220 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ /സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ളാറ്റ് അപ്പാർട്ട്മെന്റുകൾ എന്നിവയിലൂടെയും പുനരധിവാസം നടപ്പിലാക്കി വരുന്നു. 3 വർഷക്കാലയളവിൽ 21,220 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച 250 കോടി രൂപയും പദ്ധതിയുടെ പ്ലാൻ ശീർഷകത്തിൽ അനുവദിക്കപ്പെട്ട 83.75 കോടി രൂപയിൽ 81 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.*

274. നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിക്കും. യു.ഡി.എഫ് ഭരണകാലത്ത് ഒരു ഫിഷിംഗ് ഹാർബർ പൂർത്തീകരിച്ചു. പുതിയൊരെണ്ണം തുടങ്ങി. എന്നാൽ എൽ.ഡി.എഫ് ഭരണകാലത്ത് എട്ട് എണ്ണം പൂർത്തീകരിച്ചു. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചു. പൊഴിയൂരിൽ പുതിയൊരു ഹാർബർ സ്ഥാപിക്കും.

***പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 112.2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായി 97.43 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 28/10/2021-ൽ കരാറിലേർപ്പെട്ട ടി പ്രവൃത്തിയുടെ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.***

275. ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തും. ഫിഷിംഗ് ഹാർബറുകളിൽ ശീതികരിച്ച സ്റ്റോറേജ് സൗകര്യങ്ങളും മാർക്കറ്റിംഗ് സൗകര്യങ്ങളും ഒരുക്കും.

***2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിനനുസരിച്ച് സംസ്ഥാനത്തെ 21 പ്രധാന ഹാർബറുകളിലും ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു വിജ്ഞാപനം പുറപ്പെടുവിച്ചു, പ്രവർത്തനം ആരംഭിച്ചു.***

276. തീരദേശ ഹൈവേ പൂർത്തീകരിക്കും. ഇടറോഡുകൾക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൂടുതൽ പണം അനുവദിക്കും.

***തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021–22 വർഷം ഭരണാനുമതി ലഭിച്ച 78.756 കോടി രൂപയുടെ 149 റോഡുകളിൽ 92 എണ്ണം പൂർത്തിയായി. 50 എണ്ണം പുരോഗമിക്കുന്നു. 4 പ്രവൃത്തികളിന്മേൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022–23 വർഷം 84 കോടി രൂപയുടെ 158 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചതിൽ 3 പ്രവൃത്തികൾ പൂർത്തിയായി. 53 എണ്ണം പുരോഗമിക്കുന്നു. 47 എണ്ണം ടെണ്ടർ ചെയ്തു. 54 എണ്ണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

277. മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കും. മത്സ്യവിപണന സംസ്ക്കരണ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കും. മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനു കിഫ്ബി പിന്തുണയോടെ ഒരു സ്കീമിനു തുടക്കംകുറിച്ചു. അതു സമയബന്ധിതമായി പൂർത്തീകരിക്കും.

***കേരള സംസ്ഥാന തീരദേശ വികസന കോർപ്പ റേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യം അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം മാർക്കറ്റുകളിൽ ഉറപ്പ് വരുത്തുന്നതാണ്. 51 മത്സ്യമാർക്കറ്റുകൾ പുനരുദ്ധരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി അംഗീകാരം***

***ലഭ്യമായി. 2 മാർക്കറ്റ് പുരോഗമിക്കുന്നു. 9 എണ്ണം ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. 13 എണ്ണം ടിഎസ് നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ശേഷിക്കുന്നവയുടെ പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.***

278. അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് മറൈൻ ആംബുലൻസുകൾ, സീ റെസ്ക്യൂ സ്ക്വാഡുകൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, സാഗര മൊബൈൽ ആപ്പ്, സാറ്റ്ലൈറ്റ് ഫോൺ, നാവിക് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കു ബോധവൽക്കരണം നടത്തും. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവപങ്കാളികളാക്കും. എല്ലാ മത്സ്യബന്ധന ബോട്ടുകളും വലുപ്പം കണക്കിലെടുക്കാതെ ഒരു ഉപഗ്രഹ ശൃംഖലയുമായി ബന്ധിപ്പിച്ച് അവയുടെ സുരക്ഷയ്ക്കായി നിരീക്ഷിക്കുന്ന ഒരു നെറ്റുവർക്ക് സൃഷ്ടിക്കും.

***അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കും ജീവൻ രക്ഷിക്കുന്നതിനുമായി വിഴിഞ്ഞം വൈപ്പിൻ ബേപ്പൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള ബോധവത്കരണം നടത്തി വരുന്നു. റെസ്ക്യൂ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികളെ സജീവ പങ്കാളികളാക്കുന്നതിന് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർസ്പോർട്സ് സ്ഥാപനത്തിൽ പരിശീലനം പൂർത്തിയാക്കിയ 100 മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി 15 പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് സീ റെസ്ക്യൂ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 2022 –23 വർഷത്തെ പദ്ധതി പ്രകാരം അംഗീകാരം ലഭ്യമായി നടപടി സ്വീകരിച്ചു വരുന്നു.***

***എല്ലാ മത്സ്യബന്ധന ബോട്ടുകളും അവയുടെ സുരക്ഷയ്ക്കായി നിരീക്ഷിക്കുന്നതിന് നെറ്റുവർക്ക് ശൃംഖല രൂപീകരിക്കുന്നതിന് പഠനം നടത്തുന്നതിനായി ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചു. കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വരുന്നു. സാറ്റലൈറ്റ് അധിഷ്ഠിത കമ്മ്യൂണിക്കേഷൻ സംവിധാനം മത്സ്യബന്ധന ബോട്ടുകളിൽ സജ്ജമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.***

279. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വെള്ളപ്പൊക്കത്തിലും മറ്റ് ദുരന്തങ്ങളിലും നൽകിയ സേവനങ്ങളെ ലോകമെമ്പാടും പ്രശംസിച്ചു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന ഒരു പുതിയ പാർട്ട്ടൈം റെസ്ക്യൂ വിഭാഗം സൃഷ്ടിക്കുകയും അവരുടെ സേവനങ്ങൾക്ക് ന്യായമായ പ്രതിഫലം നൽകുകയും ചെയ്യും. എപ്പോൾ വേണമെങ്കിലും സഹായിക്കാൻ തയ്യാറുള്ളതും ശരിയായ പദവി ചിഹ്നത്താൽ അലങ്കരിക്കപ്പെട്ടതുമായ കടലിന്റെ സൈനികർ നമ്മുക്ക് ഉണ്ടാകും.

***9 തീരദേശ ജില്ലകളിലായി 60 യൂണിറ്റുകളിൽ ഉൾപ്പെടുത്തി 900 മത്സ്യത്തൊഴിലാളികൾക്ക് National Institute of Water Sports ഗോവയിൽ 15 ദിവസത്തെ പരിശീലനം നൽകി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ചു. 10 പേർ വീതമുള്ള 10 ഗ്രൂപ്പുകളായി തിരിച്ച് പ്രധാന ഹാർബർ കേന്ദ്രീകരിച്ച് ഇവരുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.***

280. ജീവൻ നഷ്ടപ്പെടുന്ന നിർഭാഗ്യകരമായ അവസരത്തിൽ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും നഷ്ടപരിഹാരമായി ഇൻഷ്വറൻസ് അടക്കം 20 ലക്ഷം രൂപ നൽകുകയും ബിരുദാനന്തര ബിരുദം വരെ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പൂർണമായി ഏറ്റെടുക്കുകയും ചെയ്യും.

***മത്സ്യബോർഡ്, മത്സ്യഫെഡ് എന്നിവ മുഖേന 20 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുമാറ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിദ്യാഭ്യാസാനുകൂല്യം പൂർണ്ണമായും ഏറ്റെടുത്ത് ധനസഹായം അനുവദിച്ചു വരുന്നു.***

281. മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവർക്കും വീട്, സാനിട്ടറികക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പു വരുത്തുന്നതിന് സമഗ്രമായ തീരദേശ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കും. മാതൃകാ മത്സ്യഗ്രാമം പദ്ധതി പുനരാവിഷ്കരിക്കും. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യും.

***മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി ആരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ആർ.ഐ.ഡി.എഫ്, കിഫ്ബി, ഓഖി പുനരധിവാസം എന്നിവയിൽ നിന്നും മത്സ്യമേഖലയുടെ വികസനത്തിനായി തുക കണ്ടെത്തി പദ്ധതികൾ നടപ്പാക്കി വരുന്നു. വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3,041 കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ഒരുക്കുന്നതിനും 1,199 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.***

***വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് മാതൃകാ മത്സ്യഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ചെല്ലാനം മത്സ്യഗ്രാമം പൈലറ്റായി എടുത്ത് പദ്ധതി ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.***

282. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കും. എല്ലാ തീരദേശ സ്കൂളുകളുടെയും സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റി നടപടി സ്വീകരിച്ചു തുടങ്ങി. ലൈബ്രറികൾ അടിസ്ഥാനമാക്കി പ്രതിഭാതീരം പരിഹാരബോധന പദ്ധതി നടപ്പാക്കും. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി

കുട്ടികളുടെ പഠന ചെലവ് സർക്കാർ പൂർണ്ണമായും വഹിക്കും. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കും.

***കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ 70 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും 57 വിദ്യാലയങ്ങൾ പുനരുദ്ധരിക്കുന്നതിന് അംഗീകാരം ലഭ്യമാവുകയും ചെയ്തു. ഫിഷറീസ് വകുപ്പിന്റെ ബി.ഐ.എഫ് ആന്റ് എച്ച്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ 2.44 കോടി രൂപയുടെ 4 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികൾക്കും 2020-21 സാമ്പത്തിക വർഷത്തിൽ 2 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികൾക്കും അംഗീകാരം നൽകി. പദ്ധതികളെല്ലാം ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. 24.71 കോടി രൂപയ്ക്ക് വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ ഫിഷറീസ് സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതിയിൽ അഴിക്കൽ സ്കൂൾ പൂർത്തിയാക്കുകയും മറ്റ് 3 എണ്ണം അവസാന ഘട്ടത്തിലുമാണ്. 29.16 കോടി രൂപയ്ക്ക് തീരദേശ ജില്ലകളിലെ 18 ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പൂർത്തീകരിച്ചു. കൊല്ലം, കോഴിക്കോട് ജില്ലകളിലെ 2 ആരോഗ്യസ്ഥാപനങ്ങളിൽ 3.07 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പുരോഗമിച്ചുവരുന്നു.***

***66.34 കോടി രൂപയ്ക്ക് 57 വിദ്യാലയങ്ങൾ പുനരുദ്ധരിക്കുന്നതിനായി കിഫ്ബി അംഗീകാരം നൽകി. ഇതിൽ 33 സ്കൂളുകൾ പൂർത്തീകരിച്ചു പ്രവർത്തനസജ്ജമാക്കിയിരിക്കുന്നു. 24 പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. നായരമ്പലം ആയുർവേദ ആശുപത്രി കെട്ടിടനിർമ്മാണം, പെരിനാട് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം, പേരയം പി.എച്ച്.സി. എന്നിവ പൂർത്തീകരിച്ചു. മറ്റ് രണ്ട് ആരോഗ്യാടിസ്ഥാന സൗകര്യ പദ്ധതികൾ പുരോഗമിക്കുന്നു. തീരദേശ ജില്ലകളിലെ തിരഞ്ഞെടുത്ത ലൈബ്രറികൾ ഇലക്ട്രോണിക് പഠനത്തിനായി സജ്ജമാക്കുന്നതിനുള്ള 1.06 കോടി രൂപയുടെ 'പ്രതിഭാതീരം പദ്ധതി' നടപ്പുവർഷം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.***

283. മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയുള്ള കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടും.

***കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.***

284. യാനങ്ങൾക്കു ഇൻഷ്വറൻസ് ഏർപ്പെടുത്തി. തൊഴിൽ ഉപകരണങ്ങൾക്കുകൂടി ഇൻഷ്വറൻസ് ഏർപ്പെടുത്തും. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

***മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കുമുള്ള ഇൻഷുറൻസ് പദ്ധതി നടപ്പാക്കി വരുന്നു നിലവിൽ യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ്***

*ഉണ്ട്.*

285. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ പുനരധിവാസവും മതിയായ നഷ്ടപരിഹാരവും ഉറപ്പാക്കും. വിഴിഞ്ഞത്തെ പരാതികൾക്കു പരിഹാരമുണ്ടാക്കും.

*വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെടുന്നവർക്ക് ആശ്വാസമേകുന്നതിനും പരാതി പരിഹരിക്കുന്നതിനും വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി പ്രദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ നഷ്ടപരിഹാരവും പുനരധിവാസവും നിശ്ചയിക്കുന്നതിനുമായി സ.ഉ.(സാധാ) നം.577/2015/മ.തു.വ. തീയതി 20.07.2015 പ്രകാരം തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായ അഞ്ചംഗ ഉപജീവനാഘാത നിർണ്ണയ സമിതി Livelihood Impact Appraisal Committee യും (LIAC) അതിന്മേൽ ഉയരുന്ന പരാതികൾ പരിഹരിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മിറ്റിയും രൂപീകൃതമായിട്ടുണ്ട്.*

*LIAC (Livelihood Impact Appraisal Committee) അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ച ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്ത വിവരങ്ങളും ചുവടെ ചേർക്കുന്നു.*

- *ചിപ്പി ലോബ്സ്റ്റർ വിഭാഗത്തിൽ 262 പേർക്ക് 12.36 കോടി രൂപ വിതരണം ചെയ്തു.*

- *കരമടി മത്സ്യബന്ധന വിഭാഗത്തിൽ 913 പേർക്ക് 54.24 കോടി രൂപ വിതരണം ചെയ്തു.*

- *പദ്ധതി നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശത്ത് പുലിമുട്ട് നിർമ്മാണം മൂലം ചുറ്റി വളഞ്ഞു പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 27.18 കോടി രൂപ വിതരണം ചെയ്തു.*

- *റിസോർട്ടിൽ ജോലി നഷ്ടപ്പെട്ട 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു.*

- *പദ്ധതി പ്രദേശത്തെ മത്സ്യവിഭവങ്ങൾ വിതരണം ചെയ്ത് ജീവിക്കുന്ന 4 സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 8 ലക്ഷം രൂപ വിതരണം ചെയ്തു*

- *ആകെ 2,640 ഗുണഭോക്താക്കൾക്ക് 99.94 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്തിന്റെ ഭാഗമായി 508.214 കോടി രൂപയുടെ വിവിധ പദ്ധതികളുടെ വിശദമായ രൂപ*

***രേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സീ റാഞ്ചിങ്, തങ്ങൽ വള്ളം, കടൽസുരക്ഷാ ഉപകരണങ്ങൾ നൽകൽ, കരിയർ ഗൈഡൻസ്, വിവിധ പരിശീലന പരിപാടികൾ, ഒരു കുടുംബം ഒരു സംരംഭം, മത്സ്യ വിപണനത്തിനായി വാഹനം, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങി വിവിധ പദ്ധതികൾ ഉൾപെടുത്തപ്പെട്ടിട്ടുണ്ട്.***

286. മത്സ്യകേരളം പദ്ധതി തുടരും. ഉൾനാടൻ മത്സ്യലഭ്യത അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കും. കുളങ്ങളും ഡാമുകളും മാത്രമല്ല, വയലുകളിൽ സംയോജിത മത്സ്യകൃഷിയും പ്രോത്സാഹിപ്പിക്കും.

***ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി JMK - സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കി വരുന്നു. JMK പദ്ധതികളിൽ ഉൾപ്പെടുത്തി സംയോജിത മത്സ്യകൃഷിയുടെ ഭാഗമായി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കി.***

287. വംശനാശ ഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി ഒട്ടേറെ പുതിയ ഹാച്ചറികൾ ആരംഭിച്ചു. രണ്ടു ഹെക്ടർ വീതം വീതിയുള്ള 26 സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കക്ക പ്രജനനത്തിനും നടപടിയെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലീകരിക്കും. പൊതുജലാശയങ്ങളിൽ വിപുലമായ തോതിൽ മത്സ്യവിത്ത് നിക്ഷേപിക്കും. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കും.

***തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, മഞ്ഞക്കൂരി, കറൂപ്പ്, കാരി, പച്ചിലവെട്ടി എന്നിവയ്ക്ക് ഹാച്ചറികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വേമ്പനാട് അഷ്ടമുടി കായലിൽ 25 മത്സ്യപ്രജനന കേന്ദ്രങ്ങളും 19 കക്ക പ്രജനന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശ മത്സ്യങ്ങളുടെ നിക്ഷേപവും പൊതുജലാശയങ്ങളിൽ നടപ്പിലാക്കി വരുന്നു.***

288. മത്സ്യമേഖലയിൽ വരുമാനവർദ്ധനവിനു പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിയും മത്സ്യഫെഡും മുൻകൈയെടുത്തിട്ടുണ്ട്. ഇത്തരം പദ്ധതികൾ വിപുലപ്പെടുത്തും. മത്സ്യസംസ്കരണത്തിനു പ്രധാന ഹാർബറുകൾക്കു സമീപം വ്യവസായ പാർക്കുകൾ സ്ഥാപിക്കും.

***RIDF പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖാന്തിരം ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.20 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്.***

289. മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു പെയ്ഡ് സെക്രട്ടറിമാരെ നിയോഗിക്കുകയും കമ്പ്യൂട്ടറൈസേഷൻ

ഏർപ്പെടുത്തുകയും ചെയ്തു. 2018-19ൽ പലിശ സബ്സിഡി നിലവിൽ വരുന്നതിനുമുമ്പ് നൽകിയിട്ടുള്ളതും നിഷ്ക്രിയാസ്തികളായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പ് പദ്ധതി ആവിഷ്കരിക്കും.

*മത്സ്യഫെഡിന്റെ വായ്പകളിന്മേൽ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനായുള്ള One Time Settlement for Matsyafed Loans എന്ന പദ്ധതിക്കായി 10 കോടി രൂപയുടെ ഭരണാനുമതി 2405-00-800-90(പി) എന്ന ശീർഷകത്തിൽ അനുവദിക്കുകയും 5 കോടി രൂപ മത്സ്യഫെഡിന്റെ തനതുഫണ്ടിൽ (റിസർവ്) നിന്നും ഉപയോഗിക്കുവാനും 24.03.2022 ലെ G.O.(Rt) No.167/2022/F&P എന്ന സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കുകയുണ്ടായി. NCDC, NMCFDC, NMDFC പദ്ധതികളിൽ OTS നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിക്കുകയും 2022 നവംബർ മാസത്തിൽ 10 ജില്ലകളിൽ അദാലത്തുകൾ നടത്തി. തുടർന്ന് ലഭിക്കുന്ന അപേക്ഷകളിൻമേലും ജില്ലകളിൽ അദാലത്തുകൾ നടത്തി വായ്പ കണക്കാക്കി തീർപ്പാക്കിവരുന്നു.*

290. ഓൺലൈൻ വ്യാപാരത്തിന് ഇ-ഓട്ടോ വാങ്ങുന്നതിന് വായ്പ മത്സ്യഫെഡ് നൽകും. 25 ശതമാനം സബ്സിഡി സർക്കാർ നൽകും. മത്സ്യബന്ധന തൊഴിൽ ഉപകരണങ്ങൾ വാങ്ങാൻ മത്സ്യഫെഡ് വഴിയുള്ള വായ്പകൾക്ക് 25 ശതമാനം സബ്സിഡി സർക്കാർ നൽകും.

*മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇ-ഓട്ടോ നൽകുന്നതിന് മത്സ്യഫെഡ് NBCFDC/NMDF ടേം ലോൺ പദ്ധതി നടപ്പിലാക്കിവരുന്നു.*

291. കയറ്റുമതിക്കാരിൽ നിന്ന് ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിക്കുന്നതിന് എതിരെയുള്ള വിധിക്ക് അപ്പീൽ നൽകി ഹൈക്കോടതിയിൽ നിന്ന് അനുകൂല ഉത്തരവു നേടിയെടുക്കാൻ ശ്രമിക്കും.

*WA 98/2019 പ്രകാരം 2018 ലെ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം സ്വീകരിച്ചു വരുന്നു.*

292. സി.ആർ.ഇസഡ് സോണിന്റെ പ്രവർത്തനം 50 മീറ്റർ പരിധിക്കു പുറത്ത് ഉദാരമാക്കിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും പട്ടയം വിതരണം ചെയ്യും.

*2019ലെ നോട്ടിഫിക്കേഷൻ പ്രകാരം Non Development Zone ഒഴികെയുള്ള പ്രദേശത്ത് നിലവിലുള്ള Plinth area -ക്ക് അനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനത്തിനോ ഭവനപുനർനിർമ്മാണത്തിനോ തടസ്സമില്ല. റവന്യൂ വകുപ്പ് മുഖേനയാണ് പട്ടയം നൽകുന്നത്. ഫിഷറീസിൽ നിന്നും NOC ലഭ്യമാക്കേണ്ട സാഹചര്യത്തിൽ NOC നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.*

293. എ.പി.എൽ - ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കും.

*എ.പി.എൽ. - ബി.പി.എൽ. വ്യത്യാസമില്ലാതെ സാമൂഹ്യസുരക്ഷാ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവരുന്നു.*

294. തീരദേശത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് കടലിനോട് ചേരുന്ന പൊഴികൾ ആഴംകൂട്ടി കല്ലുകെട്ടി സംരക്ഷിക്കും.

*റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 26/02/2021 ലെ ജി.ഒ (സാധാ)നം.122/2021/P&EA ഉത്തരവു പ്രകാരം കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ റിവർ ട്രെയിനിംഗ് പ്രവൃത്തിക്കായി 28.60 കോടി രൂപ യുടെയും കാസർഗോഡ് ജില്ലയിലെ ഷിറിയയിൽ റിവർ ട്രെയിനിംഗ് പ്ര വൃത്തിക്കായി 24.30 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചു. പുതിയങ്ങാടി റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് 22/08/2022 ൽ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിച്ചതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ ഷിറിയ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 19/02/2022 ൽ 12 മാസ കരാർ കാലാവധിക്ക് ഉടമ്പടിയിൽ ഏർപ്പെട്ടു.*

295. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 6,000 രൂപയായി ഉയർത്തും. കേന്ദ്ര സർക്കാർ അവരുടെ വിഹിതം ഉറപ്പാക്കുന്നതിനു വലിയ മടിയാണ് കാണിക്കുന്നത്. 3600 രൂപയ്ക്കു മുകളിലുള്ള തുക സംസ്ഥാന സർക്കാർ തന്നെ വഹിക്കണം.

*സമ്പാദ്യ സമാശ്വാസ പദ്ധതി ആനുകൂല്യം 4,500 രൂപയായി വർദ്ധിപ്പിച്ച് ന ടപ്പാക്കി വരുന്നു.*

296. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലിറ്ററിന് 25 രൂപ നിരക്കിൽ ലഭ്യമാക്കും. 10 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നൽകും. ചെറുകിട ഇൻബോർഡ് യന്ത്രവൽകൃത വള്ളങ്ങൾക്കും ഇന്ധന സബ്സിഡി നൽകുന്നതാണ്.

*കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡിരഹിത മണ്ണെണ്ണ അധികമായി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നു.ഔട്ട് ബോർഡ് മോട്ടോർ യാനങ്ങൾക്ക് മത്സ്യഫെഡ് മുഖാന്തിരം ലിറ്ററിന് 25/- രൂപ നിരക്കിൽ സബ്സിഡിയോടെ നിശ്ചിത നിരക്കിൽ മണ്ണെണ്ണ നൽകി വരുന്നു.*

*മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനാക്കുന്നതിന് മോട്ടോറൈസേഷൻ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനു പുറമേ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ബദൽ ഇന്ധനം ഉപയോഗിക്കുന്ന എഞ്ചിനുകൾ വികസിപ്പിച്ചു കാലക്രമേണ ഈ വിഷയത്തിനു ശാശ്വതമായ പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന മണ്ണണ്ണ എൻജിനുകൾ എൽ പി ജി എഞ്ചിനുകളാക്കി മാറ്റുന്നതിന് പൈലറ്റ് പദ്ധതിയായി ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്നതിന്*

*ഏഴു ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതു 2023 ജനുവരി 22 ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പരീക്ഷണ ഓട്ടം ആരംഭിച്ചു. പ്രസ്തുത പരീക്ഷണ ഓട്ടം വിജയകരമായി നടത്തിയതിനാൽ തിരുവനന്തപുരം ജില്ലയിൽ കൂടി പരീക്ഷണ ഓട്ടം നടത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.*

## ഭിന്നശേഷിക്കാർ

297. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ കണക്ക് എടുക്കുന്നതാണ്. സ്പെഷ്യൽ സ്കൂളുകൾക്കു പുറത്തുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളാനാവുന്നവിധം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്കൂൾ നിർബന്ധമാക്കും. ബഡ്സ് സ്കൂളുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തും. അധ്യാപകർക്കുള്ള വേതനം ഉയർത്തും. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹ്യമായ പരിചരണം ഉറപ്പുവരുത്തും.

*സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. UDID കാർഡുകൾ ലഭ്യമാക്കുന്ന ആവശ്യത്തിലേയ്ക്ക് 89 വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിക്കുകയും 89,522 UDID ജനറേറ്റ് ചെയ്യുകയും ചെയ്തു. ബഡ്സ് സ്കൂൾ അധ്യാപകരുടെ വേതനം ക്രമീകരിച്ചു.*

*സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും (IMHANS) സ്ഥാപിച്ചിട്ടുള്ള ഓട്ടിസം സെന്ററുകളിലൂടെ ഭിന്നശേഷി കുട്ടികൾക്കാവശ്യമായ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കി വരുന്നു.*

*ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ, 2 ഈ കേന്ദ്രത്തിന്റെ ഭാഗമായി 3 വയസ്സിനു താഴെയുള്ള ഓട്ടിസം കുട്ടികൾക്ക് സേവനം നൽകുന്നതിലേക്ക് ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.*

298. സർക്കാർ ഭിന്നശേഷിയെക്കുറിച്ച് അവകാശാധിഷ്ഠിത സമീപനം കൈക്കൊള്ളും. 2016ലെ ഭിന്നശേഷികളുള്ള ആളുകളുടെ അവകാശം സംബന്ധിച്ച 2016ലെ ആക്ടിലെ (പിആർഡി ആക്ട്) വ്യവസ്ഥകൾ നടപ്പിലാക്കും. ഇതിനായുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തും.

*ഭിന്നശേഷി അവകാശ നിയമത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെ പ്രചരണം നടത്തി വരുന്നു. 2016 ലെ ആക്ടിലെ (RPWD Act) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമനത്തിലേക്കായി 654 തസ്തികകൾ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.*

*ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംങ്ങിൽ വിവിധ പരിപാടികൾ നടപ്പിലാക്കി. സെന്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസസ് (സിആർസിഎസ്) വെസ്റ്റിബുലാർ സയൻസസ്, ലാറിഞ്ചിയൽ, ആർട്ടിക്യുലേറ്ററി സയൻസസ് എന്നിവയ്ക്കായി പ്രത്യേക ലബോറട്ടറികൾ സ്ഥാപിച്ചു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ കേൾവിക്കുറവുള്ളവർക്കായി ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗേജ് കോഴ്സ് ആരംഭിച്ചു. ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ് ഉള്ള കുട്ടികളുടെ രക്ഷിതാക്കൾക്കായി ഒരു ഓൺലൈൻ കോഴ്സ് (PACT-A) ആരംഭിക്കുകയും രണ്ട് ബാച്ചുകൾ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷനിൽ ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിവിധ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന 'മെറിഹോം'' എന്ന പേരിൽ പുതിയ ഭവനവായ്പാ പദ്ധതി ആരംഭിച്ചു*

299. സ്കൂളുകളിലെ മൈൽഡ് മോഡറേറ്റ് ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി കൂടുതൽ കൗൺസിലേഴ്സിനെ നിയമിക്കുകയും കൂടുതൽ അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യും.

*ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2016-ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള സംവരണം നടപ്പിലാക്കിയിട്ടുണ്ട്.*

300. ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളുകൾക്കുള്ള സഹായധനം ഗണ്യമായി ഉയർത്തും. അവർക്ക് സാധാരണ കുട്ടികളെപ്പോലുള്ള എല്ലാവിധ സൗജന്യങ്ങളും ലഭ്യമാക്കും. 2021-ൽ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ധനസഹായം 100 കോടി രൂപയായി ഉയർത്തും. എല്ലാ വർഷവും 20 ശതമാനം വീതം ധനസഹായം വർദ്ധിപ്പിക്കും. എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ച് ധനസഹായം നൽകും.

*ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികളെ പോലുള്ള എല്ലാവിധ സൗജന്യങ്ങളും ലഭ്യമാക്കി. കൂടാതെ സ്പെഷ്യൽ സ്കൂൾ പാക്കേജിൽ*

*ഉൾപ്പെടുത്തി കണ്ടിജൻസി ചെലവുകളും നൽകിവരുന്നു. സ്പെഷ്യൽ സ്കൂളുകളെ എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളായി തരംതിരിച്ച് ധനസഹായം നൽകിവരുന്നു.*

301. അനാഥരാകുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിന് എല്ലാ ജില്ലകളിലും അസിസ്റ്റീവ് ലിവിംഗ് സൗകര്യത്തോടെ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കും.

*പുനരധിവാസ ഗ്രാമങ്ങൾ സംസ്ഥാനത്തെ മൂന്ന് മേഖലകളിൽ ഘട്ടംഘട്ടമായി ആരംഭിക്കും. ഇതിനായി തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പുനരധിവാസ ഗ്രാമത്തിന്റെ DPR തയ്യാറാക്കുന്നതിനായി ഒരു ഏജൻസിയെ ചുമതലപ്പെടുത്തുന്ന വിഷയം പരിശോധിച്ച് വരുന്നു. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മാത്രമായി ഒരു പുനരധിവാസ വില്ലേജിന്റെ ആദ്യഘട്ട നിർമ്മാണം കാസർകോട് ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു.*

302. 80 ശതമാനം ഡിസബിലിറ്റിയുള്ള ഭിന്നശേഷിക്കാർക്ക് 10 ശതമാനം സാമൂഹ്യക്ഷേമ പെൻഷൻ കൂടുതൽ നൽകും. ഇവർക്ക് 600 രൂപ പ്രകാരമുള്ള രണ്ടാമതൊരു ക്ഷേമ പെൻഷനുകൂടി അർഹതയുണ്ടാവും.

*600 രൂപ ലഭ്യമാകുന്ന രണ്ടാമത്തെ ക്ഷേമപെൻഷനുള്ള അർഹത നടപ്പിലാക്കിക്കഴിഞ്ഞു.*

303. വികലാംഗക്ഷേമ കോർപ്പറേഷൻ പുനഃസംഘടിപ്പിക്കും. ജില്ലാ കേന്ദ്രങ്ങളിൽ ഓഫീസ് അനുവദിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചലനപരിമിതിയുള്ള 2.63 ലക്ഷം പേർക്കും മുച്ചക്ര വാഹനമോ ഇലക്ട്രോണിക് വീൽചെയറോ ലഭ്യമാക്കും. ഭിന്നശേഷിക്കാർക്കായുള്ള മറ്റു സഹായ ഉപകരണങ്ങളും വിതരണം ചെയ്യും. കാഴ്ച വൈകല്യമുള്ളവർക്ക് വോയ്സ് എൻഹാൻസ്മെന്റ് സോഫ്ട് വെയറോടുകൂടിയ സ്മാർട്ട് ഫോൺ വിതരണം ചെയ്യും. ഭിന്നശേഷിക്കാർക്കുള്ള ഉപകരണ നിർമ്മാണ കേന്ദ്രം പ്രവർത്തനക്ഷമമാക്കും.

*വികലാംഗക്ഷേമ കോർപ്പറേഷൻ പുന:സംഘടിപ്പിച്ചു. ശുഭയാത്ര പദ്ധതി, കാഴ്ച്ച പദ്ധതി എന്നിവ തുടർന്ന് വരുന്നു. 2021-2022 ൽ 592 ഗുണഭോക്താക്കൾക്കും 2022-2023 സാമ്പത്തിക വർഷം 1,075 ഗുണഭോക്താക്കൾക്കും ഇലക്ട്രോണിക് വീൽ ചെയറും മറ്റ് സഹായ ഉപകരണങ്ങളും വിതരണം ചെയ്തു.*

305. സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം പൂർണ്ണമായും നടപ്പിലാക്കും. സുപ്രീംകോടതി വിധി പ്രകാരം ഇതിനുള്ള ബാക്ക് ലോഗ് ഇല്ലാതാക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം

ഉറപ്പുവരുത്തുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കും.

*നടപടികൾ സ്വീകരിച്ചുവരുന്നു. ഐറ്റം നം. 298 കാണുക. 654 തസ്തികകൾ ഭിന്നശേഷി സംവരണത്തിന് അനുയോജ്യമായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചു. ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിൽ സംവരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചു.*

306. ഭിന്നശേഷിക്കാരുടെ ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിലും പിന്തുണ നൽകാനുതകുന്ന സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ഗർഭാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ തടയുന്നതിനുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ശൈശവാവസ്ഥയിൽ തന്നെ വൈകല്യങ്ങളെ കണ്ടെത്താനുള്ള പരിപാടികൾ, തുടർന്നുള്ള പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടും. അനുയാത്ര പദ്ധതിയെ വിപുലപ്പെടുത്തും. ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെല്ലാം ഓട്ടിസം സെന്ററുകൾ സ്ഥാപിക്കും. നിപ്മറിന്റെ ഗവേഷണ സൗകര്യങ്ങൾ ശക്തിപ്പെടുത്തും. ശബ്ദപരിമിതർക്കുള്ള കോക്ലയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പദ്ധതി തുടരും. അനാമയം സമഗ്ര ഇൻഷ്വറൻസ് പ്രോഗ്രാം ആരംഭിക്കും.

*അനുയാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. ജില്ലാതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള  കെട്ടിടനിർമ്മാണം കൊല്ലം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കെട്ടിടനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.*

*ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിൽ എത്തി ഭിന്നശേഷിക്കുട്ടികൾക്കാവശ്യമായ തെറാപ്പി സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പ്രയാസം നേരിടുന്നവർക്കായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.  കുട്ടികളിലെ കേൾവിവൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ശ്രുതിതരംഗം പദ്ധതിയിലൂടെ ഈ സാമ്പത്തിക വർഷം 84 കുട്ടികൾക്ക് നിലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. ധ്വനി പദ്ധതി പ്രകാരം 29 കുട്ടികൾക്ക് 2022-2023 സാമ്പത്തിക വർഷം 11.42 ലക്ഷം രൂപ ചെലവഴിച്ച്  സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകിയിട്ടുണ്ട്.*

307. രാജ്യത്തെ ആദ്യത്തെ പൂർണ്ണ ബാരിയർ ഫ്രീ സംസ്ഥാനമായി കേരളത്തെ ഉയർത്തുന്നതിനുള്ള സമയബന്ധിത പരിപാടി തയ്യാറാക്കും. സർക്കാർ ഫണ്ടുകൊണ്ട് പണിയുന്ന എല്ലാ പുതിയ കെട്ടിടങ്ങൾക്കും

ഭിന്നശേഷിക്കാർക്കുള്ള സൗകര്യം ഉറപ്പുവരുത്തേണ്ടതുണ്ട്.

***ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനായുള്ള പ്രവർത്തികൾ നടന്നുവരുന്നു. 2022–23 സാമ്പത്തിക വർഷം ബാരിയർ ഫ്രീ കേരള പദ്ധതിക്കായി ബഡ്ജറ്റിൽ 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.***

308. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണ സ്ഥാപനത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കും. അതിന്റെ അടിസ്ഥാനത്തിൽ പരിപാടി ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ സർക്കാർ സ്ഥാപനങ്ങളും പൊതുയിടങ്ങളും ബാരിയർ ഫ്രീയാക്കുന്നതിനു മുൻഗണന നൽകും.

***ബാരിയർ ഫ്രീ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

309. കേരളം ഭിന്നശേഷീസൗഹൃദ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതി, വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശഭരണം എന്നീ വകുപ്പുകൾ ഏകോപിപ്പിക്കും.

***ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള പദ്ധതിരേഖ തയ്യാറായി വരുന്നു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി എൻ.ജി.ഒകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള സമഗ്ര പദ്ധതികൾക്കായി 2023–2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നൈപുണ്യ വികസന പരിശീലന പരിപാടികളും 18 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ പരിപാടിയുമാണ് പ്രചോദനം വിഭാവനം ചെയ്തിരിക്കുന്നത്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കായി ബ്ലോക്ക് ഓരോ പഞ്ചായത്തിലും ഒരു തൊഴിൽ പരിശീലന കേന്ദ്രത്തിന് ഈ പരിപാടി സാമ്പത്തിക സഹായം നൽകുന്നു.***

310. മാനസികാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സുരക്ഷ പോലുള്ള പ്രാദേശിക കമ്മ്യൂണിറ്റി മാനസികരോഗ പുനഃരധിവാസ പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കും. അധിഷ്ഠിത പരിപാടികൾ ആവിഷ്കരിക്കും. ആത്മഹത്യ പ്രവണതകൾക്കെതിരെയുള്ള കൗൺസിലിംഗ് വിപുലപ്പെടുത്തും.

***എൻ.ജി.ഒ.കൾ, എൽ.എസ്.ജി.ഐ.കൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംരംഭങ്ങളെ പിന്തുണച്ചുകൊണ്ട് ഭിന്നശേഷിക്കാരെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ അതിജീവനം പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ, വിശ്രമം, ഡേകെയർ സെന്ററുകൾ, അസിസ്റ്റഡ് ലിവിംഗ് പ്രോജക്ടുകൾ, 1999 ലെ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം പ്രായപൂർത്തിയായ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം, ഐസിടി അധിഷ്ഠിത പരിശീലന പരിപാടികൾ, എൻജിഒകളുടെ നൂതന പദ്ധതികൾ എന്നിവയെ പ്രോജക്റ്റ് പിന്തുണയ്ക്കും.***

*രാമവർമപുരത്ത് സുഖം പ്രാപിച്ചവരും നിയന്ത്രിക്കപ്പെട്ടവരുമായ മാനസികരോഗികൾക്കായി 'വീട്' എഗെയ്ൻ സ്ഥാപിക്കൽ, പാരാപ്ലീജിക് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഐ.ഇ.സി പ്രോഗ്രാമുകൾ വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ, എൻ.ജി.ഒ.കളുടെ രജിസ്ട്രേഷൻ പ്രക്രിയ ഓട്ടോമേഷൻ, മോണിറ്ററിംഗ് എന്നിവയും മറ്റു പരിപാടികളിൽ ഉൾപ്പെടുന്നു.*

311. എൻഡോസൾഫാൻ ദുരിതബാധിതർക്കു കോടതിവിധി പ്രകാരം ലഭ്യമാകേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും.

*എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം കിടപ്പു രോഗികൾക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും 5 ലക്ഷം രൂപ വീതവും, ഭിന്നശേഷിക്കാർക്കും അർബുദ രോഗികൾക്കും 3 ലക്ഷം രൂപ വീതവും നഷ്ടപരിഹാര ധനസഹായവും, പ്രതിമാസ പെൻഷനും സൗജന്യ ചികിത്സയും നടത്തിവരുന്നു. അപ്രകാരം 269 കിടപ്പ് രോഗികളക്കും 1,173 ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും 5 ലക്ഷം രൂപ വീതവും 988 ഭിന്നശേഷിക്കാർക്കും 588 അർബുദരോഗികൾക്കും 3 ലക്ഷം രൂപ വീതവും നൽകിയിരുന്നു. കൂടാതെ ഡി.വൈ.എഫ് .ഐ ഫയൽ ചെയ്ത് കേസിലെ ബഹു. സുപ്രീം കോടതി വിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കായി നഷ്ടപരിഹാരം നൽകുന്നതിനായി ഇരുന്നൂറിയാറ് കോടി മുപ്പതുലക്ഷത്തി ഇരുപതിനായിരം രൂപ അനുവദിച്ചിരുന്നു. ആയതിൽനിന്നും വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി 14.07.2022 വരെ 183.35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. (98 കിടപ്പു രോഗികൾക്കായി 4.9 കോടി, കാൻസർ രോഗികൾക്ക് 5.50 കോടി, ബുദ്ധിപരമായ പരിമിതി നേരിടുന്നവർക്ക് 15.90 കോടി, ശാരീരിക ഭിന്നശേഷിക്കാർക്ക് 9.70 കോടി, മറ്റു വിഭാഗങ്ങൾക്ക് 147.35 കോടി). സ്നേഹ സാന്ത്വനം പദ്ധതി മുഖേന 110 കോടിയിൽ പരം രൂപ പ്രതിമാസ ധനസഹായമായി ദുരിത ബാധിതർക്ക് നൽകിയിട്ടുണ്ട്. ആയത് മുടക്കം കൂടാതെ നല്കി വരുന്നു. ഓണത്തോടനുബന്ധിച്ചുള്ള ഒറ്റത്തവണ ധനസഹായമായ 1,000 രൂപയും മുടക്കം കൂടാതെ നടത്തിവരുന്നു. സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി മുഖേന 6 കോടിയിൽ പരം രൂപയും വിദ്യാഭ്യാസ ധനസഹായമായി 5 കോടിയോളം രൂപയും ഇത് കൂടാതെ ഈ മേഖലയിൽ ധനസഹായമായി നൽകിയിട്ടുണ്ട്.*

## വയോജനങ്ങൾ

315. വിപുലമായ വയോജന സർവ്വേ നടത്തും. അവരുടെ പ്രത്യേകതകളും സൗകര്യങ്ങളും ആവശ്യങ്ങളും സംബന്ധിച്ച് കണക്കുകൾ സെൻസസ് അടിസ്ഥാനത്തിൽ തയ്യാറാക്കും. പ്രായം, ജെൻഡർ, ഭിന്നശേഷി, പാർശ്വവൽക്കരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഇവരെ തരംതിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും ഓരോ

വിഭാഗത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കും. വിവിധ മേഖലകളിൽ വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

*വയോജന സർവ്വേ നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. വയോജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം തെളിയിച്ച വയോജനങ്ങൾക്ക് റീ എംപ്ലോയ്മെന്റ് എന്നിവ നടപ്പാക്കുന്ന പദ്ധതികൾ സായംപ്രഭ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.*

316. വയോജനങ്ങൾക്ക് മരുന്ന് വീട്ടിലെത്തിച്ചു നൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാരുണ്യ അറ്റ് ഹോം പദ്ധതി നടപ്പാക്കും. കമ്പോള വിലയേക്കാൾ താഴ്ന്ന നിരക്കിൽ കാരുണ്യ ഫാർമസികളിൽ നിന്നാണ് മരുന്ന് എത്തിച്ചു കൊടുക്കുക.

*കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വയോജനങ്ങൾക്ക് മരുന്നുകളും, മറ്റനുബന്ധ സാമഗ്രികളും വീട്ടിലെത്തിച്ചു നൽകുന്ന 'കാരുണ്യ @ ഹോം' പദ്ധതി 2021 സെപ്തംബർ മാസത്തിൽ ആരംഭിച്ചു. പൊതുവിപണിയെക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, എയർബെഡ് മുതലായ അനുബന്ധ സാമഗ്രികളും KMSCL ന്റെ മേൽനോട്ടത്തിൽ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തു വരുന്നു. ടി വിലക്കിഴിവിനു പുറമെ, 1% അധിക കിഴിവും മുതിർന്ന പൗരന്മാർക്ക് നൽകി വരുന്നു.*

317. എല്ലാ വാർഡുകളിലും വയോക്ലബുകൾ ആരംഭിക്കും. മേൽനോട്ടം കുടുംബശ്രീയ്ക്കായിരിക്കും. നിലവിലുള്ള വായനശാലകളെയും വാടകയ്ക്കെടുക്കുന്ന വീടുകളെയും ഇതിനായി ഉപയോഗപ്പെടുത്തും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള വയോജന അയൽക്കൂട്ടങ്ങൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക. പഞ്ചായത്ത്, മുനിസിപ്പൽ തലത്തിൽ ഇതിനായി ഒരു കുടുംബശ്രീ കോ-ഓർഡിനേറ്റർ ഉണ്ടാകും.

*27,000 വയോജന അയൽക്കൂട്ടങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചുവരുന്നു*

318. സ്വകാര്യ വൃദ്ധസദനങ്ങളിലെ പ്രശ്നങ്ങൾ പഠിക്കാൻ റിട്ട.ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും.

*ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.*

319. വയോജന ക്ലിനിക്കുകളും പ്രത്യേക ഒ.പികളും ആശുപത്രികളിൽ

തുടങ്ങിയിട്ടുണ്ട്. ഇവ കൂടുതൽ ശക്തിപ്പെടുത്തും. മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, കൃത്രിമ ശ്രവണ സഹായികൾ വിതരണം ചെയ്യും.

***വയോജനങ്ങൾക്ക് സൗജന്യമായി കൃത്രിമ ദന്തങ്ങൾ വിതരണം ചെയ്യുന്ന മന്ദഹാസം പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സമാനമായ ഒരു പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നതിനാൽ ഈ സാമ്പത്തിക വർഷം പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കൃത്രിമ ശ്രവണസഹായികൾ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടില്ല.***

320. സാന്ത്വനപരിപാലന ശൃംഖലയുടെ പ്രധാന വലയം വയോജനങ്ങളാണ്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പുരോഗികൾക്കും ഡിമൻഷ്യ, അൽസിമേഴ്സ് തുടങ്ങിയവ ബാധിച്ച വൃദ്ധജനങ്ങൾക്കും പരിചരണം നൽകുന്നതിന് സാന്ത്വന പ്രവർത്തകർക്കു പരിശീലനം നൽകും.

***സാന്ത്വന പരിചരണം നൽകുന്നവർക്ക് ആരോഗ്യവകുപ്പ് നിലവിൽ പരിശീലനം നൽകുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ കൂടുതൽ പരിശീലന കോഴ്സുകൾ ആരംഭിക്കുന്ന കാര്യമുൾപ്പെടെ ഈ മേഖലയിലുള്ള വിഷയങ്ങൾ പരിശോധിച്ച് വരുന്നു.***

322. രക്ഷിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായുള്ള നിയമത്തിന്റെ (MWPSC Act) നടത്തിപ്പിനായുള്ള സംവിധാനങ്ങൾ പുനഃസംഘടിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. ഇതിന്റെ ഭാഗമായി മെയിന്റനൻസ് ട്രിബ്യൂണലിനെയും മെയിന്റനൻസ് ഓഫീസറെയും മുഴുവൻ സമയ ഉദ്യോഗസ്ഥരാക്കും.

***മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ ലഭിക്കുന്ന പരാതികൾ മോണിറ്റർ ചെയ്യുന്നതിന് ഓൺലൈൻ സോഫ്റ്റ്‌വെയർ രൂപീകരിക്കേണ്ടതുണ്ട്. ഇതുൾപ്പെടെയുള്ള പുതിയ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. MWPSC ആക്ടിലെ വ്യവസ്ഥകൾ പ്രകാരം RDO റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെയാണ് മെയിന്റനൻസ് ട്രിബ്യൂണലായി നിയമിക്കേണ്ടത്. നിലവിലുള്ള 27 ട്രിബ്യൂണലുകളിലേക്ക് പ്രസ്തുത റാങ്കിലുള്ള തസ്തികകളും മെയിന്റനൻസ് ഓഫീസർ തസ്തികകളും സൃഷ്ടിക്കേണ്ടതുണ്ട്.***

323. പൊതുയിടങ്ങളും കെട്ടിടങ്ങളും വയോജന സൗഹൃദമാക്കും. ഇതിനായി കേന്ദ്ര പി.ഡബ്ല്യൂ.ഡി ഭിന്നശേഷിക്കാർക്കായി നിർദ്ദേശിച്ചിട്ടുള്ള മാന ദണ്ഡങ്ങളിൽ മുതിർന്ന പൗരന്മാരെക്കൂടി ഉൾപ്പെടുത്തും.

***ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ഇടങ്ങൾ ഭിന്നസേഷി സൗഹൃദം ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്ഥലങ്ങൾ വയോജനങ്ങൾക്കും തടസ്സ രഹിതമായി ഉപയോഗിക്കാൻ കഴിയും.***

324. സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ വയോജന കൗൺസിലുകൾക്കു രൂപം നൽകും.

*വാഗ്ദാനം നടപ്പിലാക്കി. സംസ്ഥാന ജില്ലാ തലങ്ങളിൽ വയോജന കൗൺസിലുകൾ പ്രവർത്തിച്ചു വരുന്നു.*

## ഭക്ഷ്യസുരക്ഷ

325. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തും.

*മുൻഗണനാകാർഡുകളുടെ വിതരണം:- കേരളത്തിൽ ഗ്രാമപ്രദേശങ്ങളിലെ 52.63 ശതമാനവും നഗരങ്ങളിലെ 39.50 ശതമാനവും ജനവിഭാഗങ്ങൾ മാത്രമാണ് NFSA പ്രകാരമുള്ള റേഷൻ സമ്പ്രദായത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. മുൻഗണനാകാർഡുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള അശാസ്ത്രീയമായ സമീപനം സംസ്ഥാനത്തെ മുൻഗണനാകാർഡുകൾക്ക് അർഹതയുള്ളവരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ്, സംസ്ഥാനത്ത് മുൻഗണനാകാർഡിന് അർഹതയില്ലാത്ത നിരവധി പേർ അനർഹമായി മുൻഗണനാകാർഡുകൾ കൈവശം വച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അനർഹർ കൈവശം വച്ചുവരുന്ന മുൻഗണനാകാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യിപ്പിക്കുന്നതിനായുള്ള പദ്ധതി ആരംഭിച്ചത്. വലിയ തോതിലുള്ള പ്രതികരണമാണ് ഈ പദ്ധതിക്ക് പൊതുസമൂഹത്തിൽ നിന്നും ലഭിച്ചത്. പ്രസ്തുത പദ്ധതി പ്രകാരം 1,72,312 കാർഡുകൾ സറണ്ടർ ചെയ്യപ്പെടുകയുണ്ടായി. സറണ്ടർ ചെയ്യപ്പെട്ട കാർഡുകൾ ഉൾപ്പെടെ 3,39,860 മുൻഗണനാകാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായവർക്ക് തരംമാറ്റി വിതരണം നടത്തുകയുണ്ടായി.*

*ഓപ്പറേഷൻ യെല്ലോ പദ്ധതി:- മുൻഗണനാകാർഡ് സറണ്ടർ പദ്ധതിയുമായി സഹകരിക്കാതെ തുടർന്നും മുൻഗണനാകാർഡുകൾ കൈവശം വച്ചിരുന്ന അനർഹരെ കണ്ടെത്തുന്നതിനായാണ് 'ഓപ്പറേഷൻ യെല്ലോ' പദ്ധതി ആരംഭിച്ചത്. പ്രസ്തുത ഓപ്പറേഷനിലൂടെ 17,136 മുൻഗണനാകാർഡുകൾ കണ്ടെത്തുകയും ഇതിനുള്ള പിഴയായി 4,22,43,377 രൂപ ഇവരിൽ നിന്ന് ഈടാക്കുകയും ചെയ്തിട്ടുണ്ട്.*

*പുതിയ കാർഡുകളുടെ വിതരണം :- തെരുവോരത്തും, വാടകയ്കക്കും താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കാത്ത സാഹചര്യവും ഉണ്ടായിരുന്നു. തെരുവോരത്ത് താമസിക്കുന്നവർക്കും വാടകയ്ക്ക് താമസിക്കുന്നവർക്കും ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിച്ചു. ഈ സർക്കാർ ചുമതലയേറ്റശേഷം 3,34,431 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. അർഹരായവർക്ക് തരം മാറ്റി നൽകിയ 3,39,860 മുൻഗണനാ കാർഡുകൾക്ക് പുറമെയാണിത്. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ*

***താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി 6,560 പുതിയ കാർഡുകളും വിതരണം ചെയ്തു.***

***മുഴുവൻ അതിദരിദ്രർക്കും റേഷൻ കാർഡ് :- തദ്ദേശ സ്വയംഭരണ വകുപ്പ് അതിദരിദ്രരായി കണ്ടെത്തിയ 7,316 പേർക്ക് റേഷൻ കാർഡുകൾ അനുവദിച്ചിട്ടില്ല എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് വകുപ്പ് നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 5,132 പേർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിഞ്ഞു.***

***ഒപ്പം പദ്ധതി :- റേഷൻ കടയിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചു. പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

***സഞ്ചരിക്കുന്ന റേഷൻ കടകൾ :- വനമേഖലകൾ, എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങൾ, ആദിവാസി ഊരുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുക എന്നതാണ് സഞ്ചരിക്കുന്ന റേഷൻകടകളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ 134 ആദിവാസി***



*ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ സേവനം ലഭ്യമാണ്.*

*കേരള സ്റ്റോർ (കെ-സ്റ്റോർ):- റേഷൻ കടകളുടെ പശ്ചാത്തല സൗകര്യം വിപുലപ്പെടുത്തി സമാർട്ട് കാർഡുകളുടെ സഹായത്തോടെ മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേമെന്റ്, ചോട്ടു ഗ്യാസ് വിതരണം, മിൽമ ഉൽപന്നങ്ങൾ, ശബരി ബ്രാന്റ് ഉൽപന്നങ്ങൾ എന്നിവ റേഷൻ കടകളിൽ ലഭ്യമാക്കി ഘട്ടം ഘട്ടമായി കെ-സ്റ്റോറുകളാക്കി മാറ്റുന്ന നടപടി പുരോഗമിച്ചു വരുന്നു.*

*ആധാർ സീഡിംഗ് :- ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തണമെന്നാണ് ദേശീയ ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്നത്. ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ മുൻഗണനാ വിഭാഗം റേഷൻ കാർഡുകളുടെ ആധാർ സീഡിംഗ് 96% ആയിരുന്നു. മുൻഗണനേതര വിഭാഗത്തിന്റെ 94.12 ശതമാനവും. എന്നാൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടത്തിയ വലിയ ഇടപെടലിലൂടെ എല്ലാ വിഭാഗത്തിലുള്ള റേഷൻ കാർഡുകളുടെയും ആധാർ സീഡിംഗ് 100 ശതമാനത്തിലെത്തിക്കാൻ കഴിഞ്ഞു. ഇന്ത്യയിൽ തന്നെ ഈ നേട്ടം കൈവരിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം.*

*റേഷൻകടയിലെ ഇ-പോസും ത്രാസും തമ്മിൽ ബന്ധിപ്പിക്കൽ പദ്ധതി :- ഇ-പോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്ന സാഹചര്യത്തിൽ, ത്രാസ്സിലെ തൂക്കം കൃത്യമായാൽ മാത്രമെ ഇ-പോസ് മെഷീനിൽ നിന്ന് ബിൽ പ്രിന്റ് ചെയ്യുകയുള്ളു. റേഷൻ വിതരണത്തിലെ സുതാര്യത ഉറപ്പുവരുത്തുന്ന ഇ-പോസും ത്രാസ്സും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി തയ്യാറായിട്ടുണ്ട്.*

*ശാസ്ത്രീയ ഗോഡൗണുകളുടെ നിർമ്മാണം :- സംസ്ഥാനത്തെ 83 റേഷനിംഗ് താലൂക്കിലും ഉചിതമായ സ്ഥലം കണ്ടെത്തി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കോന്നി, കോഴഞ്ചേരി, കൊച്ചി, പീരിമേട്, ഉടുമ്പൻചോല, പയ്യന്നൂർ, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) ഉപയോഗിച്ചുകൊണ്ട് ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള സർക്കാർ അനുമതിയും ലഭ്യമായിട്ടുണ്ട്.*

*സോഷ്യൽ ഓഡിറ്റ് :- ഭക്ഷ്യഭദ്രതാ നിയമം 2016 അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സംവിധാനം കേരളത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന - ജില്ലാ - താലൂക്ക് തലങ്ങളിലുള്ള വിജിലൻസ് സമിതികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്.*

*റാഗി വിതരണം :- റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ കൂടുതൽ പോഷക സമൃദ്ധമാക്കുന്നതിന് 'ഡൈവേഴ്സിഫിക്കേഷൻ ഓഫ് ഫുഡ് ബാസ്ക്കറ്റ് പദ്ധതി' നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുവരുന്നു. 2022-23 വർഷം ഐക്യരാഷ്ട്രസഭ 'International Year of Millets' ആയി പ്രഖ്യാപിച്ച സാഹചര്യത്തിലും ചെറുധാന്യങ്ങളുടെ പോഷകഗുണത്തെ സംബന്ധിച്ച്*

*ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുമായി ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട റേഷൻ ഡിപ്പോകൾ വഴി മുൻഗണന ഗുണഭോക്താക്കൾക്ക് റാഗി വിതരണം ചെയ്യുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.*

*പോക്കറ്റിൽ സൂക്ഷിക്കാവുന്ന ATM മാതൃകയിലുള്ള റേഷൻ കാർഡുകൾ വിതരണം നടത്തി. റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിന് 'തെളിമ പദ്ധതി' നടപ്പിലാക്കി. പൊതുവിതരണം കുറ്റമറ്റതും സുതാര്യമാക്കുന്നതിനായി പൊതുവിതരണ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ GPS ഘടിപ്പിക്കൽ, NFSA ഗോഡൗണുകളിൽ CCTV സംവിധാനം ഏർപ്പെടുത്തൽ എന്നിവ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിൽ പൊതുവിതരണം നടത്തുന്ന എല്ലാ വാഹനങ്ങളിലും GPS സംവിധാനം ഘടിപ്പിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. റേഷൻകട പരിശോധനയ്ക്ക് FPS മൊബൈൽ ആപ്പ് ഏർപ്പെടുത്തി. റേഷൻ കടയിൽ റേഷനിംഗ് ഇൻസ്പെക്ടർ നടത്തുന്ന പരിശോധന മേലുദ്യോഗസ്ഥർക്ക് കാണുവാനും റേഷൻ കടകളിൽ നടത്തേണ്ട പതിവ് പരിശോധന നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഇതിലൂടെ കഴിയും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പല കാരണങ്ങളാൽ താൽകാലികമായി റദ്ദ് ചെയ്ത 750 ഓളം റേഷൻ കടകളുടെ ലൈസൻസ് പുനഃസ്ഥാപിക്കുക/ സ്ഥിരമായി റദ്ദ് ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിച്ചു. സ്ഥിരമായി റദ്ദ് ചെയ്ത കടകളുടെ ലൈസൻസി നിയമനത്തിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്ത് 27 റേഷൻ കടകൾ പുതുതായി ആരംഭിച്ചു.*

326. കോൺഗ്രസ് ആവിഷ്കരിച്ച ദേശീയ പൊതുവിതരണ നയം കേരളത്തിലെ ബി.പി.എൽ പരിധിയിലെ ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽനിന്നു പുറത്താക്കുന്ന സ്ഥിതി സൃഷ്ടിച്ചു. യു.ഡി.എഫ് രൂപം നൽകിയ ലിസ്റ്റിൽ നിന്ന് അനർഹരായ 15 ലക്ഷം പേരെ നീക്കം ചെയ്തതിന്റെ ഫലമായി തുല്യ എണ്ണം അർഹരെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. അർഹരായ മുഴുവൻ പേരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള പരിശ്രമം തുടരും. കേരളത്തിലെ മുൻഗണനാ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനു കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും.

*ഈ സർക്കാർ ചുമതലയേറ്റെടുത്തശേഷം അനർഹർ കൈവശം വച്ചുവന്നിരുന്ന 1,72,312 കാർഡുകൾ പിഴയോ ശിക്ഷയോ ചുമത്താതെ, സ്വമേധയാ സർക്കാരിലേക്ക് സറണ്ടർ ചെയ്തു. സറണ്ടർ ചെയ്യപ്പെട്ട കാർഡുകൾ ഉൾപ്പെടെ 3,39,860 മുൻഗണനാ കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായവർക്ക് തരം മാറ്റി വിതരണം നടത്തുകയുണ്ടായി. സംസ്ഥാനത്ത് 1,54,80,040പേരെ മാത്രമാണ് നിലവിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ട് രണ്ടുതവണ കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയെ കാണുകയുണ്ടായി. എന്നാൽ അടുത്ത ജനസംഖ്യ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമെ ഇതു സംബന്ധിച്ച നടപടികളെ*

*കുറിച്ച് ആലോചിക്കാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ വികലമായ നയസമീപനം കാരണം സംസ്ഥാനത്തെ അർഹരായ ലക്ഷക്കണക്കിന് ആൾക്കാർക്ക് അർഹമായ റേഷൻ വിഹിതം ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. മുൻഗണനാ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കണണമെന്ന ആവശ്യം സംസ്ഥാനസർക്കാർ നിരന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുന്നു. പ്രസ്തുത വിഷയം ചൂണ്ടിക്കാട്ടി കേരള നിയസഭയിൽ പ്രമേയം പാസാക്കുകയുണ്ടായി.*

327. പൊതുകമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് 70 പുതിയ വിൽപ്പനശാലകൾ സിവിൽ സപ്ലൈസ് ആരംഭിച്ചു. 97 വിൽപ്പനശാലകളെ അപ്ഗ്രേഡ് ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമർഫെഡിനെയും ശക്തിപ്പെടുത്തും. സഹകരണ സംഘങ്ങളുടെ അതിവിപുലമായ ശൃംഖലയെ ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഉപയോഗപ്പെടുത്തും. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കും.

*പൊതു കമ്പോളത്തിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി സപ്ലൈകോ വലിയതോതിലുള്ള ഇടപെടലുകൾ നടത്തിവരുന്നു. 13 ഇനം അവശ്യസാധനങ്ങൾ 2016 ലെ വിലയ്ക്ക് നൽകിവരുന്നു. കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ പുതിയതും നവീകരിച്ചതുമായ 87 സപ്ലൈകോ വിൽപ്പനശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സ്പെഷ്യൽ മാർക്കറ്റുകൾ നടത്തിവരുന്നു. കഴിഞ്ഞ ഓണക്കാലത്ത് വിപണി ഇടപെടലിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ താലൂക്കുകളിലായി 700 പോയിന്റുകളിൽ സഞ്ചരിക്കുന്ന മാവേലി വിൽപ്പനശാലകളെത്തി സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ വിതരണം ചെയ്തിരുന്നു.*

328. കേരളത്തിലെ റേഷൻ കട ശൃംഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി എൻ.ടു.എൻ കമ്പ്യൂട്ടറൈസേഷൻ, ഇപോസ് മെഷീനുകൾ, വാതിൽപ്പടി വിതരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഏത് കാർഡ് ഉടമയ്ക്കും ഏത് റേഷൻ കടയിൽ നിന്നും സാധനങ്ങൾ വാങ്ങാം. പരാതി പരിഹാരം സംവിധാനവും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ റേഷൻ കടകളെ മറ്റ് അവശ്യ ഉൽപ്പന്നങ്ങൾകൂടി നിയന്ത്രിത വിലയ്ക്ക് വിൽക്കുന്നതിന് അനുവാദം നൽകും. ഇത് റേഷൻകടകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഈ വിപണന ശൃംഖലയെ നിലനിർത്തുന്നതിനും സഹായിക്കും.

*നിലവിലെ റേഷൻകടകൾ ഘട്ടംഘട്ടമായി സ്മാർട്ട് റേഷൻകടകളാക്കി അപ്ഗ്രേഡ് ചെയ്ത് 'കേരള സ്റ്റോർ' എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്ന നടപടികൾ നടന്നുവരുന്നു. പ്രസ്തുത സ്റ്റോറുകളിൽ മിനി ബാങ്കിഗ്*

*സേവനങ്ങൾ, യുട്ടിലിറ്റി പേമെന്റുകൾ അടയ്ക്കുന്നതിനുള്ള സൗകര്യം, ചോട്ടുഗ്യാസ് വിതരണം, മിൽമ ഉൽപ്പന്നങ്ങളുടെ വിതരണം, ശബരി ഉത്പന്നങ്ങൾ എന്നിവ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഗ്രാമീണമേഖലയിലെ ഉപഭോക്താക്കൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുവാനും റേഷൻ വ്യാപാരികൾക്ക് കൂടുതൽ വരുമാനവും നേടുവാൻ കഴിയും. സഞ്ചരിക്കുന്ന റേഷൻ കടയുടെ സേവനം പട്ടിക വിഭാഗങ്ങൾ തിങ്ങിപാർക്കുന്ന കോളനികൾ, തീരദേശ മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിൽ സംസ്ഥാനത്തെ 134 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കടയുടെ സേവനം ലഭ്യമാക്കുവാൻ കഴിഞ്ഞു.*

*റേഷൻ കടയിൽ നേരിട്ടെത്തി സാധനം കൈപ്പാൻ കഴിയാത്ത അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് റേഷൻ ലഭ്യമാക്കുന്ന 'ഒപ്പം' പദ്ധതി തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചു. പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.*

329. ഉപഭോക്താക്കൾക്കുള്ള സേവനം മെച്ചപ്പെടുത്താൻ ഹോട്ടലുകൾ, പലചരക്കു കടകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവയ്ക്ക് ഔദ്യോഗിക റേറ്റിംഗ് നൽകുന്നതിനുള്ള സ്കീം ആരംഭിക്കും.

*ഹോട്ടലുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രാഥമികമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മേഖലയിലെ വിദഗ്ധരുമായി നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ നിയമം, തദ്ദേശ സ്വയംഭരണം, ഭക്ഷ്യസുരക്ഷാ എന്നീ വകുപ്പുകളുടെ അഭിപ്രായം സ്വരൂപീക്കുന്ന നടപടികൾ നടന്നു വരുന്നു.*

330. ഇന്ത്യയെ പലരും വിശപ്പിന്റെ റിപ്പബ്ലിക് എന്നാണ് വിശേഷിപ്പിക്കുക. ഇങ്ങനെയൊരു രാജ്യത്ത് കേരളത്തെ വിശപ്പുരഹിത സംസ്ഥാനമാക്കി മാറ്റും. ജനകീയ ഹോട്ടലുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമാക്കുക മാത്രമല്ല, ജനസംഖ്യാനുപാതികമായി അവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും. പ്ലാന്റേഷൻ മേഖലയിൽ പ്രത്യേകമായി ജനകീയ ഹോട്ടലുകൾ സ്ഥാപിക്കും.

*വിശപ്പുരഹിതം പദ്ധതിയുടെ ഭാഗമായി 50 സുഭിക്ഷ ഹോട്ടലുകൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, മറ്റു സന്നദ്ധ സംഘടനകൾ, സപ്ലൈകോ, സഹകരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ 20 രൂപാ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ*




***ആഭിമുഖ്യത്തിൽ നടന്നുവരുന്ന ജനകീയ ഹോട്ടലുകൾക്കും പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സുഭിക്ഷ ഹോട്ടലുകൾക്കും ഇതിന്റെ അടിസ്ഥാനത്തിൽ ഒരു മാസം പരമാവധി 600 കിലോ അരി 10.90 രൂപ നിരക്കിൽ നൽകിവരുന്നു.***

# IV

# കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന സൃഷ്ടിക്കും

331. കൃഷിക്കാരുടെ വരുമാനം കാർഷികോൽപ്പാദന ക്ഷമത, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കും. ഇവിടങ്ങളിൽ എല്ലാമുള്ള ഏകോപിത പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധന അഞ്ചു വർഷംകൊണ്ട് സൃഷ്ടിക്കും. ഇതു മോണിറ്റർ ചെയ്യുന്നതിന് എല്ലാ വർഷവും ശാസ്ത്രീയ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങളുടെ വരുമാന കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു വഴി ശേഖരിക്കും.

***മന്ത്രിസഭാ ഉപസമിതി പ്രവർത്തനം നടത്തി വരുന്നു. ഉപ സമിതിയുടെ ശുപാർശ പ്രകാരം വാല്യൂ ആഡഡ് അഗ്രിക്കൾച്ചറൽ മിഷൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.***

332. ഏറ്റവും പ്രധാനപ്പെട്ടതാണ് കൃഷിയുടെ ഉൽപ്പാദനക്ഷമത ഉയർത്തൽ. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 45 ടണ്ണായി ഉയർത്തും. നാളികേരളത്തിന്റെ ശരാശരി ഉൽപ്പാദനം 80 തേങ്ങയായി ഉയർത്തും. ഇതുപോലെ ഓരോ വിളകളുടെയും ഉൽപ്പാദനക്ഷമതയുടെ ടാർജറ്റുകൾ നിശ്ചയിക്കുകയും വിത്ത്, വളം, വെള്ളം, കാർഷികവൃത്തി എന്നിവയിലെ ശാസ്ത്രീയ ഇടപെടലുകളിലൂടെ കൈവരിക്കുകയും ചെയ്യും.

***2022-23 സാമ്പത്തിക വർഷത്തിൽ 88,231.134 ഹെക്ടർ പാടശേഖരങ്ങൾക്ക് നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം എന്നിവയ്ക്ക് ധന സഹായം നല്കി. 48.92 കോടി രൂപ നെൽകൃഷി വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ വർഷം 98 കേരഗ്രാമങ്ങൾ നടപ്പിലാക്കി. 12,63,567 തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. 47.861 കോടി രൂപ നാളികേര വികസനത്തിനായി ചെലവഴിച്ചു.***

333. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിക്ക് അത്യന്താപേക്ഷിതമാണ്. ഇതിനാവശ്യമായ ജലസംഭരണികളും ജലനിർഗമന ചാലുകളും മണ്ണ് സംരക്ഷണ നിർമ്മിതികളും സൃഷ്ടിക്കുകയും പരിപാലിക്കുകയും വേണം. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ വിപുലമായ തോതിൽ ഉപ

യോഗപ്പെടുത്തും. നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ രൂപീകരിക്കും. വിള കലണ്ടറും പ്ലാനും തയ്യാറാക്കും.

***കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ നവകേരളം കർമ്മ പദ്ധതിയുടെ (2016 -2021) കാലയളവിൽ ആകെയുള്ള 941 പഞ്ചായത്തുകളിൽ 914 പഞ്ചായത്തുകളുടെ നീർത്തട പ്ലാനുകൾ പൂർത്തിയായി. ഇതിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യഘട്ടത്തിൽ, ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടി മുന്നോട്ടു പോകുന്നതിനായി നവകേരളം കർമ്മപദ്ധതി II സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.***

334. മണ്ണ് പരിശോധനാ-ജലപരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുകയും സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന തരത്തിലുള്ള ലാബുകൾ വ്യാപിപ്പിക്കുകയും ചെയ്യും. എല്ലാ കൃഷിക്കാർക്കും മണ്ണ് ആരോഗ്യ കാർഡുകൾ നൽകും.

***2021-22 വർഷത്തിൽ 78,963 മണ്ണ് ആരോഗ്യകാർഡുകൾ നൽകിയിട്ടുണ്ട്. 2022-23 വർഷത്തിൽ 125,881 മണ്ണ് ആരോഗ്യകാർഡുകൾ നൽകിയിട്ടുണ്ട്.***

335. പച്ചക്കറി, നെല്ല്, കിഴങ്ങു വർഗ്ഗങ്ങൾ, പഴങ്ങൾ, പാൽ, മുട്ട, മത്സ്യം, ഇറച്ചി ഇവയുടെ ഉൽപ്പാദനത്തിൽ ഒരു കുതിപ്പു സൃഷ്ടിക്കുന്നതിനുള്ള ജനകീയ യജ്ഞമാണ് സുഭിക്ഷ കേരളം പദ്ധതി. വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും കാർഷിക ഏജൻസികളും ചേർന്നുള്ള ഏകോപിത പ്രവർത്തന ശൈലി മുന്നോട്ടു കൊണ്ടുപോകും. പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും.

***പച്ചക്കറി ഉല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 46.06 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 193.54 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. 694 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി. 5,365 എണ്ണം പമ്പ് സെറ്റുകൾ വിതരണം ചെയ്തു. 579 ഹെക്ടറിൽ cool seaosn vegetables കൃഷി ചെയ്തു. പരമ്പരാഗത കൃഷി 87.41 ഹെക്ടറിൽ നടപ്പിൽ വരുത്തി. മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ 35,037 യൂണിറ്റ് ചെടിച്ചട്ടി കൃഷി/ലംബകൃഷി എന്നിവ നടപ്പിലാക്കി. പച്ചക്കറി വികസന പദ്ധതികൾക്കായി 39.78 കോടി രൂപ ചെലവഴിച്ചു. 6.64 ലക്ഷം ദീർഘകാല പച്ചക്കറി ഇനങ്ങൾ വിതരണം ചെയ്തു. ടി സാമ്പത്തിക വർഷത്തിൽ എല്ലാ ഘടകപദ്ധതികളും നടപ്പിലാക്കിയത് വഴി 1.14 ലക്ഷം ഹെക്ടറിൽ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.***

336. സംസ്ഥാനത്തെ വിളകളെ സംരക്ഷിക്കാനും കർഷകരെ രക്ഷിക്കാനും വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള (പാർക്കുകൾ) സ്ഥാപിക്കും. സാധ്യമായ എല്ലാ മേഖലകളിലും മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം നടത്തുന്ന കമ്പനികൾ സ്ഥാപിക്കും. കൃഷിരംഗത്തേക്ക്

വരുന്ന യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ കഴിവിനനുസൃതമായി പ്രോത്സാഹിപ്പിക്കും.

***കൃഷി വകുപ്പ് സംസ്ഥാന പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് സ്മോൾ ഫോർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി വിവിധ സംരംഭകരുടെ പദ്ധതികൾ പ്രോജക്ടുകളായി സ്വീകരിക്കുകയും ആവശ്യമായ ധന, സാങ്കേതിക സഹായങ്ങൾ നൽകി വരികയും ചെയ്യുന്നു. ഫുഡ് വാല്യൂ അഡീഷൻ എന്ന പരിപാടി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും ന ടപ്പാക്കിവരുന്നു. കേരള ഫുഡ് പ്ലാറ്റ്ഫോം പ്രോജക്ടിന്റെ ഭാഗമായി കെ-ഡിസ്ക് മുഖാന്തിരം വിവിധ കാർഷിക വിളകളുടെ മൂല്യവർദ്ധനയ്ക്കായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.***

337. കർഷക ക്ഷേമ ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ബോർഡിന്റെ പ്ര വർത്തനത്തിലൂടെ കൃഷിക്കാർക്കു പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുകയും ചെയ്യും.

***കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമാക്കുകയും നാളിതുവരെ 17,584 കർഷകർ രജിസ്ട്രർ ചെയ്തിട്ടുണ്ട്.***

338. കൃഷി ഭവൻ വഴിയുള്ള എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. തരിശ് ഭൂമി കണ്ടെത്തി അവിടെ കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും.

***കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി 231 ട്രെയിനിംഗ് നടത്തി. 2022-23 വർഷത്തിൽ 7,116 ഹെക്ടർ സ്ഥലത്ത് തരിശ് ഭൂമിയിൽ വിവിധ വിളകൾ കൃഷി ചെയ്തിട്ടുണ്ട്.***

339. പച്ചക്കറികളുടെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കും. ഉത്തമ കാർഷിക പ്രയോഗങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറവിട ട്രെയിസിംഗ് പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുന്നതിനും ശ്രമിക്കും. വിഷാംശത്തിനും മായം ചേർക്കലിനും എതിരെ കർശനമായ നടപടികൾ സ്വീകരിക്കും.

***പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2 പെസ്റ്റിസൈഡ് റെസിഡ്യൂ ലബോറട്ടറി കൾ കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടുകൂടി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.***

340. കാർഷിക സർവ്വകലാശാലയ്ക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കും. സർവ്വകലാശാലയിൽ കാർഷിക മേഖലയോടു ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ പുതിയതായി ആരംഭിക്കും. എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

***കേരള കാർഷിക സർവ്വകലാശാലയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് 2023-24 വർഷം 75.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം***

*14 സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. 3,000 സ്റ്റാർട്ടപ്പുകൾ പരിശീലനം കൊടുക്കുകയും നവീന ആശയങ്ങൾക്ക് 5 ലക്ഷം രൂപയും വാണിജ്യാടിസ്ഥാനത്തിൽ സംരംഭം വികസിപ്പിക്കാനായി 25 ലക്ഷം രൂപയും എന്ന ക്രമത്തിൽ 6 കോടി രൂപ വിതരണം ചെയ്തു. 937 പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.*

341. കേരള ബാങ്കിന്റെ സ്ഥാപനം കാർഷിക വായ്പകൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സൗകര്യമൊരുക്കുന്നുണ്ട്. താഴ്ന്ന പലിശയ്ക്ക് വായ്പ ലഭ്യമാക്കും. കാർഷിക മേഖലയിലേയ്ക്കുള്ള വായ്പകൾ കൃത്യമായി മോണിറ്റർ ചെയ്യും.

*കാർഷിക മേഖലയിൽ വായ്പാ വിതരണത്തിനുള്ള നടപടികൾ കേരള ബാങ്ക് കൈക്കൊള്ളുന്നുണ്ട്. ഈ നടപടികളുടെയും സംസ്ഥാന സർക്കാരിന്റെ മറ്റു ഇടപെടലുകളുടെയും ഫലമായി കോവിഡിന് ശേഷം കാർഷിക അനുബന്ധ മേഖലകളിലെ സ്ഥിര വിലയിൽ 4.6 ശതമാനം വളർച്ചാ നിരക്ക് 2021-22 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.*

342. കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, ഓയിൽ പാം കമ്പനി, ആഗ്രോ ഇൻഡ്സ്ട്രീസ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കും.

*കാർഷിക മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.*

## പച്ചക്കറി

343. രാജ്യത്ത് ആദ്യമായി പച്ചക്കറിക്ക് തറവില പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ഇത് നടപ്പാക്കുന്നത് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിലുള്ള കോഓപ് മാർട്ടുകളും വിഎഫ്സികെയും വഴിയാണ്. എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലെയും കോഓപ് മാർട്ടുകൾ അവിടത്തെ കാർഷിക ഉൽപന്നങ്ങൾ വാങ്ങുകയും ചില്ലറ വിൽപന നടത്തുകയും ചെയ്യും. തറവില നടപ്പാക്കുന്നതിനുള്ള നഷ്ടം നികത്തുന്നതിന് കോഓപ്പ് മാർട്ടുകൾക്ക് 5 ലക്ഷം രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു ചെലവഴിക്കാം.

*പഴം-പച്ചക്കറികൾക്ക് തറവില നല്കുന്നത് 2020 നവംബർ മുതൽ ആരംഭിച്ചു. 2022-23 വർഷത്തിൽ 145 ലക്ഷം രൂപ ചിലവഴിച്ചു.*

344. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽനിന്ന് സംഭരണം നടത്തുന്നതിനു വി.എഫ്.പി.സി.കെ യ്ക്ക് പ്രത്യേക ധനസഹായം നൽകും.

*2022-23 ൽ 975 ലക്ഷം രൂപ വി.എഫ്.പി.സി.കെ. ചിലവഴിച്ചു. 2023-24 ൽ*

***2300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.***

345. ജൈവകൃഷിയടക്കമുള്ള ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് പച്ചക്കറിയുടെയും വാഴയുടെയും വിള വിസ്തൃതി 75,000 ഹെക്ടറായി വർദ്ധിപ്പിക്കും. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പച്ചക്കറി ഉൽപ്പാദനം ഇരട്ടിയാകും. കേരള ഓർഗാനിക് ബ്രാൻഡ് പ്രചരിപ്പിക്കും.

***ജൈവകൃഷി വ്യാപനം, മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് എന്നിവ ഉൾപ്പെടുത്തി ജൈവകൃഷി മിഷൻ രൂപീകരണം അന്തിമ ഘട്ടത്തിലാണ്.***

346. പച്ചക്കറി ഉൽപ്പാദന കേന്ദ്രങ്ങളിൽ സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ ഏർപ്പെടുത്തും. എല്ലാ ബ്ലോക്കിലും മിച്ച പച്ചക്കറികൾ സൂക്ഷിക്കുന്നതിനുള്ള ചില്ലർ റൂം സർവ്വീസ് സഹകരണ ബാങ്കുകളോ, കാർഷിക ഏജൻസികളുമായോ ബന്ധപ്പെട്ട് സ്ഥാപിക്കും.

***പച്ചക്കറി സംഭരണത്തിന് ചില്ലർ സ്റ്റോറേജുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.***

347. നമ്മുടെ പുരയിടങ്ങളുടെ വലിപ്പം വളരെ ചെറുതാണ്. അതുകൊണ്ട് അയൽക്കൂട്ട ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിടകൃഷിയെ പ്രോത്സാഹിപ്പിക്കും. വിത്ത്, വളം തുടങ്ങിയവയുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂട്ടമായി നടത്തും.

***'ഞങ്ങളും കൃഷിയിലേക്ക് ' എന്ന ബൃഹത്തായ പദ്ധതിയുടെ ഭാഗമായി ഇതുവരെ 23,423 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സംയോജിത കൃഷി നടപ്പാക്കുകയാണ്.***

348. നഗരകൃഷിയെ പ്രോത്സാഹിപ്പിക്കും. റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ടെറസ്, മുറ്റം കൃഷികളെ പ്രോത്സാഹിപ്പിക്കും. ഗാർഹിക മാലിന്യ കംപോസ്റ്റിങ്ങും നഗരകൃഷിയേയും സംയോജിപ്പിക്കും. ഫ്ലാറ്റുകളിലും മറ്റും മലിനജല പുനചംക്രമണം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.

***നഗരകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷൻ വഴിയും പൊതുജനങ്ങൾക്ക് നേരിട്ടും കൃഷി ചെയ്യുന്നതിനാവശ്യമായ വിത്തുകളും, തൈകളും വിതരണം നടത്തിയിട്ടുണ്ട്. മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ 35,037 ചെടിച്ചട്ടി കൃഷി/ ലംബകൃഷി നടപ്പിലാക്കി.***

349. വർഷംതോറും ഒരുകോടി ഫലവൃക്ഷതൈകൾ നടുന്നതിനുള്ള ദശവത്സര പരിപാടി 50,000 കോടി രൂപയുടെ അധിക വരുമാനം സംസ്ഥാനത്തു സൃഷ്ടിക്കും. കൃഷി വകുപ്പിന്റെ ഏജൻസികളുടെയും തദ്ദേശഭരണ

സ്ഥാപനങ്ങളുടെയും നഴ്സറികൾ വഴിയാണ് ആവശ്യമായ നടീൽ വസ്തുക്കൾ കണ്ടെത്തുക. ഓരോ പഞ്ചായത്തിലും നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് പ്ലോട്ട് അടിസ്ഥാനത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കും, മോണിറ്റർ ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ ഉൽപ്പാദന വർദ്ധനവിനായി അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.

***ഒരു കോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി 2022-23 വർഷത്തിലും നടപ്പിലാക്കി. 64.63 ലക്ഷം ഫലവർഗ്ഗ തൈകൾ വിതരണം നടത്തി.***

350. ഫലവൃക്ഷങ്ങൾക്കു മാത്രമല്ല, നെല്ല് അടക്കമുള്ള എല്ലാ വിളകളുടെയും വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തും. ഉയർന്ന ഉൽപ്പാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള ഇനങ്ങൾ ലഭ്യമാക്കും. ഉപ്പുരസം കൂടുതലുള്ള ഭൂമിയിൽ കൃഷി ചെയ്യാവുന്ന നെല്ലിനങ്ങൾക്കും മറ്റും പ്രാധാന്യം നൽകും.

***2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി 3,966.64 ടൺ നെൽ വിത്തും കൃഷി വകുപ്പ് വഴി 46.06 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 193.54 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന് കീഴിൽ പ്രവൃത്തിയ്ക്കുന്ന***



***വിവിധ ഫാമുകൾ വഴി നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. പൊക്കാളി കൃഷിക്ക് പ്രാധാന്യം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.***

## നെല്ല്

352. നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. തരിശുരഹിത ഗ്രാമം പദ്ധതി സാർവ്വത്രികമാക്കും. പഞ്ചായത്തുകളുടെ മുൻകൈയിൽ റിയൽ എസ്റ്റേറ്റുകാർ വാങ്ങി തരിശ്ശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുത്ത് കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യിക്കും.

***2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 4,481 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചു. 16,867 അംഗങ്ങൾ പ്രവർത്തിക്കുന്നു . 2022-23 സാമ്പത്തിക വർഷത്തിൽ 7116 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കി.***

353. കേരളത്തിലെ മുഴുവൻ നെൽകൃഷി ഭൂമിയുടെയും ആധുനിക ഡാറ്റാ ബെയ്സ് സൃഷ്ടിക്കും. ഓരോ നെൽകൃഷി വയലും ജിപിഎസുമായി ബന്ധപ്പെടുത്തും. ഇതുവഴി തരിശ്ശുഭൂമി നിർമ്മാർജ്ജന പരിപാടി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനു കഴിയും.

***കേരളത്തിൽ ഡാറ്റാ ബാങ്ക് ആവശ്യമായ എല്ലാ പഞ്ചായത്തിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.***

354. നെല്ലിന് കേന്ദ്രസർക്കാരിന്റെ സംഭരണ വില 18 രൂപ ആയിരിക്കുമ്പോൾ കേരളം നൽകുന്നത് 28 രൂപയാണ്. പാലക്കാട്ടെയും ആലപ്പുഴയിലെയും തൃശ്ശൂരിലെയും റൈസ് പാർക്കുകൾ പ്രവർത്തനക്ഷമമാകുന്നതോടെ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. നെല്ലിന്റെ സംഭരണവില കാലോചിതമായി വർദ്ധിപ്പിക്കും. സംഭരണവില കാലതാമസമില്ലാതെ കൃഷിക്കാർക്കു ലഭിക്കുമെന്ന് ഉറപ്പുവരുത്തും.

***2022-23 സീസണിൽ ഇതുവരെ 5,17,794 ടൺ നെല്ല് സപ്ലൈകോ വഴി സംഭരിക്കുകയും 1,321.78 കോടി രൂപ കർഷകർക്ക് സംഭരണ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 1,75,610 കർഷകർക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്.***

355. തരിശുരഹിത പഞ്ചായത്ത് സ്കീം വ്യാപകമാക്കും. ഹെക്ടറിന് 5,500 രൂപ വീതം നെൽകൃഷിക്കാർക്ക് ധനസഹായം നൽകുന്നുണ്ട്. ഇതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾ 5000 മുതൽ 10,000 രൂപ വരെ അധിക ധന സഹായവുമുണ്ട്. ഇതിനുപുറമേ ഹെക്ടറിന് 2000 രൂപ വീതം 40 കോടി രൂപ റോയൽറ്റിയായും നൽകുന്നു. ഇന്ത്യയിൽ ഏറ്റവും ഉയർന്ന തോതിലുള്ള സബ്സിഡി കേരളത്തിലാണ്. നിലവിലുള്ള റോയൽറ്റി

കാലോചിതമായി പരിഷ്കരിക്കും.

***2022-23 കാലയളവിൽ 1218.88 ഹെക്ടർ തരിശുപാടത്തിൽ നെൽകൃഷി നടപ്പിലാക്കി. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വയലുകൾ സംരക്ഷിക്കുന്നതിനും ഉടമകൾക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ റോയൽറ്റി ആയി അനുവദിച്ച് വരുന്നു. 14,498 ഹെക്ടർ നെൽവയലുകൾക്ക് 2022-23 സാമ്പത്തികവർഷം റോയൽറ്റി അനുവദിച്ചു.***

356. ഗ്രൂപ്പ് ഫാമിംഗിനെ പ്രോത്സാഹിപ്പിക്കും. ഗ്രൂപ്പ് ഫാമിംഗ് മേഖലയിൽ കാർഷിക സഹായങ്ങൾ കഴിയുന്നത്ര പാടശേഖര സമിതികൾ വഴിയാക്കും.

***നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖര സമിതികൾ രൂപീകരിച്ച് കൃഷി ചെയ്തു വരുന്നു. പാടശേഖരങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് പൊതുഞാറ്റടി തയ്യാറാക്കൽ കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തനചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ ആനുകൂല്യം നല്കി വരുന്നു.***

357. കർഷകത്തൊഴിലാളികൾക്ക് ആധുനിക കൃഷി സങ്കേതങ്ങളിൽ പരിശീലനം നൽകും. മെച്ചപ്പെട്ട സേവനം കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമെങ്കിൽ നേരിട്ട് കൃഷി ചെയ്യുന്നതിനും വേണ്ടി കാർഷിക കർമ്മസേനകൾ എല്ലാ പഞ്ചായത്തുകളിലും ആഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ആരംഭിക്കും.

***2022-23 വർഷത്തിൽ പുതിയതായി 20 ആഗ്രോ സർവീസ് സെന്ററുകൾ ആരംഭിച്ചു.***

358. കാർഷിക കർമ്മസേനകളും ആഗ്രോ സർവ്വീസ് സെന്ററുകളും വഴി നെൽകൃഷി മേഖലയിൽ യന്ത്രവൽക്കരണം വ്യാപിച്ചിട്ടുണ്ട്. യന്ത്രങ്ങളുടെ നവീകരണത്തിന് പ്രത്യേക സംവിധാനമുണ്ടാക്കും. പൊക്കാളി പാടങ്ങൾക്ക് അനുയോജ്യമായ ഉഴവ്, കൊയ്ത്ത് യന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ നടത്തും.

***2022-23 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി കാർഷിക യന്ത്രങ്ങൾ 19.639 കർഷകർക്ക് വ്യക്തിഗതമായും 422 കർഷകഗ്രൂപ്പുകൾക്കും നൽകിയിട്ടുണ്ട്.***

359. ബ്ലോക്കുകളിലെ ആഗ്രോ സർവ്വീസ് സെന്ററുകൾ കൃഷിക്കാർക്കുവേണ്ട സേവനങ്ങളുടെയെല്ലാം ഏകജാലകമായി പ്രവർത്തിക്കും. കാർഷിക കർമ്മസേനകൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുക.

***കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ (KSAMM) നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു.***

# നാളികേരം

360. പ്രായാധിക്യം കൊണ്ടും രോഗകീടബാധ മൂലവും ഉൽപാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി മെച്ചപ്പെട്ട ഇനങ്ങളുടെ തൈകൾ നടുന്നതിനായുള്ള പുനരുദ്ധാരണ പദ്ധതികൾ ഊർജ്ജിതപ്പെടുത്തും. വർഷം തോറും എല്ലാ വാർഡുകളിലും 75 എണ്ണം വീതം തെങ്ങിൻ തൈകൾ വിതരണം ചെയ്യും. ഇങ്ങനെ ഒരു കോടി തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുകയാണ് ലക്ഷ്യം. ടിഷ്യൂ കൾച്ചർ സാങ്കേതികവിദ്യയെ ഉത്തമ തൈകൾ സൃഷ്ടിക്കുന്നതിന് ഉപയോഗപ്പെടുത്തും.

***2022-23 സാമ്പത്തിക വർഷത്തിൽ കേരള നാളികേര കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 12.64 ലക്ഷം തെങ്ങിൻ തൈകൾ വിതരണം നടത്തി.***

361. സർവ്വീസ് സഹകരണ ബാങ്കുകൾ കേരോൽപ്പന്ന മൂല്യവർദ്ധന വൈവിദ്ധ്യവൽക്കരണ സംരംഭങ്ങൾ നേരിട്ടോ കർഷക ഫെഡറേഷൻ വഴിയോ നടത്തുന്നതിന് പ്രോത്സാഹിപ്പിക്കും. സർക്കാർ പ്രഖ്യാപിത തറവില ഉറപ്പാക്കിക്കൊണ്ട് നാളികേര സംസ്കരണ സംഘങ്ങൾ സംഭരിക്കും. കഴിവതും തെങ്ങുകയറ്റ സംഘങ്ങളെ ഉപയോഗപ്പെടുത്തി കൃത്യമായി തേങ്ങയിടുകയും ആവശ്യമായ കാർഷിക പരിചരണങ്ങൾ നൽകുകയും ചെയ്യും. ചകിരി കയർഫെഡ്ഡു വഴി ആദായവിലയ്ക്കു സംഭരിക്കും. വെളിച്ചെണ്ണയും മറ്റ് ഉൽപ്പന്നങ്ങളും പ്രാദേശിക കമ്പോളത്തിനു പുറമേ ബ്രാൻഡ് ചെയ്ത് പുറത്തു വിൽക്കുന്നതിനും ഏർപ്പാടുണ്ടാകും. മൂല്യവർദ്ധനയിലെ ലാഭത്തിൽ ഒരുപങ്ക് കൃഷിക്കാർക്കു ബോണസായി നൽകും.

***മൂല്യവർദ്ധിത കാർഷിക മിഷന്റെ പരിധിയിൽ ഉൾപ്പെടുത്തി സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.***

362. പഴയ തെങ്ങുകൾ വെട്ടിമാറ്റി താരതമ്യേന പൊക്കം കുറഞ്ഞ, ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള നാളികേര ഇനങ്ങൾ റീപ്ലാന്റ് ചെയ്യുന്ന സ്കീം വിപുലപ്പെടുത്തും. ടിഷ്യു കൾച്ചർ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കും. ഇടവിള കൃഷിയും ജലസേചനവും പ്രോത്സാഹിപ്പിക്കും.

***2022-23 സാമ്പത്തിക വർഷത്തിൽ നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഈ വർഷം 98 കേരഗ്രാമങ്ങൾ നടപ്പിലാക്കി. 12,63,567 തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു. 47.86 കോടി രൂപ നാളികേര വികസനത്തിനായി ചെലവഴിച്ചു.***

363. കൃഷിക്കാരുടെ ഉടമസ്ഥതയിൽ നാളികേര മൂല്യവർദ്ധിത വ്യവസായങ്ങളെ വളർത്തിയെടുത്തുകൊണ്ടു മാത്രമേ കൃഷിക്കാരുടെ വരുമാനം ഗണ്യമായി ഉയർത്താനാകൂ. ഇതിനായി സർവ്വീസ് സഹകരണ ബാങ്കുകളുടെ

ആഭിമുഖ്യത്തിൽ നേരിട്ടോ കൃഷിക്കാരുടെ ഉടമസ്ഥതയിലോ നാളികേര ക്ലസ്റ്റർ സ്ഥാപിക്കും. ക്ലസ്റ്ററിന്റെ ആഭിമുഖ്യത്തിൽ തേങ്ങയിടുന്നതിനും സംഭരിക്കുന്നതിനുമുള്ള സംവിധാനത്തിനു രൂപം നൽകും.

***കേരഗ്രാമം പദ്ധതിയിൽ കേരസമിതികൾ രൂപീകരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ചു വരുന്നു.***

364. ചകിരി, വെളിച്ചെണ്ണ, മറ്റു വ്യവസായ ഉൽപ്പന്നങ്ങളിൽ നിന്നുള്ള ആദായം വഴി താങ്ങുവിലയേക്കാൾ 23 രൂപ മൂല്യവർദ്ധനയിൽ നിന്ന് ബോണസായി കൃഷിക്കാർക്കു നൽകാനാവും.

***നടപടികൾ പരിഗണനയിലാണ്***

365. തെങ്ങുകയറ്റ തൊഴിലാളികളുടെ ഇൻഷ്വറൻസ് വിപുലപ്പെടുത്തും. തെങ്ങുകയറ്റ യന്ത്രങ്ങൾ ലഭ്യമാക്കും. അനുയോജ്യമായ തെങ്ങുകയറ്റ യന്ത്രം രൂപകൽപ്പന ചെയ്യുന്നതിന് ഹാക്കത്തോൺ സംഘടിപ്പിക്കും. തെങ്ങുകയറ്റ തൊഴിലാളികളുടെ സംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ച് യൂബർ മോഡലിൽ കൃഷിക്കാരുമായി ബന്ധപ്പെടുത്തും.

***സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ഘടകം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് അഗ്രിക്കൾച്ചർ മെക്കനൈസേഷൻ മിഷന്റെ നേതൃത്വത്തിൽ യൂബർ മോഡലിൽ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

## റബർ

366. റബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. റബറിന്റെ സംഭരണവില 250 രൂപയായി ഉയർത്തും. ഇതിലൊരു ഭാഗം കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രക്ഷോഭത്തിനു മുൻകൈയെടുക്കും.

***റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി 50,000 രൂപയായി ഉയർത്തുന്നതിനും റബ്ബറിനെ താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തി കിലോയ്ക്ക് 250/- രൂപ താങ്ങുവില പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.***

367. റബ്ബർ ലാറ്റക്സും റബ്ബർ ഷീറ്റും കാർഷികോൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തും. കോട്ടയത്ത് ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ ടയർ ഫാക്ടറി അടക്കമുള്ള റബർ പാർക്ക് സ്ഥാപിക്കും. കൃഷിക്കാരിൽ നിന്നും ലാറ്റക്സ് സംഭരിക്കുന്നതിന് അമുൽ മോഡലിൽ സഹകരണ സംഘം സ്ഥാപിക്കും.

ലാറ്റക്സ് അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ് സബ്സിഡിയും സൗജന്യ പാട്ടഭൂമിയും അനുവദിക്കും.

***2021-22 സാമ്പത്തിക വർഷത്തിൽ കോട്ടയം ആസ്ഥാനമാക്കി റബ്ബർ ഉൽപ്പാദന സൗകര്യം സൃഷ്ടിക്കാനുള്ള കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പനി ഈ മേഖലയിൽ പ്രവർത്തനം നടത്തി വരുന്നു***

368. റോഡ് നിർമ്മാണത്തിൽ കേരളത്തിന്റെ മുൻകൈയിൽ റബർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കും. ദേശീയതലത്തിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

***2021 മെയ് 21-ന് ശേഷം ഏകദേശം 1,300 കി.മീ റോഡുകൾ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചു നിർമ്മിച്ചു.***

## മറ്റു തോട്ടവിളകൾ

369. നാളികേരത്തിനെന്ന പോലെ താങ്ങുവില വയനാട്ടിലെ കാപ്പി കൃഷിക്കും താങ്ങുവില നടപ്പാക്കുന്നതാണ്. നിർദ്ദിഷ്ട ഗുണനിലവാരമുള്ള കാപ്പിക്ക് 90 രൂപയായിരിക്കും തറവില. ഈ കാപ്പിക്കുരു ബ്രാൻഡഡ് കാപ്പിപ്പൊടിയായി വിപണനം ചെയ്യുന്നതിനുള്ള വിപുലമായ പരിപാടി ആവിഷ്കരിക്കും. വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സർക്കാർ നൽകും.

***കാപ്പികുരുവിന് കമ്പോള വിലയെക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി കർഷകരിൽ നിന്നും സംഭരിച്ച് അംഗീകൃത സൊസൈറ്റികൾക്ക് നൽകുന്നു. വയനാട് പാക്കേജിന്റെ ഘടകമായാണ് ഇത് നടപ്പാക്കുന്നത്. വയനാട് കോഫി പാർക്ക് സ്ഥാപിക്കുവാനുള്ള ഭൂമി ഏറ്റെടുക്കലിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.***

370. കിഫ്ബി മുതൽമുടക്കിൽ വയനാട് കോഫി പാർക്ക് സജ്ജമാകും. ഭൂരിപക്ഷം കൃഷിക്കാരുടെയും കാപ്പിക്കുരു അതോടെ തറവില അടിസ്ഥാനത്തിൽ സംഭരിക്കുന്നതിനുള്ള സംവിധാനമൊരുങ്ങും.

***വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.***

371. അനിയന്ത്രിതമായ ഇറക്കുമതി മൂലം അടയ്ക്ക, കുരുമുളക്, ഏലം, തേയില തുടങ്ങിയ നാണ്യവിളകളുടെ വിലയിൽ വലിയ അനിശ്ചിതത്വം ഉണ്ടാകുന്നുണ്ട്. ഇവയ്ക്ക് റബ്ബർ താങ്ങുവിലയുടെ മാതൃകയിൽ സംരക്ഷണം നൽകണമെന്ന് കേരളം ശക്തമായി കേന്ദ്രത്തോട് ആവശ്യപ്പെടും.

***കുരുമുളകിനും ഏലത്തിനും താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നല്കിയിട്ടുണ്ട്.***

372. കുരുമുളകു പോലുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കൊക്കോ, പഴവർഗ്ഗങ്ങൾ, തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുള്ള പാർക്കുകൾ സ്ഥാപിക്കുന്നതാണ്. വയനാട് മെഗാഫുഡ് പാർക്കും മുട്ടത്തെ സ്പൈസസ് പാർക്കും ഹൈറേഞ്ചിൽ ഫുഡ് പാർക്കും സ്ഥാപിക്കും. ഈ പാർക്കുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി കാപ്പിയിലെന്നപോലെ ഈ വിളകൾക്കും സംഭരണവില നടപ്പിലാക്കും.

***തൊടുപുഴയിലെ മുട്ടത്ത് കിൻഫ്ര സ്ഥാപിക്കുന്ന സ്പൈസസ് പാർക്കിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 15.29 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഫി പാർക്ക് വയനാട് - വയനാട് കോഫി പാർക്കിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. മെഗാ ഫുഡ്പാർക്ക് പാലക്കാട്-പാലക്കാട് മെഗാ ഫുഡ്പാർക്കിന്റെ പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.***

375. തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിച്ച് കർഷകരുടെ ആദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തേൻ ഗ്രാമങ്ങൾ സ്ഥാപിക്കും. തൃശ്ശൂരിലെ തേൻ പാർക്ക് പ്രവർത്തനക്ഷമമാക്കും. കാട്ടാനശല്യം പ്രതിരോധിക്കുന്നതിനു തേനീച്ചക്കൂടുകളുടെ ശൃംഖല പരീക്ഷിച്ചുനോക്കും.

***തൃശ്ശൂർ കണ്ണറയിൽ കിഫ്ബി സഹായത്തോടെ ആരംഭിച്ച ബനാന ഹണി പാർക്കിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്***

376. എല്ലാ വിളകളുടെയും വിപണന ശൃംഖല പഠിക്കുകയും വിപണനത്തിനായുള്ള വിള അടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കും. ഇതിനൊരു വിദഗ്ധ സമിതിയെ നിയോഗിക്കും. ഏലം പോലുള്ള വിളകളിൽ ഇ-ഓക്ഷൻ പ്രോത്സാഹിപ്പിക്കും.

***വ്യവസായ വകുപ്പിന്റെ കീഴിൽ പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.***

***377. തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും താരതമ്യേന പിന്നോക്കം പോവുകയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും മൂല്യവർദ്ധിത വൈവിധ്യവൽക്കരണത്തിലൂടെയും തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആവശ്യമായ അധിക വരുമാനം കണ്ടെത്തിയേ തീരൂ. തോട്ടം തൊഴിലാളികൾക്ക് മിനിമം ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തും. പാർപ്പിട പദ്ധതി പൂർത്തീകരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കും. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഇടപെടൽ നടത്തും.***

***വ്യവസായ വകുപ്പിന്റെ കീഴിൽ പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു***

# മലയോര കൃഷിഭൂമി

378. നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കൈയ്യേറുകയും ചെയ്തിട്ടുള്ള വൻകിട തോട്ടമുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. അവരുടെ കൈവശമുള്ള അത്തരം ഭൂമി പൊതു ആവശ്യങ്ങൾക്കും ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തും.

***നിയമ വിരുദ്ധമായി സർക്കാർ ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കയ്യേറുകയും ചെയ്തവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന 67 വൻകിട തോട്ട ഉടമകളെ കണ്ടെത്തുകയും 8 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.***

379. 01.01.1977 ന് മുമ്പുള്ള മുഴുവൻ കുടിയേറ്റ കർഷകർക്കും റവന്യൂ വനം വകുപ്പുകളുടെ സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഭൂമിയിൽ നാല് ഏക്കർ വരെ ഉപാധിരഹിതമായി പട്ടയം നൽകിത്തുടങ്ങി. പട്ടയം ലഭിക്കാനുള്ള ഒരു ലക്ഷത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുവാനുള്ള നടപടി താമസംവിന പൂർത്തീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകും. പരിസ്ഥിതി ദുർബലപ്രദേശങ്ങളായി (ഇ.എസ്.എ) നോട്ടിഫൈ ചെയ്യുന്ന പ്രദേശങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ ഒഴിവാക്കും. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള കാർഷിക പ്രദേശങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

***സംയുക്ത വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമായ എല്ലാ കേസുകളിലും പട്ടയം വിതരണം ചെയ്തിട്ടുണ്ട്. മൂന്നാർ ഏരിയ എന്ന് കണക്കാക്കപ്പെടുന്ന മേഖലയിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കി സ. ഉ.(കൈ)17/2023/RD തീയതി 01.02.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.***

380. ഇടുക്കിയിൽ നിലനിൽക്കുന്ന ഭൂപ്രശ്നം പരിഹരിക്കുന്നതിന് സജീവമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടു കൊണ്ടുപോകും. ജനങ്ങളുടെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചും അവരുടെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തിയായിരിക്കും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ 1964 ലെ ഭൂപതിവ് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തും.

***ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 1960ലെ ഭൂപതിവ് നിയമത്തിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

# ജലസേചനം

381. കാർഷിക ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ ആവശ്യമായ സമയത്ത് ആവശ്യമുള്ള വെള്ളം അനിവാര്യമാണ്. ജലസേചന വകുപ്പ് നദീതട അടിസ്ഥാനത്തിലും വൻനീർത്തട അടിസ്ഥാനത്തിലുമുള്ള ആസൂത്രണമാണ് ഏറ്റെടുക്കുക. സൂക്ഷ്മ നീർത്തടങ്ങളുടെ ആസൂത്രണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലായിരിക്കും. അവയോടു ബന്ധപ്പെടുത്തിയായിരിക്കും ചെറുകിട ജലസേചനം പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

***നിലവിലെ മാസ്റ്റർ പ്ലാൻ പരിഷ്കരിയ്ക്കുക, മാസ്റ്റർ പ്ലാൻ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകളിൽ തയാറാക്കുക, എന്നിവ കണക്കിലെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നൽകേണ്ടതായുണ്ട്. ട്രെയിനിങ് ഏപ്രിൽ 2023 ന് ആരംഭിയ്ക്കാനാണ് ഉദ്ദേശിയ്ക്കുന്നത്.***

382. നിലവിലുള്ള വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. അവ പൂർത്തീകരിച്ചശേഷമേ പുതിയ പദ്ധതികൾ ഏറ്റെടുക്കുകയുള്ളൂ. അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട കബനി, ഭവാനി, പമ്പ, കാവേരി തടങ്ങളിലെ പദ്ധതികൾക്കു മുൻഗണന നൽകും. ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കും. പുഴകളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് വേണ്ടി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക്ഡാമുകളുടെയും റെഗുലേറ്റേഴ്സിന്റെയും ശൃംഖല പണിയും. ഭൂഗർഭജലം റീചാർജ്ജിംഗിന് പദ്ധതികൾ ആവിഷ്കരിക്കും. ജലസ്രോതസുകളുടെ മലിനീകരണത്തിനെതിരെ ശിക്ഷാനടപടികൾ കൂടുതൽ കർശനമാക്കും.

***ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ നദീതടാടിസ്ഥാനത്തിലാക്കി നടത്തുന്നതിന് River Basin Conservation And Management Authority യുടെ കരട് ബിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി തയാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തങ്ങൾ നടന്നു വരുന്നു. അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട്, കാവേരി നദീ ജലതർക്ക ട്രിബ്യൂണൽ , കബനി ഉപ നദീതടത്തിനനുവദിച്ച 21 ടി എം സി ജലത്തിൽ 11.51 ടി എം സി ജലത്തിന്റെ വിനിയോഗം സാധ്യമാക്കേണ്ടത് നിർദ്ദേശിക്കപ്പെട്ട 7 ഇടത്തരം ജലപദ്ധതികളിലൂടെയാണ്. ആദ്യ ഘട്ടത്തിൽ നടപ്പിലാക്കപ്പെടുന്ന 2 പദ്ധതികളായ കടമാൻ തോട്, തൊണ്ടാർ എന്നീ ജലപദ്ധതികളുടെ പ്രാരംഭ പര്യവേഷണ പ്രവത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. കടമാൻതോട്, തൊണ്ടാർ പദ്ധതികളുടെ സമഗ്രപഠനം നടത്തുന്നതിനും സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുമായി KERI Peechi യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.***

***ഇതിലുപരിയായി കിഫ്ബി മുഖാന്തരം കെ.ഐ.ഐ.ഡി.സി. 19 റെഗുലേറ്റർ***

***പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ 12 പദ്ധതികൾക്ക് കിഫ്ബിയിൽ നിന്ന് ഏകദേശം 488 കോടി രൂപക്ക് അംഗീകാരം ലഭിച്ചു. അവയിൽ 10 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.***

383. ജലഗുണനിലവാര പരിശോധനയ്ക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കും. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ സ്കൂൾ ലാബുകളിൽ ഇതിനുള്ള പൊതുസംവിധാനം ഒരുക്കും. മൂന്നാംനിര ചാലുകൾ മുതലുള്ള വലിയ നീർച്ചാലുകളിൽ മഴക്കാല നീരൊഴുക്ക് തടസപ്പെടുത്താത്ത തരത്തിലുള്ള ബന്ധാര മാതൃകയിലുള്ള ജല സംഭരണികൾ നിർമ്മിക്കും.ഡാം റീഹാബിലിറ്റേഷൻ പദ്ധതികൾ പൂർത്തീകരിക്കും. മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പാലക്കാട്ടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും.

***കേന്ദ്ര- സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ 40,203 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2% തുക ഉപയോഗിച്ച് ജലഗുണനിലവാരം പരിശോധിക്കുന്നതിനായി മാറ്റിവെച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ചുകൊണ്ട് ജല അതോറിറ്റി 85 ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിൽ 82 ലാബുകൾ NABL അക്രെഡിറ്റേഷനോടുകൂടി പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ള 3 ലാബുകൾ NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.***

***ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) ഘട്ടം-2- അണക്കെട്ടുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കായും അവയുടെ നവീകരണ പ്രവർത്തനങ്ങൾക്കായുംവേണ്ടി International Bank for Reconstruction and Development (IBRD) യുടെയും Asian Infrastructure Investment Bank (AIIB) യുടെയും കോ-ഫിനാൻസിംഗ് സഹായത്തോടെ 2021 ൽ എഗ്രിമെന്റ് വച്ച ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് DRIP ഘട്ടം II (2021 മുതൽ 2027 വരെ) നു കേരള സർക്കാരിന്റെ 240 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.***

384. കാർഷിക കലണ്ടറിനനുസരിച്ച് ജലസേചനപദ്ധതികളിലെ ജലവിതരണം കാര്യക്ഷമമാക്കും. കാഡയുടെ പ്രവർത്തനത്തെ സമഗ്രമായി പുനഃസംഘടിപ്പിക്കും. ബ്രാഞ്ച് കനാലുകൾ ഡിസ്ട്രിബ്യൂട്ടറീസ്, ഫീൽഡ് ബൂത്തുകൾ, തലക്കുളങ്ങൾ, മഴവെള്ള നിർഗമന തോടുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് വലിയ തോതിൽ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുന്നതിന് പ്രാദേശിക മാസ്റ്റർപ്ലാൻ ഉണ്ടാക്കും. ചെറുകിട ജലസേചന പദ്ധതികളും ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് പോലുള്ള ജലവിനിയോഗ ക്ഷമത കൂടിയ നവീന

ജലസേചന പദ്ധതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെല്ലാം പുനരുദ്ധരിക്കുന്നതാണ്.

*Micro Irrigation, ഈ സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട് ജില്ലകളിലെ 2 പ്രവർത്തികൾക്ക് ആയി 8.31 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിൽ 442 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ (എൽഐ സ്കീമുകൾ) ഉണ്ട്, (42,850 ഹെക്ടർ അയകട്ട്). പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ കരടിപ്പാറ എൽഐഎസിൽ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനായി കെഐഐഡിസിക്ക് 3.10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യറ്റീവ് (ആർ.കെ.ഐ.) യിൽ ഉൾപ്പെടുത്തി കെ.ഐ.ഐ.ഡി.സി. പാലക്കാട് ജില്ലയിലെ മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി, വയനാട് ജില്ലയിലെ അത്തിച്ചാൽ – മുണ്ടൻകൊല്ലി എന്നീ പ്രദേശങ്ങളിൽ 21.5 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ വഴി ഏകദേശം 1,059 ഏക്കർ കൃഷി സ്ഥലങ്ങളിലേക്ക് വെള്ളമെത്തുന്നു.*

385. അന്തർസംസ്ഥാന നദീജല കരാറുകൾ കാലോചിതമായി പുനരവലോകനം ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ തുടരും. നദീ സംയോജന പദ്ധതിയിൽ പമ്പ, അച്ചൻകോവിൽ ആറുകളെ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല. മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയാനുള്ള പരിശ്രമം തുടരും. ജല മലിനീകരണം ഇല്ലാതാക്കി നദികളെ പുനരുദ്ധരിക്കും. പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ഇതുപോലെ ചാലിയാർ, ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദികൾക്കായി പുനരുജ്ജീവന പദ്ധതി തയ്യാറാക്കും.

*പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി പ്രാരംഭ ചർച്ചകൾ നടന്നിട്ടുണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും നാല് സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ, വൈപ്പാർ എന്നിവ സംസ്ഥാന നദികളാണെന്നും ഈ നദികളിൽ അധിക ജലമില്ലെന്നും ദേശീയ ജലവികസന ഏജൻസിയെ കേരളം അറിയിച്ചിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇവയുടെ സംയോജന പദ്ധതിക്കെതിരെയുള്ള പ്രതിഷേധം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ വാർഷിക ജനറൽ മീറ്റിംഗിൽ കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത നദീ സംയോജന പദ്ധതിയുടെ ഡിപിആർ അംഗീകരിക്കില്ലെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.*

*മുല്ലപ്പെരിയാർ വിഷയത്തിൽ നിലവിലെ ഡാമിന്റെ കാലപ്പഴക്കം കാരണവും കാലാവസ്ഥാ വ്യതിയാനങ്ങൾ കാരണവും പുതിയ ഡാം പണിയാൻ അനുമതി വേണമെന്നും തമിഴ്നാടിന് ജലം, കേരളത്തിന് സുരക്ഷ എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആവശ്യം ഉന്നയിക്കുന്നതെന്നും കേരളം സുപ്രീംകോടതി മുമ്പാകെ അറിയിച്ചിട്ടുണ്ട്. പുതിയ ഡാമിന്റെ പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടിയുള്ള നിബന്ധനകൾ കേന്ദ്ര പരിസ്ഥിതി*

*കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിച്ചു. സാമൂഹിക ആഘാത പഠനം പുരോഗമിക്കുന്നു. പുതിയ ഡാമിന്റെ രൂപരേഖയുമായി ബന്ധപ്പെട്ട് ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. നദികളിലും പുഴകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യാനുള്ള തീവ്രയജ്ഞ പരിപാടി പുരോഗമിച്ചു വരികയാണ്. സംസ്ഥാനത്തെ 43 നദികളിൽ (കല്ലായി ഒഴികെ) മണൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കുകയും 30 നദികളിൽ പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു.*

386. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടപ്പാക്കും. സംസ്ഥാനത്ത് ലഭ്യമായ ജലത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തി സംരക്ഷിക്കുന്നതിനായി ഒരു തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഒന്ന് എന്ന നിലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ജല പരിശോധനാ ലാബുകൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. സംസ്ഥാനത്തെ എല്ലാ കിണറുകളിലെയും ജല ഗുണപരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ ശുദ്ധീകരണ പ്രവർത്തനം നടത്തി ഉപയോഗം ഉറപ്പാക്കും.

*സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസ്സുകളുടെയും ജലഗുണനിലവാരം ഉയർത്തുന്നതിനായി ജല സ്രോതസുകളിലെ മാലിന്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചു. 'തെളിനീരൊഴുകും നവകേരളം' എന്ന ഈ ക്യാമ്പയിന്റെ ഭാഗമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളിൽ നിന്നായി ജലസാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തി. ജി.ഐ.എസ് അടിസ്ഥാനമാക്കി പദ്ധതികളെ നീർത്തടാധിഷ്ഠിതമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.*

## മൃഗപരിപാലനം

387. കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവുണ്ടായി. കേരളം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്നതിനാൽ പാൽപ്പൊടി നിർമ്മാണം ഉൾപ്പെടെ മൂല്യവർദ്ധിത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി ഒരുക്കുന്നതാണ്. ഇതിനായി 'ഓപ്പറേഷൻ ഫ്ളഡ് കേരള' എന്ന മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാലിന്റെ ഉൽപ്പാദനക്ഷമത 10.2 ലിറ്ററിൽ നിന്നും 14 ലിറ്ററായി ഉയർത്തും. 5060 മൃഗങ്ങളുള്ള ആധുനിക ഡയറി ഫാമുകളെ പ്രോത്സാഹിപ്പിക്കും. ഇതിനുള്ള ഭരണപരമായ തടസ്സങ്ങൾ നീക്കും. പാല് സൂക്ഷിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനുമുള്ള

സൗകര്യങ്ങൾ വിപുലീകരിക്കും. കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കും.

*പാൽ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കുന്നതിന് വിവിധ പദ്ധതികൾ മേഖലാ ക്ഷീരോൽപ്പാദക സഹകരണ യൂണിയനുകൾ നടപ്പിലാക്കി വരുന്നുണ്ട്. എറണാകുളം മേഖലാ യൂണിയന്റെ കീഴിലുള്ള എറണാകുളം, കോട്ടയം, തൃശൂർ ഡയറികളിൽ തൈര്, സംഭാരം, നെയ്യ് എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെയും 3 മേഖലാ യൂണിയനുകളുടെയും ഉൽപാദനം, സംഭരണം, ഗുണനിലവാരം, വിപണനം തുടങ്ങിയവ ഒരു ഏകീകൃത സംവിധാനത്തിലേക്ക് കൊണ്ടുവരുന്ന 'REPOSITIONING MILMA-2023' പദ്ധതി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിനുള്ളിൽ ഉൽപാദിപ്പിക്കപ്പെടുന്ന അധികം പാൽ പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ വയനാട് ജില്ലയിൽ കണ്ടെൻസിംഗ് പ്ലാന്റ്, മലയോര ഡയറിയിലെ ലോങ് ലൈഫ് മിൽക്ക് പ്ലാന്റ് എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിച്ചുവരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പുന:സംഘടിപ്പിച്ച് പശുകുട്ടിയുടെ ജനനം മുതൽത്തന്നെ പരിപാലിക്കുകയും വളർച്ചക്ക് ആനുപാതികമായിട്ടുള്ള ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.*

*വ്യാവസായിക അടിസ്ഥാനത്തിൽ ഡയറിഫാം നടത്തുന്ന ക്ഷീരകർഷകർക്കായി മിൽക്ക് ഷെഡ് വികസന പദ്ധതിയിലുൾപ്പെടുത്തി 5 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. ആധുനിക ഡയറി ഫാമുകളെ (50-60 പശുക്കളുള്ളതിനെ) പ്രോത്സാഹിപ്പിക്കുന്നതിനായി യൂണിവേഴ്സിറ്റി ഫാമുകളെ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ഈ ഫാമുകളിൽ തൊഴുത്ത് നിർമ്മാണ രീതികൾ, കറവയന്ത്രം ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികളുടെ പ്രവർത്തന രീതി മനസ്സിലാക്കുക, ശാസ്ത്രീയമായ തീറ്റപ്പുൽ കൃഷി, മൃഗപരിപാലനം എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി വരുന്നു. തീറ്റപ്പുൽ കൃഷി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, പാൽ ഗുണ നിയന്ത്രണ ബോധവൽക്കരണപദ്ധതികൾ, ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും അടിസ്ഥാനസൗകര്യവും വർദ്ധിപ്പിക്കുന്ന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണവിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ, ക്ഷീരസംഘങ്ങളുടെ മൂലധനവർദ്ധന പദ്ധതികൾ എന്നിങ്ങനെയുള്ള പ്രധാന പദ്ധതികൾ പാലുൽപ്പാദന വർദ്ധനവിനായി ക്ഷീരവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നു.*

388. കന്നുകാലി - കോഴി വളർത്തൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കും. ഇതിന് തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളെ ഡയറി സ്റ്റാർട്ട് അപ്പ് ഗ്രാമങ്ങളായി രൂപാന്തരപ്പെടുത്തും. കൃഷി, മൃഗപരിപാലനം, മത്സ്യം, സംയോജിത കൃഷിയിൽ നിന്ന് 'സേഫ് ടു ഈറ്റ്' ഉൽപ്പന്നങ്ങളിലേയ്ക്കു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

*കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ്*

*വഴിയും KEPCO വഴിയും നഗരപ്രദേശങ്ങളിൽ കൂടുകളിൽ ഉയർന്ന ഉത്പാദനക്ഷമതയുള്ള കോഴികളെ വളർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളെ കർഷകർക്കുള്ള ഹെല്പ് ഡെസ്ക്കുകളായും പ്രവർത്തിക്കാൻ സജ്ജമാക്കും. സാങ്കേതികവിദ്യയുടെ സഹായത്തോടെ മൃഗപരിപാലന രംഗത്ത് നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനു ഒരു നവീന പദ്ധതി കൂടി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 'അനിമൽ ഹസ്ബൻഡറി ഇന്നൊവേഷൻ സോൺ' എന്നതാണ് പദ്ധതി.*

389. മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ ശക്തിപ്പെടുത്തും. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും. മിച്ചപ്പാലിൽ നിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് മലബാറിൽ ഒരു ഫാക്ടറി സ്ഥാപിക്കുന്നതാണ്.

*മിൽമ മേഖലാ യൂണിയനുകളിലെ നിയമന പ്രക്രിയ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പ് സെക്രട്ടറി ചെയർമാനും നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡ് പ്രതിനിധി അംഗവുമായുള്ള സ്വതന്ത്രസംവിധാനത്തോടുകൂടിയുള്ള റിക്രൂട്ട്മെന്റ് കമ്മറ്റിക്ക് സർക്കാർ രൂപം നൽകി. മേഖലായൂണിയനുകളിലെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രീതി യഥാർത്ഥ ആനന്ദ് മാതൃകയിൽ ജില്ലാതലത്തിൽ മാറ്റപ്പെടുകയും, ഇതനുസരിച്ച് മലബാർ, എറണാകുളം, തിരുവനന്തപുരം എന്നീ മേഖലാ യൂണിയനുകളിലെ ഭരണസമിതി തെരഞ്ഞെടുപ്പ് ക്ഷീരകർഷക പ്രതിനിധികളുടെ പങ്കാളിത്തത്തോടെയും, അംഗീകാരത്തോടെയും നടത്തുവാൻ സാധിച്ചു. കൂടാതെ, മേഖലാ യൂണിയനുകളിൽ പുതിയതായി ഏകദേശം 400-ലധികം പ്രാഥമിക ക്ഷീരസംഘങ്ങൾക്ക് അഫിലിയേഷൻ നൽകി. അതുവഴി മിൽമയുടെ ആനുകൂല്യങ്ങൾ ഈ സംഘങ്ങളിലെ ക്ഷീരകർഷകർക്കും ലഭിക്കുന്നതിന് ഇടയാക്കി.*

390. രാത്രികാലമടക്കം കൃഷിക്കാർക്ക് വെറ്റിനറി സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ആംബുലൻസ് വാഹനസൗകര്യമടക്കമുള്ള കേന്ദ്രങ്ങൾ ബ്ലോക്കുകളിൽ സ്ഥാപിക്കും. മൃഗചികിത്സയും ക്ഷീരകർഷകർക്കുള്ള സേവനങ്ങളും വീട്ടുപടിയ്ക്കൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

*രാത്രികാലങ്ങളിൽ അടിയന്തര മൃഗചികിത്സ സംവിധാനം സംസ്ഥാനത്തെ എല്ലാം ബ്ലോക്കുകളിലും വ്യാപിപ്പിച്ചു. ഇവിടങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രപദ്ധതിയുടെ സഹായത്തോടെ 29 വാഹനങ്ങൾ പുറത്തിറക്കുകയുണ്ടായി. പ്രസ്തുത വാഹനത്തിൽ കരാറടിസ്ഥാനത്തിൽ വെറ്റിനറി ഡോക്ടർ പാരാവെറ്റ്, ഡ്രൈവർ കം അറ്റന്റന്റ് എന്നിവർ ഉണ്ട്.*

391. കന്നുകുട്ടി പരിപാലനത്തിനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ രണ്ട് സ്കീമുകളാണുള്ളത്. രണ്ടരലക്ഷത്തോളം കന്നുകുട്ടികളെ ഈ പദ്ധതികളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ സ്കീമുകൾ വിപുലപ്പെടുത്തും. കുടുംബശ്രീ പശു, ആട് ഗ്രാമം പദ്ധതികൾ ശക്തിപ്പെടുത്തും. എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ സ്ഥാപിക്കും.

***ഈ രണ്ടു പദ്ധതികളും സംയോജിപ്പിച്ച് പുതിയ രീതിയിൽ കന്നുക്കുട്ടികളെ ജനനത്തിൽ തന്നെ കണ്ടെത്തി ശാസ്ത്രീയമായി പരിപാലന മുറകൾ കർഷകനെ പരിശീലിപ്പിച്ച് കൃത്യമായ പാൽ, തീറ്റ എന്നിവ നൽകുന്നതിന് പ്രോത്സാഹനം നൽകി 4 മാസം പ്രായമാകുമ്പോൾ നിശ്ചിത വളർച്ച എത്തിയ കന്നുകുട്ടികളെ പദ്ധതിയിൽ തുടർന്നും 25 മാസം വരെ പരിപാലിക്കുന്നു.***

392. ചെറുകിട യൂണിറ്റുകളിൽ പാൽ കറക്കുന്നതിനുള്ള ലഘുകറവ യന്ത്രങ്ങൾ വ്യാപകമാക്കും. ഈ യന്ത്രങ്ങൾ കുറ്റമറ്റതാക്കും. ക്ഷീരസംഘങ്ങളുടെ കീഴിൽ മൊബൈൽ കറവ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കും.

***സർവ്വകലാശാലയിൽ ചെലവ് കുറഞ്ഞതും കറന്റില്ലാതെ പ്രവൃത്തിക്കുന്നതുമായ കറവ യന്ത്രം വികസിപ്പിക്കുകയും പരീക്ഷണങ്ങൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. 01.01.2021 ന് ഇതിനു പേറ്റന്റ് ലഭിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പ് വഴി കറവയന്ത്രം സ്ഥാപിക്കുന്നതിനു സഹായം നൽകുന്ന പദ്ധതി 2021-22 സാമ്പത്തികവർഷം നടപ്പിലാക്കി. ഇതിലൂടെ 200 ഗുണഭോക്താക്കൾക്ക് സഹായം നൽകി. കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി തുടർന്നു വരുന്നുണ്ട്.***

393. കേരളത്തിലെ കാലിത്തീറ്റ ഉൽപ്പാദന ശേഷി ഇരട്ടിയായി ഉയർത്തും. ഇതു മാത്രമാണ് ന്യായവിലയ്ക്ക് കൃഷിക്കാർക്ക് കാലിത്തീറ്റ ലഭ്യമാക്കാനുള്ള മാർഗ്ഗം. കാലിത്തീറ്റ സബ്സിഡി ഉയർത്തും. തീറ്റപ്പുല്ല് കൃഷി തൊഴിലുറപ്പ് ഉപയോഗിച്ച് വിപുലപ്പെടുത്തും.

***കേരളത്തിലെ കാലിത്തീറ്റ ഉത്പാദനത്തിൽ ഗണ്യമായ പങ്കുവഹിക്കുന്നത് സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ആണ്. 2022-23 വർഷത്തിൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഉൽപാദനച്ചെലവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തീറ്റയുടെ അസംസ്കൃത വസ്തുക്കൾ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ കിസാൻ റെയിൽ പദ്ധതി പ്രകാരം കുറഞ്ഞ ചെലവിൽ ചോളം കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നതിനും ശ്രമം ആരംഭിച്ചിട്ടുണ്ട്. തൊടുപുഴ യൂണിറ്റിന്റെ പ്രവർത്തനം പൂർണ്ണ സജ്ജമാകുന്നതോടെ ഉൽപ്പാദനശേഷി ഗണ്യമായി വർധിക്കും. സംസ്ഥാനത്തെ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽകൃഷി നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ***

*വന്നശേഷം 7.5 കോടി രൂപ ചെലവഴിച്ച് 2,287 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി വ്യാപിക്കുന്നതിന് സാധിച്ചു. ഇതുവഴി 3.89ലക്ഷം മെട്രിക് ടൺ തീറ്റപുൽ അധികമായി ഉല്പാദിപ്പിച്ചു.*

394. കേരളീയരുടെ ഭക്ഷണത്തിൽ ഇറച്ചിക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇറച്ചിയുടെ ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയ്ക്ക് ഒരു മീറ്റ് സെക്ടർ സ്ട്രാറ്റജിക് പ്ലാൻ' ഉണ്ടാക്കും. കന്നുകാലി, പന്നി, കോഴി, താറാവ് തുടങ്ങി ഓരോ ഇനങ്ങൾക്കും പ്രത്യേക പ്രവർത്തന പരിപാടിയുണ്ടാവും.

*ഇറച്ചിയുടെ ഉൽപ്പാദനം സംസ്കരണം വിതരണം എന്നിവയ്ക്ക് ഒരു മീറ്റ് സ്ട്രാറ്റജിക് പ്ലാൻ ഉണ്ടാക്കുന്നതിനു മാർഗരേഖ തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് ആയിട്ടുള്ളതാണ്. സംസ്ഥാനത്ത് സമഗ്രമായ ഒരു മീറ്റ് സെക്റ്റർ സ്ട്രാറ്റജിക് പ്ലാൻ രൂപീകരിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും, ഈ മേഖലയിലെ വിഷയ വിദഗ്ധരും അടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ചു.*

396. കോഴി വളർത്തൽ മേഖലയിൽ അന്യസംസ്ഥാന ഹാച്ചറി ഉടമസ്ഥന്മാരുടെ നീരാളിപ്പിടുത്തം കുറയ്ക്കുന്നതിനു കേരളത്തിൽ കൂടുതൽ ഹാച്ചറികൾ ആരംഭിക്കും. രണ്ട് ബ്രീഡർ ഫാമുകൾ സ്ഥാപിക്കും. വികേന്ദ്രീകൃതമായ ചെറുകിട കോഴി വളർത്തൽ കേന്ദ്രങ്ങളോടൊപ്പം വൻകിട വാണിജ്യ അടിസ്ഥാനത്തിലുള്ള ബ്രോയിലർ ഫാമുകളും സ്ഥാപിക്കും.

*മലപ്പുറം ജില്ലയിലെ എടവണ്ണയിൽ ഹാച്ചറി നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൗൾട്രി ഫാമുകളുടെ ഷെഡുകളുടെ ഫ്ലോർ സ്പേസ് പരമാവധി വർദ്ധിപ്പിച്ച് കോഴി കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. RKVY കീഴിൽ 'Establishment of poultry breeding farm for backyard chicken production at Thiruvazhamkunnu" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 3 ചിക്കൻ ബ്രൂഡർ ഷെഡും, 5 ചിക്കൻ ബ്രീഡർ ഷെഡും 1 ഡക്ക് ഷെഡും നിർമിച്ചിട്ടുണ്ട്.*

397. കേരള ചിക്കൻ ബ്രാൻഡിലുള്ള ഗുണമേന്മയേറിയ ഇറച്ചിയുടെ ചില്ലറ വിൽപ്പന ശൃംഖല പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും കുടുംബശ്രീയുടെയും ബ്രഹ്മഗിരി സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. 1,000 ഔട്ട്ലെറ്റുകൾ സ്ഥാപിക്കും. ഇതിനായി പ്രത്യേക കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കും.

*സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ വിലക്ക് കേരള ചിക്കൻ എന്ന ബ്രാൻഡിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കേരളസർക്കാർ ആവഷ്കരിച്ച ഒരു പദ്ധതിയാണ് കേരള ചിക്കൻ. റീ*

*ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഇതിനാവശ്യമായ 56.2866 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നബാർഡ് വഴി 43.32 കോടി രൂപയുടെ ധനസഹായവും കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ ഭരണാനുമതി 99.6066 കോടി രൂപയാണ്. പദ്ധതിക്കു കീഴിൽ ആകെ 203 ബ്രോയ്‌ലർ റിയറിംഗ് ഫാമുകൾ, മാംസവിപണനത്തിനായി ഒരു റീഫർവാൻ എന്നിവ സ്ഥാപിച്ചുകഴിഞ്ഞു.*

398. മുട്ടയുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കും. മുട്ട ഉൽപ്പാദനം പ്രതിദിനം 75 ലക്ഷമായി ഉയർത്തും.

*മൃഗസംരക്ഷണ വകുപ്പ് വഴി 2022-23 സാമ്പത്തിക വർഷം സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി, നഗരപ്രദേശങ്ങളിൽ കെപ്കോയുമായി സഹകരിച്ച് കൂടുകളിൽ ഉയർന്ന മുട്ട ഉത്പാദന ക്ഷമതയുള്ള കോഴി വളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുകയുണ്ടായി. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലൂടെയും കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക വഴി മുട്ട ഉത്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.*

399. താറാവ് കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി കുട്ടനാട് താറാവ് ഗവേഷണ കേന്ദ്രം സ്ഥാപിക്കും. എല്ലാ താറാവുകളുടെയും വാക്സിനേഷൻ ഉറപ്പുവരുത്തും. സർവ്വയലൻസ് സമ്പ്രദായം ശക്തിപ്പെടുത്തും. ഇൻഷ്വറൻസ് നിർബന്ധമാക്കും.

*താറാവുകളുടെ രോഗനിർണയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ലബോറട്ടറി ശൃംഖല വഴി സർവയലൻസ് നടപടികൾ ശാക്തീകരിച്ചിട്ടുണ്ട്. കൂടാതെ പക്ഷിപനിപോലുള്ള രോഗങ്ങളുണ്ടാവുന്ന സാഹചര്യത്തിൽ കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനു മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിട്ടുണ്ട്.*

400. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും. ഇതിനായി പ്രൊഡ്യൂസർ കമ്പനികളെ പ്രോത്സാഹിപ്പിക്കും.

*കർഷക ഉൽപ്പാദക സംഘം പ്രോൽസാഹന സ്ഥാപനം രൂപീകരിക്കുന്നതിനായി കെ.എൽഡി ബോർഡിന് 96.98 ലക്ഷം രൂപ 2022-23 സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിത്തിയിരുന്നു. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന് കീഴിലുള്ള 6 പരിശീലനകേന്ദ്രങ്ങൾ ഡയറി ഡെവലപ്മെന്റ് സെന്റർ ആയി ഉയർത്താൻ നടപടി സ്വീകരിച്ചു. കൂടാതെ ക്ഷീരവികസന വകുപ്പിലെ ഗ്രൂപ്പുകൾ വഴി പാലും പാലുൽപ്പന്നങ്ങളും ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.*

401. വാക്സിനുകൾ, വിര മരുന്നുകൾ, രോഗനിർണയ കിറ്റുകൾ തുടങ്ങിയവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കും.

*തിരുവനന്തപുരം ജില്ലയിൽ പാലോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽ സ്ഥാപനത്തിൽ നിന്നും പന്നിപ്പനിക്ക് എതിരായ സെൽകൾച്ചർ വാക്സിന്റെ നിർമാണത്തിനായുള്ള സാങ്കേതിക നടപടികൾ പുരോഗമിക്കുകയാണ്. ഇന്ത്യൻ വെറ്റിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സാങ്കേതിക സഹായം സ്വീകരിച്ചാണ് ഇതുമായി മുന്നോട്ടുപോകുന്നത്.*

402. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കും. ഇതിനു കൂടുതൽ ലാബുകൾ സ്ഥാപിക്കും.

*ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ സ്ഥിരം പാൽ പരിശോധനാ സംവിധാനം മൂന്ന് ഷിഫ്റ്റുകളായി മുഴുവൻ സമയവും പ്രവർത്തിക്കുന്നു. ഇതു കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ, മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ, 3 റീജ്യണൽ ലാബുകൾ എന്നിവിടങ്ങളിലെല്ലാം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. മിൽമയ്ക്ക് സ്വന്തമായി എൻ എ ബി എൽ accreditation ഉള്ള ഒരു ലാബ് NPDD ഫണ്ട് ഉപയോഗിച്ച് 8 കോടി രൂപ ചെലവിൽ എറണാകുളത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏതാണ്ട് അവസാനഘട്ടത്തിലാണ്.*

403. ക്ഷീര സാന്ത്വനം, ഗോ സമൃദ്ധി എന്നീ കന്നുകാലി ഇൻഷ്വറൻസ് സ്കീമുകൾ വിപുലപ്പെടുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കും.

*മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കർഷകർക്ക് എറ്റവും ആശ്വാസപ്രദവും കുറഞ്ഞ പ്രീമിയം നിരക്കുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 5 കോടി രൂപയിൽ നിന്നും 6 കോടി രൂപയായി നടപ്പ് സാമ്പത്തിക വർഷം പദ്ധതി വിപുലീകരിച്ചിട്ടുണ്ട്.*

404. സങ്കരയിനങ്ങളുടെ വ്യാപനംമൂലം തനത് കന്നുകാലി ജനുസ്സുകൾക്ക് വംശനാശം വന്നുകൊണ്ടിരിക്കുകയാണ്. സങ്കരനയം തുടരുന്നതോടൊപ്പം തന്നെ തനതു കന്നുകാലി ജനസ്സുകളെ സംരക്ഷിക്കും. എല്ലാ കന്നുകാലികൾക്കും ഹെൽത്ത് കാർഡ് പദ്ധതി നടപ്പിലാക്കും.

*കെ എൽ ഡി ബോർഡ് മുഖേന കാസർഗോഡ് കുള്ളൻ, വെച്ചൂർ മുതലായ തദ്ദേശീയ കന്നുകാലി ജനസ്സുകളെ സംരക്ഷിക്കുന്നതിനു പദ്ധതിയുണ്ട്. 'ഇ-സമൃദ്ധ' എന്ന സാങ്കേതിക വിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതാണ് പദ്ധതി.*

*റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (ആർ.എഫ്.ഐ.ഡി): സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് വഴി പശുക്കൾക്ക് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (ആർ.എഫ്.ഐ.ഡി) ഘടിപ്പിച്ച് സാങ്കേതിക വിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതാണ് പദ്ധതി.*

*ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം: ഇ-സമൃദ്ധ പദ്ധതിയുടെ തന്നെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളെയും ബന്ധിപ്പിച്ച് കൊണ്ടുള്ള ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനവും ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.*

*കർഷകർക്ക് മൊബൈൽ അപ്ലിക്കേഷൻ: കർഷകർക്ക് മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈൻ ആയി ലഭിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറായി കഴിഞ്ഞു. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കിവരുന്നു.*

405. ഓമനപക്ഷി വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയവ പ്രോത്സാഹിപ്പിക്കും. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണിക്ക് ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കും.

*ഈ വിഷയം സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പരിശീലനത്തിനായുള്ള സിലബസിൽ ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോവിഡ്- 19 ലോക്ഡൗൺ കാലയളവിൽ കൂടുതൽ സംരംഭകർ ഈ മേഖലയിലേക്ക് കടന്നു വന്നിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പെറ്റ് ഷോപ്പ് നിയമങ്ങൾ സംബന്ധിച്ച കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്തു.*

406. സ്കൂൾ പൗൾട്രി ക്ലബ്ബ് വിപുലപ്പെടുത്തും. കോഴിഗ്രാമം പദ്ധതി വിപുലപ്പെടുത്തും.

*സ്കൂൾ പൗൾട്രി ക്ലബ് പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. അതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതാണ്. കോഴിഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വനിതാമിത്രം, ആശ്രയ ബ്ലോക്കുതല കൂടും കോഴിയും പദ്ധതി എന്നിവ കെപ്കോ നടപ്പിലാക്കി വരുന്നു.*

407. കന്നുകാലി, പക്ഷി സമ്പത്തിനു പകർച്ചവ്യാധികളിൽ നിന്നും സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബയോ സെക്യൂരിറ്റി ചട്ടക്കൂടിനു രൂപം നൽകും.

*കന്നുകാലി പക്ഷി സമ്പത്തിനെ പകർച്ചവ്യാധികളിൽ നിന്ന് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് വഴി രോഗ പ്രതിരോധ*

*വാക്സിനേഷൻ ക്യാമ്പയിനുകൾ നടത്തിവരുന്നു. ഉദാഹരണത്തിന് വർഷം രണ്ടുപ്രാവശ്യം നടത്തുന്ന കുളമ്പ് രോഗപ്രതിരോധ ക്യാംപെയിൻ, ബ്രൂസെല്ല രോഗപ്രതിരോധ ക്യാമ്പയിൻ, ചർമ്മമുഴ രോഗപ്രതിരോധ ക്യാംപെയിൻ പക്ഷികൾക്കുള്ള കോഴിവസന്ത പ്രതിരോധ ക്യാംപെയിൻ താറാവുകൾക്കുള്ള താറാവ് വസന്ത പ്രതിരോധ ക്യാംപെയിൻ മുതലായവ കർഷക ഭവനങ്ങൾ സന്ദർശിച്ച് വാതിൽപടി സേവനാധിഷ്ഠിതമായാണ് നല്കുന്നത്.*

408. തെരുവ് നായ്ക്കളുടെ സംരക്ഷണം ഉറപ്പുവരുത്തി, ഇവയുടെ ആക്രമണങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

*നിലവിൽ സംസ്ഥാനത്ത് 19 ABC സെന്ററുകളുണ്ട്. പുതുതായി 24 ABC സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 2022-23 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 14,236 ABC സർജറികൾ നടത്തുകയുണ്ടായി 426 dog catcher മാർക്ക് ഇതിനോടകം പരിശീലനം നല്കി കഴിഞ്ഞു.*

# V

# പൊതു സേവനങ്ങൾ ലോകോത്തരമാക്കും

409. കേരളത്തിന്റെ പെരുമ പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യ സംവിധാനവുമാണ്. എന്നാൽ ഇവയുടെ ഗുണനിലവാരം പ്രതീക്ഷകൾക്ക് അനുസരിച്ച് ഉയരാത്തത് വലിയ പ്രതിസന്ധി സൃഷ്ടിച്ചു. കഴിഞ്ഞ അഞ്ചു വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന്, ഈ സേവനങ്ങളെ വീണ്ടും ആധുനികകാലത്തിന് അനുയോജ്യമായ തരത്തിൽ മികവുറ്റതാക്കി എന്നുള്ളതാണ്. ഇനി അവയെ ലോകോത്തരമാക്കും.

***സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളിൽ ഉണ്ടായ വർദ്ധനവും അക്കാദമിക് രംഗത്തുണ്ടായ മേന്മയും സ്കൂളുകളിൽ 2022-2023 അദ്ധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 3,03,168 കുട്ടികളെയും 2 മുതൽ 10 വരെ ക്ലാസ്സുകളിൽ 1,19,970 കുട്ടികളെയും അധികമായി എത്തിക്കുന്നതിന് കഴിഞ്ഞു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഡിജിറ്റൽ ക്ലാസ് റൂമുകൾ സജ്ജീകരിക്കുകയും കുട്ടികൾക്ക് പഠന വിടവ് ഉണ്ടാകാതെ സൂക്ഷിക്കുകയും ചെയ്തു. ഇതിന്റെ മികവ് സ്കൂൾ തുറന്ന് പൂർണ്ണ അധ്യയന വർഷമായ 2022-23 ലും പ്രതിഫലിച്ചു. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷാ വിജയശതമാനം വർദ്ധിച്ചു. ഫസ്റ്റ് ബെൽ & ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചത് കുട്ടികൾ ഇപ്പോഴും പ്രയോജനപ്പെടുത്തുന്നുണ്ട്. പരീക്ഷാ കാലങ്ങളിൽ റിവിഷൻ കാര്യക്ഷമമായി നടത്താൻ ഈ സംവിധാനം ഉപകരിച്ചു. 150 ലധികം വിഷയങ്ങൾക്ക് ഓൺലൈൻ സംപ്രേക്ഷണം നടത്തി. വിദ്യാഭ്യാസ രംഗത്ത് യൂറോപ്പിൽ മികവ് പുലർത്തുന്ന ഫിൻലന്റ് പോലുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തി ഗുണവശങ്ങൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.***

410. പൊതുവിദ്യാലയങ്ങളിൽ വന്ന ഗുണപരമായ മാറ്റത്തെ കേരളത്തിലെ രക്ഷിതാക്കൾ അംഗീകരിക്കുന്നു എന്നുള്ളതിന് തെളിവാണ് പൊതുവിദ്യാലയങ്ങളിലേയ്ക്ക് 6.8 ലക്ഷം കുട്ടികൾ പുതിയതായി കടന്നുവന്നത്. ഈ പ്രവണത ശക്തിപ്പെടുത്തും. ഇതിനായി വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.

***ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് മുൻ ഗവൺമെന്റ് പിന്തുടർന്ന മാതൃക നിലനിർത്തുന്നതോടൊപ്പം അക്കാദമിക മികവിന് പ്രാധാന്യം നൽകി***

*കൊണ്ടുള്ള പഠനരീതിയാണ് മുന്നോട്ടു വയ്ക്കുന്നത്. ഓൺലൈൻ പഠനം എല്ലാ വിദ്യാർത്ഥികളിലേക്കും എത്തിക്കാൻ ആപ്ലിക്കേഷൻ പ്രാവർത്തികമാക്കി. മലയോര പിന്നാക്ക മേഖലകളിലെ വിദ്യാർത്ഥികൾക്ക് പഠന വിടവ് പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകി. കാഴ്ചപരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായന പ്രതിസന്ധിക്ക് പരിഹാരമായി ശ്രുതി പാഠം എന്ന ഓഡിയോ ലൈബ്രറി പൂർത്തിയാക്കി. ഹയർ സെക്കൻഡറി ക്ലാസുകളിലെ പാഠപുസ്തകങ്ങളിലും ക്യൂ. ആർ. കോഡ് നൽകി. എല്ലാ വിദ്യാർത്ഥികൾക്കും ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. പ്രവേശനം നൽകി.*

411. 100 ലക്ഷം ചതുരശ്രയടി സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയും. സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.

*വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി രണ്ടു വർഷത്തിനുള്ളിൽ 130 ലധികം സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. വിദ്യാകിരണം പദ്ധതി വഴി നാൽപത്തി ഏഴായിരത്തി അറുന്നൂറ്റി പതിമൂന്ന് (47,613) ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി പതിനാറായിരത്തി അഞ്ഞൂറ് (16,500) ലാപ്ടോപ്പുകളും രണ്ടു വർഷത്തിനുള്ളിൽ നൽകി. നാൽപത്തി അയ്യായിരത്തി എഴുന്നൂറ്റി പത്ത് (45,710) ഡിജിറ്റൽ ഉപകരണങ്ങൾ മലയോര പിന്നാക്ക മേഖലകളിൽ വിതരണം ചെയ്തു.*



412. പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണിച്ചറിനുവേണ്ടിയുള്ള ഒരു സ്കീമിന് രൂപം നൽകും. പഴയ ഫർണിച്ചറുകൾ പുതുക്കി പുനരുപയോഗിക്കും. മുഴുവൻ സ്കൂളുകളിലും സൗരോർജപാനലുകൾ സ്ഥാപിക്കും. ലാബുകൾ നവീകരിക്കും.

*പുതിയ കെട്ടിടങ്ങൾക്ക് അനുയോജ്യമായ ഫർണീച്ചറുകൾ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് വിശദമായ രൂപരേഖ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിക്ക് രൂപം നൽകും. 2021– 22 അദ്ധ്യയന വർഷത്തിൽ 41 നവീകരിച്ച ലാബുകൾ ഉദ്ഘാടനം ചെയ്തു. 2022–23 അദ്ധ്യയന വർഷത്തിൽ 60 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആധുനികമായ സയൻസ് ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

413. സ്ഥലസൗകര്യം ഒട്ടുമില്ലാത്ത സ്കൂളുകളുടെ സ്ഥലവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സ്കീമുണ്ടാകും. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തും.

*സ്കൂളിന്റെ ഭൗതിക സംവിധാനങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കളി സ്ഥലങ്ങൾ ചുരുങ്ങാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. നിലവിലുള്ള കളി സ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.*

414. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

- *ഐ ടി അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അധ്യാപക പരിശീലനം,*
- *ജില്ലാ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം പോലെ പ്രത്യേക വിഷയങ്ങൾക്കുള്ള പരിപാടികൾ,*
- *പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടിയുള്ള ശ്രദ്ധ പോലുള്ള പരിപാടികൾ,*
- *ശ്രുതി പാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം, തേൻ കൂട് പോലുള്ള ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള സ്കീമുകൾ,*
- *അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ,*
- *സെൽഫ് റിഫ്ളക്ഷൻ കിയോസ്കുകൾ, തിങ്ക് ആന്റ് ലേൺ പ്രോജക്ട്, വിവിധതരം സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ,*
- *കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെ-ഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ.*

*പൊതുവിദ്യാഭ്യാസരംഗത്തെ അക്കാദമിക മികവ് ലക്ഷ്യം വച്ചുകൊണ്ട് ഐ.ടി. അധിഷ്ഠിത അദ്ധ്യയനത്തിന് മുൻതൂക്കം നൽകിയുള്ള അധ്യാപ*

*ക പരിശീലനമാണ് നടക്കുന്നത്. ഇതിന് ആവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് താരതമ്യേന പ്രയാസമായ ഇംഗ്ലീഷ്, ഗണിതം തുടങ്ങിയ വിഷയങ്ങൾക്ക് പരിശീലനത്തിൽ കൂടുതൽ ശ്രദ്ധ നൽകും. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പിന്നോക്ക മേഖലകളിലെ അധ്യയനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.എം.സി., സമഗ്രശിക്ഷാ കേരളം തുടങ്ങിയ ഏജൻസികൾ പ്രത്യേക പഠനവും പദ്ധതികളും ഈ വർഷവും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ ഗോത്ര വിഭാഗം കുട്ടികൾക്കും എറണാകുളം ജില്ലയിലെ അതിഥി തൊഴിലാളികളിലെ കുട്ടികൾക്കും ഒന്നാണ് നമ്മൾ എന്ന ഓൺലൈൻ പരിപാടി നടപ്പിലാക്കി.*

*എസ്.സി.ഇ.ആർ.ടി. പൂർത്തീകരിച്ചിട്ടുള്ള പദ്ധതിയാണ് ശ്രുതി പാഠം. കാഴ്ച പരിമിതരായ അധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന വായനാ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഓഡിയോ ലൈബ്രറി ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ 2019 ൽ ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ടിയുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്ക് Indian Sign Language (ISL)ൽ 3 ദിവസത്തെ മുഖാമുഖ പരിശീലനം നൽകുകയുണ്ടായി. തുടർ വർഷങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി 'മുദ്രികാപാഠം' എന്ന പേരിൽ മുഴുവൻ HI സ്പെഷ്യൽ സ്കൂൾ അധ്യാപകർക്കും ഓൺലൈനായി 4 ദിവസത്തെ ISL പരിശീലനം നൽകുകയുണ്ടായി. ഈ വർഷം മെയ് മാസം നടക്കുന്ന HI സ്പെഷ്യൽ സ്കൂൾ അധ്യാപർക്കായുള്ള അധ്യാപകസംഗമം - 2022ൽ മുഴുവൻ അധ്യാപകർക്കും ഒരിക്കൽ കൂടി ISL പരിശീലനം മുഖാമുഖം നൽകുന്നതാണ്.*

*ലോക്ഡൗൺ കാലത്ത് ഭിന്നശേഷി കുട്ടികളുടെ പഠനത്തിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് തേൻ കൂട്. കുട്ടികൾക്ക് വിവിധ കളികളിലൂടെ അവരുടെ പ്രത്യേക കഴിവുകളെ വികസിപ്പിക്കുവാൻ സഹായിക്കുന്ന ഒന്നാണിത്. സ്പെഷ്യൽ സ്കൂളിലെ അധ്യാപകരുടെ പങ്കാളിത്തത്തോടുകൂടി വികസിപ്പിച്ച പദ്ധതിയിൽ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമുള്ള നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ട്. ആനിമേഷൻ, ചിത്രങ്ങൾ, സംഗീതം, കുട്ടികളുടെ പ്രകടനങ്ങൾ വിലയിരുത്തൽ എന്നിവ ഡിജിറ്റൽ രൂപത്തിൽ നൽകിയിട്ടുണ്ട്. കുട്ടികളിലെ കലാഭിരുചി വികസിപിക്കുന്നതിനായി സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ കലാഉത്സവ് എന്ന പേരിൽ കലാ മത്സരങ്ങൾ നടത്തുന്നുണ്ട്. ഇത് ബ്ലോക്ക് തലം മുതൽ ദേശീയ തലം വരെ പല ഘട്ടങ്ങളിലായി നടത്തപ്പെടുന്നു. പ്രധാനമായും 9 കലാ ഇനങ്ങൾക്ക് കലാഉത്സവ് വേദി ആകുന്നത്. കുട്ടികളുടെ കായികമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സമഗ്രശിക്ഷാ കേരളയുടെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്കായി കരാട്ടെ, കുങ്ഫു പോലുള്ള മാർഷ്യൽ ആർട്സ് പഠിക്കുന്നതിന് സമഗ്രശിക്ഷാ കേരള സംവിധാനം ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി എസ്.എസ്.കെ. പദ്ധതി രൂപീകരിച്ചിട്ടുണ്ട്. മറ്റ്*

*കുട്ടികൾക്കൊപ്പം ഭിന്നശേഷി കുട്ടികൾക്കും അവരുടെ ശാരീരിക ക്ഷമതയ്ക്ക് അനുസൃതമായ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടിയും എസ്.എസ്.കെ. മുഖാന്തിരം സ്വീകരിച്ചിട്ടുണ്ട്.*

*ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ 1500 സ്പെഷ്യൽ കെയർ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. ഓരോ ജില്ലയിലെയും പാർശ്വവൽക്കൃത മേഖലയിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്തിൽ SEVAS (Self Emerging Village by Additional Support) പൈലറ്റ് പദ്ധതിയായി ആരംഭിച്ചു. ട്രൈഔട്ട് എന്ന നിലയ്ക്ക് പാലക്കാട് വില്ലേജിലെ ഷോളയൂർ പഞ്ചായത്തിലാണ് ഇത് ആരംഭിച്ചത്.*

## കലാകായിക വികസനത്തിനായുള്ള പരിപാടി

415. അടുത്തൊരു വർഷത്തിനുള്ളിൽ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമികശേഷി കുട്ടി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് നിരന്തരമായ വിലയിരുത്തലായിരിക്കും പരീക്ഷകൾ.

*പ്രൈമറി സ്കൂൾ കുട്ടികൾക്ക് രസകരവും ആയാസകരവുമായ രീതിയിൽ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകമായി ഒരു സ്വതന്ത്ര സോഫ്റ്റ് വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് കൈറ്റ് വികസിപ്പിച്ചിട്ടുണ്ട്. 1,2 ക്ലാസുകളിലെ കുട്ടികൾക്ക് കുട്ടികളിലൂടെ അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കാനുള്ള ഉല്ലാസ ഗണിതം എന്ന പദ്ധതി എസ്.എസ്.കെ. വഴി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് കളികളിലൂടെ ഗണിതപഠനശേഷി ഉറപ്പാക്കുന്നതിന് 'ഗണിതവിജയം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി എസ്.എസ്.കെ. വഴി അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. 1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ മാതൃഭാഷയിൽ എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുന്നതിനായി വായനയുടെ വസന്തം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർഗ്ഗവാസന വളർത്തുന്നതിനായി കുട്ടികൾ തന്നെ രചിച്ച പുസ്തകങ്ങളുടെ പ്രകാശനം 'എഴുത്തുപച്ച' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി അമ്പത് കുട്ടികളുടെ 50 രചനകൾ പ്രസിദ്ധീകരിച്ചു. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് വായനയിൽ അടിസ്ഥാന ഭാഷാശൈലി കൈവരിക്കുന്നതിനായി വായനാ ചങ്ങാത്തം എല്ലാ സ്കൂളുകളിലും നടപ്പിലാക്കി.*

416. പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും.

മധുരം മലയാളം, ഹലോ ഇംഗ്ലീഷ്, ഇ-ക്യൂബ് പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.

*പ്രീ-പ്രൈമറി തലത്തിൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനത്തിന് നിലവിൽ മലയാള ഭാഷ നിയമം ഉണ്ട്. മാതൃഭാഷാ പഠനം കൂടുതൽ ഗൗരവതരമാക്കുന്നതിന് പാഠപുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തി. അതോടൊപ്പം ബന്ധഭാഷാ എന്ന നിലയിൽ ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് കൈറ്റിന്റെ ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് പദ്ധതി, ഇംഗ്ലീഷ് ലാബ് ലാംഗ്വേജ് എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് വായനയിൽ അടിസ്ഥാന ഭാഷാശേഷി കൈവരിക്കുന്നതിന് വായനാ ചങ്ങാത്തം നടപ്പിലാക്കി. കേരളത്തിലെ ഏക ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലെ കുട്ടികൾക്കായി അവരുടെ മാതൃഭാഷയായ മുതുവൻ ഭാഷയിൽ ഊന്നിക്കൊണ്ട് പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. കുട്ടിയുടെ പരിസരം, ഭക്ഷണം, ജീവിതരീതി, ആഘോഷം, സംസ്കാരം ഇവയിൽ ഊന്നിക്കൊണ്ട് ഉള്ള പാഠങ്ങളാണ് മുതുവൻ ഭാഷയിൽ തയ്യാറാക്കിയത്. ഹിന്ദി പഠനത്തിന് വേണ്ടി എല്ലാ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളിലും സുരീലി ഹിന്ദി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അധിക വായനയ്ക്കായി ഹലോ ഇംഗ്ലീഷ് സ്റ്റോറി പ്രസിദ്ധീകരിച്ചു.*

417. ഖാദർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കുന്ന നടപടി തുടരും. കുട്ടികളുടെ പഠന സമയം (അധ്യാപക-വിദ്യാർത്ഥി ആശയവിനിമയ സമയം) 200 പ്രവൃത്തി ദിവസം (1,000 മണിക്കൂർ) ഉറപ്പുവരുത്തും.

*ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഖാദർ കമ്മിറ്റി ശുപാർശ ചെയ്തു റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ., ഹൈസ്കൂൾ, പ്രൈമറി എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ചു. പ്രിൻസിപ്പാളിനെ സ്കൂൾ മേധാവിയായി നിയമിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ഭേദഗതി ബിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കി ഏകീകരണ പ്രക്രിയ ത്വരിതപ്പെടുത്തി. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള ഏകീകരണ സെൽ പ്രവർത്തനം ആരംഭിച്ചു. സെല്ലിന് സഹായം നൽകുന്ന കോർ കമ്മിറ്റിയും പ്രവർത്തന സജ്ജമായിട്ടുണ്ട്.*

418. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കളിപ്പാട്ടം എന്ന പാഠ്യപദ്ധതി എൻ.സി.ഇ.ആർ.റ്റി തയ്യാറാക്കിയിട്ടുണ്ട്. മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കും. പ്രീപ്രൈമറി സേവനവേതന നിരക്കുകൾ ഇനിയും മെച്ചപ്പെടുത്തും.

*പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള പിന്തുണ നൽകുന്നതിന് സമഗ്രശിക്ഷാ*

*കേരള ശിശുസൗഹൃദ ഫർണിച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയവയ്ക്കായി 328 സ്കൂളുകൾക്ക് 1 ലക്ഷം വീതവും സംസ്ഥാനത്തെ സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിക്കുന്നതിന് 440 സ്കൂളുകൾക്ക് 10 ലക്ഷം വീതവും സംസ്ഥാനത്തെ സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ ഭാഷാ വികാസ ഇടങ്ങൾ സജ്ജീകരിക്കുന്നതിന് സ്കൂൾ ഒന്നിന് 15,000 വീതവും സംസ്ഥാനത്തെ സർക്കാർ അംഗീകൃത പ്രീപ്രൈമറി സ്കൂളുകളിൽ സാങ്കേതിക വിദ്യാ സൗകര്യങ്ങൾ ഒരുക്കുന്നതിന് 11.09 കോടി വീതവും നൽകി വരുന്നു. കളിത്തോണി ആക്ടിവിറ്റി ബുക്കുകൾ രണ്ട് ഭാഗങ്ങൾ വിതരണം ചെയ്തു. 1.32 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.*

419. ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗവിദ്യാലയ, സഹിതം തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടുതൽ മെച്ചപ്പെടുത്തും. എല്ലാ കുട്ടികൾക്കും കലാ-കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസറ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.

*കുട്ടികളിൽ ഗവേഷണ താൽപര്യം ഉണ്ടാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായും കുസാറ്റുമായി ചേർന്ന് സ്ട്രീം എക്കോ സിസ്റ്റം എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 11 ബി.ആർ.സി.കളിൽ ഇത് ആരംഭിച്ചിട്ടുണ്ട്. എസ്.ഐ.ഇ.റ്റി. എം.ആർ.എസ് സ്കൂളുകൾ കേന്ദ്രീകരിച്ച് ടെക് - ടാലന്റ് എന്ന പ്രതിഭാ പോഷണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. കുസാറ്റിലും കാര്യവട്ടം യൂണിവേഴ്സിറ്റിയിലുമായി നാല് ഘട്ടങ്ങളിലായി ഈ പരിപാടി നടത്തി. ബയോ ഇൻഫർമേറ്റിക്സ് , നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വിഷ്വൽ ടെക്നോളജി, അറ്റ്മോസ്ഫറിക് സ്റ്റഡീസ് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തത്. 200 ലധികം പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ഇതിന്റെ ഗുണഭോക്താക്കളാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടത്തി. കൈറ്റ് സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തു. ഇതിലൂടെ നിർമ്മിത ബുദ്ധി ഉപയോഗിച്ച് യന്ത്രങ്ങൾ ചെറിയ റോബോട്ടുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുവാൻ കഴിഞ്ഞു. ഭിന്നശേഷി കുട്ടികളുടെ സാമൂഹികമായ പുരോഗതി, ഉൾച്ചേർന്ന വിദ്യാഭ്യാസവും മുന്നിൽകണ്ട് അവർക്കായി ഒരു ഏകദിന ചലച്ചിത്രോത്സവം സംഘടിപ്പിക്കുകയുണ്ടായി.*

420. അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഖാദർ കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കും.

അധ്യാപക പരിശീലനം കൂടുതൽ ഫലപ്രദമാക്കും. ഓൺലൈൻ രീതികൾ കൂടുതൽ സ്വീകരിക്കും.

*അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് ഡിജിറ്റൽ വിഭവ പോർട്ടലിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഒരു മാസം നീണ്ടു നിൽക്കുന്ന ഹയർസെക്കൻഡറി അധ്യാപക ശാക്തീകരണ പരിവർത്തന പരിപാടി (എച്ച് എസ് എസ് ടി പി) 120 ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി. 3050 ലധികം അധ്യാപകർക്ക് പരിശീലനം ലഭിച്ചു. വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ 389 കരിയർ മാസ്റ്റർമാർക്ക് പരിശീലനം നൽകി. സീമാറ്റിന്റെ നേതൃത്വത്തിൽ ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമ അധ്യാപകർക്കും വിദ്യാഭ്യാസ മാനേജ്മെന്റ് പ്രത്യേക പരിശീലനം നൽകി. പുതുതായി പി.എസ്.സി. നിയമനം ലഭിച്ച അധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ നവ അധ്യാപക പരിശീലനം നൽകി. എച്ച്.എസ്.എസ്.ടി.പി. മാതൃകയിൽ ഒന്നു മുതൽ പത്തു വരെയുള്ള അധ്യാപകർക്കും റസിഡൻഷ്യൽ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എണ്ണായിരം (8000) പ്രഥമ അധ്യാപകർക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകി. സംസ്ഥാനത്ത് 1,51,132 ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തു. ഇന്റർനെറ്റ് കണക്ഷൻ കൂടുതൽ മേഖലകളിൽ ലഭ്യമാക്കി.*

421. ഹൈടെക് ക്ലാസ് മുറികൾ ഉപയോഗിച്ചുള്ള പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതികൾ, പഠന വിഭവങ്ങൾ തയ്യാറാക്കൽ ഇവയുടെ ക്ലാസ് റൂം വിനിയോഗത്തിന് അധ്യാപകരെ പ്രാപ്തമാക്കൽ എന്നിവ ലക്ഷ്യമാക്കി അധ്യാപക ശാക്തീകരണ പരിപാടി ആവിഷ്കരിക്കും.

*ഹൈടെക് ക്ലാസ്മുറിയിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് പുതുതായി ആവിഷ്കരിച്ച ജി-സ്യൂട്ട് സംവിധാനം നടപ്പിലാക്കി. ഇത് ശരിയായി വിനിയോഗിക്കുന്നതിന് ആവശ്യമായ പദ്ധതികളും പഠനവിഭവങ്ങളുടെ സൃഷ്ടിക്കലും അധ്യാപക പരിശീലനത്തിൽ ഉൾപ്പെടുത്തി. ഹൈടെക് പഠനം കാര്യക്ഷമമാക്കുന്നതിനായി സ്കൂളുകളിൽ 50,000 ൽപരം സെക്കന്ററി, ഹയർ സെക്കന്ററി ക്ലാസ് മുറികൾ ഹൈടെക്കാക്കിയതിന്റെ തുടർച്ചയായി പുതുതായി 16500 ലാപ്ടോപ്പുകൾ ലഭ്യമാക്കിയിട്ടുണ്ട്.*

423. എല്ലാ ജില്ലകളിലെയും അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പൂർത്തിയാക്കും. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐ.ടി.ഐകളും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുമായി ഹബ്ബ് ആന്റ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കും.

*Connect Career to Campus പദ്ധതി അസാപ്പിൽ ആരംഭിച്ചു. അസാപ്പിന്റെ 16 സ്കിൽപാർക്കുകൾ പ്രവർത്തനം ആരംഭിച്ചു. അസാപ്പിന്റെ നേതൃത്വത്തിൽ ആമസോൺ, എൽ&ടി, മസ്ക് ട്രെയിനിങ്, എഡ്യൂടെക്ക് തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് വ്യവസായാധിഷ്ഠിത കോഴ്സുകൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ചു.*

424. 10 സർക്കാർ ഐ.റ്റി.ഐകളെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ കളുടെയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തും.

*കിഫ്ബി ഫണ്ടുപയോഗിച്ച് 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ ഭാഗമായി ധനുവച്ചപുരം ഐ.ടി.ഐ. യിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി കൊയിലാണ്ടി, ഏറ്റുമാനൂർ, ചന്ദന ത്തോപ്പ് ഐ.റ്റി.ഐ. കളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് മൂന്നാം നൂറ് ദിന പരിപാടികളുടെ ഭാഗമായി ഉദ്ഘാടനം നിശ്ചയിച്ചിരിക്കുകയാണ്. എല്ലാ ഐ.റ്റി.ഐ. കളിലെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ ഏറിയാട്, പേരാവൂർ, ചെറിയമുണ്ടം, കുരുമാത്തൂർ, ബേപ്പൂർ, കണ്ണൂർ (വനിത), ആരക്കുഴ, കൂത്തുപറമ്പ്, ചാക്ക, മണീട്, വേങ്ങൂർ, ആറ്റിങ്ങൽ, പള്ളിക്കത്തോട്, അരീക്കോട് എന്നീ ഐ.റ്റി.ഐ. കളിലെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. 2022-23 വർഷത്തിൽ തിരുവാർപ്പ്, വാഴക്കാട്, ഏലപ്പാറ, ചിത്തിരപുരം, കോടോംബേളൂർ എന്നീ ഐ.റ്റി.ഐ. കൾക്ക് ഭൂമി ലഭ്യമാക്കുകയുണ്ടായി.*

425. വി.എച്ച്.എസ്.ഇയിൽ കാലോചിതമായ പരിഷ്കാരങ്ങൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കും. എല്ലാ വി.എച്ച്.എസ്. ഇകളിലേയ്ക്കും എൻ.എസ്.ക്യു.എഫ് വ്യാപിപ്പിക്കും. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്കൂൾ വർക്ഷോപ്പുകൾ സാർവ്വത്രികമാക്കും. ഉന്നതവിദ്യാഭ്യാസത്തിനു പോകാത്ത കുട്ടികൾക്ക് നാട്ടിലുള്ള വിവിധ തൊഴിലുകൾ ചെയ്യാൻ ആവശ്യമായ പരിശീലനം നൽകും.

*വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 6 പുതിയ എൻ.എസ്.ക്യു. എഫ് ജോബ് റോളുകൾ പുതിയതായി ആരംഭിച്ചു. സവിശേഷ കഴിവുകളോടുള്ള വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകം തയ്യാറാക്കിയ രണ്ടു തൊഴിൽ കോഴ്സുകൾ ആരംഭിച്ചു. NSQF JOB Role - കൾ വിദ്യാർത്ഥികൾക്ക് വേണ്ടി ഡിജിറ്റലൈസ് ചെയ്ത് വിദ്യാലയങ്ങൾക്ക് നല്കി. ലിംഗവ്യത്യാസമില്ലാതെ എൻ.എസ്.ക്യു.എഫ് കോഴ്സുകളിൽ പ്രവേശനം നടത്തിയിട്ടുണ്ട്. എല്ലാ സർക്കാർ വി.എച്ച്.എസ്.ഇ. സ്കൂളുകളിലും മികച്ച വൊക്കേഷണൽ ലബോറട്ടറികൾ സ്ഥാപിക്കുകയും 5 കോടിയിൽപരം രൂപ യുടെ ആധുനിക ഉപകരണങ്ങളടക്കമുള്ള ലബോറട്ടി ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാലയങ്ങളും നാഷണൽ ക്വാളിറ്റി ഫ്രെയിംവർക്കിലേക്ക് മാറി.*

*വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ 389 കരിയർ മാസ്റ്റർമാർക്ക് പരിശീലനം നൽകി. വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികളുടെ ഡയറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചു. 2013 നാണ് ഏറ്റവും ഒടുവിലായി ഡയറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചത്. വി.എച്ച്.എസ്.ഇ കോഴ്സ് പാസായ വിദ്യാർത്ഥികൾക്ക് വേണ്ടി തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും കഴിഞ്ഞ രണ്ട് വർഷം കൊണ്ട് 2,400 ൽ അധികം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.*

426. അക്കാദമികതലത്തിൽ അധ്യാപകരിൽ, പ്രത്യേകിച്ച് ഹയർ സെക്കണ്ടറി അധ്യാപകരിൽ, ഗവേഷണതൽപ്പരത വളർത്തുന്നതിനുള്ള കർമ്മപരിപാടികൾ ശക്തിപ്പെടുത്തും. എൻ.സി.ഇ.ആർ.റ്റി ഇതിനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നതോടൊപ്പം സമീപത്തുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഗവേഷണബന്ധം വളർത്തിയെടുക്കും.

***ഹയർ സെക്കന്ററി, വിദ്യാഭ്യാസരംഗത്ത് അക്കാദമിക മികവ് ലക്ഷ്യം വച്ചുകൊണ്ടുള്ള പരിശീലന പരിപാടി HSSTP എന്ന പേരിൽ ആരംഭിച്ചിട്ടുണ്ട്. 3050 ലധികം അധ്യാപകർക്ക് ഇതിലൂടെ പരിശീലനം നൽകിയിട്ടുണ്ട്. അധ്യാപകരിൽ ഗവേഷണ തത്പരത വർദ്ധിപ്പിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്ത് ഇദംപ്രഥമമായി കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ് 2023 സംഘടിപ്പിക്കുകയുണ്ടായി.***

427. അധ്യാപക നിയമനം, തസ്തിക നിർണയം, സ്ഥലംമാറ്റം, പ്രൊമോഷൻ ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങൾ 2021 മുതൽ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാക്കും.

***അധ്യാപക നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് കൈറ്റിന്റെ സാങ്കേതിക സഹായത്തോടെ സമന്വയ പോർട്ടലിൽ സെക്രട്ടറിയേറ്റ് ഡാഷ് ബോർഡ് സൗകര്യം ഏർപ്പെടുത്തി. നിയമനം, തസ്തിക നിർണ്ണയം, സ്ഥലംമാറ്റം, പ്രമൊഷൻ, ഉൾപ്പെടെയുള്ള ഭരണപരമായ കാര്യങ്ങൾ പരമാവധി ഓൺലൈൻ ആക്കിയിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിൽ (ഗവണ്മെൻറ്/എയിഡഡ്) നിന്നുമുള്ള കത്തിടപാടുകൾ പൂർണമായും ഇ-തപാൽ മുഖേന ചെയ്യുന്നതിനായി e- tapal at schools എന്ന പദ്ധതി  രൂപീകരിച്ചിട്ടുണ്ട്.***

428. നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.

***സ്കൂളുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്കൂൾ മാനുവലിന് രൂപം നൽകുകയാണ്. ഇതിന്റെ കരട് തയാറാക്കിക്കഴിഞ്ഞു. എന്താണ് സ്കൂളെന്ന് തുടങ്ങി സ്കൂളുകളുടെ എല്ലാ തരത്തിലുള്ള പ്രവർത്തനങ്ങളും ഇതിൽ നിർവ്വഹിക്കും. പി.റ്റി.എ., എസ്.എം.സി, മദർ പി.ടി.എ. എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഘടനയെക്കുറിച്ചും ഇതിൽ പ്രതിപാദിക്കും.  ഓരോ ജില്ലയിലും പി.റ്റി.എ. പ്രസിഡന്റുമാരുടെ യോഗം ചേർന്ന് സ്കൂൾ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്.***

429. എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ഭൗതിക സൗകര്യ ഭാഗം വലിയൊരളവിൽ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ അടുത്ത അധ്യായന വർഷത്തിൽ സമഗ്രമായി പരിഷ്കരിക്കും.

ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.

***എല്ലാ സ്കൂളുകളിലും സ്കൂൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുമ്പ് തയ്യാറാക്കിയിട്ടുള്ള സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ചു വരുന്നു.***

430. ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ പരിഹരിക്കാൻ സമഗ്ര ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ബി.ആർ.സികളിൽ ആരംഭിച്ചിട്ടുള്ള ഓട്ടിസം സെന്ററുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ ടെക്സ്റ്റ് വികസിപ്പിക്കും. കേൾവി പരിമിതിയുള്ള കുട്ടികൾക്കായി പ്രത്യേക പരിപാടി തയ്യാറാക്കും. ഇത്തരം കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിനു വിവിധ വകുപ്പുകളുടെ കീഴിലുള്ള ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കും.

***സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് എസ്.എസ്.കെ. സർവ്വേ സംഘടിപ്പിക്കുകയുണ്ടായി. അതോടൊപ്പം തന്നെ 168 ബി.ആർ.സി. കളിലും ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഇവർക്ക് തെറാപ്പി സേവനങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്. ശാരീരിക അവശത മൂലം സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത 8,245 കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 2022 - 23 പദ്ധതി കാലയളവിൽ ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കൽ 1500 സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അർഹരായ ഭിന്നശേഷി കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡിംഗ് അലവൻസ്, പെൺകുട്ടികളുടെ സ്റ്റൈപ്പന്റ് എന്നിവയും നൽകി. കാഴ്ചപരിമിതരായ കുട്ടികൾക്കായി ബ്രെയിൽ ലിപിയിലുള്ള പുസ്തകങ്ങൾ നൽകുന്നുണ്ട്. കൂടാതെ സ്പീച്ച് തെറാപ്പി, സെൻസസ് സ്റ്റിമുലൈസേഷൻ തെറാപ്പി എന്നിവയും നടത്തുന്നു.***

431. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ഉദ്ഗ്രഥിക്കും.

***തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സമഗ്രശിക്ഷാ കേരള വില്ലേജ് എഡ്യൂക്കേഷൻ രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതോടൊപ്പം ഓരോ ജില്ലയിൽ നിന്നും പാർശ്വവൽക്കൃത മേഖലയിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്ത് വീതം കണ്ടെത്തി അവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസം സാമൂഹ്യ മുന്നേറ്റത്തിലൂടെ സാക്ഷാത്ക്കരിക്കുന്നതിന് SEVAS (Self Emerging Village by Additional Support) എന്ന പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്. സിവിൽ വർക്കുകൾ, യൂണിഫോം, പാഠപുസ്തകങ്ങൾ, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ, പിന്നോക്ക മേഖലയിലെ***

*കുട്ടികൾക്കുള്ള യാത്രാ സൌകര്യം ഒരുക്കൽ തുടങ്ങി പ്രൈമറി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട തലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.*

432. സ്കൂൾ മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ്, എം.പി, എം.എൽ.എ തുടങ്ങിയ ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനുസൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.

*എല്ലാ സ്കൂളുകളിലും സ്കൂൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മുമ്പ് തയ്യാറാക്കിയിട്ടുള്ള സ്കൂൾ മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ നിർദ്ദേശം നൽകി. നിലവിലുള്ള സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ പുനർവായന നടത്തി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.*

433. എയ്ഡഡ് സ്കൂളുകളിലെ പാചകപ്പുര മെച്ചപ്പെടുത്തുന്നതിന് പൊതു ഫണ്ടുകൾ ഉപയോഗപ്പെടുത്താൻ അനുവാദം നൽകും. പ്രാദേശിക പിന്തുണയോടെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉയർത്തും.

*പാചകപ്പുര നിർമ്മിക്കുന്നതിന് സർക്കാർ ഫണ്ടിന് പുറമെ പൂർവ്വ വിദ്യാർത്ഥി കളെയും ജനപ്രതിനിധികളെയും സംഘടിപ്പിച്ച് ഫണ്ട് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സ്കൂൾ പരിസരത്ത് പച്ചക്കറിത്തോട്ടങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഈ പദ്ധതിയുടെ നടത്തിപ്പ് 86% പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് ജില്ലകളിൽ ഇത് 100% ആയിട്ടുണ്ട്. ഇതിൽ നിന്നും വിളവെടുക്കുന്ന പച്ചക്കറികൾ അതത് സ്കൂളിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുന്നു.*

434. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തെ മാറ്റും.

*മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്നതിനായി പാഠ്യപദ്ധതി പരിഷ്കരണത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾക്ക് രൂപം നൽകി. സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഉറപ്പു വരുത്തണമെന്ന നിർദ്ദേശം നൽകുകയും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കളിസ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചു.*

435. പഠന സാമഗ്രികൾ, പാഠപുസ്തകം, കൈപ്പുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളിലൊന്ന്. ഇത് തുടർന്നും ഉറപ്പുവരുത്തും.



***2023-24 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ ഒന്നാം വാല്യം മദ്ധ്യവേനൽ അവധിക്കാലത്ത് തന്നെ വിദ്യാർത്ഥികളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സ്കൂൾ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോമിന്റെ വിതരണം ആരംഭിച്ചിട്ടുണ്ട്.***

436. സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവവൈവിദ്ധ്യോദ്യാന പദ്ധതി വിപുലപ്പെടുത്തും. ജൈവ പച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും. എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും.

***ഉച്ചഭക്ഷണ പദ്ധതിയെ പോഷിപ്പിക്കുന്നതിനും കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിനും എല്ലാ സ്കൂളുകളിലും കിച്ചൺ ഗാർഡൻ നിർബന്ധമാക്കാൻ തീരുമാനിച്ചു. ഹരിത വിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയിലൂടെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾക്ക് ക്യാഷ് പ്രൈസ് നൽകുകയുണ്ടായി. ഒന്നാം സ്ഥാനം 20 ലക്ഷം രണ്ടാം സമ്മാനം 15 ലക്ഷം മൂന്നാം സമ്മാനം 10 ലക്ഷം എന്നിങ്ങനെ സമ്മാനർഹരായ സ്കൂളുകൾക്ക് ബഹു. മുഖ്യമന്ത്രി നൽകുകയുണ്ടായി. നവകേരളം കർമ്മപദ്ധതി 2 ൽ അടങ്ങിയ വിദ്യാകിരണം മിഷന്റെ ഭാഗമായി കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും മാലിന്യസംസ്ക്കരണ***

*പദ്ധതികൾ നടപ്പിലാക്കാനും പരിസ്ഥിതിസൗഹൃദ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കാനും വിവിധ വകുപ്പുകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഏകോപിപ്പിച്ചു കൊണ്ട് 3 വർഷം നീണ്ടുനിൽക്കുന്ന ഒരു ക്യാമ്പയിൻ സംസ്ഥാനത്ത് സംഘടിപ്പിക്കുന്നതാണ്.*

437. ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനുശേഷമുള്ള ഉന്നത പഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.

*അഭിരുചി മനസ്സിലാക്കി തുടർ പഠനത്തിന് വഴിയൊരുക്കാൻ കെഡാറ്റ് അഭിരുചി ടെസ്റ്റ് വികസിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം പ്രയോജന പ്പെടുത്തി നടത്തുന്ന ഈ ടെസ്റ്റ് ഒൻപതാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച പ്രാഥമിക നടപടിൾ കൈക്കൊണ്ടിട്ടുണ്ട്.*

438. പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി, സീമാറ്റ്, എസ്.ഐ.ഇ.ടി, ഐടി @ സ്കൂൾ എന്നിവ യുടെ പ്രവർത്തനം വിദഗ്ധരുടെ പങ്കാളിത്തത്തോടെ കൂടുതൽ മെച്ചപ്പെടുത്തും.

*പൊതുവിദ്യാഭ്യാസ വകുപ്പിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.ടി., സീമാറ്റ്, എസ്.ഐ.ഇ.ടി, സാക്ഷരതാ മിഷൻ, കൈറ്റ്, എസ്.ഐ.എം.സി. തുടങ്ങിയവയുടെ പ്രവർത്തനം അതത് മേഖലയിലെ വിദഗ്ദ്ധരുടെ കൂടി പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തി വരികയാണ്. എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ സമിതി തയ്യാറാക്കിയ കരട് ചട്ടക്കൂട് ജനകീയ ചർച്ചയ്ക്ക് വിധേയമാക്കി. ഇവ കൂടി പരിശോധിച്ച് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ തുടർ നടപടികൾ കൈക്കൊള്ളും.*

439. ഐടി @ സ്കൂളിനെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ അഥവാ കൈറ്റ് എന്നാക്കി സമൂലമായി പുനഃസംഘടിപ്പിച്ചു. അതിന്റെ വലിയ മാറ്റവും ഉണ്ടായിട്ടുണ്ട്. സ്കൂൾ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സൃഷ്ടിച്ചിട്ടുള്ള പുതിയ സൗകര്യങ്ങളുടെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു കൈറ്റ് നേതൃത്വം നൽകും.

*ജി-സ്യൂട്ട്, വിക്ടേഴ്സ് ചാനലുകൾ പോലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ഗുണമേന്മ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിക്ടേഴ്സിന്റെ രണ്ടാം ചാനൽ ആരംഭിച്ചു. കൈറ്റിന്റെ സാങ്കേതിക സഹായത്തോടെ ഹൈടെക് പഠനം ഫലപ്ര ദമാക്കുന്നതിന് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് അനുയോ ജ്യമായ പഠന വിഭവങ്ങളും പാഠാസൂത്രണ രേഖകളും ഉൾപ്പെടുത്തി കാലോ ചിതമായി വിഭവസമഗ്ര പോർട്ടലിന്റെ പുതിയ പതിപ്പ് തയാറാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ കുട്ടികളുടെ ഹാജർ നില, പഠനപുരോഗതി, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ രേഖപ്പെടുത്താനും രക്ഷിതാക്കളും സ്കൂളും*

***തമ്മിലുള്ള വിനിമയം സുഗമമാക്കാനുമുള്ള മൊബൈൽ ആപ്പ് കൈറ്റ് സജ്ജമാക്കിയിട്ടുണ്ട്.***

440. അൺ എയ്ഡഡ് വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നവിധം സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരും. ഇതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകും. അധ്യാപകരുടെയും അനധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

***ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയസ്ഥാപനങ്ങളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും സേവന വ്യവസ്ഥകൾക്ക് മാനദണ്ഡം നിശ്ചയിക്കുന്ന നിയമനിർമ്മാണം നിലവിൽ വന്നിട്ടുണ്ട്.***

441. സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ കൂടുതൽ ശക്തിപ്പെടുത്തും. വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന സ്ത്രീകൾക്ക് തുടർ വിദ്യാഭ്യാസം നേടിയെടുക്കാൻ കഴിയുന്ന സവിശേഷ പദ്ധതികൾ ആവിഷ്കരിക്കും.

***സാക്ഷരതാ മിഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ എന്നിവയ്ക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കേരള സമൂഹത്തിൽ അടിസ്ഥാന ഇ-സാക്ഷരത നൽകുന്നതിനായി ഇ-മുറ്റം എന്ന പേരിൽ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ തീരദേശ പിന്നാക്ക മേഖലകൾ കേന്ദ്രീകരിച്ച് തുടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***



442. സാക്ഷരതാ മിഷൻ പ്രേരക്മാരെ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതാണ്. വർദ്ധിപ്പിച്ച അലവൻസ് ലഭിക്കുമെന്ന് ഉറപ്പുവരുത്തും. ഇവരുടെ അലവൻസ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കു സർക്കാർ അധികമായി ലഭ്യമാക്കും.

***31.03.2022 ലെ സ.ഉ.(കൈ)നം. 72/2022/ത.സ്വ.ഭ.വ എന്ന ഉത്തരവ് പ്രകാരം സംസ്ഥാന സാക്ഷരതാ മിഷന് കീഴിൽ ജോലി ചെയ്യുന്ന സാക്ഷരതാ പ്രേരകുമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അന്തിമ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ് എന്നിവരുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരികയാണ്.***

443. എല്ലാ സ്കൂളുകളിലും കൗൺസലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും. പാചകത്തൊഴിലാളികൾ, പ്രീപ്രൈമറി അധ്യാപകർ/ആയമാർ എന്നിവരുടെ വേതനം ഉയർത്തും.

***സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ യൂണിസെഫിന്റെ സഹായത്തോടെ കുട്ടികളുടെ മാനസിക ആരോഗ്യ വിദ്യാഭ്യാസത്തിനായി 'അതിജീവനം' എന്ന പരിപാടി വിദഗ്ദ്ധ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും നേതൃത്വത്തിൽ നടപ്പിലാക്കി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി എന്ന നിലയിൽ കൗമാരക്കാരായ കുട്ടികൾക്കുള്ള ബോധവൽക്കരണ പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.***

## ഉന്നത വിദ്യാഭ്യാസം

444. സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കുക എന്നതാണ് ഇനിയുള്ള ലക്ഷ്യം. നാക് അക്രെഡിറ്റേഷന് കേരളത്തിലെ എല്ലാ സർവ്വകലാശാലകളും 3.5 ശതമാനം ഗ്രേഡ് എങ്കിലും കൈവരിക്കണം. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഡിപ്പാർട്ടുമെന്റുകളും സ്കൂളുകളും ദേശീയതലത്തിൽ അംഗീകാരം നേടും. രാജ്യത്തെ വിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റും.

***സർവകലാശാലകളിലും കോളേജുകളിലും ആധുനിക സൗകര്യങ്ങൾ ഉള്ള ലബോറട്ടറികൾ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ പുതുതലമുറ കോഴ്സുകളും നിലവിലുള്ള കോഴ്സുകളിൽ കൂടുതൽ സീറ്റുകളും അനുവദിക്കുകയുണ്ടായി. വിദേശ സർവകലാശാലകളുമായി പലതരത്തിലുള്ള വിദ്യാർത്ഥി വിനിമയ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഗവേഷണ രംഗത്തിനു പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നിക്ഷേപങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ്***

*ആൻഡ് ലിബറൽ ആർട്സ്, എക്കണോമിക്സ്, അഗ്രികൾച്ചർ ആൻഡ് എക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ് കൊമേഴ്സ് & മാനേജ്മെൻറ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി ആൻഡ് എൻജിനീയറിങ് എന്നീ പത്ത് വൈജ്ഞാനിക മേഖലകളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകിത്തുടങ്ങി.*

*NAAC അക്രഡിറ്റേഷൻ പ്രക്രിയയിൽ കേരള സർവകലാശാല A++ ഗ്രേഡ് നേടി. കാലിക്കറ്റ് കൊച്ചി, കാലടി സർവകലാശാലകൾക്ക് A+ ഗ്രേഡ് ലഭിച്ചു. 16 കോളേജുകൾ A++ നേടി. 26 കോളേജുകൾ A+ ഉം 53 കോളേജുകൾ A ഗ്രേഡും നേടി. മഹാത്മാഗാന്ധി സർവ്വകലാശാല ടൈം ഹെയർ എഡ്യൂക്കേഷൻ വേൾഡ് റാങ്കിങ്ങിൽ 401– 500 ബാൻഡിൽ വന്നു. എട്ട് എഞ്ചിനീയറിങ് കോളജുകൾക്കും രണ്ട് പോളിടെക്നിക് കോളേജുകൾക്കും NBA അക്രഡിറ്റേഷൻ ലഭിച്ചു.*

445. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ എന്റോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തണം. അഖിലേന്ത്യാ ശരാശരി 26 ശതമാനമാണ്. ഇപ്പോൾ കേരളത്തിലെ എന്റോൾമെന്റ് 37 ശതമാനമാണ്. പക്ഷെ ഇതിൽ പുറത്തു പഠിക്കുന്ന കുട്ടികളുടെ എണ്ണം ഉൾപ്പെടില്ല. ഇതിന്റെ നിജസ്ഥിതി സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തും. ഇവരെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഒരു പക്ഷെ ഏതാണ്ട് 1,617 ലക്ഷം കുട്ടികൾ ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത് 2022 ലക്ഷമായി ഉയർത്തും. ഇതിനായി 2021 ൽ കോളേജുകൾ തുറക്കുമ്പോൾ 20,000 പേർക്ക് അധിക പഠനസൗകര്യം ഉണ്ടാകും. 10 ശതമാനം സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യ വർദ്ധന. 2021–22 ൽ തെരഞ്ഞെടുത്ത കോളേജുകളിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ചുകളിലൂടെയും പരീക്ഷണാടിസ്ഥാനത്തിൽ പഠനസൗകര്യം ഒരുക്കും.

*ദേശീയ ഉന്നത വിദ്യാഭ്യാസ സർവ്വേ പ്രകാരം കേരളത്തിന്റ ഉന്നതവിദ്യാഭ്യാസ രംഗത്തെ GER 43.2 ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ 4,149 സീറ്റുകൾ പുതുതായി അനുവദിക്കപ്പെട്ടു. 6 സ്വകാര്യ കോളജുകളും പുതിയ ഒരു എയിഡഡ് കോളേജും അനുവദിച്ചിട്ടുണ്ട്. 131 പുതിയ ബിരുദ പ്രോഗ്രാമുകളാണ് ഈ കാലയളവിൽ അനുവദിക്കപ്പെട്ടത്.*

446. സർവ്വകലാശാലകൾക്കുള്ളിൽ, കേരളത്തിലെ ശാസ്ത്ര പ്രതിഭകളുടെ പേരിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ദ്ധരെയോ പണ്ഡിതന്മാരെയോ സേർച്ച് കമ്മിറ്റി വഴി ദേശീയതലത്തിൽ നിന്ന് തെരഞ്ഞെടുത്തതിനു ശേഷം മാത്രമായിരിക്കും ഈ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുക. ഈ പ്രഗത്ഭമേധാവികളുടെ കൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപാന്തരപ്പെടുക. ഇവയിൽ നല്ല പങ്കും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളോ ഇന്റർ

ഡിസിപ്ലിനറി സെന്ററുകളോ ആയിരിക്കും.

***7 പുതിയ അന്തർ സർവകലാശാല സെന്ററുകൾ തെരഞ്ഞെടുക്കുകയും അവ സ്ഥാപിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.***

447. നിലവിലുള്ള യൂണിവേഴ്സിറ്റി സ്കൂളുകൾ/ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് അവയെ പുതിയ മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. കേരളത്തിന്റെ വിവിധ മേഖലകളുടെ വികസന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിൽ, കെ-ഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ച ചെയ്താണ് സെന്ററുകൾ സംബന്ധിച്ച് തീരുമാനമെടുക്കുക.

***മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണത്തിനുള്ള കരട് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിട്ടുണ്ട്. അത് നിയമവകുപ്പിന്റെ പരിഗണനയിലാണ്***

448. പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പ് ഉള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കും. അധികമായി ലബോറട്ടറികളും മറ്റു സൗകര്യങ്ങളുമൊരുക്കുന്നതിന് 50,000 രൂപ വരെ ആവശ്യമെങ്കിൽ ലഭ്യമാക്കും. രണ്ടു വർഷത്തേയ്ക്കായിരിക്കും ഫെലോഷിപ്പ്. രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ധർക്കും ഈ ഫെലോഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. ദേശീയ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പ്രത്യേകം പരസ്യം ചെയ്തായിരിക്കും ആളെ തെരഞ്ഞെടുക്കുക. ഫെലോഷിപ്പുകളുടെ വിഷയങ്ങൾ കേരളത്തിന്റെ വികസന ആവശ്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് തീരുമാനിക്കുക.

***രണ്ടാംഘട്ടം പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സൂക്ഷ്മ പരിശോധനയിലാണ്. കോഴിക്കോട് സർവകലാശാലയിലെ മികവിന്റെ കേന്ദ്രത്തിന് ആറ് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.***

449. കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലകളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതാണ്. മേജർ സർവ്വകലാശാലകൾക്ക് പരമാവധി 125 കോടി രൂപ വീതവും മറ്റുള്ളവയ്ക്ക് 75 കോടി രൂപ വീതം അനുവദിക്കും. ലാബുകൾ, ക്ലാസ് മുറികൾ, സ്റ്റുഡന്റ്/ ഫാക്കൽറ്റി ഹോസ്റ്റൽ, ഇന്റർനാഷണൽ ഹോസ്റ്റൽ എന്നിവയ്ക്കാണ് പണം അനുവദിക്കുക.

***ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിനായി കിഫ്ബി മുഖേന 611.75 കോടി രൂപ അനുവദിച്ചു. ട്രാൻസ്ലേഷനൽ റിസർച് സെന്റർ സ്ഥാപിക്കാൻ സാങ്കേതിക സർവകലാശാലയ്ക് 12.95 കോടിയും കേരള സർവകലാശാലയ്ക് 24.64 കോടിയും ലഭിക്കും. രാജ്യാന്തര ഹോസ്റ്റലും വനിതാ ഹോസ്റ്റലും***

*നിർമിക്കാൻ കേരള സർവകലാശാല കാര്യവട്ടം ക്യാംപസിനായി 28.21 കോടിയും തൃക്കാക്കര കുസാറ്റ് ക്യാംപസിനായി 30 കോടിയും അനുവദിച്ചു. തിരുവനന്തപുരം എൻജിനീയറിങ് സയൻസ് ആൻഡ് ടെക്നോളജി റിസർച് പാർക്കിന് വിളപ്പിൽശാലയിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 203.92 കോടി രൂപ കിഫ്ബി നൽകും. കേരള സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കാനാണ് 48,72 കോടി ലഭിക്കുക. നിലമ്പൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിന് സ്ഥലം ഏറ്റെടുക്കാനാണ് 12.53 കോടി.*

450. കേരള സാങ്കേതിക സർവകലാശാലയ്ക്കും മെഡിക്കൽ സർവ്വകലാശാലയ്ക്കും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിക്കും പുതിയ ആസ്ഥാന മന്ദിരങ്ങൾ പണിയും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് പുതിയ ആസ്ഥാന മന്ദിരം ലഭ്യമാക്കും.

*സാങ്കേതിക സർവകലാശാലക്ക് സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. ആസ്ഥാന മന്ദിരത്തിന്റെ DPR തയ്യാറായിട്ടുണ്ട്. ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആസ്ഥാനം ശാസ്ത്ര സാങ്കേതിക മ്യൂസിയം വളപ്പിനുള്ളിൽ സ്ഥാപിക്കുന്നതിന് തറക്കല്ലിട്ടു.*

451. ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തും.

*2022 – 23 സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് പദ്ധതി അടങ്കൽ ഇരുപതു ശതമാനം വർധിപ്പിച്ചിട്ടുണ്ട്.*

452. ഐ.ഐ.ഐ.ടി.എം.കെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി ഉയർത്തിയിട്ടുണ്ട്. ഇന്നവേറ്റീവ് ഗവേഷണത്തിനും സംരംഭകത്വ പ്രോത്സാഹനത്തിനും ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർണ്ണായക പങ്ക് വഹിക്കാനാവുംവിധം വികസിപ്പിക്കും.

*കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ആക്ട് 2021 ഒക്ടോബറിൽ കേരള നിയമസഭ പാസാക്കി. യൂണിവേഴ്സിറ്റിക്ക് യുജിസി അംഗീകാരം ലഭിച്ചിട്ടുണ്ട്. എംടെക് പ്രോഗ്രാമുകൾക്ക് എഐസിടിഇ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഇന്ത്യ ഇന്നൊവേഷൻ സെൻറർ ഫോർ ഗ്രാഫീൻ എന്ന മികവിൻറെ കേന്ദ്രം 2022 മാർച്ചിൽ സ്ഥാപിച്ചു. ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രാഫീൻ പൈലറ്റ് പ്രോജക്ട് എന്നിവയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2022–24 കാലയളവിൽ 315 കുട്ടികൾ DUK യുടെ വിവിധ പി.ജി കോഴ്സുകളിൽ അഡ്മിഷൻ നേടുകയുണ്ടായി. 2021–23 കാലയളവിൽ ഇത് 170 കുട്ടികളായിരുന്നു. പുതിയ MSc & M.Tech കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, യൂണിവേഴ്സിറ്റി ഓഫ് സീഗൻ ജർമനി, യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫോർഡ്, യൂണിവേഴ്സിറ്റി ഓഫ് മാഞ്ചസ്റ്റർ തുടങ്ങി വിവിധ വിദേശ സർവകലാശാലകളുമായി DUK ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ഇത് കൂടാതെ കേരളത്തിലും പുറത്തുമായി വിവിധ*

***സ്ഥാപനങ്ങളുമായി ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ധാരാളം എക്സ്റ്റേണൽ ഫണ്ടിംഗ് വിവിധ പ്രോജക്റ്റുകളിലൂടെയും അക്കാദമിക് റിസർച്ച് പ്രോജക്റ്റുകളിലൂടെയും DUK യ്ക്ക് ലഭിക്കുകയുണ്ടായി. അക്കാദമിക് ആൻറ് റിസർച്ച് ആക്ടിവിറ്റി കൂടാതെ ധാരാളം ട്രെയിനിങ് പ്രോഗ്രാമുകളും ഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകൾക്കും മറ്റു ഓർഗനൈസേഷനുകൾക്കുമായി നടത്തി. രണ്ടാം ഘട്ട കൺസ്ട്രക്ഷൻ വർക്ക്പുരോഗമിക്കുന്നു. കൂടാതെ 27 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എക്സിക്യൂട്ടീവ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി് നൽകിയിട്ടുണ്ട്.***

454. വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കാനും വിദേശ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ ഫലങ്ങൾ അടുത്തു മനസ്സിലാക്കാനും പ്രധാന വിദേശ ഭാഷകളിൽ നമ്മുടെ ബിരുദ - ബിരുദാനന്തര വിദ്യാർത്ഥികളെ സജ്ജമാക്കാൻ സർവ്വകലാശാലകളിൽ സംവിധാനം ഒരുക്കും.

***സർവകലാശാലകളിൽ വിദേശ ഭാഷാ പഠനത്തിനുള്ള സൗകര്യം ലഭ്യമാണ് അതോടൊപ്പം അസാപ്പിന്റെ ആഭിമുഖ്യത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.***

455. ഓൺലൈനായുള്ള MOOC മാതൃകയിലുള്ള കോഴ്സുകളുടെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തും. പരമ്പരാഗതമായ കോഴ്സുകൾ MOOC കോഴ്സുകളും മിശ്രമാക്കാവുന്നതാണ്.

***ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി വഴിയും എംജി യൂണിവേഴ്സിറ്റി സ്വയം (SWAYAM) പ്ലാറ്റ്ഫോം വഴിയും MOOC കോഴ്സുകൾ നടത്തിവരുന്നു. മറ്റു യൂണിവേഴ്സിറ്റികളിൽ കരിക്കുലം പരിഷ്കരിക്കുന്നതിനോട് അനുബന്ധിച്ച് MOOC കോഴ്സുകൾ ആരംഭിക്കുന്നതാണ്. കേരള സർവകലാശാല ഇ-പാഠശാല എന്ന പേരിൽ ഓൺലൈൻ കോഴ്സുകൾ നടത്തിവരുന്നു***

456. കേരളത്തിലെ സർവ്വകലാശാലകളും വിദേശ സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാദമിക് സഹകരണങ്ങളും പ്രോത്സാഹിപ്പിക്കും.

***കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.***

457. ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ സ്പോക്കൺ അറബി കോഴ് സുകൾക്കു പ്രാധാന്യം നൽകി ഒരു പഠനകേന്ദ്രം ആരംഭിക്കും.

***ചരിത്രകാരനായിരുന്ന ഷെയ്ക്ക് സൈനുദ്ദീൻ മഖ്ദൂമിന്റെ പേരിൽ പൊന്നാനി കേന്ദ്രമാക്കി ഒരു അന്താരാഷ്ട്ര സാംസ്കാരിക പഠന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു.***

458. ഉന്നത വിദ്യാഭ്യാസ വ്യവസായ വികസന സഹകരണം ശക്തിപ്പെടുത്തും. ട്രാൻസ്‌ലേഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഉന്നതവിദ്യാപീഠങ്ങൾ, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, നൂതനവിദ്യാ പ്രോത്സാഹന പദ്ധതികൾ എന്നിവയൊക്കെയായിരിക്കും ഈ സഹകരണത്തിന്റെ മുഖ്യചാലുകൾ.

*പുതിയ മൂന്ന് ട്രാൻസ്ലേഷനൽ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അനുമതിയായിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലും മറ്റൊന്ന് കാർഷിക സർവകലാശാലയുടെ കീഴിലും ആയിരിക്കും ആരംഭിക്കുക*

*459. അഫിലിയേറ്റഡ് കോളജുകളിലെ ക്ലാസ് മുറികൾ മുഴുവൻ ഡിജിറ്റലൈസ് ചെയ്യും. അസാപ്പിനായിരിക്കും ഇതിന്റെ ചുമതല.*

*അസാപ്പ് പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഏയിഡഡ് കോളേജുകൾക്ക് അക്കുമലേറ്റഡ് പി.ഡി ഫണ്ട് ഉപയോഗിച്ച് ക്ലാസ്സ് മുറികളെ ഡിജിറ്റലൈസ് ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.*

460. സർക്കാർ കോളജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ 512 കോടി രൂപ വീതം മുടക്കി വിപുലീകരിക്കും. നാക് അക്രെഡിറ്റേഷനുവേണ്ടിയുള്ള സൗകര്യങ്ങളൊരുക്കുന്നതിനു പ്രത്യേക ധനസഹായം നൽകും.

*റൂസ പദ്ധതി പ്രകാരം 153 നിർമാണ പ്രവർത്തനങ്ങൾക്കായി 565 കോടി രൂപ അനുവദിച്ചു അതിൽ 313.61 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ*



***പൂർത്തീകരിച്ചു. 2024-ഓടെ എല്ലാ കോളേജുകൾക്കും NAAC അക്രഡിറ്റേഷൻ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് വിഷൻ-24 എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിലേക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രത്യേക NAAC ഫണ്ടും രൂപീകരിച്ചിട്ടുണ്ട്.***

462. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ബിരുദ-ബിരുദാനന്തര പഠനത്തിനുള്ള കരിക്കുലം പരിഷ്കരിക്കും. വ്യത്യസ്ത വിഷയങ്ങളിലുള്ള നിപുണത വികസിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുമുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കും.

***കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച സംസ്ഥാന കരിക്കുലം പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി അധ്യാപകരുടെ ശിൽപ ശാലകൾ നടന്നു വരുന്നു.***

463. ഉന്നത വിദ്യാഭ്യാസത്തിന്റെ ഈ പരിവർത്തനത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സി.ഡബ്ല്യൂ.ഡി.ആർ.എം, കെ.എഫ്.ആർ.ഐ. നാറ്റ്പാക്ക് തുടങ്ങിയ സ്ഥാപനങ്ങളും സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സ്റ്റെക്കിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്കു പൂർണ ഓട്ടോണമി നൽകുകയും കൗൺസിലിന്റെ ചുമതല ഏകോപനം, അവലോകനം, പൊതുദിശ നിർണയിക്കൽ എന്നിവയിൽ ഒതുക്കുകയും ചെയ്യും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലോകോത്തര സ്ഥാപനമാക്കും.

***ഗവേഷണ സ്ഥാപനങ്ങളുടെ ഓട്ടോണമി സംബന്ധിച്ച നടപടികൾ പരിഗണനയിലാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിക്ക് മുഴുവൻ സമയ ഡയറക്ടറെ നിയമിച്ച് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം തോന്നയ്ക്കലിലെ IAV യിൽ 88 വൈറസുകൾ ഡിറ്റക്റ്റ് ചെയ്യുവാനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്. BSL3 ലാബ് സംവിധാനത്തിനുവേണ്ടിയുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെയും 8 ലാബുകളുടെയും ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. ആനിമൽ ഫെസിലിറ്റിക്ക് വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സയിന്റിസ്റ്റുകളുടെ റിക്രൂട്ട്മെന്റ് ത്വരിതഗതിയിൽ നടക്കുന്നു.***

464. കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നൽകും. ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരമുള്ള ഇന്ത്യയിലെ ഏറ്റവും നല്ല ചലച്ചിത്ര പാഠശാലയാക്കി മാറ്റും.

***കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന് ഓട്ടോണമി നൽകി. പ്രശസ്ത സംവിധായകൻ ശ്രീ സയീദ് മിർസയെ ചെയർമാനായി നിയമിച്ചു. സർവകലാശാല പദവിയിലേക്ക് ഉയർത്തുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.***

465. പഠനത്തിനൊപ്പം വരുമാനം കൂടി ഉറപ്പാക്കാൻ സാധിക്കുംവിധം ഏൺ ബൈ ലേൺ പദ്ധതി വിപുലീകരിക്കും.

***ശിൽപ്പകലാ വിദ്യ അഭ്യസിച്ചു വരുന്ന വിദ്യാർത്ഥികളുടെ പ്രാവീണ്യം വ്യവസായ മേഖലയിൽ പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതിനായി പ്ലാസ്റ്റിക്ക്, ഇ-മാലിന്യങ്ങൾ, കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ എന്നിവ പുനഃരുപയോഗിച്ച് ചെറുതും വലുതുമായ ശിൽപ്പങ്ങൾ ഉണ്ടാക്കുന്നതിനായുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കി. ഇതിനായി ഒരു കോടി രൂപ അനുവദിച്ചു. പദ്ധതി കേരളത്തിലെ സർക്കാർ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു***

466. പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കും.

***IHRD യുടെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളിൽ പുതിയ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്***

467. വിവിധ സർവ്വകലാശാല ലൈബ്രറികളിലെ ഇ-റിസോഴ്സ് മറ്റിതര സർവ്വകലാശാലകളിലടക്കമുള്ള സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കും. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം നടപ്പാക്കും. സർവ്വകലാശാലകളിലെയും അഫിലേറ്റഡ് കോളേജുകളിലെയും ഡിപ്പാർട്ട്മെന്റുകളെ ഗ്രേഡ് ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കും. മികച്ച ഗ്രേഡ് ലഭിക്കുന്ന ഡിപ്പാർട്ട്മെന്റുകൾക്ക് പ്രത്യേക ധനസഹായം നൽകും.

***ഇ-ജേർണൽ കൺസോർഷ്യം നിലവിൽ വന്നു.***

468. ജ്ഞാനസമൂഹമായുള്ള കേരളത്തിന്റെ പരിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടേറെ ബഹുവിഷയ സ്പർശിയായ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. കല, സാംസ്ക്കാരിക മേഖലയിൽ ഇത്തരത്തിലുള്ള സ്ഥാപനമായിരിക്കും സ്കോപ്. (Skope - School of Knowledge, Performance and Aesthetics). ഇത് കേരളത്തിലും ഇന്ത്യയിലും അന്യരാജ്യങ്ങളിലുമുള്ള വിവിധ ശാസ്ത്ര-കലാ- സാഹിത്യ വൈജ്ഞാനിക മേഖലകളിലെ പ്രഗത്ഭർക്ക് ഒത്തുകൂടി പ്രവർത്തിക്കാനുള്ള സംവിധാനമൊരുക്കും.

***സ്കോപ് (Skope-School of Knowledge, Performance and Aesthetics) സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിക്കഴിഞ്ഞു.***

469. സ്വാശ്രയ സ്ഥാപനങ്ങളിലെ അക്കാദമിക ഗുണമേന്മ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള അക്രെഡിറ്റേഷൻ സംവിധാനം ആരംഭിക്കും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും

ഭാവിയിൽ പുതിയ കോഴ്സുകൾ അനുവദിക്കുക. ഇത്തരം സ്ഥാപനങ്ങളിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അവ ഫലപ്രദമാക്കും.

***SAAC പ്രവർത്തനം ആരംഭിച്ചു. മൂന്നു കോളേജുകൾക്ക് SAAC - എ ഗ്രേഡ് ലഭിച്ചു. ജില്ലാടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു വരുന്നു. SLQAC യുടെ നേതൃത്വത്തിൽ സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലെ IQAC കോർഡിനേറ്റർമാർക്ക് പരിശീലന പരിപാടി നടത്തി.***

470. സർവകലാശാലകളിലെ സിലബസ് കാലോചിതമായി പരിഷ്കരിക്കും. പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി ഓരോ സർവ്വകലാശാലയും അവരവരുടെ സിലബസ് നിർമ്മാണം പൂർത്തീകരിക്കും.

***ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ, സർവകലാശാലാ നിയമ പരിഷ്കരണ കമ്മീഷൻ എന്നിവ അവയുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്നതിനുള്ള സംസ്ഥാന കരിക്കുലം കമ്മിറ്റിയെ നിയമിച്ചു. കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ കരട് സമൂഹത്തിന്റെ നാനാ തുറകളിലുള്ളവരുമായി വിശദമായ ചർച്ചകൾക്ക് ശേഷം പൂർത്തീകരിച്ചു പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. ഇതിന്റെ തുടർച്ചയായി സർവകലാശാലകളുടെ സിലബസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.***

471. കൂടുതൽ ഡോക്ടറൽ സീറ്റുകളും സ്കോളർഷിപ്പുകളും അനുവദിക്കും. ജ്ഞാനോൽപ്പാദനത്തിന് ശേഷിയും യോഗ്യതയുമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനു ബിരുദ-ബിരുദാനന്തര കാലത്ത് വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കും. ഗവേഷണ മെത്തഡോളജിയിൽ പാർടൈം കോഴ്സുകൾ ആരംഭിക്കും.

***കരിക്കുലം പരിഷ്കരണം പൂർത്തിയാകുന്ന മുറക്ക് ഗവേഷണ മെത്തഡോളജിയിൽ പുതിയ കോഴ്സുകൾ ആരംഭിക്കും.***

473. അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ സൗകര്യങ്ങൾ ഉയർത്തുന്നതിനു ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള നടപടികൾ കൂടുതൽ ലളിതമാക്കും. ഉദാരമായ സാമ്പത്തിക പിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകളെടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കും. ഷിഫ്റ്റ് അടിസ്ഥാനത്തിലോ അല്ലാതെയോ കോഴ്സുകൾ നടത്തുന്നതിന് കോളേജുകളുടെ ഗ്രേഡ് കണക്കിലെടുത്തുകൊണ്ടായിരിക്കും.

***സ്ഥാപനങ്ങളുടെ ഗ്രേഡ് അനുസരിച്ച് ഷിഫ്റ്റ് അടിസ്ഥാനത്തിൽ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണിക്കും. ഇപ്പോൾ നടന്നു വരുന്ന കരിക്കുലം***

*പരിഷ്കരണത്തിന്റെ തുടർച്ചയായിട്ടായിരിക്കും അത്.*

474. എല്ലാ കോളേജ് അധ്യാപകർക്കും സർവ്വീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഇൻഡക്ഷൻ കോഴ്സുകൾ സംഘടിപ്പിക്കും. അധ്യാപകർക്ക് ഇൻ-സർവ്വീസ് കോഴ്സുകൾക്കു വേണ്ടിയുള്ള സൗകര്യങ്ങൾ വിപലുപ്പെടുത്തും. മാനദണ്ഡങ്ങൾക്കനുസരിച്ച് പൂർണ്ണമായ അധ്യാപക തസ്തികകൾ സൃഷ്ടിക്കും.

*2023-24 വർഷം അധ്യാപക-അനധ്യാപക പരിശീലനത്തിനുള്ള കേന്ദ്രം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കും. 2023-24 വർഷത്തെ ബജറ്റിൽ ഇതിനായുള്ള തുക വകയിരുത്തിയിട്ടുണ്ട്.*

475. സർവകലാശാലാകേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണമായും നികത്തും. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണാസംവിധാനങ്ങളും സൃഷ്ടിക്കും.

*കണ്ണൂർ സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു. സർവകലാശാലകളിൽ അധ്യാപക നിയമനം തടസ്സമില്ലാതെ നടക്കുന്നുണ്ട്. അനധ്യാപക തസ്തികകളിലെ ഒഴിവുകൾ PSC ക്ക് യഥാസമയം റിപ്പോർട് ചെയ്യുന്നുണ്ട്.*

476. സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളായി മാറ്റും. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റലൈസ് ചെയ്യും. ലൈബ്രറി, പുസ്തകമെടുക്കുന്നതിനു മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠനകേന്ദ്രം കൂടിയാക്കി മാറ്റും. നൂറുകണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കുന്നതിന് ആവശ്യമായ വിശാലമായ ഹാളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാക്കും. സർവ്വകലാശാല, കോളേജ് ലൈബ്രറികളെ ഓൺലൈനായി ബന്ധിപ്പിക്കും.

*KALNET ന്റെ രണ്ടാം ഘട്ടം പുരോഗമിക്കുന്നു.*

477. സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് സർക്കാർ ഗ്രാന്റിന് പുറമേ സംഭാവനകളും എൻഡോവ്മെന്റുകളും ചേർത്ത് വിപുലീകരിക്കും. സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കും.

*ഉന്നതവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. സർക്കാർ റിപ്പോർട്ട് പരിശോധിച്ചുവരുന്നു*

478. സർവ്വകലാശാല നിയമങ്ങൾ പുനരവലോകനം ചെയ്യുകയും അക്കാദമിക മികവിനു മുൻതൂക്കം നൽകിക്കൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യും.

*നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നിയമ നിർമാണ നടപടികൾ പുരോഗമിക്കുന്നു.*

479. പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസിനെ ആധുനീകരിച്ചുകൊണ്ട് അലോട്ട്മെന്റ് പ്രക്രിയ ലളിതമാക്കും. ഇതുപോലെ വിവിധ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കുമ്പോൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ, പ്രത്യേകിച്ച് എസ്.സി/എസ്.ടി വിഭാഗത്തിലുള്ളവരുടെയും മിശ്രവിവാഹത്തിലുള്ളവരുടെയും നടപടിക്രമങ്ങൾ ലളിതമാക്കും.

***പ്രവേശന പരീക്ഷാ കമ്മീഷണർ ഓഫീസ് ആധുനികീകരിച്ച പുതിയ ഓഫീസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.***

480. ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉറപ്പ് വരുത്തും. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പ് വരുത്തും.

***നിയമ പരിഷ്കാര കമ്മീഷൻ റിപ്പോർട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കുള്ള അവകാശ രേഖ തയ്യാറാക്കി വരുന്നു.***

481. കോളേജ് ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കും. അവയ്ക്കു പ്രത്യേക ധന സഹായം അനുവദിക്കും.

***ഇതിലേക്കായി 2023 – 24 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.***

482. സ്വാശ്രയ സ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. സ്വാശ്രയ കോളേജുകളിൽ മിനിമം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും നിയമനങ്ങളിൽ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

***നിയമ നിർമാണം പൂർത്തിയായി. ഉന്നതവിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.***

483. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾക്കെല്ലാം അക്രെഡിറ്റേഷൻ ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. തെരഞ്ഞെടുത്ത കോളേജുകളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എക്സലൻസ് ആയി ഉയർത്തും.

***8 എൻജിനീയറിങ് കോളേജുകളും 2 പോളിടെക്നിക് കോളേജുകളും NBA അക്രെഡിറ്റെഷൻ നേടിയിട്ടുണ്ട്. എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2024 ഓടു കൂടി NBA അക്രെഡിറ്റെഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.***

# പൊതുജനാരോഗ്യം

485. പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടം മൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും. രോഗാതുരത കുറയ്ക്കുന്നതിലൂടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്താനും ആരോഗ്യ ചെലവ് കുറച്ചുകൊണ്ടുവരാനുമാണ് ശ്രമിക്കുന്നത്.

*നവകേരള കർമ്മ പദ്ധതി -2 ആർദ്രം മിഷൻന്റെ ഭാഗമായി ആവിഷ്കരിക്കപ്പെട്ട പരിപാടികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. ആർദ്രം മിഷൻ-2 ന്റെ ഭാഗമായി വാർഷിക പരിശോധനാ പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ന ടപ്പിലാക്കുന്ന ദേശീയ ശ്രദ്ധ നേടിയ വാർഷിക പരിശോധനാ പദ്ധതി എന്ന ജനസംഖ്യാധിഷ്ഠിത ജീവിത ശൈലി രോഗനിർണയ പദ്ധതി മുഖാന്തിരം 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്തു ജീവിതശൈലീ രോഗനിർണ്ണയം നടത്തി വരുന്നു. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന വിപുലമായ ക്യാമ്പയിന്റെ ഭാഗമായി 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാ പ്ര വർത്തകർ 30 വയസ്സിനു മുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അവയിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഉള്ള ഈ സർവ്വേ ഭവന സന്ദർശനത്തിലൂടെയാണ് നടത്തി വരുന്നത്. പദ്ധതിയുടെ ഭാഗമായി 1,04,59527 വ്യക്തികളെ സ്ക്രീൻ ചെയ്ത് കഴിഞ്ഞു. കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പൊതുജനങ്ങളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.*

*സർക്കാർ മേഖലയിലെ ലാബുകളെ ഹബ് & സ്പോക്ക് മാതൃകയിൽ ബ ന്ധപ്പെടുത്തുന്നത് വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കി, കുറഞ്ഞ നിരക്കിൽ പരിശോധനകൾ ലഭ്യമാക്കുക എന്നതാണ് ലാബ് നെറ്റ് വർക്കിംഗ് (Hub and Spoke Model).കൊണ്ട് ഉദ്ദേശിക്കുന്നത്. എറണാകുളം, മലപ്പുറം ജില്ലകളിൽ ലാബ് നെറ്റ് വർക്കിംഗ് ആരംഭിച്ചിട്ടുണ്ട്. വൺ ഹെൽത്ത് പദ്ധതിയോടനുബന്ധിച്ച് ഗ്യാപ് അനാലിസിസ് പൂർത്തിയാക്കിയ ലബോറട്ടറികളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. പുതുക്കിയ പാലിയേറ്റീവ് നയരേഖക്കനുസരിച്ചു ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കേരളത്തിൽ നടന്നുവരുന്ന 12 പാലിയേറ്റീവ് പരിശീലനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കി. SCOLE കേരളയുമായി സഹകരിച്ചു കൊണ്ട് ഹോം നഴ്സിംഗ് പരിശീലനത്തിനായി ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ*

എന്ന കോഴ്സ് 2023 ജൂൺ മാസം മുതൽ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടന്നു വരുന്നു. ഇത് വഴി സാന്ത്വന പരിചരണം ശാക്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

കിടപ്പിലായവരുടെയും പരസഹായം ആവശ്യമുള്ളവരുടേയും ആരോഗ്യ സംബന്ധമായ വിവരങ്ങൾ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി ശേഖരിച്ചു വരുന്നു. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുകയും പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്. ജീവിതശൈലീ രോഗങ്ങൾ, മാന സികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ മേഖലകളിൽ ശീലവൽക്കരണം ന ടത്തുവാനും അത് വഴി ജീവിതശൈലീ രോഗങ്ങളുടേയും പ കർച്ചവ്യാധികളുടേയും പ്രചരണം കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ക്യാമ്പയിനുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം - ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.

ഏകാരോഗ്യ സമീപനം (One Health Initiative) - ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണ സാഹചര്യങ്ങളും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും മുൻകൂട്ടി കണ്ടെത്തി പങ്കാളിത്ത ഇടപെടലുകൾ വഴി രോഗപ കർച്ച തടയുവാനും, അതോടൊപ്പം ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്, ഭക്ഷ്യ സുരക്ഷ, ലാബ് സംവിധാനങ്ങൾ ശാക്തീകരിക്കൽ മുതലായ മേഖലകളിലും പദ്ധതി ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത നാല് ജില്ലകളിലും (പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി) നടപ്പിലാക്കുന്നതിനുള്ള നടപ ടികൾ ആരംഭിച്ചു.

സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure) - സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കുറഞ്ഞത് പത്ത് കിടക്കകൾ വീതമെങ്കിലുമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനും മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകൾ ആരംഭിക്കുവാനുമുള്ള പദ്ധതിയാണിത്.

ആകെ ഉള്ള 140 നിയോജക മണ്ഡലങ്ങളിൽ 86 സ്ഥലങ്ങളിൽ സൈറ്റ് തയ്യാറാണ്. ഇതിൽ 83 സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 10 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി- രണ്ടാംഘട്ടം

രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ



കേന്ദ്രങ്ങളാക്കി മാറ്റുതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ. എച്ച്. എം. ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 412 (82%) എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 30 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 62 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി - രണ്ടാംഘട്ടം

രണ്ടാം ഘട്ടത്തിൽ 75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ 7 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

താലൂക്കാശുപത്രികളുടെ ഒ. പി പരിവർത്തനം

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 8 സ്ഥാപനങ്ങളിൽ 5 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ഒരെണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

*ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.*

*രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 27 സ്ഥാപനങ്ങളിൽ 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി 12 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.*

*മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 8 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.*

*ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ. പി പരിവർത്തനം*

*ജി. എച്ച് തിരുവനന്തപുരം, ഡി. എച്ച് കൊല്ലം, ജി. എച്ച് പത്തനംതിട്ട, ജി. എച്ച് ആലപ്പുഴ, ജി. എച്ച്. കോട്ടയം, ജി. എച്ച്. തൃശ്ശൂർ, ഡി. എച്ച്. പാലക്കാട്, ഡി. എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട്, ജി. എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി. എച്ച്. തലശ്ശേരി, ജി. എച്ച്. കാസർഗോഡ്, ഡി. എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ. പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.*

486. ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യും. രോഗികൾക്ക് കൃത്യമായി സബ്സെന്ററുകൾ വഴി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായൊരു ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.

*ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രദേശത്തെ ജനപങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. പുതിയ പകർച്ചവ്യാധികൾ, വർദ്ധിച്ചു വരുന്ന രോഗാതുരത, അതിവേഗം വർദ്ധിക്കുന്ന ജീവിതശൈലീ രോഗങ്ങൾ തുടങ്ങി പുതിയ കാലഘട്ടത്തിൻറെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിൽ ഓരോ പൗരന്റെയും പങ്കാളിത്തം വളരെ വലുതാണ്. ഇത് മുന്നിൽ കണ്ട് പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ മാർഗരേഖ ഉടൻതന്നെ പുറപ്പെടുവിക്കുന്നതും 2023 മെയ് മാസത്തോടു കൂടി തന്നെ ആരോഗ്യ ഉപകേന്ദ്രങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തി പ്രവർത്തനം ആരംഭിക്കുന്നതാണ്.*

487. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതോടെ പ്രാഥമികാരോഗ്യതലത്തിലെ പരിവർത്തനം പൂർത്തിയാക്കും. എല്ലായിടത്തും ഉച്ചകഴിഞ്ഞും ഒ.പിയും ലാബും ഫാർമസിയുമുണ്ടാകുമെന്ന് ഉറപ്പുവരുത്തും. ബഹുഭൂരിപക്ഷം സ്ഥാപനങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

***ആർദ്രം മിഷന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 619 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തു കഴിഞ്ഞു. ബാക്കിയുള്ളവയുടെ പരിവർത്തന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. പരിവർത്തനം പൂർത്തിയായ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജനസൗഹൃദ നിലവാരത്തിലുള്ള ഒ.പിയും ലാബും ഫാർമസിയും ഉറപ്പു വരുത്തിയിട്ടുണ്ട്. 104 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ അക്രഡിറ്റേഷൻ നിലവാരമായ NQAS അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 160 ആശുപത്രികൾക്കാണ് ഇതുവരെ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ളത്. 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 39 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 104 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്. ഇതു കൂടാതെ 10 ആശുപത്രികൾക്ക് ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കൂടുതൽ സർക്കാർ ആശുപത്രികളെ ദേശിയ ഗുണനിലവാരത്തിലേക്ക് ഉയർത്താൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചു വരികയാണ്. എല്ലാ ജില്ലാ ആശുപത്രികളിലും ഗുണനിലവാരം ഉറപ്പാക്കും. എം.എൽ.എമാരുടെയും മറ്റ് ജനപ്രതിനിധികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സർക്കാർ ആശുപത്രികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ 29 ആശുപത്രികളെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. സമയ ബന്ധിതമായി ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിനും അതിലൂടെ എൻ.ക്യു.എ.എസ്, ലക്ഷ്യ സ്റ്റാൻഡേർഡ് എന്നിവ നേടിയെടുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.***

488. ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ നടപ്പിലാക്കും. ആരോഗ്യ വകുപ്പിനെ മെഡിസിൻ, ആയുഷ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. മോഡേൺ മെഡിസിന് പബ്ലിക് ഹെൽത്ത്, ക്ലിനിക്കൽ സർവ്വീസസ്, മെഡിക്കൽ എഡ്യുക്കേഷൻ എന്നിങ്ങനെ മൂന്നു ഉപവിഭാഗങ്ങളുണ്ടാവും. പ്രാഥമിക, സാമൂഹിക, ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ, വിവിധ പൊതുജനാരോഗ്യ പരിപാടികളുടെ ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും. ക്ലിനിക്കൽ സർവ്വീസിൽ സ്പെ

ഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവ്വഹണ തസ്തികകളും പെടും. മെഡിക്കൽ കോളേജുകളിലുള്ളവരാവും മെഡിക്കൽ എഡ്യുക്കേഷൻ കേഡറിലുണ്ടാവുക.

*ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് 30/05/2019 ലെ സ.ഉ (എം.എസ്)71/2019/ആ.കു.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് കേരളത്തിൽ പൊതുജനാരോഗ്യ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വിദഗ്ദ സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് സ.ഉ (സാധാ)2785/2022/ H&FWD തീയതി 22/11/2022 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.*

489. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളം ആരോഗ്യ ഇൻഷ്വറൻസിൽ നിന്ന് ആരോഗ്യ അഷ്വറൻസ് സമ്പ്രദായത്തിലേയ്ക്ക് മാറി. വ്യത്യസ്ത ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളെ ഏകോപിപ്പിച്ച് ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) വഴിയായിരിക്കും ഇത് നടപ്പാക്കുന്നത്.

*സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) മുഖാന്തിരമാണ് 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി KASP' നടപ്പിലാക്കുന്നത്. കേരളത്തിൽ നിലവിൽ 195 സർക്കാർ ആശുപത്രികളിലും 561 സ്വകാര്യ ആശുപത്രികളിലും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിലും ഉൾപ്പടെ മൊത്തം 761 ആശുപത്രികളിൽ പദ്ധതിയുടെ സേവനം ലഭ്യമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം (2022-23) 900 കോടി രൂപയാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയ്ക്കായി അനുവദിച്ചത്. സംസ്ഥാനത്തെ 42 ലക്ഷം കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ചികിത്സാ പദ്ധതിയാണ് KASP. പ്രതിവർഷം അഞ്ച് ലക്ഷം രൂപവരെയുള്ള ചികിത്സ സഹായമാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത്. 1667 ചികിത്സ പാക്കേജുകൾ ആണ് നിലവിൽ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ 84 സ്റ്റേറ്റ് സ്പെസിഫിക് പാക്കേജ് ഉപയോഗിച്ചും ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകുന്നുണ്ട്. പാക്കേജിൽ ഉൾപ്പെടാത്ത എല്ലാ സർജിക്കൽ കേസുകളും അൺ സ്പെസിഫൈഡ് പാക്കേജ് എന്ന് പറയുന്ന ഹെഡിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് സൗജന്യമായി എംപാനൽ ചെയ്ത് ആശുപത്രികളിൽ നിന്നും ലഭ്യമാണ്. സർക്കാർ-സ്വകാര്യ ആശുപത്രികൾ ഉൾപ്പടെ 2020 ൽ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 404 ആയിരുന്നെങ്കിൽ ഇപ്പോൾ ഇത് 761 ആയി വർദ്ധിച്ചിട്ടുണ്ട്. 2020–21 സാമ്പത്തിക വർഷത്തിൽ ചികിത്സ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം 318912 ആയിരുന്നെങ്കിൽ ചിട്ടയായ പ്രവർത്തനനത്തിന്റെ ഫലമായി 2021–22 –ൽ 541233 ഗുണഭോക്താക്കൾക്കും, കഴിഞ്ഞ സാമ്പത്തിക വർഷം (2022-23) 645286 ഗുണഭോക്താക്കൾക്കും ചികിത്സാ സഹായം നൽകാനായി. മുൻ വർഷങ്ങളെ അപേക്ഷിച്ചു ഇരട്ടിയിലധികം തുക ഈ ഇനത്തിൽ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2020– ൽ ആകെ 700 കോടിയോളം രൂപയാണ്*

*സൗജന്യ ചികിത്സയ്ക്കായി വിനിയോഗിച്ചിരുന്നെങ്കിൽ 2021-22 സാമ്പത്തിക വർഷം 1400 കോടിയോളം രൂപയായി ഇത് വർദ്ധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം (2022-23) 1630 കോടി രൂപയുടെ സൗജന്യചികിത്സ നൽകി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി KBF പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്ത ശേഷം 39854 രോഗികൾക്കായി 227 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.*

*18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. ഈ പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരമാണ് സംസ്ഥാനത്തിപ്പോൾ നടപ്പിലാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതിയിൽ പരിരക്ഷ നൽകുന്ന 30 മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത രോഗാവസ്ഥകൾക്ക് എല്ലാം തന്നെ സൗജന്യ ചികിത്സ സേവനങ്ങൾ ഈ പദ്ധതി മുഖാന്തിരം ലഭിക്കും. 2023 -24 സാമ്പത്തിക വർഷം മുതൽ ആരോഗ്യ കിരണം, ശ്രുതിതരംഗം, താലോലം, കാൻസർ സുരക്ഷാ എന്നീ പദ്ധതികൾ കൂടി കാസ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.*

490. ഈ സ്കീമിൽ റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യമായി ചികിത്സ നൽകുന്നതിനുള്ള പദ്ധതി ഉൾപ്പെടുത്തും. ഡാറ്റാ ബെയ്സിൽ ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായവരെ ഉൾപ്പെടുത്തി സ്കീം വിപുലീകരിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ അല്ലാത്ത അർഹരായ കുടുംബങ്ങൾക്കുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി തുടരും.

*റോഡ് സേഫ്റ്റി കമ്മീഷണറിൽ നിന്നും പ്രപ്പോസൽ ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു.*

491. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടത്തിപ്പ് കാലതാമസം കൂടാതെ പൂർത്തിയാക്കും. ആക്ട് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ചെറുകിട, ഇടത്തരം ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കും. വിവിധ ചികിത്സയ്ക്കായി ചുമത്താവുന്ന ഫീസുകൂടി ഉൾപ്പെടുത്തും.

*2018-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ നടപടികൾ 01-01-2019 മുതൽ ആരംഭിക്കുകയും നാളിതുവരെ ആകെ 7,292 സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. ഇതിൽ 3,829 സർക്കാർ സ്ഥാപനങ്ങളും, 3,463 സ്വകാര്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിര രജിസ്ട്രേഷന് വേണ്ടിയുള്ള മിനിമം സ്റ്റാൻഡേർഡ് റിപ്പോർട്ട് അംഗീകരിച്ച് വിജ്ഞാപനം ചെയ്തു കഴിഞ്ഞു. ചെറുകിട ആശുപത്രികളിലെ*

***ഡോക്ടർമാരുടെ സംഘടന ഉൾപ്പെടെയുള്ള ഈ മേഖലയിലെ വിവിധ സംഘടനകളുമായി ചർച്ചകൾ നടത്തി സംശയ ദുരീകരണത്തിന് നടപടി സ്വീകരിക്കുകയും എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളെയും ഈ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.***

492. സ്കൂൾ ആരോഗ്യ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതാണ്.

***ലോകരാജ്യങ്ങളിലെ അനുഭവങ്ങൾ കണക്കിലെടുത്തു കൊണ്ട്, കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ആവശ്യമുള്ളതും ഇണങ്ങുന്നതും ആയ രീതിയിൽ 'സ്കൂൾ ആരോഗ്യ സംരക്ഷണ പദ്ധതി' സംസ്ഥാനത്തെ മുഴുവൻ സർക്കാർ-സർക്കാർ എയ്ഡഡ് സ്കൂളുകളിലും അടുത്ത അധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.***

493. വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

***എല്ലാ മെഡിക്കൽ കോളേജുകളിലും വയോജന ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജില്ലാ/ജനറൽ ആശുപത്രികളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഒ.പി പരിവർത്തനം നടത്തി വരുന്നു. ഈ സ്ഥാപനങ്ങളിലെ ഒ.പി വിഭാഗം വയോജന സൗഹൃദമാണ്. ആർദ്രം മിഷന്റെ ഭാഗമായി ജനസൗഹൃദ നിലവാരത്തിലേക്ക് ഉയർത്തിയ കുടുംബാരോഗ്യ കേന്ദ്രങ്ങൾ എല്ലാം തന്നെ വയോജന സൗഹൃദവുമാണ്.ആർദ്രം മിഷന്റെ ഭാഗമായി പരിവർത്തനം ചെയ്യപ്പെടുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ഫീൽഡ് തലത്തിൽ വയോജന ക്ലിനിക്കുകൾ ആരംഭിക്കുന്നതായിരിക്കും.***

494. വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.

***സ്ത്രീകളുടെ, പ്രത്യേകിച്ച് പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ വേണ്ടി 'Well Woman" ക്ലിനിക്കുകൾ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.***

495. വയോജനങ്ങൾക്കുള്ള ഫ്ളൂ, ന്യൂമോകോക്കൽ വാക്സിൻ പദ്ധതി നടപ്പാക്കുന്നതാണ്.

***സംസ്ഥാനത്ത് വാക്സിൻ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുന്നതിനായി ഡോ: ബി ഇക്ബാൽ അധ്യക്ഷനായുള്ള 6 അംഗ കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും കമ്മറ്റി ശിപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്കുള്ള ഫ്ളൂ, ന്യൂമോകോക്കൽ വാക്സിൻ സംബന്ധിച്ചും സമിതിയുടെ ശിപാർശയുണ്ട്. സമിതിയുടെ ശിപാർശകൾ ആരോഗ്യ വകുപ്പ് പരിശോധിച്ച് വരികയാണ്.***

496. പൊതു ആശുപത്രികളിൽ കേരളത്തിലെ ക്യാൻസർ രോഗികളിൽ മഹാഭൂരിപക്ഷം പേർക്കും ചികിത്സാ സൗകര്യം ഉറപ്പാക്കും. ക്യാൻസർ പോലുള്ള ഗുരുതര രോഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും. ബി.പി.എൽ കുടുംബങ്ങൾക്കു സൗജന്യ ചികിത്സ ഉറപ്പുവരുത്തും.

***ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായ വാർഷിക പരിശോധനാ പദ്ധതിയിലൂടെ മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ പ്രാഥമിക പരിശോധന നടത്തി കാൻസർ രോഗസാധ്യതയുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. എല്ലാ ജില്ലകളിലും കാൻസർ രോഗ നിർണ്ണയ സംവിധാനം ഉറപ്പാക്കുവാനായി ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളെ ശക്തീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതോടൊപ്പം ബ്ലോക്ക്, തദ്ദേശ സ്വയംഭരണ തലത്തിലുള്ള ലാബുകളെ പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ശക്തീകരിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.***

497. പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കും. സ്തനാർബുദവും തൈറോയ്ഡ് ക്യാൻസറും കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ രണ്ട് ക്യാൻസറുകളെ സംബന്ധിച്ചും വിശദമായ ഗവേഷണം നടത്തുന്നതാണ്. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് ഗർഭാശയ ക്യാൻസർ തടയുന്നതിനുള്ള ഹ്യൂമൻ പാപ്പിലോമ വൈറസ് വാക്സിൻ നൽകുന്നതാണ്.

***കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഒരു Cancer Strategic Action Plan നടപ്പിലാക്കി വരുന്നുണ്ട്. ഇത് പ്രകാരം സംസ്ഥാനത്ത് വിവിധ ശ്രേണികളിൽ പ്രവർത്തിക്കുന്ന കാൻസർ ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ തലങ്ങളിലായി തരം തിരിച്ച് സേവനങ്ങൾ നൽകി വരുന്നു. ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കുമുള്ള പരിശീലനം ആർ.സി.സി-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റുകൾ കാൻസർ സ്ട്രാറ്റജി ആക്ഷൻ പ്ലാനിൽ പങ്കെടുക്കുന്നുണ്ട്. അതിന്റെ ഭാഗമായി നേരത്തെ കാൻസർ നിർണ്ണയിക്കുന്നതിനും (early cancer detecting), കാലതാമസം കൂടാതെ മറ്റ് പരിശോധനകൾ നടത്തുന്നതിനും ഉടനെ തന്നെ ചികിത്സ***

*ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സെർവിക്കൽ കാൻസർ തടയുന്നതിനുള്ള എച്ച്. പി. വി വാക്സിൻ നൽകുന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ ആലപ്പുഴ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാൻസർ രോഗ സാധ്യത കണ്ടെത്തുന്നവരുടെ ക്ലിനിക്കൽ പരിശോധന നടത്തുവാനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ഗർഭാശയഗള കാൻസർ നിർണ്ണയിക്കുവാനുള്ള പാപ് സ്മിയർ പരിശോധന ലഭ്യമാക്കിയിട്ടുണ്ട്.*

498. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.

*ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് ഇൻഷുറൻസ് പദ്ധതിയിലെ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/- രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തി എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നു. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം 2,00,000/- രൂപയുടെ അപകട ഇൻഷുറൻസ് ഉറപ്പുവരുത്തുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.*

499. കേരളത്തിൽ കാണുന്ന രോഗങ്ങൾക്കു വ്യക്തമായ ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശകതത്വങ്ങളും തയ്യാറാക്കേണ്ടതുണ്ട്. പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ്ലൈൻസ് തയ്യാറാക്കി നടപ്പാക്കുന്നതാണ്.

*കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സാധാരണയായി കാണപ്പെടുന്ന 52 രോഗങ്ങൾക്കുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷാ ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ 2018-ൽ പുറത്തിറക്കിയിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്കായുള്ള ക്ലിനിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം തയ്യാറായി വരുന്നു.*

500. കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും. ഡോക്ടർമാർക്ക് കെ-ഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോ കോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യനിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.

*കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് പതിവ് ഒ.പി ചികിത്സക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം*

*ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി ഇ-സഞ്ജീവനി ടെലി മെഡിസിൻ സേവനങ്ങൾ കേരളത്തിൽ ആരംഭിച്ചിരുന്നു. ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിൽ ഏകദേശം 6560- ൽ പരം ഡോക്ടർമാർ സേവനം നൽകി വരുന്നു. നാളിതുവരെ 4.9 ലക്ഷത്തിൽ അധികം കൺസൾട്ടേഷനുകളാണ് ഇ-സഞ്ജീവനിയിലൂടെ പൂർത്തിയാക്കിയത്.*

501. ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയായി ഉയർത്തും.

*ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസി ആക്കി ഉയർത്തിയിട്ടുണ്ട്.*

502. കോവിഡ് ചികിത്സ കേരളത്തിൽ പൂർണ്ണമായും സൗജന്യമായിരുന്നു. കോവിഡ് വാക്സിനും അതുപോലെ തന്നെ സൗജന്യമായിരിക്കും.

*കോവിഡ് ചികിത്സ കേരളത്തിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ സൗജന്യമായിരുന്നു. കോവിഡ് വാക്സിനും സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് സൗജന്യമായാണ് നൽകിയത്. സംസ്ഥാനത്ത് സർക്കാർ കോവിഡ് സെന്ററുകൾ വഴി സൗജന്യമായാണ് കോവിഡ് വാക്സിനേഷൻ നൽകിയത്. 10.04.2023 വരെ 5,75,08,719 (അഞ്ച് കോടി എഴുപത്തി അഞ്ച് ലക്ഷത്തി എണ്ണായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. 2,91,50,782 പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിനും 2,52,71,874 പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്. ഇതുകൂടാതെ 30,86,063 പേർക്ക് കരുതൽ ഡോസ് കോവിഡ് വാക്സിൻ ലഭിച്ചിട്ടുണ്ട്. അതായത് 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ ഏകദേശം 100% പേർക്ക് ഒന്നാം ഡോസ് വാക്സിനും, 89% പേർക്ക് രണ്ടാം ഡോസ് വാക്സിനും, 12% പേർക്ക് കരുതൽ ഡോസ് കോവിഡ് വാക്സിനും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 15 മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ 86% പേർക്ക് ഒന്നാം ഡോസും 62% പേർക്ക് രണ്ടാം ഡോസ് വാക്സിനും ലഭിച്ചിട്ടുണ്ട്. 12 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ 80% പേർക്ക് ഒന്നാം ഡോസും, 51% പേർക്ക് രണ്ടാം ഡോസ് വാക്സിനും ലഭിച്ചിട്ടുണ്ട്.*

503. മെഡിക്കൽ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റായ പാലക്കാട്ടെ ഇമേജിന്റെ മാതൃകയിൽ ആവശ്യാനുസൃതം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. അതിനു പുറമേ മെഡിക്കൽ കോളേജുകളിലും വലിയ സർക്കാർ ആശുപത്രികളിലും മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

*KEIL (Kerala Enviro - Infrastructure Limited) എന്നസ്ഥാപനം എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുകയും നിർമ്മാർജ്ജനം ചെയ്യുകയും*

***ചെയ്തു വരുന്നു. മെഡിക്കൽ കോളേജുകളിലും വലിയ സർക്കാർ ആശുപത്രികളിലും ബയോമെഡിക്കൽ പ്ലാന്റ്, ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ച് വരുന്നുണ്ട്.***

504. പുതിയ കേരള പൊതുജനാരോഗ്യ നിയമം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമ നിർമ്മാണ നടപടി സ്വീകരിക്കുന്നതാണ്. ഇന്നു നിലവിലിരിക്കുന്ന രണ്ടു പൊതുജനാരോഗ്യ നിയമങ്ങളിലെ (തിരുവിതാംകൂർ, കൊച്ചിയും മലബാറും) പ്രസക്തമായ വകുപ്പുകൾകൂടി ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഈ നിയമം വരുന്നതോടെ പഴയ രണ്ട് നിയമങ്ങളും ഇല്ലാതാകും.

***കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന നിയമങ്ങൾക്ക് പകരം സംസ്ഥാനമാകെ ബാധകമാകുന്നതും കാലാനുസൃതമായ മാറ്റങ്ങളും ആവശ്യകതകളും ഉൾപ്പെടുത്തികൊണ്ടുള്ള ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരുന്നതിന്റെ ഭാഗമായി 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ പാസാക്കിയിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.***

505. കേരളത്തിൽ ഡോക്ടർമാരുടെ രജിസ്ട്രേഷൻ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ തിരുവിതാംകൂർ കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1953 ഉം മലബാർ പ്രദേശത്തുള്ളവരുടേത് മദ്രാസ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് 1914 ഉം പ്രകാരമാണ് നടത്തുന്നത്. തിരുവിതാംകൂർ കൊച്ചി ആക്ട് എല്ലാ വൈദ്യ വിഭാഗങ്ങളുടെയും രജിസ്ട്രേഷൻ നടത്തുമ്പോൾ മദ്രാസ് ആക്ട് ആധുനിക ചികിത്സകരുടേത് മാത്രമാണ് നടത്തുന്നത്. ഇതെല്ലാം പരിഗണിച്ചാണ് ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ട് തയ്യാറാക്കി നടപ്പിലാക്കുന്നത്.

***2021 ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്.***

506. ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

***മാതൃമരണ നിരക്ക് 2030 ഓടുകൂടി 20 ആയി കുറയ്ക്കുക എന്ന ലക്ഷ്യം നേടുവാനായി ലേബർ റൂമുകളുടെ ഗുണനിലവാരം ലോകോത്തരമാക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി 10 ലേബർ റൂമുകൾ ലക്ഷ്യാ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ്-സി നിർമ്മാർജ്ജനം ചെയ്യുവാനായി രോഗം മുൻകൂട്ടി കണ്ടെത്തുവാനായി അപകടസാധ്യത കൂടിയ വിഭാഗങ്ങളുടെ സ്ക്രീനിംഗ്***

*വർദ്ധിപ്പിക്കുക, ടെസ്റ്റിംഗിനായി സർക്കാർ ലാബുകളുടെ സൗകര്യം വർദ്ധിപ്പിപ്പിക്കുക, ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2030 ഓടു കൂടി പുതിയ എച്ച്.ഐ.വി പകർച്ച ഇല്ലാതാക്കുന്നതിനായി അമ്മയിൽ നിന്നും കുഞ്ഞിലേയ്ക്കുള്ള പ്രചരണം തടയുക, ഉയർന്ന അപകട സാധ്യതയുള്ള വിഭാഗങ്ങളെ കണ്ടെത്തുക, ടെസ്റ്റുകൾ വ്യാപിക്കുക, എച്ച്.ഐ.വി ബാധിച്ചവരിൽ ചികിത്സ ഉറപ്പാക്കി വൈറൽ നോഡ് കുറയ്ക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷയ രോഗ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ക്ഷയരോഗ നിർമ്മാർജ്ജന നിയന്ത്രണ കാമ്പയിനുകൾ ജനപങ്കാളിത്തോടെ നടപ്പിലാക്കി വരുന്നു. 2030 ഓടു കൂടി പേപ്പട്ടി വിഷബാധ ഇല്ലാതാക്കുന്നതിനായി എല്ലാ സർക്കാർ ആശുപത്രികളിലും വാക്സിൻ ലഭ്യമാക്കുക, ആന്റി റാബിസ് സിറം-ന്റെ ലഭ്യത താലൂക്ക്/ജില്ലാ/മെഡിക്കൽ കോളേജുകളിൽ ഉറപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പേവിഷബാധ തടയുവാനുള്ള പ്രതിരോധ പരിപാടികൾ നടപ്പിലാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സാന്ത്വന പരിചരണ നയം നടപ്പിലാക്കുന്നതിനായി ആക്ഷൻ പ്ലാൻ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു.*

507. ആരോഗ്യ മേഖലയിലെ ജനകീയ ഇടപെടലിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പാലിയേറ്റീവ് നെറ്റ്‌വർക്ക്. ഇവയുടെ ഏകോപന ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദഗ്ധ ചികിത്സാ പിന്തുണ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമാണ്. ഇപ്പോൾ സെക്കണ്ടറിതല പരിചരണം സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നുണ്ട്. പാലിയേറ്റീവ് മേഖലയിൽ കൂടുതൽ നേഴ്സുമാരെയും ഫിസിയോ തെറാപ്പിസ്റ്റുമാരെയും നിയോഗിക്കും. കിടപ്പുരോഗികൾക്ക് പരിചരണവും മരുന്നും ആവശ്യമുള്ളിടങ്ങളിൽ ജനകീയ ഹോട്ടലുകളിൽ നിന്ന് ഭക്ഷണവും ഉറപ്പുവരുത്തും.

*പാലിയേറ്റീവ് കെയർ ഹൈ പവർ കമ്മിറ്റി യോഗം ചേർന്ന് പുതുക്കിയ പാലിയേറ്റീവ് നയ രേഖക്കനുസരിച്ചു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കേരളത്തിൽ നടന്നുവരുന്ന 12 പാലിയേറ്റീവ് പരിശീലനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കി. പാലിയേറ്റീവ് കെയർ യുണിറ്റുകളുടെ പ്രവർത്തന ഗുണനിലവാരം ഉറപ്പു വരുത്തുവാൻ കായകൽപ്പ അവാർഡ് മാതൃകയിൽ ഗുണനിലവാര മാനദണ്ഡങ്ങൾ നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, ഇതിനായുള്ള ചെക്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു.*

508. ഇ.എസ്.ഐ ആശുപത്രികളുമായി സഹകരിച്ച് തൊഴിൽജന്യ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഉചിതമായ പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തും. പരമ്പരാഗത മേഖലയിലെ തൊഴിൽജന്യ രോഗങ്ങൾ നിർണ്ണയിച്ച് അതിന് ആവശ്യമായ ചികിത്സാ പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേക പ്രാധാന്യം നൽകും.

*തൊഴിൽജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.*

509. എയ്ഡ്സ് രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സ്കീം ഉണ്ടാക്കും. അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള രോഗികളുടെ പുനരധിവാസത്തിന് പ്രത്യേക സഹായം നൽകും.

*കേരളത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഏഴും (തൃശൂർ, പാലക്കാട് (2), ആലുവ, കോട്ടയം, പത്തനാപുരം, പിരപ്പൻകോട്, തിരുവനന്തപുരം), കോഴിക്കോട് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഒരു കേന്ദ്രത്തിലും എച്ച്.ഐ.വി അണുബാധിതർക്കായി പുനരധിവാസ കേന്ദ്രങ്ങൾ നടപ്പിലാക്കി വരുന്നു.*

510. താലൂക്ക് ആശുപത്രി വരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും. കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഇരട്ടിയാക്കും. എല്ലാ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കും. എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വിഭാഗമുണ്ടാവും. എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സംവിധാനമുണ്ടാക്കും. ഇപ്രകാരം ഓരോ തലത്തിലും വേണ്ടുന്ന മിനിമം സൗകര്യങ്ങൾ എന്തെന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആ സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

*ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ ഉപകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രികൾ വരെ എല്ലാ ആശുപത്രികൾക്കും വേണ്ട മിനിമം മാന ദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ഡയാലിസിസ് യൂണിറ്റുകളും ലേബർ റൂമുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ജില്ലാ/ജന റൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കാത്ത് ലാബ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ കാർഡിയോളജി, നെ ഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളാണ് ജില്ലാതല ആശുപത്രികളിൽ ഘട്ടം ഘട്ടമായി നൽകി വരുന്നത്. ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ കേരളത്തിൽ 98 ആശുപ ത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആശുപ ത്രികളിൽ എത്താതെ രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 250ൽ അധികം രോഗികൾ പെരിട്ടോണിയൽ ഡയാലിസിസ് സ്വീകരിച്ച് വരുന്നു. കാസർഗോഡ്, കോന്നി എന്നിവ ഒഴികെയുള്ള മറ്റ് എല്ലാ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ഉണ്ട്. ആരോഗ്യവകുപ്പിന് കീഴിൽ നിലവിൽ 11 ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രിയിൽ രണ്ടാമത്തെ കാത്ത് ലാബും പ്രവർത്തിച്ച് വരുന്നു. കാസർഗോഡ്, വയനാട്, ഇടുക്കി,*

***കോന്നി എന്നിവ ഒഴികെയുള്ള മറ്റ് മെഡിക്കൽ കോളേജുകളിൽ കാത്ത് ലാബുകൾ പൂർണ്ണ തോതിൽ പ്രവർത്തിച്ച് വരുന്നുണ്ട്.***

512. കേരളത്തിലെ മൂവായിരത്തോളം വരുന്ന ക്ലിനിക്കുകളും ചെറുകിട ആശുപത്രികളും നേരിടുന്ന സവിശേഷമായ പ്രശ്നങ്ങളെ പഠിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കും.

***ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ ഭാഗമായി നിലവിൽ വന്ന കൗൺസിൽ ഇത്തരം പ്രശ്നങ്ങൾ പ്രസ്തുത നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.***

## മെഡിക്കൽ കോളേജ്

513. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി മെഡിക്കൽ കോളേജ്, ജില്ലാതാലൂക്ക് ആശുപത്രികളുടെ നവീകരണം പൂർത്തിയാക്കും. പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കൂടുതൽ സ്പെഷ്യാലിറ്റി സർവ്വീസുകളും ആവശ്യമായ ആരോഗ്യ ജീവനക്കാരെയും നിയോഗിക്കും.

***സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം ലഭ്യമാകുന്ന ഫണ്ട്, എം.എൽ.എ, എം.പി-മാരുടെ ആസ്തി വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ, ഇ.സി.ആർ.പി, എൻ.എച്ച്.എം വഴി ലഭിച്ച ഫണ്ട്. സി.എസ്.ആർ, നബാർഡ്, കിഫ്ബി തുടങ്ങി വിവിധങ്ങളായ ധന സ്രോതസ്സ് വഴി ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് ഉടനീളമുള്ള ഉപകേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രി വരെയും, കാൻസർ കെയർ സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കിഫ്ബി ധന സഹായത്തോടു കൂടിയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികൾ ഉൾപ്പെടുന്ന 76 ആരോഗ്യ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി 5,400 കോടി രൂപയ്ക്കുള്ള ഭരണാനുമതി ഇതുവരെയ്ക്കും നൽകുകയും, കിഫ്ബിയിൽ നിന്നും നാളിതുവരെ 3,336 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തു. ഇതിൽ എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും, പുനലൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവും പൂർത്തിയായി ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചു. മറ്റ് ആശുപത്രികളിലെ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു. നബാർഡ് പദ്ധതിയുടെ ഭാഗമായുള്ള ധനസഹായം ഉപയോഗപ്പെടുത്തി നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലെ 28 ആശുപത്രികൾക്കായി 401.81 കോടി രൂപക്കുള്ള നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്ന് വരുന്നു. ഇതിന് പുറമേ സംസ്ഥാനത്തെ ക്യാൻസർകെയർ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതി***

*നായി പദ്ധതി വിഹിതം, കിഫ്ബി ധനസഹായം തുടങ്ങിയവ ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. തലശ്ശേരിയിലുള്ള മലബാർ കാൻസർ സെന്റർ (രണ്ട് പ്രോജക്ടുകൾക്കായി മൊത്തം 473.50 കോടി രൂപ), എറണാകുളത്തുള്ള കൊച്ചിൻ കാൻസർ കെയർ റിസർച്ച് സെന്റർ (384.34 കോടി രൂപ) എന്നിവയുടെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള നിർമ്മാണ പ്രവർത്തികൾക്കായി 857.84 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി ലഭ്യമാവുകയും പ്രവർത്തികൾ നടന്നു വരികയുമാണ്. കൂടാതെ തിരുവനന്തപുരത്തുള്ള ആർ.സി.സി–യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 187.22 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ടുള്ള 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലുമായി 407 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു.*

*മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. കണ്ണൂർ മെഡിക്കൽ കോളേജിന്റെ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി വഴി 29.77 കോടി രൂപയുടെ അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മികച്ച ട്രോമാകെയർ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 124.95 കോടിയുടെ ഭരണാനുമതി നൽകുകയും ഇതിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 51.29 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 50 കോടി രൂപ മുതൽ മുടക്കി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിൽ ഐ.പി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കി. ഇടുക്കി മെഡിക്കൽ കോളേജിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചു. തൃശൂർ മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 277.76 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. അമ്മയും കുഞ്ഞും ബ്ലോക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കി നിർമ്മിക്കുന്നതിന് 285.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ നടന്നു വരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി ബ്ലോക്ക് പുതിയത് നിർമ്മിക്കുന്നതിന് 187.5 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കി*

നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 218 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി വഴി ലഭ്യമായതിന്റെ ഭാഗമായി മെഡിക്കൽ കോളേജിന് ആവശ്യമായ ക്വാർട്ടേഴ്സ്, ആശുപത്രി ബ്ലോക്കിന്റെ രണ്ടാം ഘട്ടം, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ മുതലായവ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കോന്നി മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ഉപകരണങ്ങളും, ഓപ്പറേഷൻ തീയറ്ററുകൾ സജ്ജീകരിക്കുന്നതിനുമായി 19.5 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും, ടി നിർമ്മാണ / വാങ്ങൽ നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം മെഡിക്കൽ കോളേജിന്റെ പുരോഗതിയ്ക്കായി 285.31 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിച്ചു വരുന്നു. നിർമ്മാണം അവസാനഘട്ടത്തിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി 717 കോടി രൂപയുടെ അനുമതി നൽകുകയും, ഇതിൽ 58 കോടി രൂപയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ കോളേജിലെ 6 പ്രധാന റോഡുകളും, യാത്രാക്കുരുക്ക് പരിഹരിക്കുന്നതിനായി നിർമ്മിച്ച മേൽപ്പാലത്തിന്റെയും നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 194.32



നടപ്പസൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, കോഴിക്കോട് മെഡിക്കൽ കോളേജ്

*കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.റ്റി ബ്ലോക്ക്, ഓപ്പറേഷൻ തീയറ്റർ കം സർജിക്കൽ വാർഡ്, എസ്.എ.റ്റി-യിൽ പുതിയ പീഡിയാട്രിക് ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു. ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇമേജിയോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് 43.75 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ സർക്കിൾ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി 135 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകുകയും, ആയതിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു. ഇവിടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 268.60 കോടി രൂപയുടെ അനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 36 കോടി രൂപ (നബാർഡ്) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 10 കോടി രൂപ നബാർഡ് വഴി അനുമതി ലഭ്യമാക്കി ഇൻഫിഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമായി. 30 കോടി രൂപ (നബാർഡ്) മുതൽ മുടക്കി നിർമ്മിക്കുന്ന ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 14.81 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന അഡ്മിനിട്രേറ്റീവ് കം ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. 29.47 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ 103.86 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം നടന്ന് വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിന് 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് 38 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. മാനന്തവാടി താലൂക്ക് തവിഞ്ഞാൽ പഞ്ചായത്ത് പരിധിയിലുള്ള ബോയ്സ് ടൗണിലെ ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വയനാട് മെഡിക്കൽ കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. ഇടുക്കി, കോന്നി മെഡിക്കൽ കൊളേജുകൾക്ക് ഈ വർഷം നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം (100 Seats) ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.*

***പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആദ്യ വർഷ ക്ലാസുകൾ ആരംഭിക്കുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ സ്പെഷ്യാലിറ്റി വിഭാഗം അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി യഥാക്രമം 34.74കോടി, 34.92 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്***

514. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് പ്രവർത്തന സ്വയംഭരണം നൽകുന്നതിനെ സംബന്ധിച്ച് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കി നടപ്പാക്കും. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രസിദ്ധീകരണങ്ങളെയും പ്രോത്സാഹിപ്പിക്കും.

***മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റത്തിന് അക്കാദമിക് പ്രസിദ്ധീകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ ഗവേഷണത്തെയും അതുമായി ബന്ധപ്പെട്ട അക്കാദമിക് പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി എസ്.ബി.എം.ആർ-ന്റെ കീഴിൽ സ്വീകരിച്ച് വരുന്നു. ഇതിനായി എസ്.ബി.എം.ആർ-ന് സംസ്ഥാനതല ഓഫീസ് പ്രവർത്തനം ആരംഭിച്ചു.***

***തിരുവനന്തപുരം ജനറൽ ആശുപത്രി കാമ്പസിൽ നിർമ്മാണം പൂർത്തിയാക്കിയ അപ്പക്സ് ട്രോമ & എമർജൻസി ലേണിംഗ് സെന്റർ വഴി ആശുപത്രി മേഖലയിൽ ജോലിയെടുക്കുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു.***

516. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കും. നേഴ്സിംഗ് പാസ്സായവർക്ക് വിദേശഭാഷാ നൈപുണിയിലടക്കം ഫിനിഷിംഗ് കോഴ്സുകൾ വിപുലപ്പെടുത്തും. വിദേശ ആശുപത്രികളുമായി ഇക്കാര്യത്തിൽ സഹകരിക്കും.

***പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ 60 സീറ്റുകൾ വീതമുള്ള നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. കൂടാതെ നിലവിലുണ്ടായിരുന്ന നഴ്സിംഗ് കോളേജുകളിൽ 92 ബി.എസ്.സി നഴ്സിംഗ് സീറ്റ് വർദ്ധിപ്പിച്ചു. അന്തർദേശീയ തലത്തിൽ ജോലി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നേഴ്സുമാർക്ക് പരിശീലനം നൽകി വരുന്നു.***

517. മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്ട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രോയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസിട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. ഫാർമസി കോളേജുകളിൽ ഡി.ഫാം, എം.ഫാം എന്നിവയും പി.എച്ച്.ഡി പ്രോഗ്രാമും ആരംഭിക്കും.

*കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം ഇൻഫെക്ഷ്യസ് ഡിസീസസ്സ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ പി.ജി കോഴ്സ് ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജെനെറ്റിക്സ്, ജെറിയാട്രിക്സ് ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ ഡിപ്പാർട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മഞ്ചേരി പാരിപ്പള്ളി മെഡിക്കൽ കോളേജുകളിൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.*

518. ക്യാൻസർ സെന്ററുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പാക്കും.

*നിലവിൽ സംസ്ഥാനത്ത് മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ ആണ് ഉള്ളത്. ഈ സ്ഥാപനങ്ങളുടെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾക്കു ഏകികൃത മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ 'കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-2030' എന്ന മാർഗ്ഗ നിർദ്ദേശരേഖ പുറത്തിറക്കിയിട്ടുണ്ട്. ഈ സ്ട്രാറ്റജി അനുസരിച്ചു കേരളത്തിലെ അർബുദ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു അപെക്സ് ബോഡി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ദൈനംദിന പ്ര വർത്തനങ്ങൾ ഏകോപിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മൂന്നു കാൻസർ സെന്ററുകളുടെ ഡയറക്ടർമാർ അംഗങ്ങൾ ആയി ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നു കാൻസർ സെന്ററുകളും തമ്മിൽ കൂടുതൽ ഏകോപനം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മൂന്നു കാൻസർ സെന്ററുകളിലെയും ഡയറക്ടർമാരെ മൂന്നു സെന്ററുകളിലെയും ഗവേർണിംഗ് ബോഡിയിലും എക്സിക്യൂട്ടിവ് കമ്മിറ്റിയിലും അംഗങ്ങളാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.*

*519. മെഡിക്കൽ കോളേജുകളും അവ സേവിക്കുന്ന ജില്ലകളും ഒരു യൂണിറ്റായി പരിഗണിച്ച് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ഡി.എം.ഒ, ജനപ്രതിനിധികൾ എന്നിവരടങ്ങിയ സമിതി രൂപീകരിക്കും.*

*പ്രിൻസിപ്പൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡി. എം. ഒ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതികൾ പ്രവർത്തിച്ച് വരുന്നുണ്ട്.*

521. പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. പത്തോളജി, മൈക്രോ ബയോളജി, ഇമ്മ്യൂണോളജി ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ സൗകര്യം ഈ ലാബുകളിൽ ഉണ്ടായിരിക്കും.

*സംസ്ഥാനത്ത് നിലവിൽ 9 പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി, ഹോർമോൺ അസെ, കോവിഡ് ടെസ്റ്റുകൾ എന്നിങ്ങനെയുള്ള പ്രധാന പരിശോധനകൾ എല്ലാം തന്നെ ഈ ലാബുകളിലൂടെ ലഭ്യമാക്കുന്നുണ്ട്. കൂടാതെ പുതുതായി 5*

*പബ്ലിക് ഹെൽത്ത് ലാബുകൾ പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുകയാണ് കാസർഗോഡ്, കോട്ടയം, പാലക്കാട്, തൃശൂർ, ഇടുക്കി ജില്ലകളിലാണ് പുതിയ ലാബുകൾ ആരംഭിക്കാൻ പോകുന്നത്.*

*പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഉള്ള ലാബ് സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനും, ലാബ് നെറ്റ് വർക്ക് വിപുലപ്പെടുത്തുന്നതിനുമായി Hub and spoke മാതൃകയിൽ എല്ലാ ജില്ലകളിലും സംവിധാനം ഏർപ്പെടുത്തുന്നതിനായുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.*

522. ലബോറട്ടറി, ഇമേജിംഗ് ഫിസിഷ്യൻമാരും സാങ്കേതിക വിദഗ്ധരുമുൾപ്പെട്ട ഒരു ക്ലിനിക്കൽ ഡയഗ്നോസ്റ്റിക് ടെക്നോളജി കൗൺസിൽ രൂപീകരിക്കുന്നതാണ്. രോഗനിർണ്ണയ സേവനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെയും നിലവാര സൂചകങ്ങളുടെയും പാലനം ഈ കൗൺസിൽ കാലാകാലങ്ങളിൽ വിലയിരുത്തും.

*അലൈഡ് ഹെൽത്ത് കെയർ മേഖലയിലെ വിദ്യാഭ്യാസത്തിന്റെയും സേവനങ്ങളുടേയും നിലവാരം നിയന്ത്രിക്കുന്നതിനും, സ്ഥാപനങ്ങളുടെ വിലയിരുത്തലിനും, ഒരു കേന്ദ്ര രജിസ്റ്ററിന്റെയും സംസ്ഥാന രജിസ്റ്ററിന്റെയും പരിപാലനത്തിനുമായി വന്നിട്ടുള്ള The National Commission for Allied and Health Care Professions Act 2021 എന്ന കേന്ദ്ര ആക്ട് പ്രകാരം സംസ്ഥാന അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ച് ഉത്തരവാകുകയും കൗൺസിലിലേക്കുള്ള സെക്രട്ടറി ഉൾപ്പടെയുള്ള തസ്തികകൾ സൃഷ്ടിച്ചും കൗൺസിലിന്റെ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.*

523. കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ഡ്രഗ് ഫോർമുലറി സമിതിയെ നിയോഗിക്കുന്നതാണ്. സർക്കാർ ഫാർമസ്യൂട്ടിക്കൽ സയൻസസ് കോളേജുകളെ ഫോർമുലറി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ചുമതലപ്പെടുത്തുന്നതാണ്. ഇതിനു പുറമേ ഔഷധങ്ങളെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ന്യൂസ് ലെറ്ററുകളും പ്രസിദ്ധീകരിക്കും.

*കേരള സ്റ്റേറ്റ് ഡ്രഗ് ഫോർമുലറി 2023 തയാറാക്കി പ്രസിദ്ധീകരിക്കുന്നതിന് 15 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവ് ആയിട്ടുണ്ട്.*

524. ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരോഗ്യ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആരംഭിക്കും.

*കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ നേതൃത്വത്തിൽ ആരോഗ്യ മേഖലയിൽ online സെമിനാറുകൾ സംഘടിപ്പിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു ബോധവൽകരണത്തിനായി*

*ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ NSS യൂണിറ്റുകൾ 54 ഗ്രാമങ്ങൾ ദത്തടുത്തു ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി.*

- *ആരോഗ്യ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.*
- *പകർച്ചവ്യാധി പടരാതിരിക്കാൻ ശുചീകരണ പ്രവർത്തങ്ങൾ ആരംഭിച്ചു.*
- *പോഷകാഹാര കുറവുകൾ പരിഹരിക്കുന്നതിനായി സമീകൃത ആഹാരം കഴിക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ചു ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.*
- *അങ്കണവാടികൾ കേന്ദ്രീകരിച്ചു മുലയൂട്ടുന്നതിന്റെ ആവശ്യകത സംബന്ധിച്ചു ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.*
- *കോവിഡ് ബോധവൽക്കരണവുമായി ബന്ധപ്പെട്ടു വീട് വീടാന്തരം ലഘുലേഖകൾ വിതരണം ചെയ്തു. കൂടാതെ മാസ്ക്, സാനിറ്റൈസർ എന്നിവ ദത്തെടുത്ത ഗ്രാമങ്ങളിലെ വീടുകളിൽ എത്തിച്ചു നൽകി .*
- *കോവിഡാനന്തരം ജനങ്ങൾക്ക് ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ എങ്ങനെ തരണം ചെയ്യാം എന്നതിനെ സംബന്ധിച്ചു ബോധവത്കരണം ന ൽകി.*

## ആയുഷ്

525. രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കും. ആയുർവേദ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ സി.സി.ഐ.എം നിബന്ധനകൾ അനുസരിച്ച് മെച്ചപ്പെടുത്തും.

*സംസ്ഥാനത്തെ 2,328 ആയുഷ് സ്ഥാപനങ്ങളിലൂടെ കോവിഡ് വ്യാപനം ചെറുക്കുന്നതിന് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. 1206 ആയുർ രക്ഷാ ക്ലിനിക്കുകളിലൂടെ കോവിഡ് പ്രതിരോധത്തിന് ആയുർവേദ ഔഷധങ്ങൾ 42.5 ലക്ഷം പേർക്കും വിതരണം ചെയ്തു. കോവിഡ് ബാധിതരായ 6.5 ലക്ഷം പേർക്കും കോവിഡാനന്തര ക്ലേശങ്ങളുള്ള 9.3 ലക്ഷം പേർക്കും ചികിത്സ ലഭ്യമാക്കി. രോഗപ്രതിരോധത്തിനായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ, പൊതു ജനങ്ങൾക്കിടയിൽ ബോധവത്കരണ പ്ര വർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആയുഷ് വകുപ്പ് പ്രത്യേക പ്രോജെക്ടുകൾ നടപ്പിലാക്കി വരുന്നു. ഹെൽത്ത് & വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുള്ള 520 ആയുഷ് സ്ഥാപനങ്ങളിലും യോഗ ഡെമോൺസ് ട്രേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ആയുർവേദ*

*മെഡിക്കൽ കോളേജിനു കീഴിൽ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ സി.സി.ഐ.എം മാനദണ്ഡമനുസരിച്ച് പുതിയ അനിമൽ ഹൗസ് ഒന്നാം നിലയുടെ പ്രവർത്തികൾ പൂർത്തിയാക്കി. രണ്ടാം നിലയുടെ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.*

526. കണ്ണൂരിലെ ആയുർവേദ ഗവേഷണ ഇൻസിസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് ആയുർവേദത്തെ തെളിവധിഷ്ഠിതമായും (Evidence Based Medicine) ശാസ്ത്രീയമായും വികസിപ്പിക്കും.

*ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖേന 114 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായ ഗവേഷണ ആശുപത്രി, മാനുസ്ക്രിപ്റ്റ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ പദ്ധതിക്കായി കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രി കെട്ടിടത്തിൽ 'പ്രോജക്ട് ഫെസിലിറ്റേഷൻ സെന്റർ & പെരിഫെറൽ മാനുസ്ക്രിപ്റ്റ് യൂണിറ്റ്' സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചു.*

527. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അയൽക്കൂട്ട കൃഷി ആരംഭിക്കും. കാടുകളിൽ നിന്നും മറ്റും ഔഷധങ്ങൾ ശേഖരിക്കുന്നവരുടെ സ്വയംസഹായ സംഘങ്ങൾക്ക് രൂപം നൽകും. സമാനമായ രീതിയിൽ ഹോമിയോപതി ഔഷധികൾക്ക് ആവശ്യമായ ഔഷധ കൃഷിയും പ്രോത്സാഹിപ്പിക്കും.

*സംസ്ഥാനത്ത് സർക്കാർ സർക്കാരേതിര ഗവേഷണ സ്ഥാപനങ്ങളിലായി 5 മോഡൽ നഴ്സറികളും 7 ചെറുകിട നഴ്സറികളും സംസ്ഥാന മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടെ ആരംഭിച്ചു. സംസ്ഥാനത്ത് ഔഷധ സസ്യങ്ങളുടെ വിത്തുകൾ ലഭ്യമാക്കുന്നതിനും, കർഷകരിൽ നിന്നും വിത്തുകൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും തിരിച്ച് ടി വിത്തുകൾ കർഷകർക്ക് സമയാ സമയങ്ങളിൽ കൃഷിക്ക് നൽകുന്നതിനുമായി സർക്കാർ തലത്തിൽ 2 വിത്ത് സംഭരണ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കുടുംബ ശ്രീ, സ്വയം സഹായ സംഘം എന്നിവയുമായി സഹകരിച്ചു കൊണ്ട് കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിൽ ഔഷധസസ്യ കൃഷിയും, നാട്ടിൻപുറങ്ങളിൽ നിന്നുള്ള ഔഷധ സസ്യങ്ങളുടെ ശേഖരണവും നടപ്പിലാക്കി വരുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, വ്യക്തികൾ, സഹകരണ സംഘങ്ങൾ, സംഘടന കൾ എന്നിവരിലൂടെ ഔഷധ നിർമ്മാതാക്കളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ 640 ഓളം ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിച്ചിട്ടുണ്ട് ഔഷധ സസ്യതോട്ടത്തിന്റെ പുനരുജ്ജീവനത്തിനായി 29.6 ലക്ഷം രൂപയുടെ പദ്ധതി ആരംഭിച്ചു. ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആയുഷ് ആരോഗ്യ സ്ഥാപനങ്ങളിൽ 300 ഓളം ഔഷധത്തോട്ടങ്ങൾ നിർമ്മിച്ചു.*

528. ആയുർവേദ ഔഷധനിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കും. മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്ത് രാസചേരുവ കൃത്യമായി രേഖപ്പെടുത്തി വിപണനം ചെയ്യാൻ നടപടിയെടുക്കും. അശാസ്ത്രീയ ഔഷധ ഉപയോഗം തടയും.

***ആയുർവേദ ഔഷധങ്ങൾ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.***

529. ഔഷധ നിർമ്മാണ ടെക്നീഷ്യൻ കോഴ്സ്, ഔഷധ സംഭരണ പരിശീലനം, ഫാർമസിസ്റ്റ്, പഞ്ചകർമ്മ ടെക്നീഷ്യൻ, എന്നിവയിൽ സ്ഥിരമായ കോഴ്സുകൾ നടത്തി ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കും. ഇതിൽ പരമ്പരാഗത വൈദ്യമേഖലയിൽ നിന്നുള്ളവർക്ക് മുൻഗണന നൽകും.

***ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ആയുർവേദ ഫാർമസിസ്റ്റ്, നേഴ്സ്, തെറാപ്പിസ്റ്റ് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.***

530. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദഹോമിയോ ഡിസ്പെൻസറികൾ ഉറപ്പുവരുത്തും.

***എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ/ ആശുപത്രികൾ നിലവിൽ ഉണ്ട്. 35 പഞ്ചായത്തുകളിൽ കൂടി ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടതുണ്ട്.***

531. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കും.

***ഹോമിയോപ്പതി വകുപ്പിന് കീഴിൽ വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമായി ഡോക്ടർമാരുടെ ഒരു പ്രത്യേക സംഘം രൂപീകരിച്ച് 'HEART' (Homoeopathic Evidence based Advanced Research and Training) എന്ന പേരിലുള്ള പദ്ധതിയ്ക്ക് തുടക്കമിട്ടു. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള ഹോമിയോപ്പതി ഗവേഷണ സ്ഥാപനമായ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയും (CCRH) സംസ്ഥാന ഹോമിയോപ്പതി വകുപ്പുമായി സഹകരിച്ച് ആർ.സി.റ്റി പഠനം നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടു.***

532. സിദ്ധ യുനാനി സമ്പ്രദായങ്ങൾക്ക് പ്രചാരമുള്ള സ്ഥലങ്ങളിൽ അവയുടെ സേവനം ആയുഷ് മിഷൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

***സംസ്ഥാനത്ത് 6 കേന്ദ്രങ്ങളിൽ 10 മുതൽ 50 വയസുവരെയുള്ള സ്ത്രീകളുടെ പരിപൂർണ്ണ ആരോഗ്യത്തിന് വേണ്ടിയുള്ള സിദ്ധ ചികിത്സാ പദ്ധതിയായ 'മഗളിർ ജ്യോതി' ആരംഭിച്ചു. കാസർഗോഡ് ചീമേനി ഗവ. ആയുർവേദ ആശുപത്രിയിൽ പ്രത്യേക സിദ്ധ യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന***

*സൗകര്യം ഒരുക്കി. 11.45 ലക്ഷം രൂപയുടെ നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ചുകൊണ്ടാണ് ഈ പ്രവൃത്തി പൂർത്തിയാക്കിയത്. കാസർഗോഡ് യുനാനി ഗവ.ഡിസ്പെൻസറിയിൽ 20.16 ലക്ഷം രൂപയുടെ നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി. 45 -ഓളം സിദ്ധ സ്ഥാപനങ്ങളിലൂടെ കോവിഡ് പ്രതിരോധത്തിന് കബാസുര കുടിനീർ വിതരണം ചെയ്യുകയും കോവിഡിനും കോവിഡാനന്തര പ്രശ്നങ്ങൾക്കുമുള്ള സിദ്ധ ചികിത്സ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തു.*

*20 -ഓളം വരുന്ന യുനാനി സ്ഥാപനങ്ങളിലുടെ കോവിഡ് വ്യാപനം തടയുന്നതിന് പ്രതിരോധമരുന്നുകളും ചികിത്സയും ലഭ്യമാക്കി. നാഷണൽ ആയുഷ് മിഷൻ മുഖേന 4 സിദ്ധ ഡോക്ടർമാരുടെയും 2 യുനാനി ഡോക്ടർമാരുടെയും താത്കാലിക തസ്തികകൾ സൃഷ്ടിച്ചു.*

## കുടിവെള്ളം

533. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തും. ജൽജീവൻ മിഷൻ വഴി 21 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കും. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഗ്രാമതലത്തിൽ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയായിരിക്കും ഈ പദ്ധതി നടപ്പാക്കുക.

*ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ തടസ്സരഹിതമായി ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി 2022-23 ൽ ഒന്നാം ഘട്ടത്തിൽ 5.74 ലക്ഷം കണക്ഷനുകൾ നൽകുവാനും അനുബന്ധ പ്രവർത്തികൾക്കുമായി 76.53 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 44,973 FHTC ക്ക് 12.52 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആകെ 53,34,736 FHTC ക്ക് 40,203.61 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.*

*01.04.2020 ലെ കണക്കുകൾ പ്രകാരം കേരളത്തിലാകമാനമുള്ള 70.68 ലക്ഷം ഗ്രാമീണ കുടുംബങ്ങളിൽ 17.5 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ടായിരുന്നു (24.76%). സംസ്ഥാനത്ത് ഇപ്പോൾ 32.32 ലക്ഷം ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാണ് (45.01%). എല്ലാ ഗ്രാമീണ സ്കൂളുകളിലും അംഗനവാടികളിലും നിലവിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.*

*ജല ഗുണനിലവാര പ്രശ്നമുള്ള സ്ഥലങ്ങൾ, SAGY വില്ലേജുകൾ, പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾ മുന്നിട്ട് നിൽക്കുന്ന സ്ഥലങ്ങൾ, ആസ്പിരേഷണൽ ജില്ലയായ വയനാട് എന്നിവിടങ്ങളിൽ മുൻഗണന ക്രമത്തിൽ പ്രവർത്തി പുരോഗമിച്ചു വരുന്നു. ജനപങ്കാളിത്തത്തോടെയും, സമയബന്ധിതമായും നടപ്പിലാക്കാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.*

***2020-21 സാമ്പത്തിക വർഷത്തിൽ 621.90 കോടി രൂപ പദ്ധതിക്കായി വിനിയോഗിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷത്തിൽ 2017.01 കോടി രൂപ പദ്ധതിക്കായി ചിലവഴിച്ചു.***

***2022-23 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തെ നീക്കിയിരിപ്പു തുകയായ വിഹിതമായ 750.95 രൂപയും ചേർത്ത് ആകെ ലഭ്യമായ തുകയായ 2392.98 കോടി രൂപയിൽ 30.12.2022 വരെ ആകെ 2,000.09 കോടി രൂപ പദ്ധതിക്കായി ചിലവഴിക്കുകയുണ്ടായി.***

534. ജലവിതരണ പദ്ധതികളുടെ സമ്പൂർണ്ണ കണക്കെടുപ്പ് ജലനിധി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് എത്രയും വേഗം പൂർത്തിയാക്കും. സ്രോതസിന്റെ ശേഷി, ലഭ്യത, യഥാർത്ഥത്തിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണം, നിലവിലുള്ള ജലവിതരണക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥിതി, ജലഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത, നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയവ വിലയിരുത്തുന്നതിന് സംസ്ഥാനവ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തും.

***കെ.ആർ.ഡബ്ല്യു.എസ്സ്.എ, ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 227 ഗ്രാമപഞ്ചായത്തുകളിൽ 5884 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് സോഷ്യൽ ഓഡിറ്റിങ്ങ് നടത്തി തുടർ നടത്തിപ്പിനും പരിപാലനത്തിനുമായി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ട്.സംസ്ഥാനത്ത് മറ്റു നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ കണക്കെടുപ്പും സോഷ്യൽ ഓഡിറ്റിങ്ങും ജലജീവൻ മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ ശാക്തീകരണത്തിനു വേണ്ടി നിയോഗിച്ചിട്ടുള്ള ISA (implementation Supporting Agency) മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 129 ഗ്രാമ പഞ്ചയത്തുകളിലായി 1,670 കുടിവെള്ള പദ്ധതികളുടെ ആസ്തി വിവര ശേഖരണം പൂർത്തിയായിട്ടുണ്ട്.***

535. നഗരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ബൃഹത് പദ്ധതികൾ അനിവാര്യമാണ്. പഴയ പദ്ധതികൾ പലതും കിഫ്ബി വഴി പുനരുദ്ധരിക്കുന്നുണ്ട്. ജലജീവൻ മിഷൻ സ്കീമും ഇതിനായി ഉപയോഗപ്പെടുത്തും.

***നഗരസഭകളിലും കോർപ്പറേഷനുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 പദ്ധതി പ്രകാരം കുടിവെള്ള മേഖലക്കായി 1713.40 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 736.10 കോടി രൂപയാണ്. ബാക്കി തുക സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതമാണ്. അമൃത് 2.0 ന്റെ ഭാഗമായി കേരളത്തിലെ 9 അമൃത് നഗരങ്ങൾ ഉൾപ്പെടെ 93 നഗരങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതിക്കായി 1828.65 കോടി***

*രൂപയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ആദ്യഘട്ടം എന്ന നിലയിൽ 616.829 കോടി രൂപയുടെ 77 പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമായി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തപദ്ധതിയായ അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 9 നഗരങ്ങളിലായി കുടിവെള്ള വിതരണ പ്രവർത്തികൾക്കായി 1,163.78 കോടി രൂപക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും ഇതിൽ 878.037 കോടി രൂപക്കുള്ള പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്താൻ കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 4498.981 കോടി രൂപയുടെ 72 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.*

536. കേരള വാട്ടർ അതോറിറ്റിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾക്കൊപ്പം വിതരണനഷ്ടം കുറയ്ക്കുന്നതിനും നടപടികൾ ഉണ്ടാവും. സർക്കാർ ധന സഹായം വർദ്ധിപ്പിക്കും.

*വാട്ടർ അതോറിറ്റി ഒരു KL (1000ലിറ്റർ) വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുമ്പോൾ 22.85 രൂപ ചെലവാകുന്നു എന്നാൽ ഒരു കിലോലിറ്ററിന് ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപ മാത്രമാണ്, നഷ്ടം 11.93 രൂപ. ഈ അന്തരം ഒരു പരിധിവരെ നികത്തുന്നത് സർക്കാർ നൽകുന്ന പദ്ധതിയേതര വിഹിതത്തിൽ നിന്നുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ (പദ്ധതിയേതര വിഹിതം) ഇനത്തിൽ 321.06 കോടി രൂപ സർക്കാർ അനുവദിച്ചു നൽകി. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതത്തിൽ ബജറ്റിൽ 353.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദീർഘകാല കുടിശികകൾ പിരിച്ചെടുക്കുന്നതിന് വേണ്ടി ഗവൺമെന്റ് അനുമതിയോടെ 18/07/2022 ൽ അംനെസ്റ്റി പദ്ധതി നടപ്പിലാക്കി വരുന്നു. ലഭിച്ച 99,273 അപേക്ഷകളിൽ 77,651 എണ്ണം (78.22%) ഇതു വരെ (30/12/2022) തീർപ്പാക്കുകയുണ്ടായി. 38.17 കോടി രൂപ പിരിച്ചെടുക്കുകയും. 79.73 കോടി രൂപയ്ക്ക് തവണകൾ അനുവദിക്കുകയും ഉണ്ടായി. 298.45 കോടി രൂപ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ മീറ്ററുകൾ അതോറിറ്റി ആവശ്യപ്പെട്ടിട്ടും മാറ്റി വെക്കാത്ത കണക്ഷനുകളിൽ അതോറിറ്റി നേരിട്ട് മീറ്ററുകൾ മാറ്റിവക്കുകയും അത് മൂലമുള്ള വരുമാന നഷ്ടം കുറക്കുവാനും സാധിക്കുന്നു.*

*വിതരണ നഷ്ടം കുറക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. എല്ലാ ഡിവിഷൻ ഓഫീസുകളിലും പൈപ്പുകളിലെ ചോർച്ച കൂടുതൽ കൃത്യതതയോടെ വേഗത്തിൽ കണ്ടെത്തുന്നതിന് ലീക് ഡിറ്റക്ഷൻ ഉപകരണം വാങ്ങുവാനുള്ള തയാറെടുപ്പുകൾ നടത്തിവരുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉല്പാദനവും വിതരണവും*

*മെച്ചപ്പെടുത്തൽ (പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത്) എന്ന ശീർഷകത്തിൽ 50 കോടി രൂപ ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.*

537. ജലനിധി പദ്ധതികളിൽ ഒരു ഭാഗം പല കാരണങ്ങൾകൊണ്ടും നിർജ്ജീവമായിട്ടുണ്ട്. അവ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കും.

*സംസ്ഥാനത്ത് കെ.ആർ.ഡബ്ല്യു.എസ്സ്.എ., ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പിലാക്കി. ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള പദ്ധതികളിൽ 30% ശതമാനത്തോളം കുടിവെള്ള പദ്ധതികളിൽ സാങ്കേതികവും, സാമ്പത്തികവും, നടത്തിപ്പും പരിപാലനവും മൂലം ഉണ്ടായ അപാകതകൾ കാരണവും, കാലാവസ്ഥാ വ്യതിയാനം മൂലം സ്രോതസ്സുകളിലെ ജല ജലഭ്യതക്കുറവിനാലും ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി 2018-19 മുതൽ  2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സുസ്ഥിരതാ പദ്ധതിയിൽ (ഗുണഭോക്താക്കൾ പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതക്കായി സഹായം നൽകുന്ന പദ്ധതി) തുക വകയിരുത്തി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.*

*2022-23 സാമ്പത്തിക വർഷം  290 പദ്ധതികൾ പുനരുദ്ധാരണം ചെയ്യുവാൻ ആണ് സർക്കാരിൽ നിന്നും ഭരണാനുമതി  ലഭിച്ചത് . അതിൽ 266 പ്രവർത്തനങ്ങൾക്ക് ടെണ്ടർ വിളിയ്ക്കുകയും  104 പ്രവർത്തികൾക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.*

538. കേരളത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസെന്ന നിലയ്ക്ക് കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും. നാല് മാസത്തിലൊരിക്കൽ കിണറുകൾ ശുദ്ധീകരിക്കുകയും ഗുണനിലവാരത്തെക്കുറിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും.

*സംസ്ഥാനത്ത് കെ.ആർ.ഡബ്ല്യു.എസ്സ്.എ. മുഖാന്തിരം മഴവെള്ളസംഭരണം - ഭൂജല പരിപോഷണം പദ്ധതിയിൽ അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്തി ഗ്രാമീണ മേഖലയിലെ 9,859 വ്യക്തിഗത കുടുംബങ്ങൾക്കുവേണ്ടി നിർമ്മിച്ച മഴവെള്ള സംഭരണികളിൽ നിന്നും അധികമായി പുറത്തേക്ക് ഒഴുകുന്ന ജലം നിലവിലുള്ള കിണറുകളുടെ ജലപരിപോഷണത്തിനും ഭൂജല സംവർദ്ധനത്തിനും ഉപയോഗപ്പെടുത്തുന്നു. കൂടാതെ 4,175 വ്യക്തിഗത കിണറുകൾ മഴവെള്ളം ശേഖരിച്ച് ജലപരിപോഷണം (കിണർ റീചാർജ്ജിങ്ങ്) നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി നടപ്പിലാക്കി വരുന്നു. ആയതിൽ 2,546 പ്രവർത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള*

*1,629 പ്രവർത്തികൾ പുരോഗമിക്കുന്നു 2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 789 ഗാർഹിക കിണറുകൾക്ക് ആൾമറ, പ്ലാറ്റ് ഫോം തുടങ്ങിയവ നിർമ്മിച്ച് സുസ്ഥിരവും സുരക്ഷിതവുമായ ജലസ്രോതസ്സുകളാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 531 ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിന് 2022-23 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. 2022-23 ബജറ്റിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.*

539. കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ളം വാണിജ്യാടിസ്ഥാനത്തിൽ ഇറക്കും.

*ശുദ്ധമായ കുപ്പിവെള്ളം മിതമായ നിരക്കിൽ പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ ജല വിഭവ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പ്ലാന്റിൽ നിന്ന് ആദ്യഘട്ടമെന്ന നിലയിൽ 20 ലിറ്റർ ജാറുകളിലുള്ള കുടിവെള്ളമാണ് വിപ ണിയിൽ എത്തിച്ചിട്ടുള്ളത്. 2022 ജനുവരി മാസം മുതൽ 1 ലിറ്റർ കുപ്പിവെള്ളത്തിന്റെ ഉൽപ്പാദനവും വിതരണവും ആരംഭിച്ചു. ഇതിനു പുറമെ 20 ലിറ്റർ , 500 ML എന്നീ ശ്രേണിയിലുള്ള കുപ്പിവെള്ളവും ഉത്പാദനം ന ടത്തി വരുന്നു. 20 ലിറ്റർ ജാറുകൾ 60 രൂപ നിരക്കിലാണ് വിപണിയിൽ ലഭ്യമാക്കുന്നത്. '1000ML കുപ്പിവെള്ളം 15 രൂപയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്. കൂടാതെ വിവിധ ജയിൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട് ലെറ്റുകൾ വഴിയും 10 രൂപയ്ക്ക് 1 ലിറ്റർ കുപ്പിവെള്ളം ലഭ്യമാക്കുന്നുണ്ട്.*

540. പകുതി വഴിയിൽ നിർമ്മാണം നിലച്ചിരിക്കുന്ന പ്രധാന നഗരങ്ങളിലെ സ്വീവേജ് പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കും. വികേന്ദ്രീകൃതമായ സ്വീവേജ് സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കും. മലിനജലം ഓടകൾ വഴി ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നത് ഇതുവഴി തടയാനാകും.

*ഗുരുവായൂരിൽ 3 MLD സ്വീവേജ് ട്രീറ്റ് മെന്റ് പ്ലാന്റ് 16.11.2021 കമ്മീഷൻ ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിന് വേണ്ടിയുള്ള 5 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് 8.8.2021 കമ്മീഷൻ ചെയ്തു. എറണാകുളം ഇളംകുളത്ത് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 5 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഒക്ടോബറിൽ ടെക്നിക്കലി കമ്മീഷൻ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന പഴയ പ്ലാന്റിൽ 3.25 MLD സീവേജ് മാത്രമാണ് സംസ്കരിക്കുന്നത്. പുതിയതായി നിർമ്മാണം പൂർത്തീകരിച്ച 5 MLD പ്ലാന്റിനെ പൂർണ്ണമായി ഉപയോഗിക്കുന്നതിനായി 1.75 MLD യുടെ സീവറേജ് നെറ്റ്‌വർക്കിന്റെ 63.91 കോടി അടങ്കൽ തുകയുള്ള DPR തയ്യാറാക്കി RKI യിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മറ്റു വിവിധ സ്ഥലങ്ങളിൽ പദ്ധതികൾ നടന്നുവരികയാണ്.*

# പാർപ്പിടം

541. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കും. ലൈഫ് മിഷൻ 2021-22ൽ 1.5 ലക്ഷം വീടുകൾ നിർമ്മിക്കും. ഇതിൽ 60,000 ത്തോളം വീടുകൾ പട്ടികവിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കുമായിരിക്കും. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അവർക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

***2021 -22 ൽ 23,261 വീടുകൾ പൂർത്തീകരിച്ചു. 2022 -23 ൽ 54,648 വീടുകൾ പൂർത്തീകരിച്ചു. 2017-18 മുതൽ 2022-23 വരെ 3,42,156 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020 ൽ ഓൺലൈൻ ആയി ലഭിച്ച അപേക്ഷകൾ പ രിശോധിച്ച് തയാറാക്കിയ അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16 ന് പ്രസിദ്ധീകരിച്ചു.***

542. ലൈഫ് മിഷന്റെ അടുത്ത ഘട്ടത്തിലെ പ്രത്യേകത ഭൂരഹിതർക്കു വീട് നൽകലാണ്. അവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകും. അതോടൊപ്പം സ്വന്തമായി സ്ഥലം വാങ്ങി വീട് വയ്ക്കാൻ തയ്യാറുള്ളവർക്ക് 10 ലക്ഷം രൂപ വീതം നൽകും.



**ലൈഫ് ഭവന സമുച്ചയം, കടമ്പൂർ**

*ഭൂരഹിത-ഭവനരഹിതർക്കായി 29 ഭവനസമുച്ചയങ്ങൾ നിർമിക്കാൻ തീരുമാനിച്ചു. ഇതിൽ കണ്ണൂർ ജില്ലയിലെ കടമ്പൂർ (44 ഫ്ളാറ്റുകൾ), കോട്ടയം ജില്ലയിലെ വിജയപുരം ( 44 ഫ്ളാറ്റുകൾ), ഇടുക്കി ജില്ലയിലെ കരിമണ്ണൂർ (42 ഫ്ളാറ്റുകൾ), കൊല്ലം ജില്ലയിലെ പുനലൂർ (44 ഫ്ളാറ്റുകൾ) എന്നീ നാല് ഭവനസമുച്ചയങ്ങൾ ഉദ്ഘാടനം ചെയ്തു. ഇതിലൂടെ 174 കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ ലഭിച്ചു. 25 ഭവനസമുച്ചയങ്ങളുടെ നിർമാണം വിവിധ ഘട്ടങ്ങളിലാണ്. പുതുതായി രണ്ട് ഭവന സമുച്ചയങ്ങൾ കൂടി നിർമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂരഹിതർക്ക് വീട് നിർമിക്കാൻ ഭൂമി സംഭാവന ചെയ്യുന്ന 'മനസ്സോടിത്തിരി മണ്ണ് ' എന്ന പദ്ധതിയിലൂടെ ഇതുവരെ 23.49 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.*

543. ലൈഫിനു വേണ്ടിയുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ തിരിച്ചടവു ഭാരം വികസന ഫണ്ടിന്റെ 20 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പരിധിയിൽ എത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധിക തിരിച്ചടവ് സർക്കാർ വഹിക്കും.

*നടപടികൾ സ്വീകരിച്ചുവരുന്നു.*

544. കർശനമായ ധനകാര്യ നിയമങ്ങളുടെ പേരിൽ നിരവധി ആളുകൾ വീടുകളിൽ നിന്ന് പുറത്താക്കപ്പെടുന്നു. കേരളത്തിൽ, 'കിടപ്പാടം അവകാശം' എന്ന നിയമം നടപ്പാക്കും. അതിന്റെ അടിസ്ഥാനത്തിൽ ബദൽ സംവിധാനങ്ങളില്ലാതെ ആരെയും വീടുകളിൽനിന്ന് പുറത്താക്കാനാവില്ല.

*നിയമ നിർമ്മാണം പരിഗണനയിലാണ്.*

## കായികരംഗം

547. കിഫ്ബി പിന്തുണയോടുകൂടി എല്ലാ ജില്ലകളിലും 4050 കോടി ചെലവിൽ ബഹു ഉദ്ദേശ്യ ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. അവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കും. ഇതിനു പുറമെ, എൺപതോളം ചെറുകിട സ്റ്റേഡിയങ്ങളും കിഫ്ബി വഴി നിർമ്മിക്കുന്നുണ്ട്. കേരളത്തിന്റെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ ഇതുവഴി വലിയൊരു കുതിപ്പുണ്ടാകും. ഇടുക്കിയിലെ ഹൈ ആൾട്ടിറ്റിയൂഡ് ട്രെയിനിംഗ് സെന്ററും സ്റ്റേഡിയവും പൂർത്തീകരിക്കും. മൂന്നാറിലെ സാഹസിക അക്കാദമി വികസിപ്പിക്കും. തിരുവനന്തപുരത്തും കൊച്ചിയിലും ഉള്ളതുപോലെ കോഴിക്കോട്ട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കും.

*കായികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 58 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ 120 കോടിയുടെ 12 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ 23 കിഫ്ബി പദ്ധതികൾ പുരോഗമിച്ചു വരികയാണ്. 7 ജില്ലാ സ്റ്റേഡിയങ്ങൾ*



അബു-ചാത്തുക്കുട്ടി മിനി സ്റ്റേഡിയം, ധർമ്മടം

***ഇതിൽ ഉൾപ്പെടും. 520 കോടി രൂപയുടെ 23 പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പാക്കിവരികയാണ്. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ അധീനതയിൽ ദേവികുളത്ത് പ്രവർത്തിക്കുന്ന സാഹസിക അക്കാദമി വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9,63,84,416/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.***

548. എല്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും ജനങ്ങൾക്ക് ഒത്തുകൂടുന്നതിനും ലഘുവ്യായാമം ചെയ്യുന്നതിനും പാർക്ക് പോലുള്ള പൊതുഇടങ്ങൾ ഉണ്ടാക്കും. എവിടെയെല്ലാം സ്കൂളുകളിലോ മറ്റു പൊതു ഇടങ്ങളിലോ കളിക്കളത്തിനുള്ള സ്ഥലം ലഭ്യമാണോ, അവ നവീകരിച്ച് മത്സരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കും.

***'ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം' എന്ന പദ്ധതി ആരംഭിച്ചു. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ സ്രോതസ്സുകൾ സമാഹരിച്ചാണ് ആവശ്യമായ തുക സമാഹരിക്കുന്നത്. ആദ്യഘട്ടം എന്ന നിലയിൽ 113 പഞ്ചായത്തുകളിൽ കളിക്കളം ഒരുക്കാൻ അനുമതിയായി. 2022-23 ബജറ്റിൽ പ്രഖ്യാപിച്ച 4 കോടി രൂപ വകയിരുത്തി 8 കളിക്കളങ്ങൾക്ക് ഭരണാനുമതിയായി. 3 കളിക്കളങ്ങളുടെ നിർമാണപ്രവൃത്തികൾ തുടങ്ങി.***

549. സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 108 വിവിധ തരം സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും.

***14 ജില്ലകളിലെ സ്പോർട്സ് അക്കാദമികളെ ഹൈപെർഫോമൻസ് കേന്ദ്രങ്ങളാക്കാൻ നടപടി തുടങ്ങി. ഖേലോഇന്ത്യ സഹായത്തോടെയാണ് പദ്ധതി. 5 ഇനങ്ങൾ വീതം ഓരോ കേന്ദ്രത്തിലും പരിശീലിപ്പിക്കും. കൊല്ലം ജില്ലാ സ്പോർട്സ് അക്കാദമിയ്ക്ക് 2.50 കോടിയുടെ കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതിയായി. എല്ലാ ജില്ലകളിലെയും സ്പോർട്സ് അക്കാദമികളിൽ കൗൺസിലിംഗ് നൽകാൻ നടപടി സ്വീകരിച്ച് വരുന്നു. ഹോസ്റ്റലുകളിലേക്കുള്ള സെലക്ഷൻ പ്രക്രിയ പരിഷ്ക്കരിച്ചു.***

550. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് കേരള കായികക്ഷമതാ മിഷൻ വിദ്യാഭ്യാസ തദ്ദേശ സ്വയംഭരണ ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടെ ആരംഭിക്കും.

***പ്രായഭേദമന്യേ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും കായിക, ശാരീരിക ക്ഷമതാ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള കായികക്ഷമതാ മിഷൻ പദ്ധതി ആരംഭിച്ചു. വിദ്യാലയങ്ങളും ഓഫീസുകളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് വിപുലമായ പരിപാടികൾ മിഷന്റെ ഭാഗമാണ്.***

551. സ്പോർട്സ് ശാസ്ത്രശാഖകളിലെ കണ്ടുപിടിത്തങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് യൂണിവേഴ്സിറ്റികളുമായി സ്പോർട്സ് കൗൺസിൽ സഹകരിക്കും. സ്പോർട്സ് മെഡിസിൻ മെഡിക്കൽ കോളജുകളിൽ പ്രത്യേക സംവിധാനം സൃഷ്ടിക്കും.

***കായികവകുപ്പിനു കീഴിൽ തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിച്ചു.***

552. എല്ലാ പ്രധാന കളികളിലും ലീഗ് മത്സരങ്ങൾ സംഘടിപ്പിക്കും. സംയുക്ത സർവകലാശാലാ ടീമിനെ തെരഞ്ഞെടുക്കുകയും അവരെ ഇതിൽ പങ്കാളിയാക്കുകയും ചെയ്യും. ഫുട്ബോളിൽ അന്തർദേശീയ ടീമുകൾ പങ്കെടുക്കുന്ന ടൂർണ്ണമെന്റ് സംഘടിപ്പിക്കും.

***സി.എം ഗോൾഡ് കപ്പ് എന്ന പേരിൽ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. ഫുട്ബോൾ, അത്‌ലറ്റിക്സ്, ഷൂട്ടിങ്ങ്, ഫെൻസിങ്ങ്, ജിംനാസ്റ്റിക്സ്, നീന്തൽ തുടങ്ങിയ ഇനങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പുകൾക്ക് വേദിയൊരുക്കി. സൂപ്പർ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് കേരളം വേദിയായി.***

553. കായിക പ്രതിഭകളെ കുട്ടിക്കാലത്തേ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തും. കുട്ടികളുടെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനുള്ള പ്ലേ ഫോർ ഹെൽത്ത് പദ്ധതി, ഫുട്ബാൾ ടാലന്റുകളെ കണ്ടെത്താനുള്ള കിക്കോഫ്, നീന്തലിനുള്ള സ്പ്ലാഷ്, ടെന്നീസിനുള്ള എയ്സ് തുടങ്ങിയ സ്കീമുകൾ ശക്തിപ്പെടുത്തും.

*കായിക പ്രതിഭകളെ കുട്ടിക്കാലത്തേ കണ്ടെത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾക്കു പുറമെ ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ഹൂപ്സ്, അത്‌ലറ്റിക്സിനായി സ്പിന്റ്, ബോക്സിംഗിനായി പഞ്ച്, ജൂഡോക്കായി ജുഡോക്ക എന്നീ പദ്ധതികൾ തുടങ്ങി. ഫുട്ബോൾ ടാലന്റുകളെ കണ്ടെത്താനുള്ള കിക്കോഫ് പദ്ധതി നവീകരിച്ച് ഗോൾ എന്ന പേരിലും പ്ലേ ഫോർ ഹെൽത്ത് പദ്ധതി നവീകരിച്ച് ഹെൽത്തി കിഡ്സ് എന്ന പേരിലും കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിക്കോഫ് പദ്ധതി പ്രകാരം 1000 കേന്ദ്രങ്ങളിൽ 100 പേർക്ക് വീതം പരിശീലനം നൽകി. 140 നിയോജകമണ്ഡലങ്ങളിൽ വിദഗ്ധ പരിശീലന കേന്ദ്രം ആരംഭിച്ചു. ഹെൽത്തി കിഡ്സ് നിലവിലെ 25 കേന്ദ്രങ്ങളിൽ പുന:രാരംഭിച്ചു. 30 കേന്ദ്രങ്ങളിൽ പുതുതായി പദ്ധതി ആരംഭിച്ചു.*

554. സ്പോർട്സ് കൗൺസിലിന്റെ പുനഃസംഘടന പൂർത്തീകരിക്കും. തദ്ദേശ ഭരണസ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിലിന്റെ ഘടകങ്ങൾ രൂപീകരിക്കും.

*സംസ്ഥാന സ്പോർട്സ് കൗൺസിൽ പുന:സംഘടിപ്പിച്ചു.തദ്ദേശസ്ഥാപന തലത്തിൽ (കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത്) സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു. തദ്ദേശ സ്ഥാപന തല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.*

555. കേരളത്തിലെ പൊതുമേഖലാ സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്സ് ടീമുകൾ രൂപീകരിക്കും.

*2015 ലെ ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡൽ നേടിയ 82 കായിക താരങ്ങൾക്ക് 25/02/2021 ലെ സർക്കാർ ഉത്തരവ് നം (എം.എസ്) 65/2021 ജി.എ.ഡി പ്രകാരം കായിക യുവജനകാര്യാലയത്തിൽ എൽ.ഡി ക്ലർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 57 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിതരായവരിൽ റഗ്ബി, ഖോ-ഖോ, നെറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ ടീം രൂപീകരിക്കുന്നതിനുള്ള കായികതാരങ്ങൾ നിലവിലുണ്ട്. ടീമുകൾ രൂപികരിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതാണ്.*

556. കേരളത്തിലെ സ്പോർട്സ് ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിലാക്കും. ഗ്രേഡ് തിരിച്ച് ലൈബ്രറികൾക്ക് എന്നപോലെ ധനസഹായം നൽകും.

*നിലവിൽ യൂത്ത് ക്ലബ്ബുകൾ യൂത്ത് വെൽഫയർ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത് വരുന്നുണ്ട്. കായിക-യുവജന ഡയറക്ടറേറ്റ് റീജണൽ ഓഫീസുകളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന മുറക്ക് സ്പോർട്സ് ക്ലബുകളുടെ രജിസ്ട്രേഷൻ അവയുടെ കീഴിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്..*

557. കളരിപ്പയറ്റ്, വുഷു, തയ്ക്കോണ്ടോ, കരാട്ടെ തുടങ്ങിയ ആയോധന കലകൾ പ്രോത്സാഹിപ്പിക്കും.

***ആയോധന കലകൾക്കായി 14 ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി തുടങ്ങി. കളരിപ്പയറ്റിനെ സംബന്ധിച്ച് മലയാള സർവകലാശാലയുമായി ചേർന്ന് ആധികാരിക ഗ്രന്ഥം പുറത്തിറക്കി. ഇംഗ്ലീഷ് പതിപ്പും ഉടൻ പുറത്തിറക്കും.***

558. സ്പോർട്സ് ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഇവയെയും വിവിധ അസോസിയേഷനുകളെയും ഒരു കുടക്കീഴിലാക്കാൻ കായിക ഭവൻ സ്ഥാപിക്കും.

***കായികവകുപ്പിന് തിരവനന്തപുരം വാൻറോസ് ജംഗ്ഷനിൽ അനുവദിച്ച 29.55 ഏക്കർ സ്ഥലത്ത് കായികഭവന് ശിലയിട്ടു.***

559. നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി (BPEd, MPEd, NIS Coaching Diploma) പുനഃക്രമീകരിക്കുകയും പഠനനിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കും ചെയ്യും.

***കായിക വിദ്യാലയങ്ങൾക്ക് പാഠ്യപദ്ധതി തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ലോവർ പ്രൈമറി സ്കൂൾ തലം മുതൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണ്. ലോവർ പ്രൈമറി അദ്ധ്യാപകർക്കുള്ള പഠനസഹായി അച്ചടിച്ചു വിതരണം ചെയ്തു. കുട്ടികൾക്കുള്ള വർക്ക് ബുക്ക് ഒക്ടോബർ 2023-നകം വികരണം ചെയ്യും.***

560. ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, അയ്യൻകാളി സ്പോർട്സ് സ്കൂൾ എന്നിവ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കും. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ രണ്ട് സ്പോർട്സ് ഡിവിഷനുകൾകൂടി ആരംഭിക്കും.

***ജി.വി.രാജയിൽ 20 കോടി രൂപയുടേയും കണ്ണൂരിൽ 10 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. ജി.വി.രാജയിൽ സിന്തറ്റിക് ട്രാക്, ഫുട്ബോൾ കോർട്ട്, ഹോക്കി കോർട്ട്, ഇൻഡോർ സ്റ്റേഡിയം, ഹൈടെക് ക്ലാസ്സ് മുറികൾ തുടങ്ങിയവ സജ്ജമാക്കി. കുന്നംകുളത്ത് പുതിയ സ്പോർട്സ് ഡിവിഷൻ ആരംഭിച്ചു.***

561. സ്പോർട്സ് ക്വാട്ടയിലെ 2010 മുതൽ 2014 വരെയുള്ള നിയമനങ്ങൾ ഇപ്പോഴാണ് കുടിശിക തീർത്ത് നിയമനം നടത്തിയത്. അതുപോലെ തന്നെ ദേശീയ ഗെയിംസിൽ വിജയികളായിട്ടുള്ളവർക്ക് നിയമനം നൽകി. സ്പോർട്സ് ക്വാട്ട വർദ്ധിപ്പിക്കുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ നിയമിതരായ സ്പോർട്സ് താരങ്ങളുടെ പരിശീലന മികവും സേവനവും ബഹുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ ജോലി

സമയം ക്രമീകരിക്കുന്നതിന് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കും.

***2015-19 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നിയമന നടപടികൾ പുരോഗമിക്കുന്നു. നിയമനം ലഭിച്ച കായികതാരങ്ങളുടെ സേവനം കായികപുരോഗതിയ്ക്ക് പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.***

562. സ്പോർട്സ് ക്വാട്ടയിൽ വിവിധ തസ്തികകളിൽ നിയമിതരായ സ്പോർട്സ് താരങ്ങളുടെ പരിശീലനമികവും സേവനവും ബഹുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുത്താവുന്നവിധത്തിൽ ജോലി സമയം ക്രമീകരിക്കുന്നതിന് സബോർഡിനേറ്റ് റൂൾസ് ഭേദഗതി ചെയ്യുന്നതിന്റെ സാധ്യതകൾ പരിഗണിക്കും.

***നടപടി സ്വീകരിച്ചുവരുന്നു.***

## ഭാഷ, കല, സംസ്കാരം, മാധ്യമം

563. എല്ലാ ജില്ലകളിലും കിഫ്ബി സഹായത്തോടെ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും. ഇവിടെ ഗാലറി, സംഗീതശാല, നാടകശാല എന്നിവ നിർബന്ധമായും ഉണ്ടാവും. കലാകാരൻമാർക്ക് ഒത്തുചേരുന്നതിനും റിഹേഴ്സലുകൾ നടത്തുന്നതിനും മറ്റും ഇടമുണ്ടാവണം. ഓരോ ജില്ലയിലെയും സവിശേഷതകൾ കണക്കിലെടുത്തായിരിക്കും ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുക. ഇക്കാര്യത്തിൽ കലാകാരന്മാരുടെ അഭിപ്രായം കൂടി ആരായും. അവർക്ക് സാംസ്കാരിക സമുച്ചയത്തിന്റെ നടത്തിപ്പിലും പങ്കാളിത്തമുണ്ടായിരിക്കും.

***കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം പൂർത്തീകരിച്ച് 2023 മെയ്-4-ന് ബഹു. മുഖ്യമന്ത്രി നാടിന് സമർപ്പിക്കും. പാലക്കാട്, കാസർഗോഡ് ജില്ലകളിലെ സമുച്ചയ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം, കോട്ടയം, കണ്ണൂർ, എന്നിവടങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായി വരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ കോഴിക്കോട്, വയനാട് ജില്ലകളിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

564. നവ വനിതാ സംവിധായകരുടെയും പട്ടികവിഭാഗ സംവിധായകരുടെയും പ്രോത്സാഹനത്തിനുള്ള ധനസഹായം തുടരും. അമച്വർ നാടക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കീം തുടരും. ഓരോ വർഷാരംഭത്തിലും അപേക്ഷ ക്ഷണിക്കുകയും, കലാസംഘത്തിന്റെ മുൻപരിചയത്തിന്റെയും സ്ക്രിപ്റ്റിന്റെയും അടിസ്ഥാനത്തിലായിരിക്കും ധനസഹായം നൽകുക. യുവ കലാകാരന്മാർക്കുള്ള 1000 ഫെലോഷിപ്പ് തുടരും.

***പദ്ധതി ആരംഭിച്ചു. രണ്ട് വർഷമായി തുടരുന്നു.***

565. കലാകാരന്മാരുടെ വാസനയും നൈപുണിയും പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാകമ്പോളവുമായി ബന്ധിപ്പിക്കുന്നതിനും റൂറൽ ആർട് ഹബുകൾ തുടങ്ങും. സാംസ്കാരികത്തെരുവ്/പൊതു ഇടങ്ങൾ സൃഷ്ടിക്കുന്നതിന് സ്കീം ആരംഭിക്കും.

*പദ്ധതി ആരംഭിച്ചു. വാസ്തുവിദ്യ ഗുരുകുലത്തെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്*

566. സ്കൂൾ ലൈബ്രറികളെല്ലാം വിപുലീകരിക്കും. ഇതോടൊപ്പം ക്ലാസ് റൂം ലൈബ്രറികളും സൃഷ്ടിക്കും. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാൻ ഇതു സഹായിക്കും. ഇതിനായുള്ള വായനയുടെ വസന്തം ക്യാമ്പയിൻ ശക്തിപ്പെടുത്തും.

*വായനയുടെ വസന്തം ക്യാമ്പയിനിന്റെ ഭാഗമായി ക്ലാസ്സ് തല വായനാ പ്രോത്സാഹന പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂൾ ലൈബ്രറികൾ വിപുലീകരിക്കുന്നതിനായി 6,54,133 പുസ്തകങ്ങൾ ലഭ്യമാക്കി. പുസ്തകങ്ങൾ സൂക്ഷിക്കാൻ റാക്ക് ഇല്ലാത്ത 203 വിദ്യാലയങ്ങൾക്ക് റാക്ക് ലഭ്യമാക്കി.*

569. സാഹിത്യ അക്കാദമി വഴി പ്രാദേശിക സാഹിത്യസമിതികൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നിവയ്ക്ക് സർക്കാർ ധനസഹായം നൽകും. ഇതിനുള്ള മാനദണ്ഡങ്ങൾക്ക് അടിയന്തരമായി രൂപം നൽകും. സാമ്പ്രദായ രീതികളിൽ നിന്ന് വ്യത്യസ്തമായി ലിറ്ററി ഫെസ്റ്റിവെലുകൾ കേരളത്തിൽ സംഘടിപ്പിക്കും. മലയാള ഭാഷയിലെ ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേയ്ക്കും ലോക ഭാഷകളിലേയ്ക്കും തർജ്ജമ ചെയ്യാൻ പരിപാടി തയ്യാറാക്കും.

*വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. 2023 ലിറ്ററി ഫെസ്റ്റിവൽ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. മലയാള ഭാഷയിലെ ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേയ്ക്കും ലോകഭാഷകളിലേയ്ക്കും തർജ്ജമ ചെയ്യാനുള്ള പദ്ധതി ആരംഭിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം നടപ്പിലാക്കി വരുന്നു.*

570. ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ ലോകത്തെ നാടൻ കലകളെയും കലാകാരന്മാരെയും ഉൾപ്പെടുത്തി അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവെൽ സംഘടിപ്പിക്കും. തെരഞ്ഞെടുത്ത നാടൻപാട്ടു സംഘങ്ങൾക്കും നാടൻകലാ സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കും.

*2023 അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.*

571. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിനു സ്ഥിരം വേദിയുണ്ടാക്കും. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കും, പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ ധനസഹായം നൽകും.

*സ്ഥിരം വേദിയ്ക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. എന്നാൽ നിലവിലെ സ്ഥിതി തുടരണമെന്നാണ് ചലച്ചിത്ര മേഖലയിൽ നിന്നുള്ള പൊതു അഭിപ്രായം. പ്രാദേശിക ചലച്ചിത്രങ്ങൾക്ക് സഹായം നൽകി വരുന്നു.*

572. ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷനുള്ള ധനസഹായം ലഭ്യമാക്കും. കൊച്ചി ബിനാലേയ്ക്കുള്ള ധനസഹായം തുടരും. ആലപ്പുഴയിൽ ലോകമേ തറവാട് ചിത്രോത്സവം സംഘടിപ്പിക്കും.

***ചിത്രകാരന്മാർക്ക് പെയിന്റിംഗ് എക്സിബിഷന് ധനസഹായം ലഭ്യമാക്കുന്നുണ്ട്.***

573. കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും, അനുബന്ധ ക്യാമ്പസ് ആരംഭിക്കും.

***വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.***

574. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനിടയിൽ ഒട്ടേറെ മ്യൂസിയങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നിരവധി എണ്ണം തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇവയെ അവലോകനം ചെയ്യുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മ്യൂസിയം കമ്മീഷനെ നിയോഗിക്കും.

***എ.കെ.ജി മ്യൂസിയം - മഹാനായ എ.കെ.ജിയുടെ സംഭവ ബഹുലമായ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ഒരു മ്യൂസിയം കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ നിർമ്മിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 11 കോടി രൂപ വകയിരുത്തിയിരുന്നു. 2021 ൽ ഇതിന് വേണ്ടി 3.1 ഏക്കർ ഭൂമി ഏറ്റെടുത്ത് ശിലാസ്ഥാപനം നടത്തി. ഇപ്പോൾ മ്യൂസിയം സജ്ജീകരണത്തിന് നടപടികൾ ആരംഭിച്ചു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് പ്രദർശന സംവിധാനം ഒരുക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ ഇത് നാടിന് സമർപ്പിക്കുന്നതാണ്.***

***രാജാരവിവർമ്മ ആർട്ട് ഗ്യാലറി - വിശ്വപ്രസിദ്ധ ചിത്രകാരനായ രാജാരവിവർമ്മയുടെ 54 ചിത്രങ്ങളും പ്രശസ്തമായ ബംഗാളി ചിത്രങ്ങളും മ്യൂസിയത്തിന്റെ ശേഖരത്തിലുണ്ട്. ഇവയുടെ ശാസ്ത്രീയമായ സംരക്ഷണം പൂർത്തിയാക്കി രാജാരവിവർമ്മയുടെ പേരിൽ പുതിയ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് 2020-21 ബഡ്ജറ്റിൽ 7.9 കോടി രൂപ വകയിരുത്തി. ഈ ചിത്രങ്ങളുടെ ശാസ്ത്രീയ സംരക്ഷണം പൂർത്തിയാക്കി. ഗ്യാലറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള 100 ദിനകർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2023 മേയ് മാസം ഈ ആർട്ട് ഗ്യാലറി യാഥാർത്ഥ്യമാക്കി നാടിന് സമർപ്പിക്കുന്നതാണ്.***

***ആറ്റിങ്ങൽ കൊട്ടാരത്തിന്റെ സംരക്ഷണം- ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള നാശോന്മുഖമായികൊണ്ടിരിക്കുന്ന ആറ്റിങ്ങൽ കൊട്ടാരം സമഗ്രമായി സംരക്ഷിക്കുമെന്ന് 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി 94 ലക്ഷം രൂപ ചെലവിൽ കൊട്ടാരത്തിന്റെ മുഖമണ്ഡപം അതിന്റെ പൗരാണികത്വം സംരക്ഷിച്ചു കൊണ്ട് പുനഃനിർമ്മിച്ചു. 2022-23 ലെ ബഡ്ജറ്റിലുൾപ്പെടുത്തി നാലുകെട്ടിന്റെയും മറ്റ് കെട്ടിടങ്ങളുടെയും പുനഃനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇതിനായി 1***

*കോടി രൂപ വകയിരുത്തിയിട്ടുണ്ട്.*

*ട്രാംവെ മ്യൂസിയം സജ്ജീകരണം - പശ്ചിമഘട്ട മലനിരകളിൽ നിന്ന് മരങ്ങളുൾപ്പെടുന്ന വന ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിന് ബ്രിട്ടീഷുകാർ സ്ഥാപിച്ച ട്രാംവെയുടെ അവശിഷ്ടങ്ങൾ ചാലക്കുടിയിൽ ശേഷിക്കുന്നുണ്ട്. ഇവയെ സംരക്ഷിച്ച് ഒരു മ്യൂസിയമായി സജ്ജീകരിക്കുന്നതിന് 2020-21 ലെ ബജറ്റിൽ 142 ലക്ഷം പ്രഖ്യാപിച്ചിരുന്നു. ഇതിനുള്ള സ്ഥലം ജലസേചന വകുപ്പിൽ നിന്ന് പുരാവസ്തു വകുപ്പിന് കൈമാറി നൽകി. മ്യൂസിയം സജ്ജീകിരക്കുന്നതിനുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.*

*മണ്ണടി വേലുത്തമ്പി ദളവ പഠനഗവേഷണ കേന്ദ്രം- 2022 -2023 വർഷത്തെ ബജറ്റിൽ മണ്ണടി വേലുത്തമ്പി ദളവ പഠനഗവേഷണ കേന്ദ്രത്തിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവിടെ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.*

*മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരണം - പുരാതനമായ സ്ഥലങ്ങളെയും കെട്ടിടങ്ങളെയും സംരക്ഷിച്ച് ജില്ലാതലത്തിൽ പൈതൃക മ്യൂസിയങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി മലപ്പുറം തിരൂരങ്ങാടിയിലുള്ള ചരിത്ര പ്രസിദ്ധമായ ഹജൂർ കച്ചേരി മന്ദിരം 54 ലക്ഷം രൂപ ചെലവലിൽ നവീകരിച്ചു. ഈ വർഷത്തെ സാമ്പത്തിക വർഷത്തെ ബജറ്റിൽ പൈതൃക മ്യൂസിയങ്ങളുടെ വികസനത്തിന് 5.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.*

*കോഴിക്കോടിന്റെ ചരിത്രം പറയുന്ന മ്യസിയം കോർപ്പറേഷൻ പൈതൃക മന്ദിരത്തിൽ സ്ഥാപിക്കുന്നു- കോഴിക്കോട് കോർപ്പറേഷൻ ഓഫീസായി പ്രവർത്തിച്ചിരുന്ന പൈതൃക മന്ദിരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പുരവാസ്തു വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കോഴിക്കോട് കോർപ്പറേഷന്റെ സഹായത്തോടെ കോഴിക്കോട് നഗരത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പൈതൃകം വെളിപ്പെടുത്തുന്ന ഒരു മ്യൂസിയം സ്ഥാപിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. മ്യൂസിയം ഡിസൈൻ ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുന്നതാണ്.*

*പത്മനാഭപുരം കൊട്ടാരം മ്യൂസിയത്തിന്റെ പുനസ്സജ്ജീകരണം - തിരുവിതാംകൂറിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരം കൊട്ടാരത്തിൽ തിരുവിതാംകൂറിന്റെയും കേരള സംസ്ഥാനത്തിന്റെയും ചരിത്രം പ്രതിപാദിക്കുന്ന ഒരു മ്യൂസിയം സജ്ജീകരിക്കുന്നതിന് നടപടി ആരംഭിച്ചു. ഇതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന മ്യൂസിയം മന്ദിരത്തിന്റെ പുനഃനിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. ഇവിടെ ഏറ്റവും ആധുനികമായ മ്യൂസിയം സജ്ജീകരിക്കുന്നതിന് ഒരു വിദഗ്ദ ഏജൻസിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. അടുത്ത വർഷം പുനഃസജ്ജീകരിച്ച മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നു നൽകുവാൻ കഴിയും. ടി പ്രവൃത്തി മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായ കേരളം മ്യൂസിയം മുഖേനയാണ് നിർവ്വഹിക്കുന്നത്.*

575. പ്രാദേശിക പത്രപ്രവർത്തകർക്ക് സാംസ്കാരിക ക്ഷേമനിധിയിൽ അംഗത്വം നൽകും.

***മാധ്യമ പ്രവർത്തകർക്കായുള്ള ക്ഷേമനിധി സംബന്ധിച്ച് ഏകോപിത നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.***

577. കെഫോൺ പദ്ധതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തും.

***ഓരോ നിയമസഭാ മണ്ഡലത്തിലേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്കു വീതം കേരളമൊട്ടാകെ ആകെ 14000 വീടുകളിൽ സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ഒരു വർഷത്തേക്ക് ലഭ്യമാക്കുവാൻ ടെൻഡർ പ്രക്രിയയിലൂടെ സ്വകാര്യ പ്രാദേശിക കേബിൾ ഓപ്പറേറ്ററെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഓപ്പറേറ്റർ കെഫോണിന്റെ പോയിന്റ് ഓഫ് പ്രെസെൻസിൽ നിന്നും വീടുകളിലേക്കുള്ള ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കും. കെഫോണിന്റെ അടിസ്ഥാനസൗകര്യവും ബാൻഡ് വിഡ്ത്തും ഉപയോഗിച്ചാണ് ഇന്റർനെറ്റ് ലഭ്യമാക്കുന്നത്. ഇപ്രകാരം കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബർ ശൃംഖലയെ പ്രാദേശിക വിവരവിനിമയ പദ്ധതികൾക്കു ഉപയോഗപ്പെടുത്തിയിട്ടുണ്ട്.***

579. ജനപങ്കാളിത്തത്തോടുകൂടി പുരാവസ്തുരേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനും സംരക്ഷിക്കുകയും ചെയ്യും.

***ഫറോക്ക് കോട്ടയിലെ രണ്ടാം ഘട്ട ഉദ്ഖനനം - ചരിത്രപ്രസിദ്ധമായ കോഴിക്കോട് ഫറോക്ക് കോട്ടയിൽ വകുപ്പ് ഒന്നാംഘട്ട ഉദ്ഖനനം പൂർത്തിയാക്കിയിട്ടുള്ളതാണ്. മലബാർ ടിപ്പുവിന്റെ അധീനതയിലായിരുന്ന കാലത്തെക്കുറിച്ചുള്ള തെളിവുകൾ ശേഖരിക്കാൻ ഈ ഉത്ഖനനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന പ്രദേശത്ത് രണ്ടാം ഘട്ടമായി ഉദ്ഖനനം നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി ഫറോക്ക് കോട്ടയിൽ രണ്ടാം ഘട്ട ഉത്ഖനന പ്രവൃത്തികൾ 2023-24 വർഷം നിർവ്വഹിക്കും.***

***മാടായിപ്പാറയിലെ ഉദ്ഖനനം - വൈദേശിക വാണിജ്യബന്ധങ്ങളുടെ തെളിവുകൾ അവശേഷിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായിയിൽ വകുപ്പ് പ്രാഥമിക പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ അന്വേഷണത്തിൽ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ മാടായിപ്പാറയിൽ പുരാവസ്തു ഉദ്ഖനനം നടത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതിക്ക് വിധേയമായി മാടായിയിലെ ഉദ്ഖനന പ്രവൃത്തികൾ 2023-24 വർഷം നിർവ്വഹിക്കുന്നതാണ്.***

580. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും. കേരളത്തിനു പുറത്തുള്ള മലയാളികൾക്ക് മലയാളം പഠിക്കാനുള്ള വിപുലമായ സംവിധാനങ്ങൾ മലയാളം മിഷൻ വഴി ഏർപ്പെടുത്തും. അതിഥി തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന പദ്ധതി ഊർജ്ജിതമാക്കും.

***വിപുലീകരണത്തിന്റെ ഭാഗമായി ചാപ്റ്ററുകളുടെ എണ്ണം 60 ൽ നിന്ന് 84 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് മലയാള പഠനത്തിനായുള്ള പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മെയ് 18-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കും.***

583. കേരളത്തിലെ ആദിവാസി പശ്ചാത്തലമുള്ള സ്കൂളുകളിൽ പ്രീപ്രൈമറി തലത്തിലും പ്രൈമറി തലത്തിലും ഗോത്ര ഭാഷകളെ പഠനവിഷയമെന്ന നിലയിലും പഠന മാധ്യമം എന്ന നിലയിലും വികസിപ്പിക്കാൻ ശ്രമിക്കും. കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളുടെ ഭാഷാ അവകാശം സംരക്ഷിക്കും.

***പഠന മാധ്യമമായി ഗോത്ര ഭാഷകളെ പരിഗണിക്കുന്നതിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ചോലനായ്ക്ക ഭാഷയിൽ വായനാകാർഡ് വികസിപ്പിച്ചു. ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ഗോത്ര ഭാഷയിൽ ആരംഭിച്ച് മലയാളത്തിലേക്ക് ഭാഷാ പരിവർത്തനം നടത്താൻ സഹായിക്കുന്ന പഠിപ്പുറസി പദ്ധതി നടപ്പിലാക്കി. ചെമ്പകത്തൊഴുകുടിയിൽ ഗോത്ര ഭാഷയിൽ പഠനം നടത്താൻ അവസരമൊരുക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

585. എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിക്കാനും ഗവേഷണം നടത്താനും ഉതകുന്ന സ്ഥാപനമെന്ന നിലയിൽ മലയാള സർവ്വകലാശാലയെ വികസിപ്പിക്കുന്നതിന് ശ്രമിക്കും. ഇതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം എന്നിവയുമായി ചേർന്നുകൊണ്ടുള്ള പ്രസിദ്ധീകരണ സംവിധാനം ഏർപ്പെടുത്തും.

***മലയാളം സർവ്വകലാശാലയുമായി സഹകരണത്തിന് തയ്യാറാണ് എന്ന് ചൂണ്ടിക്കാട്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾ കത്ത് നൽകിയിട്ടുണ്ട്.***

# VI

# രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തലസൗകര്യങ്ങളുള്ള സംസ്ഥാനമായി കേരളത്തെ ഉയർത്തും

586. കഴിഞ്ഞ അഞ്ചു വർഷക്കാലം അവലോകനം ചെയ്യുമ്പോൾ ഏറ്റവും നിർണ്ണായകമായ വഴിമാറ്റം ഉണ്ടായിട്ടുള്ളത് പശ്ചാത്തലസൗകര്യ സൃഷ്ടിയിലാണെന്നു കാണാം. ഈ അഭൂതപൂർവ്വമായ വർദ്ധന ബജറ്റിലെ വകയിരുത്തലിനേക്കാൾ ബജറ്റിനു പുറത്താണ് ഉണ്ടായിട്ടുള്ളത്. കിഫ്ബിയാണ് ഇതിന് സഹായിച്ചത്. യു.ഡി.എഫും കേന്ദ്ര ഏജൻസികളും ചേർന്ന് കിഫ്ബിയെ അട്ടിമറിക്കുന്നതിനു ശ്രമിക്കുകയാണ്. കിഫ്ബിയെ സംരക്ഷിക്കും. കിഫ്ബി മുന്നോട്ടു വച്ചിട്ടുള്ള 63000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ പ്രോജക്ടുകൾ തുടരണമെന്നുണ്ടെങ്കിൽ ഇടതുപക്ഷം വിജയിച്ചേതീരൂ.

***സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിരവധി റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപാലങ്ങൾ, ഐ.ടി. മേഖലയിൽ ടെക്നോപാർക്കിന്റെ വികസനം, Technology Innovation Zone വിപുലീകരണം, പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം, പൊതുജനാരോഗ്യ രംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, കുടിവെള്ള വിതരണ പദ്ധതികൾ, ജലസേചനത്തിനായി തടയണകൾ, microirrigation പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, തീര സംരക്ഷണം, മൽസ്യബന്ധന തുറമുഖങ്ങൾ, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലായി 70,792 കോടി രൂപയുടെ 962 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു.***

587. ഇത്രയേറെ തുകയ്ക്കുള്ള ഭീമൻ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ള അനുഭവം നമുക്ക് ഇല്ലാത്തതുകൊണ്ട് ചില പ്രോജക്ടുകളിൽ കാലതാമസം വരുന്നുണ്ട്. ഇതുപരിഹരിക്കാനായി പ്രോജക്ടുകൾ നടത്തിപ്പിനായുള്ള എസ്.പി.വികളെ ശക്തിപ്പെടുത്തും. വിശദവും കൃത്യവുമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് അവയെ പ്രാപ്തമാക്കും.

***എസ്.പി.വികളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

588. ഭാവിയിലെ രണ്ടു ദശാബ്ദത്തെയെങ്കിലും വർഷംതോറുമുള്ള വരുമാനവും (സർക്കാരിന്റെ നികുതി വിഹിതവും ആദായദാന പ്രോജക്റ്റുകളുടെ തിരിച്ചടവും) ബാധ്യതകളും (വായ്പകളുടെ തിരിച്ചടവും കരാറുകാരുടെ ബില്ലുകൾക്കു നൽകാനുള്ള തുകയും) നിരന്തരം താരതമ്യപ്പെടുത്തി കൊണ്ടാണ് കിഫ്ബി പ്രോജക്ടുകൾ അനുവദിക്കുന്നത്. ഒരുവർഷംപോലും ബാധ്യതകൾ വരുമാനത്തേക്കാൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തു ന്നുണ്ട്. അതുകൊണ്ട് പലരും ഭയപ്പെടുന്നതുപോലെ കിഫ്ബിയുടെ ബാധ്യതകൾ സർക്കാരിനുമേൽ വന്നു പതിക്കില്ല. ഈ നിതാന്തജാഗ്രത തുടരും.

***കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ സർക്കാരിന്റേതല്ല. വരുമാനത്തിൽ നിന്നും തിരിച്ചടവ് ഉറപ്പുവരുത്താനുള്ള ജാഗ്രത കിഫ്ബി നിരന്തരം പാലിക്കുന്നുണ്ട്.***

589. ഡയറക്ടർ ബോർഡിന്റെയും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മിറ്റിയുടെയും അവലോകനത്തിന്റെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ കിഫ്-ബിയുടെ പ്രവർത്തനത്തെ ഇനിയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

***നടപടികൾ സ്വീകരിക്കുന്നുണ്ട്.***

## വൈദ്യുതി

590. മികച്ച പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് എ റേറ്റിങ്ങ് ലഭിച്ച ഒരു വൈദ്യുതി യൂട്ടിലിറ്റിയായി മാറാൻ കെ.എസ്.ഇ.ബി ലിമിറ്റഡിന് കഴിഞ്ഞിട്ടുണ്ട്. കെ. എസ്.ഇ.ബിയെ പൊതുമേഖലയിൽ നിലനിർത്തി ഇന്ത്യയിലെ ഏറ്റവും മികച്ച വൈദ്യുതി യൂട്ടിലിറ്റി ആക്കി മാറ്റും. സാങ്കേതിക വിദ്യയുടെ ഉപ യോഗത്തിലൂടെയും ചെലവ് ചുരുക്കിയും മാനവവിഭവ ശേഷി പരമാവധി കാര്യക്ഷമമാക്കിയും എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ലഭ്യമാക്കും. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ച നില നിർത്തും.

***വൈദ്യുതി നിയമ ഭേദഗതിയുടെ വെളിച്ചത്തിൽ വിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ ഉള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തെ പ്ര തിരോധിക്കുന്നതിന്റെ ഭാഗമായി, പൊതുമേഖലയിൽ ഒറ്റ കമ്പനിയായി തുടർന്നുപോകുന്ന KSEBL സാമ്പത്തികമായും പ്രവർത്തന മികവിലും മത്സര രംഗത്ത് കിടപിടിക്കുന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരുന്ന പ്ര വർത്തനങ്ങളാണ് ഏറ്റെടുത്തു വരുന്നത്. ഈ പൊതുമേഖല സ്ഥാപനത്തെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന നിലയിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ 736.27 കോടി രൂപയുടെ പ്രവർത്തന ലാഭത്തിൽ എത്തിക്കുവാൻ കഴിഞ്ഞു. അനാവശ്യ ചെലവുകൾ ചുരുക്കി മാനവിഭവശേഷി കാര്യക്ഷമമായി പുനർവിന്യസിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇനിയും വൈദ്യുതി എത്താത്ത 89 വിദൂര ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് KSEBL, ANERT, പട്ടികജാതി, പട്ടികവർഗ്ഗ വികസനവകുപ്പ് എന്നിവയുടെ***

***സംയുക്ത കൂട്ടായ്മയിൽ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു. വൈദ്യുതീകരണം ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.***

591. ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കും. വൈദ്യുതി ഉൽപ്പാദന മേഖലയിൽ 780 മെഗാവാട്ട് ശേഷിയുള്ള ഇടുക്കി രണ്ടാംഘട്ടം രണ്ടു വർഷത്തിനുള്ളിൽ ആരംഭിക്കും. 3000 കോടി രൂപയാണ് ഇതിനു ചെലവു വരിക. നിർമ്മാണത്തിലിരിക്കുന്ന 156 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ ഉടനടി പൂർത്തിയാക്കും.

***2030 ആകുമ്പോഴേക്കും ആഭ്യന്തര വൈദ്യുതി ഉത്പാദനം നിലവിലെ 30 ശതമാനത്തിൽ നിന്നും 50 ശതമാനത്തിലേക്ക് എത്തിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 500 MW ആഭ്യന്തര വൈദ്യുതി ഉല്പാദനം ഇതിനോടകം വർദ്ധിപ്പിച്ചു. അതിൽ 38.5 MWന്റെ ജലവൈദ്യുത പദ്ധതികളും 461.5 MW-ന്റെ സൗരോർജ്ജ പദ്ധതികളും ഉൾപ്പെടുന്നു. 217 ന്റെ പുതിയ ജലവൈദ്യുതി പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു. EMC-യുടെ നേതൃത്വത്തിൽ 12.5 MW ന്റെ പുതിയ ജലവൈദ്യുത പദ്ധതികൾക്ക് കരാറിൽ ഏർപ്പെട്ടു.***

***800 MW ന്റെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതിയുടെ PFR സമർപ്പിച്ചു. DPR ഉണ്ടാക്കുന്നതിന്റെ പ്രവർത്തനങ്ങൾ WAPCOS ന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. 240 മെഗാവാട്ട് ശേഷിയുള്ള ലക്ഷ്മി, 210 മെഗാവാട്ട് ശേഷിയുള്ള പൂയംകുട്ടി, 19 മെഗാവാട്ട് ശേഷിയുള്ള കുരിയാർകുറ്റി എന്നീ ജലവൈദ്യുത പദ്ധതികളും നടപ്പാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടുകഴിഞ്ഞു. മൂഴിയാർ ജലവൈദ്യുത പദ്ധതിയുടെ സെക്കൻഡ് സ്റ്റേജ് എന്ന നിലയ്ക്ക് 300 മെഗാവാട്ട് ശേഷിയുള്ള പദ്ധതി ഉൾപ്പടെ 1935 മെഗാവാട്ട് ശേഷിയുള്ള 38 പദ്ധതികൾ പര്യവേക്ഷണം / നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.***

592. 2040 വരെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. 2000 മെഗാവാട്ടിന്റെ സ്ഥാപിതശേഷിക്കുള്ള വൈദ്യുതി കൊച്ചി-ഇടമൺ ഇടനാഴിയിലൂടെ കൊണ്ടുവരാനാകും. എന്നാൽ ഇത് കേരളത്തിലുടനീളം എത്തിക്കണമെങ്കിൽ 400 കെവിയുടെ ട്രാൻസ്മിഷൻ ലൈൻ പൂർത്തീകരിക്കണം. ഇതാണ് 10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0പദ്ധതി. ഇതിന്റെ ആദ്യഘട്ടമായി 400കെ.വി പവർഹൈവേ കോഴിക്കോട് വരെ പൂർത്തീകരിച്ചിട്ടുണ്ട്. വയനാട്, കാസർകോഡ് 400 കെ.വി സബ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ച് പവർ ഹൈവേ കർണാടകയിലെ ഉഡുപ്പിയിലേയ്ക്ക് ദീർഘിപ്പിക്കും. സംസ്ഥാനത്തു പുതുതായി ഏഴ് 400 കെ.വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കും. 220 കെ.വി ശൃംഖല ശക്തിപ്പെടുത്തും. ഘട്ടംഘട്ടമായി സബ്സ്റ്റേഷനുകൾ ഓട്ടോമേറ്റ് ചെയ്തു നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യും. ഇത്തരം നടപടികളിലൂടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്തും. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും. ഇതോടെ പവർകട്ട് പഴങ്കഥയാകും.

*ട്രാൻസ്ഗ്രിഡ്– 2.0 പദ്ധതിയുടെ ഒന്നാം ഘട്ടം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. ഇതിനോടകം തന്നെ പതിനൊന്ന് 220 കെ.വി സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു. കേരളത്തിന്റെ തെക്കുമുതൽ വടക്ക് വരെ 400 കെ.വി പവർ ഹൈവേ ഉണ്ടാക്കുന്നതിന്റെ ശേഷിക്കുന്ന ഭാഗമായ കാസർഗോഡ് – വയനാട് 400 കെ.വി ലൈനിന്റെ പ്രവർത്തനം ആരംഭിച്ചു. 1457 കോടി രൂപയുടെ കേരള ഗ്രീൻ എനർജി കോറിഡോർ പദ്ധതികൾക്ക് ജർമൻ ബാങ്കായ KfWന്റെ വായ്പ സഹായത്തോടെ താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു. നോർത്ത് ഗ്രീൻ കോറിഡോർ പദ്ധതി - വയനാട്, കണ്ണൂർ, കാസർകോട് ജില്ലകൾക്ക് പ്രയോജനകരം. അട്ടപ്പാടി ഗ്രീൻ കോറിഡോർ പദ്ധതി - അട്ടപ്പാടി, അഗളി, കോട്ടത്തറ പ്രദേശങ്ങൾക്ക് പ്രയോജനകരം. രാമക്കൽമേട് ഗ്രീൻ കോറിഡോർ പദ്ധതി - ഇടുക്കി ജില്ലയ്ക്ക് പ്രയോജനകരം. പുതിയ സബ്സ്റ്റേഷനുകൾ ഓട്ടോമേറ്റ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരുന്നു. ഉടുപ്പി–കാസർഗോഡ് 400 കെ.വി ലൈനും സബ്സ്റ്റേഷനും, കോട്ടയം 400 കെ.വി സബ് സ്റ്റേഷനും പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.*

593. സൗരോർജ്ജത്തിൽ നിന്നും 1000 മെഗാവാട്ട് ലഭ്യമാക്കാനുള്ള പദ്ധതി ലക്ഷ്യത്തിലേക്കെത്തുകയാണ്. അടുത്ത ഘട്ടമായി പുനരുപയോഗ ഊർജ്ജ സ്രോതസുകളായ ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് മുതലായവയിൽ നിന്നുമായി 3000 മെഗാവാട്ട് അധികമായി ലഭ്യമാക്കും. ഒരു ലക്ഷം പുരപ്പുറങ്ങളിൽ സൗരോജ്ജ ഉല്പാദനം സാധ്യമാക്കും. 2025 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ വൈദ്യുതി ആവശ്യകതയുടെ 40 ശതമാനം പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്ന് ലഭ്യമാക്കും.

*ഈ സർക്കാരിന്റെ കാലത്ത് സൗരോർജ്ജത്തിൽ നിന്നും ഇതിനോടകം 461.5 MW വൈദ്യുതി ഉത്പാദിപ്പിച്ചു കഴിഞ്ഞു. പുരപ്പുറ സൗരോർജ്ജ പദ്ധതിയായ സൗരയിലൂടെ 32,879 പുരപ്പുറങ്ങളിൽ നിന്ന് 122.9 MW ഉത്പാദനം പൂർത്തീകരിച്ചു. കാസർഗോഡ് സോളാർ പാർക്കിന്റെ ഭാഗമായി 100 MW ഉത്പാദിപ്പിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കി. ആയതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. കേരളത്തിന്റെ ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ അനുയോജ്യമായ സ്ഥലങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഏക ജാലക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അനർട്ട് സ്വീകരിച്ചുവരുന്നു. കാറ്റിൽ നിന്നും ഇപ്പോൾ 70.2 MW വൈദ്യുതിയാണ് ലഭിക്കുന്നത്. അഗളി, കഞ്ചിക്കോട്, ഒഴലപ്പതി, രാമക്കൽമേട് എന്നീ സ്ഥലങ്ങളിൽ നിന്ന് 102 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

*ഇറിഗേഷൻ കനാലുകളിലും മെയിൻ റോഡ് ചാലുകളിലും കൈനറ്റിക് ടർബൈനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ജോലികൾ പുരോഗമിക്കുന്നു.*

594. വൈദ്യുതി വിതരണ മേഖല ആധുനികവൽക്കരിക്കുന്ന ദ്യുതി പദ്ധതിയിലൂടെ വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറക്കാനും വിതരണ നഷ്ടം 8 ശതമാനത്തിലേയ്ക്ക് താഴ്ത്താനുമായി. ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കാണ്. വിതരണ നഷ്ടം അന്തർദ്ദേശീയ നിലവാരത്തിലേക്ക് കുറയ്ക്കാനും വൈദ്യുതി തടസ്സങ്ങൾ അളക്കുന്ന SAIDI/SAIFI അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 10,000 കോടി രൂപ മുതൽ മുടക്കിൽ ദ്യുതി രണ്ടാം ഘട്ടം ആരംഭിക്കും. വിതരണ ശൃംഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഗ്രാമങ്ങളിൽ അടക്കം റിംഗ് സംവിധാനം നടപ്പാക്കും. സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ, കേബിളുകൾ എന്നിവ കൂടുതൽ സ്ഥലങ്ങളിലേയ്ക്കു വ്യാപിപ്പിക്കും. കെ-ഫോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് ഗ്രിഡ് പദ്ധതി നടപ്പാക്കും. ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്ററുകളിലേക്ക് മാറും.

***ഈ സർക്കാരിന്റെ കാലത്ത് ദ്യുതി 1 ഉൾപ്പടെയുള്ള പദ്ധതികളിലൂടെ ഇതിനോടകം 1741.6 കോടി രൂപയുടെ ജോലികൾ പൂർത്തീകരിച്ചു. വിതരണ നഷ്ടം കുറയ്ക്കുന്നതിനും, വിതരണ മേഖലയുടെ ആധുനിക വൽക്കരണത്തിനും, ഉപ പ്രസരണ മേഖലയും, വിതരണമേഖലയും ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS -ൽ ഏകദേശം 4000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചു കഴിഞ്ഞു.***

595. വൈദ്യുതി അപകടങ്ങൾ കുറക്കുന്നതിന് നടപടി സ്വീകരിക്കും. പുതുതായി നിർമ്മിക്കുന്ന വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപ യോഗിക്കും.

***വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് വ്യാപകമായി സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ നടന്നു വരുന്നു. ഇതിനോടകം തന്നെ 87 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപ കടങ്ങൾ ഒഴിവാക്കുന്നതിനായി പഴക്കമുള്ള 33941 km എൽ ടി ലൈനും, 1548 km 11 കെ വി OH ലൈനും മാറ്റിയിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന അപ കടങ്ങൾ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പരിപാടികൾ എടുത്തു വരുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകളിൽ ELCB സ്ഥാപിക്കുന്നതിനും പദ്ധതികൾ പുരോഗമിക്കുന്നു.***

596. ഊർജ്ജ സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ നടത്തും. ഫിലമെന്റ്രഹിത കേരളം പദ്ധതിയുടെ തുടർച്ചയായി ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ, ട്യൂബ് ലൈറ്റുകൾ, ബി.എൽ.ഡി.സി ഫാനുകൾ മുതലായവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യും. സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കും.

***ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി ജനകീയ ക്യാമ്പുകൾ EMCയുടെ സഹായത്തോടെ നടത്തി വരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതി വഴി 1,13,69,897 LED കൾ വിതരണം പൂർത്തീകരിച്ചു. നിലാവ് പദ്ധതിയിൽ 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ LEDയിലേക്ക് മാറ്റിയിട്ടുണ്ട്.***

597. വൈദ്യുതി സംബന്ധിച്ച വിവിധ സേവനങ്ങൾ ഒരു ഫോൺ വിളിയിൽ വാതിൽപ്പടിയിൽ എത്തിക്കുന്ന പദ്ധതി നടപ്പിലായി. ഇതിന്റെ തുടർച്ചയായി എല്ലാ സേവനങ്ങളും ഓൺലൈൻ വഴിയും മൊബൈൽ ആപ്പുകൾ വഴിയും ഉപയോക്താക്കളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കും.

***വാതിൽപ്പടി സേവനം മുഴുവൻ സെക്ഷൻ ഓഫീസുകളിലും വ്യാപിപ്പിച്ചു. കടലാസുരഹിത അപേക്ഷാ സംവിധാനം പ്രാവർത്തികമാക്കാനുള്ള മൊബൈൽ ആപ്പ് പ്രാവർത്തികമാക്കി. സേവനങ്ങൾക്ക് ഇനി മുതൽ ഉപഭോക്താക്കൾ സെക്ഷൻ ഓഫീസുകളിൽ കയറി ഇറങ്ങി നടക്കേണ്ടതില്ല.***

598. കെ.എസ്.ഇ.ബിയുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള വിപുലവും ആകർഷകവുമായ പദ്ധതികൾ ആരംഭിക്കും.

***കേരള ഹൈഡൽ ടൂറിസം സെന്ററിൽ കഴിഞ്ഞ രണ്ടു വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങളുടെ ഫലമായി മുൻ വർഷങ്ങളിലെ അപേക്ഷിച്ച് വലിയ തോതിലുള്ള വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 08 വരെ 23,08,62,040/- രൂപ വരുമാനം ഉണ്ടായിട്ടുണ്ട്. ഈ കാലയളവിലെ ചെലവ് കഴിഞ്ഞ് സ്ഥാപനത്തിന് 12.20 കോടി രൂപയുടെ മിച്ചം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ കണക്കുകൾ പ്രകാരം 20 വർഷത്തെ ഏറ്റവും കൂടിയ വരുമാനം ഉണ്ടായിരിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തിൽ 14.25 കോടി രൂപയാണ്.***

599. കേരളത്തിലെ എല്ലാ പ്രധാന റോഡുകളിലും വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യാനുള്ള സംവിധാനം വ്യാപകമാക്കും. ഇ-ഓട്ടോറിക്ഷകൾ, ടാക്സി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മൈക്രോ ചാർജിങ്ങ് സ്റ്റേഷനുകൾ നടപ്പാക്കും.

***കേരളത്തിൽ ഇ-മൊബൈലിറ്റി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 77 എണ്ണം ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ KSEBL ഉം അനർട്ടും ചേർന്ന് പൂർത്തിയാക്കി. 1166 എണ്ണം പോൾ മൗണ്ടഡ് സ്റ്റേഷനുകൾ KSEBL-ന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. വിവിധയിനം വാഹനങ്ങൾ ചാർജ് ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് ഏകീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ ആണ്.***

600. അക്ഷയ ഊർജ്ജ വികസനത്തിന് അക്ഷയ ഊർജ്ജക്കമ്പനി രൂപീകരിക്കും. ഈ കമ്പനിയുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം കൂട്ടിയിണക്കി അക്ഷയ ഊർജ്ജ വികസനത്തിന് കൂട്ടായ സംരംഭങ്ങൾ സംരംഭങ്ങൾ ആരംഭിക്കും.

***അക്ഷയ ഊർജ്ജ വികസനത്തിന് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.***

601. ഊർജ്ജ ഓഡിറ്റിംഗ് വ്യാപകമാക്കി ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കും. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു കമ്പനി രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

***വിതരണ നഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനു വേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിക്കുന്നതിനും എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും ഡിറ്റിആർ മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇഎംസിയുടെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തിവരുന്നു.***

602. പ്രസരണ നഷ്ടം 3.7 ശതമാനമായും വിതരണ നഷ്ടം 8.7 ശതമാനമായും ഇതിനകം താഴ്ന്നു കഴിഞ്ഞു. ഇത് ഇനിയും കുറയ്ക്കും. രാജ്യത്തെ ഏറ്റവും കുറവ് വിതരണ-പ്രസരണ നഷ്ടമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റും.

***RDSS പദ്ധതി, ദ്വിതി, ട്രാൻസ്ഗ്രിഡ് 2.0 എന്നീ പദ്ധതികളുടെ പൂർത്തീകരണത്തോടെ വൈദ്യുത പ്രസരണ വിതരണ നഷ്ടം രാജ്യത്തെ തന്നെ ഏറ്റവും കുറഞ്ഞ നിലയിലേക്ക് എത്തിക്കുവാൻ കഴിയും.***

603. തെരുവു വിളക്കുകളെല്ലാം എൽ.ഇ.ഡിയിലേയ്ക്കു മാറ്റുന്നതിനുള്ള നിലാവ് പദ്ധതി രണ്ടു വർഷംകൊണ്ടു പൂർത്തീകരിക്കും. ഫിലമന്റ് ഫ്രീ പദ്ധതി പൂർത്തീകരിക്കും.

***ഇതിനോടകം 3,62,787 സ്ട്രീറ്റ് ലൈറ്റുകൾ LED യിലേക്ക് മാറ്റുവാൻ കഴിഞ്ഞു.***

## പൊതുമരാമത്ത്

604. പൊതുമരാമത്തിൽ കിഫ്-ബി, റീബിൽഡ്, കെ.എസ്.റ്റി.പി, ആന്വിറ്റി സ്കീമുകൾ അടക്കം ഏതാണ്ട് 25000 കോടി രൂപയുടെ പ്രവൃത്തികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. അടുത്ത അഞ്ചു വർഷം മറ്റൊരു 20000 കോടി രൂപയുടെ റോഡുകൾക്കും പാലങ്ങൾക്കും ഭരണാനുമതി നൽകും.

***ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിലെ വിവിധ വിംഗുകൾക്ക് 8957.05 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകി.***

605. എൽ.ഡി.എഫ് സർക്കാർ 2016-21 കാലഘട്ടത്തിൽ 7700 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകൾ ബി.എം.&ബി.സി നിലവാരത്തിൽ നവീകരിച്ചു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 15000 കിലോമീറ്റർ റോഡുകൂടി ബി.എം.&ബി.സി നിലവാരത്തിൽ നവീകരിക്കും.

***ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിരത്ത് വിഭാഗത്തിന് കീഴിൽ 3402.068 കി.മീ റോഡുകൾ ബി.എം&ബി.സി നിലവാരത്തിലേക്ക്***

*ഉയർത്തി. 5200 കി.മീ റോഡുകൾ കൂടി ബി.എം&ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു..*

606. മലയോര ഹൈവേ മുഴുവൻ ജില്ലകളിലൂടെയുള്ള കണക്ടിവിറ്റി പൂർത്തിയാക്കും. മലയോര മേഖലയുടെ വികസനത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മലയോര ഹൈവേ പദ്ധതി പൂർത്തീകരിക്കുന്നതാണ്. കാസർഗോഡ്, കൊല്ലം ജില്ലകളിലെ രണ്ട് റീച്ചുകൾ 71.10 കിലോമീറ്റർ 256.43 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. 805.33 കോടിയുടെ 212.37 കിലോമീറ്റർ വരുന്ന 13 റീച്ചുകൾ മറ്റു ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്നു. ബാക്കി പ്രവൃത്തികൾകൂടി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കും.

*മലയോര ഹൈവേയുടെ 792.139കി.മീ. പ്രവൃത്തിയാണ് കെആർഎഫ്ബി മുഖാന്തരം നടപ്പിലാക്കുന്നത്. 609.61 കി.മീറ്ററിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. അതിൽ 454.78കി.മീ. റോഡിന് സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.. വനം മേഖലയിൽ കൂടി കടന്നുപോകുന്ന റീച്ചുകളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. ഇതിനുള്ള ശ്രമങ്ങൾ തുടരുന്നു.*



മലയോര ഹൈവേ

607. റോഡു പ്രവൃത്തികളിൽ പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിക്കുന്നതു ഇരട്ടിയാക്കും. 503 കിലോമീറ്റർ റോഡിൽ പ്ലാസ്റ്റിക് മാലിന്യവും 2646 കിലോമീറ്റർ റോഡിൽ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമെനും 50.400 കിലോമീറ്റർ റോഡിൽ ജിയോ ടെക്സ്റ്റയിലും ഉപയോഗിച്ച് നിർമ്മാണം നടത്തിയിട്ടുണ്ട്. ഇവയുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കും.

***2021 മെയ് 20-ന് ശേഷം ഏകദേശം 483.03 കി.മീ റോഡുകൾ പ്ലാസ്റ്റിക് ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചും 891.39 കി.മീ റോഡുകൾ സ്വാഭാവിക റബ്ബർ ചേർത്ത ബിറ്റുമിൻ ഉപയോഗിച്ചും നിർമ്മിച്ചു. 111 കി.മീ റോഡുകളുടെ നിർമ്മാണ പ്രവൃത്തിയിൽ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിച്ചിട്ടുണ്ട്.***

608. ഇതോടൊപ്പം ആധുനിക സാങ്കേതികവിദ്യകളായ കോൾഡ് ഇൻ പ്ലേസ് റീസൈക്കിളിംഗ് (മില്ലിംഗ്), സോയിൽ സ്റ്റെബിലൈസേഷൻ രീതികളിലുള്ള നിർമ്മാണം 107.70 കിലോമീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലം ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് റോഡുകൾ തിരുവനന്തപുരത്തും ആലപ്പുഴയിലും പരീക്ഷണാടിസ്ഥനത്തിൽ ചെയ്യുകയാണ്. ഇത്തരം ആധുനിക സാങ്കേതികവിദ്യകൾ എല്ലാ ജില്ലകളിലും ചെയ്യും.

***ആലപ്പുഴ ജില്ലയിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റിൽ ഉൾപ്പെടുത്തി 8.2 കി.മീ റോഡ് വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചു. കോൾഡ് ഇംപ്ലെയ്സ് റീസൈക്ലിംഗ്, സോയിൽ സ്റ്റെബിലൈസേഷൻ രീതി അവലംബിച്ച് അനുയോജ്യമായ റോഡുകളിൽ നടപ്പിലാക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.***

***KSTP- സോയിൽ നെയിലിംഗ് ടെക്നിക്ക് ഉപയോഗിച്ച് 15.256 കി.മീ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നു. ജിയോ സെൽസ് ഉപയോഗിച്ച് 35.77 കി.മീ റോഡിൽ പ്രവത്തി നടപ്പിലാക്കുന്നു. സിമെന്റ് ട്രീറ്റഡ് സബ് ബെയ്സ് ഉപയോഗിച്ച് 152.51 കി.മീ റോഡിൽ പ്രവൃത്തി നടപ്പിലാക്കുന്നു. പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ് ടെക്നിക് ഉപയോഗിച്ച് 89.518 കി.മീ റോഡിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നു***

***കെ.ആർ.എഫ്.ബി - കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഫുൾ ഡെപ്ത് ഡിക്ലമേഷൻ രീതിയിൽ തിരുവനന്തപുരം ജില്ലയിൽ 29.727 കിലോമീറ്ററും കൊല്ലം ജില്ലയിൽ 47.89 കിലോമീറ്ററും റോഡ് പ്രവൃത്തി നടന്നുവരുന്നു.***

609. ദേശീയപാത 66 ന്റെ വികസനം - ആറുവരിപ്പാത വികസനം പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്നും 2016-21 കാലഘട്ടത്തിൽ സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ വഴി ഇപ്പോൾ യാഥാർത്ഥ്യമാകുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയുടെ 25 ശതമാനം സംസ്ഥാനം നൽകാമെന്നു സമ്മതിച്ചതുകൊണ്ടാണ് ഇപ്പോൾ ദേശീയപാത വികസനം നടക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസ്,

നീലേശ്വരം റെയിൽവേ മേൽപ്പാലം, കഴക്കൂട്ടം മേൽപ്പാലം, പാലൊളി-മൂരാട് പാലങ്ങൾ എന്നിവ പ്രവൃത്തി നടക്കുന്നത്. കോഴിക്കോട് ബൈപ്പാസ്, തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം, പേരോൾ-തളിപ്പറമ്പ്, തളിപ്പറമ്പ് - മുഴപ്പിലങ്ങാട്, അഴിയൂർ-വെങ്ങളം, രാമനാട്ടുകര-കുറ്റിപ്പുറം, കുറ്റിപ്പുറം-കാപ്പിരിക്കാട്, കൊറ്റൻകുളങ്ങര-കൊല്ലം ബൈപ്പാസ്, കൊല്ലം ബൈപ്പാസ്-കടമ്പാട്ടുകോണം എന്നിവ ടെണ്ടർ നടപടി അന്തിമഘട്ടത്തിലാണ്. ബാക്കി മൂന്നു ഭാഗങ്ങൾകൂടി ഭൂമിയെടുപ്പ് പൂർത്തിയാക്കി തുടർ നടപടിയുണ്ടാകും. പ്രസ്തുത പ്രോജക്ട് പൂർത്തീകരണത്തിനുള്ള ഇടപെടലുകൾ നടത്തും.

***2025-ഓടെ ദേശീയ പാതാ വികസനം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ദേശീയ പാതാ അതോറിറ്റിയുമായി യോജിച്ച് ആവശ്യമായ ഇടപെടലുകൾ സംസ്ഥാനം നടത്തുകയാണ്. നീലേശ്വരം റെയിൽവേ മേൽപ്പാലം, തലശ്ശേരി-മാഹി ബൈപ്പാസ്, മൂരാട്-പാലൊളി പാലങ്ങൾ, എന്നിവ അന്തിമഘട്ടത്തിൽ എത്തിനിൽക്കുന്നു. കഴക്കൂട്ടം മേൽപ്പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാനായത് സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലിനെ തുടർന്നാണ്. കുതിരാനിലെ രണ്ട് ടണലുകൾ ഗതാഗതത്തിന് തുറന്നുകൊടുക്കാനായതും സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലിനെ തുടർന്നാണ്.***

***തിരുവനന്തപുരം-വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുമതി നൽകി. ദേശീയപാതാ അതോറിറ്റിയാണ് നിർമ്മാണം നടത്തുക .***



**എൻ.എച്ച്.- 66 തലപ്പാടി- ചെങ്ങള**

610. തേനി-മൂന്നാർ-കൊച്ചി (എൻ.എച്ച്-85), വാളയാർ-വടക്കഞ്ചേരി (എൻ.എച്ച് -54), തൃശ്ശൂർ-ഇടപ്പള്ളി (എൻ.എച്ച്-544), കോഴിക്കോട്-മലപ്പുറം--പാലക്കാട് (എൻ.എച്ച് 966), തിരുവനന്തപുരം-കൊട്ടാരക്കര-കോട്ടയം - അങ്കമാലി, കൊല്ലം-ചെങ്കോട്ട (എൻ.എച്ച് 744), എന്നിവ നാലുവരിപ്പാത ആക്കാനുള്ള നടപടികൾ സ്വീകരിക്കും.

***ബോഡിമെട്ട് മുതൽ മൂന്നാർ വരെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. മൂന്നാർ മുതൽ കൊച്ചി വരെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വാളയാർ-വടക്കഞ്ചേരി (എൻ.എച്ച് -54), തൃശ്ശൂർ-ഇടപ്പള്ളി (എൻ.എച്ച്-544), കോഴിക്കോട്-മലപ്പുറം-പാലക്കാട് (എൻ.എച്ച് 966), തിരുവനന്തപുരം-കൊട്ടാരക്കര-കോട്ടയം - അങ്കമാലി, കൊല്ലം-ചെങ്കോട്ട (എൻ.എച്ച് 744) ഈ ആറ് പദ്ധതികൾക്കുള്ള വിശദ പദ്ധതി രേഖ ദേശീയ പാതാ അതോറിറ്റി തയ്യാറാക്കുകയാണ്. ഇതിനൊപ്പം കുട്ട-മലപ്പുറം റോഡിനുള്ള ഡി.പി.ആറും തയ്യാറാക്കുന്നുണ്ട്. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 790.19 കിലോമീറ്റർ പാത നവീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ എല്ലാ പദ്ധതികളുടെയും സ്ഥലമേറ്റെടുപ്പ് നടപടികളിലേക്ക് കടന്നു. ഇതിന് പുറമേ ഭാരത് മാലാ പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി 11 പോർട്ട് കണക്ടിവിറ്റി റോഡുകളുടെ ഡി.പി.ആറും തയ്യാറാക്കുകയാണ്.***

611. ദേശീയപാത പ്രവൃത്തികളെല്ലാം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകൃത പദ്ധതിയിൽ ഉള്ളതാണ്. പക്ഷെ, ഇവയുടെ സ്ഥലമെടുപ്പിനു വേണ്ടിവരുന്ന ചെലവിൽ 25 ശതമാനം സംസ്ഥാന വഹിക്കണമെന്ന നിബന്ധനയാണ് കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുന്നത്. ഇത്തരമൊരു ദുർവ്വഹമായ ഭാരം വഹിക്കേണ്ടി വന്നാലും ദേശീയപാത വികസനം മുന്നോട്ട് കൊണ്ടുപോകും.

***NH 66 - നു കീഴിലുള്ള പദ്ധതികളുടെ സ്ഥലമേറ്റെടുക്കലിനുള്ള കേരള സർക്കാരിന്റെ വിഹിതമായ (25%) 5580.74 കോടി രൂപ കേരളം കൈമാറിയിട്ടുണ്ട്. 06.09.2021 -ന് NH-966, NH-85 &NH-183/SH-01 ലെ 3 പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കൽ ചെലവിന്റെ 25% പങ്കിടുന്നതിന് NHAI യും കേരള സർക്കാരും കിഫ്ബിയും ത്രികക്ഷി കരാർ ഒപ്പിട്ടു.***

612. കിഫ്-ബി വഴി 72 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ആർ.ബി.ഡി.സി.കെയെ എസ്.പി.വി ആയി തീരുമാനിച്ചിട്ടുണ്ട്. 10 എണ്ണം ടെണ്ടർ കഴിഞ്ഞു. കരാർ വച്ചു. 27 എണ്ണം കേരള റെയിൽ ഡെവലപ്പമെന്റ് കോർപ്പറേഷനേയും എൽപ്പിച്ചിരിക്കുന്നു. പ്രധാന വീഥികളിൽ ലെവൽ ക്രോസുകളില്ലാത്ത കേരളമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കും.

***ആർ.ബി.ഡി.സി.കെ.-യെ 72 മേൽപ്പാലങ്ങളുടെ നിർമ്മാണമാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിൽ 66 എണ്ണം കിഫ്ബി ഫണ്ടും, 6 എണ്ണം സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ചുമാണ് നിർമ്മിക്കുന്നത്. ഈ മേൽപ്പാലങ്ങളിൽ,***

***1 പദ്ധതിയുടെ നിർമ്മാണം പൂർത്തിയായി.***

***3 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്.***

*10 മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.*

*20 ആർ.ഒ.ബി-കളുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.*

*30 ആർ.ഒ.ബി-കളുടെ ജി.എ.ഡി അംഗീകാരത്തിനായി റെയിൽവേയുടെ പരിഗണനയിലാണ്.*

*8 ആർ.ഒ.ബി-കളുടെ അലൈൻമെന്റും ഡി പി ആറും തയ്യാറാക്കിവരുന്നു.*

*613. ഗ്രീൻ പ്രോട്ടോക്കോൾ രീതി സർക്കാരിന്റെ കെട്ടിട നിർമ്മാണത്തിൽ വ്യാപകമാക്കും.*

*കെട്ടിടങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ രീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരമാവധി കെട്ടിടങ്ങൾ ഗ്രീൻ പ്രോട്ടോകോൾ തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള രൂപകല്പനയാണ് നൽകുന്നത്. ടി പ്രോട്ടോകോൾ തത്വങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് നിലവിൽ നിർമ്മാണം നടന്നു വരുന്ന ഒരു പ്രധാന ബഹു നില പദ്ധതിയാണ് നേമം രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം. ഇത് സംബന്ധിച്ച് മാർഗനിർദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ Ministry of new and Renewable Energy അംഗീകരിച്ച GRIHA (Green rating for Integrated Habitat Asssessment) റേറ്റിംഗ് നിലവിലുണ്ട്. ഈ മാർഗനിർദേശങ്ങൾ സംസ്ഥാന സർക്കാർ കെട്ടിടങ്ങളിലും പദ്ധതികളിലും പരമാവധി നടന്നു വരുന്നു.*

614. പൊതുമരാമത്തു വകുപ്പിന് കീഴിലെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് എൻ.എബി.എൽ അക്രെഡിറ്റേഷൻ 2021 ഫെബ്രുവരിയിൽ ലഭിച്ചു. ഇന്ത്യയിൽ ഒരു സർക്കാർ സ്ഥാപനത്തിന് ആദ്യമായാണ് ഈ അംഗീകാരം. പ്രസ്തുത കെ.എച്ച്.ആർ.ഐയെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനു നടപടി സ്വീകരിക്കും. ഇന്ത്യയിലെ ഉന്നത സാങ്കേതിക/അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് സർവ്വീസിലുള്ളവർക്കും പുറത്തുള്ളവർക്കും പരിശീലന പരിപാടികൾ നടപ്പാക്കും.

*റോഡ് മേഖലയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പൈലറ്റ് പഠനങ്ങൾ നടത്തുന്നതിനും നിരവധി അക്കാദമിക് സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. നിരവധി പാലങ്ങളുടെ സ്ട്രക്ചർ സേഫ്റ്റി ഓഡിറ്റുകളും നടത്തി. IIT തിരുപതിയുമായി സഹകരിച്ച് പൈലറ്റ് പ്രോജക്റ്റ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. IISC ബംഗലൂരുമായി ചേർന്നും വിവിധ ഗവേഷണ പഠനങ്ങളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. ഒരു പ്രധാന പരിശീലന കേന്ദ്രം കൂടിയായ KHRI വകുപ്പിൽ പുതിയതായി നിയമനം ലഭിച്ച AEമാർക്കും ഓവർസീയർമാർക്കും ഇൻഡക്ഷൻ ട്രെയിനിങ്ങ് തുടർച്ചയായി നൽകിവരുന്നു.*

*ബിൽഡിംഗ് ,റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാര പരിശോധനയ്ക്കായി ആവശ്യമുള്ള എല്ലാ ടെസ്റ്റുകളും നിർവഹിക്കുന്നതിനായുള്ള NABL അംഗീകൃത ടെസ്റ്റിംഗ് സൗകര്യം KHRI ലബോറട്ടറിയിൽ മൂന്നു കൊല്ലമായി നിലനിർത്തിക്കൊണ്ടു വരുന്നു.*

***അതോടൊപ്പം തന്നെ ടെസ്റ്റിംഗ് സേവനങ്ങൾ വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.***

## കെ.എസ്.ആർ.ടി.സി

615. കെ.എസ്.ആർ.ടി.സി നിലനിർത്തുന്നതിന് പ്ലാൻഫണ്ട് അടക്കം കഴിഞ്ഞ അഞ്ചു വർഷം 6000ത്തോളം കോടി രൂപ ചെലവഴിച്ചു. കെ.എസ്.ആർ.ടി.സിയെ ഒരു മിനിമം സബ്സിഡിയുടെ അടിസ്ഥാനത്തിൽ സ്വന്തം കാലിൽ നിൽക്കാൻ പര്യാപ്തമാക്കുംവിധം പുനഃസംഘടിപ്പിക്കും. ദൗർഭാഗ്യവശാൽ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കണമെന്നും, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളെല്ലാം ഇല്ലാതാക്കുന്നതിനുള്ള മോട്ടോർ വാഹന നിയമ ഭേദഗതി അനുകൂലിക്കുകയും ചെയ്യുന്ന ബി.ജെ.പി, യു.ഡി.എഫിനോടൊപ്പം ചേർന്ന് പാക്കേജിന് തുരങ്കം വയ്ക്കുകയാണ്.

***2016-21 കാലയളവിൽ ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കായി സർക്കാർ അനുവദിച്ച 4,923.58 കോടി രൂപയ്ക്ക് പുറമെ 04/2021 മുതൽ 03/2023 വരെയുള്ള രണ്ട് വർഷക്കാലയളവിൽ കാലയളവിൽ 3,472.32 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 2016-21 കാലയളവിൽ പദ്ധതി വിഹിതമായി സർക്കാർ അനുവദിച്ച 48.95 കോടി രൂപയ്ക്ക് പുറമെ 04/2021 മുതൽ 03/2023 വരെയുള്ള രണ്ട് വർഷക്കാലയളവിൽ 99.72 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി ലഭ്യമായ മേൽപ്പറഞ്ഞ തുകകൾ ജീവനക്കാരുടെ പരിശീലനം, കമ്പ്യൂട്ടർവൽക്കരണം, അടിസ്ഥാനസൗകര്യ വികസനം, പുതിയ ബസുകൾ നിരത്തിലിറക്കൽ തുടങ്ങിയ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.***

***ഇത്തരത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ വായ്പ ധനസഹായം, പദ്ധതി വിഹിതം എന്നീ ഇനങ്ങളിലായി കെ.എസ്.ആർ.ടി.സി.യ്ക്ക് 8,545 കോടി രൂപയോളം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.***

616. ജീവനക്കാർക്ക് ശമ്പളവും പെൻഷനും സർക്കാർ ഉറപ്പുവരുത്തും. കുടിശ്ശികകളെല്ലാം തീർക്കും. കെ.എസ്.ആർ.ടി.സി സ്വയംപര്യാപ്തമാകുംവരെ ബാങ്ക് കൺസോർഷ്യം വായ്പകൾ സർക്കാർ തിരിച്ചടയ്ക്കും. മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്കരണം നടപ്പാക്കും. സുശീൽഖന്ന കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

***13-01-2022 ന് കെ.എസ്.ആർ.ടി.സി മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും ചേർന്ന് ഒപ്പുവെച്ച ഉഭയകക്ഷി കരാർ പ്രകാരം സർക്കാർ അംഗീകാരത്തിന് വിധേയമായി കെ.എസ്.ആർ.ടി.സി യിൽ ശമ്പള പരിഷ്കരണം 01-06-2021 മുതൽ നടപ്പിലാക്കുകകയും സാമ്പത്തികാനുകൂല്യം 01-01-2022 മുതൽ ജീവനക്കാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കെ.എസ്.***

*ആർ.ടി.സി. ജീവനക്കാരുടെ ശമ്പള വിതരണത്തിനായി 03/2020 മുതൽ 03/2023 വരെ 2,296 കോടി രൂപയോളം സർക്കാർ വായ്പ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.*

*പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരം പെൻഷൻ വിതരണം നടത്തിയ ഇനത്തിൽ ടി കൺസോർഷ്യത്തിന് പലിശ ഉൾപ്പെടെ നാളിതുവരെ 3,974 കോടി രൂപ സർക്കാർ മടക്കി നൽകിയിട്ടുണ്ട്. കോവിഡാനന്തരം സർവ്വീസുകൾ പൂർവ്വ സ്ഥിതിയിലായതിനെത്തുടർന്ന് പൊതു മേഖലാ ബാങ്കുകളുടെ കൺസോർഷ്യം വഴി സ്വരൂപിച്ച വായ്പയുടെ പ്രതിദിന തിരിച്ചടവ് കോർപ്പറേഷൻ കൃത്യമായി ഒടുക്കുന്നുണ്ട്. ടി ഇനത്തിൽ പ്രതിമാസം ഏകദേശം 30 കോടിയോളം രൂപ കൺസോർഷ്യം ബാങ്കുകളിൽ തിരിച്ചടക്കുന്നുണ്ട്.*

617. കിഫ്ബിയുടെ ധനസഹായം ലഭിക്കുന്നതിനാവശ്യമായ വിധത്തിൽ പുതിയൊരു കമ്പനി - സ്വിഫ്റ്റിനു രൂപം നൽകി. കെ.എസ്.ആർ.ടി.സി പുതിയ കമ്പനി നൽകുന്ന എല്ലാ സേവനങ്ങൾക്കും ഫീസ് ഈടാക്കുന്നതാണ്. ആദായത്തിൽ ഒരു വിഹിതവും നൽകും. 10 വർഷത്തിനുള്ളിൽ മുഴുവൻ ആസ്തികളും കെ.എസ്.ആർ.ടി.സി.യിൽ ലയിപ്പിക്കും.

*കെഎസ്ആർടിസി സ്വിഫ്റ്റ് ചെന്നൈ, ബാംഗ്ലൂർ എന്നീ അന്തർസംസ്ഥാന റൂട്ട്കൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവീസുകളും, സിറ്റി സർക്കുലർ സർവീസുകളും ഓപ്പറേറ്റ് ചെയ്യുന്നുമുണ്ട്. സ്വിഫ്റ്റ് കമ്പനിയുടെ ലക്ഷ്യം കെഎസ്ആർടിസിയുടെ പ്രവർത്തന നഷ്ടത്തെ കുറച്ച് കെഎസ്ആർടിസിക്ക് കൈത്താങ്ങ് ആയി പ്രവർത്തിക്കുക എന്നുള്ളതാണ്. 131 കെഎസ്ആർടിസി സ്വിഫ്റ്റ് സൂപ്പർഫാസ്റ്റ് ദീർഘദൂര സർവീസ്സുകൾ 04.04.2023 ന് ആരംഭിച്ചു. ഇതിന് പുറമേ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ സർവീസുകൾ നടത്തുന്നതിനായി 113 എണ്ണം 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.*

618. 3000 ബസ്സുകൾ പ്രകൃതി സൗഹൃദമായ സി.എൻ.ജി/എൽ.എൻ.ജി എഞ്ചിനുകളിലേയ്ക്ക് മാറ്റുന്നതുവഴി പ്രതിമാസം 25 കോടി രൂപ ഇന്ധന ച്ചെലവ് ലാഭിക്കും. കിഫ്ബിയിൽ നിന്ന് 1000 പുതിയ ബസുകൾ അനുവദിക്കും.

*3000 ഡീസൽ ബസ്സുകൾ സി.എൻ.ജി. യിലേക്ക് പരിവർത്തനം നടത്തുന്നതിന് മുന്നോടിയായി 5 ഡീസൽ ബസ്സുകൾ പരീക്ഷണാടിസ്ഥാനത്തിൽ സി.എൻ.ജി. യിലേക്ക് പരിവർത്തനം നടത്തി. കുറഞ്ഞത് 6 മാസ ക്കാലയളവിൽ പരീക്ഷണാർത്ഥത്തിൽ സർവ്വീസ് നടത്തിയെങ്കിൽ മാത്രമേ സി.എൻ.ജി. ബസ്സുകളുടെ പ്രവർത്തന മികവ് വിലയിരുത്തുവാൻ സാധിക്കുകയുള്ളു. കിഫ്ബി ധനസഹായമായ 359 കോടി രൂപയിൽ നിന്ന്, സിറ്റി സർക്കുലർ സർവീസുകൾക്കായി 57.50 കോടി രൂപയ്ക്ക് 50 ഇലക്ട്രിക് ബസുകൾ*



*ചാർജിംഗ് ഫെസിലിറ്റി ഉൾപ്പെടെ വാങ്ങും. അതിൽ 25 ബസ്സുകളുടെ ഫ്ലാഗ് ഓഫ് കർമ്മം 01/08/2022-ൽ നിർവ്വഹിച്ചു. നിലവിൽ50 ഇലക്ട്രിക്ബസുകൾ KSRTC സിറ്റി സർക്കുലർ സർവീസ് ആയി സർവീസ് നടത്തുന്നുണ്ട്.*

*ദീർഘദൂര സർവീസുകൾക്കായി മേൽപ്പറഞ്ഞ കിഫ്ബി ധനസഹായമായ 359 കോടി രൂപയുടെ ബാക്കി തുകയിൽനിന്ന് 170 ഇലക്ട്രിക് ബസുകളും 262 ഡീസൽ സൂപ്പർക്ലാസ് ബസുകളും വാങ്ങുന്നതിനുള്ള പരിഷ്കരിച്ച പദ്ധതിരേഖ സർക്കാരിന്റെയും കിഫ്ബിയുടെയും അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബി ധനസഹായമായ 455 കോടി രൂപ വിനിയോഗിച്ച് 250 ഇലക്ട്രിക് ബസുകളും 250 ഡീസൽബസുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിക്കുന്നതടക്കമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.*

619. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചിട്ട് വകമാറ്റിയ തുകയും മെഡിക്കൽ ആനുകൂല്യം തുടങ്ങിയവയുടെ കുടിശ്ശികകളും പുതിയ ധനകാര്യ വർഷാരംഭം കൊടുത്തുതീർക്കും. ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണം നടപ്പാക്കും.

*കെ.എസ്.ആർ.ടി.സി.യുടെ തനത് വരുമാനത്തിൽ നിന്നും മിച്ചംപിടിച്ച തുക വിനിയോഗിച്ച് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ എൽ.ഐ.സി. എസ്.എൽ.ഐ., ജി.ഐ.എസ്. തുകകൾ 2023 ഫെബ്രുവരി മാസം വരെയുമുള്ളവ കുടിശ്ശികയില്ലാതെ ഒടുക്കിത്തീർത്തിട്ടുണ്ട്.*

620. കെ.എസ്.ആർ.ടി.സിയുടെ ബസ് സ്റ്റാന്റിനോടൊപ്പമോ അല്ലാതെയുള്ള ഭൂമിയിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സമുച്ചയങ്ങൾ പണിയും.

*ഹരിപ്പാട് യൂണിറ്റിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മുവാറ്റുപുഴ യൂണിറ്റിലെ ബസ്*

*ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ശുചിത്വവും അന്താരാഷ്ട്ര നിലവാരമുള്ള ബസ് സ്റ്റേഷനും അനുബന്ധ സജ്ജീകരണങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി തൊടുപുഴ, പാല, എന്നീ ഡിപ്പോകളിൽ പുതിയ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, പാലക്കാട് എന്നീ ഡിപ്പോകളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.*

622. ഗാരേജുകളും വർക്ക്ഷോപ്പുകളും നവീകരിക്കും.

*അടിസ്ഥാനസൗകര്യ വികസനത്തിനും, ഗ്യാരേജുകളും, വർക്ഷോപ്പുകളും നവീകരിക്കുന്നതിനുമായി സർക്കാർ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 25.57 കോടി രൂപയും, 3.51 കോടി രൂപയുമാണ് അനുവദിച്ച് നൽകിയത്. ടി തുകയിൽ നിന്ന് 5.87 കോടി രൂപ വിനിയോഗിച്ച് 19 മൾട്ടി പർപ്പസ് ജിബ് ക്രെയ്നുകളും, വിവിധ ടൂൾസ് ആന്റ് എക്വിപ്മെന്റ്സും, Float Units എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുക ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളും, വിവിധ വർക്ഷോപ്പുകളുടെയും, ഗ്യാരേജുകളുടെയും നവീകരണവുമായി ബന്ധപ്പെട്ട സിവിൽ, ഇലക്ട്രിക്കൽ മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായാണ് വിനിയോഗിച്ചിട്ടുള്ളത്. സുൽത്താൻബത്തേരി യൂണിറ്റിലെ ജില്ലാ വർക്ക് ഷോപ്പുകളുടെ നവീകരണം നടന്നു വരുന്നു. ചാത്തന്നൂർ യൂണിറ്റിൽ ഗ്യാരേജ് നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.*

623. കെ.എസ്.ആർ.ടി.സിയുടെ മാനേജ്മെന്റ് സമൂലം പുനഃസംഘടിപ്പിക്കും. ബസുകളുടെ മൈലേജ്, ഫ്ളീറ്റ് യൂട്ടിലൈസേഷൻ, റിപ്പയർ ചെയ്ത് പുറത്ത് ഇറക്കാനുള്ള സമയം, അപകട നിരക്ക് തുടങ്ങിയവയെല്ലാം ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തും.

*കെ.എസ്.ആർ.റ്റി.സി.യുടെ മാനേജ്മെന്റ് പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഭരണപരവും, സാമ്പത്തികപരവുമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ച് പരിചയമുള്ള ഉദ്യോഗസ്ഥരെ ഭരണ, വിജിലൻസ്, ഫിനാൻസ് വിഭാഗം മേധാവികളായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. ഇതിനുപുറമെ വിവിധ സുപ്രധാന തസ്തികകളിൽ ഉയർന്ന യോഗ്യതയും, പരിചയ സമ്പത്തുമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നിയമനങ്ങളിലൂടെ കോർപ്പറേഷന്റെ മാനേജീരിയൽ നടപടികൾ മെച്ചപ്പെടുന്നുണ്ട്.*

624. കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ ബസ് റൂട്ടുകളും ഓട്ടവും ക്രമീകരിക്കും.

*നൂതന സാങ്കേതിക വിദ്യയുടെ സഹായത്താലും ആധുനിക ബസ്സുകൾ*

*KSRTC-SWIFT മുഖാന്തിരം കുറഞ്ഞ വാടക നിരക്കിൽ ലഭ്യമാക്കിയും, വരുമാന വർദ്ധനവ് സാധ്യമാക്കിയിട്ടുണ്ട്. നഷ്ടത്തിൽ ഓടിയിരുന്ന ഗ്രാമീണ സർവ്വീസുകൾ തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഗ്രാമവണ്ടി സർവ്വീസുകൾക്ക് കിലോമീറ്ററിന് 24 രൂപ ഡീസൽ ഇനത്തിൽ വരുമാനത്തിന് ഉപരിയായി ലഭ്യമാക്കുക വഴി കിലോമീറ്റർ വരുമാനം വർദ്ധിക്കുകയും നഷ്ടം കുറയുകയും ചെയ്തിട്ടുണ്ട്. എല്ലാ യൂണിറ്റുകളിലെയും ട്രിപ്പുതല വരുമാനം പരിശോധിച്ച് വരുമാനം കുറഞ്ഞ ട്രിപ്പുകൾ ഒഴിവാക്കിയും, തിരക്കേറിയ സമയങ്ങളിൽ അധിക ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്ന തരത്തിലും സർവ്വീസുകൾ ക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതികിലോമീറ്റർ വരുമാനത്തിൽ 11 രൂപയുടെ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.*

625. കെ.എസ്.ആർ.ടി.സിയുടെ വായ്പ മുഴുവൻ ഓഹരിമൂലധനമായി മാറ്റും. പലിശ എഴുതിത്തള്ളും.

*2008-09 മുതൽ 2013-14 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. സർക്കാരിന് തിരിച്ചടക്കേണ്ടതായ 1090,75,97,883/- രൂപയുടെ വായ്പ കുടിശ്ശിക സർക്കാർ ഓഹരിയാക്കി മാറ്റുന്നതിനും, പലിശയും, പിഴപ്പലിശയും ഉൾപ്പെടെയുള്ള തുകകൾ എഴുതിത്തള്ളുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.*

## തുറമുഖം

626. ഒരു പുതിയ വൻകിട ഹാർബറിന്റെ നിർമ്മാണത്തിനു തുടക്കം കുറിക്കും. അഴീക്കൽ ഒരു നദീമുഖ ഹാർബറാണ്. ഇതിന് 14.5 മീറ്റർ ആഴത്തിൽ 3698 കോടി രൂപ ചെലവിൽ ഒരു ഔട്ടർ ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടി മലബാർ ഇന്റർനാഷണൽ പോർട്ട് എന്നൊരു കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

*കണ്ണൂർ ജില്ലയിലെ അഴീക്കലിനെ മലബാറിന്റെ ഒരു വാണിജ്യ കേന്ദ്രമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് തുറമുഖം നിർമ്മിക്കുന്നതിന് DPR തയ്യാറാക്കി. മൂന്ന് ഘട്ടങ്ങളിലായി നിർമ്മിക്കുന്ന ഈ പ്രൊജക്ടിന് 3,400 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. DPR ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറി തല സമിതി പരിശോധിച്ച് വരികയാണ്. രാജ്യാന്തര തലത്തിൽ പ്രശംസ്തരായ HOWE പ്രൊജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് പദ്ധതി രേഖ തയ്യാറാക്കിയത്. ഇതിന് സാഗർമാലയിൽ നിന്ന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുമോ എന്ന കാര്യവും പരിശോധിച്ചുവരികയാണ്. അഴീക്കലിൽ നിലവിലുള്ള തുറമുഖം വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി ഗോഡൗണുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ പുതുക്കിപ്പണിയുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് രണ്ട് കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച്*

***പണികൾ ആരംഭിച്ചിട്ടുണ്ട്. അഴീക്കലിൽ പൊന്നാനിയിലേത് പോലെ ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിനുള്ള താൽപര്യപത്രം ക്ഷണിച്ച് നടപടികൾ ആരംഭിച്ചു.***

627. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് നിർമ്മാണത്തെ കോവിഡും പ്രകൃതിദുരന്തങ്ങളും ബാധിച്ചിട്ടുണ്ട്. എങ്കിലും ബ്രേക്ക് വാട്ടർ നിർമ്മാണവും ലാന്റ് റിക്ലമേഷനും ഒഴികെ ബാക്കിയെല്ലാഘടകങ്ങളും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വിഴിഞ്ഞം കാർഗോ ടെർമിനൽ പ്രധാന ക്രൂ ചെയ്ഞ്ച് കേന്ദ്രമായി മാറിക്കഴിഞ്ഞു. രണ്ടു വർഷത്തിനുള്ളിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് നിർമ്മാണം പൂർത്തീകരിക്കും.

***7,700 കോടി രൂപ മുതൽ മുടക്കിൽ PPP അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന വിഴിഞ്ഞം തുറമുഖം 2019 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പലവിധ കാരണങ്ങളാൽ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. 3,100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ നിർമ്മാണത്തിനാണ് കൂടുതൽ തടസ്സം നേരിട്ടത്. വ്യക്തമായ ലക്ഷ്യം മുന്നിൽ കണ്ട് സർക്കാർ നടത്തിയ ഇടപെടലിലൂടെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. 2,350 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കി. 400 മീറ്റർ ബർത്ത് നിർമ്മിക്കുവാൻ ഈ നീളം മതിയാകും. ഡ്രഡ്ജിംഗ്, റിക്ലമേഷൻ, ബർത്ത് എന്നീ പ്രവർത്തനങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വെള്ളവും വൈദ്യുതിയും സർക്കാർ വിഴിഞ്ഞത്തെത്തിച്ച് നൽകി. അടുത്ത മാസം ക്രെയിനുകളും മറ്റ്***



വിഴിഞ്ഞം തുറമുഖം

*യന്ത്രോപകരണങ്ങളും എത്തും. ഗേറ്റ് കോപ്ലക്സിന്റെയും, വർക് ഷോപ്പ് ബിൽഡിംഗിന്റെയും നിർമ്മാണം പൂർത്തിയായി വരുന്നു. അടുത്ത മാസങ്ങളിൽ ഇവയും ഉദ്ഘാടനം ചെയ്യപ്പെടും. വിഴിഞ്ഞം നിവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് 50 കോടി രൂപ ചെലവിൽ അസാപ്പ് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. അടുത്ത മാസങ്ങളിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി ട്രെയിനിംഗ് പാട്ണറായ അദാനിക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ നൽകാമെന്ന് അദാനി കമ്പനി സമ്മതിച്ചിട്ടുണ്ട്. ഇങ്ങനെ വിഴിഞ്ഞത്തിന്റെയും കേരളത്തിന്റെയും സമ്പൂർണ്ണ വികസനത്തിന് കളമൊരുക്കുന്ന കേരളത്തിന്റെ സ്വപ്ന പദ്ധതിയുടെ ഭാഗമായി സെപ്തംബറിൽ ആദ്യ കപ്പൽ തുറമുഖത്തെത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്.*

628. കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയെ ഉപയോഗപ്പെടുത്തി കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ വികസിപ്പിക്കും.

*സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിൽ ബേപ്പൂർ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ള തുറമുഖമാണ് കൊല്ലം. ഇവിടെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി 105 മീറ്റർ നീളത്തിൽ ബർത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗേറ്റ് കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തിയായി വരുന്നു. കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക് പോയിന്റായി പ്രഖ്യാപിച്ചാൽ മാത്രമെ വിദേശ ചരക്കുകൾ വഹിച്ചു കൊണ്ടുള്ള കപ്പലുകൾക്ക് തുറമുഖത്ത് എത്തുവാൻ കഴിയുകയുള്ളൂ. ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. ആവശ്യമായ പോലീസുദ്യോഗസ്ഥരെ നിയമിക്കുന്നതിന് ആഭ്യന്തരവകുപ്പ് ഉത്തരവായിട്ടുണ്ട്. എത്രയും വേഗം കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുവാനാണ് തുറമുഖ വകുപ്പും കേരള മാരിടൈം ബോർഡും ശ്രമം നടത്തി വരുന്നത്. ബർത്ത്, ക്രെയിനുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കൊല്ലത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് മത്സ്യബന്ധന ബോട്ടുകളുടെയും ഹൗസ് ബോട്ടുകളുടെയും ഷിപ്പ് റിപ്പയർ യൂണിറ്റും തുറമുഖത്ത് ഒരു ഫ്ളോട്ടിങ്ങ് ഡ്രൈഡോക്കും ആരംഭിക്കുന്നതിന് സാധ്യതയുണ്ട്. ഇതിനുള്ള താൽപര്യപത്രം ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആശ്രാമത്ത് രണ്ട് നിലകളിലായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ ഗ്രൗണ്ട് ഫ്ളോറിൽ കെ.ഐ.വി രജിസ്ട്രേഷൻ ഓഫീസും ഒന്നാം നിലയിൽ ഗസ്റ്റ് റൂമിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.*

*കൊച്ചി കഴിഞ്ഞാൽ സ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമാണ് ബേപ്പൂർ. ഇന്ത്യൻ ഉപഭൂഖണ്ഡവും ലക്ഷദ്വീപും തമ്മിലുള്ള ബന്ധത്തിന്റെ പ്രധാന കണ്ണിയാണ് ഈ തുറമുഖം. ആഴക്കുറവാണ് ഈ തുറമുഖത്തിന്റെ ഏറ്റവും വലിയ പോരായ്മ ദീർഘകാലമായി മണ്ണ് അടിഞ്ഞുകൂടി തുറമുഖ കവാടത്തിലെ ആഴം 4 മീറ്ററിൽ താഴെയായി. ഇപ്പോൾ 15 കോടി രൂപ മുടക്കി ഡ്രഡ്ജിംഗ് ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. സാഗർമാല പദ്ധതിയിലുൾപ്പെടുത്തി തുറമുഖത്തേക്ക് നാല് ലൈൻ റോഡ്*

*നിർമ്മിക്കുന്നതിന് 250 കോടി രൂപ ചെലവ് വരുന്ന പ്രൊജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. തുറമുഖത്തെ ആഴം അഞ്ചര മീറ്ററായി വർദ്ധിപ്പിക്കുവാനും പദ്ധതിയുണ്ട്. ഇതോടെ വലിയ ചരക്കു കപ്പലുകൾക്ക് ബേപ്പൂർ തുറമുഖത്തേക്ക് എത്താനാകും. ലക്ഷദ്വീപിലേക്കുള്ള ചരക്കുനീക്കം സുഗമമാക്കുവാൻ ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിന് ചെന്നൈ ഐ.ഐ.ടിയുടെ സഹായത്തോടെ ഡി.പി.ആർ തയ്യാറാക്കി വരുന്നു.*

## ഉൾനാടൻ ജലഗതാഗതം

629. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് പുതിയ ബോട്ടുകൾ വാങ്ങുകയും പഴയവ നവീകരിക്കുകയും ചെയ്യും.

*ജലഗതാഗത വകുപ്പിന്റെ സർവ്വീസുകൾ വിപുലപ്പെടുത്തുന്നതിനും പഴയ ബോട്ടുകൾ പിൻവലിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ബോട്ടുകൾ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായി 9 ബോട്ടുകളുടെ നിർമ്മാണം ആരംഭിച്ചു. 5 ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ന ടത്തുന്നുണ്ട്. 5 വർഷംകൊണ്ട് 50% ബോട്ടുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചു. ഇത്തരം 16 ബോട്ടുകളുടെ നിർമ്മാണം ന ടന്നുവരുന്നു. ഒരേ സമയം 100 യാത്രക്കാരെ വഹിക്കാൻ കഴിയുന്ന രാജ്യത്തെ ആദ്യ സോളാർ ഇലക്ട്രിക് ക്രൂയ്സ് വെസ്സലിന്റെയും രണ്ട് വാട്ടർ ടാക്സി ബോട്ടുകളുടെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്.*

630. പശ്ചിമ കനാൽ ശൃംഖലയുടെ ഒന്നാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയ്ക്കുള്ള 26 കിലോമീറ്റർ കനാലുകൾ പുതുതായി കുഴിച്ചുകൊണ്ടിരിക്കുകയാണ്. ഇവയും കനാലുകളുടെ വീതി കൂട്ടുന്ന പ്രവർത്തനങ്ങളും 2022ൽ പൂർത്തീകരിക്കും.

*മാഹി വളപട്ടണം കനാലിന്റെ ഒന്നാം റീച്ചിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കുന്നതിനായി കൃത്രിമ കനാൽ നിർമ്മാണത്തിന് പുതുക്കിയ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ന ടന്നുവരുന്നു. രണ്ടാം റീച്ചിൽ സാമൂഹിക ആഘാതപഠനം പൂർത്തിയാക്കി. പരിസ്ഥിതി ആഘാത പഠനം നടന്നുവരുന്നു. മൂന്നാം റീച്ചിൽ സാമൂഹിക ആഘാതപഠനവും പരിസ്ഥിതി ആഘാതപഠനവും നടന്നുവരുന്നു.*

631. മെയിൻ കനാലിനു പുറമെ ആയിരത്തിൽപ്പരം കിലോമീറ്റർ ഫീഡർ കനാലുകളുടെ നവീകരണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും.

*കനാലുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ഇതുവരെ 4300 ലക്ഷം രൂപ യുടെ കനാൽ നവീകരണപ്രവർത്തികൾ നടപ്പിലാക്കി.*

632. കൊച്ചിയിലെ വാട്ടർ മെട്രോയുടെ 19 ബോട്ട് ജെട്ടികളുടെ ഒന്നാംഘട്ടം



പൂർത്തിയായി. രണ്ടാംഘട്ടമായി 19 എണ്ണം 2022ൽ പൂർത്തീകരിക്കും.

*വാട്ടർ മെട്രോയുടെ 8 ടെർമിനലുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ഇതിൽ 5 എണ്ണത്തിൽ ഫ്ളോട്ടിംഗ് പോൺടൂൺസ് ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. 6 ടെർമിനലുകളുടെ നിർമ്മാണപ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. 9 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. 15 ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഹൈക്കോർട്ട്-വൈപ്പിൻ, വൈറ്റില-കാക്കനാട് റൂട്ടുകളിലേക്ക് സർവ്വീസ് ആരംഭിച്ചു. പദ്ധതി ഉദ്ഘാടനം ചെയ്തു.*

## റെയിൽവേ

633. കൊച്ചി മെട്രോയുടെ പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള എക്സ്റ്റൻഷനും കലൂർ സ്റ്റേഡിയം മുതൽ കാക്കനാട് ഐ.ടി സിറ്റി വരെയുള്ള റെയിൽപ്പാതയുടെ നിർമ്മാണവും 2022ൽ തീരും. കൊച്ചി മെട്രോ പദ്ധതി പൂർത്തീകരിക്കും.

*കൊച്ചിമെട്രോയുടെ പേട്ട മുതൽ എസ്.എൻ ജംഗ്ഷൻ വരെയുള്ള പാത ദീർഘിപ്പിച്ച് 01.09.2022 ൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ആലുവ മുതൽ എസ്.എൻ. ജംഗ്ഷൻ വരെ 24 സ്റ്റേഷനുകളോടെയാണ് കൊച്ചി മെട്രോയുടെ നിലവിലെ സർവ്വീസ്.*

*പാത ദീർഘിപ്പിക്കുന്നതിനായി എസ്.എൻ. ജംഗ്ഷൻ-തൃപ്പൂണിത്തുറ*

*ഭാഗത്തെ സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചു. നിർമ്മാണപ്രവർത്തികൾ ഇക്കൊല്ലം അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോ പാർക്ക് വരെയുള്ള രണ്ടാം ഘട്ടത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനം 2023 മാർച്ച് 29-ന് ആരംഭിച്ചിട്ടുണ്ട്.*

634. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ ഡി.പി.ആർ കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കികൊണ്ടിരിക്കുകയാണ്. കേന്ദ്രാനുമതി ലഭിച്ചാൽ നടപ്പാക്കും.

*തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നേതൃത്വത്തിലാണ് നടപ്പാക്കുക. 2017-ലെ പുതുക്കിയ മെട്രോ നയത്തിന്റെ ഭാഗമായി പരിഷ്കരിച്ച ഡി.പി.ആർ സമർപ്പിക്കുന്നതിന് ആവശ്യമായ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവ തയ്യാറാക്കിവരുന്നു.*

*തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മുന്നൊരുക്കത്തിന്റെ ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നീ മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല കൊച്ചി മെട്രോയെ ഏൽപ്പിച്ചിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായി. നിർമ്മാണ പ്രവർത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. പട്ടം മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ 95 ശതമാനം പൂർത്തിയായിട്ടുണ്ട്.*

635. ശബരിമല എയർപോർട്ടിന്റെയും ഇടുക്കി, വയനാട്, കാസർകോട് ജില്ലകളിലെ എയർ സ്ട്രിപ്പുകളുടെയും ഡി.പി.ആർ തയ്യാറാക്കികൊണ്ടിരിക്കുന്നു. ഇവ ഏറ്റെടുക്കും.

*ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ പുതുക്കിയ ടെക്നോ ഇക്കണോമിക് ഫീസബിലിറ്റി റിപ്പോർട്ട് പൂർത്തിയാക്കി പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനുവേണ്ടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2023 ഏപ്രിൽ 3-നു ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം സൈറ്റ് ക്ലിയറൻസ് ശിപാർശ ചെയ്തിട്ടുണ്ട്.*

636. 60,000 കോടി രൂപയുടെ സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽ പദ്ധതി കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭം വഴിയാണ് നടപ്പാക്കുന്നത്. പരിസ്ഥിതി പഠനവും ആവശ്യമായ അനുമതികളും വാങ്ങി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

*സിൽവർ ലൈൻ പദ്ധതിക്ക് റെയിൽവേ ബോർഡ്, ധനകാര്യ മന്ത്രാലയത്തിന്റെ സർക്കുലർ പ്രകാരം നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകാരം നൽകിയിരുന്നു. അതനുസരിച്ചുള്ള നടപടികൾ*

***കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്നിക്കൽ പഠനം, CRZ Mapping, ഹൈഡ്രോളജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

637. കെ.ആർ.ഡി.സി മുൻകൈയിൽ തലശേരി-മൈസൂർ, നിലമ്പൂർ-നാഞ്ചങ്കോട് റെയിൽ ലൈനുകൾ നിർമ്മിക്കും.

***കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചതിനാൽ അലൈൻമെന്റ് പുതുക്കുകയുണ്ടായി. കർണ്ണാടകവുമായി നടന്ന ഉദ്യോഗസ്ഥതല ചർച്ചയിൽ പദ്ധതി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കർണ്ണാടക ആവശ്യപ്പെട്ടതിൻപ്രകാരം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.***

638. ശബരിമലയുടെ ദേശീയ പ്രാധാന്യം പരിഗണിച്ച് റെയിൽവേയുടെ ചെലവിൽ ശബരിപാത നിർമ്മിക്കണമെന്ന നമ്മുടെ ആവശ്യം ചെവികൊള്ളാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. ഈ പശ്ചാത്തലത്തിൽ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഏതാണ്ട് 2000 കോടി രൂപയിലധികം വരുന്ന തുക കിഫ്-ബിയിൽ നിന്നും ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കും.

***അങ്കമാലി-ശബരി റെയിൽ പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ദക്ഷിണ റെയിൽവേയുടെ 2023-24 ലെ പിങ്ക് ബുക്ക് പ്രകാരം 100 കോടി വകയിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിൽ കേന്ദ്രറെയിൽ മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്.***

639. കേരള പുനർനിർമ്മാണ പദ്ധതിയിൽ 7,192 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 3,909 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കുകളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുക.

***2021-22 സാമ്പത്തികവർഷത്തിൽ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 539.45 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മെയ് 2021-ഏപ്രിൽ 2022 കാലയളവിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ ധനസഹായമുള്ള പ്രോജക്ടുകൾക്കായി വിവിധ വകുപ്പുകൾ 1,098.09 കോടി രൂപ ചെലവിട്ടിട്ടുണ്ട്.***

## വ്യോമഗതാഗതം

640. കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ

ഏർപ്പെടുത്തും. വിദേശരാജ്യങ്ങളിൽ നിന്നും നേരിട്ടുള്ള കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കും. ശബരി എയർപോർട്ടിന്റെ നിർമ്മാണം ഊർജ്ജിതപ്പെടുത്തും.

*കോവിഡ് കാലത്തിനു മുമ്പുണ്ടായിരുന്ന വിമാന സർവ്വീസുകൾ നിലനിർത്താനും പുതിയ സർവ്വീസുകൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്. 2023 മാർച്ച് മുതൽ പ്രതിവാരം 1,484 സർവ്വീസുകൾ നടത്തുന്നുണ്ട്. 278 സർവ്വീസുകൾ വർദ്ധിച്ചു. 664 രാജ്യാന്തര സർവ്വീസുകളും 820 ആഭ്യന്തര വിമാന സർവ്വീസുകളുമാണ് ഇപ്പോൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും നടത്തുന്നത്. കണ്ണൂർ അന്താരാഷ്ട്ര വിാമനത്താവളത്തിൽ നിന്നും കോവിഡിനു മുമ്പ് ഉണ്ടായിരുന്ന ചില ആഭ്യന്തര-അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.*

641. നിരന്തരമായ ശ്രമങ്ങൾ നടത്തിയിട്ടും കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനം നിശ്ചലമാണ്. വിമാനത്താവളത്തിന്റെ ശേഷി ഇരട്ടിയാക്കാൻ ആവശ്യമെങ്കിൽ സർക്കാർ അതിനെ ഏറ്റെടുക്കുകയോ പങ്കാളിയാവുകയോ ചെയ്യും.

*കോഴിക്കോട് വിമാനത്താവളത്തിന്റെ RESA വികസനത്തിന് ആവശ്യമായിവരുന്ന സ്ഥലത്ത് സാമൂഹികാഘാത പഠനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.*

## ഇടനാഴികളും ഹബ്ബുകളും

642. കൊച്ചി-പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോർ പൂർത്തീകരിക്കും. ചെന്നൈ ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി ഇതിനെ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 50 ശതമാനം വീതം പങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് കമ്പനിയാണ് ഈ പ്രോജക്ട് നടപ്പാക്കുക. 10,000 കോടി നിക്ഷേപവും 22,000 പേർക്ക് നേരിട്ട് ജോലിയും ലഭ്യമാകും. കിഫ്ബി സഹായത്തോടെ പാലക്കാടും കൊച്ചിയിലും 2321 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ആദ്യ ഘട്ടത്തിൽ തന്നെ 'ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി (ഗിഫ്റ്റ് സിറ്റി)' എന്ന ഹൈടെക് സർവ്വീസുകളുടെയും ഫിനാൻസിന്റെയും ഹബ്ബ് അയ്യമ്പുഴയിൽ 220 ഹെക്ടറിൽ സ്ഥാപിക്കും.

*കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി*

*299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 673.45ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസെസഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പ്രസ്തുത ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ ഒരു ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിനായി കൊച്ചിയിലെ അയ്യമ്പുഴയിൽ 358*

*ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമികൾ ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 80% ഭൂമി ഏറ്റെടുക്കുന്ന നടപടികൾ കിൻഫ്ര നിലവിൽ പൂർത്തീകരിച്ചുകഴിഞ്ഞിട്ടുണ്ട്.*

643. മലബാറിന്റെ വികസനം ലക്ഷ്യമിട്ട് നമ്മുടെ മുൻകൈയിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴിയാണ്. ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. അതിനിടയിൽ കണ്ണൂർ വിമാനത്താവളത്തിന്റെ സമീപത്ത് 5000 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് 12000 കോടി രൂപ കിഫ്-ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

*കണ്ണൂരിൽ ഭൂമി ഏറ്റെടുക്കൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ 1,054 ഏക്കർ ഭൂമി ഏറ്റെടുക്കൽ അവസാനഘട്ടത്തിലാണ്. ഏറ്റെടുക്കുന്നതിനായി 1,114 കോടി രൂപ കിഫ്ബി അനുവദിക്കുകയും പ്രസ്തുത തുക ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുകയും ചെയ്തു. ബാക്കി 3,842 ഏക്കർ സ്ഥലം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.*

644. ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടപ്പാക്കും. വിഴിഞ്ഞം തുറമുഖത്തോടു ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിനു കിഴക്കു ഭാഗത്തുകൂടെ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ 78 കിലോമീറ്റർ ദൈർഘ്യമുള്ള ആറുവരി പാതയും അതിന്റെ ഇരുവശങ്ങളിലുമായി 10,000 ഏക്കറിൽ നോളഡ്ജ് ഹബ്ബുകൾ, വ്യവസായ പാർക്കുകൾ, വിനോദ കേന്ദ്രങ്ങൾ, ടൗൺഷിപ്പുകൾ എന്നിവയുടെ ഒരു വമ്പൻ ശൃംഖലയും സ്ഥാപിക്കാനാണ് പദ്ധതി. ഇതിനായുള്ള കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ നിർദ്ദിഷ്ട മേഖലയിൽ ആര് ഭൂമി വിൽക്കുന്നതിനു തയ്യാറായാലും കമ്പോളവിലയ്ക്ക് വാങ്ങാൻ കമ്പനി സന്നദ്ധമാകും. വില ലാന്റ് ബോണ്ടായി നൽകാം. റെഡി ക്യാഷ് വേണ്ടവർക്ക് അതും നൽകും. ഭൂമി വിൽക്കാൻ താൽപ്പര്യമില്ലാത്തവർക്ക് ലാന്റ് പൂളിംഗ് പദ്ധതിയിൽ പങ്കാളികളാവാം. കൈവശം വയ്ക്കുന്ന ഭൂമിയ്ക്ക് 10 വർഷംകൊണ്ട് നാലിരട്ടി വില വർദ്ധന ഉറപ്പുനൽകും. അല്ലെങ്കിൽ നാലിരട്ടി വിലയ്ക്ക് കമ്പനി വാങ്ങാൻ തയ്യാറാകും. കമ്പനി ഏറ്റെടുക്കുന്ന ഭൂപ്രദേശത്ത് പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പുവരുത്തി ഇൻവെസ്റ്റേഴ്സിനു കൈമാറും. 25000 കോടി രൂപയുടെ നിക്ഷേപവും 2.5 ലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

*ദേശീയ പാത അതോറിറ്റിയും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പാക്കുന്ന വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെ 80 കി.മീ ദൈർഘ്യത്തിലുള്ള തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് എൻ.എച്ച്.എയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇരുവശത്തും സർവ്വീസ് റോഡുകൾ, മീഡിയൻ എന്നിവ ഉൾപ്പെടെ 45 മീറ്റർ വീതിയിലാണ് ഈ പാത നിർമ്മിക്കുന്നത്. പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.*

645. കൊച്ചിയെ ഒരു സൈബർവാലി ആക്കും. വായു, കടൽ, ഉൾനാടൻ ജല, റെയിൽ, റോഡ് ഗതാഗത സൗകര്യങ്ങളുള്ള ഇന്ത്യയുടെ സൂപ്പർ ഐ.ടി നഗരമായി കൊച്ചി മാറും. ജി.സി.ഡി.എ, ജി.ഐ.ഡി.എ, കാക്കനാട് പ്രദേശം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് കൊച്ചിയെ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതവും സുസ്ഥിര വികസനവുമുള്ള നഗരമാക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കൃഷി, മെഷീൻ ലേണിംഗ്, സ്പേസ് തുടങ്ങിയ ഭാവി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പദ്ധതികൾക്കു പ്രാധാന്യം നൽകും.

***കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. 1,136.83 കോടി രൂപ അടങ്കൽ ഉള്ള ഈ പ്രോജക്ട് പൂർത്തിയാകുമ്പോൾ 30 ബോട്ട് ജെട്ടികൾ ഉണ്ടാകും. നിലവിൽ 5 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. കൊച്ചി മെട്രോ ഫേയ്സ് 2 ന്റെ ഭൂമി ഏറ്റെടുക്കൽ, റോഡ് വീതി കൂട്ടൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫേയ്സ് 1(A) പേട്ട - എസ്.എൻ ജംഗ്ഷൻ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫേയ്സ് 1(B) എസ്.എൻ ജംഗ്ഷൻ -തൃപ്പൂണിത്തുറ 2023 ൽ തന്നെ ഉദ്ഘാടനത്തിന് സജ്ജമാകും.***

647. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി എല്ലാ പ്രമുഖ നഗരങ്ങളിലേയ്ക്കും വ്യാപിപ്പിക്കും.

***സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായി. ഇതോടെ 14 ജില്ലകളിലും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.***

## പ്രധാന കിഫ്ബി പദ്ധതികൾ

648. കിഫ്ബി 43,250 കോടി രൂപയുടെ 889 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ വ്യവസായ പാർക്കുകൾക്കും മറ്റ് ആവശ്യങ്ങൾക്കുംവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 20,601 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 21,081 കോടി രൂപയുടെ 484 പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 18994 കോടി രൂപയുടെ 435 പ്രോജക്ടുകൾ പണി തുടങ്ങുകയോ അവാർഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ മുഴുവൻ അടുത്ത അഞ്ചു വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കും. ഭൂമിയും ഏറ്റെടുക്കും. ഇത് കേരളത്തിലെ പശ്ചാത്തലസൗകര്യങ്ങളെ ഇന്ത്യയിലെ ഏറ്റവും മികച്ചതാക്കി മാറ്റും.

***കിഫ്ബി 60,352 കോടി രൂപയുടെ 1,050 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ദേശീയ പാതയുടെ സ്ഥലമേറ്റെടുപ്പിനും വ്യവസായ പാർക്കുകൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഭൂമി ഏറ്റെടുക്കുന്നതിന് 22,877 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ 80,352 കോടി രൂപയുടെ 1,057 പദ്ധതികൾക്ക് അംഗീകാരം നൽകി. ഇവയിൽ 29,116 കോടി രൂപയുടെ 599 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 25,494 കോടി രൂപ***

*യുടെ 546 പദ്ധതികളുടെ പ്രവർത്തി തുടങ്ങുകയോ അവാർഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട്.*

649. ഇവയിൽ ഏറ്റവും പ്രധാനം പൊതുമരാമത്ത് മേഖലയിലെ 389 റോഡ്, പാലം, ഓവർബ്രിഡ്ജുകൾ, കെട്ടിടങ്ങൾ തുടങ്ങിയ 18,043 കോടി രൂപയുടെ പ്രോജക്ടുകളാണ്. 67 റെയിൽ ഓവർ ബ്രിഡ്ജുകളുണ്ട്. ഇവ വേഗത്തിൽ തീർക്കാൻ 1,215 പാലങ്ങൾ പാക്കേജായിട്ടാണ് ടെണ്ടർ വിളിക്കുന്നത്. പ്രീഫാബ്രിക്കേറ്റഡ് വിദ്യകൾ ഉപയോഗിച്ച് വേഗത്തിൽ പണി തീർക്കുന്നതിന് ഇത് സഹായിക്കും. റോഡുകൾ നവീനനിർമ്മാണ രീതികൾ ഉപയോഗിച്ചുകൊണ്ടുള്ളവയാണ്. അതുപോലെ പാലങ്ങൾ, വാസ്തുശിൽപ്പ ചാതുരിയോടു കൂടിയുള്ളവയാണ്. റോഡുകളിൽ ഏറ്റവും പ്രധാനം മലയോര ഹൈവേയും തീരദേശ ഹൈവേയുമാണ്.

*ബ്രിഡ്ജുകൾ, കെട്ടിടങ്ങൾ തുടങ്ങിയ 18,043 കോടി രൂപയുടെ പ്രോജക്ടുകളാണ്. 67 റെയിൽ ഓവർ ബ്രിഡ്ജുകളുണ്ട്. ഇവ വേഗത്തിൽ തീർക്കാൻ 1,215 പാലങ്ങൾ പാക്കേജായിട്ടാണ് ടെണ്ടർ വിളിക്കുന്നത്. പ്രീഫാബ്രിക്കേറ്റഡ് വിദ്യകൾ ഉപയോഗിച്ച് വേഗത്തിൽ പണി തീർക്കുന്നതിന് ഇത് സഹായിക്കും. റോഡുകൾ നവീനനിർമ്മാണ രീതികൾ ഉപയോഗിച്ചുകൊണ്ടുള്ളവയാണ്. അതുപോലെ പാലങ്ങൾ വാസ്തുശിൽപ്പ ചാതുരിയോടു കൂടിയുള്ളവയാണ്. റോഡുകളിൽ ഏറ്റവും പ്രധാനം മലയോര ഹൈവേയും തീരദേശ ഹൈവേയുമാണ്.*

*പൊതുമരാമത്ത് മേഖലയിൽ റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ, റെയിൽ ഓവർ ബ്രിഡ്ജുകൾ, ജംഗ്ഷൻ വികസനം, ടണൽ, അടിപ്പാത എന്നീ സെക്ടറുകളിലായി 485 പദ്ധതികളിലായി 29,551 കോടി രൂപയ്ക്കുള്ള ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 9,324 കോടി രൂപയുടെ 218 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 7,887 കോടി രൂപയുടെ 190 പ്രവൃത്തികളുടെ വർക്ക് അവാർഡ് ചെയ്തു. 5,333 കോടി രൂപയുടെ 123 പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 2,119 കോടി രൂപയുടെ 57 പ്രവൃത്തികൾ പൂർത്തീകരിച്ചു. 78 പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് വിവിധ ഘട്ടങ്ങളിൽ അവലോകനം ചെയ്തുവരുന്നു.*

793 കിലോമീറ്റർ ദൈർഘ്യമുള്ള മലയോരഹൈവേയിൽ 52 സ്ട്രെച്ചുകളിലായി 736 കിലോമീറ്റർ റോഡിന് ധനാനുമതി നൽകിയിട്ടുള്ളതാണ്. ഇതിൽ 28 സ്ട്രെച്ചുകളിലായി 467 കിലോമീറ്ററിൽ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 22 സ്ട്രെച്ചുകളിലായി 367 കിലോമീറ്ററിൽ പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഇതിൽ 5 സ്ട്രെച്ചുകളിലായി 112 കിലോമീറ്റർ റോഡിൻറെ നിർമ്മാണം പൂർത്തിയായി. തീരദേശ ഹൈവേയിൽ 468 കിലോമീറ്ററിൽ 8 സ്ട്രെച്ചുകളിലായി 36 കിലോമീറ്റർ റോഡിന് സ്ഥലമേറ്റെടുപ്പും നിർമ്മാണച്ചെലവും ഉൾപ്പെടെയും, 24

സ്ട്രെച്ചുകളിലായി 414 കിലോമീറ്റർ റോഡിൻറെ സ്ഥലമേറ്റെടുപ്പിന് മാത്രമായും ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 21 കിലോമീറ്ററിൽ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മറ്റു 2 സ്ട്രെച്ചുകളിലെ 19 കിലോമീറ്ററിൽ പ്രവൃത്തി പുരോഗമിച്ച് വരുന്നു. തീരദേശ ഹൈവേയുടെ ഭാഗമായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ മുഖേന പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് 194 കോടി രൂപയുടെ ധനാനുമതി ന ൽകിയിട്ടുണ്ട്. എടപ്പാൾ, കുണ്ടന്നൂർ ജംഗ്ഷൻ, വൈറ്റില മേൽപ്പാലങ്ങൾ പൂർത്തിയാക്കി. കിഫ്ബി വഴി നിർവ്വഹണം നടത്തുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട 10 എണ്ണത്തിൽ 9 എണ്ണത്തിൻറെ നിർമ്മാണം നടന്നുവരുന്നു.

650. ആരോഗ്യ മേഖലയിൽ 4240 കോടി രൂപയുടെ 57 പ്രോജക്ടുകളുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയാണ് ഇതിൽ മുഖ്യപങ്ക്. 44 ഡയാലിസിസ് യൂണിറ്റുകളും 5 കാത്ത് ലാബുകളും പൂർത്തിയായിട്ടുണ്ട്.

***കിഫ്ബി ധനസഹായത്തോടു കൂടിയുള്ള ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികൾ ഉൾപ്പെടുന്ന 103 പദ്ധതികൾക്കായി 14,273 കോടി രൂപക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 73 പദ്ധതികൾക്കായി 5,701 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിക്കഴിഞ്ഞു. കൂടാതെ മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനവും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തികൾ നടന്നു വരുന്നുണ്ട്.***

651. പൊതു വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിനു 2350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 793.5 കോടി രൂപയും കിഫ്ബിയിൽ നിന്നു ചെലവഴിക്കുന്നു. മോഡൽ റെസിഡൻറ്ഷ്യൽ സ്കൂളുകൾക്കും മറ്റും വേണ്ടി 182 കോടി രൂപയുടെ 10 പ്രോജക്ടുകളും അംഗീകരിച്ചിട്ടുണ്ട്.

***പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ കെട്ടിടങ്ങൾ നവീകരിക്കുന്നതിന് 2,350 കോടി രൂപയും, ക്ലാസ് മുറികളുടെ ഡിജിറ്റലൈസേഷന് 793.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്കും മറ്റുമായി 182 കോടി രൂപയുടെ 10 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. 972 സ്കൂളുകളാണ് കിഫ്ബി മികവിൻറെ കേന്ദ്രങ്ങളാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ 365 സ്കൂളുകളുടെ നിർമാണം ഇതിനകം പൂർത്തിയായി കഴിഞ്ഞു. 229 കെട്ടിടങ്ങൾ നിർമാണത്തിൻറെ വിവിധ ഘട്ടങ്ങളിലാണ്. ബാക്കിയുള്ളവയുടെ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നു.***

652. ഉന്നതവിദ്യാഭ്യാസ മേഖലയിൽ 1906 കോടി രൂപയുടെ 50 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട്. 51 ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും,

6 എഞ്ചിനീയറിംഗ് കോളേജുകളുടെയും, 8 പോളിടെക്നിക്കുകളുടെയും, 5 ഹെറിറ്റേജ് കോളേജുകളുടെയും, 5 യൂണിവേഴ്സിറ്റികളുടെയും നവീകരണം ഇതിൽ ഉൾപ്പെടുന്നു.

*ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി 59 കോളേജുകൾക്കും 6 എഞ്ചിനീയറിംഗ് കോളേജുകൾക്കും 5 യൂണിവേഴ്സിറ്റികൾക്കും 8 പോളിടെക്നിക് കോളേജുകൾക്കും 5 ഹെറിറ്റേജ് കോളേജുകൾക്കും യൂണിവേഴ്സിറ്റി/കോളേജുകളിൽ ഹോസ്റ്റൽ/ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ തുടങ്ങിയ പദ്ധതികൾക്കുമായി നാളിതുവരെ ആകെ 1752.35 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ നാളിതുരെ 32.43 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുള്ളതും 447.88 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.*

653. വിവര-വിനിമയ മേഖലയിൽ 5.5 ലക്ഷം ചതുരശ്രയടി പാർക്കുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. മൊത്തം 351 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ട് 1061 കോടി രൂപയുടെ കെ-ഫോൺ ആണ്.

*കിഫ്ബി മുഖാന്തിരം വിവരവിനിമയ മേഖലയിൽ 5.5 ലക്ഷം ചതുരശ്രയടി പാർക്കുകളാണ് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. കളമശ്ശേരി ടെക്നോളജി ഇന്നോവേഷൻ സോണിൽ 2.07 ലക്ഷം സ്ക്വയർ ഫീറ്റ് ഐ.ടി കെട്ടിടത്തിൻറെ പണി പൂർത്തിയായി. 47000 സ്ക്വയർ ഫീറ്റ് ഐടി കെട്ടിടത്തിൻറെ പണി പുരോഗമിച്ചുവരുന്നു. 215.70 കോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം ടെക്നോ സിറ്റിയിൽ പുതുതായി രണ്ടുലക്ഷം ചതുരശ്രയടി ഐ.ടി കെട്ടിടത്തിൻറെ പണികൾ പൂർത്തിയാക്കി.*

### *കൊച്ചിയിലെ ടെക്നോളജി ഇന്നൊവേഷൻ സോൺ*

*കളമശ്ശേരി ടെക്നോളജി ഇന്നോവേഷൻ സോണിൽ 2.07 ലക്ഷം സ്ക്വയർ ഫീറ്റ് ഐ ടി കെട്ടിടത്തിന്റെ പണി പൂർണമായി പൂർത്തീകരിച്ചിരിക്കുകയാണ്. 47000 സ്ക്വയർ ഫീറ്റ് ഐടി കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചുവരുന്നു. 55% പുരോഗതി ഇതിനോടകം കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. 215.70 കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിരിക്കുന്നത്.*

### *ടെക്നോ സിറ്റി, തിരുവനന്തപുരം*

*വിവരവിനിമയ മേഖലയിൽ തിരുവനന്തപുരം ജില്ലയിൽ ടെക്നോ സിറ്റിയിൽ പുതുതായി രണ്ടുലക്ഷം ചതുരശ്രയടി ഐ ടി കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിച്ചു. ഈ കെട്ടിടത്തിന്റെ ഇൻറീരിയൽ ഫർണിഷിംഗ് വർക്കുകളും പൂർത്തീകരിച്ചു കഴിഞ്ഞു.*

### *കെഫോൺ*

*കെഫോൺ പദ്ധതിയും അതിന്റെ അന്തിമഘട്ടത്തിലേക്ക് നീങ്ങിയിരിക്കു*

*കയാണ്. 74 ശതമാനം പുരോഗതി ഇതിനോടകം കൈവരിച്ചിട്ടുണ്ട്. ആകെയുള്ള 373 പോയിന്റ് ഓഫ് പ്രസൻസ് സ്റ്റേഷനുകളിൽ 283 എണ്ണത്തിന്റെയും പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള 90 പോയിന്റ് ഓഫ് പ്രസൻസ് സ്റ്റേഷനുകളുടെ പണികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ 26573 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും 16738 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് വിനിയോഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.*

654. വൈദ്യുതി മേഖലയിൽ ട്രാൻസ്ഗ്രിഡ്-2.0യുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുന്നു. 5200 കോടി രൂപയാണ് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നത്.

*ഊർജ്ജ മേഖലയിൽ കിഫ്ബി മുഖാന്തിരം ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾക്കായി 5200 കോടി രൂപയാണ് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. ഇവയിൽ ആകെ 3419.70 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതികൾക്ക് കിഫ്ബി അന്തിമ അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പൂർത്തീകരണം അതിവേഗം പുരോഗമിച്ചു വരുന്നു. നാളിതുവരെ 1485 കോടി രൂപ ട്രാൻസ്ഗ്രിഡ് പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതികൾക്ക് വായ്പയായാണ് കിഫ്ബി തുക അനുവദിക്കുന്നത്.*

655. സ്പോർട്സ് മേഖലയിൽ 773 കോടി രൂപയുടെ 38 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 44 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും.

*സ്പോർട്സ് മേഖലയിൽ 748.09 കോടി രൂപയുടെ 58 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 45 സ്റ്റേഡിയങ്ങളും 2 സ്പോർട്സ് അക്കാദമികളും ഒരു നീന്തൽ കോംപ്ലക്സ് സമുച്ചയവും ഉൾപ്പെടും. ഇതിൽ 17 സബ് പ്രോജക്ടുകൾ പൂർത്തികരിച്ചിട്ടുണ്ട്. 41 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.*

656. കുടിവെള്ള പദ്ധതികൾക്കും മറ്റു ജലവിഭവ പ്രോജക്ടുകൾക്കുമാണ് വലിയ തുക വകയിരുത്തിയിട്ടുള്ള മറ്റൊരു മേഖല. 87 പ്രോജക്ടുകളിലായി 5222 കോടി രൂപയാണ് കിഫ്-ബിയിൽ നിന്നും ചെലവഴിക്കുന്നത്.

*തടയണകൾ, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ എന്നിവയ്ക്കായി ജലവകുപ്പിന് കീഴിൽ 96 പദ്ധതികളിലായി 6,487.80 കോടി രൂപയുടെ അംഗീകാരമാണ് കിഫ്ബി ഇതുവരെ നൽകിയിട്ടുള്ളത്. അതിൽ തന്നെ 5,095.42 കോടി രൂപയുടെ പദ്ധതികൾ KWA യുടെ കീഴിൽ വരുന്ന കുടിവെള്ള പദ്ധതികളാണ്.*

657. ബജറ്റിൽ പ്രഖ്യാപിച്ചതും ഇപ്പോൾ പ്രോജക്ട് അപ്രൈസൽ ഘട്ടങ്ങളിലോ ഇരിക്കുന്നതുമായ പ്രോജക്ടുകൾ ആകെ എടുത്താൽ 6000-7000 കോടി രൂപകൂടി വരും. കൂടുതൽ പ്രോജക്ടുകൾ കിഫ്ബിയിൽ ഏറ്റെടുക്കുന്നത്

ഗൗരവമായ ധനവിശകലനത്തിന്റെ അടിസ്ഥാനത്തിലേ നടത്തൂ. ഒരു ഘട്ടത്തിലും കിഫ്ബിയുടെ ആസ്തികളേക്കാൾ ബാധ്യതകൾ അധികരിക്കില്ലായെന്ന് ഉറപ്പുവരുത്തും. ബി.ജെ.പി കേന്ദ്രസർക്കാരും യു.ഡി.എഫും ഒരുപോലെ കിഫ്ബിയെ എതിർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഭരണത്തുടർച്ച ഉണ്ടെങ്കിൽ മാത്രമേ കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാനാകൂ. കിഫ്ബിയെ സംരക്ഷിക്കുമെന്നും വിപുലപ്പെടുത്തുമെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി വോട്ടർമാർക്ക് ഉറപ്പുനൽകുന്നു.

***കിഫ്ബി പദ്ധതികളായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും മന്ത്രിസഭാ അംഗീകാരം നേടിയതുമായ പദ്ധതികളിൽ നിലവിൽ ഏകദേശം 12,000 കോടി രൂപയുടെ വിവിധ പദ്ധതികൾ കിഫ്ബിയുടെ അവലോകനത്തിലാണ്.***

# VII

# തദ്ദേശഭരണം പുതിയ വിതാനത്തിലേയ്ക്ക് ഉയർത്തും

658. ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള കർമ്മപദ്ധതി മുന്നോട്ടു വയ്ക്കുകയാണ്. തദ്ദേശഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുവന്ന യു.ഡി.എഫ് സർക്കാർ ഇല്ലാതാക്കിയ അനുഭവമാണുള്ളത്. ഇതിനു വിരാമമിട്ടുകൊണ്ട് എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുക മാത്രമല്ല ജീവനക്കാർക്ക് ഏകീകൃത കേഡർ സൃഷ്ടിച്ചിരിക്കുകയാണ്. ഈ പരിവർത്തനം പൂർത്തിയാക്കും, സ്ഥായിയാക്കും.

***വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. ഏകീകൃത സംസ്ഥാന കാര്യാലയമായി സ്വരാജ് ഭവൻ പ്രവർത്തനക്ഷമമായി. ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ കാര്യാലയങ്ങൾ സജ്ജമായി. ഇന്റർ ട്രാൻസ്ഫറബിലിറ്റി ഉറപ്പാക്കി ഓൺലൈൻ സ്ഥലംമാറ്റം ഏർപ്പെടുത്തി.***

## പതിനാലാം പഞ്ചവത്സര പദ്ധതി

659. പതിനാലാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. എന്നാൽ ഇതിനു പ്രാരംഭമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ തങ്ങളുടെ പ്രദേശത്ത് ഉണ്ടായ മാറ്റങ്ങളെയും വികസന നേട്ടങ്ങളെയും പരിഹരിക്കേണ്ട പ്രശ്നങ്ങളെയുംകുറിച്ച് സമഗ്രമായ ഒരു അവലോകനം തയ്യാറാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും അടുത്ത പഞ്ചവത്സര പദ്ധതിക്കു രൂപം നൽകുക.

***2022-23 മുതൽ ആരംഭിക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖ, പദ്ധതി ആസൂത്രണ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.***

660. ഏറ്റവും മികച്ച പ്രകടനവും റിപ്പോർട്ടുകളും തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പങ്കാളിത്ത പഠനപരമ്പരയ്ക്ക് രൂപം

നൽകുന്നതാണ്.

***പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ അംഗീകരിക്കുന്ന മുറയ്ക്ക്  തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.***

661. ഡി.പി.സി ശക്തിപ്പെടുത്തുകയും പദ്ധതികളുടെ മോണിറ്ററിംഗിന് അധികാരപ്പെടുത്തുകയും ചെയ്യും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭമായി ജില്ലാ പദ്ധതികൾ പരിഷ്കരിക്കും. മാർച്ച് മാസം ബജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് വാർഷിക പദ്ധതികൾ തയ്യാറാകുമെന്ന് ഉറപ്പുവരുത്തും.

***2023-24 ൽ ആരംഭിക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.***

662. കോവിഡിന്റെ പശ്ചാത്തലത്തിൽ പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനും ഗ്രാമസഭയും വികസന സെമിനാറും നടത്തുന്നതിനും നൂതന ഐ.റ്റി സംവിധാനങ്ങളെ ഉപയോഗപ്പെടുത്തും.

***ഐടി സംവിധാനങ്ങളെ വിനിയോഗം ചെയ്തുകൊണ്ട് മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഭവ വിന്യാസം

663. ആറാം ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്ന ഡെവലപ്പ്മെന്റ് ഗ്രാന്റിലും മെയിന്റനൻസ് ഗ്രാന്റിലും ജനറൽ പർപ്പസ് ഗ്രാന്റിലുമുള്ള വർദ്ധന സർക്കാർ ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ഇനി തുടർന്നുള്ള റിപ്പോർട്ടുകളിൽ സമർപ്പിക്കുന്ന നിർദ്ദേശങ്ങളും ക്രിയാത്മകമായി നടപ്പാക്കും.

***നടപ്പാക്കി തുടങ്ങി.***

664. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ജി.എസ്.ടി നടപ്പാക്കിയതിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വിനോദ നികുതി നഷ്ടം സർക്കാർ നികത്തും.

***നടപടികൾ സ്വീകരിച്ചു തുടങ്ങി.***

665. എല്ലാ പഞ്ചായത്തുകളിലും എഞ്ചിനീയർമാരെ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ ഓവർസിയർമാരുടെ തസ്തികകളും സൃഷ്ടിച്ചു. പുനർവിന്യാസത്തിലൂടെയോ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെയോ രണ്ട് തസ്തികകൾ വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതാണ്.

***നൽകിയിട്ടുണ്ട്.***

666. യു.ഡി.എഫ് സർക്കാർ വെട്ടിക്കുറച്ച മൈനർ ഇറിഗേഷൻ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം പുനഃസ്ഥാപിക്കും.

***പരിഗണനയിലാണ്.***

## ജനകീയതയും സുതാര്യതയും

667. ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും. അയൽക്കൂട്ടങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും അതുപോലെ കീഴ്ത്തല സാമൂഹ്യ കൂട്ടായ്മകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തുകയാണ് ഇതിനുള്ള മാർഗ്ഗം.

***അയൽക്കൂട്ടങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും ഗ്രാമസഭകളുമായി ബന്ധപ്പെടുത്തി തുടങ്ങി. ഗ്രാമസഭയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സംവാദാത്മകത ഉറപ്പു വരുത്തുന്നതിനുമായി 'ഗ്രാമസഭാ പോർട്ടൽ' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം IKM വികസിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവാസി ഗ്രാമസഭ, യുവജന ഗ്രാമസഭ, ഓൺലൈൻ ഗ്രാമസഭ തുടങ്ങിയ വിവിധ മാതൃകാ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.***

668. വാർഡിലെ ഏതെങ്കിലുമൊരു പൊതുസ്ഥാപനത്തെ ഗ്രാമസേവാ കേന്ദ്രമായി പ്രവർത്തിപ്പിക്കും.

***എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജനഗ്രാമാസേവാ കേന്ദ്രം (Citizen Fecilitation Centre-CFC) ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിനുള്ള പരിശീലനം നടത്തിവരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിക്കുന്നുണ്ട്. മെയ് നാലിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും CFC ആരംഭിച്ചതിന്റെ പ്രഖ്യാപനം നടത്തും. അതിന്റെ തുടർച്ചയായി വാർഡുകളിലേക്ക് വ്യാപിപ്പിക്കും.***

669. പി.റ്റി.എ, എസ്.എം.സി, ആശുപത്രി വികസന സമിതി തുടങ്ങിയ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്തും. വാർഡ് വികസനസമിതികൾ ശക്തിപ്പെടുത്തും.

***ഇതിനായി വിവിധ തലങ്ങളിൽ പരിശീലനം നൽകി സമിതികളെ സജ്ജമാക്കി.***

670. ആസൂത്രണത്തിലും നിർവ്വഹണത്തിലും സന്നദ്ധാടിസ്ഥാനത്തിലുള്ള വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പുവരുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടാകും.

***വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചു.***

671. എല്ലാ സേവനങ്ങളും പൗരന്റെ അവകാശമെന്നത് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. പൗരവകാശരേഖ പ്രസിദ്ധീകരിക്കുക മാത്രമല്ല അതു നടപ്പാക്കിയതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കുമെന്ന് ഉറപ്പുവരുത്തും.

***എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പാക്കി.***

672. സമഗ്ര അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വ) നിയമം പാസ്സാക്കും.

***സമഗ്ര അക്കൗണ്ടബിലിറ്റി നിയമം സംബന്ധിച്ച നടപടികൾ പരിശോധനയിലാണ്.***

## ഭരണനിർവ്വഹണം

673. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാണോ എന്നതു സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തും.

***കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ISO സർട്ടിഫിക്കേഷൻ നേടിക്കഴിഞ്ഞ സാഹചര്യത്തിൽ അവയുടെ തുടർന്നുള്ള സേവനനിലവാരം കാത്തുസൂക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ISO സർട്ടിഫിക്കേഷൻ പ്രക്രിയയുടെ ഭാഗമായി വാർഷികാടിസ്ഥാനത്തിൽ സർവ്വയലൻസ് ഓഡിറ്റ് നടത്തുന്ന പ്രവർത്തനവും കാര്യക്ഷമമായ രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്.***

674. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്കൂൾ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളുടെ സൗകര്യങ്ങളും വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള ഓരോ മേഖലയ്ക്കും ഗുണമേന്മാ സൂചികകൾ നിജപ്പെടുത്തുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവ നേടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

***സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവല്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സൂചികകൾ തയാറാക്കി.***

675. കൈമാറിക്കിട്ടിയ കീഴ്ത്തട്ട് സ്ഥാപനങ്ങളും തദ്ദേശഭരണവും തമ്മിലുള്ള ഇതുവരെയുള്ള അനുഭവങ്ങളെ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ പരിശോധിച്ച് കൂടുതൽ ഏകോപനവും പ്രാദേശിക മുൻകൈയ്യും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും.

***അധികാര വികേന്ദ്രീകരണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടുകയും ഏകോപനം ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്.***

676. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റോഡ് അടക്കമുള്ള ആസ്തി രജിസ്റ്റർ യുദ്ധകാലാടിസ്ഥാനത്തിൽ തയ്യാറാക്കും. മുനിസിപ്പിലാറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും നിക്ഷിപ്തമായിട്ടുള്ള ആറ്, തോട്, റോഡ് പുറംപോക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ ഭൂരജിസ്റ്റർ തയ്യാറാക്കും. തരിശു നിലത്തിന്റെ രജിസ്റ്റർ കൃഷിഭവന്റെ സഹായത്തോടെ തയ്യാറാക്കും.

*എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റോഡ് അടക്കമുള്ള ആസ്തി രജിസ്റ്റർ പുതുക്കി സമഗ്രമാക്കുന്നതിനുള്ള നടപടികളെടുക്കും. തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച പൊതു ആസ്തികൾ ഉൾപ്പെടെ മുഴുവൻ വിവരങ്ങളും 'Geo Tag" ചെയ്തിട്ടുണ്ട്. ഇത്തരം ആസ്തികളുടെ വിവരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിന്റെ ഭാഗമാക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.*

## ഇ–ഗവേണൻസ്

677. ഇ-ഗവേണൻസിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഇന്റർനെറ്റ് കണക്ടിവിറ്റി വഴി എല്ലാ പഞ്ചായത്തുകളെയും ബന്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള വിവിധ സേവനങ്ങളുടെ സോഫ്ടുവെയറുകളെല്ലാം ഏകോപിപ്പിച്ച് ഒറ്റവിവരവ്യൂഹമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കും. എല്ലാ സർട്ടിഫിക്കറ്റുകളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കും.

*കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും 2022 ഏപ്രിലിൽ സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായം (ILGMS) നടപ്പാക്കി. 250 സേവനങ്ങൾ ഇതിലൂടെ ഓൺലൈൻ ആയി ജനങ്ങൾക്ക് ലഭിക്കുന്നു. ഓൺലൈൻ ആയി ഫീസടക്കാം. അപേക്ഷകൾക്ക് കൈപ്പറ്റ് രശീതി നൽകുന്നു. നിശ്ചിത സമയത്തിനകം സേവനവും ലഭിക്കുന്നു. ഫയലിന്റെ സ്ഥിതി ഓൺലൈൻ ആയി അപ്പപ്പോൾ അറിയാൻ കഴിയും. മന്ത്രിക്കും ഉന്നത ഉദ്യോഗസ്ഥർക്കും ഓരോ ഫയലിന്റെയും സ്ഥിതി ഓൺലൈൻ ആയി പരിശോധിക്കാം. നൽകിയ അപേക്ഷയിലെ തെറ്റുകൾ ജനങ്ങൾക്ക് ഓൺലൈൻ ആയി തിരുത്താം. ഓരോ അപേക്ഷയോടുമൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് ആദ്യം തന്നെ അറിയാൻ കഴിയും. ILGMS വഴി ഇതുവരെ ലഭിച്ച 10405153 ഫയലുകളിൽ 9254916 ഫയലുകൾ തീർപ്പാക്കി(88.9 ശതമാനം).*

## നീർത്തടാധിഷ്ഠിത ആസൂത്രണം

678. ജനകീയാസൂത്രണകാലം മുതൽ പറഞ്ഞുവരുന്നതാണെങ്കിലും നീർത്തടാധിഷ്ഠിത ആസൂത്രണം ഇതുവരെ നടപ്പാക്കാനായിട്ടില്ല.

അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഈ അലംഭാവത്തിനു നൽകേണ്ടി വരുന്ന വിലയെക്കുറിച്ച് സദാ ഓർമ്മിപ്പിക്കുന്നു. കാട്ടാക്കട -തളിപ്പറമ്പ് മാതൃകയിൽ നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ കാമ്പയിൻ സംഘടിപ്പിക്കും.

***മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും സംയുക്ത സംരംഭമായി നീരുരവ് പദ്ധതിയിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഗ്രാമ പഞ്ചായത്തുകളിലും സമഗ്ര നീർത്തട പ്ലാൻ തയാറാക്കിയിട്ടുണ്ട്. ഏപ്രിൽ 30ന് ഇത് പൂർത്തീകരിക്കും.***

679. നിലവിൽ നല്ലൊരുപങ്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലും വ്യത്യസ്ത ഏജൻസികൾ തയ്യാറാക്കിയ നീർത്തട വികസന റിപ്പോർട്ടുകൾ നിലവിലുണ്ട്. അവയെ ഈ കാമ്പയിനിന് പൂർണ്ണമായും ഉപ യോഗപ്പെടുത്തണം. കില, ലാൻഡ് യൂസ് ബോർഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, മണ്ണ് ജലസംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെയെല്ലാം ഏകോപനമുണ്ടാകണം.

***കാമ്പയിനുകൾ പ്രാദേശിക തലത്തിൽ ആരംഭിച്ചിട്ടുണ്ട്.***

680. വിവിധവകുപ്പുകളുടെയും ഏജൻസികളുടെയും നീർത്തട സ്കീമുകൾ ഭാവിയിൽ ഈ അടിസ്ഥാനരേഖയെ ആസ്പദമാക്കിവേണം. ഇതിന് ഉതകുന്ന രീതിയിൽ എല്ലാവരും പങ്കാളികളായിക്കൊണ്ടുവേണം ഈ നീർത്തട രേഖകൾ തയ്യാറാക്കാൻ.

***എൻ ആർ ഇ ജി എസുമായി ചേർന്ന് കില നീർത്തട രേഖകൾ തയാറാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.***

681. കൊവിഡ് കടന്നുവന്നതുമൂലം പ്രാദേശിക ദുരന്തനിവാരണ റിപ്പോർട്ടുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നീർത്തട വികസന രേഖയ്ക്കു വേണ്ടി ശേഖരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമാക്കുന്നതിന് ഒരു കർമ്മസമിതിയെ നിയോഗിക്കേണ്ടതാണ്.

***Disaster Management Plan ൽ പുതുക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.***

682. 50000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കും. ഇതിനായി തൊഴിലുറപ്പു പദ്ധതിയെ ഉപയോഗപ്പെടുത്തും.

***ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15119 കിലോമീറ്റർ നീർച്ചാലുകളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി 84.11 ലക്ഷം ചതുരശ്ര മീറ്റർ പ്രദേശത്ത് കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനം നടത്തിയിട്ടുണ്ട്.***

683. പച്ചത്തുരുത്തുകളുടെ വിസ്തൃതി 529 ഏക്കറിൽ നിന്നും 5000

ഏക്കറിലേയ്ക്ക് വ്യാപിപ്പിക്കും.

***പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് വ്യാപകമായി സ്ഥാപിച്ചു തുടങ്ങി. പച്ചത്തുരുത്തുകളുടെ വിസ്തീർണം 779 ഏക്കറായി വർധിപ്പിച്ചിട്ടുണ്ട്.***

684. 5000 ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കും,

***ഇതിനകം 1434 ഹരിതസമൃദ്ധി വാർഡുകൾ പ്രഖ്യാപിച്ചു.***

685. എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കും,

ഇതിനകം 166 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണതാ പരിശോധനാ ലാബുകൾ സ്ഥാപിച്ചു. 313 സ്കൂളുകളിൽ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

686. മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റിനു രൂപം നൽകും. എല്ലാ വലിയ കുളങ്ങളും മാതൃകാപരമായി വെട്ടി വൃത്തിയാക്കി പുനരുജ്ജീവിപ്പിക്കും.

***95 ഗ്രാമ പഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുകളിലുമായി 110 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയാറാക്കി.***

## ശുചിത്വ കേരളം

687. 2021–22ൽ വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ ശുചിത്വ പദവിയിലേയ്ക്കു നീങ്ങാൻ കഴിയണം.

***ഉറവിട മാലിന്യസംസ്കരണ രീതികളുടെ പ്രോത്സാഹനാർത്ഥം ഗാർഹിക തലത്തിൽ 2,350 ബയോഗ്യാസ് പ്ലാന്റുകളും 45,700 കമ്പോസ്റ്റിംഗ് ഉപാധികളും സ്ഥാപിച്ചു. 5 കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും 14 കമ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും, 1352 സ്ഥാപനതല കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. അജൈവമാലിന്യം ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനായി നാളിതുവരെ 1162 എം.സി.എഫുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി സജ്ജമായി. അജൈവ മാലിന്യങ്ങളിൽ നിന്ന് വിഭവ വീണ്ടെടുപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 264 റിസോഴ്സ് റിക്കവറി സെൻററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. 1,034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി പാഴ്‌വസ്തു ശേഖരണത്തിനായി ഹരിതകർമ്മ സേന രൂപീകരിച്ചു. ഇവരുടെ സേവനം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മുഴുവൻ വീടുകളിലേക്കും സ്ഥാപങ്ങളിലേക്കും കൃത്യമായ ഇടവേളകളിൽ മുടക്കം കൂടാതെ എത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.***

688. 501 പഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്ക്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വ മാനദണ്ഡ പദവിയിൽ എത്തിക്കും.

***ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ 715 ഗ്രാമ പഞ്ചായത്തുകളും 71 മുനിസിപ്പാലിറ്റികളും, 3 കോർപ്പറേഷനുകളും ഉൾപ്പെടെ ഉൾപ്പെടെ 789 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ശുചിത്വ പദവി നൽകി. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടി ശുചിത്വപദവിയിലേയ്ക്ക് എത്തുന്നതിലേയ്ക്കായി പ്രവർത്തനാവസ്ഥ മെച്ചപ്പെടുത്തി. ഇത് പരിശോധിച്ച് അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ശുചിത്വപദവി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ അവലോകന സമിതികൾ രൂപീകരിച്ച് നേരിട്ടുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ കൃത്യമായി പുരോഗതി കൈവരിച്ച 14 ഗ്രാമപഞ്ചായത്തുകൾക്കും 11 ന ഗരസഭകൾക്കും നവകേരളം പുരസ്കാരം നൽകി. 51 ഗ്രാമപഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്ക്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്.***

***തദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള ഒരു ദേശീയ എക്സ്പോ 2023 ഫെബ്രു: 4, 5, 6 തിയതികളിൽ ശുചിത്വ മിഷൻ സംഘടിപ്പിച്ചു. തദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകർമ്മസേനാ പ്രതിനിധികൾ, തുടങ്ങിയ വിഭാഗങ്ങളിൽ നിന്നും 21,000 പേരാണ് പങ്കെടുത്തത്.***

689. വടകര-കുന്നംകുളം-തളിപ്പറമ്പ് മാതൃകയിൽ സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യസംഭരണവും വേർതിരിക്കലും സംസ്ക്കരിച്ച് വിപണനം നടത്തലുമാണ് ലക്ഷ്യം. അപ് സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.

***ഹരിതകേരളം മിഷൻ മുഖേന ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അപ് സൈക്കിൾ, റീ സൈക്കിൾ ഉല്പ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50% ഇത്തരം ഉല്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.***

690. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം (Disposable free Kerala) നടപ്പാക്കും.

***'വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം' ക്യാമ്പയിൻ ജനുവരി 26 ന് ആരംഭിച്ചു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളേയും വലിച്ചെറിയൽ മുക്ത ക്യാമ്പയിനും സമന്വയിപ്പിച്ചുകൊണ്ടുള്ള സർക്കാരിന്റെ***

*സമഗ്ര മാർഗ്ഗരേഖ പുറത്തിറക്കി. പൊതുഇടങ്ങൾ മാലിന്യമുക്തമാക്കൽ, ജലാശയങ്ങളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ എന്നിവ ജൂൺ 5 ന് കൈവരിക്കുന്നതിനുള്ള ക്യാമ്പയിനാണ് ആരംഭിച്ചിട്ടുള്ളത്. മെയ് 15 ന് ശേഷം വലിച്ചെറിയൽ മുക്ത വാർഡുകളുടെ പ്രഖ്യാപനം ആരംഭിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. വലിച്ചെറിയൽ ഒഴിവാക്കി മുഴുവൻ ഉറവിടങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. എങ്കിലും നൂറ് ശതമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള പാഴ്വസ്തു ശേഖരണം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനായുള്ള നടപടികൾ ശക്തിപ്പെടുത്തി ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഹരിതകർമ്മ സേന പ്രവർത്തനം ആരംഭിക്കാത്ത സ്ഥലങ്ങളിൽ ആയത് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ബ്രഹ്മപുരം തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ 2024 മാർച്ച 31 നകം കേരളത്തെ മാലിന്യ മുക്തമാക്കി മാറ്റാനുള്ള ദ്രുതഗതിയിലുള്ള ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്. ഉറവിടമാലിന്യ സംസ്കരണ രീതികളുടെ പ്രോത്സാഹനാർത്ഥം ഗാർഹിക തലത്തിൽ 17,178 ബയോഗ്യാസ് പ്ലാന്റുകളും 5,97,695 കമ്പോസ്റ്റിംഗ് ഉപാധികളും സ്ഥാപിച്ചു. 20 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറുകളും 210 കമ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളും, 2,870 സ്ഥാപനതല കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. അജൈവമാലിന്യം ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുന്നതിനായി നാളിതുവരെ 1,066 സ്ഥിരം എം.സി.എഫുകളും അജൈവമാലിന്യങ്ങൾ നിന്ന് വിഭവ വീണ്ടെടുപ്പിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 179 സ്ഥിരം റിസോഴ്സ് റിക്കവറി സെൻററുകളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി സ്ഥാപിച്ച് പ്രവർത്തന സജ്ജമായി (2022-23 മാർച്ച് മാസത്തെ കണക്ക് പ്രകാരം). 1,034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി പാഴ്വസ്തു ശേഖരണത്തിനായി ഹരിതകർമ്മ സേന പ്രവർത്തിച്ചുവരുന്നു.*

691. 2025 ഓടെ സെപ്റ്റേജ് മാലിന്യം ഉൾപ്പടെ ദ്രവമാലിന്യ സംസ്ക്കരണം എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും നടപ്പാക്കും.

*നിലവിൽ ഒരു ജില്ലയിൽ 2 വീതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ദ്രവമാലിന്യ പദ്ധതികൾ(FSTP) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആശുപത്രികൾ, മാർക്കറ്റുകൾ, ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ ഉൾപ്പെടെ സ്ഥാപനതലത്തിലും സാമൂഹ്യതലത്തിലുമായി വികേന്ദ്രീകൃത പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ ശുചിത്വ കേരളം ഫണ്ട് ഉപയോഗിച്ച് 2021 ന് ശേഷം 2 സ്ഥാപനതല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തിയാക്കി. കൂടാതെ 6 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. SBM(G) പദ്ധതിയിലുൾപ്പെടുത്തി ഒരു ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കക്കൂസ് മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് തെളിനീരൊഴുകും നവകേരളം, മലംഭൂതം എന്നീ രണ്ട് ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്.*

692. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും.

***സ്വകാര്യ സംരംഭകരുടെ സഹായത്തോടെ സംസ്ഥാനത്തെ കോഴി അറവു മാലിന്യം മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനായി സർക്കാർ തലത്തിൽ ഒരു മാർഗ്ഗരേഖ തയാറാക്കുകയും അത് പ്രകാരം 10 ജില്ലകളിലായി 40 റെൻഡറിങ് പ്ലാന്റുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിച്ച് കോഴി-അറവ് മാലിന്യമുക്ത സംസ്ഥാനമാക്കി 2022-23 സാമ്പത്തിക വർഷം അവസാനത്തോടെ കേരളത്തെ മാറ്റുന്നതിന് ലക്ഷ്യമിടുന്നു.***

693. സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും.

***2021 ജനുവരി 26 ന് 11115 സർക്കാർ ഓഫീസുകൾ ഗ്രീൻ ഓഫീസായി ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പ്രഖ്യാപിച്ചു. ഇത് നിലനിർത്തുന്നതിനും സർക്കാർ ഓഫിസുകൾ വൃത്തിയുള്ള മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും ഒരു പ്രത്യേക കാമ്പെയിൻ 2024 ഏപ്രിൽ 30 നു ആരംഭിക്കുകയും മെയ് 15നു പൂർത്തിയാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

694. ദേശീയ, സംസ്ഥാന പാതയ്ക്ക് അരികിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകൾ പോലുള്ള കേന്ദ്രങ്ങളുടെ സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ



2022 ഓടെ സമ്പൂർണമാക്കും. ഇവ സ്ത്രീ സൗഹൃദപരവും പരിസ്ഥിതി സൗഹൃദപരവുമാണെന്ന് ഉറപ്പു വരുത്തും.

***ഉന്നത ശുചിത്വനിലവാരവും വിശ്രമസൗകര്യങ്ങളും, കോഫി ഷോപ്പുകളും ഉൾപ്പെടുന്ന വിശ്രമ കേന്ദ്രങ്ങൾ 'ടേക്ക് എ ബ്രേക്ക്' എന്ന പേരിൽ സ്ഥാപിക്കുന്നതിന് ശുചിത്വമിഷനിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കി. ഇതനുസരിച്ച് ആകെ 862 ടോയ്‌ലറ്റ് കോംപ്ലക്സുകൾ ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ 483 പദ്ധതികളുടെ പണി പുരോഗമിച്ചു വരുന്നു. പൊതുജനങ്ങൾക്ക് യാത്രാവേളയിലും മറ്റും ഇവ എളുപ്പത്തിൽ കണ്ടെത്തുന്നതിനായി ഓൺലൈൻ ട്രാക്കിംഗ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ ടോയലറ്റ് കോപ്ലക്സുകളുടെ പരിപാലന ചുമതല തദ്ദേശസ്ഥാപനതലത്തിലെ കുടുംബശ്രീ യുണിറ്റുകളാണ് നിർവ്വഹിക്കുന്നത്.***

695. ഹരിതകർമ്മ സേനകൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് തുടർന്നും നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടാകം. ജൈവവളം ഹരിതമിത്രം ബ്രാൻഡിൽ വിപണിയിലിറക്കും.

***ഹരിതകർമ്മ സേന രൂപീകരിക്കുന്ന തീയതി മുതൽ ഒന്നര വർഷം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമസേനകൾക്ക് വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് നികത്തുന്നതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിന് സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. ജൈവവളം ബ്രാൻഡ് ചെയ്തു വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ മിഷൻറെ നേതൃത്വത്തിൽ നടക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉല്പാദിപ്പിക്കുന്ന ജൈവവളം ഏകീകൃത ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനായി വളത്തിന്റെ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.***

696. റീജിയണൽ ലാന്റ് ഫില്ലുകളുടെ എണ്ണം വർദ്ധിപ്പിക്കും. മെഡിക്കൽ കോളേജ്, ജില്ലാ-താലൂക്ക് ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

***കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ നേതൃത്വത്തിൽ സാനിറ്ററി മാലിന്യങ്ങൾക്കും ബയോ മെഡിക്കൽ മാലിന്യങ്ങൾക്കുമുള്ള പരിപാലന സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പ്രവർത്തനം ആരംഭിച്ചു. ഇതിന് പുറമെ KSWMP പദ്ധതിയുടെ ഭാഗമായി സയന്റിഫിക് ലാൻഡ്ഫിൽ കേന്ദ്രങ്ങളും ബയോ മെഡിക്കൽ വേസ്റ്റ് പരിപാലന സംവിധാനങ്ങളും കൂടുതലായി സജ്ജമാക്കുന്നതിനുള്ള ആസൂത്രണം നടക്കുന്നു. അഞ്ച് ലാൻഡ് ഫില്ലുകളാണ് ലക്ഷ്യം. അമ്പലമേട്(എറണാകുളം), ചീമേനി(കാസർഗോഡ്) എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ബാക്കി മൂന്നിടങ്ങളിൽ സ്വകാര്യ സ്ഥലം ലഭ്യമാണോ എന്ന് അന്വേഷിച്ച് പത്രപരസ്യം നൽകി.***

697. മോഡൽ കൺസ്ട്രക്ഷൻ ആന്റ് ഡിമോളിംഷ് വേസ്റ്റ് റിക്കവറീ സെന്ററുകൾ സ്ഥാപിക്കും.

***2016 ലെ കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ് റൂൾ പ്രകാരം സംസ്ഥാനത്തു കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് G.O.(Ms)No.168/2022/LSGD Dated,Thiruvananthapuram, 30-07-2022 പ്രകാരം മാർഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.***

698. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം ഉറപ്പാക്കും.

***തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി കിഫ്ബി ഫണ്ട് വിനിയോഗിച്ചു ഇമ്പാക്ട് കേരള എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന പൊതുശ്മശാന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി പുരോഗമിക്കുന്നു. ഇതിനോടകം 12 പദ്ധതികളുടെ ഡിപിആർ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അവയ്ക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടറിംഗ് നടപടി പൂർത്തിയാക്കി നിർമ്മാണത്തിലേയ്ക്ക് കടക്കുന്നതാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ശുചിത്വമിഷൻ സാങ്കേതിക സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കി വരുന്നു.***

699. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങൾക്ക് ഗ്രീൻ സർട്ടിഫിക്കേഷൻ. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്തുകൾ 2000 ഏക്കറിലേക്ക് വ്യാപിപ്പിക്കും.

***ഗ്രീൻ ഓഡിറ്റിംഗിനുള്ള കരട് മാർഗരേഖ തയ്യാറായിട്ടുണ്ട്. സർക്കാർ ഓഫിസുകൾക്കു ഗ്രീൻ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രോട്ടോകോൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.***

## നഗരവികസനം

700. അതിവേഗത്തിൽ നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ അതനുസരിച്ചുള്ള ആസൂത്രിതമായ പരിഗണന നഗരവികസന മേഖലയ്ക്ക് ലഭിച്ചിട്ടില്ല. അമൃത് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. നഗരങ്ങൾക്കുള്ള ലോകബാങ്കിന്റെ ശുചിത്വപരിപാടി, ഫിനാൻസ് കമ്മിഷന്റെ പ്രത്യേക ധനസഹായം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്തും. മുൻസിപ്പിലാറ്റിയുടെ പെൻഷൻ പ്രതിസന്ധിയ്ക്ക് പരിഹാരം കാണും. എല്ലാ നഗരങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.

***കേരളത്തിന്റെ നഗരവല്കരണത്തിന്റെ സവിശേഷത ഉൾക്കൊണ്ടുള്ള നഗരനയം രൂപീകരിക്കാൻ നടപടി ആരംഭിച്ചു. അമൃത് 1 പദ്ധതിയിൽ ഒൻപത് നഗരങ്ങളിലായി 2033 കോടി രൂപ അടങ്കലുള്ള 1,012 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 874 പദ്ധതികൾ പൂർത്തീകരിച്ചു. 1,591 കോടി രൂപ ചെലവഴിച്ചു. പുരോഗതി ശതമാനം: 69.***

***ലോക ബാങ്കിന്റെ ധനസഹായത്തോടെ കേരളത്തിലെ നഗരസഭകളിൽ നടപ്പാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതിയാണ് 'കേരള ഖരമാലിന്യ പരിപാലന പദ്ധതി'. 2400 കോടി രൂപയാണ് അടങ്കൽ. 2021ൽ ആരംഭിച്ച പദ്ധതി 2027ൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. നഗരസഭകളിലെ മാസ്റ്റർ പ്ലാൻ തയാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. 23 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചു. 22 മാസ്റ്റർ പ്ലാനുകൾ  തയാറായിവരുന്നു. മറ്റുള്ളവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്.***

# VIII

# കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കും

701. നീർത്തട അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണത്തിനും കൃഷി പരിപാലനത്തിനും സമഗ്രമായ പദ്ധതികൾ ജനകീയ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ രൂപം നൽകലാണ് പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സര പദ്ധതി തയ്യാറെടുപ്പിന്റെ മുഖ്യ പ്ര വർത്തനം. ഇതിന്റെ അടിസ്ഥാനത്തിൽ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും വൃഷ്ടി പ്രദേശത്തെ ഖരജല മാലിന്യ സംസ്കരണത്തിനും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കും.

***വനം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുമായി ഏകോപനം നടത്തി ഹരിത കേരളമിഷന്റെ ആഭിമുഖ്യത്തിൽ പരിപാടികൾ നടപ്പാക്കിവരുന്നു. ജലാശയങ്ങൾ വൃത്തിയാക്കാനും നദികളുടെ സ്വാഭാവിക നീരൊഴുക്ക് ഉറപ്പാക്കാനുള്ള പരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരികയാണ്. വന സംരക്ഷണത്തിനായുള്ള നയം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. ഇതുവഴി സ്വാഭാവിക വനത്തിന്റെ പുനസ്ഥാപനമാണ് സംസ്ഥാനത്ത് പ്രാവർത്തികമാക്കിവരുന്നത്.***

702. പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിഷ്കരിക്കുകയും അടുത്ത അഞ്ച് വർഷം കൊണ്ടു നേടേണ്ട വൈവിധ്യ പോഷണത്തിനുള്ള പ്രാദേശിക പരിപാടി തയ്യാറാക്കുകയും ചെയ്യും.

***1,034 ജൈവവൈവിധ്യ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബിഎംസികൾ പൂർത്തീകരിച്ചു. പ്രാദേശിക കർമ്മ പരിപാടി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഫലവൃക്ഷ, ഔഷധ സസ്യ വ്യാപനത്തിലൂടെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. 11 ജൈവ വൈവിധ്യ ഉദ്യാനങ്ങളുടെ നിർമ്മാണം നടപ്പിലാവുന്നു. 7,800 കസ്റ്റോഡിയൻ കർഷകർക്ക് സാമ്പത്തിക സഹായം നൽകി.***

705. നിയമവിരുദ്ധ നിലം നികത്തലുകൾക്ക് നേരെ കർശന നടപടിയെടുക്കും. ഭൂപരിധി നിയമം ബിനാമി ഇടപാടുകളിലൂടെ ലംഘിക്കുന്നതിന് തടയിടും.

***നിയമവിരുദ്ധ നിലം നികത്തലിനെതിരെ കർശന നടപടികൾ സ്വീകരിച്ച് മുന്നോട്ടു പോകുന്നു. ഭൂപരിധി നിയമം ലംഘിച്ച് ഭൂമി കൈവശം വയ്ക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ച ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക്***

*വിതരണം ചെയ്യുന്നതിനുമായി യുണീക്ക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കി. ആധാർ നമ്പരുമായി ബന്ധിപ്പിച്ചിട്ടുള്ള ഈ സംവിധാനത്തിലൂടെ ഒരാളിന്റെ പേരിൽ കേരളത്തിൽ എവിടെ ഭൂമി ഉണ്ടായിരുന്നാലും അതെല്ലാം ഒറ്റ തണ്ടപ്പേരിൽ ലഭ്യമാകും.*

*അർഹരായ മുഴുവൻ പേർക്കും പട്ടയം നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനായി ഒരു പട്ടയമിഷൻ പ്രഖ്യാപിച്ച് നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നു. ഒരു വർഷത്തിനുള്ളിൽ അരലക്ഷത്തിലേറെ പട്ടയം വിതരണം ചെയ്യാനായി. രണ്ടാം വർഷത്തിൽ 40,000 പട്ടയങ്ങൾ കൂടി വിതരണത്തിന് സജ്ജമായി വരുന്നു.*

706. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ പശ്ചിമഘട്ടത്തിനു സുപ്രധാന സ്ഥാനമുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും. ഇതിനൊരു മാതൃകയാവും ഇടുക്കി, വയനാട് പാക്കേജുകൾ.

*ഇടുക്കി, വയനാട് പാക്കേജുകളിലെ നിർദ്ദേശങ്ങളിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് മറ്റു വകുപ്പുകളുമായി ഏകോപിതമായ രീതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.*

707. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

*ബോർഡിൻറെ നിയമനച്ചട്ടങ്ങൾ രൂപീകരിക്കുകയും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. സാങ്കേതികവിഭാഗം തസ്തികകളിൽ അടക്കം എംപ്ലോയിമെൻറ് എക്സ്ചേഞ്ച് വഴി കരാർ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലെ ഒഴിവുകൾ നികത്തി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്.*

## ഇ–വാഹന നയം

709. കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോറിക്ഷകൾ ഉൽപ്പാദിപ്പിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്തു തുടങ്ങി. ഇ-ഓട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കും.

*സർക്കാരിന്റെ ഇലക്ട്രിക് നയത്തിന്റെ ഭാഗമായി ഇലക്ട്രിക് ഓട്ടോ റിക്ഷകൾക്ക് അവയുടെ വിലയുടെ 25% തുക പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. 10,000 ഓട്ടോറിക്ഷാകൾക്കാണ് സബ്സിഡി നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിൻ പ്രകാരം 01/04/2019-ൽ പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ 31/03/2023 വരെ 3,920 ഇലക്ട്രിക് ഓട്ടോ റിക്ഷകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അവയിൽ 2,597 വാഹനയുടമകൾക്ക് നാളിതുവരെ സബ്സിഡി നൽകിയിട്ടുണ്ട്.*

710. വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിലുടനീളം കെ.എസ്.ഇ.ബി സ്ഥാപിക്കും.

***കേരളത്തിൽ ഇ-മൊബൈലിറ്റി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 77 എണ്ണം ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ KSEBL ഉം അനർട്ടും ചേർന്ന് പൂർത്തിയാക്കി. 1166 എണ്ണം പോൾ മൗണ്ടഡ് സ്റ്റേഷനുകൾ KSEBL-ന്റെ നേതൃത്വത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. വിവിധയിനം വാഹനങ്ങൾ ചാർജ് ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് ഏകീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ ആണ്.***

711. സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി.യിലേയ്ക്ക് പൂർണ്ണമായി കിഫ്ബി ധന സഹായത്തോടെ മാറ്റും. വൈദ്യുതി ചെലവിൽ വരുന്ന ലാഭത്തിൽ നിന്ന് ഏതാനും വർഷങ്ങൾകൊണ്ട് തുക കിഫ്ബിക്ക് തിരിച്ചടയ്ക്കും.

***നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി 3,62,787 തെരുവ് വിളക്കുകൾ LEDയിലേക്ക് മാറ്റുവാൻ കഴിഞ്ഞു.***

714. നിലവിലുള്ള ഓട്ടോറിക്ഷകൾ, ടാക്സികൾ ഗ്യാസിലേയ്ക്കു മാറ്റുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി പമ്പുകളിൽ ഗ്യാസ് ലഭ്യമാക്കും.

***ഈ സർക്കാരിന്റെ ആദ്യ വർഷം 9 ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) സിഎൻജി സ്റ്റേഷൻ വഴി ഗ്യാസ് ലഭ്യമാക്കാനായിട്ടുണ്ട്. എല്ലാ ജില്ലകളിലും സിഎൻജി സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.***

715. സൈക്കിൾ ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. റോഡുകളിൽ സൈക്കിൾട്രാക്കുകൾ സ്ഥാപിക്കും. ഒഴിവു ദിവസങ്ങളിൽ ചില റോഡുകൾ സൈക്കിളിനും കാൽനടയാത്രക്കാർക്കും മാത്രമായി റിസർവ്വ് ചെയ്യും. സൈക്കിൾ വാങ്ങുന്നതിന് ഉദാരമായ വായ്പ ലഭ്യമാക്കും. സൈക്കിൾ ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കും. വർഷത്തിൽ ഒരുദിവസം സൈക്കിളിംഗ് ദിനമായി ആചരിക്കുകയും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ വിപുലമായ റിലേ സൈക്കിളിംഗ് സംഘടിപ്പിക്കുകയും ചെയ്യും.

***തീരദേശ ഹൈവേയുടെ ഭാഗമായി സൈക്കിൾ ട്രാക്കുകൾ നിർമ്മാണത്തിലാണ്.***

## നിർമ്മാണ പ്രവൃത്തികൾ

717. പരിസ്ഥിതി സൗഹൃദമായ കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം രൂപീകരിക്കും. ഊർജ്ജ ദുർവ്യയം ഒഴിവാക്കുന്നതിനും

ജലസംരക്ഷണത്തിനും പരിസ്ഥിതി സൗഹൃദമായ നിർമ്മാണരീതികൾ അവലംബിക്കുന്നതിനും കൃത്യമായ മാനദണ്ഡങ്ങൾക്കു രൂപം നൽകും.

***കൃത്യമായ മാനദണ്ഡങ്ങൾക്ക് രൂപം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.***

718. പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് നികുതിയിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും പ്രാദേശിക കെട്ടിട നികുതിയിലും വൈദ്യുതി താരിഫിലും ഇളവുകൾ നൽകും.

***മന്ത്രിസഭയുടെ അംഗീകാരത്തോടെ പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾക്ക് ഗ്രീൻ റിബേറ്റ് നൽകാനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.***

719. പാറഖനനമടക്കം കേരളത്തിന്റെ ഖനിജങ്ങൾ പൊതുഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണ സംവിധാനം കൊണ്ടുവരികയും ചെയ്യും.

***മൈനിംഗുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും പൂർണ്ണമായും ഇ - ഓഫീസിലേക്ക് മാറാൻ നടപടി തുടങ്ങി. എല്ലാ അനുമതികളും ഓൺലൈൻ വഴിയാക്കും. നൽകിയ അനുമതികളുടെ മുഴുവൻ വിവരങ്ങളും വെബ് സൈറ്റിൽ നൽകും.***

720. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിത ഉൽപാദനത്തിനുവേണ്ടി കരിമണൽ ഖനനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

***KMMLന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി രൂപീകരണ നടപടികൾ പുരോഗമിക്കുന്നു***

## വനം

721. വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്നതിനുമുള്ള പദ്ധതി ഊർജ്ജിതമായി നടപ്പാക്കി. അടുത്ത അഞ്ചു വർഷംകൊണ്ട് മുഴുവൻ ജണ്ടകളും കെട്ടിത്തീർക്കും. ഇതോടെ അതിർത്തിത്തർക്കങ്ങൾ ഒഴിവാക്കാനും സ്വകാര്യ ഭൂമിക്ക് എൻ.ഒ.സി ന ൽകാനും കഴിയും. വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്ത് രേഖപ്പെടുത്തും.

***ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിൻറെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

722. വനമേഖലയിലെ കാമ്പ് മേഖലകൾ അസ്പർശിത ഉൾവനങ്ങളായി നിലനിർത്തും.

*സ്വാഭാവിക വനത്തിന് ദോഷകരമാണ് എന്ന് കണ്ടെത്തിയതിനാലും വന്യജീവികളുടെ ആവാസവ്യവസ്ഥയെ ബാധിക്കുന്നതു മൂലവും ജനവാസ മേഖലയിലേക്ക് അവ ഇറങ്ങുന്നതിന് കാരണമാകുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്നും അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്തു വരുന്നു. തദ്ദേശീയ ഇനങ്ങളായ സസ്യങ്ങൾ മാത്രം നട്ടു പിടിപ്പിക്കുകയും തടയണകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ച് വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.*

723. തടി ആവശ്യം നിറേവറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കും. വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുകയും ചെയ്യും.

*നല്ലയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വനേതര പ്രദേശങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനും അവയുടെ പരിപാലന പ്രവർത്തനങ്ങൾക്കുമായി വനം വകുപ്പും തദ്ദേശ സ്വയം ഭരണവകുപ്പും സംയുക്തമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വൃക്ഷ സമൃദ്ധി എന്ന പദ്ധതി നടപ്പിലാക്കി.*

724. വനങ്ങൾക്ക് പുറമേ കണ്ടൽക്കാടുകൾ, കാവുകൾ, നദീതീരസ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയുമൊക്കെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

*ഇതിനാവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പിൻറെ വൃക്ഷസമൃദ്ധി പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേനയും നടപ്പിലാക്കിവരുന്നു. സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം നയരേഖ പ്രസിദ്ധപ്പെടുത്തി. ഈ നയരേഖയുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്.*

*കണ്ടൽക്കാടുകൾ, കാവുകൾ, നദീതീര സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹക പ്രദേശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും അനുയോജ്യമായ വൃക്ഷത്തൈകളും മുള, ഈറ തുടങ്ങിയവയും പൊതുജനപങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുകയും പ രിപാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതിനാവശ്യമായ വൃക്ഷത്തൈകൾ വനം വകുപ്പിൻറെ വൃക്ഷസമൃദ്ധി പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സാമൂഹ്യവനവത്ക്കരണ വിഭാഗം മുഖേനയും നടപ്പിലാക്കി വരുന്നു. സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം നയരേഖ തയ്യാറാക്കി നടപ്പിലാക്കി വരികയാണ്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള വിവിധ സംരക്ഷണ പരിപാടികൾ ഈ നയരേഖ പ്രകാരം കൃത്യമായ ആസുത്രണത്തോടെ തുടരുന്നതാണ്.*

725. മൃഗങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് അലർട്ട് സിസ്റ്റം

വ്യാപമാക്കും. ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമമാക്കും. കൂടുതൽ ഫോറസ്റ്റ് മിനി ടെണ്ടർ വാഹനങ്ങൾ ലഭ്യമാക്കും.

*സംസ്ഥാനത്തെ ബ്ലോക്കുകളാക്കി തിരിച്ച് കാട്ടുതീ പടരാൻ സാധ്യതയുള്ള പ്രദേശങ്ങളെ കൃത്യമായ നിരീക്ഷണത്തിൽ കൊണ്ടുവരികയും ബീറ്റ് ഫോറസ്റ്റ് ഓഫീസർ വരെയുള്ളവർക്ക് അലർട്ട് ലഭിക്കുംവിധം ഊർജ്ജിതമായ ഫയർമാനേജ്മെൻറ് സംവിധാനം നടപ്പിലാക്കി. സാങ്കേതികവും ഫലപ്രദവുമായ ഫയർ മാനേജ്മെൻറ് സിസ്റ്റം നടപ്പിലാക്കിയതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാട്ടുതീ പടരുന്നത് ഗണ്യമായി കുറഞ്ഞു. സംസ്ഥാനത്തെ ബ്ളോക്കുകളാക്കി തിരിച്ച് തീ പടരാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളെ കൃത്യതയാർന്ന നിരീക്ഷണത്തിനു കീഴിൽ കൊണ്ടുവരികയും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ വരെയുള്ളവർക്ക് അലർട്ട് ലഭിക്കും വിധം ഊർജ്ജിതമായ ഫയർ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കി. കാട്ടുതീയുടെ തീവ്രതയനുസരിച്ച് വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ ചുമതല നിർവ്വഹിക്കുംവിധം ഇൻസിഡൻറ് കമാൻഡ് സിസ്റ്റം രൂപപ്പെടുത്തി. ഇതിൻറെ അടിസ്ഥാനത്തിൽ വനം ആസ്ഥാനം കേന്ദ്രീകരിച്ച് 24x7 ഫയർ അലർട്ട് സിസ്റ്റം പ്രവർത്തിച്ചുവരുന്നു. ജി.ഐ.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് കാട്ടുതീ പ്രതിരോധത്തിന് ഉപയോഗപ്പെടുത്തുന്ന റിസോഴ്സ് മാപ്പിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.*

726. വന്യജീവി ആക്രമണങ്ങൾ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീഷണിയായിട്ടുണ്ട്.ഈ സംഘർഷം ലഘൂകരിക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

*കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും നൽകി. മേയ് മാസത്തിൽ അവസാനിക്കുന്ന ഈ ഉത്തരവിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. ജനവാസ മേഖലയിലിറങ്ങി കൃഷി നശിപ്പിക്കുകയും മനുഷ്യ ജീവന് ഭീഷണിയാകുകയും ചെയ്ത രണ്ട് കട്ടാനകളെ മയക്കുവെടി വെച്ച് പിടികൂടുകയും മൂന്നാമത്തെ ആനയെ കോടതി വിധിയ്ക്ക് വിധേയമായി മാറ്റിപാർപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിച്ചുവരുന്നു. മാനന്തവാടിയിൽ ഒരാളുടെ മരണത്തിന് കാരണമായ കടുവയെ മയക്കുവെടി വെച്ച് പിടികൂടി. വന്യമൃഗ ശല്യം നേരിടുന്നതിന് പൊതുജന പങ്കാളിത്തത്തോടെ പ്രാദേശികമായി ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.*

728. വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഗ്രാന്റീസ് തുടങ്ങിയ പുറം മരങ്ങൾ പിഴുതുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും. ഇതുപോലെ പ്രകൃത്യാ സസ്യജാലങ്ങൾക്ക് ഭീഷണിയായി പെരുകുന്ന പുറംകളകൾ ഇല്ലാതാക്കും. ഉൾക്കാട്ടിൽ താമസിക്കുന്നവർ സന്നദ്ധരെങ്കിൽ അവരെ പുനരധിവസിപ്പിക്കും.

*തദ്ദേശ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി സ്വാഭാവിക വനപുന:സ്ഥാപന നയം 2021-22 സംസ്ഥാനം അംഗീകരിച്ചു. വയനാട് വന്യജീവി സങ്കേതത്തിൽ വ്യാപകമായി കണ്ടുവരുന്ന സെന്ന എന്ന അധിനിവേശ സസ്യത്തെ ഒഴിവാക്കുന്നതിനായി നബാർഡ് - RIDF ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അതുപ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.*

*വിദേശവൃക്ഷ വിളത്തോട്ടങ്ങൾ (അക്കേഷ്യ, യൂക്കാലിപ്റ്റസ്) സ്വാഭാവിക വനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന്റെ സാഹചര്യത്തിൽ തിരുവനന്തപുരം, അച്ചൻകോവിൽ, തെൻമല, മറയൂർ, ചാലക്കുടി, പാലക്കാട് വർക്കിംഗ് പ്ലാനുകളിൽ ഇത്തരത്തിലുള്ള പുന:സ്ഥാപന പ്രവർത്തനങ്ങൾ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്.*

## കുട്ടനാട് പരിസ്ഥിതി പുനഃസ്ഥാപന പാക്കേജ്

729. പരിസ്ഥിതി പുനഃസ്ഥാപനത്തിനും സാമൂഹ്യപശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 2500 കോടി രൂപയുടെ സമഗ്ര വികസന പാക്കേജ് കുട്ടനാട്ടിൽ നടപ്പാക്കും.

*രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.*

730. ജനകീയ ക്യാമ്പയിനിലൂടെ കായൽ ശുചീകരിക്കും. യന്ത്രസഹായത്തോടെ കായൽ ചതുപ്പുകളിലെ ചെളി കട്ടകുത്തി ഉപയോഗപ്പെടുത്തി പുറം ബണ്ടുകൾക്ക് വീതികൂട്ടി സംരക്ഷിക്കുന്നതിനുള്ള ബൃഹത് പദ്ധതി ആവിഷ്കരിക്കും. തോടുകളുടെയും കനാലുകളുടെയും പുനരുദ്ധാരണത്തിനു തൊഴിലുറപ്പു പദ്ധതിയും വലിയ തോതിൽ ഉപയോഗപ്പെടുത്തും.

*കായൽ ശുചീകരണത്തിന്റെ ഭാഗമായി Restoration of Ecosystem of Vemanad Lake and surrounding water bodies leading to the Lake in Aroor LAC Phase 1 - എന്ന പദ്ധതിയിൽ 28.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക് സമർപ്പിച്ചിട്ടുണ്ട്. Comprehensive package for restoration of ecosystem എന്ന പ്ലാൻ ശീർഷകത്തിലെ തുക ആണ് പദ്ധതി നടത്തിപ്പിന് വേണ്ടി ചിലവഴിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണത്തിന്റെ ഭാഗമായി ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം - 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം - 2 എന്നീ രണ്ട് പദ്ധതികൾക്കായി 96.509 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 54.15 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവർത്തികളിൽ ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും, ആഴം കൂട്ടലും*

*കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണവും ആണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. എഗ്രിമെന്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടത്തിലെ പ്രവർത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും, ആലപ്പുഴ-ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 41 കോടി രൂപക്കുള്ള പദ്ധതി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഏകദേശം 16% പണികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങൾക്ക് ചുറ്റുമുള്ള കായലുകളിൽ നിന്നും കനാലുകളിൽ നിന്നും ചെളി നീക്കംചെയ്യൽ പദ്ധതിയ്ക്ക് 160.00 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. വേമ്പനാട് കായലിലെ പഴുക്കനിലക്കായലിന്റെ ശുചീകരണവും ആഴം കൂട്ടലും തിരുവാർപ്പ് പഞ്ചായത്തിലെയും കോട്ടയം മുനിസിപ്പാലിറ്റിയിലെയും ജെ-ബ്ലോക്ക്, എഫ്-ബ്ലോക്ക്, തിരുവായിക്കരി പാടശേഖരങ്ങൾക്കും ചുറ്റും ഔട്ടർ ബണ്ടിന്റെ നിർമ്മാണം എന്ന പദ്ധതിയ്ക്ക് 107.88 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. DPR KIIFB യുടെ വിലയിരുത്തലിലാണ് കിഫ്ബി അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.*

731. കായലിന്റെയും തോടുകളുടെയും ആവാഹശേഷി വർദ്ധിക്കുന്നത് വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും അരൂർ പോലുള്ള പ്രദേശങ്ങളിലെ വേലിയേറ്റ സമയത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും സഹായിക്കും.

*കായൽ ശുചീകരണത്തിന്റെ ഭാഗമായി Restoration of Ecosystem of Vemanad Lake and surrounding water bodies leading to the Lake in Aroor LAC Phase 1 - എന്ന പദ്ധതിയിൽ 28.79 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.*

732. പമ്പ-അച്ചൻകോവിൽ നദികളിലെ ഒഴുക്ക് സുഗമമാക്കുന്നതിനായി ലീഡിംഗ് ചാനലിന് ആഴം കൂട്ടും. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്തും. ഏസി കനാലിന്റെ പുനരുദ്ധാരണം പൂർത്തീകരിക്കും.

*തോട്ടപ്പള്ളി വരെ 11 കിലോമീറ്റർ നീളത്തിൽ ചാനലിന്റെ ആഴം കൂട്ടുന്ന ജോലികൾ പുരോഗമിയ്ക്കുന്നു. വീയപുരം മുതൽ തോട്ടപ്പള്ളി സ്പിൽവേ വരെയും അവിടെ നിന്ന് പൊഴി മുഖം വരെയുമുള്ള പമ്പാ നദിയുടെ ലീഡിങ്ങ് ചാനലിന്റെ ഇരു കരകളുടയും സംരക്ഷണത്തിനായി പദ്ധതിയുടെ investigation പ്രവൃത്തികൾ പൂർത്തിയാക്കുകയും IDRB യിൽ ഡിസൈൻ അന്തിമ ഘട്ടത്തിലുമാണ്.*

733. കുട്ടനാട് ശുചിയായി തുടരണമെങ്കിൽ ചുറ്റുമുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഖരമാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പാക്കണം. സെപ്ടേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണം. സ്വീവേജ് സംസ്കരിക്കാതെ

ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നതു തടയണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനൊരു ബൃഹത് പദ്ധതി തയ്യാറാക്കണം.

*രണ്ടാം കുട്ടനാട് പാക്കേജിൽ 118 പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിൽ 92 പ്രവൃത്തികൾ പൂർത്തീകരിച്ചു. 26 പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലുമാണ്. നാളിതുവരെ ഈ പദ്ധതിക്കായി 53.95 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 53കോടി രൂപ കുട്ടനാടിനായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 55 പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 36 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കുട്ടനാട്ടിൽ നബാർഡ് ആർ.ഐ.ഡി.എഫിലുൾപ്പെടുത്തി 29.10കോടി രൂപയ്ക്കുള്ള7 പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രവൃത്തികളെല്ലാം നല്ലരീതിയിൽ പുരോഗമിക്കുന്നു.*

734. കുട്ടനാട് കുടിവെള്ള പദ്ധതിയും താലൂക്ക് ആശുപത്രി വികസനവും ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണവുമെല്ലാം ഈ പാക്കേജിന്റെ ഭാഗമാണ്. കുട്ടനാട് താറാവ് ഹാച്ചറി ആരംഭിക്കും. താറാവ് കൃഷിക്കാർക്ക് പകർച്ചവ്യാധി ഇൻഷ്വറൻസ് ഏർപ്പെടുത്തും.

*നീരേറ്റുപുറം കുടിവെള്ള പദ്ധതി കിഫ്ബി സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്നു. ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് ഹൈവേയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്.*

## വയനാട് കാർബൺ ന്യൂട്രൽ കോഫി

736. കൃഷിക്കാരുടെ വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് മുഖ്യവിളയായ കാപ്പി ബ്രാൻഡ് ചെയ്തു വിൽക്കുന്നതിന് വിപുലമായൊരു പദ്ധതി ആവിഷ്കരിക്കും. ഇതിനായി കോഫി പാർക്ക് സ്ഥാപിക്കും. ഇത്തരത്തിൽ സംസ്കരണത്തിനായി സംഭരിക്കുന്ന കാപ്പി 90 രൂപ വിലയ്ക്കു സംഭരിക്കും. ജൈവ സാങ്കേതിക നേട്ടങ്ങളെ ഉപയോഗപ്പെടുത്തി ഈ മേഖലയിലെ സാധ്യതകളെ വിപുലപ്പെടുത്തും.

*വയനാട് കോഫി പാർക്കിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു വരുന്നു.*

737. മരം നടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ട്രീ ബാങ്കിംഗ് നടപ്പിലാക്കും. മരം വച്ചുപിടിപ്പിക്കുന്ന കൃഷിക്കാർക്ക് മരം വെട്ടുമ്പോൾ വായ്പ തിരിച്ചടച്ചാൽ മതിയെന്ന അടിസ്ഥാനത്തിൽ ആന്വിറ്റി വായ്പയായി നൽകുന്നതാണ് പദ്ധതി.

*50-ൽ കുറയാത്ത തെരഞ്ഞെടുക്കപ്പെട്ട വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് രണ്ട് വർഷം വരെ പരിപാലിക്കുന്നവർക്ക് ഇൻസെൻറീവ് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.*

738. ഇതുപോലെ മറ്റു പഴവർഗ്ഗങ്ങളും സുഗന്ധദ്രവ്യങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റും. ഇക്കോടൂറിസത്തെ പ്രോത്സാഹിപ്പിക്കും. ഇതോടൊപ്പം ജില്ലയിലെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭൗതിക-സാമൂഹ്യ-പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി പ്രഖ്യാപിച്ച 7,000 കോടി രൂപയുടെ വയനാട് സമഗ്ര വികസന പാക്കേജ് നടപ്പിലാക്കും.

***വനശ്രീ ശൃംഖല വിപുലീകരിക്കും. വനോൽപന്നങ്ങളും സുഗന്ധദ്രവ്യങ്ങൾ അടക്കമുള്ള മറ്റുൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റി വിപണനം നടത്തും. ഒരു ഓൺലൈൻ സംവിധാനം ഇതിനായി തയ്യാറാക്കി വരുന്നു. നിലവിലുള്ള ഇക്കോടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്രങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.***

## ഹൈറേഞ്ച്

740. തേയില, കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെയും ചക്ക പോലുള്ള പഴവർഗ്ഗങ്ങളുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക, ഇവയുടെ അടിസ്ഥാനത്തിലുള്ള കാർഷിക സംസ്കരണ വ്യവസായങ്ങൾ സ്ഥാപിക്കുക, ഇവ രണ്ടും ചെയ്യുമ്പോൾ പ്രകൃതി സന്തുലനാവസ്ഥ സംരക്ഷിക്കുക എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കിയുടെ പശ്ചാത്തലസാമൂഹ്യ സൗകര്യങ്ങളടക്കമുള്ള മുഖ്യമന്ത്രി പ്രഖ്യാപിച്ച 12000 കോടി രൂപയുടെ സമഗ്ര പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കും. മുട്ടത്ത് സ്പൈസസ് പാർക്കും, ഹൈറേഞ്ചിൽ മെഗാഫുഡ് പാർക്കും സ്ഥാപിക്കും. പ്രകൃതിസൗഹൃദമായ രീതിയിൽ ഉത്തരവാദിത്വ ടൂറിസത്തിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര മേഖല വിപുലപ്പെടുത്തുന്നതിനും ഈ പാക്കേജ് ലക്ഷ്യമിടുന്നുണ്ട്. സ്ഥായിയായ വികസനത്തിന് പുതിയൊരു മാതൃക ഇടുക്കിയിൽ സൃഷ്ടിക്കും.

***12.5 കോടി മുതൽമുടക്കിൽ സ്പൈസസ് പാർക്കിന്റെ ആദ്യ ഘട്ടം ഇടുക്കി ജില്ലയിലെ മുട്ടത്ത് പുരോഗമിക്കുന്നു.***

741. ഇടുക്കിയിലെ കൃഷിക്കാരുടെ ഉപാധിരഹിതമെന്ന പട്ടയമെന്ന ദീർഘകാല ആവശ്യം അംഗീകരിച്ചുകൊണ്ട് 1964ലെ ഭൂമി പതിവുചട്ടങ്ങൾ ഭേദഗതി ചെയ്തു. കൈവശത്തിലുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി. കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്നതിൽ കൈമാറ്റത്തിനുള്ള കാലാവധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശ ഭൂമി പതിച്ചു കിട്ടുകയാണെങ്കിൽ ഈ ഭൂമികൾ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണ്. ഈ ഭൂമികൾ സർക്കാരിലും ധനകാര്യസ്ഥാപനങ്ങളിലും റബർ, ടീ ബോർഡുകളിലും ഈടുവച്ച് വായ്പ എടുക്കുന്നതിനു സൗകര്യമൊരുക്കി. പട്ടയഭൂമിയിൽ

കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കു നൽകി. പട്ടയം ലഭിച്ച ഭൂമികൾ വനം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽ നിന്നും ഒഴിവാക്കി.

&

742. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഇടുക്കി ജില്ലയിൽ 37815 പട്ടയങ്ങൾ വിതരണം ചെയ്തു. മറ്റൊരു 15000 പട്ടയങ്ങൾകൂടി വിതരണത്തിനു തയ്യാറായിട്ടുണ്ട്. പട്ടയം ലഭിക്കാത്ത കൈവശഭൂമിയുള്ള കൃഷിക്കാർക്ക് വായ്പയടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സഹകരണ മേഖല വഴി സ്വീകരിക്കും. അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കും.

***അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതുതായി 3,671 പട്ടയങ്ങൾ വിതരണം ചെയ്തു. ബാക്കി അപേക്ഷകളിന്മേൽ പട്ടയവിതരണം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.***

## മലബാറിന്റെ പിന്നോക്കാവസ്ഥ

744. 1957ലെ സർക്കാരിന്റെ കാലത്താണ് മലബാറിലെ വിദ്യാഭ്യാസ, ആരോഗ്യ, വ്യവസായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപടികൾ ആരംഭിക്കുന്നത്. പിന്നീട് നടപ്പാക്കിയ ഭൂപരിഷ്കരണം മലബാറിലെ സാമൂഹ്യ ജീവിതത്തെ മുന്നോട്ടുനയിക്കുന്നതിന് ഇടയാക്കി. വർത്തമാനകാലത്ത് കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവൃത്തികളിലൂടെ മലബാർ മേഖലയിൽ വലിയ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ തുടരും. ടൂറിസം വികസനത്തിൽ മലബാറിനു പ്രത്യേകം പ്രാമുഖ്യം നൽകും.

***എൻ.എച്ച് 66 ന്റെ വികസനം മലബാർ മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. മലബാറിലെ ടൂറിസം വികസനത്തിൽ സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി വയനാട് ടൂറിസം ക്യാമ്പയിൻ നടത്തുകയുണ്ടായി. കോവിഡ് മഹാമാരിക്ക് ശേഷം വയനാട് ജില്ലയിൽ വാക്സിനേഷൻ പൂർത്തീകരിക്കാനും ടൂറിസ്റ്റുകളെ ആകർഷിക്കാനുമുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ബേപ്പൂർ മാതൃകാ ഉത്തരവാദിത്തടൂറിസം പദ്ധതിയും നടപ്പിലാക്കിവരികയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മലനാട്-മലബാർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. മുഴപ്പിലങ്ങാട് ആധുനിക സൗകര്യങ്ങളുള്ള കെ.റ്റി.ഡി.സി ഹോട്ടലിൻറെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.***

# IX

# കേരളത്തെ സ്ത്രീ സൗഹൃദമാക്കും

746. 2016ലെ പ്രകടനപത്രികയിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 18 ശതമാനമായി ഉയർത്തുമെന്നു പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇന്ന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20 ശതമാനത്തിനു മുകളിലാണ്. അഭൂതപൂർവ്വമായ തൊഴിലവസര സൃഷ്ടി വാഗ്ദാനത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ കേരളത്തിലെ സ്ത്രീകളായിരിക്കും. തൊഴിൽ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന്റെ ഫലമായി സ്ത്രീകളുടെ തൊഴിലില്ലായ്മ ഗണ്യമായി കുറയ്ക്കുന്നതിനും തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിനും സാധിക്കും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 24 ശതമാനത്തിൽ നിന്ന് 50 ശതമാനമായി ഉയർത്തും.

***ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെയും, സംസ്ഥാന സർക്കാരിന്റെയും ഫണ്ട് പ്രയോജനപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ 425 കോടി രൂപ വിതരണം ചെയ്തു. 33,755 വനിതകൾക്ക് നേരിട്ടും 84,387 പേർക്ക് പരോക്ഷമായും തൊഴിലവസരം സൃഷ്ടിച്ചു.***

747. ജെൻഡർ ബജറ്റിംഗ് വികസന പ്രവർത്തനങ്ങളിലെ സ്ത്രീ പരിഗണന ഗണ്യമായി ഉയർത്താൻ സഹായിച്ചു. 2016-17ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവുമായിരുന്നു. 2021-22ലെ ബജറ്റിൽ ഈ തുക 1347 കോടി രൂപയാണ്. പദ്ധതി വിഹിതം 6.54 ശതമാനമായി ഉയർന്നു. അഞ്ചു വർഷംകൊണ്ട് വനിതാവിഹിതം 10 ശതമാനമായി ഉയർത്തും. പൊതുസ്കീമുകളിൽ സ്ത്രീകൾക്കുള്ള പ്രത്യേക വിഹിതംകൂടി കണക്കിലെടുക്കുകയാണെങ്കിൽ സ്ത്രീകളുടെ വിഹിതം ഇപ്പോൾ 19 ശതമാനമായിരിക്കുന്നത് 25 ശതമാനമായെങ്കിലും ഉയർത്തും.

***ജെൻഡർ ബഡ്ജറ്റിംഗിന്റെ ഭാഗമായി 2022 -23 ജെൻഡർ ബഡ്ജറ്റിൽ സ്ത്രീകളുടെ വിവിധ പദ്ധതികൾക്കായി 75 % തുക നീക്കി വച്ചിട്ടുണ്ട്.***

748. കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലയിലും നൈപുണ്യ വികസനത്തിൽ ഗൗരവമായ ജെൻഡർ ഗ്യാപ് നിലനിൽക്കുന്നു. ഇത് കുറയ്ക്കാൻ സ്ത്രീകളുടെ നൈപുണ്യ വികസനത്തിലൂന്നും. പരിശീലന കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കും. ജെൻഡർ വാർപ്പ് മാതൃകയ്ക്കപ്പുറമുള്ള നൈപുണി പ്രോത്സാഹിപ്പിക്കും.

***കേരളത്തിലെ സ്ത്രീകളുടെ സ്കിൽ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ട പ്രൊജക്റ്റ് Gender Park മുഖേന നടപ്പാക്കുന്നതിനായി സർക്കാർ അനുമതി***

***ലഭിക്കുകയും ജൻഡർ പാർക്കുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന വിവിധ സ്കിൽ ഡെവലപ്മെന്റ് പ്രോജക്റ്റുകൾ നടപ്പാക്കുന്നു. വനിതാ വികസന കോർപ്പറേഷൻ മുഖേന 1080 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനവും, 323 നഴ്സുമാർക്ക് Upskilling Programme പരിശീലനവും നൽകിയിട്ടുണ്ട്.***

749. എല്ലാ ഹൈസ്കൂളുകളിലും റെസ്റ്റ് റൂം ഒരുക്കും. പാഠപുസ്തകങ്ങളിലെ ജെൻഡർ പ്രതിപാദനത്തെക്കുറിച്ച് വിലയിരുത്തും.

***അങ്കണവാടി പ്രീ - സ്കൂൾ എഡ്യൂക്കേഷൻ ഉള്ള പാഠപുസ്തകങ്ങൾ ജെൻഡർ ഓഡിറ്റിംഗ് പൂർത്തീകരിച്ചു. (സ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പാണ് നടപടി സ്വീകരിക്കാനുള്ളത്.)***

750. കൊവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അന്തർദേശീയമായി തന്നെ കെയർ ഇക്കോണമിയിൽ വിപുലമായ ജോലി സാധ്യതകൾ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തുന്നതിനു നഴ്സിംഗ്, വയോജന പരിചരണം, ഭിന്നശേഷി പരിചരണം തുടങ്ങിയ തൊഴിലുകളിൽ വിപുലമായ തോതിൽ സ്ത്രീകൾക്ക് പരിശീലനം നൽകും.

***അന്തർദേശീയ തലത്തിൽ ജോലി സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാന വനിതാ വികസന കോർപറേഷന്റെ കീഴിൽ 240 നഴ്സുമാർക്ക് Advanced Nursing Skill പരിശീലനം നൽകിയിട്ടുണ്ട്.***

751. 9 കെ.എസ്.ഐ.ഡി.സി കിൻഫ്രാ പാർക്കുകളിലും വിമൻ ഫെസിലിറ്റേഴ്സ് സെന്റർ സ്ഥാപിക്കും. കെ.എസ്.ഐ.ഡി.സിയിൽ പ്രത്യേക വിമൻ എന്റർപ്രണർ മിഷൻ ഉണ്ടാകും.

***കിൻഫ്ര പാർക്കുകളിൽ സ്ഥാപിക്കുന്ന വിമൺ ഫെസിലിറ്റേറ്റ് സെന്ററിന്റെ ആദ്യ പദ്ധതി തിരുവനന്തപുരത്തെ കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്പോൾ അത് പ്രവർത്തനക്ഷമമാണ്. കെ.എസ്.ഐ.സി യുടെ ചേർത്തലയിലേയും കണ്ണൂരിലേയും ഐ.സി.ജി കളിൽ വനിതാ ജീവനക്കാർക്ക് സഹായകരമായി ക്രഷുകൾ ഒരുക്കിയിട്ടുണ്ട്.***

752. സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പാക്കും. സ്ത്രീകളുടെ വീട്ടുജോലി ഭാരം ലഘൂകരിക്കുകയാണ് ലക്ഷ്യം. ഇതിനായി, എല്ലാ വീടുകളിലും ആദ്യം വാഷിംഗ് മെഷീനും പിന്നീട് ഗ്രൈൻഡറും പിന്നെ റഫ്രിജറേറ്ററും ഉള്ള ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.എഫ്.ഇ സ്മാർട്ട് കിച്ചൺ ചിട്ടികൾ ആരംഭിക്കുന്നതാണ്. യന്ത്രഗാർഹികോപകരണങ്ങളുടെ പാക്കേജുകളുടെ വില തവണകളായി ഏതാനും വർഷംകൊണ്ട് അടച്ചു തീർത്താൽ മതി. പലിശ മൂന്നിലൊന്നു വീതം ഗുണഭോക്താവ്, തദ്ദേശഭരണ സ്ഥാപനം, സർക്കാർ എന്നിവർ പങ്കിട്ടെടുക്കും. കുടുംബശ്രീ വഴിയാണെങ്കിൽ മറ്റ് ഈടുകളുടെ ആവശ്യമില്ല.

*തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.എഫ്.ഇ, കുടുംബശ്രീ, സാമൂഹ്യനീതി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ചുള്ള പ്രവർത്തനം നടന്നു വരുന്നു.*

753. വനിതാ വകുപ്പിന്റെ രൂപീകരണം ഒരു നാഴികക്കല്ലായിരുന്നു. വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ജെൻഡർ കൗൺസിൽ രൂപീകരിക്കുന്നതാണ്. വനിതാ വകുപ്പ് ജില്ലാതലത്തിൽ വിപുലീകരിക്കും.

*വിവിധ വകുപ്പുകളിലെ gender പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ബഹു. വകുപ്പ് മന്ത്രി അധ്യക്ഷയും, പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ഡയറക്ടർ ജോയിന്റ് കൺവീനർ ആയും കൂടാതെ 11 പേർ അനൗദ്യോഗിക അംഗങ്ങൾ ആയും ഒരു ജെൻഡർ കൗൺസിൽ 27.9.22 തീയതിയിലെ സ. ഉ. സാധ: നമ്പർ 433/22/ വ.ശി.വി.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കൗൺസിലിന്റെ സേവനം വനിതാ ശിശു വികസന വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കും, പുതിയ പദ്ധതികളുടെ നയരൂപീകരണത്തിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി വിനിയോഗിക്കുന്നു.*

754. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചതാണ് ജെൻഡർ പാർക്ക്. ഇപ്പോൾ ഒരു പതിറ്റാണ്ടു പിന്നിടുമ്പോൾ ജെൻഡർ പാർക്കിന് ഐക്യരാഷ്ട്ര സഭയുടെ സഹകരണത്തോടുകൂടി ഒരു പുതിയ മാനം കൈവരിക്കുകയാണ്. ജെൻഡർ പാർക്കിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കും.

*നഗരങ്ങൾ സ്ത്രീ സൗഹാർദ്ദം ആക്കുന്നതിനുള്ള ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കുന്നതിനായി യു.എൻ വുമൻസിന്റെയും, ജെൻഡർ പാർക്കിന്റെയും സഹകരണത്തോടെ യു.കെ-യിലുള്ള കാർഡിഫ് യൂണിവേഴ്സിറ്റിയുടെയും സഹകരണത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ലൈബ്രറി ജെൻഡർ മ്യൂസിയം എന്നിവയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞു.*

755. വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭ പദ്ധതി, പൊതുയിടങ്ങൾ സ്ത്രീ സൗഹൃദ മാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടുതൽ ശക്തമാക്കും.

*സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭ പദ്ധതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനിത വികസന കോർപ്പേഷൻ മുഖേന കൂടുതൽ വായ്പകൾ നൽകാൻ കഴിഞ്ഞു. കഴിഞ്ഞ ഒരു വർഷം 165.5 കോടി രൂപ വായ്പയായി 11866 പേർക്ക് വിതരണം ചെയ്തു. പൊതു ഇടങ്ങൾ സ്ത്രീസൗഹൃദമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ ഷീടോയ്‌ലറ്റുകൾ, ഹ്രസ്വകാല താമസത്തിന് സെയ്ഫ് സ്റ്റേ പദ്ധതി പ്രകാരം 27 നഗരങ്ങളിലായി 137*

***ബഡ്സുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.***

756. വനിതാ കമ്മീഷനെ ശക്തിപ്പെടുത്തും. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യും.

***വനിതാ കമ്മീഷന്റെയും ജാഗ്രത സമിതിയുടെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 106 പരിശീലന പരിപാടികൾ സംഘടിപ്പിച്ച് കഴിഞ്ഞു. ഒപ്പം മികച്ച പ്രകടനം കാഴ്ചവച്ച 4 തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 25,000 രൂപയുടെ കാഷ് അവാർഡ് വിതരണം ചെയ്തു.***

757. സ്ത്രീകൾക്കെതിരായ സൈബർ ആക്രമണത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളും

***ഇത്തരം കേസുകളിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇനം 838 കാണുക.***

758. സ്ത്രീ പീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനും പൊലീസ് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും.

***സ്ത്രീ പീഡനം, പോക്സോ കേസുകൾ എന്നിവ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും പരാതിക്കാരോടുള്ള സമീപനം അനുഭാവപൂർണ്ണമാക്കുന്നതിനുമായി വനിത വികസന കോർപറേഷന്റെ അഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 6,615 പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുവരെ പരിശീനലനം നൽകി കഴിഞ്ഞു.***

## കുടുംബശ്രീ

759. കുടുംബശ്രീ വഴിയുള്ള വായ്പ 12,000 കോടി രൂപയിൽ നിന്ന് 20,000 കോടി രൂപയായി ഉയർത്തും.

***കുടുംബശ്രീ മുഖേനയുള്ള ലിങ്കേജ് വായ്പ 12,000 കോടി രൂപയിൽ നിന്ന് 26,188 കോടി രൂപയായി വർധിച്ചു.***

760. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കും. ഇതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളുടെ മാപ്പിംഗ് നടത്തും. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ഉപയോഗപ്പെടുത്തി സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെക്കുറിച്ചുള്ള സമ്പൂർണ വിവരശേഖരണം നടത്തും. ഇതു സംബന്ധിച്ച പൂരിപ്പിച്ച് നൽകുന്ന ചോദ്യാവലിയുടെ രഹസ്യസ്വഭാവം

പൂർണ്ണമായും ഉറപ്പുവരുത്തും.

*സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ക്രൈം മാപ്പിംഗ് ആരംഭിച്ചു. 152 പഞ്ചായത്തുകളിൽ ക്രൈം മാപ്പിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.*

*761.* *ക്രൈം മാപ്പിന്റെ അടിസ്ഥാനത്തിൽ അതിക്രമങ്ങൾ കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ നിർബന്ധമായും വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തും. പൊതുപ്രോജക്ടുകളിലും സ്ത്രീ പരിഗണന ഉറപ്പുവരുത്തും.*

*പ്രോജക്ടുകൾ തയാറാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കും.*

762. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

*19326 വാർഡുകളിൽ ജാഗ്രതാസമിതിയുടെ ഭാഗമായി വിജിലൻസ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.*

763. അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകൾക്കുള്ള രണ്ട് സുപ്രധാന പിന്തുണാ സംവിധാനങ്ങളാണ് നിർഭയ ഷോർട്ട്-സ്റ്റേ ഹോമുകളും കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കും. ഇവ രണ്ടിന്റെയും പ്രവർത്തനം വിപുലീകരിക്കും.

*എല്ലാ ജില്ലകളിലും അട്ടപ്പാടി ബ്ലോക്കിലും 'സ്നേഹിത' ജണ്ടർ ഹെൽപ്ഡസ്കുകൾ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി സൗജന്യ കൌൺസലിംഗ്, താൽകാലിക അഭയം നൽകൽ എന്നിവ കൂടാതെ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് പ്രാദേശിക തലത്തിൽ അവബോധ പ്രവർത്തനങ്ങളും സ്നേഹിതയുടെ നേതൃത്വത്തിൽ നടക്കുന്നു.*

764. 45 ലക്ഷം അംഗങ്ങളാണ് ഇന്നു കുടുംബശ്രീയിലുള്ളത്. എന്നാൽ ഇവരുടെ വീടുകളിലെ യുവതികൾക്ക് വേണ്ടത്ര പ്രാതിനിധ്യമില്ലായെന്ന ഒരു പ്രശ്നം ഗൗരവമായി ഉയർന്നുവരുന്നുണ്ട്. യുവതികൾക്കുവേണ്ടി ഓക്സിലറി യൂണിറ്റുകൾ ആരംഭിക്കും. ഇത് കുടുംബശ്രീയുടെ അംഗത്വത്തിൽ ഒരു കുതിച്ചുചാട്ടം 2021-22ൽ സൃഷ്ടിക്കും.

*18 വയസ് മുതൽ 40 വയസ് വരെയുള്ള യുവതികളെ ഉൾപ്പെടുത്തി 19548 ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിച്ചു. ഇങ്ങനെ 303749 യുവതികൾ കുടുംബശ്രീയുടെ ഭാഗമായി.*

765. 2015-16ൽ കുടുംബശ്രീക്ക് സർക്കാർ നൽകിയത് 75 കോടി രൂപയാണ്. 2021-22ൽ അത് 260 കോടി രൂപയായി ഉയർന്നു. കുടുംബശ്രീയുടെ ബജറ്റ് വിഹിതം 500 കോടി രൂപയായി ഉയർത്തും.

*ബജറ്റ് വിഹിതം 500 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞില്ല.*

766. എ.ഡി.എസ് പ്രസിഡന്റുമാർക്കും ഹോണറേറിയം നൽകും.

***കുടുംബശ്രീ എ ടി എസ് അധ്യക്ഷർക്ക് ഓണറേറിയം നൽകാൻ ഇതുവരെ തീരുമാനിച്ചില്ല.***

## ശിശു ക്ഷേമം

767. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള സ്മാർട്ട് അങ്കണവാടികൾ വിപുലീകരിക്കും. തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.

***കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടിയ്ക്ക് രൂപകല്പന നൽകിയിരിക്കുന്നത്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ എല്ലാവിധ ആവശ്യങ്ങളും നിറവേറ്റുന്നതിനായിട്ടാണ് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. നാളിതുവരെ 207 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ 25 അങ്കണവാടികളുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി നിലവിൽ 2 ലക്ഷം രൂപ ചെലവഴിച്ചു 54 അങ്കനവാടികളിൽ പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ട്***

768. അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കും.

***അങ്കണവാടികൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിൽ ആനന്ദകരമായ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപൂർണ്ണമായ ബാല്യം പ്രധാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപെടുത്തുന്ന 'പോഷകബാല്യം' പദ്ധതി നടപ്പിലാക്കി. കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്'' എന്ന് പുനർനാമകരണം ചെയ്യുകയും, കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും, ശാരീരികവും മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും സ്പോർട്സ് / ഗെയിം കിറ്റ് അനുവദിക്കുകയും കൂടാതെ കൗമാരക്കാർക്കും, സ്ത്രീകൾക്കും പഠനാവശ്യത്തിനും മറ്റ് വിജ്ഞാന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നതിനായി സെക്ടർ തലത്തിൽ തിരഞ്ഞെടുത്ത 1,230 അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകിക്കഴിഞ്ഞു. കുഞ്ഞുങ്ങളുടെ ബൗദ്ധികവികാസം ഉറപ്പ്***

*വരുത്തുന്നതിനായി അങ്കണവാടി കെട്ടിടത്തിന്റെ അകത്തെയും പുറത്തെയും ചുമരുകൾ ചിത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ തുടങ്ങി വർണ്ണചിത്രങ്ങൾ വരച്ച് ആകർഷകമാക്കുന്നതിനും, കളിയുപ കരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ചുകൊണ്ട് കുഞ്ഞുങ്ങളിലെ ചാലകപേശിവികാസം ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്.*

769. ശിശുസൗഹൃദ മാതൃകാ ഗ്രാമപഞ്ചായത്തുകൾക്കു പ്രോത്സാഹനം ന ൽകും. ഇതിനു വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കും.

*ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോഴും, പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ ബാലസുരക്ഷാ സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രോജക്ട് തയാറാക്കുന്നതിന് സഹായകരമാകുന്ന Templates തയ്യാറാക്കി നൽകിയിട്ടുണ്ട്.*

770. കുട്ടികൾക്കു നേരെയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിക്കും. ബോധവൽക്കരണം ശക്തിപ്പെടുത്തും. പോക്സോ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കും. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

*കുട്ടികൾക്കുനേരേയുള്ള ആക്രമണങ്ങളും ലൈംഗികാതിക്രമങ്ങളും പീഡനങ്ങളും ഇല്ലായ്മ ചെയ്യാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർബല വിഭാഗക്കാരായ കൗമാരക്കാരായ കുട്ടികളെ അതിക്രമങ്ങൾ പ്രതി രോധിക്കാനും സ്വാഭിമാനം വർദ്ധിപ്പിക്കാനും സ്വയം ശാക്തീകരിക്കു ന്നതിനുമായി ആയോധന പരിശീലനം നൽകുന്ന 'ധീര പദ്ധതി' നടപ്പാക്കി. എല്ലാ ജില്ലകളിലും 3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീതം തെരഞ്ഞെടുത്ത് 10–15 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്ക് ആയോധന പരിശീലനം നൽകുന്ന പദ്ധതിയാണിത്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായും ലൈംഗികാതിക്രമണങ്ങൾ, സൈബർ ആക്രമണങ്ങൾ, ചൂഷണം, അപകടകരമായ തൊഴിൽ, കടത്തൽ തുടങ്ങിയ കുട്ടികൾ അഭിമുഖീകരിക്കുന്ന അപകടസാധ്യതകൾ സംബന്ധിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും മറ്റു കർത്തവ്യ വാഹകർക്കും ശരിയായ സമയത്ത് ശരിയായ തരത്തിലുള്ള വിവരങ്ങൾ, സേവന സംവിധാനങ്ങൾ എന്നിവ പ രിചയപ്പെടുത്തുന്നതിനും ഇത്തരം പ്രശ്നങ്ങൾ ഉടനടി അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വന്നു സംരക്ഷണം നൽകുന്നതിനും സ്മാർട്ട് ഫോണുകളുടെ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി, നിരവധി ആളുകലിലേക്ക് എത്താൻ സഹായിക്കുന്ന കുഞ്ഞാപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അപകടകരമായ സാഹചര്യത്തിൽ കഴിയുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിചരണം നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി ബാല സംരക്ഷണ സമിതികളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു.*

771. ജനനം മുതൽ 18 വയസ്സുവരെ കുട്ടികൾ നേരിടുന്ന എല്ലാ തീവ്രരോഗങ്ങൾക്കും രോഗങ്ങളുടെ തോത് അനുസരിച്ച് പ്രതിവിധി ന ൽകുന്നതിനുള്ള ഹൃദ്യം, മിഠായി, ധ്വനി തുടങ്ങിയ പദ്ധതികൾ ശക്തിപ്പെടുത്തും.

***ജനനം മുതൽ 18 വയസ്സുവരെ കുട്ടികളുടെ ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് സൗജന്യ ചകിത്സ ഉറപ്പാക്കുന്ന പദ്ധതിയാണ് 'ഹൃദ്യം' കഴിഞ്ഞ ഒരു വർഷ കാലയളവിൽ 1206 ഗുണഭോക്താക്കൾക്ക് 12 കോടി രൂപ ചിലവിൽ സൗജന്യ ചകിത്സ ലഭ്യമാക്കിയിട്ടുണ്ട്.***

773. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹ്യവും ആയ ആരോഗ്യം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി നേതൃത്വത്തിൽ 'കുട്ടികളുടെ കേരളം' പദ്ധതി ജനകീയ ക്യാമ്പയിനായി നടപ്പാക്കും.

***കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതിയുടെ 4 ഘട്ടങ്ങൾ പൂർത്തിയാക്കി നാലാം ഘട്ടത്തിൽ 152 ബ്ലോക്ക് പഞ്ചായത്തുകളിലും SSK, SCERT എന്നിവയുമായി സഹകരിച്ച് സ്കൂൾ അധ്യാപകർക്ക് ആദ്യഘട്ട പരിശീലന പരിപാടികൾ നടത്തി. 7 നിയമസഭാ മണ്ഡലങ്ങൾ ബാലസൗഹൃദമാക്കാൻ പരിശീലന പ രിപാടികളും സെമിനാറുകളും നടത്തി.***

## ട്രാൻസ്ജെൻഡർ

774. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ ട്രാൻസ്ജെൻഡറിന് പ്രത്യേക പരിഗണന നൽകാനുതകുന്ന നിലയിലുള്ള ട്രാൻസ്ജെൻഡർ പോളിസിക്കു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ രിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കും.

***സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി നടപ്പിലാക്കിവരുന്ന 'മഴവിൽ' എന്ന സമഗ്ര പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷ കാലയളവിനുള്ളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.***

775. ട്രാൻസജെൻഡർമാർക്ക് സ്വയംതൊഴിലിന് പലിശ, സബ്സിഡിയോടുകൂടിയ വായ്പകൾ, എല്ലാ ജില്ലകളിലും ഹ്രസ്വകാല താമസത്തിനായി ട്രാൻസ് ജെൻഡർ ഹോമുകൾ, പ്രത്യേക ഭവനവായ്പ, പഠനത്തിനു കൂടുതൽ സ്കോളർഷിപ്പുകൾ എന്നിവ അനുവദിക്കും.

&

776. വിദഗ്ധ സേവനം നൽകാനുള്ള സൗകര്യമൊരുക്കുന്നതാണ്.

***വർണ്ണം - വിദൂര വിദ്യാഭ്യാസത്തിലൂടെ ഡിഗ്രി/പി ജി കോഴ്സുകൾ പ ഠിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒരുവർഷം 24000 രൂപവരെ ധന സഹായമായി അനുവദിക്കുന്ന പദ്ധതി. പിയർ സപ്പോർട്ട് പ്രാക്ടീസ് -***

ട്രാൻസ്ജെൻഡർ വ്യക്തികളുടെ മനസികാരോഗ്യവുമായി ബന്ധപ്പെട്ടു ആത്മഹത്യാ പ്രവണത,വിഷാദം,അമിത ഉത്കണ്ഠ എന്നിവ പ്രതിരോധിക്കുന്നതിന് ട്രാൻസ് ജെൻഡർ വ്യക്തികളെ തന്നെ കൗൺസിലിംഗ് പരിശീലനം നൽകി പിയർ കൗൺസിലർമാരാക്കി ജില്ലകളിൽ പ്രവർത്തന നിരതരാക്കിയ പ്രത്യേക പരിശീലന പരിപാടി.

ട്രാൻസ് ജെൻഡർ കലോൽത്സവം – ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാഭിരുചിയും സർഗ്ഗ വാസനയും പരിപോഷിപ്പിക്കുന്നതിനായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പരിപാടി.കോവിഡ് മഹാമാരിക്കു ശേഷം 2 വർഷക്കാലം നടത്താൻ കഴിയാതിരുന്ന ട്രാൻസ് ജെൻഡർ കലോൽത്സവം വിപുലമായ രീതിയിൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കി.

യത്നം – മത്സരപരീക്ഷകളിൽ പങ്കെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. PSC/UPSC/BANKING/ ഉന്നത വിദ്യാഭ്യാസ യോഗ്യത പരീക്ഷകൾ എന്നിവയ്ക്ക് പരമാവധി 40,000 രൂപവരെ നൽകും.
കരുതൽ – ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തര ധനസഹായം. നൽകുന്ന പദ്ധതി.

ദുരന്ത നിവാരണ പരിശീലന പരിപാടി – പ്രകൃതിദുരന്തങ്ങൾ, അടിയന്തിര സാഹചര്യം എന്നിവയെ അതിജീവിക്കുന്നതിന് കേരളാ ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യ നീതി വകുപ്പും ചേർന്ന് ട്രാൻസ് ജെൻഡർ/ക്വിയർ വ്യക്തികൾക്കായി സംസ്ഥന തലത്തിൽ 30 ട്രൻസ്ജെൻഡർ/ക്വിയർ വ്യക്തികൾക്ക് ദുരന്ത നിവാരണ പരിശീലനം നൽകിയിട്ടുണ്ട്.

ജെൻഡർ ബോധവൽക്കരണത്തിനായി ജില്ലകളിൽ റിസോഴ്സ് പൂൾ രൂപീകരിച്ചു –ട്രാൻസ് ജെൻഡർ വ്യക്തികളുടെ സാമൂഹിക പുനരധിവാസത്തിനും പുരോഗതിക്കുമായി നിലവിൽ വകുപ്പ് മുഖേന നൽകി വരുന്ന ബോധവൽക്കരണ പരിപാടിയുടെ വിപുലീകരണത്തിനു, നിയമ വിദഗ്ധർ, ഡോക്ടർമാർ, ജെൻഡർ വിഷയ വിദഗ്ധർ/ട്രാൻസ് ജെൻഡർ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ജില്ലകളിൽ പുതിയ റിസോഴ്സ് പൂൾ രൂപീകരിച്ചു.

സംരംഭകത്വ വികസന പരിശീലന പരിപാടി – സാമൂഹ്യ നീതി വകുപ്പ് ട്രാൻസ് ജെൻഡർ വ്യക്തികൾക്കായി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയുടെ ഭാഗമായി 14 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 5 ദിനങ്ങളിലായി തോടുപുഴ RESETI ൽ വച്ച് സംരഭകത്വ പരിശീലന പരിപടി സംഘടിപ്പിച്ചു.വിജയകരമായി പരിശീലനം പൂർത്തീകരിച്ച വ്യക്തികൾക്കു സ്വയം തൊഴിൽ വായ്പയുടെ ആദ്യ ഗഡു തുക അനുവദിച്ചിട്ടുണ്ട്. വനിത വികസന കോർപ്പറേഷൻ മുഖേന 13 ഗുണഭോക്താക്കൾക്ക് 40 ലക്ഷം രൂപ 2022–2023 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിൽ വായ്പയായി അനുവദിച്ചിട്ടുണ്ട്. ആദം ഹാരി എന്ന ട്രാൻസജെന്റർ വ്യക്തിക്ക് പൈലറ്റ് കോഴ്സ് പൂർത്തീകരിക്കുന്നതിനായി 25,43,062 രൂപ അനവദിച്ചിട്ടുണ്ട്. ട്രാൻസ്ജെന്റർ വ്യക്തികൾക്ക് 2022–23 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് വരുന്നു.

# X

# ധനകാര്യ മാനേജ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കും

777. **ബജറ്റിൽ ധനദൃഢീകരണ നയങ്ങൾ പിന്തുടരും. റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കും. ധനക്കമ്മി 2022-23 മുതൽ മൂന്നു ശതമാനത്തിൽ നിലനിർത്തും. ഇതു സാധിക്കണമെങ്കിൽ റവന്യൂ വരുമാനം പ്രതിവർഷം 15 ശതമാനമെങ്കിലും ഉയരേണ്ടി വരും. 2006-2011 ഇടതുപക്ഷ സർക്കാരിന്റെ കാലത്തെന്നപോലെ 20 ശതമാനം വർദ്ധനയാണ് ലക്ഷ്യമിടുക.**

***സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണ്. ധനകമ്മി 2022-23 ൽ 3.61 ശതമാനമായി കുറഞ്ഞിട്ടുണ്ട്. (2021-22 ൽ 4.11 ശതമാനം). റവന്യൂ കമ്മിയും 1.96 ശതമാനമായി കുറഞ്ഞിട്ടുണ്ട്. (2021-22 ൽ 2.29 ശതമാനം) തനത് നികുതി വരുമാനം 2022-23 ൽ 20 ശതമാനവും ജിഎസ്ടി വരുമാനം 25 ശതമാനവും വളർച്ച കൈവരിച്ചിട്ടുണ്ട്. ചെലവുകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോഴും ക്ഷേമ പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യുന്നുവെന്ന കാര്യം ഉറപ്പു വരുത്തിയിട്ടുണ്ട്.***



778. ബജറ്റിനുള്ളിലെ മൂലധനച്ചെലവ് ഗണ്യമായി ഉയർത്തും. റവന്യൂ കമ്മി കുറയ്ക്കുന്നതിന്റെ ലക്ഷ്യം ഇതാണ്. സംസ്ഥാന വരുമാനത്തിന്റെ രണ്ടു ശതമാനമായി മൂലധനച്ചെലവ് ഉയർത്തുകയാണ് ലക്ഷ്യം.

***2022-23 ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മൂലധന ചെലവ് 17535.49 കോടി രൂപയാണ്. ബജറ്റ് എസ്റ്റിമേറ്റിലെ 16521.62 കോടി രൂപയേക്കാൾ 1013.67 കോടി രൂപയുടെ അധിക മൂലധന ചെലവ് കൈവരിച്ചിട്ടുണ്ട്. 2022-23 ൽ മൂലധന ചെലവ് ആഭ്യന്തര വരുമാനത്തിന്റെ 1.72 ശതമാനമാണ്. കിഫ്ബി വഴിയും തദ്ദേശ സ്ഥാപനങ്ങൾ വഴിയും നടത്തിയിട്ടുള്ള മൂലധന ചെലവുകൂടി ഉൾപ്പെടുത്തിയാൽ മൂലധനചെലവ് ആഭ്യന്തരവരുമാനത്തിന്റെ 2 ശതമാനത്തിൽ അധികമാണ്.***

## നികുതി ഭരണം

779. ജി.എസ്.ടി സംസ്ഥാനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമാണെന്നു മാത്രമല്ല, വരുമാനം പ്രതീക്ഷയ്ക്കനുസരിച്ച് ഉയരുകയുമുണ്ടായില്ല. ജി. എസ്.ടിയിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്കാരങ്ങൾക്കുവേണ്ടി കേരളം ശക്തമായ നിലപാടുകൾ സ്വീകരിക്കും.

***സംസ്ഥാനത്തിനുള്ളിൽ പിരിക്കുന്ന എസ്.ജി.എസ്.ടി നിരക്ക് ഒരു ശതമാനം കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ സംസ്ഥാനങ്ങൾക്ക് അധികാരം വേണം.***

***ജി.എസ്.ടിയിൽ ഇപ്പോൾ കേന്ദ്ര-സംസ്ഥാന നികുതി വിഹിതം 50 ശതമാനം വീതമാണ്. ഇത് ഭേദഗതി ചെയ്ത് സംസ്ഥാന വിഹിതം 60 ശതമാനമാക്കണം.***

***നികുതി വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ നികുതി നിരക്കുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഏകീകൃത ഒറ്റനികുതിയിലേയ്ക്കുള്ള നീക്കത്തെ ചെറുക്കണം.***

***ജി എസ് ടി യിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ പരിഷ്കാരങ്ങൾക്കു വേണ്ടി ശക്തമായ നിലപാടുകൾ ജി എസ് ടി കൗൺസിലിൽ കേരളം സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖല, വെളിച്ചെണ്ണയുടെ നികുതി വർദ്ധനവ്, ജി എസ് ടി അപ്പലേറ്റ് ട്രിബ്യൂണലിന്റെ രൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ കേരളം ശക്തമായി ഇടപെടുകയും സംസ്ഥാനത്തിന്റെ താല്പര്യം മുൻ നിർത്തിയുള്ള തീരുമാനങ്ങൾ ജി എസ് ടി കൗൺസിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.***

***ജി എസ് ടി കൗൺസിലിൽ ഈ ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങൾ ഒന്നും ഇതുവരെ കേന്ദ്ര സർക്കാരോ ജി എസ് ടി കൗൺസിലോ എടുത്തിട്ടില്ല. ജി എസ് ടി നിരക്കുകൾ പുനസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ജി എസ് ടി കൗൺസിലിൽ ചർച്ച ചെയ്യുകയും ഇതിനായി കേരള സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഉൾപ്പടെ മെമ്പർ ആയ ഒരു മന്ത്രി തല കൂട്ടായ്മ (GoM) ജി എസ് ടി കൌൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇടക്കാല റിപ്പോർട് GoM ജി എസ് ടി കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ട്.***

780. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ കാര്യക്ഷമത ഉയർത്തും: നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഓഫീസുകൾ നവീകരിക്കും. തേർഡ് പാർട്ടി വിവരങ്ങളും ഡാറ്റാ അനാലിസിസും ഉപ യോഗപ്പെടുത്തും.

*വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിലേക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.*

*ജി.എസ്.ടി നിയമ സംവിധാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി ഉദ്യോഗസ്ഥരുടെ പ്രവർത്തന രീതിയും നികുതി പിരിവും ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്ക് സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയുടെ ആദ്യഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. പൊതുജനങ്ങളിലും, നികുതിദായകരിലും ജി.എസ്.ടി അവബോധം വളർത്താൻ വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ, പത്രക്കുറിപ്പുകൾ, പത്ര പരസ്യങ്ങൾ എഫ്.എം റേഡിയോ പരസ്യങ്ങൾ, ടി.വി പരസ്യങ്ങൾ, സോഷ്യൽമീഡിയ ക്യാമ്പയിനുകൾ എന്നിവ നടത്തിവരുന്നു. ബില്ല് ചോദിച്ച് വാങ്ങേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പരസ്യങ്ങളും, ബോധവൽക്കരണ ക്യാമ്പയിനുകളും പൊതുജനങ്ങൾക്കിടയിലും നികുതിദായകർക്കിടയിലും അവബോധം ഉണ്ടാക്കി. ഇത് ബില്ല് ചോദിച്ചു വാങ്ങുവാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതിനൊപ്പം കൃത്യമായി നികുതി അടയ്ക്കുവാൻ നികുതിദായകരെ നിർബന്ധിതരാക്കുകയും ചെയ്യുന്നു.*

*ജി.എസ്.ടി. നടപ്പിലായതിന് ശേഷം നിരവധി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾവകുപ്പ് നടത്തി വരുന്നു. 2017 മുതൽ ജി.എസ് .ടി വകുപ്പിന് ഔദ്യോഗിക ഫെയ്സ് ബുക്ക് പേജും ഇൻസ്റ്റാഗ്രാം പേജും നിലവിലുണ്ട്. നികുതിദായകർക്കും, പൊതുജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കുന്നതിനായി തുടർച്ചയായി വാർത്തകളും പോസ്റ്റുകളും വീഡിയോകളും നൽകുന്നുണ്ട്. കൂടാതെ നികുതി പരിഷ്ക്കാരങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ആനിമേഷൻ വീഡിയോകൾ, മോഷൻ വീഡിയോ പോസ്റ്ററുകൾ, മോഷൻ ഇൻഫോ ഗ്രാഫിക് പ്രസന്റേഷൻ, എന്നിവയും, വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ തത്സമയ സംപ്രേഷണവും നൽകി വരുന്നു. 2022-23 സംസ്ഥാന ബജറ്റിലാണ് ലക്കി ബിൽ മൊബൈൽ ആപ്പ് പദ്ധതി പ്രഖ്യാപിച്ചത്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെയാണ് ലക്കി ബിൽ മൊബൈൽ ആപ്പ് പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകൾ നേരിട്ട് വകുപ്പിന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലക്കി ബിൽ ആപ്പ് പുറത്തിറക്കിയത്. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിലുള്ള ഒരു പദ്ധതി ന ടപ്പിലാക്കുന്നത്. ഇത് സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതോടൊപ്പം കൃത്യമായ ബില്ല് നൽകാൻ വ്യാപാരികളെ നിർബന്ധിതരാക്കുകയും ചെയ്യുന്നു.*

*നികുതി ഭരണത്തിന്റെ ആധുനികവൽക്കരണത്തിനായി വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ജി.എസ്.ടി. വകുപ്പ് ഉറപ്പുവരുത്തുന്നു.*

*എല്ലാ ജില്ലകളിലെയും വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി. അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 80,000 ത്തോളം തേർഡ് പാർട്ടി വിവരങ്ങൾ പരിശോധിച്ച് അതിൽ നിന്നും ലഭ്യമായ അറിവ് ഉപയോഗിച്ച് ജി.എസ്.ടി രജിസ്ട്രേഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി നിർണ്ണയത്തിൽ ഡാറ്റാ അനാലിസിസും സാങ്കേതികവിദ്യയും ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയാണ്. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പങ്കാളിത്തത്തോടെ ഡാറ്റാ അനാലിസിസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.*

*കുടിശ്ശിക പിരിവിനായി ജി എസ് ടി വകുപ്പിന്റെ പുനഃസംഘടനയിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരിക്കുന്ന മേഖലയാണ് റവന്യൂ റിക്കവറി. സമഗ്രമായ പുനസംഘടനയുടെ ഭാഗമായി ഓരോ ജില്ലയിലും അരിയർ റിക്കവറി മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി മാത്രമായി പ്രത്യേക ഉദ്യോഗസ്ഥ സംവിധാനത്തെ വിന്യസിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുകൊണ്ടാണ് ഇത്തരത്തിൽ ഒരു സംവിധാനം രൂപീകരിച്ചിട്ടുള്ളത്.*

781. വാഹനപരിശോധന ശക്തിപ്പെടുത്തും. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് സംവിധാനം നടപ്പിലാക്കും. ഉദ്യോഗസ്ഥർക്കു വേണ്ടി മൊബൈൽ ആപ്പുകൾ രൂപകൽപന ചെയ്യും. എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ വാഹനങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും.

*ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.*

782. ഇ-ഇൻവോയ്സ് നടപ്പാക്കും. വ്യാജബില്ലിനെതിരെയുള്ള നടപടികൾ ശക്തമാക്കും. റിവ്യൂ സംവിധാനം ശക്തിപ്പെടുത്തും. ഇതിലൂടെ തെറ്റായ നികുതി നിർണ്ണയങ്ങൾ പരിശോധിക്കുവാനും നികുതി നിർണ്ണയത്തിൽ കൃത്യത കൊണ്ടുവരാനും സാധിക്കും. റിട്ടേൺ പരിശോധന ശക്തിപ്പെടുത്തും. ഇ-ഓഫീസ് നടപ്പാക്കും.

*ജി എസ് ടി യിൽ ഇ-ഇൻവോയ്സിങ് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 10 കോടിവരെ വാർഷിക വിറ്റുവരവ് ഉള്ളവർക്ക് ഇ- ഇൻവോയ്സിങ് നിർബന്ധമാണ്. വ്യാജബില്ലിനെതിരെ ശക്തമായ നടപടികൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ 7 പേരെ ജി എസ് ടി നിയമപ്രകാരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. റിവ്യൂ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിൽ വകുപ്പിന്റെ ആസ്ഥാനത്തു ഒരു റിവ്യൂ സെൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ എല്ലാ ജില്ലകളിലെയും ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.*

783. നികുതിദായകരോട് സൗഹൃദപരമായ സമീപനം സ്വീകരിക്കും. അപ്പീലുകളുടെ കോർട്ട് ഫീ കുറയ്ക്കും. നികുതിദായക റിപ്പോർട്ട് കാർഡ് നടപ്പാക്കും. ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങളടക്കം കാര്യക്ഷമമാക്കാൻ കഴിയും. അപ്പലേറ്റ് ട്രിബ്യൂണൽ ആരംഭിക്കും. ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

***സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ചത് വഴി വകുപ്പിലെ ജീവനക്കാർ നികുതിദായകരോട് കൂടുതൽ സൗഹൃദപരമായി ഇടപെടാനുള്ള അവസരം സൃഷ്ടിച്ചിട്ടുണ്ട്. 2021 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം ജി എസ് ടി യുമായി ബന്ധപ്പെട്ട അപ്പീലുകളിന്മേലുള്ള അഡീഷണൽ കോർട്ട് ഫീസ് പരമാവധി ഇരുപതിനായിരം രൂപയായി കുറച്ചിട്ടുണ്ട്. 2023 ലെ കേരള ഫിനാൻസ് ബിൽ പ്രകാരം കേരള പൊതുവില്പന നികുതി നിയമം, കേരള മൂല്യ വർധിത നികുതി നിയമം, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം എന്നിവ പ്രകാരമുള്ള അപ്പീലുകൾക്കും പരമാവധി അഡീഷണൽ കോർട്ട് ഫീസ് ഇരുപതിനായിരം രൂപയാക്കി കുറച്ചിട്ടുണ്ട്. കൃത്യമായി നികുതി അടയ്ക്കുന്ന നികുതിദായകർക്ക് പ്രൊഫൈൽ കാർഡ് നൽകുന്ന പരിപാടി ആരഭിച്ചിട്ടുണ്ട്***

784. ഇൻഫോർമർ സ്കീം നടപ്പിലാക്കും.

***ഇൻഫോർമർ സ്കീം സംസ്ഥാന ജി.എസ്.ടി വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.***

785. 2021ൽ വാറ്റിന്റെ ലഗസി കുടിശ്ശികകൾ തീർക്കും. നികുതി വകുപ്പ് പൂർണ്ണമായും ജി.എസ്.ടിക്കുവേണ്ടി പുനഃസംഘടിപ്പിക്കും.

***വാറ്റ് ലെഗസി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.നടപടികൾ സ്വീകരിച്ചുവരുന്നു.2021-22, 2022-23 വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. നിരവധി നികുതി കുടിശ്ശിക കേസുകൾ ഇതിലൂടെ തീർപ്പാക്കപ്പെട്ടു. 2023-24 വർഷത്തിൽ കേരള ഫിനാൻസ് ബില്ല് അപ്പീൽ നടപടികൾ ലളിതമാക്കുന്നതിനുള്ള നടപടികൾ കൊണ്ടുവന്നിട്ടുണ്ട്.***

786. വാറ്റ് നികുതി കുടിശികക്കാർക്കായി സമഗ്രമായ ആംനസ്റ്റി പദ്ധതി ഒരു വർഷംകൂടി ഉദാരമായി തുടരും. 2022ൽ വാറ്റ് സംബന്ധിച്ചിട്ടുള്ള പുതിയ പരിശോധനകളെല്ലാം അവസാനിപ്പിക്കും.

***2022 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 2021 ലെ ആംനസ്റ്റി പദ്ധതി 2022 ലും തുടർന്നിട്ടുണ്ടായിരുന്നു. വാറ്റ് സംബന്ധിച്ച പുതിയ പരിശോധന കളെല്ലാം അവസാനിച്ചിട്ടുണ്ട്. 2016-17 വർഷവുമായി ബന്ധപ്പെട്ട അസ്സെസ്സ്മെന്റുകൾ 2023 മാർച്ച് 31 നു അവസാനിച്ചിട്ടുണ്ട്.***

787. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനുമായി സഹകരിച്ച് ഉദ്യോഗസ്ഥർക്കു പരിശീലനം നൽകും.

***ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ നികുതി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.***

788. എൽ.എൻ.ജി/സി.എൻ.ജിയുടെ മേലുള്ള വാറ്റ് നികുതി തമിഴ്നാടിന് തുല്യമായി 5 ശതമാനമായി കുറയ്ക്കും.

***എൽ എൻ ജി / സി എൻ ജി എന്നിവയിന്മേലുള്ള വാറ്റ് നികുതി 5% ആയി കുറച്ചിട്ടുണ്ട്.***

789. എഫ്.എ.സി.റ്റി പോലുള്ള സ്ഥാപനങ്ങൾക്കും സിറ്റി ഗ്യാസ് പ്രോജക്ടിനും ഗാർ ഹികോപഭോക്താക്കൾക്കും ഈ നികുതിയിളവ് ബാധകമാക്കും.

***ബാധകമാക്കിയിട്ടുണ്ട്.***

791. നിയമവകുപ്പുമായി ആലോചിച്ച് കേരള മണി ലെൻഡിംഗ് ആക്ടിൽ യുക്തമായ ഭേദഗതികൾ വരുത്തും.803. 2015-16ൽ കെ.എസ്.എഫ്.ഇയുടെ ടേണോവർ 28,960 കോടി രൂപയായിരുന്നത് 2020-21ൽ 51,000 കോടി രൂപയായി. ഇത് ഒരുലക്ഷം കോടി രൂപയായി ഉയർത്തും.

***2022-23 ൽ ടേൺ ഓവർ 69,153 കോടി രൂപയായിട്ടുണ്ട്.***

## കേരള ബാങ്ക്

792. സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവസമാഹരണം അപര്യാപ്തമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നൂതനങ്ങളായ നടപടികൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങൾക്ക് വികസനത്തിൽ നിർണായകമായ പങ്കു വഹിക്കാൻ കഴിയും. ഇതിലേറ്റവും പ്രധാനം കിഫ്ബിയാണ്. കിഫ്ബി പശ്ചാത്തല സൗകര്യവികസനത്തിനുള്ള മൂലധന നിക്ഷേപത്തിനാണെങ്കിൽ കേരള ബാങ്കാവട്ടെ, കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തനമൂലധനമടക്കം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ളതാണ്.

***കാർഷിക വായ്പകൾക്ക് പുറമേ വ്യവസായ സംരംഭങ്ങൾക്കും റീട്ടെയിൽ സ്ഥാപനങ്ങൾ ക്കുമായി KB Mithra (MSME) KB GST Mithra, KP Pravasi Bhadhratha, KB Suvidha Plus, KB Yuva Mithra, KB Suvidha, KB Pravasi Kiran തുടങ്ങിയ വായ്പ പദ്ധതികൾ ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്.***

793. ബാങ്കിന്റെ എൻ.പി.എ റിസർവ്വ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കുറയ്ക്കും.

***റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി നിഷ്ക്രിയാസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി 30.11.2021 മുതൽ 31.03.2022 വരെ കേരള ബാങ്ക് നടപ്പിലാക്കിയ ക്യാമ്പയിനിലൂടെ 27.93% മായിരുന്ന NPA 13.35% ആക്കി കുറച്ചു.***

***റിസർവ് ബാങ്കിന്റെ നിർദ്ദേശം അനുസരിച്ചുള്ള 7% ത്തിനു താഴെ NPA യിലേയ്ക്ക് എത്തുന്നതിനായി 01.01.2023 മുതൽ 31.03.2023 വരെ Be the No.1 Finale യ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.***

794. എൻ.ആർ.ഐ ഡെപ്പോസിറ്റിനുള്ള അനുമതി ആർ.ബി.ഐയിൽ നിന്നും വാങ്ങും.

***ഐ.റ്റി. ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയാക്കി നിഷ്ക്രിയാസ്തി ഘട്ടം ഘട്ടമായി കുറച്ചു കൊണ്ടു വന്ന് റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന NPA ശതമാനം കൈവരിക്കുവാനും മാനദണ്ഡങ്ങൾക്കനുസൃതമായി NRI ഡെപ്പോസിറ്റിന് അപേക്ഷിക്കുന്നതാണെന്ന് കേരളബാങ്ക് അറിയിച്ചിട്ടുണ്ട്.***

795. കൃഷിക്കും കാർഷിക വ്യവസായ സംരംഭങ്ങൾക്കുമുള്ള വായ്പ വർദ്ധിപ്പിക്കും.

***വായ്പ കാലതാമസം ഒഴിവാക്കി കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി കിസാൻ മിത്ര KCC വായ്പകൾ നൽകുന്നു. സൂഷ്മ ചെറുകിട സംരഭങ്ങൾക്കായി 1470 കോടി രൂപ 2021-22ൽ കേരളബാങ്ക് വിതരണം ചെയ്തു. നബാർഡ് ധനസഹായത്തോടെ അനുവദിക്കുന്ന PACS as MSE പദ്ധതി പ്രകാരം 4% പലിശ നിരക്കിൽ 187.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ ഇതുവരെ 78.00 കോടി രൂപയുടെ വായ്പ കാർഷിക അനുബന്ധ സംരംഭങ്ങൾക്ക് കേരളബാങ്കിലൂടെ നൽകിയിട്ടുണ്ട്.***

## സഹകരണം

796. പ്രാഥമിക സഹകരണ ബാങ്കുകളെ അട്ടിമറിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പ്രതിരോധം ഉയർത്തും.

***കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടി ചേർത്ത് 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും***

***ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ഈ വിഷയത്തിൽ വിവിധ സംഘങ്ങൾ ബഹു.ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ട്, അതുപോലെ 194 A പ്രകാരം TDS ഈടാക്കണമെന്ന വ്യവസ്ഥയും ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ആയതിന് സ്റ്റേ നേടിയിട്ടുണ്ട്.***

797. അപ്പെക്സ് ബാങ്കു വഴി കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇടപാടുകാരെ പങ്കാളിയാക്കും. എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്കു ലഭ്യമാക്കും.

***സംസ്ഥാനത്തെ എല്ലാ PACS നും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.***

798. കോർ ബാങ്കിംഗിന്റെ ഭാഗമാകുന്നതോടെ സഹകരണ ബാങ്കുകളെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ബാങ്കറാക്കി ഉയർത്തും.

***സംസ്ഥാനത്തെ എല്ലാ PACS നും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.***

799. പച്ചക്കറി തറവില നടപ്പാക്കുന്നതിനുള്ള കോ-ഓപ് മാർട്ടുകൾ അതിവേഗത്തിൽ സാർവ്വത്രികമാക്കും.

***കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് എന്ന പേരിൽ കേരളത്തിലെ 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വിലയും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടുള്ള കാർഷിക വകുപ്പിന്റെ 26.10.2020 ലെ ജി.ഒ.(എം. എസ്.) 80/2020/അഗ്രി നമ്പർ ഉത്തരവ് പ്രകാരം പച്ചക്കറി തറവില നടപ്പാക്കുന്നതിന് കെ-ഓപ്പ്മാർട്ടുകൾ സാർവത്രികമാക്കുന്നതിനായി 250 പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തു നൽകണമെന്നുള്ള സർക്കാർ നിർദ്ദേശ പ്രകാരം 14 ജില്ലകളിൽ നിന്നായി 220 സംഘങ്ങളുടെ ലിസ്റ്റ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.***

800. നാളികേര സംഭരണ സംസ്കരണത്തിലേയ്ക്ക് പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കും.

***നിലവിൽ 30 സംഘങ്ങൾ നാളികേരം സംഭരിച്ചും അല്ലാതെയും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി പ്രകാരം PACS ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംസ്കരണ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിക്കുന്നുണ്ട്.***

## കെ.എസ്.എഫ്.ഇ

803. 2015-16ൽ കെ.എസ്.എഫ്.ഇയുടെ ടേണോവർ 28,960 കോടി രൂപയായിരുന്നത് 2020-21ൽ 51,000 കോടി രൂപയായി. ഇത് ഒരുലക്ഷം കോടി രൂപയായി ഉയർത്തും.

***2022-23 ൽ ടേൺ ഓവർ 69,153 കോടി രൂപയായിട്ടുണ്ട്.***

804. പുതിയ മാർക്കറ്റിംഗ് വിഭാഗം ആരംഭിക്കും. മടങ്ങിയെത്തിയ പ്രവാസികൾക്ക് പരിഗണന നൽകി 3000 ബിസിനസ് പ്രമോട്ടർമാരെ നിയമിക്കും.

***കോവിഡ് പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചെത്തിയ പ്രവാസികൾക്ക് എം.എസ്.എം.ഇകൾ ആരംഭിക്കാൻ കെ.എസ്.എഫ്.ഇയും നോർക്ക റൂട്ട്സും സംയുക്തമായി ആവിഷ്ക്കരിച്ച പ്രവാസി ഭദ്രതാ മൈക്രോസ്കീം വഴി പ്രവാസികൾക്ക് 6 ശതമാനം പലിശനിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.***

805. കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകും.

***40 വയസിന് താഴെയുള്ള ചിറ്റാളന്റെ മരണം സംഭവിച്ചാൽ 25 ലക്ഷം രൂപ വരെയുള്ള ബാധ്യതയും 40 വയസിന് മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ബാധ്യതയും നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളാനുള്ള തീരുമാനം എടുത്തിട്ടുണ്ട്.***

806. പ്രവാസി ചിട്ടി ടേണോവർ 25000 കോടി രൂപയായി ഉയർത്തും. ഓൺലൈൻ അധിഷ്ഠിത നിവാസി ചിട്ടികൾ തുടങ്ങും.

***പ്രവാസി ചിട്ടി 2022-23 സാമ്പത്തിക വർഷത്തിൽ 2021-22 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 20.6 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ നിവാസി ചിട്ടിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.***

807. കുടിശിക നിവാരണ പദ്ധതി തുടരും.

***തുടർന്നുവരുന്നു.***

## സ്റ്റേറ്റ് ഇൻഷുറൻസ്

810. കുടുംബശ്രീ, സഹകരണസംഘങ്ങൾ, തൊഴിലുറപ്പ്, ക്ഷേമനിധികൾ തുടങ്ങി സർക്കാരുമായി ബന്ധപ്പെട്ട മേഖലകളിൽ ഇൻഷ്വറൻസ് പ്രവർത്തനം വ്യാപിപ്പിക്കും.

***നടപടികൾ സ്വീകരിച്ചുവരുന്നു.***

# XI

# അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തും ഭരണപരിഷ്കാരം

813. വി.എസ്. അച്യുതാനന്ദൻ അധ്യക്ഷനായുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പ്രത്യേക സംവിധാനമുണ്ടാക്കും.

***കമ്മീഷൻ സമർപ്പിച്ചിട്ടുള്ള 13 റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതിയെ നിയോഗിച്ചിരുന്നു. പരിശോധന പൂർത്തിയാക്കിയ 7 എണ്ണത്തിൽ 2,6,7,9 റിപ്പോർട്ടുകൾക്ക് മന്ത്രിസഭ അംഗീകാരം നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 4, 12 റിപ്പോർട്ടുകളിൽ തീരുമാനമെടുക്കുന്നത് പരിശോധിച്ചുവരുന്നു. പതിമൂന്നാമത് റിപ്പോർട്ട് ചീഫ് സെക്രട്ടറിതല സമിതിയുടെ പരിഗണനയിലാണ്.***

814. ജനസൗഹാർദ്ദപരമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ അനുഭവം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും. പങ്കാളിത്ത പെൻഷൻ അവലോകന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും. കോവിഡ്-19 പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിലെ ഫയൽ തീർപ്പാക്കൽ പുനരവലോകനം ചെയ്യും. തീർപ്പാക്കാൻ നിലവിലുള്ള ഫയലുകൾ കുറഞ്ഞത് 40 ശതമാനം ആറുമാസത്തിനുള്ളിൽ തീർപ്പാക്കാനായി തീവ്രയജ്ഞ ഫയൽ തീർപ്പാക്കൽ പദ്ധതി 2021 ൽ ആരംഭിച്ച് നടപ്പിലാക്കും.

***മേൽപ്പറഞ്ഞതിന് പുറമെ സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിനായി മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ പുനർവിന്യാസത്തിൻറെ കാര്യത്തിൽ സെക്രട്ടറിയേറ്റ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു ഓഫീസുകളിൽ നടപടി സ്വീകരിച്ചുവരികയാണ്. പങ്കാളിത്ത പെൻഷൻ അവലോകന കമ്മിറ്റി റിപ്പോർട്ട് ധനകാര്യവകുപ്പ് പരിശോധിച്ച് വരികയാണ്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് 2022 ജൂണിൽ ഫയൽ അദാലത്ത് സംഘടിപ്പിച്ചു. മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്കുതലത്തിൽ ഫയൽ തീർപ്പാക്കുന്നതിനുവേണ്ടി അദാലത്തുകൾ നടന്നുകൊണ്ടിരിക്കുന്നു.***

815. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) രൂപീകരണം അവസാന ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തിന്റെ ഭരണ സംവിധാനത്തിന്റെ കാര്യക്ഷമതയിൽ ഗുണകരമായ മാറ്റം ഇതു വരുത്തുമെന്നു തീർച്ചയാണ്. 2021 ൽ തന്നെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ ഭാഗമായുള്ള നിയമനം നടക്കും.

***കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ 105 പേർ ഉൾപ്പെട്ട പ്രഥമ ബാച്ചിന്റെ ഒന്നര വർഷത്തെ പരിശീലനം 2023 ജൂൺ 30-ന് പൂർത്തിയാകും.***

816. ഭരണനിർവ്വഹണ മാന്വലുകളും സർവ്വീസ് ചട്ടങ്ങളും സമഗ്രമായി പരിഷ്കരിക്കും. ഭരണപരിഷ്കാര കമ്മീഷൻ ഇതുസംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് നടപടി സ്വീകരിക്കും.

***ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടി പുരോഗമിച്ചു വരികയാണ്.***

817. എല്ലാ വകുപ്പുകളിലും ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർ ഓഫീസ്, ഇ-മെയിൽ സംവിധാനം നടപ്പാക്കി. ഓൺലൈൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കും. ഇ-ഗവേർണൻസ്, എം-ഗവേർണൻസ് മുൻനിർത്തിയുള്ള ചട്ട പരിഷ്കരണം കൊണ്ടുവരും.

***നടപടി സ്വീകരിച്ചുവരികയാണ്.***

818. സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനായി ജനങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തും. ജനങ്ങളുടെ സൗകര്യത്തിനായി സേവനകേന്ദ്രങ്ങളും അക്ഷയ കേന്ദ്രങ്ങളും ശക്തിപ്പെടുത്തും. എല്ലാ വീടുകളിലും ലാപ്ടോപ്പും ഇന്റർനെറ്റും എത്തുന്നതോടെ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ വിരൽത്തുമ്പിലാകും. സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസ് സന്ദർശിക്കുന്നത് പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി ഉണ്ടാകും.

***സർക്കാർ സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ഇൻറർനെറ്റ് ലഭ്യമാക്കാനുള്ള കെ-ഫോൺ പദ്ധതി പുരോഗമിച്ചുവരികയാണ്. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ പല സേവനങ്ങളും ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചും സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ അവ ലഭ്യമാക്കാനുള്ള സർക്കാർ ഉത്തരവ് 07.10.2021 ന് പുറപ്പെടുവിച്ചിട്ടുണ്ട്. നേറ്റിവിറ്റി, റെസിഡൻസ്, മൈനോറിറ്റി, ലൈഫ്, വൺ ആൻറ് ദി സെയിം, ബന്ധുത്വ, കുടുംബാംഗത്വ, ഐഡിൻറിഫിക്കേഷൻ, ജാതി, മിശ്രവിവാഹ എന്നീ സർട്ടിഫിക്കറ്റുകൾ ഒഴിവാക്കി സ്വയം സാക്ഷ്യപ്പെടുത്തൽ തെളിവായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.***

819. പി.ടി.ഡി (പ്രൊപ്പോസൽ ടു ഡിസ്പോസൽ) സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. സോഫ്ടുവെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകുടെയും വിവിധയിനം ഫയലുകളുടെയും നീക്കത്തിനു വേണ്ടിവരുന്ന സമയം തുടർച്ചയായി അവലോകനം ചെയ്യും.

***ഫയൽ തട്ടുകൾ കുറച്ചുകൊണ്ട് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.***

820. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കും, മറ്റുള്ളവ പരിഷ്കരിക്കും. ഇതിനായി മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി പരിശോധിച്ച് നയപരമായി അംഗീകരിക്കാവുന്നവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കും. ഇതിനുള്ള ഒരു അഞ്ചുവർഷ കാര്യപരിപാടി നിയമമന്ത്രാലയം തയ്യാറാക്കും.

***കാലഹരണപ്പെട്ട 105 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ 23-08-2022-ൽ നിയമസഭ പാസ്സാക്കുകയും 13.09.2022-ൽ കേരള റദ്ദാക്കലും ഒഴിവാക്കലും നിയമം പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.***

821. പാർശ്വവൽകൃത സമൂഹങ്ങൾക്കും സ്ത്രീകൾക്കും പൂർണ്ണ പൗരാവകാശം ഉറപ്പാക്കും. ഇതിനായി വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമഗ്ര പൗരാവകാശ സംരക്ഷണനിയമം പാസ്സാക്കും.

***പരിഗണിച്ചുവരുന്നു.***

822. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം ഫലപ്രദമായിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇതുപോലെ പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നടപടിക്രമം രൂപപ്പെടുത്തും. കുടിശ്ശിക വരുന്ന പരാതികൾ അദാലത്തു വഴി തീർപ്പുണ്ടാക്കും.

***നടപടി സ്വീകരിച്ചുവരുന്നു.***

823. എല്ലാ പരാതികളിലും പ്രശ്നങ്ങളിലും 30 ദിവസത്തിനുള്ളിൽ സർക്കാർ തലത്തിൽ തീർപ്പുണ്ടാക്കുന്നതിന് സംവിധാനമൊരുക്കും. ഏതെങ്കിലും പരാതികളോ ആവശ്യങ്ങളോ നിരസിക്കപ്പെട്ടാൽ നീതിനിഷ്ഠമായ തീർപ്പ് ഉറപ്പാക്കാനും വ്യക്തത വരുത്താനും ജനപ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാതല സമിതികൾ രൂപീകരിക്കും. 30 ദിവസത്തെ കാലയളവിനപ്പുറത്തേക്ക് പോകുന്ന ഏത് പ്രശ്നവും പരിഹാരത്തിനായി ജനപ്രതിനിധി ഉൾപ്പെടുന്ന സമിതിയിലേക്ക് റഫർ ചെയ്യപ്പെടും.

***നടപടി സ്വീകരിച്ചുവരുന്നു.***

824. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുകയും ഫലപ്രദമായ പൊതു പരിഹാര സംവിധാനം യാഥാർത്ഥ്യമാക്കുകയും കോൺടാക്റ്റ് പോയിന്റുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യും. സ്വയം

ഉടമസ്ഥതയിലുള്ള 2,500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ സമിതി തലത്തിൽ അംഗീകാരം ലഭിക്കും. 10 സെന്റ് വരെയുള്ള ഭൂമിയുടെ പരിവർത്തനം ആർ.ഡി.ഒ തലത്തിൽ നടന്നത് വില്ലേജ് ഓഫീസ് തലത്തിൽ നടത്താൻ കഴിയും. മലിനീകരണം ഇല്ലാത്ത എല്ലാ സ്വയം തൊഴിൽ സ്ഥാപനങ്ങൾക്കും/ കമ്പനികൾക്കും സ്വയം സാക്ഷ്യപ്പെടുത്തൽ മതിയാകും.

***അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെയും, നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കിയും സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. 2,500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശ തലത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.***

## അഴിമതിവിമുക്ത കേരളം

825. ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനായിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിനു വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. ഇ-ഗവേണൻസ് ഇതിനു സഹായിക്കും. അഴിമതിക്കെതിരെ ബഹുജന ക്യാമ്പയിൻ നടത്തും.

***അഴിമതിരഹിത ഭരണ സംവിധാനത്തിന്റെ ഭാഗമായി ഇ-സേവനങ്ങൾ, നടപടി ലഘൂകരിക്കൽ എന്നീ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.***

826. വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

***വിജിലൻസ് കേസുകളിലെ അന്വേഷണം പൂർത്തിയാക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള സമയക്രമം കാലോചിതമായി പരിഷ്കരിക്കുക, അന്വേഷണാനുമതി, പ്രോസിക്യൂഷൻ അനുമതി എന്നിവ നൽകുന്നതിനും കോടതി കുറ്റവിമുക്തരാക്കുന്ന കേസുകളിൽ അപ്പീൽ സാധ്യതയുള്ളവയിൽ അത് ഫയൽ ചെയ്യുന്നതിനും സമയക്രമം നിശ്ചയിക്കുക, അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയിലെ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുക, തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഒരു പുതിയ വിജിലൻസ് കോടതി സ്ഥാപിക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ അനുസമ്മതം തേടിയിരിക്കുകയാണ്.***

827. മന്ത്രിമാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റേയും മറ്റു പൊതുപ്രവർത്തകരുടെയും സ്വത്തു വിവരങ്ങളെക്കുറിച്ച് ജനങ്ങൾക്കു സുതാര്യവും വിശ്വാസയോഗ്യവുമായ രീതിയിൽ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

***നടപടികൾ പരിഗണനയിലാണ്.***

828. ഇ-ടെണ്ടറും ഈ-പ്രൊക്വയർമെന്റും നിർബന്ധമാക്കിക്കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ ജെമ്മിനെയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇവ എല്ലാ സർക്കാർ, അർദ്ധസർക്കാർ ഏജൻസികൾക്കും നിർബന്ധമാക്കും.

*ഇ-ടെണ്ടർ പ്രാവർത്തികമാക്കിയിട്ടുണ്ട്.*

## യൂണിഫോംഡ് ഫോഴ്സസ്

831. ഏറ്റവും നല്ല ക്രമസമാധാനനിലയുള്ള സംസ്ഥാനമായിട്ട് കേരളം വിലയിരുത്തപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷം സ്വീകരിച്ച നടപടികളുടെ ഫലമാണിത്. പ്രളയകാലത്തും, കോവിഡ് പ്രതിരോധ പ്രവർത്തനത്തിലും ഉൾപ്പെടെ ജനകീയ സേന എന്ന നിലയിൽ പ്രവർത്തിക്കുവാൻ ഈ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും.

*ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് പോലീസ് സേവനങ്ങൾ ജനോപകാരപ്രദമാക്കുന്നതിനും വേഗത്തിൽ ലഭിക്കുന്നതിനുമായി ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (iCoPS) നടപ്പിലാക്കി. ഇതിലൂടെ എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്കായി മൊബൈൽ ആപ്പും സജ്ജമാക്കിയിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിൽ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചത്. സംശയാസ്പദമായി കാണുന്നവരുടെ ഫോട്ടോ ശേഖരിച്ച് ഇവർ നിലവിലോ, മുമ്പോ കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുള്ളവരാണോ എന്ന് കണ്ടെത്തുന്നതിന് ഫെയ്സ് റെക്കഗ്നീഷൻ സിസ്റ്റം ഇതിന്റെ ഭാഗമായി നിലവിൽ വന്നിട്ടുണ്ട്. എഫ്.ഐ.ആർ ഓൺലൈനിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. കുറ്റവാളികളുടെ വിവരങ്ങൾ പോലീസിന്റെ മറ്റ് അന്വേഷണ വിഭാഗങ്ങൾക്കും പോലീസ് സ്റ്റേഷനുകൾക്കും വളരെ വേഗം ലഭ്യമാക്കാനുള്ള ക്രിമിനൽ ഗ്യാലറിയും iCoPS ൽ സജ്ജമാക്കിയിട്ടുണ്ട്.*

*ഗുണ്ടകളെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവരെയും സ്ഥിരം കുറ്റവാളികളെയും ലഹരിമാഫിയ സംഘങ്ങളെയും അമർച്ച ചെയ്യുന്നതിനായി 'ഓപ്പറേഷൻ ആഗ്' (Accelerated action against Anti Socials & Goondas) എന്ന പേരിലുള്ള പ്രത്യേക ഡ്രൈവ് നടന്നുവരുന്നു. സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി 16.12.2021-ലെ എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്. ഗുണ്ടാ നിയമ പ്രകാരം കുറ്റവാളികൾക്കെതിരെ കാര്യക്ഷമമായി നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതിയും എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാറാക്കി ആവശ്യമാണെന്ന് കാണുന്നവരെ അറസ്റ്റ് ചെയ്ത് KAA(P)A, PIT NDPS എന്നീ*

***നിയമപ്രകാരവും കൂടാതെ ക്രിമിനൽ നടപടി ചട്ടപ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സുതാര്യവും നീതിയുക്തവുമായ രീതിയിൽ നൂതന സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തി നിയമപാലനം ഉറപ്പാക്കുന്നതിനും പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്രമസമാധാന പാലനം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പോലീസ് നടത്തിവരുന്നത്. ഇതിലൂടെ രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനയായി മാറാൻ കേരളാ പോലീസിന് കഴിഞ്ഞിട്ടുണ്ട്.***

832. വർഗീയ പ്രചാരണങ്ങളേയും അത്തരം സംഘർഷങ്ങൾ കുത്തിപ്പൊക്കാനുമുള്ള ശ്രമങ്ങളേയും ശക്തമായി നേരിടും. ഭൂമാഫിയകൾ, ബ്ലേഡ് മാഫിയകൾ, ഗുണ്ടാ സംഘങ്ങൾ, മദ്യമയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് സ്വൈര്യജീവിതം ഉറപ്പാക്കും.

***ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്നപേരുള്ള പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഗുണ്ടാപ്രവർത്തനം, മയക്കുമരുന്ന് വിൽപന എന്നിവയിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പ, PIT NDPS എന്നീ നിയമങ്ങളിലെ കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചുവരുന്നു.***

833. ക്രമസമാധാന പാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു പൂർണ്ണതയിൽ എത്തിക്കും. എല്ലാ പോലീസ് സ്റ്റേഷനുകളിലും രണ്ടിനും പ്രത്യേക സംവിധാനങ്ങൾ ഉണ്ടാകും.

***സംസ്ഥാനത്ത് ക്രമസമാധാന പാലനവും കുറ്റാന്വേഷണവും വേർതിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അഗളി പോലീസ് സ്റ്റേഷൻ വിഭജിച്ച് പുതൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രൈംബ്രാഞ്ചിനു കീഴിൽ സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചു. ഇതിനായി ഒരു ഐ.ജി, 4 എസ്.പി., 11 ഡി.വൈ.എസ്.പി ഉൾപ്പെടെ 233 തസ്തികകൾ സൃഷ്ടിച്ചു. പോലീസ് സേനയുടെ കാര്യക്ഷമതയും പ്രവർത്തനമികവും ഉയർത്തുന്നതിനായി വിവിധ വിഭാഗങ്ങളിലായി 312 തസ്തിക സൃഷ്ടിച്ചു.***

834. സോഷ്യൽ പോലീസിംഗ് ഡയറക്ട്രേറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് തുടങ്ങിയ സംവിധാനങ്ങളെ ഇതിനു കീഴിൽ കൊണ്ടുവന്ന് വിപുലപ്പെടുത്തും. ജനമൈത്രി സുരക്ഷാപദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. ഇനി എല്ലായിടത്തും ജനമൈത്രിയുടെ ജനകീയതയും ശൈലിയും ഉറപ്പുവരുത്തും. പൊലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കും.

*ഐജി റാങ്കിലുള്ള ഉദ്യോഗസ്ഥന് ഡയറക്ടറുടെ ചുമതല നൽകി സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. കേരള പോലീസ് വകുപ്പിന് കീഴിൽ സോഷ്യൽ പോലീസിംഗ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജനമൈത്രി സുരക്ഷാ പദ്ധതി ഫലപ്രദമായി നടത്തി വരികയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാനായി 'പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്' വയോജനങ്ങളുടെ കരുതലിനും സംരക്ഷണത്തിനുമായി 'പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്' ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി 'ട്രൈബൽ ജനമൈത്രി പ്രോജക്ട്' അതിഥി തൊഴിലാളികളുടെ നിരീക്ഷണത്തിനായി 'മൈഗ്രൻറ് ലേബർ ജനമൈത്രി', എന്നീ പദ്ധതികൾ ഈ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ നടത്തി വരുന്നു. സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് വൃദ്ധജനങ്ങൾക്കായി 'Elder Line' പദ്ധതി വിഭാവനം ചെയ്ത് ജനമൈത്രി ബീറ്റ് പോലീസുദ്യോഗസ്ഥർ വഴി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. കോവിഡ് കാലത്ത് താത്കാലികമായി നിർത്തി വച്ചിരുന്ന 'വനിത സ്വയം പ്രതിരോധ ട്രെയിനിംഗ്' പുനരാരംഭിച്ചിട്ടുള്ളതും, എല്ലാ ജില്ലകളിലേയും മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നൽകി പുനർനിയമനം നൽകുകയും ചെയ്തിട്ടുള്ളതാണ്. 'M Beat' പദ്ധതിയിലൂടെ കേരളത്തിലെ 19 ലക്ഷത്തോളം ഭവന സന്ദർശനം നടത്തി ജനകീയ സൗഹൃദം ഊട്ടി ഉറപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളതാണ്. ഭിന്നലിംഗക്കാരുടെ ഉന്നമനത്തിനായുള്ള വിവിധ പദ്ധതികൾ പ്രാരംഭഘട്ടത്തിൽ നടത്തി വരികയുമാണ്.*

***പൊതുജനങ്ങളും പോലീസുമായുള്ള അന്തരം കുറയ്ക്കുന്നതിന് ആരംഭിച്ച സോഷ്യൽ പോലീസിംഗ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ, പ്രോജക്ട് ഹോപ്പ്, ചിരി 24x7 ഹെൽപ്പ് ലൈൻ, ഡി.സി.ആർ.സി, ഡി-ഡാഡ് എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളെ സ്പർശിക്കുന്ന വനിതാ, ശിശുസൗഹൃദമായ 6 ഓളം സുപ്രധാന പ്രോജക്ടുകൾ നടപ്പാക്കിവരുന്നു.***

835. ക്രമസമാധാനപാലനം തങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ സഹകരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കും. പോലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കില്ല എന്നും ഉറപ്പുവരുത്തും. പിരിച്ചുവിടൽ അടക്കമുള്ള കർശന നടപടികൾ ലോക്കപ്പ് അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കും.

***പോലീസ് ജനങ്ങളോട് മര്യാദയോടെ പെരുമാറുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ഇക്കാര്യത്തിൽ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ലോക്കപ്പുകളിലും CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ്***

***ഉദ്യോഗസ്ഥർക്കെതിരെ പിരിച്ചു വിടൽ ഉൾപ്പെടെയുള്ള കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.***

836. പോലീസ് സേനാംഗങ്ങളുടെ കായികപരവും കലാപരവുമായ ശേഷികളെ പ്രോത്സാഹിപ്പിക്കുന്നതിനു ഈ മേഖലയിൽ മേളകൾ സംഘടിപ്പിക്കും. പോലീസ് ബാന്റ് സംവിധാനത്തിനോടൊപ്പം ഓർക്കസ്ട്രയും രൂപീകരിക്കും. പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഫുട്ബോൾ അക്കാദമി ശക്തിപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

***ജനമൈത്രി ഡ്രാമാ-ഓർക്കസ്ട്ര ടീമുകളെ പുനഃസംഘടിപ്പിച്ച് സേനാംഗങ്ങളുടെ കലാപരമായ ശേഷികളെ ഉപയോഗപ്പെടുത്തി കുട്ടികൾക്കിടയിൽ വർദ്ധിച്ചു വരുന്ന ആത്മഹത്യ പ്രവണത, മദ്യ-മയക്കുമരുന്ന് ദുരുപയോഗം, സൈബർ ലോകത്തെ ചതിക്കുഴികൾ, കോവിഡ്/ട്രാഫിക് ബോധവത്കരണം, തുടങ്ങി വിവിധ വിഷയങ്ങളെ സംബന്ധിച്ച് നാടകങ്ങളും സംഗീതാത്മക പരിപാടികളും സംസ്ഥാന വ്യാപകമായി നടത്തി വരുന്നുണ്ട്. മലബാർ സ്പെഷ്യൽ പോലീസ് ബറ്റാലിയൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കേരള പോലീസ് ഫുട്ബോൾ അക്കാദമിയുടെ ഡയറക്ടറായി ശ്രീ.ഐ.എം.വിജയനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.***

837. കേരള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ വ്യാപകമായി നടപ്പാക്കും. നല്ലൊരു പങ്ക് സ്കൂളുകൾ ഇന്ന് സ്വന്തം ചെലവിലാണ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നത്. മൂന്നു വർഷം ഇങ്ങനെ പ്രവർത്തിച്ച എല്ലാ സ്കൂളുകൾക്കും ധനസഹായം ഉറപ്പുവരുത്തും.

***എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ 198 സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ 1001 സ്കൂളുകളിലായി 88000 വിദ്യാർത്ഥികൾ പരിശീലനം നേടി വരുന്നു.***

838. സംസ്ഥാനത്ത് വനിതാ ബറ്റാലിയൻ സ്ഥാപിച്ചു. മൊത്തം പോലീസ് സേനയുടെ 15 ശതമാനം എന്ന നിരക്കിലേയ്ക്ക് വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കും. സ്ത്രീ സുരക്ഷയുടെ ഭാഗമായി സ്വയംപ്രതിരോധ പരിശീലനം, സൈബർ പ്രതിരോധത്തിന് ടച്ച് സ്ക്രീൻ കിയോസ്കുകൾ, കൂടുതൽ പിങ്ക് കൺട്രോൾ റൂമുകൾ, തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും.

***സംസ്ഥാന പോലീസിൽ എൻട്രി കേഡറിലെ നിലവിലെ വനിതാ പ്രാതിനിധ്യം ബറ്റാലിയനുകളിൽ 13.47 ശതമാനമായും KCP യിൽ ആകെ 12.06 ശതമാനമായും ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. അപകടത്തിൽ പ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇൻറർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ***

*സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങിനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ചും പോലീസിന്റെ ഫേയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വിഷൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു.*

*2023-23 സാമ്പത്തികവർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ സ്ത്രീസൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 510 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 465 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിൽ Family & Women Counselling Centres ന്റെ പ്രവർത്തനത്തിന് 75 ലക്ഷം രൂപയും Women Victim Support Scheme ന് 20 ലക്ഷം രൂപയും Self Defence Programmes & Trainings ന് 105.84 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 50 പോലീസ് സ്റ്റേഷനുകൾ സ്ത്രീസൗഹൃദമാക്കുന്നതിനായി 100 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.*

*സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായകമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമവിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ ഫോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്.*

*സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.*

*സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംപ്രതിരോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.*

*സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ആത്മധൈര്യത്തോടെയും ഫലപ്രദമായും ചെറുക്കുന്നതിനായി സ്കൂൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ കാര്യാലയങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വനിതകൾക്കും കുട്ടികൾക്കുമായി 'വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി' ജനമൈത്രി സുരക്ഷ പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും നടത്തി വരുന്നു.*

839. സംസ്ഥാനത്ത് വ്യവസായ സംരക്ഷണ സേന രൂപീകരിച്ചിട്ടുണ്ട്. ആവശ്യം കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കും.

***കൂടുതൽ സ്ഥാപനങ്ങൾ സുരക്ഷാ ആവശ്യം ഉന്നയിക്കുന്നതിനനുസരിച്ച് വിന്യാസം നടത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 2,000 തസ്തികകൾ വ്യവസായ സംരക്ഷണ സേനയ്ക്കായി സൃഷ്ടിച്ചിട്ടുണ്ട്.***

840. ട്രാഫിക് അപകടം കുറയ്ക്കുന്നതിന് ട്രാഫിക് പൊലിസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. പരിശീലനം ശക്തിപ്പെടുത്തും. ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനത്തെ കൂടുതലായി ഉപയോഗപ്പെടുത്തും. ഇതുവഴി അഴിമതിക്കുള്ള സാധ്യത കുറയ്ക്കാനാകും.

***സ്കൂൾ പരിസരങ്ങൾക്ക് അരികിൽ റോഡ് സുരക്ഷ, അന്വേഷണം അവബോധ സൃഷ്ടി, ട്രാഫിക് സിഗ്നൽ പരിപാലന മേൽനോട്ട സംവിധാനം, ട്രാഫിക് ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 2022-23 വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഓൺലൈനായി ട്രാഫിക് ഫൈനുകൾ അടയ്ക്കുന്നതിനായി ഫെഡറൽ ബാങ്ക്, ട്രഷറി വകുപ്പ്, NICഎന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇ-ചെലാൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്.***

841. ഓൺലൈനായി പോലീസിന് പരാതിയും അപേക്ഷയും നൽകാനുള്ള സംവിധാനം വിപുലീകരിക്കും. സ്വീകരിച്ച നടപടിയും പൊലീസ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യുവാൻ കഴിയുന്ന സംവിധാനം ഒരുക്കും.

***പോലീസിന്റെ ഓൺലൈൻ സേവനങ്ങൾ (ഓൺലൈനായി പരാതി നൽകൽ, എംപ്ലോയി വെരിഫിക്കേഷൻ, മൈക്ക് പെർമിഷൻ, NOC അപേക്ഷ, സ്വഭാവ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, സമ്മേളനങ്ങൾ, പ്രകടനങ്ങൾ, സമരങ്ങൾ എന്നിവയ്ക്കുള്ള അനുമതി അപേക്ഷ മുതലായവ) 'തുണ' പോർട്ടൽ വഴി ലഭ്യമാക്കി വരുന്നു. കൂടാതെ CCTNS സംവിധാനം, പാസ്പോർട്ട് വെരിഫിക്കേഷനായി e-VIP ആപ്ലിക്കേഷൻ, POL-APP തുടങ്ങിയ വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവയും നിലവിലുണ്ട്.***

842. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്യാമറകൾ, ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ, സ്മാർട്ട് പൊലീസ് സ്റ്റേഷനുകൾ എന്നിവയൊക്കെ ഉൾപ്പെടുന്ന പ്രത്യേക ഡിജിറ്റൽ പോലീസിങ് വിങ് ഉണ്ടാക്കും.

***ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യകൾ പോലീസ് വകുപ്പിൽ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 15 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Dedicated Artificial Intelligence Team രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമിന്, IITM-K സംഘടിപ്പിക്കുന്ന രണ്ടുമാസത്തെ 'Artificial Intelligence and Data Analytics' കോഴ്സിൽ പരിശീലനവും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.***

*ട്രാഫിക് കുറ്റകൃത്യങ്ങൾ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി ANPR (Automatic Number Plate Recognition) ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.*

*തിരുവനന്തപുരം സൈബർ ഡോമിൽ നിർമ്മിതബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാവിയിൽ ഉണ്ടായേക്കാവുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കേരള പോലീസ് സൈബർ ഡോം മെറ്റാവേഴ്സിൽ പഠനങ്ങൾ നടത്തിവരുന്നു. ഇതിലൂടെ സോഷ്യൽ മീഡിയ, ഓൺലൈൻ ഗെയിമിംഗ്, Augmented Reality (AR), Virtual Reality (VR), ക്രിപ്റ്റോ കറൻസികൾ എന്നിവയുടെ ഗുണങ്ങളും ദോഷങ്ങളും മെറ്റാവേഴ്സ് സംയോജിപ്പിച്ച് ഉപയോക്താക്കൾക്ക് വെർച്ചലായി അവബോധം നൽകുവാൻ സഹായിക്കുന്നു. കൂടാതെ പെരിമീറ്റർ സെക്യൂരിറ്റി, ഫെയ്സ് ഡിറ്റക്ഷൻ എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ പഠനങ്ങളും ഇവിടെ നടത്തിവരുന്നു.*

843. എല്ലാ പഞ്ചായത്തിനോടും ചേർന്ന് ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ ഉണ്ടാക്കും. ചെറിയ മോഷണങ്ങൾ, ഗാർഹിക പീഡനം, പൊതുവായ പരാതികളുടെ രജിസ്ട്രേഷൻ തുടങ്ങി സാധാരണ വിഷയങ്ങൾ എല്ലാം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾക്ക് കൈകാര്യം ചെയ്യാൻ കഴിയും. പോലീസ് മേഖലയിലെ സർവ്വീസ് പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചുകഴിഞ്ഞു. സംസ്ഥാന സർവ്വീസിൽ നിന്നു ഓൾ ഇന്ത്യാ സർവ്വീസിലേക്കുള്ള നിയമനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

*സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് തിരുവനന്തപുരം സിറ്റിയിലും കൊച്ചി സിറ്റിയിലും 'മിത്രം സ്മാർട്ട് കിയോസ്കുകൾ' പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സർവ്വീസിൽ നിന്നും ഐപിഎസിലേക്കുള്ള സെലക്ഷനാവശ്യമായ സംസ്ഥാന സർക്കാർ തലത്തിലുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.*

844. ജയിലുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കും. തവനൂർ സെൻട്രൽ ജയിൽ പൂർണ്ണമായും തുറന്നു പ്രവർത്തിപ്പിക്കും. ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം സാർവ്വത്രികമാക്കും.

*ജയിലുകളിലെ തടവുകാരുടെ ആധിക്യം പരിഹരിക്കുന്നതിന് പുതിയ ജയിലുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ജയിലുകളിൽ അഡീഷണൽ ബ്ലോക്കുകൾ, സെല്ലുകൾ എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. കണ്ണൂർ കൂത്തുപറമ്പിൽ പുതിയ സബ് ജയിൽ പ്രവർത്തനമാരംഭിച്ചു. 42 പേരെ പാർപ്പിക്കുന്നതിന് ഈ ജയിലിൽ സൗകര്യമുണ്ട്. ചീമേനി തുറന്ന ജയിലിൽ പുതിയ ബാരക്ക് നിർമ്മാണം പൂർത്തിയാക്കി. ഇവിടെ 104 അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്.*

*മലപ്പുറം തവനൂരിൽ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിന്റെ നിർമ്മാണം പൂർത്തിയാക്കി. ഇവിടെ 706 പേരെ പാർപ്പിക്കാനാവും. മാനസിക രോഗികളായ തടവുകാരെ പാർപ്പിക്കുന്നതിന് തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ പ്രിസണുകളിൽ പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ വിയ്യൂർ, കണ്ണൂർ ജയിലുകളിലെ ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാക്കി. തിരുവനന്തപുരത്തെ നിർമ്മാണ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.*

*തടവുകാരെ വീഡിയോ കോൺഫറൻസിലൂടെ കോടതിക്കു മുമ്പിൽ ഹാജരാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. 374 കോടതി ലൊക്കേഷനുകളും 53 ജയിൽ സ്ഥാപനങ്ങളിലായി 86 ലൊക്കേഷനുകളും ഉൾപ്പെടെ 460 ഇടങ്ങളിൽ ഈ സംവിധാനം സ്ഥാപിച്ചു. പുതുതായി പ്രവർത്തനമാരംഭിച്ച 28 പോക്സോ കോടതികളിലും വീഡിയോ കോൺഫറൻസ് സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ട്.*

845. ജയിലിലെ ഭക്ഷണനിർമ്മാണ യൂണിറ്റ് വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി വിപുലപ്പെടുത്തും. ഇതിലൂടെ നേടുന്ന അധികവരുമാനം ജയിൽ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തും.

*ജയിലുകളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റ്, മാനുഫാക്ചറിംഗ് യൂണിറ്റ്, മറ്റ് സേവന മേഖലകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതത്തിൻറെ 50 ശതമാനം പ്രിസൺ ഡെവലപ്പ്മെന്റ് ഫണ്ടായി ഉപയോഗപ്പെടുത്തിവരുന്നു. ഇതു പ്രകാരം കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഫ്രീഡം ഫുഡ് ഫാക്ടറിയിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനും ജനറേറ്റർ സ്ഥാപിക്കുന്നതിനും യന്ത്രോപകരണം വാങ്ങുന്നതിനും തിരുവനന്തപുരം ജില്ലാ ജയിലിലെ ഡ്രെയിനേജ് സംവിധാനം നവകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചു.*

846. ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിനു ആധുനിക സൗകര്യങ്ങളുള്ള വാഹനങ്ങളും ഉപകരണങ്ങളും കൂടുതൽ ലഭ്യമാക്കും. നിലവിലുള്ള ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഫയർ ആൻഡ് റെസ്ക്യു ട്രെയിനിങ്ങിനെ വന്യജീവി ആക്രമണങ്ങൾ ഉൾപ്പടെയുള്ളവയെ കൈകാര്യം ചെയ്യാവുന്ന വിധത്തിൽ കുറെക്കൂടി വിപുലമാക്കും.

*അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചു. ഈരാറ്റുപേട്ട ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിച്ചു.*

847. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സിവിൽ ഡിഫൻസ് വോളന്റിയർമാരെ സജ്ജമാക്കും. ഓരോ സ്റ്റേഷനിലും 50 പേരുടെ യൂണിറ്റാണ് രൂപീകരിക്കുന്നത്.

*ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഓരോ ഫയർ & റസ്ക്യൂ സ്റ്റേഷനു കീഴിലും സിവിൽ ഡിഫൻസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 6200 സിവിൽ ഡിഫൻസ് വളണ്ടിയർമാരെ തെരഞ്ഞെടുക്കുകയും 3500 വളണ്ടിയർമാരുടെ പരിശീലനം പൂർത്തിയാക്കി പാസിംഗ് ഔട്ട് നടത്തുകയും ചെയ്തു. രണ്ടാം ഘട്ട വളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.*

848. അർദ്ധ സൈനിക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഹോം ഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടും.

*50 വനിതാ ഹോംഗാർഡുകളെ നിയമിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ഇതിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകൾക്ക് പ്രത്യേക പരിഗണനയും വിഭാവനം ചെയ്തിട്ടുണ്ട്.*

*ഫയർ & റസ്ക്യൂ സർവ്വീസസ് ആസ്ഥാന ഓഫീസ് കേന്ദ്രമാക്കി ഹോം ഗാർഡ് വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹോം ഗാർഡുകളുടെ ആവലാതികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടി സ്വീകരിച്ചുവരുന്നു.*

849. വ്യാജവാറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയെല്ലാം തടയാനുതകുന്ന രീതിയിൽ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തും.

*ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് 35,578 അബ്കാരി കേസുകളും 10,013 എൻ ഡി പി എസ് കേസുകളും എടുത്തിട്ടുണ്ട്. ഈ കേസുകളിൽ 34,593 ലിറ്റർ സ്പിരിറ്റ്, 14,256 ലിറ്റർ ചാരായം, 7,96,572 ലിറ്റർ വാഷ്, 7,468 കിലോ കഞ്ചാവ്, 15.85 കിലോ എം ഡി എം എ, 44211 ലിറ്റർ വ്യാജമദ്യം, 45.9 കിലോ ഹാഷിഷ് ഓയിൽ, 63,173 കിലോ പുകയില ഉൽപ്പന്നങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. 3,851 കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിക്കുകയും ചെയ്തു.*

*എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി, കാലപ്പഴക്കം വന്ന 33 വാഹനങ്ങൾക്ക് പകരമായി 33 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ വാങ്ങി നൽകി. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഊടുവഴികളിലൂടെയുള്ള മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കടത്ത് തടയുന്നതിന് കേരള എക്സൈസ് മൊബൈൽ ഇന്റെർവെൻഷൻ യൂണിറ്റ്(KEMU) എന്ന പേരിലുള്ള മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സുരക്ഷ കണക്കിലെടുത്ത് 37,53,634 രൂപക്ക് 9 എം എം പിസ്റ്റലുകൾ 60 എണ്ണവും 2,43,756 രൂപക്ക് 5,400 അമ്യൂണിഷനുകളും വാങ്ങി ഉദ്യോഗസ്ഥർക്ക് നൽകി.*

850. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വാഹന പരിശോധനയും ട്രാഫിക് നിയന്ത്രണങ്ങളും അനിവാര്യമാണ്.

മോട്ടോർ വാഹന വകുപ്പ് ഈ ലക്ഷ്യത്തോടെ ഒരു പരിധിവരെ വിപുലീകരിച്ചിട്ടുണ്ട്. ഇത് പൂർത്തീകരിക്കും.

*വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെയും അതുമൂലമുണ്ടാകുന്ന മരണങ്ങളുടെയും പശ്ചാത്തലത്തിൽ കൂടുതൽ വാഹന പരിശോധനയും ട്രാഫിക് നിയന്ത്രണങ്ങളും അനിവാര്യമാണ്. അതിലേക്കായി സേഫ് കേരള പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ നിരവധി 'Special Drive' - കൾ നടത്തുകയും ആയതുമായി ബന്ധപ്പെട്ട് റോഡുപയോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കി കഴിഞ്ഞു.*

*സേഫ് കേരള പദ്ധതിയുടെ ഭാഗമായുള്ള Fully Automated Enforcement സംവിധാനം കൂടി പൂർണ്ണ സജ്ജമായി പ്രവർത്തനക്ഷമമാകുമ്പോൾ അപകട നിരക്ക് ക്രമാനുസൃതമായി കുറയുമെന്ന് തന്നെ പ്രതീക്ഷിക്കുന്നു. സേഫ് കേരള പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തുടനീളം Automatic Number Plate Recognition (ANPR), Artificial Intelligence (AI) തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾക്കധിഷ്ഠിതമായ 726 ഓളം ക്യാമറകൾ സ്ഥാപിച്ച് വിവിധ ഗതാഗത കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും മാതൃകാപരമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള എറണാകുളം, കോഴിക്കോട് ജില്ലകളിലെ രണ്ട് കൺട്രോൾ റൂമുകൾ ഉൾപ്പെടെ 14 ജില്ലകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. ആയത് പ്രവർത്തനക്ഷമമാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.*

*ആക്സിഡന്റ് ക്ലസ്റ്ററുകൾ ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തുന്നതിനും മൊബൈൽ നാവിഗേഷൻ ആപ്പ് വഴി ബ്ലാക്ക് സ്പോട്ടുകളെക്കുറിച്ചുള്ള വിവരം മുൻകൂറായി റോഡ് ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നിട്ടുണ്ട്. റോഡ് നിയമങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അഭിലക്ഷണീയമായ റോഡ് ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജനങ്ങൾക്കിടയിൽ റോഡ് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും വീഡിയോ പ്രദർശനങ്ങളും നടത്തിവരുന്നു.*

## മറ്റു റെഗുലേറ്ററി വകുപ്പുകൾ

851. കോർബാങ്കിംഗ് സംവിധാനത്തെ അടിസ്ഥാനമാക്കി ട്രഷറി ഇടപാടുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. സമഗ്രമായ സെക്യൂരിറ്റി ഫംങ്ഷൻ ഓഡിറ്റ് പൂർത്തീകരിക്കും. ഐ.റ്റി വിഭാഗത്തെ ശക്തിപ്പെടുത്തും.

*ട്രഷറികളിൽ ഉപയോഗിക്കുന്ന 19 ഇൻട്രാനെറ്റ് ആപ്ലിക്കേഷനുകളുടെയും സെക്യൂരിറ്റി ഓഡിറ്റ് STQC മുഖാന്തിരം പൂർത്തിയാക്കിയിട്ടുണ്ട്. വകുപ്പിലെ*

***മുഴുവൻ ജീവനക്കാർക്കും ISO 27001-2013 നടപ്പിലാക്കുന്നതിന്റെ പ്രാഥമിക പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജീവനക്കാർക്ക് CISO (Chief Information Security Officer) പരിശീലനം ലഭ്യമാക്കിയിട്ടുള്ളതും ആകുന്നു. ട്രഷറി ആസ്ഥാനത്തും മുഴുവൻ ട്രഷറികൾക്കും ആവശ്യമായ സാങ്കേതിക സപ്പോർട്ട് നൽകുന്നതിന് വിദഗ്ധരായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതുമാകുന്നു. വകുപ്പിൽ ഉപയോഗിക്കുന്ന ഡാറ്റാബേസ് പരിപാലിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 7 ജീവനക്കാർക്ക് IBM മുഖാന്തിരം പരിശീലനം നൽകിയിട്ടുണ്ട്.***

852. വില്ലേജ് ഓഫീസുകളെല്ലാം സ്മാർട്ട് വില്ലേജുകളാക്കി മാറ്റും. ഭൂരേഖകളെല്ലാം അഞ്ചു വർഷംകൊണ്ട് ഡിജിറ്റലൈസ് ചെയ്യുന്നതിനു യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതി തയ്യാറാക്കും.

***സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളും സ്മാർട്ട് വില്ലേജുകളാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ 80 പുതിയ സ്മാർട്ട് വില്ലേജോഫീസുകൾ കൂടി അനുവദിക്കുകയും മുൻസർക്കാർ അനുവദിച്ച 192 വില്ലേജാഫീസുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു.***

853. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് 1.64 ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തു. 30000ത്തോളം പട്ടയങ്ങൾ വിതരണത്തിനു തയ്യാറാണ്. മലയോരങ്ങളിലും കടലോരങ്ങളിലും മറ്റു പുറംപോക്കുകളിലും താമസിക്കുന്നവർക്ക് നിയമചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് മുഴുവൻ സാധ്യമായ പട്ടയങ്ങളും വിതരണം ചെയ്യും.



***ഈ സർക്കാർ ഒരു വർഷംകൊണ്ട് അര ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു. അടുത്ത 40,000 പട്ടയങ്ങൾ കൂടി വിതരണത്തിന് സജ്ജമായി വരുന്നു.***

854. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുകയും ആധുനീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട ദുരന്ത വിശകലനവും പ്രവചനവും സാധ്യമാക്കുന്ന രീതിയിൽ സാങ്കേതിക കഴിവ് ഉയർത്തും.

***പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് വിശകലനം നടത്താൻ സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ 25 പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. എല്ലാ താലൂക്കിലും എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിച്ചു. ദുരന്ത നിവാരണ ചുമതല വികേന്ദ്രീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി നൽകി. കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. പ്രളയ ഭൂപടം, ഓറഞ്ച് ബുക്ക് എന്നിവ പ്രസിദ്ധീകരിച്ചു.***

856. രജിസ്ട്രേഷൻ കെട്ടിട നവീകരണം പൂർത്തിയാക്കും. പഴയ ലെഗസി റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്തു സംരക്ഷിക്കും.

***കെട്ടിട നവീകരണവും ജില്ലകളിലെ രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചുവരുന്നു.***

857. ലീഗൽ മെട്രോളജി വകുപ്പിലെ ലബോറട്ടറി കാലിബറേഷൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.

***എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ നിർമ്മിച്ച തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറി, ഫ്ലോമീറ്റർ കാലിബറേഷൻ ലബോറട്ടറി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു. സ്പിഗ്മോമാനോമീറ്റർ കാലിബറേഷൻ ലബോറട്ടറി, വാട്ടർ മീറ്റർ കാലിബറേഷൻ ലബോറട്ടറി എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്വന്തം കെട്ടിടത്തിലാണ് ലീഗൽ മെട്രോളജി ഓഫീസ് പ്രവർത്തിക്കുന്നത്. കോട്ടയം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. മറ്റ് ജില്ലകളിൽ ഓഫീസ് /ലബോറട്ടറി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എറണാകുളത്ത് പ്രവർത്തിക്കുന്ന ഗോൾഡ് അസ്സെയിംഗ് ലാബിന് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്വർണ്ണത്തിന്റെ ശുദ്ധത പരിശോധിക്കുന്ന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇത് സഹായകമാകും.***

858. സർക്കാർ പ്രസ്സുകൾ ആധുനീകരിക്കും.

***അച്ചടി വകുപ്പിൻറെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് WAPCOS ലിമിറ്റഡ് തയ്യാറാക്കിയ 135 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട്***

*പരിശോധിച്ചുവരുന്നു. കിഫ്ബി ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.*

859. കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പ്രവർത്തനക്ഷമമാക്കും.

*കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കമ്മീഷൻറെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.*

860. കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒറ്റ കേന്ദ്രത്തിൽ സേവനം ഉണ്ടായിരിക്കും. ഇത് സർക്കാർ സേവനങ്ങളെ സുസംഘടിതമാക്കുന്നതിന് സഹായിക്കും. വൈദ്യുതി, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, സിവിൽ സപ്ലൈസ് ഓഫീസ്, ആർ.ടി.ഒ, രജിസ്ട്രേഷൻ, നികുതി അടവ്, പോലീസും ഫൈനും എന്നിങ്ങനെ എല്ലാം ഒറ്റ കേന്ദ്രത്തിൽ പ്രവർത്തിക്കും. സർക്കാർ സേവനങ്ങൾക്കായി ജനങ്ങൾ വിവിധ ഓഫീസുകൾ കയറി ഇറങ്ങുന്ന സാഹചര്യം ഇതുമൂലം ഒഴിവാകും.

*ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.*

861. എല്ലാ സർക്കാർ സേവനങ്ങളും സാധ്യമാകുന്നിടത്തെല്ലാം ഹോം ഡെലിവറി വഴി നൽകും. മുതിർന്ന പൗരന്മാർക്കും രോഗികൾക്കും വികലാംഗർക്കും ഇത് സൗജന്യമായിരിക്കും.

*മസ്റ്ററിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വാതിൽപ്പടി സേവനം പ്രാവർത്തികമാക്കിയിട്ടുണ്ട്.*

## ഭരണഘടനാ സ്ഥാപനങ്ങൾ

862. ജില്ലാ കോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കും. പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം കൂടി കണക്കിലെടുത്ത് ഇനിയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കും.

*കീഴ് കോടതികളിലെ ഉത്തരവുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിൻറെ ആദ്യപടിയായി പരിഭാഷകരുടെ 50 തസ്തികകൾ സൃഷ്ടിച്ചു. ആധുനിക വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കോടതിവിധികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ അനുയോജ്യമായ സോഫ്റ്റ് വെയർ ആപ്പുകൾ/ടൂളുകൾ ഉപയോഗിക്കുന്നത് പരിഗണനയിലാണ്.*

863. കേസുകൾ വേഗത്തിൽ തീർക്കാൻ ജുഡീഷ്യറിയിലുള്ള ഒഴിവ് നികത്തും. ആവശ്യമെങ്കിൽ കൂടുതൽ കോടതികൾ അനുവദിക്കും.

*പോക്സോ കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുകയും ആവശ്യമായ ജീവനക്കാരെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ കോടതികളിലേക്ക് 56 സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. 53 കോടതികൾ പൂർണ്ണമായും പ്രവർത്തനക്ഷമമായി. പുതുതായി 7 കുടുംബകോടതികൾക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത കോടതികളിൽ 21 തസ്തികകൾ വീതം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.*

*പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയുന്നതിനുള്ള നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി തിരുവനന്തപുരത്തും തൃശൂരിലും രണ്ട് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് 12 തസ്തികകൾ വീതം സൃഷ്ടിച്ചു. തൃശൂരിലെ പ്രത്യേക കോടതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.*

864. 10 കോടതി സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി. 20 കോടതി സമുച്ചയങ്ങൾ കൂടി നിർമ്മാണം പൂർത്തിയാക്കും. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി വർദ്ധിപ്പിക്കും.

*വിവിധ കോടതി കെട്ടിടസമുച്ചയങ്ങളുടെ നിർമ്മാണങ്ങൾക്കായി 276.65 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർമ്മാണ ഘട്ടത്തിലാണ്. മലപ്പുറം, വടകര, കാസർഗോഡ് എന്നിവിടങ്ങളിൽ കുടുംബകോടതികളുടെ നിർമ്മാണത്തിനായി 25.24 കോടി രൂപയുടെ ഭരണാനുമതി നൽകി. കൂടാതെ സബോർഡിനേറ്റ് കോടതികളിൽ ഫർണീച്ചറുകൾ വാങ്ങുന്നതിന് 2.3 കോടി രൂപ അനുവദിച്ചു. ഇ-ഗവേണൻസ് പദ്ധതിക്കായി ഹൈക്കോടതിയ്ക്ക് 3.5 കോടി രൂപയും കീഴ് കോടതികൾക്കായി 3.3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇ-കോർട്ട് പ്രോജക്ട് നടപ്പാക്കുന്നതിനായി ജില്ലാ കോടതികൾക്ക് രണ്ട് വർഷത്തേയ്ക്ക് ഒരു സീനിയർ സിസ്റ്റം ഓഫീസർ ഉൾപ്പെടെ 56 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ട്. പോക്സോ കോടതികളിലും ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിന് 2.69 കോടി രൂപ അനുവദിച്ചിട്ടുണ്ട്.*

865. പബ്ലിക് സർവ്വീസ് കമ്മീഷൻ ഓൺലൈൻ പരീക്ഷാ സൗകര്യം വിപുലപ്പെടുത്തും.

*ആസ്ഥാന ഓഫീസിലും പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലാ ഓഫീസുകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ അംഗീകൃത എഞ്ചിനീയറിംഗ് കോളേജുകളിലെ സൗകര്യങ്ങൾ കൂടി ഉപ യോഗപ്പെടുത്തി ഓൺലൈൻ പരീക്ഷ വിപുലമാക്കിയിട്ടുണ്ട്.*

866. പി.എസ്.സി പരീക്ഷ, മൂല്യനിർണ്ണയം, നിയമനം എന്നിവ നടത്തുവാൻ ചലനാത്മകവും പൂർണ്ണതോതിൽ യന്ത്രവത്കൃതവുമായ 'ഡൈനാമിക് ഫുള്ളി ഓട്ടോമേറ്റഡ്' സംവിധാനം സൃഷ്ടിക്കും. ഏറ്റവും കുറഞ്ഞ മനുഷ്യ

ഇടപെടലോടെ ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും മൂല്യനിർണ്ണയം നടത്തുകയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നിയമനം നടത്തുകയും ചെയ്യും. ചലനാത്മകമായ ഈ പി.എസ്.സി സംവിധാനം തടസ്സമില്ലാതെ കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യും.

***2022 ഡിസംബർ മാസം വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടെയും പരീക്ഷകൾ 2023 മെയ് മുതൽ ഡിസംബർ വരെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ സ്പാർക്കിലൂടെ യഥാസമയം (Automatic Reporting of vacancies) റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകരുടെ എണ്ണം, തസ്തികയുടെ സ്വഭാവം എന്നിവയെ അടിസ്ഥാനപ്പെടുത്തി പൊതുപരീക്ഷയും പ്രത്യേക പരീക്ഷയും നടത്തിവരുന്നു. പ്രധാന തസ്തികകൾക്കുള്ള റാങ്ക് ലിസ്റ്റുകൾ അവസാനിക്കുന്ന തീയതിക്ക് അടുത്ത ദിവസം തന്നെ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ചുവരുന്നു. 2021 മെയ് 21 മുതൽ 2023 മാർച്ച് 31 വരെ 45642 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. കഴിഞ്ഞ എൽഡിഎഫ് സർക്കാർ 1,61,268 പേർക്ക് നിയമന ശിപാർശ നൽകിയിരുന്നു. ആകെ 2016 ന് ശേഷം 2,06,910 പേർക്ക് പി.എസ്.സി വഴി നിയമന ശിപാർശ നൽകി.***

867. സർക്കാർ, അർദ്ധസർക്കാർ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്പെഷ്യൽ റൂളുകൾക്കു രൂപം നൽകുകയും നിയമനങ്ങൾ പി.എസ്.സിക്കു വിടുകയും ചെയ്യും.

***IHRD, LBS എന്നിവിടങ്ങളിൽ ഇതിനോടകം സ്പെഷ്യൽ റൂളുകൾ നിലവിൽ വന്നിട്ടുണ്ട്. സി-ആപ്റ്റ് സ്പെഷ്യൽ റൂൾ ഉടൻ അംഗീകരിക്കും. സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം സ്പെഷ്യൽ റൂൾ രൂപീകരണം അന്തിമ ഘട്ടത്തിലാണ്. ലൈബ്രറി കൗൺസിൽ നിയമനം PSC ക്കു വിടുന്നത് അന്തിമ ഘട്ടത്തിലാണ്.***

## സംസ്ഥാന ഭാഗ്യക്കുറി

869. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഇതരസംസ്ഥാന ഭാഗ്യക്കുറികൾക്ക് പ്രവർത്തിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ല. എന്നാൽ ജി.എസ്.ടി നിയമത്തിൽ വരുത്തിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേയ്ക്ക് കടന്നുവരാൻ ഭാഗ്യക്കുറി മാഫിയ പരിശ്രമിക്കുകയാണ്. ഇവർക്കെതിരെ നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും സ്വീകരിക്കും. ഭാഗ്യക്കുറി തൊഴിലാളികളെയും ജനങ്ങളെയും അണിനിരത്തി ലോട്ടറി മാഫിയയെ ചെറുക്കും.

***ജി.എസ്.റ്റി നടപ്പാക്കിയതിനുശേഷം നിയമവിരുദ്ധ ഇതര സംസ്ഥാന ലോട്ടറിയുടെ കടന്നുവരവ് തടയാൻ കർക്കശമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ നിയമഭേദഗതി നടപ്പിലാക്കായിട്ടുണ്ട്. ഇത്തരം ടിക്കറ്റുകൾ വിൽക്കുന്നതിൽ നിന്നും കേരള ലോട്ടറി ഏജന്റുമാരെ സർക്കാർ വിലക്കിയിട്ടുമുണ്ട്.***

870. ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കു നൽകിക്കൊണ്ട് കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

***ഇതര സംസ്ഥാന ലോട്ടറിയുടെ വിതരണക്കാരെ സംസ്ഥാനത്തിന്റെ നിബന്ധനകൾക്ക് വിധേയമായി മാത്രം നിയമിക്കണമെന്നാവശ്യപ്പെട്ടു കേന്ദ്ര നിയമത്തിൽ ഒരു ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.***

871. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾക്കുള്ള വിഹിതം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 40 ശതമാനമായിരുന്നു. അത് ഇപ്പോൾ 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. കൂടുതൽ സമ്മാനങ്ങൾ നൽകുകയും കമ്മീഷൻ ഉയർത്തുകയും ചെയ്യും.

***ഭാഗ്യക്കുറികളുടെ സമ്മാനങ്ങളുടെ എണ്ണം കൂട്ടുന്നത് നടപ്പാക്കി വരികയാണ്. 2023 വിഷു ബമ്പർ ഭാഗ്യക്കുറിയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു. 25 കോടി രൂപയുടെ ഏറ്റവും വലിയ ഒന്നാം സമ്മാനവുമായി തിരുവോണം ബമ്പർ 2022-ൽ നടത്തി. കമ്മീഷൻ ഉയർത്തി നൽകിയിട്ടുണ്ട്.***

872. ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിനായി 'ലൈഫ് ബംബർ ഭാഗ്യക്കുറി' നടത്തും. ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കും.

***ലോട്ടറി വെൽഫെയർ അംഗങ്ങൾക്ക് ഭവന നിർമ്മാണ സഹായം നൽകുന്നതിലേക്കായി 2021 ലെ വിഷു ബമ്പർ ലൈഫ് ബമ്പറായാണ് നടത്തിയിരുന്നത്. പ്രസ്തുത ലോട്ടറി നടത്തിപ്പിൽ നിന്നും മറ്റു ചെലവുകളെല്ലാം കുറവ് ചെയ്ത് ഭവന നിർമ്മാണ സഹായത്തിനുള്ള ലാഭ വിഹിതം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.***

***2022-23 സാമ്പത്തികവർഷത്തിൽ പെൻഷൻ ഉൾപ്പടെ വിവിധ ആനുകൂല്യങ്ങളിലായി 31.41 കോടി രൂപ ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്തു. സ്വന്തമായി കടയോ കച്ചവട സ്ഥാപനമോ ഇല്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപ്പനയ്ക്കായി 1000 ബീച്ച് അംബ്രലകൾ വിതരണം ചെയ്തു. അംഗപരിമിതരായ ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങൾക്ക് ട്രൈസ്കൂട്ടർ വിതരണം, തൊഴിലാളികൾക്ക് യൂണിഫോം വിതരണം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്നതിനുള്ള പ്രവർത്തനം എന്നിവ അവസാന ഘട്ടത്തിലാണ്.***

873. ഏജന്റ് മരണപ്പെടുന്ന സാഹചര്യമുണ്ടായാൽ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചു നൽകും. ഇതിന് ആവശ്യമായ ചട്ടഭേദഗതികൾ കൊണ്ടുവരും.

***ഏജന്റ് മരണപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ടിയാരുടെ നോമിനിക്ക് ടിക്കറ്റുകൾ സംരക്ഷിച്ചുനൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ മോഡിഫിക്കേഷൻ നടത്തിയിട്ടുണ്ട്.***

# ദേവസ്വം

874. ദേവസ്വം ബോർഡുകൾ കോവിഡിനെ തുടർന്ന് വലിയ പ്രതിസന്ധിയിലാണ്. വരുമാനം സാധാരണഗതിയിൽ ആകുന്നതുവരെ കമ്മി സർക്കാർ ഖജനാവിൽ നിന്നും നികത്തും.

*ദേവസ്വം ബോർഡുകൾക്കും, തിരുവനന്തപുരം പത്മനാഭ സ്വാമി ക്ഷേത്രത്തിനും പ്രത്യേക ധനസഹായം നൽകി 215 കോടി രൂപ കൈമാറിയിട്ടുണ്ട്. (കഴിഞ്ഞ വർഷത്തെ കണക്ക് തന്നെയാണ്. മാറ്റമില്ല)*

875. ശബരിമലയുമായി ബന്ധപ്പെട്ട ഇടത്താവളങ്ങൾ, മാസ്റ്റർപ്ലാൻ തുടങ്ങിയവ പൂർത്തിയാക്കുന്നതിന് സമയബന്ധിത പരിപാടി നടപ്പാക്കും.

*ശബരിമല മാസ്റ്റർപ്ലാൻ നടപടികൾ പുരോഗമിക്കുന്നു. നടപ്പാത, അന്നദാന മണ്ഡപം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, വിശ്രമകേന്ദ്രം എന്നിവയുടെ നിർമ്മാണത്തിനായി 28.4 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ശുകപുരം (പൊന്നാനി) ഒഴികെ, കഴക്കൂട്ടം, ചെങ്ങന്നൂർ, എരുമേലി, നിലയ്ക്കൽ, ചിറങ്ങര (ചാലക്കുടി), മണിയംകോട് (കൽപ്പറ്റ) എന്നീ 6 ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. അടുത്ത മണ്ഡലകാലം ആരംഭിക്കുന്നതിന് മുമ്പായി പ്രവൃത്തികൾ പൂർത്തീകരിക്കും.*

876. പൈതൃകമൂല്യമുള്ള പ്രധാനപ്പെട്ട അമ്പലങ്ങൾ പഴമയിൽ സംരക്ഷിക്കുന്നതിനു പദ്ധതി തയ്യാറാക്കി നടപ്പാക്കും.

*നടപടി പുരോഗമിക്കുന്നു.*

877. ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനും അവിടത്തെ ശാന്തിക്കാർക്കും മറ്റു ജീവനക്കാർക്കും മാന്യമായ വേതനം ലഭ്യമാക്കുന്നതിനുള്ള വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു സ്കീമിനു രൂപം നൽകും. ഇവർക്കായി പ്രത്യേക ക്ഷേമനിധിയും ഏർപ്പെടുത്തും.

*ഈ വിഷയം പരിഗണനയിലാണ്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് വേതനം, ക്ഷേമനിധി എന്നിവയ്ക്കായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.*

# സംസ്ഥാന ആസൂത്രണ ബോർഡ്

878. പഞ്ചവത്സര പദ്ധതി ആസൂത്രണം മുന്നോട്ട് കൊണ്ടുപോകുന്ന ഏക സംസ്ഥാനമാണ് കേരളം. സംസ്ഥാനതല ആസൂത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

*പതിമൂന്നാം പഞ്ചവത്സര പദ്ധതി 2021-22 ൽ പൂർത്തിയായിട്ടുണ്ട്. 2020-21*

*ൽ വാർഷിക പദ്ധതി അടങ്കൽ 27610 കോടി രൂപയായിരുന്നു. പദ്ധതി ചെലവ് 27805 കോടി രൂപയാണ്. 2022-23 മുതൽ ആരംഭിക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപനരേഖ ആസൂത്രണബോർഡ് തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.*

879. പതിനാലാം പഞ്ചവത്സര പദ്ധതി ആഗോളതലത്തിൽ വിദഗ്ധരുടെയും കേരളത്തിലെ ജനവിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കും.

*കരട് സമീപന രേഖ അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും.*

## സംവരണനയം

880. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണം. ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കുതന്നെ കിട്ടുമെന്ന് ഉറപ്പുവരുത്താനും കഴിയണം. അതോടൊപ്പം മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സർക്കാർ തുടരും. നാലുപതിറ്റാണ്ടിലേറെയായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചുവരുന്ന ഈ സംവരണനയത്തെ ഉയർത്തിപ്പിടിക്കും.

*നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും അനുവദിക്കപ്പെട്ടിട്ടുള്ള സംവരണം അതേപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.*

881. പട്ടികജാതി-പട്ടികവർഗ്ഗ സംവരണം സ്വകാര്യമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ പരിശ്രമിക്കും.

*ടെക്നോപാർക്കിലെ 13 കമ്പനികളുമായി ചർച്ച നടത്തി. യോഗ്യരായ പട്ടികജാതി, പട്ടികവർഗ്ഗ യുവാക്കളുടെ വിശദാംശങ്ങൾ സമാഹരിച്ച് കൈമാറാനുള്ള നടപടി പുരോഗമിക്കുന്നു.*

882. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെന്നത് ന്യായമാണ്. പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഇത് നടപ്പിലാക്കാനാവണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായസമന്വയം ഉണ്ടാക്കാൻ ഉള്ള ഇടപെടൽ നടത്തും.

*പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുകയെന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ആവശ്യം. ഇത് സംബന്ധിച്ച് പ്രത്യേകമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി റിട്ട. ചീഫ് ജസ്റ്റിസ് ശ്രീ. കെ.ജി ബാലകൃഷ്ണൻ*

*അധ്യക്ഷനായുള്ള ഒരു കമ്മീഷനെ കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. മതന്യൂനപക്ഷ അവകാശ സ്കോളർഷിപ്പ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ന്യൂനപക്ഷ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്.*

## മദ്യനയം

883. മദ്യാസക്തിക്കെതിരെ ശക്തമായ പ്രചാരണവും നിയന്ത്രണവും കൊണ്ടുവരും. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിക്കുക.

*മയക്കുമരുന്ന് കുറ്റകൃത്യത്തിനെതിരെ നിയമ നടപടികൾ കൂടുതൽ കർശനമാക്കി. മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ ഡേറ്റാബാങ്ക് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. എല്ലാ എക്സൈസ് റെയ്ഞ്ച് ഓഫീസുകളിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കുന്നു. ആവർത്തിച്ച് മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളാകുന്നവർക്ക് ഉയർന്ന ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സ്ഥിരമായി മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ലഹരി വസ്തുക്കൾ സംബന്ധിച്ച പരാതികൾ അറിയിക്കുവാനുള്ള നമ്പരുകൾ അടങ്ങിയ പോസ്റ്ററുകളും ബോർഡുകളും വിദ്യാലയങ്ങൾ, പൊതുസ്ഥലങ്ങൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച് രഹസ്യവിവര ശേഖരണം ശക്തിപ്പെടുത്തി. രണ്ടാംഘട്ട പ്രചാരണ പ്രവർത്തനം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ സംഘടിപ്പിച്ചു. മയക്കുമരുന്നിനെതിരെയുള്ള സന്ദേശം യുവജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി 2 കോടി 'ഗോൾ ചലഞ്ച്' എന്ന പരിപാടി സംഘടിപ്പിച്ചു.*

*884. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ഇതിനായി വിമുക്തി മിഷനു രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. അതിവിപുലമായ ഒരു ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകും. മദ്യവർജ്ജനസമിതിയും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തും.*

*ലഹരിവസ്തുക്കൾ വർജ്ജിക്കുന്നതിനായി പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്താനുള്ള പരിപാടികൾ സംസ്ഥാന സർക്കാർ നടത്തിവരുന്നു. 2022 ഒക്ടോബർ 2 മുതൽ സംസ്ഥാനത്ത് നോ ടു ഡ്രഗ്സ് (NO TO DRUGS) എന്ന പേരിൽ ലഹരിക്കെതിരെ വ്യാപകമായി പ്രചരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, എക്സൈസ്, പോലീസ്, ഐ&പി.ആർ.ഡി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളെയും, എല്ലാ രാഷ്ട്രീയ പാർട്ടികളെയും, ജാതി-മത-സാമൂഹിക-സാംസ്കാരിക സംഘടനകളെയും കുടുംബശ്രീ, എൻ.എസ്.എസ്, എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ്&ഗൈഡ്സ്*

*എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് പ്രചാരണം സംഘടിപ്പിച്ചത്.*

885. 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കും. മേഖലാ കൗൺസിലിംഗ് സെന്ററുകൾക്കും രൂപം നൽകും.

*14 ജില്ലകളിലും വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 2023 ഫെബ്രുവരി വരെ 93920 പേർക്ക് ചികിത്സ നൽകി. ഇതിൽ 7757 പേർക്ക് കിടത്തി ചികിത്സ നൽകി.*

886. മദ്യം പോലെ സാമൂഹ്യഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമാവുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും. സ്കൂളുകളിൽ മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം 8 മുതൽ 12 വരെ ക്ലാസ്സുകളിൽ ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടുതൽ ശക്തമാക്കും.

*കോളേജ് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ സാധ്യത ഇല്ലാതാക്കുന്നതിന് കാമ്പസുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നു. വിദ്യാലയങ്ങളിൽ ഈലക്ഷ്യത്തോടെ 'ഉണർവ്' എന്ന പദ്ധതിക്കും രൂപം നൽകി. വിദ്യാലയങ്ങളിൽ പി.റ്റി.എ യോഗങ്ങളും വിദ്യാർത്ഥികളുടെ യോഗങ്ങളും സംഘടിപ്പിച്ച് ലഹരിക്കെതിരെയുള്ള അവബോധം നൽകി. മനുഷ്യാവകാശ ദിനമായ ഡിസംബർ 10 ന് സ്കൂൾ/കോളജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വാർഡുകളിൽ ലഹരിക്കെതിരെ കവലയോഗങ്ങൾ സംഘടിപ്പിച്ചു. എല്ലാ വിദ്യാലയങ്ങൾക്ക് ചുറ്റും ലഹരി വിരുദ്ധ സംരക്ഷണ ശൃംഖല തീർക്കുകയും പ്രതീകാത്മകമായി ലഹരി വസ്തുക്കൾ കത്തിക്കുകയും ചെയ്തു.*

## ജീവനക്കാർ

887. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയും കോവിഡുകാലത്ത് മാറ്റിവച്ച ശമ്പളവും ഡി.എ കുടിശികയും കാശായി 2021-22ൽ നൽകും. മെഡിസെപ്പ് 2021-22ൽ നടപ്പാക്കും.

*കോവിഡ് കാലത്ത് മാറ്റിവച്ച ശമ്പളവും ജൂലൈ 2019 വരെയുള്ള ഡിഎ കുടിശ്ശികയും കൊടുത്തുതീർത്തിട്ടുണ്ട്. മെഡിസെപ്പ് നടപ്പിലാക്കി.*

888. ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ അനോമലി സംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം പരിശോധിക്കുന്നതിന് അനോമലി കമ്മിറ്റിയെ നിയോഗിക്കും. ക്യാബിനറ്റു തലത്തിൽ തന്നെ ചർച്ച ചെയ്ത് പരാതികൾക്കു പരിഹാരം കാണും.

*അനോമലി കമ്മിറ്റി റിപ്പോർട്ട് ധനവകുപ്പിന്റെ പരിഗണനയിലാണ്.*

889. പങ്കാളിത്ത പെൻഷൻ റിപ്പോർട്ട് സമർപ്പിച്ചയുടനെ തന്നെ പരിശോധിച്ച് ജീവനക്കാരുടെ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് നടപടി സ്വീകരിക്കും.

*റിപ്പോർട്ട് വിശദമായി പരിശോധിച്ച് വരുന്നു.*

## തൊഴിൽ നയം

890. മിനിമം കൂലി 700 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന അന്തരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

***2022 ഏപ്രിൽ മാസം മുതൽ 13 വിവിധ തൊഴിൽ മേഖലകളിലെ മിനിമം കൂലി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതിൽ മീഡിയാ സെക്ടർ, റ്റി.എം.റ്റി സ്റ്റീൽ ബാർസ് എന്നീ രണ്ട് മേഖലകളുടെ മിനിമം വേതനം ആദ്യമായി നിശ്ചയിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് വേതനം നിശ്ചയിക്കുമ്പോൾ ലിംഗസമത്വം ഉറപ്പാക്കുന്നുണ്ട്.***

892. അതിഥി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അവർക്ക് റേഷൻ കാർഡ്, ആരോഗ്യ കാർഡ്, ഇൻഷുറൻസ് തുടങ്ങിയവ ഉറപ്പുവരുത്തും. അവരുടെ താമസകേന്ദ്രങ്ങളിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുസൗകര്യങ്ങൾ സൃഷ്ടിക്കും.

***അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ പുതുതായി അപ്നാ ഘർ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അതിഥി തൊഴിലാളികൾക്ക് ആരോഗ്യം ഉറപ്പു വരുത്തുന്നതിനും സാംക്രമിക രോഗം പടരുന്നത് തടയുന്നതിനും ലഹരി ഉപയോഗം ഒഴിവാക്കുന്നതിനും ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും കൂടാതെ മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു.***

893. എൻ.ബി.എഫ്.സികളിലെ ജീവനക്കാരുടെ തൊഴിലും മിനിമം വേതനവും സംരക്ഷിക്കാൻ നടപടി സ്വീകരിക്കും.

***സംസ്ഥാനത്തെ നോൺ ബാങ്കിംഗ് സെക്ടറിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെ സ്വകാര്യ ഫിനാൻസ് കമ്പനികൾ ബഹു. കേരള ഹൈകോടതിയെ സമീപിച്ചിരുന്നു. വാദത്തിനിടയിൽ കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട്. കേസിൽ അന്തിമവാദം പൂർത്തിയായി വിധി പറയാൻ മാറ്റിവച്ചിരിക്കുകയാണ്.***

894. ലേബർ കമ്മിഷണറേറ്റ് വിപുലീകരിച്ചു പുനഃസംഘടിപ്പിക്കും.

***ലേബർ കോഡുകൾ നിലവിൽ വരുന്ന സാഹചര്യത്തിൽ വകുപ്പിന്റെ ഘടനയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കും.***

895. ക്ഷേമനിധികളുടെ ഭരണച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് സമാന മായവയുടെ പ്രവർത്തനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരും.

***29.06.2020 ലെ സർക്കാർ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമിനിധി ബോർഡുകളെ 11 ആക്കി കുറച്ചിട്ടുണ്ട്.***

896. ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കും. നിലവിലുള്ള സാമൂഹ്യസുരക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തും.

***നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്.***

897. ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കും. നോക്കുകൂലി തുടങ്ങിയ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടുതൊഴിലാളികളുടെ തൊഴിലും വരുമാനവും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കും.

***നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പ രിശോധിച്ചുവരുന്നു.***

899. വിവിധ വ്യവസായങ്ങളിലും തൊഴിൽ മേഖലകളിലും തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ നേരിടുന്ന തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്താനും ചികിത്സ ലഭ്യമാക്കാനും നടപടി സ്വീകരിക്കും.

***ഇ-സഞ്ജീവിനി ആപ്പ് വിനിയോഗിച്ചുകൊണ്ട് തൊഴിൽജന്യ രോഗനിർണ്ണയം നടത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്തുവരുന്നു.***

900. കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾക്കെതിരായുള്ള സമീപനമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കൈക്കൊള്ളുക. തൊഴിൽ വകുപ്പിനെ ശക്തിപ്പെടുത്തും. നിയമങ്ങൾ പ രിഷ്കരിച്ച് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തും.

***4 കോഡുകൾ സംബന്ധിച്ച് സംസ്ഥാനം തയ്യാറാക്കിയ ചട്ടങ്ങളും പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.***

പ്രോഗ്രസ് റിപ്പോർട്ടിന്റെ പൂർണ്ണ രൂപം എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രോഗ്രസ് റിപ്പോർട്ടിനെ കുറിച്ചുള്ള അഭിപ്രായങ്ങളുടെ നിർദ്ദേശങ്ങളും ഓൺലൈൻ ആയി അറിയിക്കുന്നതിനു പുറമെ താഴെ പറയുന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അറിയിക്കാവുന്നതാണ്.

**മുഖ്യമന്ത്രി**
മൂന്നാം നില
നോർത്ത് ബ്ലോക്ക്
ഗവർമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം-695001

# അംഗീകാരങ്ങളുടെ നിറവിൽ കേരള സർക്കാർ



1. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം.
2. 2021 ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിന് ലഭിച്ചു. കേരള പോലീസ് സോഷ്യൽ മീഡിയ സെല്ലും സൈബർഡോമും ചേർന്ന് നടത്തിയ കേരള പോലീസിന്റെ സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചത്. 2 ലക്ഷം രൂപയും മെമന്റോയുമാണ് അവാർഡ്.
3. ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ സ്മാർട്ട് പൊലീസിങ് സർവേ 2021 പ്രകാരം അഴിമതിവിമുക്ത സേവനത്തിൽ കേരള പോലീസ് രാജ്യത്തൊന്നാമത്. രാജ്യത്തെ പോലീസ് സേവനങ്ങളുടെ കാര്യക്ഷമതയെപ്പറ്റിയുള്ള ജനാഭിപ്രായം അറിയുവാനാണ് പ്രസ്തുത സർവ്വേ നടത്തിയത്.
4. നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികൾ പ്രകാരം കേരളം രാജ്യത്തൊന്നാമത്. പാർലമെന്റിൽ സമർപ്പിച്ച 2022 ലെ സാമ്പത്തിക സർവ്വേയുടെ ഭാഗമായ സുസ്ഥിര സൂചികകളിൽ 75 പോയിന്റുമായാണ് കേരളം ഒന്നാം സ്ഥാന ത്തെത്തിയത്. ശുചിമുറിയുള്ള വീടുകൾ (98.2% വീടുകളിലും), ആയുർദൈർഘ്യനിരക്ക് (75.3 വയസ്സ്), കുറഞ്ഞ ശിശുമരണനിരക്ക് (1000 ജനനങ്ങൾക്ക് 4.4) എന്നീ സൂചകങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്.
5. നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ ന ഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച ന ഗരങ്ങളുടെ പട്ടികയിൽ.
6. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ കേരളം ഒന്നാമത് - പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സ് 2021 ൽ നിർണായക നേട്ടം കരസ്ഥമാക്കി കേരളം. ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവെച്ച സംസ്ഥാനം എന്ന നേട്ടമാണ് കേരളം കരസ്ഥമാക്കിയത്.

7. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം കേരളത്തിന്.

8. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തെരഞ്ഞെടുത്തു.

9. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നേടി.

10. ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ് കേരളത്തിന്.

11. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ പുരസ്കാരം 2022 ൽ കേരളത്തിന്.

12. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് കരസ്ഥമാക്കി.

13. ഇ-സഞ്ജീവനി, കാരുണ്യ ബെനവലൻ ഫണ്ട് സംരംഭങ്ങൾക്ക് ഗവേണൻസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പുരസ്കാരം കേരളത്തിന്.

14. ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം കേരളത്തിന്.

15. രാജ്യത്തെ ഏറ്റവും മികച്ച വാക്സിനേഷൻ ഡ്രൈവ് നടത്തിയ സംസ്ഥാനത്തിനുള്ള ഇന്ത്യ ടുഡേ ഹെൽത്ത് ഗിരി അവാർഡ് കേരളത്തിന്.

16. ഇന്ത്യ ടുഡേ 2021 ൽ നടത്തിയ ഹാപ്പിനെസ്സ് ഇൻഡക്സ് സർവേയിൽ കേരളത്തിന് ഒന്നാം സ്ഥാനം.

17. വയോജനപരിപാലന രംഗത്തെ മികവിന് നൽകുന്ന കേന്ദ്ര സർക്കാരിന്റെ 2021 ലെ വയോശ്രേഷ്ഠ പുരസ് കാരം കേരളത്തിന്.

18. 2021 ലെ ക്രസിൽ ക്രെഡിറ്റ് റേറ്റിങ്ങിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ പ്ലസ് സ്റ്റേബിൾ - സാമ്പത്തിക സുസ്ഥിരതയ്ക്കുള്ള അംഗീകാരം.

19. അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പൊൺസിബിൾ ടൂറിസം വൺ ടു വാച്ച് പുരസ്കാരം.

20. ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള 2022 ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക്.

21. കേരളം നടപ്പാക്കുന്ന പങ്കാളിത്ത സൗഹൃദ കാരവൻ ടൂറിസം പദ്ധതിയായ 'കാരവൻ കേരള'യ്ക്ക് ഇന്ത്യാ ടുഡേ മാഗസിന്റെ പുരസ്കാരം. 'ബെസ്റ്റ് എമർജിങ് സ്റ്റേറ്റ് ഇൻ ഇന്നൊവേഷൻ' വിഭാഗത്തിലാണ് കാരവൻ ടൂറിസം 'എഡിറ്റേഴ്സ് ചോയ്സ്' പുരസ്കാരത്തിന് അർഹമായത്.

22. 2023 ജനുവരിയിൽ ന്യൂയോർക്ക് ടൈംസ് തിരഞ്ഞെടുത്ത ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളിൽ കേരളവും. ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിലാണ് കേരളത്തെയും തെരഞ്ഞെടുത്തത്. ഇന്ത്യയിൽ നിന്നും കേരളമാണ് പട്ടികയിൽ ഉൾപ്പെട്ട ഏക സംസ്ഥാനം.

23. 2023 ലെ മാനേജ്മെന്റ് ഇഫക്റ്റീവ്നെസ് ഇവാലുവേഷൻ ഓഫ് ടൈഗർ റിസർവ് ഇൻ ഇന്ത്യ റിപ്പോർട്ട് പ്രകാരം 94.38 സ്കോർ നേടി പെരിയാർ ടൈഗർ റിസർവ് 1-ാം സ്ഥാനത്തെത്തി. കടുവ സങ്കേതങ്ങളുടെ ഭരണനിർവഹണത്തിലും കാത്തുസൂക്ഷിപ്പിലും കഴിഞ്ഞ തവണയും പെരിയാറിനു തന്നെയായിരുന്നു 1-ാം സ്ഥാനം. പ്രവർത്തനമികവിലും കടുവകളുടെ എണ്ണത്തിലുള്ള വർധനവിലും പെരിയാർ കടുവസങ്കേതം തന്നെയാണ് മുന്നിൽ.

24. 2021 ലെ നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ (മുൻ ആർ ബി എസ് എർത്ത് ഹീറോസ് അവാർഡ്) പുരസ്കാരം പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന്.

25. തൊഴിലുറപ്പ് പദ്ധതിയിൽ സമ്പൂർണ സോഷ്യൽ ഓഡിറ്റിംഗ് കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളം. സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി 15,962 സോഷ്യൽ ഓഡിറ്റിംഗ് ഗ്രാമസഭകളും 941 സോഷ്യൽ ഓഡിറ്റിംഗ് ജനകീയസഭകളും സംഘടിപ്പിച്ചു. 6 മാസത്തിനിടെ 1,39,782 തൊഴിലുറപ്പ് പ്രവൃത്തികളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി.

26. ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2021-22 ലെ സ്പാർക്ക് റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനം.

27. 2023 ലെ ദേശീയ പഞ്ചായത്ത്‌രാജ് അവാർഡുകളിൽ കേരളത്തിന് 5 അവാർഡുകൾ. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം റാങ്കും, വീയപുരം ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യങ്ങളിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ ഒന്നാം റാങ്കും ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പു ഗ്രാമപഞ്ചായത്തിന് ജലലഭ്യതയിൽ സ്വയംപര്യാപ്തതയ്ക്കുള്ള രാജ്യത്തെ രണ്ടാം റാങ്കും, തൃശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് സദ്ഭരണത്തിനുള്ള മൂന്നാം റാങ്കും ലഭിച്ചു.

28. 2020-21 സാമ്പത്തിക വർഷത്തെ സ്പാർക്ക് റാങ്കിങ്ങിൽ ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മികവ് പരിഗണിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആണ് സംസ്ഥാനങ്ങൾക്ക് സ്പാർക്ക് റാങ്കിംഗ് അവാർഡുകൾ നൽകിവരുന്നത്.

29. മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധ സർക്കാർ സ്ഥാപന മായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തിരഞ്ഞെടുത്തു.

30. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം കേരളത്തിന്.

31. പുരപ്പുറ സോളാർ പദ്ധതിക്ക് ഇ.ക്യൂ ഇന്റർനാഷണൽ മാഗസിൻ പുരസ്കാരം കേരളത്തിന്.

32. ദേശീയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം.

33. ഭാരത സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഫിനാൻസിന്റെ സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ പുരസ്കാരം കേരള സംസ്ഥാന വെയർ ഹൗസിങ് കോർപ്പറേഷന്.

34. കേരള സംസ്ഥാന വന വികസന കോർപ്പറേഷന് ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ നൽകുന്ന National Award for Performance Excellence for State Channelising Agencies (NAPA) അവാർഡ്.

35. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിന് Society of Indian Aerospace Technologies & Industries (SIATI) Award 2022. പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന 10 കമ്പനികളിൽ ഒന്നായി സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡിനെ തെരഞ്ഞെടുത്തു.

36. കോവിഡ് കാലത്ത് രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കി കേരളം. ആനുവൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് പ്രകാരം കേരളം മുൻപന്തിയിൽ. ഗ്രാമങ്ങളിലെ 91 ശതമാനം കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കി.

37. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റൈനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ് കേരളത്തിന്.

38. നാഷണൽ എൻ.ക്യൂ.എ.എസ് അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം. ഗ്രാമ പ്രാഥമിക ആരോഗ്യ വിഭാഗത്തിൽ റണ്ണറപ്പ്.

39. ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ഇൻക്യുബേറ്റർ അംഗീകാരം കേരള സ്റ്റാർട്ടപ്പ് മിഷന്. സ്വീഡിഷ് ഗവേഷണ സ്ഥാപന മായ യു.ബി.ഐ ഗ്ലോബൽ പ്രസിദ്ധീകരിക്കുന്ന വേൾഡ് ബെഞ്ച്മാർക്ക് സ്റ്റഡിയിലാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ നേട്ടം കൈവരിച്ചത്.

കൈകൾ കോർത്ത് കരുത്തോടെ

2-ാം പിണറായി സർക്കാർ വാർഷികം

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ

# പ്രോഗ്രസ് റിപ്പോർട്ട്

2022-23

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

Printed and Published by T.V. Subhash IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Government Press Mannanthala, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Copies 2000, For free circulation